# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**2016 നവംബർ 4, വെള്ളി**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 163 - നമ്പർ 23

**വില : ₹ 50**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2016 നവംബർ 4, വെള്ളി

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1752/2018.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 27
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 27
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 63

**II. അടിയന്തരപ്രമേയം**

വർദ്ധിച്ചുവരുന്ന സ്ത്രീ പീഡനങ്ങൾ—
(അവതരണാനുമതി നിഷേധിച്ചു) .. 278

**III. ശ്രദ്ധ ക്ഷണിക്കൽ**

1. കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രതിസന്ധി—
   ശ്രീ. കെ. കൃഷ്ണൻകുട്ടി .. 296
2. ശബരിമല തീർത്ഥാടനകാലത്തെ ഒരുക്കങ്ങൾ—
   ശ്രീ. ഒ. രാജഗോപാൽ .. 302

**IV. സബ്മിഷൻ**

1. തിരുവണ്ണൂർ കോട്ടൺ മില്ലിന്റെ പ്രവർത്തനം—
   ശ്രീ. വി. കെ. സി. മമ്മത് കോയ .. 312
2. മാതൃഭാഷയുടെ ഉപയോഗം—
   ഡോ. എൻ. ജയരാജ് .. 314
3. ഫയർ സ്റ്റേഷന് കെട്ടിടം—
   ശ്രീ. എൽദോ എബ്രഹാം .. 318
4. ടൂറിസം വൊക്കേഷണൽ കോഴ്സുകൾക്ക് അംഗീകാരം—
   ശ്രീ. എ. എൻ. ഷംസീർ .. 319

പേജ്

5. 'ഗ്രാമം ആരാമം' പദ്ധതി—

ശ്രീ. അബ്ദുൽ ഹമീദ്. പി. .. 321

6. അഷ്ടമുടിക്കായലിന്റെ സംരക്ഷണം—

ശ്രീ. എം. നൗഷാദ് .. 323

7. കുടിവെള്ളക്ഷാമം—

ശ്രീ. എൻ. വിജയൻ പിള്ള .. 324

8. സമഗ്ര കുടിവെള്ള പദ്ധതി—

ശ്രീ. കെ. എസ്. ശബരീനാഥൻ .. 326

9. ഭൂമി ഇടപാട്—

ശ്രീ. എസ്. രാജേന്ദ്രൻ .. 327

10. യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തൽ—

ശ്രീ. കെ. രാജൻ .. 329

**V. റിപ്പോർട്ട് സമർപ്പണം**

1. 2016-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് .. 331

2. 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബില്ലും 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബില്ലും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് .. 331

**VI. റൂളിംഗ്**

1. ശ്രീ. പി. ടി.തോമസ് ഉന്നയിച്ച ക്രമപ്രശ്നം സംബന്ധിച്ച്—

മി. ഡെപ്യൂട്ടി സ്പീക്കർ .. 332

*പേജ്*

**VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

1. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് .. 332

2. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ: .. 332

   (i) 2016-ലെ കേരള ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും സേവന വ്യവസ്ഥയും നിശ്ചയിക്കൽ ബിൽ .. 332

   (ii) 2016-ലെ കേരള പഴം പച്ചക്കറി വിഷവിമുക്തമാക്കലും ഗുണനിലവാരനിയന്ത്രണവും അതോറിറ്റി രൂപീകരണ ബിൽ .. 337

   (iii) 2016-ലെ അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ .. 341

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 നവംബർ 4, വെള്ളി*

വാല്യം 163] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 23

നിയമസഭ 2016 നവംബർ മാസം 4-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.........ഓർഡർ......ചോദ്യം നമ്പർ *691.

### അദ്ധ്യാപക പുനർവിന്യാസം

1 (*691) ശ്രീ. എം. സ്വരാജ് :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തസ്തിക നഷ്ടപ്പെട്ടതിന്റെ പേരിൽ ശമ്പളം മുടങ്ങിയ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ പുനർവിന്യസിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ; അതത് മാനേജ്മെന്റുകളുടെ കീഴിലുള്ള സ്കൂളുകളിൽ ഇവരെ നിയമിക്കുന്നതിൽ മാനേജ്മെന്റുകളുടെ നിലപാടെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പുനർവിന്യാസത്തിന്റെ ഭാഗമായി അദ്ധ്യാപകർ മറ്റ് ജില്ലകളിലേയ്ക്ക് പോകേണ്ട സാഹചര്യമുണ്ടോ ; എങ്കിൽ അത് അനിവാര്യമായ സാഹചര്യത്തിൽ മാത്രമായി പരിമിതപ്പെടുത്താൻ ശ്രദ്ധിക്കുമോ ;

(സി) ഈ അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിന് സ്വീകരിച്ച കാര്യങ്ങൾ വിശദമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ,

(എ) 2011-12 അദ്ധ്യായന വർഷം മുതൽ 2014-15 വരെ സ്കൂളുകളിൽ തസ്തിക നിർണ്ണയം നടത്തിയിട്ടില്ല. ഈ വർഷങ്ങളിൽ 2010-11 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് ബാധകമാക്കുകയാണുണ്ടായത്. പിന്നീട് 29-1-2016-ലെ സ.ഉ. (പി)നമ്പർ 29/16/പൊ.വി.വ. പ്രകാരം പ്രസ്തുത കാലയളവിലെ തസ്തിക നിർണ്ണയം ഒരുമിച്ച് നടത്തിയപ്പോൾ 3674 അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർക്ക് തസ്തിക നഷ്ടപ്പെടുകയുണ്ടായി. ഇവരെ പുനർവിന്യസിച്ച് ശമ്പളം നൽകാൻ സർക്കാർ നയപരമായ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ 5-8-2016-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 134/16/പൊ.വി.വ. പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).* അതത് മാനേജ്മെന്റുകളിൽ ഉണ്ടായ ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നതിൽ തടസ്സമൊന്നു മുണ്ടായിട്ടില്ല.

(ബി) ഉണ്ട്. മാതൃജില്ലയിൽ സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കാനുള്ള ഒഴിവുകളില്ലാതെ വരുന്ന അനിവാര്യമായ സന്ദർഭത്തിൽ മാത്രം അദ്ധ്യാപകരെ മറ്റ് ജില്ലകളിൽ പുനർവിന്യസിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പുനർവിന്യാസ ഉത്തരവിൽത്തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 6-8-2016-ലെ ജി.ഒ. (പി) നമ്പർ 134/16/പൊ.വി.വ. പ്രകാരം 2015-16-ലെ തസ്തിക നിർണ്ണയം 2016-17 വർഷത്തേയ്ക്കുകൂടി ബാധകമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെതിരെ ചില മാനേജർമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP (c) No. 27337/2016-ലെ ഇടക്കാല ഉത്തരവ് പ്രകാരം തസ്തിക നിർണ്ണയം സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ ഖണ്ഡിക (4) താത്കാലികമായി സ്റ്റേ ചെയ്യുകയുണ്ടായി. തുടർന്നുള്ള കോടതി നിർദ്ദേശ പ്രകാരം 2016-17-ലെ യു.ഐ.ഡി. കണക്കുകൾ അനുസരിച്ചുള്ള തസ്തിക നിർണ്ണയപ്രക്രിയ സ്വീകരിച്ച് കോടതിയെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കോടതിയുടെ അന്തിമവിധി വന്നിട്ടില്ല.

ശ്രീ. എം. സ്വരാജിനുവേണ്ടി ശ്രീ. ആർ. രാജേഷ്: സർ, തസ്തിക നഷ്ടപ്പെട്ട തിനെത്തുടർന്ന് 3674 അദ്ധ്യാപകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനായി മാതൃകാപരമായ ഇടപെടലാണ് ഈ സർക്കാർ നടത്തിയിട്ടുള്ളത്. 3674 അദ്ധ്യാപകരെയാണ് പുനർവിന്യസിക്കാൻ തീരുമാനിച്ചിട്ടുള്ളത്. എത്ര അദ്ധ്യാപകരെ പുനർവിന്യസിച്ചിട്ടുണ്ട്; ഇത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; അതിനാവശ്യമായ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, 3674 അദ്ധ്യാപകരാണ് അധികം വന്നിട്ടുള്ളത്. അതിൽ 2724 പേരെ പുനർവിന്യസിച്ച് അവർക്ക് ശമ്പളവും നൽകിക്കഴിഞ്ഞു. നേരത്തെ സൂചിപ്പിച്ചതുപോലെ കോടതിയുടെ ഒരു ഉത്തരവുള്ളതു കൊണ്ട് ഇപ്പോൾ പുനർവിന്യാസം നടക്കുന്നില്ല. അന്തിമവിധിക്കായി 14-ാം തീയതി വീണ്ടും കേസ് വച്ചിട്ടുണ്ട്. ആ വിധിയനുസരിച്ച് ബാക്കിയുള്ളത് പൂർത്തിയാക്കാനുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. ആർ. രാജേഷ് : സർ, ഇവരെ സംരക്ഷിക്കുക എന്നത് നല്ല കാര്യമാണ്. 3674 അദ്ധ്യാപകരിൽ സംവരണത്തിന്റെ ഭാഗമായി നിയമനം നടത്തപ്പെട്ടവരാരും ഇക്കൂട്ടത്തിലില്ല. ഇത്തരം ആളുകളെ പുനർവിന്യസിക്കുമ്പോൾ സംവരണത്തിലൂടെ ജോലി ലഭിക്കേണ്ട ആർക്കെങ്കിലും അത് നഷ്ടമാകുമോ; പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ആരുടെയെങ്കിലും അവസരം ഇതിന്റെ ഭാഗമായി നിഷേധിക്കപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഒറ്റ വാചകത്തിൽ പറഞ്ഞാൽ, പി.എസ്.സി. വഴി ജോലി ലഭിക്കുന്ന ഒരാൾക്കും പുനർവിന്യാസ പ്രക്രിയ മുഖാന്തരം ഒരു തടസ്സവുമുണ്ടാകില്ല. കാരണം, പി.എസ്.സി.-ക്ക് വിടുന്ന തസ്തികകളിലല്ല പുനർവിന്യാസം നടത്തുന്നത്. അതുകൊണ്ട് സംവരണ പ്രശ്നം വരുന്നില്ല. പക്ഷേ ചെറിയൊരു പ്രശ്നം, ഇപ്പോൾ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത ചില വിഷയങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന പോസ്റ്റിൽ പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. അത് ഉത്തരവിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ആ ഉത്തരവിന്റെ വാചകം ഞാൻ വായിക്കാം. പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇല്ലാത്ത തസ്തികകളിൽ റെഗുലർ നിയമനം നടക്കുന്നതുവരെ - അതായത് പുതിയ തസ്തികകളിൽ പി.എസ്.സി. വഴി നിയമനം ലഭിക്കുന്നവർക്ക് ഒരു തടസ്സവും അവിടെയില്ല. അങ്ങനെ ഒരു നിയമനം വരികയാണെങ്കിൽ അന്ന് പുനർവിന്യസിക്കപ്പെട്ടവർ വീണ്ടും എക്സസ് അദ്ധ്യാപകരായിത്തീരും. മറ്റേതെങ്കിലും തലത്തിൽ അവരെ പുനർവിന്യസിക്കേണ്ടതായിവരും. അതുകൊണ്ട് പി.എസ്.സി. വഴി നിയമിക്കപ്പെടുന്നവർക്ക് ഒരു തടസ്സവും ഈ പുനർവിന്യാസത്തിലില്ല. അതുപോലെതന്നെ സംവരണ നിയമനങ്ങളും അട്ടിമറിച്ചിട്ടില്ല.

പ്രൊഫ. കെ. യു. അരുണൻ : സർ, പ്രൈവറ്റ് സ്കൂളുകളിൽ മാനേജർമാർ നിയമിക്കുന്ന അദ്ധ്യാപകർ ഡിവിഷൻ ഫാൾ വരുമ്പോൾ സർക്കാർ സ്കൂളുകളിലേയ്ക്ക് പ്രൊട്ടക്റ്റഡായി ചെല്ലുകയാണ്. മിക്കവാറും എല്ലാ സമുദായ സംഘടനകൾക്കും നമ്മുടെ നാട്ടിൽ സ്കൂളുകളുണ്ട്. ക്രിസ്ത്യൻ മിഷനറീസ്, എൻ.എസ്.എസ്., എസ്.എൻ.ഡി.പി. തുടങ്ങിയ സംഘടനകൾ 99.90 ശതമാനവും അതാത്

സമുദായത്തിലെ ആളുകളെയാണ് നിയമിക്കുന്നത്. ഡിവിഷൻ ഫാൾ വരുമ്പോൾ സാധാരണ ഇവരെയാണ് സർക്കാരിലേയ്ക്ക് അബ്സോർബ് ചെയ്യുന്നത്. പി.എസ്.സി.യിലൂടെ അവർക്ക് നിയമനം നൽകുന്നില്ലെങ്കിലും ഏറെക്കാലം അവർ അവിടെത്തന്നെ തുടരുകയാണ്. സമുദായങ്ങൾക്ക് സ്കൂൾ ഇല്ലാത്ത, പ്രത്യേകിച്ച് എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്ക് ഒരേയൊരു ആശ്രയം പി.എസ്.സി. യിലൂടെയുള്ള നിയമനമാണ്. ആ വാതിലും അടയുന്നുവെന്നതാണ് ഇപ്പോൾ നിലനിൽക്കുന്ന യാഥാർത്ഥ്യം. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, അത് ഞാൻ നേരത്തെ വ്യക്തമാക്കി യതാണ്. ഇപ്പോഴും അങ്ങനെയൊരു സംശയം നിലനിൽക്കുന്നുണ്ട്. പി.എസ്.സി. യിൽനിന്ന് ഒരാളെ നിയമിക്കണമെങ്കിൽ അവിടെ ഒരു പോസ്റ്റ് വേണം. അത്തരത്തിലുള്ള പോസ്റ്റിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപകരെ നിയമിച്ചിട്ടില്ല എന്നതിനാൽ അങ്ങനെയൊരു പ്രശ്നം വരുന്നില്ല. പഞ്ചായത്തി ലേയ്ക്കോ അല്ലെങ്കിൽ പ്ലാൻ ഇംപ്ലിമെന്റേഷനൊക്കെ പോകുന്ന അദ്ധ്യാപകരെ സഹായിക്കുന്നതിനൊക്കെയാണ് അവരെ പുനർവിന്യസിപ്പിക്കുന്നത്. പല എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾ ഇത്തരത്തിൽ നേരിട്ടുള്ള പോസ്റ്റിലേയ്ക്ക് ഇത് സ്വീകരിച്ചിട്ടുണ്ടെങ്കിലും മറ്റ് ചില മാനേജ്മെന്റുകൾ സ്വീകരിക്കാത്ത സാഹചര്യവു മുണ്ട്. അപ്പോൾ വളരെ വിശാലമായ അർത്ഥത്തിൽ നമ്മളിതിനെ കാണണം. 3674 അദ്ധ്യാപകരാണ് എക്സസ്സായുള്ളത്. രണ്ട് മാസം അവർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യമുണ്ടായിരുന്നു. എവിടെയെങ്കിലും വിന്യസിച്ചാലേ അവർക്ക് ശമ്പളം കൊടുക്കാൻ കഴിയുകയുള്ളൂ. പ്രധാന അദ്ധ്യാപകരെ സഹായിക്കു ന്നതിനുവേണ്ടി അല്ലെങ്കിൽ ഐ.ടി. @ സ്കൂളിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ പോകുമ്പോഴുണ്ടാവുന്ന ഒഴിവിലേയ്ക്ക് അവരെ വിന്യസിക്കും. പി.എസ്.സി. നിയമനത്തിന് അർഹതയില്ലാത്ത ഒരു പോസ്റ്റിലേയ്ക്ക് മാത്രമേ ഈ പുനർവിന്യാസം നടന്നിട്ടുള്ളൂ. അതുകൊണ്ട് അങ്ങനെ ഒരു പ്രശ്നം ഉദിക്കുന്നതേയില്ല. ഇന്ന് കേരളത്തിൽ ഏറ്റവും വലിയൊരു സംശയമായി ഇത് നിൽക്കുകയാണ്. 3674 അദ്ധ്യാപകരെ വിന്യസിക്കുന്നതുകൊണ്ട് പി.എസ്.സി. വഴി ജോലി ലഭിക്കുന്ന ആർക്കും ഒരു തടസ്സവുമുണ്ടാകുന്നില്ല.

ശ്രീമതി യു. പ്രതിഭ ഹരിക്കുവേണ്ടി <u>ശ്രീ. എ. എൻ. ഷംസീർ</u> : സർ, കേരളത്തിന്റെ പൊതുവിദ്യാഭ്യാസം സംരക്ഷിക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടത്തുന്ന ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. സർക്കാരും എയ്ഡഡ് സ്കൂളുകളും അടങ്ങുന്നതാണ് പൊതുവിദ്യാലയം. ഏതാണ്ട് 3852-ഓളം അദ്ധ്യാപകർ പ്രൊട്ടക്റ്റഡായി വന്നിട്ടുണ്ട്. ഇവരെ ഉൾക്കൊള്ളുമെന്നതാണ് സർക്കാർ നിലപാട്. നേരത്തേ പ്രൊഫ. കെ. യു. അരുണൻ മാഷ് സൂചിപ്പിച്ചതുപോലെ അതുമായി

ബന്ധപ്പെട്ട് നിരവധി അനിശ്ചിതത്വം പൊതുസമൂഹത്തിൽ നിലനിൽക്കുന്നുണ്ട്, പ്രത്യേകിച്ച് ഉദ്യോഗാർത്ഥികൾക്കിടയിൽ. ഇവിടെ ഒരു പൊതുവിദ്യാലയവും നഷ്ടത്തിലാവില്ല. ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ.യുടെ മണ്ഡലത്തിൽ പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിന് ശ്രമകരമായ ദൗത്യം നടത്തിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കാൻ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഞാനും ശ്രമം നടത്തുന്നതിന്റെ ഭാഗമായി 'എല്ലാവരും സ്കൂളിനോടൊപ്പം' എന്ന പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അവിടെ നേരത്തെ പൊതുവിദ്യാലയം നഷ്ടത്തിലായിരുന്നു. ആരും പഠിക്കാതിരുന്ന ബ്രണ്ണൻ സ്കൂൾ ഉൾപ്പെടെ ഇന്ന് നമ്പർ വൺ സ്കൂളുകളായി മാറിയിട്ടുണ്ട്. പി.ടി.എ.യും അദ്ധ്യാപകരും അനദ്ധ്യാപകരും പൊതുസമൂഹവും സഹകരിച്ചാൽ ഏത് പൊതുവിദ്യാലയവും ലാഭത്തിലാക്കാൻ സാധിക്കും. അതിനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; സർക്കാർ സർവ്വീസിലേയ്ക്ക് ഇനി റാങ്ക് ലിസ്റ്റിൽനിന്നും ആരെയും എടുക്കില്ലെന്ന പ്രചരണം ഒരു ഭാഗത്ത് നടക്കുന്നുണ്ട്. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുമോ; പ്രൊട്ടക്റ്റഡ് ആയ ആൾക്കാരെ ആ മേഖലയിലേയ്ക്ക് പൂൾ ചെയ്യുമോ എന്ന സംശയമുണ്ട്. അതുസംബന്ധിച്ച് സർക്കാർ വ്യക്തമാക്കുമോ ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, രണ്ടുമൂന്ന് കാര്യങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സൂചിപ്പിച്ചു. പൊതുവിദ്യാഭ്യാസ സംരക്ഷണം എന്ന വലിയൊരു ജനകീയ ക്യാമ്പയിൻ നടത്തുമ്പോൾ വിദ്യാർത്ഥികൾ കുറയുന്നു എന്ന പ്രശ്നം പരിഹരിക്കപ്പെടുമെന്നാണ് സർക്കാർ കരുതുന്നത്. വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞതുകൊണ്ടും വർഷങ്ങളായി തസ്തിക നിർണ്ണയം നടത്താതിരുന്നതു കൊണ്ടുമാണ് 3674 അദ്ധ്യാപകർ എക്സസ്സായത്. അതൊരു പൊതുപ്രശ്നം തന്നെയാണ്. വർഷങ്ങളായി അക്യുമുലേറ്റ് ചെയ്യപ്പെട്ട ആ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞ നാലരമാസക്കാലം വളരെ ശ്രമകരമായി പരിശ്രമിച്ചതുകാരണം 700 അദ്ധ്യാപകരെ മാത്രമാണ് ഇനി പുനർവിന്യസിക്കാനുള്ളത്. പി.എസ്.സി.യിൽ നിന്ന് വരുന്നവർക്ക് തടസ്സമായി ഒരിടത്തും ഒരാളെയും നിയമിച്ചിട്ടില്ല. ഒരിക്കൽ പറഞ്ഞതാണെങ്കിലും സംശയം തീർക്കാൻ പറയുകയാണ്, വേക്കന്റായ പോസ്റ്റിൽ പിഎസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ പി.എസ്.സി. വഴി നിയമനം നടത്താൻ കഴിയില്ല. അപ്പോൾ കുട്ടികളെ പഠിപ്പിക്കുന്നതിനുവേണ്ടി അവരെ അവിടെ നിയമിക്കേണ്ടിവരും. അതുസംബന്ധിച്ച ഉത്തരവ് ഞാൻ വായിച്ചതാണ്. അതിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. എന്നാണോ പി.എസ്.സി.-യിൽ നിന്ന് പോസ്റ്റ് ചെയ്യുന്നത് അന്ന് അവർ അവിടെനിന്ന് പോകണം. വീണ്ടും സ്റ്റാഫ് എക്സസ്സാകും. അപ്പോൾ മറ്റൊരു രീതിയിൽ അവരെ പുനർവിന്യസിക്കേണ്ടിവരും. ഇത് വലിയൊരു പ്രക്രിയയാണ്. 3674 അദ്ധ്യാപകരെ പി.എസ്.സി.യിൽ നിന്ന്

വരുന്നവർക്ക് ഒരു തടസ്സവുമില്ലാതെ വിന്യസിക്കുക എന്നത് ബൃഹത്തായ പ്രക്രിയയാണ്. ഇതിനുപുറമേ നേരത്തെ ശ്രീ. ആർ. രാജേഷ് സൂചിപ്പിച്ചതുപോലെ സംവരണം അട്ടിമറിക്കാതെ വേണം 3674 അദ്ധ്യാപകരെ നിയമിക്കേണ്ടത്. പല മാനേജ്മെന്റുകളും സമ്മതിക്കുന്നുണ്ടെങ്കിലും ചില മാനേജ്മെന്റുകൾ എക്സസ് അദ്ധ്യാപകരെ സ്വീകരിക്കാൻ തയ്യാറാകുന്നില്ല. അതുകൊണ്ട് ഈ പ്രശ്നം ആത്യന്തികമായി തീരാൻ ബുദ്ധിമുട്ടുണ്ട്. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിച്ചാൽ മാത്രമേ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. അത് ഏറ്റവും മനോഹരമായി പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. കെ. ബാബു : സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് പുതിയ പ്ലസ് ടു തസ്തികകൾ അനുവദിച്ച എയ്ഡഡ് സ്കൂളുകളിലുൾപ്പെടെ നിയമിക്കപ്പെട്ട അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും മൂന്നോ നാലോ വർഷമായി ശമ്പളം ലഭിക്കുന്നില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അവർക്ക് ശമ്പളം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, വിഷയം അദ്ധ്യാപക പുനർവിന്യാസ മാണെങ്കിലും ഇവിടെ ഉന്നയിച്ചതുകൊണ്ട് പറയുകയാണ്, കഴിഞ്ഞ മൂന്നുവർഷമായി കേരളത്തിലെ ഹയർ സെക്കൻഡറി അദ്ധ്യാപക രംഗത്ത് വലിയ പ്രശ്നം നിലനിന്നിരുന്നു. നിരവധി അദ്ധ്യാപകർക്ക് ശമ്പളം കിട്ടാത്ത അവസ്ഥയുണ്ടായിരുന്നു. അതിനുകാരണം തസ്തിക നിർണ്ണയം നടത്തിയിട്ടില്ല എന്നതാണ്. ഈ നാലരമാസംകൊണ്ട് കഴിഞ്ഞ മൂന്നുവർഷക്കാലത്തെ തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തീകരിച്ചെന്നുമാത്രമല്ല, ഇതുവരെ ശമ്പളം കിട്ടാതിരുന്ന ഹയർ സെക്കൻഡറിയിലെ ഇത്തരത്തിലുള്ള അദ്ധ്യാപകർക്ക് ഡെയ്‌ലി വേജസ്സായി ശമ്പളം നൽകാനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും, ധനകാര്യ വകുപ്പ് അത് അംഗീകരിക്കുകയും 70 കോടി രൂപ അതിനുവേണ്ടി പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. ഇന്നത്തെ പത്രത്തിൽ അത് സംബന്ധിച്ച് വാർത്ത വന്നിട്ടുണ്ട്. മൂന്നുവർഷമായി ശമ്പളം കിട്ടാതിരുന്ന ആ അദ്ധ്യാപകർക്ക് ഈ മാസം മുതൽ ശമ്പളം കിട്ടാനുള്ള സാഹചര്യമുണ്ടാകുക യാണ്.

ശ്രീ. റോജി എം. ജോൺ : സർ, കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ അദ്ധ്യാപക പാക്കേജിന്റെ നിലവിലെ സ്റ്റാറ്റസ് എന്താണെന്ന് പറയാമോ, പല ഗവൺമെന്റ് സ്കൂളുകളിലും അദ്ധ്യാപകരുടെ പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു സ്കൂളിൽ പി.ടി.എ.യുടെ നേതൃത്വത്തിൽ പ്രൈവറ്റായി അദ്ധ്യാപകരെ നിയമിച്ച് ഏകദേശം 85,000 രൂപ – ഓരോ മാസവും

അവർക്ക് ശമ്പളമായി കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ ഗവൺമെന്റ് സ്കൂളുകളിൽ അദ്ധ്യാപകരുടെ പോസ്റ്റുകൾ എത്രയുംപെട്ടെന്ന് നികത്താനുള്ള നടപടി സ്വീകരിക്കുമോ, കൂടാതെ പലയിടത്തും കായികാദ്ധ്യാപകരെ രണ്ടും മൂന്നും സ്കൂളുകളിലായി വിന്യസിപ്പിക്കുന്ന ഒരു രീതി നിലനിൽക്കുന്നുണ്ട്. അതിന് പരിഹാരം കാണുമോ ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, ഇപ്പോഴത്തെ നിലയ്ക്ക് കേരളത്തിലെ സ്കൂളുകളിൽ അദ്ധ്യാപകരില്ലാത്ത സാഹചര്യമില്ല. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഏതെങ്കിലും സ്കൂളുണ്ടെങ്കിൽ അത് പരിശോധിക്കാം. പി.എസ്.സി. മുഖേന അദ്ധ്യാപകരെ നിയമിക്കാൻ എവിടെയെങ്കിലും തടസ്സമുണ്ടെങ്കിൽ ഡെയ്‌ലി വേജസ്സിൽ നിയമിക്കാൻ ഉത്തരവായിട്ടുണ്ട്. അതുകൊണ്ട് എല്ലാ സ്കൂളുകളിലും പ്രത്യേകിച്ച് സർക്കാർ സ്കൂളുകളിൽ ഡെയ്‌ലി വേജസ്സിൽ അദ്ധ്യാപകരെ നിയമിക്കാമെന്നുവന്നതോടുകൂടി കേരളത്തിൽ പഠിപ്പിക്കാൻ അദ്ധ്യാപകരില്ലെന്ന സാഹചര്യം അവസാനിച്ചിരിക്കുകയാണ്. എക്സെപ്ഷണൽ കേസ്സുകൾ ചിലതുണ്ടാകാം, അത് പരിശോധിക്കാം. പൊതുവിൽ ആ പ്രശ്നം ഡെയ്‌ലി വേജസ് വഴി പരിഹരിച്ചിട്ടുണ്ട്. ഇനി ആ വേക്കൻസിയിലേയ്ക്ക് പി.എസ്.സി.യിൽ നിന്നും റിക്രൂട്ട് ചെയ്യുന്ന മുറയ്ക്ക് അപ്പോയിന്റ് ചെയ്യും. കായികാദ്ധ്യാപകർ ഇത്ര മണിക്കൂർ അല്ലെങ്കിൽ രണ്ടോ മൂന്നോ സ്കൂൾ ക്ലബ്ബ് ചെയ്താൽ മാത്രമേ നിശ്ചിത hour കിട്ടൂ എന്നതുകൊണ്ടാണ് ഒന്നിലധികം സ്കൂളുകളിലായി അവരെ നിയമിക്കുന്നത്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : സർ, പ്രൈവറ്റ്-എയ്ഡഡ് കോളേജ്, സ്കൂൾ എന്നിവിടങ്ങളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് ഒരു പൊതുമാനദണ്ഡമില്ല. അക്കാര്യങ്ങൾ മാനേജ്മെന്റാണ് തീരുമാനിക്കുന്നത്. അത് ക്വാളിറ്റിയെ ബാധിക്കുന്നുണ്ട്. ഇത്തരത്തിലുള്ള സ്കൂളുകളിലെ അദ്ധ്യാപകരുടെ ക്വാളിറ്റി എൻഷ്വർ ചെയ്യുന്നതിനായി അവരുടെ അപ്പോയിന്റ്മെന്റിൽ എന്തെങ്കിലും പൊതുമാനദണ്ഡം സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടുണ്ടോ എന്നാണ് എനിക്ക് അറിയേണ്ടത് ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, ഇത് ചോദ്യത്തിലെ വിഷയത്തിനപ്പുറമുള്ളതാണ്. പ്രധാനമായും അത് നയത്തിന്റെ ഭാഗമായി സ്വീകരിക്കേണ്ടതാണ്. മുൻകൂട്ടി ചിന്തിച്ച്, സമൂഹത്തിൽ നിലനിൽക്കുന്ന നിരവധി പ്രശ്നങ്ങളെ മനസ്സിലാക്കി ഒരു നയമെന്ന രീതിയിൽ സ്വീകരിക്കേണ്ട വിഷയമാണ്. അത് പിന്നീട് പരിഗണിക്കും.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : സർ, പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ സർക്കാർ സ്കൂളിലടക്കം അപ്പോയിന്റ് ചെയ്യുന്നത് അത്ര ആശാസ്യകരമല്ലെന്നാണ് എനിക്ക് തോന്നുന്നത്. മാനേജ്മെന്റ് സ്കൂളുകളെ ഒരു യൂണിറ്റാക്കി അവിടെനിന്നും

പുറത്താക്കപ്പെടുന്ന അദ്ധ്യാപകരെ അവിടെത്തന്നെ അപ്പോയിന്റ് ചെയ്യാനുള്ള ശക്തമായ ഇടപെടൽ വേണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ പറഞ്ഞത് പ്രൈഷേഴ്സിന്റെ അവസരം നഷ്ടപ്പെടില്ലെന്നാണ്. പക്ഷേ ഹയർ അതോറിറ്റിക്ക് വേക്കൻസി റിപ്പോർട്ട് ചെയ്യാത്തതുകൊണ്ട് അത് നഷ്ടപ്പെടാൻ സാധ്യതയുണ്ട്. മാത്രമല്ല സംവരണം അട്ടിമറിക്കപ്പെടാനും സാധ്യത യുണ്ട്. സത്യത്തിൽ മാനേജ്മെന്റ് സ്കൂളുകളിൽപ്പോലും എസ്.സി./എസ്.റ്റി, മറ്റ് പിന്നോക്ക വിഭാഗക്കാർക്ക് അവസരം നഷ്ടപ്പെടുകയാണ്. മാനേജ്മെന്റ് സ്കൂളുകളിൽ അപ്പോയിന്റ്മെന്റ് അതോറിറ്റി മാനേജ്മെന്റാണെങ്കിലും അവിടെ സംവരണം നടപ്പാക്കാൻ നടപടി സ്വീകരിക്കണം. അദ്ധ്യാപകരെ പുനർവിന്യസിക്കുമ്പോഴു ണ്ടാകാനിടയുള്ള വളരെ പ്രധാനപ്പെട്ട കാര്യമാണ് ഞാൻ മിനിസ്റ്ററുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നത്. അറബി, ഉറുദു, സംസ്കൃതം മുതലായ ഭാഷകൾക്ക് ഭാഷാ പോസ്റ്റ് അനുവദിക്കുന്നതിന് ഹൈസ്കൂളിൽ 25 കുട്ടികളും യു.പി. സ്കൂളിൽ 28 കുട്ടികളും മിനിമം വേണം. ഹൈസ്കൂളിൽ 24 കുട്ടികളും യു.പി. സ്കൂളിൽ 27 കുട്ടികളുമായാൽ ഭാഷാദ്ധ്യാപകൻ ഇല്ലാത്ത സാഹചര്യമുണ്ടാകും. അതോടുകൂടി ആ ഭാഷ പഠിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാകും. ഇതുമൂലം ഇക്കഴിഞ്ഞ ഓണപ്പരീക്ഷയ്ക്ക് 327 സ്കൂളുകളിൽ ഭാഷാദ്ധ്യാപനത്തിന് ആളില്ലാത്ത അവസ്ഥ ഉണ്ടായി. ഇക്കാര്യം മിനിസ്റ്ററുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണിത്. ചില ദിക്കിൽ ആ പ്രശ്നങ്ങളുണ്ട്. 28 കുട്ടികളുണ്ടെങ്കിൽ മാത്രമേ ഒരു അദ്ധ്യാപകനെ യു.പി. സ്കൂളിൽ നിയമിക്കാൻ കഴിയൂ. എന്നാൽ 27 കുട്ടികളായാൽ ആ അദ്ധ്യാപകനെ അവിടെ പോസ്റ്റ് ചെയ്യാൻ കഴിയില്ല. മറ്റേതെങ്കിലും സ്കൂളിൽ നിയമിക്കണം. ഇത് വർഷങ്ങളായിട്ടുള്ള നിയമമാണ്. കുട്ടികൾ കുറയുന്നതിനെത്തുടർന്നാണ് അദ്ധ്യാപകർ എക്സസ്സാകുന്നത്. ആ ഒരു വസ്തുത ആദ്യം അംഗീകരിച്ചാൽ ഇതിനൊക്കെ ഉത്തരമായി. ഈ പ്രശ്നം സർക്കാർ വളരെ ഗൗരവമായി കാണുകയാണ്. ഇതിൽ ചില മാറ്റങ്ങൾ വരുത്തി എല്ലാ കുട്ടികൾക്കും ഭാഷ പഠിക്കത്തക്ക രീതിയിൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്. സർക്കാർ ആ പ്രശ്നം പരിഹരിക്കാനുള്ള ശ്രമത്തിലാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : സർ, വലിയ വെല്ലുവിളി നേരിടുന്ന ചിലർ പി.എസ്.സി. നിയമനം കിട്ടിയശേഷം അത് വേണ്ടെന്നുവച്ച് വീടിന് തൊട്ടടുത്തുള്ള എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരായിച്ചേരും. അത്തരത്തിലൊരാൾ എന്റെ നാട്ടിലുണ്ട്. ആ പഞ്ചായത്തിൽ സർക്കാർ വിദ്യാലയമില്ല. വളരെ ദൂരത്താണ് പുനർവിന്യാസത്തിലൂടെ ഇദ്ദേഹത്തിന് ഇപ്പോൾ നിയമനം ലഭിച്ചത്. ശാരീരിക

വൈകല്യം നേരിടുന്നവരെ പ്രത്യേക പരിഗണന നൽകി പ്രൊട്ടക്റ്റ് ചെയ്യേണ്ട താണ്. വർക്ക് അറേഞ്ച് ചെയ്ത് അദ്ദേഹം നേരത്തെ പ്രവർത്തിച്ചിരുന്ന, വീടിന് തൊട്ടടുത്തുള്ള വിദ്യാലയത്തിലേയ്ക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഇത് നേരിട്ട് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രത്യേക പരിഗണന നൽകേണ്ടതുണ്ടെങ്കിൽ പരിശോധിച്ച് നൽകാവുന്നതേയുള്ളൂ. പക്ഷേ മുൻപ് സർക്കാർ സ്കൂളിൽ വേണ്ടെന്നുവച്ച് എയ്ഡഡ് സ്കൂളിൽ ജോയിൻ ചെയ്തതാണെങ്കിൽപ്പോലും എക്സസ് ആയാൽ മറ്റ് മാർഗ്ഗമില്ല. പല എയ്ഡഡ് മാനേജ്മെന്റുകളും എക്സസ് അദ്ധ്യാപകരെ നിയമിക്കാൻ തയ്യാറാകാത്ത പശ്ചാത്തലത്തിൽ ഈ 3674 പേർക്കും ജോലി കൊടുത്ത് ശമ്പളം നൽകുക എന്നത് സർക്കാരിന്റെ ചുമതലയാണ്, അതിന്റെ ഭാഗമായിട്ടാണ് അവരെ സർക്കാർ സ്കൂളിലേയ്ക്ക് വിന്യസിക്കുന്നത്. ഈ പറയുന്ന അദ്ധ്യാപകൻ പഠിപ്പിച്ചിരുന്ന സ്കൂളിൽ എപ്പോൾ കുട്ടികൾ അധികം വരുന്നുവോ, ആ സമയം സർക്കാർ സ്കൂളിൽ താൽക്കാലികമായി ഇപ്പോൾ ജോലി ചെയ്യുന്നിടത്തുനിന്ന് തിരിച്ചുവരണം. ആത്യന്തികമായി പ്രശ്നങ്ങളെല്ലാം പരിഹരിക്കാനുള്ള വഴി എന്നുപറയുന്നത്, എല്ലാ സ്കൂളുകളിലും കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നതാണ്. അതിനാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന ക്യാമ്പയിൻ നടത്തുന്നത്. എന്റെ അഭിപ്രായത്തിൽ ഈ യജ്ഞം ഒരു വർഷം പിന്നിടുമ്പോൾ 3674 എക്സസ് അദ്ധ്യാപകരേയും അതാത് സ്ഥലങ്ങളിൽത്തന്നെ തിരിച്ച് വിന്യസിക്കാൻ പറ്റുമെന്നാണ് കരുതുന്നത്.

ശ്രീ. കെ. മുരളീധരൻ : സർ, അങ്ങ് ഇവിടെ നേരത്തേ പറഞ്ഞു, എയ്ഡഡ് വിദ്യാലയങ്ങളിൽ ഡിവിഷൻ ഫാൾ ഉണ്ടാകുമ്പോൾ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ സർക്കാർ വിദ്യാലയത്തിലേയ്ക്ക് മാറ്റാറുണ്ട് എന്ന്. ഇതേ എയ്ഡഡ് വിദ്യാലയങ്ങളിൽ പിന്നീട് വേക്കൻസി വരുമ്പോൾ ഇവരെ തിരിച്ചുവിളിക്കാറില്ല. അതിനുപകരം കാശുവാങ്ങി പുതിയ ആൾക്കാരെ നിയമിക്കും. ഇതുമൂലം സർക്കാർ വിദ്യാലയത്തിൽ അദ്ധ്യാപകരുടെ പോസ്റ്റ് നഷ്ടമാകും. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് നിലപാടാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഇതിൽ രണ്ട് കാര്യങ്ങളുണ്ട്. സർക്കാർ സ്കൂളിലെ അദ്ധ്യാപകരുടെ പോസ്റ്റ് നഷ്ടപ്പെടുന്നില്ല. അത് ഞാൻ പലതവണ പറയുകയുണ്ടായി. ഉദാ. സർക്കാർ എൽ.പി. സ്കൂളിലെ ഒരു ടീച്ചർക്ക് പഞ്ചായത്തിന്റെ ഇംപ്ലിമെന്റേഷൻ ചുമതല നൽകും. അപ്പോൾ സ്കൂളിൽ പഠിപ്പിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും. പഠിപ്പിക്കലും പദ്ധതി

ഇംപ്ലിമെന്റേഷനുംകൂടി കഴിയാത്തതുകൊണ്ട് എക്സസ്സായ അദ്ധ്യാപകരെ പഠിപ്പിക്കുന്നതിനായി ചുമതലപ്പെടുത്തും. അതൊരു പോസ്റ്റിലേയ്ക്ക് നിയമിക്കുന്നതല്ല. എല്ലാവരും ശ്രദ്ധിക്കേണ്ട കാര്യമാണിത്. ഒരു പോസ്റ്റിൽ നിയമിച്ചാൽ മാത്രമേ പി.എസ്.സി.-യിൽനിന്ന് വരുന്നവർക്ക് തടസ്സമാവുകയോ, ആ പോസ്റ്റ് നഷ്ടപ്പെടുകയോ ചെയ്യുകയുള്ളൂ. അതുപോലെ ഐ.റ്റി. @ സ്കൂളിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ അദ്ധ്യാപകരെ പോസ്റ്റ് ചെയ്യും. അപ്പോൾ ആ ഒഴിവിൽ കുട്ടികളെ പഠിപ്പിക്കുന്നതിന് എക്സസ് അദ്ധ്യാപകരെ നിയമിക്കും. കുട്ടികൾക്ക് പഠനം നഷ്ടപ്പെടരുതെന്ന് ഉദ്ദേശിച്ചുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്. ഇനി എയ്ഡഡ് സ്കൂളിൽ വീണ്ടും പോസ്റ്റ് വരികയാണെങ്കിൽ തീർച്ചയായും അവിടെനിന്നും മാറ്റിയവരെ തിരിച്ച് അങ്ങോട്ട് കൊണ്ടുപോകും. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല.

<u>ശ്രീ. വി. ജോയി</u> : സർ, തസ്തിക നഷ്ടപ്പെട്ട 3674 പേരിൽ 2704 പേരെ പുനർവിന്യസിച്ചെന്ന് പറഞ്ഞു. ശേഷിക്കുന്ന ആയിരത്തോളം പേർക്ക് ശമ്പളം നൽകുന്നതിന് എന്തെങ്കിലും തീരുമാനമായിട്ടുണ്ടോ; ഒന്നിലധികം സ്കൂളുകളുള്ള മാനേജർമാർ ഒരു സ്കൂളിൽ ഒരദ്ധ്യാപകന് തസ്തിക നഷ്ടപ്പെട്ടാൽ മറ്റ് സ്കൂളിലേയ്ക്ക് ആ അദ്ധ്യാപകനെ നിയമിക്കുന്നില്ലെന്ന പരാതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, ഇതുവരെ അതത് മാനേജ്മെന്റുകളിൽ എക്സസ് അദ്ധ്യാപകരെ വിന്യസിച്ചിട്ടുണ്ടെന്നാണ് പൊതു അറിവ്. പക്ഷെ, ബഹുഭൂരിപക്ഷം പേരും എക്സസ് അദ്ധ്യാപകരെ സ്വീകരിക്കാൻ തയ്യാറായിട്ടില്ലെന്നുള്ളതാണ് വസ്തുത. അങ്ങനെ വരുമ്പോൾ എയ്ഡഡ് സ്കൂളുകളിൽ വരുന്ന എക്സസ് സ്റ്റാഫിനെ മറ്റെവിടെയെങ്കിലും നിയമിക്കുകയല്ലാതെ വേറെ മാർഗ്ഗമില്ല. അതുകൊണ്ടാണ് സർക്കാർ സ്കൂളിൽ നിയമിക്കുന്നത്. ഏതെങ്കിലും ഒരു ജോലി അവർക്ക് നൽകിയതിനുശേഷമേ ശമ്പളം കൊടുക്കാൻ കഴിയൂ. 700 പേരെ അത്തരത്തിൽ പുനർവിന്യസിക്കാൻ പറ്റാത്തതിനുകാരണം കോടതി ഉത്തരവാണ്. കോടതി പുനർ ഉത്തരവിന് 14-ാം തീയതിയാണ് സമയം നിശ്ചയിച്ചിരിക്കുന്നത്. പുനർവിന്യസിക്കുവാൻ അനുവാദം ലഭിച്ചാൽ ഒരു പോസ്റ്റിലും തടസ്സംവരാതെ, എന്നാൽ കുട്ടികൾക്ക് പഠനസൗകര്യം മെച്ചപ്പെടുന്ന നിലയിൽ ഇവരെ വിന്യസിക്കും. പിന്നീട് അവരെ അതത് സ്ഥലങ്ങളിൽ തിരിച്ചുകൊണ്ടുവരാൻ പറ്റുന്ന രീതിയിൽ നിലപാടെടുത്ത് ശമ്പളം നൽകാനുള്ള അവസരമുണ്ടാക്കും. ഇപ്പോൾ 700 പേർക്ക് ശമ്പളം കൊടുക്കാൻ കഴിയാത്ത പ്രശ്നമുണ്ടെന്നുള്ളത് വസ്തുതയാണ്.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, വർഷങ്ങളായി നിരന്തരമായ തർക്കവിതർക്കങ്ങളിൽപ്പെട്ട് കേരളത്തിലെ വിദ്യാഭ്യാസമേഖല, പ്രത്യേകിച്ച് അദ്ധ്യാപക

മേഖല പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ആധുനിക വാർത്താമാധ്യമ സംവിധാനങ്ങളും ഉപകരണങ്ങളുമൊക്കെ ലഭ്യമായിട്ടും സ്വകാര്യ മാനേജ്മെന്റുകളുടെ ഏറ്റവും വലിയ പരാതി അവരുടെ ആളുകൾക്ക് നിയമനം ലഭിക്കുന്നില്ലെന്നും അവരുടെ അവകാശങ്ങൾ കവർന്നെടുക്കുന്നുവെന്നുമാണ്. എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി.ഒ., എന്നിവിടങ്ങളിൽ അദ്ധ്യാപകർ അടിമകളെപ്പോലെ കാത്തുനിൽക്കേണ്ട ഗതികേടാണുള്ളത്. എന്റെ ചോദ്യം, കേരളത്തിലെ ലക്ഷക്കണക്കിന് അദ്ധ്യാപകർ ജോലി ചെയ്യുന്ന സ്വകാര്യമേഖലയിൽ സംവരണ മില്ലാത്ത സാഹചര്യമാണുള്ളത്. അവിടെ സംവരണം ഏർപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. ഇവർ പ്രൊട്ടക്റ്റഡായി ഗവൺമെന്റ് സ്കൂളുകളിലേയ്ക്ക് പോകുമ്പോൾ അവിടെയുള്ള സംവരണവും നഷ്ടപ്പെടുകയാണ്. ഇത് 'രാമേശ്വരത്തെ ക്ഷൗരം' പോലെ ഇങ്ങനെ തുടർന്നുകൊണ്ടിരിക്കുകയാണ്. ഇതിനൊരു ശാശ്വത പരിഹാരമുണ്ടാക്കാൻ, ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തോടെ കുട്ടികളെയും അദ്ധ്യാപകരെയും ഒഴിവുകളുമൊക്കെ മുന്നിൽക്കണ്ട് വളരെ ഭാവനാസമ്പന്നമായി ഈ കാര്യങ്ങൾ ചെയ്യാൻ അങ്ങ് നടപടി സ്വീകരിക്കുമോ ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, രണ്ടുമൂന്ന് ചോദ്യം അങ്ങ് ചോദിച്ചു. കേരള ചരിത്രത്തിൽ ആദ്യമായി എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനത്തിൽ ഈ സർക്കാർ സംവരണം ഏർപ്പെടുത്തുകയുണ്ടായി. എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനരംഗത്ത് ഭിന്നശേഷിയുള്ളവർക്ക് മൂന്ന് ശതമാനം സംവരണം ഒരു മാസം മുൻപ് ഈ സർക്കാർ ഏർപ്പെടുത്തി. നേരത്തെ സൂചിപ്പിച്ചതിൽ ബാക്കിയുള്ള കാര്യങ്ങൾ നയപരമായി തീരുമാനിക്കേണ്ടതാണ്. അങ്ങ് സൂചിപ്പിച്ച വളരെ പ്രധാനപ്പെട്ട ഒരു കാര്യം, ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കു ന്നതുമായി ബന്ധപ്പെട്ടതാണ്. ഇതുവരെയില്ലാത്തവിധം വിദ്യാഭ്യാസ വകുപ്പ് ഒരു പ്രത്യേക സോഫ്റ്റ്‌വെയർ തയ്യാറാക്കിക്കൊണ്ട് കേരളത്തിലെ എല്ലാ സ്കൂളുകളിലും വൊക്കേഷണൽ ഹയർ സെക്കൻഡറി, ഹയർ സെക്കൻഡറി തലത്തിൽ 2019 മാർച്ച് 31 വരെ റിട്ടയർ ചെയ്യുന്ന അദ്ധ്യാപകരുടെ കണക്ക് പൂർണ്ണമായും ശേഖരിച്ചുകഴിഞ്ഞു. അപ്പോയിന്റ് ചെയ്യുന്ന അതോറിറ്റി പി.എസ്.സി.യാണെന്ന ചില നിയമപ്രശ്നങ്ങളൊക്കെയുള്ളതുകൊണ്ട് ഇത് പി.എസ്.സി.-ക്ക് നൽകേണ്ട തുണ്ട്. ഇതുപോലെ കേരളത്തിലെ എല്ലാ മേഖലയിലും സോഫ്റ്റ്‌വെയർ വച്ച് മോണിറ്ററിംഗ് സിസ്റ്റത്തിലൂടെയും കളക്റ്റിംഗ് സിസ്റ്റത്തിലൂടെയും ഇതെല്ലാം ചെയ്യാനുള്ള modernisation പ്രോഗ്രാമിലാണ്. പിന്നീട് സംവരണം ഏർപ്പെടുത്തു ന്നതിനുംമറ്റും ഈ കണക്കുകൾ നമ്മുടെ കയ്യിലുണ്ടാകും. മറ്റൊരു കാര്യം, പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതി പൊതുവിൽ പലർക്കുമുണ്ട്. ആ പരാതി പരിഹരിക്കാനാണ് ഇങ്ങനെയുള്ള ഇടപെടൽ

നടത്തിയിട്ടുള്ളത്. അപ്പോൾ ഡി.ഡി. ആണോ/വൊക്കേഷണൽ ഹയർ സെക്കൻഡറി ഡയറക്ടറാണോ ആരാണോ ഇത് കളക്ട് ചെയ്യേണ്ടത്, അവർ കളക്ട് ചെയ്ത് അയയ്ക്കുന്നതിന് പകരം നേരിട്ട് ഒരു സോഫ്റ്റ്‌വെയറിലൂടെ പൂർണ്ണമായി കളക്ട് ചെയ്യുകയാണ് ചെയ്യുന്നത്. ഇനി മുതൽ ആരും താഴെത്തലത്തിൽനിന്ന് വേക്കൻസി റിപ്പോർട്ട് ചെയ്യേണ്ടതില്ല. അത് നേരിട്ട് കളക്ട് ചെയ്യാനുള്ള സംവിധാനം വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിക്കഴിഞ്ഞു.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, സ്കൂളുകളിൽ ഇപ്പോൾ മൂന്ന് അധികാര കേന്ദ്രങ്ങളാണുള്ളത്. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, ഹയർ സെക്കൻഡറി പ്രിൻസിപ്പാൾ, വി.എച്ച്.എസ്.ഇ.-ക്ക് മറ്റൊരു പ്രിൻസിപ്പാൾ ഇങ്ങനെ ഒരു സ്കൂളിൽത്തന്നെ മൂന്നുപേരാണുള്ളത്. ഇതുമൂലം അവിടെ പലപ്പോഴും അധികാര തർക്കവിതർക്ക ങ്ങളുണ്ടാകുന്നുണ്ട്. മാത്രമല്ല സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തെ അത് ബാധിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ പരിഷ്കാരത്തിന് ഈ സർക്കാർ തുടക്കംകുറിച്ചത് ശ്ലാഘനീയവും അഭിനന്ദനാർഹവുമാണ്. സ്കൂളുകളിൽ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ളാസ്സുകളെ ഒരു യൂണിറ്റായിട്ടാണ് കണക്കാക്കുന്നത്. അത്തരമൊരു സാഹചര്യത്തിൽ അദ്ധ്യാപക സംഘടനകളുമായി ആലോചിച്ച് ഒരു സ്കൂളിൽ ഒരു മേധാവിയെന്ന രീതിയിൽ പരിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് ശ്രീ. റ്റി. വി. രാജേഷ് ചോദിച്ചത്. പക്ഷേ അത് നയപരമായ ഒരു പ്രശ്നമാണ്. ഇന്ന് എല്ലാ ഹയർ സെക്കൻഡറി സ്കൂളുകളിലും മറ്റും അനുഭവിക്കുന്ന ഒരു പ്രശ്നമാണിത്. ഇത് കൂട്ടായി ആലോചിക്കേണ്ട വിഷയമാണ്. കേരളത്തിൽ ഭരണരംഗത്ത് നിൽക്കുന്നവർ മാത്രം ആലോചിക്കേണ്ട വിഷയമല്ല. കാരണം പ്ലസ് ടു രൂപീകരണവും അതിലൂടെയുള്ള ഹയർ സെക്കൻഡറി പ്രശ്നങ്ങളുമൊക്കെ വർഷ ങ്ങളായുണ്ടായ വിഷയങ്ങളാണ്. അതെല്ലാം പരിഹരിക്കുന്നതിന് കൂട്ടായ ശ്രമം ആവശ്യമാണ്. ഏതായാലും സംഘടനകൾ മാത്രമല്ല, രാഷ്ട്രീയ പ്രസ്ഥാനങ്ങളും മറ്റുമായി ആലോചിച്ച് പ്രോബ്ലം ഫ്രീ സെക്ടറാക്കി പ്രൈമറി സെക്ടറിനെ മാറ്റാനുള്ള ഒരു ശ്രമം എല്ലാവരുടേയും സഹകരണത്തോടെ നടത്താനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, പൊതുവിദ്യാഭ്യാസ മേഖലയിൽ വലിയ വർക്ക്‌ലോഡാണുള്ളത്. നേരത്തെ കോളേജിന്റെ ഭാഗമായിരുന്ന പ്ലസ് ടു കോഴ്സ് ഇപ്പോൾ ഹയർ സെക്കൻഡറിയിലേയ്ക്കുമാറ്റി. ഹയർ സെക്കൻഡറി എന്നത് ടെർമിനൽ കോഴ്സാണ്. ഒരു വിദ്യാർത്ഥിയുടെ ഹയർ എഡ്യൂക്കേഷൻ ഹയർ സെക്കൻഡറി റിസൾട്ടിനെ ആശ്രയിച്ചാണ് പോകുന്നത്. അങ്ങനെയുള്ള കോഴ്സ്

പൊതുവിദ്യാഭ്യാസത്തിൽ ലിങ്ക് ചെയ്യാതെ നിലവിലുള്ളതുപോലെ ഹയർ സെക്കൻഡറി ഡയറക്ടറേറ്റിൽ നിലനിർത്തുന്നതല്ലേ ആശാസ്യം. മറ്റൊന്ന് അറിയേണ്ടത്, എയ്ഡഡ് സ്കൂളുകളിലെ നിയമനം പി.എസ്.സി.-ക്ക് വിടാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നതാണ്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, ഞാൻ നേരത്തെ പറഞ്ഞതുപോലെ രണ്ടഭിപ്രായമുണ്ട്. ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞ ഒരഭിപ്രായം, മറ്റൊന്ന് അങ്ങ് പറഞ്ഞ അഭിപ്രായം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, എല്ലാവരുംകൂടി ചർച്ച ചെയ്ത് വലിയൊരു സമന്വയം ഇതിന് ആവശ്യമാണ് എന്ന്. ഒന്നുമുതൽ പന്ത്രണ്ടുവരെ ഒരു സ്കീമായി നിൽക്കുന്ന വലിയൊരു ധാരയുണ്ട്. അങ്ങ് പറഞ്ഞതുപോലെ, പ്ലസ് ടു എന്നത് മറ്റൊരു ധാരയിൽ നിൽക്കുന്ന ഒന്നാണ്. വൈവിദ്ധ്യമെന്നത് ജനാധിപത്യത്തിന്റെ ഏറ്റവും വലിയ അടിത്തറയാണ്. അതുകൊണ്ട് വൈവിദ്ധ്യമാർന്ന ചിന്തകളുണ്ടാകും. അപ്പോൾ ഭരണകൂടത്തിന്റെ ചുമതല ആ വൈവിദ്ധ്യത്തിൽനിന്നും ഏകീകൃതമായ രൂപമുണ്ടാക്കുക എന്നതാണ്. അതുകൊണ്ട് അത്തരമൊരു ശ്രമം നടത്താം. ഒരു പൊതുവായ ചർച്ചയുടെ ഭാഗമായി നമുക്ക് ഇതിനെ ഉരുത്തിരിച്ചെടുക്കാം. രണ്ടാമത് അങ്ങിവിടെ പറഞ്ഞതിനെപ്പറ്റി ഞാൻ നേരത്തെ സൂചിപ്പിച്ചു, അതൊരു നയപരമായ പ്രശ്നമാണ്. ആ നയം രൂപീകരിച്ചതിനുശേഷമേ പ്രത്യേകിച്ച് മറുപടി പറയാൻ കഴിയൂ.

<u>മി. സ്പീക്കർ</u> : വിഷയം വിദ്യാഭ്യാസമായതുകൊണ്ടാണ് ഇത്രയുമധികം സമയമെടുത്തത്. ഒരു ഉപചോദ്യം ചെയർ പ്രതീക്ഷിച്ചിരുന്നു. പൊതുവിദ്യാലയ ങ്ങളിൽനിന്നും ഇംഗ്ലീഷ് മീഡിയത്തിലേയ്ക്ക് പോകുന്നത് സംബന്ധിച്ച്, ഇംഗ്ലീഷ് വിദ്യാഭ്യാസം ശരിയാകുമോയെന്ന സംശയം രക്ഷിതാക്കൾക്കുണ്ട്. പൊതുവിദ്യാ ലയത്തെ ശക്തിപ്പെടുത്തുമ്പോൾ ഇംഗ്ലീഷ് വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ എന്തെങ്കിലും പദ്ധതിയുണ്ടോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : സർ, കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റം വരുത്താൻ സംസ്ഥാന സർക്കാർ ശ്രമിക്കുകയാണ്. അങ്ങ് പറഞ്ഞ വിഷയം വളരെ പ്രധാനപ്പെട്ട ഇഷ്യൂവായി എടുത്തിട്ടുണ്ട്. എപ്പോഴും പഠനം മാതൃഭാഷയിലാകണമെന്നത് ഒരു സങ്കൽപ്പമാണ്. എങ്കിലേ വിഷയം പൂർണ്ണമായും എല്ലാവർക്കും മനസ്സിലാകുകയുള്ളൂ, അതിലുള്ള സബ്ജക്ട്‌വൈസ് ട്രാൻസ്പാരൻസി പൂർണ്ണമാകുകയുള്ളൂ. പക്ഷേ നമുക്ക് മറ്റ് ഭാഷകളും അറിയേണ്ടതുണ്ട്. ഇപ്പോൾ വിദ്യാഭ്യാസ വകുപ്പ് എടുത്തിരിക്കുന്ന ഒരു നയം, മൂന്ന് ഭാഷകളെങ്കിലും സംസാരിക്കാൻ കഴിയണമെന്നതാണ്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി. കേരളത്തിലെ എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി സംസാരിക്കാൻ കഴിയുന്ന രീതിയിലുള്ള

ട്രെയിനിംഗ് ആരംഭിച്ചുകഴിഞ്ഞു. എസ്.എസ്.എ.-യുടെ നേതൃത്വത്തിൽ കഴിഞ്ഞ ദിവസം മാസ്റ്റർ ട്രെയിനേഴ്സിനുള്ള പരിശീലനം നൽകുകയുണ്ടായി. കേരളത്തിലെ ഒന്നുമുതൽ ഏഴുവരെയുള്ള ക്ലാസ്സുകളിലെ എല്ലാ അദ്ധ്യാപകർക്കും ഇംഗ്ലീഷിൽ പരിശീലനം നൽകാൻ പോകുകയാണ്. അതിനുശേഷം ഹിന്ദിയിലും പരിശീലനം നൽകും.

മി. സ്പീക്കർ : ചോദ്യം നമ്പർ * 692

**ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം**

2(*692) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി.ടി.എ. റഹീം :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ;

(ബി) ഭവനനിർമ്മാണ മേഖലയിൽ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) വീട് നിർമ്മാണത്തിനുള്ള ചെലവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ചെലവ് കുറഞ്ഞ വീട് എന്ന ആശയം പ്രചരിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ; ഇത് സംബന്ധിച്ച നയം വ്യക്തമാക്കാമോ ;

(ഡി) ലോ കോസ്റ്റ് കൺസ്ട്രക്ഷൻ സംബന്ധിച്ച് സംസ്ഥാനത്ത് ഇന്ന് ലഭ്യമായ സാങ്കേതികവിദ്യകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; ഇത്തരം സാങ്കേതികവിദ്യയും സാങ്കേതികസഹായവും നൽകുന്ന സ്ഥാപനങ്ങൾ ഏതൊക്കെ യാണെന്ന് അറിയിക്കാമോ ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, (എ & ബി) ഉണ്ട്. ഭവനനിർമ്മാണ ബോർഡ് അതിന്റെ ആരംഭം മുതൽ ഇതുവരെ വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്കായി ഏഴുലക്ഷത്തിൽപ്പരം വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ പാരസ്പര്യം മാതൃകയിൽ വീടുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം തിരുവനന്തപുരത്ത് കവടിയാറിൽ 36 ഫ്ലാറ്റുകൾ ബോർഡ് ഇതിനകം നിർമ്മിച്ചുകഴിഞ്ഞു. മറ്റ് സ്ഥലങ്ങളിൽ ബോർഡ് ഇതേ മാതൃകയിൽ ഭവനനിർമ്മാണ

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കെ.എസ്.എച്ച്.ബി. ആക്ട് 1971 പ്രകാരം രൂപീകരിക്കപ്പെട്ട സർക്കാരിന്റെ പ്രമുഖ ഏജൻസിയായ ഭവനനിർമ്മാണ ബോർഡിന് ടി ആക്ട് പ്രകാരം വിദ്യാഭ്യാസം, ആരോഗ്യം, ടൂറിസം എന്നീ മേഖലകൾ ഉൾപ്പെടെയുള്ള വിവിധ ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കാൻ വ്യവസ്ഥയുണ്ട്. ആയതിൽ മേൽപ്പറഞ്ഞ മേഖലകളിലുള്ള കെട്ടിടനിർമ്മാണ ജോലികൾകൂടി ഭവനനിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കിക്കൊണ്ട് ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്.

(സി) ചെലവുകുറഞ്ഞ വീട് എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് വീടുകൾ, പാർപ്പിട സുരക്ഷ പ്രകാരം സർക്കാർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പാർപ്പിട സമുച്ചയങ്ങൾ എന്നിവ നിർമ്മിക്കാവുന്നതാണ്. ചെലവ് കുറഞ്ഞ കെട്ടിടനിർമ്മാണ സാങ്കേതികവിദ്യകൾ അഥവാ സീഫ് ടെക്നോളജി വികസിപ്പിക്കുന്നതിന്റെയും പ്രചരിപ്പിക്കുന്നതിന്റെയും ഭാഗമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സംസ്ഥാന നിർമ്മിതി കേന്ദ്രം സ്വീകരിച്ചുവരുന്നു.

കൂടാതെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്ക്) സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന വിവിധ സ്കീമുകൾ ചെലവുകുറഞ്ഞ കെട്ടിടനിർമ്മാണ രീതി പ്രചരിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്നു:

1. ചെലവുകുറഞ്ഞ കെട്ടിടനിർമ്മാണ സാങ്കേതികവിദ്യയിൽ (സീഫ്) പൊതുജനങ്ങൾക്കും സാങ്കേതിക വിദഗ്ദ്ധർക്കും അവബോധം ഉണ്ടാക്കുന്നതിലേയ്ക്കായി വിവിധ പരിശീലന പരിപാടികൾ നടത്തിവരുന്നു.

2. ചെലവ് കുറഞ്ഞതും ഗുണമേന്മയുള്ളതുമായ കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിക്കുന്ന നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നു.

3. വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർബല്യം പരിഹരിക്കുന്നതിനായി നിർമ്മാണ മേഖലകളിലെ വിവിധ ട്രേഡുകളിൽ യുവതീ-യുവാക്കൾക്ക് പരിശീലനം നൽകുന്നുണ്ട്.

4. നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണമേന്മാ പരിശോധനയ്ക്കായി പരിശോധനാ കേന്ദ്രങ്ങൾ ആരംഭിച്ച് വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

5. കെട്ടിടനിർമ്മാണ മേഖലയിൽ നൂതന സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്) എന്ന ഗവേഷണ സ്ഥാപനം ആരംഭിച്ചു.

6. കെട്ടിടനിർമ്മാണ ന്യായവില വിപണന കേന്ദ്രം (കലവറ) വഴി സിമന്റ്, കമ്പി എന്നിവ 600 ചതുരശ്ര അടി തറവിസ്തീർണ്ണം വരെയുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് പൊതുവിപണിയിലെ വിലയേക്കാൾ 15% വിലകുറച്ച് വിതരണം ചെയ്തുവരുന്നു. റീജിയണൽ സെന്ററിലുള്ള ഹൗസിംഗ് ഗൈഡൻസ് സെന്റർ വഴി പൊതുജനങ്ങൾക്ക് ചെലവുകുറഞ്ഞ സാങ്കേതികവിദ്യയിൽ അവബോധം ഉണ്ടാക്കുന്നതിനോടൊപ്പം ആവശ്യക്കാർക്ക് വീട് നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായവും നൽകി വരുന്നു.

7. കെട്ടിട നിർമ്മാണ രംഗത്ത് പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെസ്നിക്കിന്റെ ക്യാമ്പസിൽ ഒരു മാതൃകാ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ചെലവുകുറയ്ക്കുന്നതോടൊപ്പം വേഗതയിലുള്ള നിർമ്മാണവും സാധ്യമാകും എന്നതാണ് ഇതിന്റെ പ്രത്യേകത.

ചെലവുകുറഞ്ഞ കെട്ടിടനിർമ്മാണ സാങ്കേതികവിദ്യയുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തി ഭവനരഹിതമുക്ത കേരളം എന്ന സ്വപ്നം സാക്ഷാൽക്കരിക്കുക എന്നതാണ് സർക്കാരിന്റെ നയം.

(ഡി) ലോ കോസ്റ്റ് കൺസ്ട്രക്ഷനുമായി ബന്ധപ്പെട്ട ഫാക്ടിന്റെ ഉപോൽപ്പന്നമായ ജിപ്സം ഉപയോഗിച്ച് നിർമ്മിക്കുന്ന ജി.എഫ്.ആർ.ജി. പാനൽ (ഗ്ലാസ് ഫൈബർ റീ-ഇൻഫോഴ്സ്സ്ഡ് ജിപ്സം പാനൽ) ഇപ്പോൾ സംസ്ഥാനത്ത് ലഭ്യമാണ്. ഇത് കൊച്ചിയിലെ അമ്പലമേടിലുള്ള ഫാക്ടിന്റെ ഫാക്ടറിയിൽ നിർമ്മിച്ചുവരുന്നു. കൂടാതെ ഇഷ്ടികകൊണ്ടുള്ള പൊള്ളക്കെട്ട്, ഫില്ലർ സ്ലാബ്, ബലപ്പെടുത്തിയ മൺകട്ടകൾ, ഇന്റർ ലോക്ക് മൺകട്ടകൾ, ബാംബൂ കൺസ്ട്രക്ഷൻ, മഡ് കൺസ്ട്രക്ഷൻ തുടങ്ങിയവയും നിലവിൽ ഉപയോഗിച്ചുവരുന്ന ലോകോസ്റ്റ് സാങ്കേതികവിദ്യകളാണ്. ഇത്തരം സാങ്കേതിക സഹായം നൽകുന്ന സ്ഥാപനങ്ങൾ സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക്ക്), ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ, ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, കോസ്റ്റ് ഫോർഡ്, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയാണ്.

ശ്രീ. കാരാട്ട് റസാഖ് : സർ, ഭവന പദ്ധതി വളരെ നല്ലനിലയിൽ മുന്നോട്ട് പോകുന്നുവെന്ന് മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരു വീട് എന്ന സ്വപ്നം വളരെ താൽപ്പര്യത്തോടുകൂടിയാണ് സാധാരണക്കാർ കാണുന്നത്. പലപ്പോഴും താഴെത്തട്ടിലുള്ളവർക്ക് ഇത്തരം പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ സാധിക്കാറില്ല. ഇത്തരം പദ്ധതികൾ സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കും ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, സംസ്ഥാനത്തെ എല്ലാ ഭൂരഹിത കുടുംബങ്ങൾക്കും വീട് ഉറപ്പാക്കുന്ന സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയാണ്. ഈ പദ്ധതി വളരെ വിപുലമായി നടപ്പാക്കുമ്പോൾ സമൂഹത്തിലെ ഏറ്റവും ദുർബല ജനവിഭാഗങ്ങൾ ഉൾപ്പെടെയുള്ളവർക്ക് വീട് ലഭ്യമാകുന്ന സാഹചര്യം ഉണ്ടാകുമെന്നത് ഉറപ്പാണ്.

ശ്രീ. കാരാട്ട് റസാഖ് : സർ, കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ഇ.എം.എസ്. ഭനവനിർമ്മാണ പദ്ധതി നടപ്പിലാക്കിയിരുന്നു. അത് സാധാരണ ജനവിഭാഗങ്ങൾക്ക് വളരെയധികം പ്രയോജനപ്പെട്ടിരുന്നു. എന്നാൽ പിന്നീട് അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ ആ പദ്ധതി നിർത്തലാക്കി. മാത്രമല്ല കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാന സർക്കാർ വിഹിതമായി ഗുണഭോക്താക്കൾക്ക് നൽകാനുള്ള അൻപതിനായിരം രൂപ നൽകാത്തതിനാൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. അതുകൊണ്ട് ഭവനനിർമ്മാണ ബോർഡിന്റെ പദ്ധതിയിൽ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതികൂടി ഉൾപ്പെടുത്തി മുന്നോട്ട് പോകാൻ സാധിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ഭവനനിർമ്മാണ ബോർഡിന്റെ ആഭിമുഖ്യത്തിലല്ല, കേരളത്തിൽ ഇനി നടപ്പാക്കാൻ പോകുന്ന സമ്പൂർണ്ണ ഭവനനിർമ്മാണ സംവിധാനത്തിന്റെ ഭാഗമായി നിലവിൽ അപൂർണ്ണമായി കിടക്കുന്ന വീടുകളുടെ നിർമ്മാണപ്രവർത്തനം ഉൾപ്പെടെയുള്ളവ പൂർത്തീകരിക്കാനും ഭൂമിയും വീടുമില്ലാത്തവർക്ക് അത് നൽകുന്ന പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി നേരത്തെ ആരംഭിച്ചതും പൂർത്തീകരിക്കാത്തതുമായ ഭവനങ്ങളുടെ കാര്യത്തിലുള്ള നിർമ്മാണപ്രവർത്തനം പൂർത്തീകരിക്കാനുമുള്ള സഹായം ഉണ്ടാകും.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, ഹൗസിംഗ് ബോർഡ് പ്രവർത്തന രംഗത്തു നിന്ന് വിട്ടുപോയതുപോലുള്ള അനുഭവമാണുണ്ടാകുന്നത്. 1996-1998 കാലഘട്ടത്തിൽ 50,000 രൂപ വരെയുള്ള പദ്ധതികൾ നടപ്പിലാക്കി. മുഴുവൻ തുകയും ഗഡുക്കളായി തിരിച്ചടച്ചവർക്ക് പട്ടയം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. ഒരു അദാലത്ത്

സംഘടിപ്പിച്ച് പൂർണ്ണമായി തുക തിരിച്ചടച്ചവർക്ക് പട്ടയം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുവച്ച ഒട്ടനവധി നിർമ്മാണ പ്രവർത്തനങ്ങളുണ്ട്. അക്കാര്യങ്ങളിൽ ഇടപെടാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച വിഷയങ്ങൾ ശരിയാണ്. ഭവനനിർമ്മാണ ബോർഡിൽ നിന്നെടുത്ത വായ്പ തിരിച്ചടച്ചാലും ബന്ധപ്പെട്ട രേഖകൾ തിരികെ നൽകുന്നില്ലെന്ന പരാതി കേൾക്കുന്നുണ്ട്. അത്തരം വിഷയം തീർച്ചയായും പരിശോധിക്കുന്നതാണ്. ഭവനനിർമ്മാണ ബോർഡിൽനിന്ന് വായ്പ എടുത്ത ബഹുഭൂരിപക്ഷം ആളുകളും യഥാസമയം പണം തിരിച്ചടയ്ക്കുന്നില്ലെന്ന ഒരു പ്രധാന വിഷയം നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കാത്ത സാഹചര്യമില്ല. ഏഴ് ലക്ഷം വീടുകൾ നേരിട്ട് നിർമ്മിക്കാനും വായ്പ കൊടുത്ത് നിർമ്മിക്കാനും ഭവനനിർമ്മാണ ബോർഡിന്റെ ഈ കാലയളവിലെ പ്രവർത്തനംകൊണ്ട് സാധ്യമായിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, ഭവനനിർമ്മാണ ബോർഡ് ഭാവനാപൂർണ്ണമായ നല്ല പരിപാടികളാണ് ആവിഷ്കരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മുൻപ് മൈത്രി ഭവനനിർമ്മാണ പദ്ധതി എന്നൊരു പദ്ധതിയുണ്ടായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് അത് നടപ്പിലാക്കിയിരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂർ പണം ബോർഡിലടയ്ക്കണമെന്നായിരുന്നു വ്യവസ്ഥ. ഈ പദ്ധതി പിന്നീട് തുടർന്നിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. മൈത്രി ഭവനനിർമ്മാണ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; പഞ്ചായത്തുകൾക്ക് പണം തിരിച്ച് കൊടുക്കണമെന്ന് നിയമസഭാ സമിതി പലതവണ ആവശ്യപ്പെട്ടതാണ്. അതിനെ സംബന്ധിച്ച വസ്തുതകൾ വിശദമാക്കാമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഭവനനിർമ്മാണ ബോർഡിന്റെ നേതൃത്വത്തിലുണ്ടായിരുന്ന മൈത്രി ഭവനനിർമ്മാണ പദ്ധതി ഇപ്പോൾ നിലവിലില്ല. അത് നേരത്തെയുണ്ടായിരുന്ന പദ്ധതിയാണ്. അതിന് സഹായം നൽകുന്ന ചില ഏജൻസികൾ, പഞ്ചായത്തുകൾ അല്ലെങ്കിൽ ബെനിഫിഷ്യറീസ് അവരുടേതായ വിഹിതം പലപ്പോഴും വേണ്ട സമയത്ത് നൽകാത്തതുകൊണ്ടാണ് ആ പദ്ധതി തുടരാത്തത്.

ശ്രീ. ഒ. ആർ. കേളു: സർ, ഒരു വീട് നമ്മുടെ സ്വപ്നമാണ്. ഗവൺമെന്റും വിവിധ സർക്കാർ ഏജൻസികളും വീട് നൽകിവരുന്നുണ്ട്. പക്ഷേ ഒരു വീടിന് അനുമതി ലഭിച്ചാൽ അത് സമയബന്ധിതമായി നിർമ്മിക്കാൻ ഗുണഭോക്താവിന് കഴിയുന്നില്ല. നിർമ്മാണ സാമഗ്രികൾ യഥേഷ്ടം ലഭിക്കുന്നില്ലെന്നതാണ് പ്രധാന കാര്യം. ലഭിക്കുന്ന വസ്തുക്കൾക്ക് വലിയ വിലയാണ് മാർക്കറ്റിലുള്ളത്. അവസാനം വീട് പൂർത്തിയാകുമ്പോൾ വീടിന്റെ ഗുണഭോക്താവ് വലിയ കടത്തിലെത്തി ച്ചേരുന്നു. ഇത്തരം കാര്യങ്ങൾ പരിഹരിക്കുന്നതിന് ഭവനനിർമ്മാണ ബോർഡ് കലവറ മോഡലിൽ നിർമ്മാണ സാമഗ്രികൾ വില കുറച്ച് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുമോ എന്നറിയാൻ താല്പര്യമുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതു പോലെ ഭവനനിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളിൽ പലതിന്റേയും വില ക്രമാതീതമായി വർദ്ധിച്ചുവരുന്നു എന്നത് ശരിയാണ്. പല പദ്ധതികളും വേണ്ട രീതിയിൽ പൂർത്തീകരിക്കാൻ കഴിയാതെ പോകുന്നതിന്റെ പ്രധാന കാരണം അതാണ്. നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 2 ലക്ഷം രൂപ ബോർഡ് സബ്സിഡി കൊടുക്കുകയും ഒരു ലക്ഷം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അല്ലെങ്കിൽ അവർ സ്പോൺസർ ചെയ്യുന്ന ഏതെങ്കിലും എൻ.ജി.ഒ. കൾ നൽകുകയും ബെനിഫിഷ്യറീസ് ഇരുപത്തയ്യായിരം രൂപയും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇരുപത്തയ്യായിരം രൂപയും നൽകുന്ന മൂന്നരലക്ഷത്തിന്റെ ഒരു പദ്ധതിയുണ്ടായിരുന്നു. അത്രയും തുകകൊണ്ട് അത് പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ പലപ്പോഴും ആ പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാതെപോയി. ഭവനനിർമ്മാണ ബോർഡിനെ സംബന്ധിച്ചിടത്തോളം 60 ചതുരശ്രയടി വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്ന ബി.പി.എൽ. വിഭാഗത്തിന് സിമന്റിന്റേയും കമ്പിയുടേയും കാര്യത്തിൽ 15 ശതമാനം ഇളവ് അനുവദിക്കാമെന്നും, മണൽ ലഭ്യമാകുന്ന മുറയ്ക്ക് അത് വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കാമെന്നുമല്ലാതെ മറ്റ് മുഴുവൻ സാധനങ്ങളുടേയും ഉത്തരവാദിത്വം ഏറ്റെടുക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതു പോലെ വീട് നിർമ്മിക്കുന്ന ആളുകൾക്കുണ്ടാകുന്ന പ്രയാസം വസ്തുതാപരമാണ്. അതിൽ എന്ത് ചെയ്യണമെന്നുള്ളത് പരിശോധിക്കാവുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഭവനനിർമ്മാണ ബോർഡിന് ഇടുക്കി ജില്ലാ ആസ്ഥാനത്ത് രണ്ട് ഏക്കറിലധികം ഭൂമി ഇന്ന് നിലവിലുണ്ട്. മെഡിക്കൽ കോളേജ് ജില്ലാ ആസ്ഥാനം, സെൻട്രൽ സ്കൂൾ, താലൂക്ക്/ഹെഡ്ക്വാർട്ടേഴ്സ് എന്ന നിലയിൽ സിവിൽ സ്റ്റേഷൻ ഉൾപ്പടെയുള്ള മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് താമസിക്കാനുള്ള പാർപ്പിട സൗകര്യങ്ങളുടെ അഭാവം പരിഹരിക്കാൻ

ഭവനനിർമ്മണ ബോർഡിന്റെ കൈവശമുള്ള ഭൂമിയിൽ ഫ്ലാറ്റുകളോ ക്വാർട്ടേഴ്സുകളോ നിർമ്മിച്ച് അത് പ്രയോജനകരമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ഭവനനിർമ്മാണ ബോർഡ് ഇത്തരം കേന്ദ്രങ്ങളിൽ തങ്ങളുടെ കയ്യിലുള്ള ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന നടപടി സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തെ സംബന്ധിച്ച സാധ്യത പരിശോധിച്ച് നടപ്പാക്കാവുന്നതാണ്.

ശ്രീ. എം. നൗഷാദ് : സർ, ഭവനനിർമ്മാണ ബോർഡ് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും സാധാരണക്കാർക്ക് അത് സംബന്ധിച്ച് കൂടുതൽ അറിവില്ലെന്നതാണ് സത്യം. കുറഞ്ഞ ചെലവിൽ വീട് നിർമ്മിച്ചുകൊടുക്കുമെന്ന് പറഞ്ഞ് പല പദ്ധതികളും പ്രഖ്യാപിക്കുന്നുണ്ട് അതിൽനിന്ന് വ്യത്യസ്തമായി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മുനിസിപ്പാലിറ്റി, പഞ്ചായത്ത്, കോർപ്പറേഷൻ തുടങ്ങിയവയിൽ ഏതെങ്കിലും ഒന്ന് മോഡലായി സ്വീകരിച്ച് അവർ സെലക്ട് ചെയ്യുന്ന ബെനിഫിഷ്യറീസിന് അവരുടെ വിഹിതം വാങ്ങിക്കൊണ്ട് കുറഞ്ഞ ചെലവിൽ വീട് നിർമ്മിച്ച് നൽകാൻ ഭവനനിർമ്മാണ ബോർഡ് തയ്യാറാകുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, അത്തരമൊരു പദ്ധതി ഇപ്പോൾ നിലവിലില്ല. ഭവനനിർമ്മണ ബോർഡ് ഹഡ്കോയിൽനിന്ന് വായ്പയെടുത്ത് ആവശ്യക്കാരുടെ ഉറപ്പിന്മേൽ വായ്പ നൽകുകയും അവരുടെ ചുമതലയിൽ വീട് നിർമ്മിക്കുകയും ചെയ്യുന്ന പദ്ധതിയാണ് ഒന്ന്. മറ്റൊന്ന്, ഭവനനിർമ്മണ ബോർഡ് സ്വയം ഏറ്റെടുത്ത ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് ആവശ്യക്കാർക്ക് നൽകുന്നു. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന പദ്ധതിയുടെ പൂർണ്ണ ഉത്തരവാദിത്വം ഹൗസിംഗ് ബോർഡ് ഏറ്റെടുക്കുക എന്നത് പ്രയാസമാണ്. ഭവനനിർമ്മാണത്തിന് ധാരാളം ഏജൻസികൾ ഇപ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. കോസ്റ്റൽ ഏരിയയിൽ മത്സ്യതൊഴിലാളികൾക്കുവേണ്ടി പ്രത്യേക ഹൗസിംഗ് സ്കീമുകളുണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിനായി പ്രത്യേക ഹൗസിംഗ് സ്കീമുകളുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപത്തിനുള്ള ഹൗസിംഗ് സ്കീമുകളുണ്ട്. തൊഴിൽ മേഖലയിൽ പ്രത്യേകിച്ച് പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്കുവേണ്ടിയുള്ള ലയങ്ങൾ പുതുക്കിപ്പണിത് പുതിയ വീടുകൾ വച്ചുകൊടുക്കുന്നതിനുള്ള പദ്ധതികളുണ്ട്. വ്യത്യസ്തങ്ങളായ ഏജൻസികളുടെ നേതൃത്വത്തിൽ നടക്കുന്ന ഈ പദ്ധതികളുടെ കൂട്ടത്തിൽ മറ്റേതെങ്കിലും ഏജൻസികൾ നിശ്ചയിക്കുന്ന വീട് നിർമ്മിച്ചുകൊടുക്കുക എന്ന ഉത്തരവാദിത്വം ഹൗസിംഗ് ബോർഡിന് ഏറ്റെടുക്കാൻ സാധ്യമല്ലാത്ത സ്ഥിതിയാണ് നിലവിലുള്ള വ്യവസ്ഥകളിലുള്ളത്.

ശ്രീ. ഷാഫി പറമ്പിൽ : സർ, അങ്ങ് റവന്യൂ മന്ത്രികൂടിയായത് ഈ സാഹചര്യത്തിൽ തീർച്ചയായും ഹൗസിംഗ് ബോർഡിന് ഗുണം ചെയ്യും. 10 സെന്റ് ഭൂമി മൂന്നുപേർക്ക് വീതംവച്ച് കൊടുക്കുമ്പോൾ മൂന്നും മൂന്നരയും സെന്റ് വച്ചാണ് ലഭിക്കുന്നത്. റവന്യൂ വകുപ്പ് നൽകുന്ന 10 സെന്റ് ഭൂമിയിൽ ഭവനനിർമ്മണ ബോർഡുമായി ചേർന്ന് ഫ്ലാറ്റ് നിർമ്മിക്കാൻ കഴിഞ്ഞാൽ നിലവിലെ ചട്ടപ്രകാരം 6 മുതൽ 10 വരെ ഫ്ലാറ്റുകൾ ആയിരം സ്ക്വയർ മീറ്ററിന് താഴെ നിർമ്മിക്കാൻ കഴിയും. ഭൂമി എല്ലാവരുടേയും സ്വപ്നമാണ്. ആ സ്വപ്നം ഒരു വീടിന് വേണ്ടിയുള്ളതാണ്. ഈ രീതി സ്വീകരിച്ചാൽ അത് എട്ടോ പത്തോ പേർക്ക് ഗുണം ചെയ്യും. കേരളത്തിൽ 3 സെന്റ് വച്ച് എല്ലാവർക്കും ഭൂമി നൽകാൻ കഴിയില്ല. ഇത്തരത്തിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകാൻ കഴിയുമോ; ഗവൺമെന്റ് അത് പരിശോധിക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് നല്ലൊരു ആശയമാണ്, അത് പ്രായോഗികമാക്കുന്നത് നന്നായിരിക്കും. റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലും ഹൗസിംഗ് ബോർഡിന്റെ കൈവശവുമുള്ള ഭൂമിയിൽ നിർമ്മിച്ച് നൽകുന്ന വീടുകൾ സ്വീകരിക്കുന്നതിനോ അതിന് നിശ്ചയിച്ചിട്ടുള്ള റെന്റ് നൽകുന്നതിനോ എത്രമാത്രം ആളുകൾ തയ്യാറാകുമെന്നറിയില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ 3 സെന്റ് വച്ച് എല്ലാവർക്കും കൊടുക്കാൻ ധാരാളം ഭൂമി വേണ്ടിവരും. ആ 3 സെന്റിൽ ഒരു ഫ്ലാറ്റ് നിർമ്മിച്ചാൽ 10 പേർക്ക് നൽകാൻ കഴിയും. ഇത് വളരെ നല്ല ആശയമാണ്. അത്തരമൊരു ആശയത്തെ അടിസ്ഥാനപ്പെടുത്തി ഏതൊക്കെ പ്രദേശത്ത് സാധ്യമാകുമെന്നത് പരിശോധി ക്കാവുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, വീടില്ലാത്തവർക്ക് വീട് നൽകുന്നതിനായി മഹാനായ എം. എൻ. തുടങ്ങിവച്ച ലക്ഷംവീട് പദ്ധതി പ്രകാരമുള്ള വീടുകൾ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ഇരട്ട വീടാക്കാൻ തീരുമാനിക്കുകയും കുറെയേറെ വീടുകൾ ഇരട്ട വീടുകളാക്കിനൽകി പാവപ്പെട്ടവരെ രക്ഷിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് വീടുകളിൽ താമസിച്ചിരുന്നവർക്ക് സെപ്പറേറ്റായി വീട് നിർമ്മിച്ച് നൽകി. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അത് പൂർണ്ണമായും നിർത്തലാക്കി. പല കുടുബങ്ങളുടേയും വീടുകൾ നശിച്ച് നാശോന്മുഖമായി ജീവിക്കാൻ പറ്റാത്ത അന്തരീക്ഷത്തിലാണ്. എന്റെ മണ്ഡലത്തിൽ കടമ്പനാട് പഞ്ചായത്തിൽ മണ്ണടി എന്ന സ്ഥലത്തെ കല്ലുവെട്ടി കോളനി വളരെ ശോചനീയമായ അവസ്ഥയിലാണ്. ജില്ലാ കളക്ടറും ഹൗസിംഗ് ബോർഡിന്റെ ചീഫ് എഞ്ചിനീയറും ഞാനും സ്ഥലം സന്ദർശിച്ച് അവിടെ ഒരു പ്രോജക്ട് തയ്യാറാക്കി ഹൗസിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. അത് അടിയന്തരമായി പരിഹരിച്ച് ആവശ്യമായ സാമ്പത്തിക സഹായം നൽകി ആ പാവപ്പെട്ട കുടുംബങ്ങളെ രക്ഷിക്കണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, 1970-കളിൽ എം.എൻ. -ന്റെ കാലത്താണ് ലക്ഷംവീട് പദ്ധതിക്ക് തുടക്കംകുറിച്ചത്. അത് ഭാവനാപൂർണ്ണമായ പദ്ധതിയായിരുന്നു. കേരളത്തിൽ അതിനുമുമ്പ് ആരും ഒരു ഭവനനിർമ്മാണ പദ്ധതിക്കും തുടക്കംകുറിച്ചിരുന്നില്ല. അതിനെത്തുടർന്നാണ് എല്ലാ ഭവനനിർമ്മാണ പദ്ധതികളും വന്നത്. തുടക്കത്തിൽ ഇരട്ടവീടുകളായിട്ടാണ് അത് നിർമ്മിച്ചിരുന്നത്. ഒരു ഒറ്റ വീട്ടിൽ രണ്ട് കുടുംബങ്ങളാണ് താമസിച്ചിരുന്നത്. അത് സെപ്പറേറ്റാക്കാനുള്ള പദ്ധതിയാണ് കഴിഞ്ഞ കാലത്ത് നടന്നുവന്നത്. എന്നാൽ പല പഞ്ചായത്തുകളിലും പൂർണ്ണമായും ഒറ്റ വീടാക്കിനൽകാൻ സാധിച്ചിട്ടില്ല. അതിനാവശ്യമായ പണം അനുവദിക്കുക എന്നത് ഹൗസിംഗ് ബോർഡിനെ സംബന്ധിച്ചിടത്തോളം എളുപ്പമല്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടത്തിയ പ്രത്യേക സംരംഭത്തിന്റെ ഭാഗമായി സ്വരൂപിക്കപ്പെട്ട പണമുപയോഗിച്ച് ഇപ്പോൾ സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ ആ വീടുകൾ ഒറ്റ വീടാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുകയാണ്. അതിൽ ഇനി പണം അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് സാധ്യമാണെങ്കിൽ ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

<u>ശ്രീ. ഹൈബി ഈഡൻ</u> : സർ, പല കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനത്തിന്റെ പദ്ധതികളും നടപ്പിലാക്കാത്തതിന്റെ പ്രധാനപ്പെട്ട കാരണം ഫ്ലാറ്റ് സമുച്ചയങ്ങൾ പണിതുനൽകുന്നതിലെ കാലതാമസവും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമാണ്. ഇന്ന് ലോകത്തിന്റെ പുതിയ സാധ്യതകൾ വിനിയോഗിച്ച് പ്രീഫാബ് മോഡൽ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും അതുപോലെ ഫാക്ടിലെ ജിപ്സം മെറ്റീരിയൽ ഉപയോഗിച്ച് ഒരുവർഷംകൊണ്ട് പണിയാവുന്ന കെട്ടിടങ്ങൾ രണ്ട് മാസംകൊണ്ട് പൂർത്തീകരിക്കുന്നതിനും സാധിക്കും. മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന സ്ഥലത്തും അതുപോലെ ഇത്തരം ഹൗസിംഗ് പ്രോജക്റ്റ്സിനും ഈ ടെക്നോളജി ഉപയോഗിച്ച് വളരെ വേഗത്തിൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിന്റെ പൈലറ്റ് പ്രോജക്ട് എറണാകുളത്തുള്ള ഏതെങ്കിലും കോളനി അധിവസിക്കുന്ന പ്രദേശങ്ങളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വിഷയം ഞാൻ ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതാണ്. കെട്ടിട നിർമ്മാണ രംഗത്ത് പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണം പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ക്യാമ്പസ്സിൽ ഒരു മാതൃകാ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തന

ങ്ങളുമായി മുന്നോട്ട് പോകുകയാണ്. തീർച്ചയായും ആ രീതിയിൽ വളരെ എളുപ്പത്തിലും വേഗതയിലും നിർമ്മിക്കാവുന്നതാണ്. എല്ലാവിധ വസ്തുക്കളുടെയും വില ക്രമാതീതമായി വർദ്ധിക്കുന്നതുകൊണ്ടാണ് കെട്ടിടം പണി പൂർത്തിയാക്കാൻ കഴിയാതെ പോകുന്നത്. അപ്പോൾ ഇത്തരം ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെട്ടാൽ വളരെ എളുപ്പത്തിൽ സാധ്യമാകും. അത് ഏതെങ്കിലും ഒരു പ്രത്യേക പ്രദേശത്ത് എങ്ങനെ നടപ്പാക്കാൻ കഴിയുമെന്ന് പരിശോധിക്കുന്നതാണ്.

ശ്രീമതി വീണാ ജോർജ്ജ് : സർ, എല്ലാവർക്കും വീട് ലഭ്യമാകുന്ന സർക്കാരിന്റെ സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയെ പൂർണ്ണമനസ്സോടെ സ്വാഗതം ചെയ്യുന്നു. പക്ഷേ, ഇവിടെയുള്ള പ്രധാനപ്പെട്ട പ്രശ്നം പല പദ്ധതികൾക്ക് പല കാലങ്ങളിലായി തുക അനുവദിച്ച് ആരംഭിച്ച വീടുപണികൾ പലതും പൂർത്തിയാക്കാൻ കഴിയാത്ത പ്രശ്നമുണ്ട്. ഭവനനിർമ്മാണ പദ്ധതി നടപ്പിലാകുമ്പോൾ ഏതുരീതിയിലായിരിക്കും സർക്കാർ പണി തീരാത്ത വീടുകൾക്ക് തുക നിശ്ചയിക്കുന്നത്? ആറന്മുള മെഴുവേലി പഞ്ചായത്തിൽ ഇത്തരത്തിൽ 30 വീടുകൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. അത് പല കാലങ്ങളിൽ പല കാരണങ്ങളാൽ മുടങ്ങിപ്പോയവയാണ്. അതിനെ ഏത് രീതിയിൽ സർക്കാരിന് സഹായിക്കാൻ കഴിയും ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പല സന്ദർഭങ്ങളിൽ വിശദീകരണം നൽകിയിട്ടുള്ളതാണ്. അത് പൂർണ്ണമായ അർത്ഥത്തിൽ നടപ്പാക്കുന്നുണ്ട്. 10-ാം തീയതിയോടുകൂടി അതിന്റെ പ്രഖ്യാപനം നടത്താനിരിക്കുകയാണ്. ഭൂമിയില്ലാത്തവർ ഒരു വിഭാഗം, ഭൂമിയുണ്ടായിട്ടും വീടില്ലാത്തവർ മറ്റൊരു വിഭാഗം, അതുപോലെ വീടുണ്ടെങ്കിലും വീടിന്റെ പണി പൂർത്തിയാക്കാൻ കഴിയാത്ത വേറൊരു വിഭാഗം. ഇങ്ങനെ മൂന്നുനാല് വിഭാഗത്തിൽപ്പെട്ടവർ ഇന്ന് സംസ്ഥാനത്തുണ്ട്. ഈ സാഹചര്യത്തിൽ ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടും നൽകാനും ഭൂമിയുള്ളവർക്ക് വീട് നൽകാനും ഭാഗികമായി ഭവനനിർമ്മാണ പ്രവർത്തനങ്ങളിൽ എത്തിനിൽക്കുന്ന വീടുകൾ പൂർത്തീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതെല്ലാം പൂർത്തിയാക്കാനാണ് ഗവൺമെന്റിന്റെ സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് ആലോചിക്കുന്നത്. അങ്ങനെ വരുമ്പോൾ ഭവനരഹിതരായ മുഴുവൻ പേർക്കും ഭൂമിയും വീടും നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിന് നാലഞ്ച് വർഷം വേണ്ടിവരും.

മി. സ്പീക്കർ : ചോദ്യം നമ്പർ *693

**ഭൂവിനിയോഗ ക്രമത്തിൽ മാറ്റം**

3(*693) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ നിലവിലെ ഭൂവിനിയോഗ ക്രമത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) വയലേലകളുൾപ്പെടെയുള്ള കൃഷിഭൂമി തരിശിട്ട് രൂപമാറ്റം വരുത്താനുള്ള ശ്രമങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) തരിശു ഭൂമികൾ പൊതുവിനിയോഗത്തിന് ഏറ്റെടുക്കുന്നതിനുള്ള പദ്ധതിയെന്തെങ്കിലും പരിഗണനയിലുണ്ടോ ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ,

(എ) ഭൂവിനിയോഗത്തിൽ മാറ്റം വരുത്തുന്നതിന് അനുമതി നൽകാൻ 1967-ലെ കേരള ലാന്റ് യൂട്ടിലൈസേഷൻ ഉത്തരവ് പ്രകാരം കളക്ടർമാർക്ക് (ജില്ലാ കളക്ടർ, ആർ.ഡി.ഒ.) അധികാരം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) നെൽവയലുകൾ തരിശിടുന്നത് രൂപമാറ്റത്തിന് കാരണമാകുമെന്നതിനാൽ ടി പ്രവണത തടയുന്നതിനുള്ള നടപടികൾ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് ക്ലോസ് 7-ലും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 15, 16 എന്നിവയിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തരിശിട്ടിരിക്കുന്ന നെൽവയലുകൾ പ്രാദേശികതല നിരീക്ഷണ സമിതി മുഖേന കൃഷി ചെയ്യിക്കുന്നതിനുള്ള വ്യവസ്ഥകൾ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ സെക്ഷൻ 15, 16 എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്. നെൽവയലുകൾ പൊതു ആവശ്യത്തിനായി

ഉപയോഗിക്കുന്നതിന് പ്രാദേശികതല സമിതിയുടെ ശിപാർശ സംസ്ഥാനതല സമിതി പരിശോധിക്കുകയും സംസ്ഥാനതല സമിതി സർക്കാരിന് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തുവരുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഇവിടെ രേഖകളിൽ 'വയൽ' അല്ലെങ്കിൽ 'നഞ്ച' എന്ന് രേഖപ്പെടുത്തിയതും എന്നാൽ പത്തും അമ്പതും വർഷങ്ങളായി തലമുറകളായി വീടുവച്ച് താമസിക്കുന്നതുമായ സ്ഥലങ്ങൾക്ക് ഇപ്പോഴും നമ്പർ കിട്ടിയിട്ടില്ല. ഇതിനെക്കുറിച്ച് ശ്രീ. രാജേഷും മറ്റ് അംഗങ്ങളും പറഞ്ഞിട്ടുണ്ട്. അതിൽ വീട് പുനർനിർമ്മിക്കുന്നതിന് ഇപ്പോഴും പ്രശ്നങ്ങളുണ്ട്. ഇവിടെ എല്ലാവരും ഇതിനെക്കുറിച്ച് ചർച്ച ചെയ്തിട്ടും മന്ത്രി ആ പോയിന്റിലേയ്ക്കുമാത്രം വരുന്നില്ല. 3 (എ) നീക്കം ചെയ്തതോടുകൂടി വലിയ പ്രതിസന്ധി ഈ രംഗത്ത് നിലനിൽക്കുന്നുണ്ട്. ഇതിനെന്താണ് പരിഹാരം ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, 3(എ) വരുന്നതിന് മുമ്പുണ്ടായിരുന്ന അവസ്ഥ 3(എ) നീക്കം ചെയ്താലും ഉണ്ടാകുന്നതാണ്. അതുകൊണ്ട് അതാണ് തടസ്സമെന്ന വാദത്തിന് അർത്ഥമില്ല. ഭൂമി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ നെൽവയൽ തണ്ണീർത്തട നിയമത്തിൽ ഒരു വ്യവസ്ഥയുണ്ട്. ലാന്റ് യൂട്ടിലൈസേഷനെ സംബന്ധിച്ച് 1967-ലെ ഭൂവിനിയോഗ നിയമത്തിൽ മറ്റൊരു വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥകൾ ഉപയോഗിച്ചുകൊണ്ട് ചെയ്യാവുന്ന സൗകര്യങ്ങൾ നിലവിലുണ്ട്. അത്തരം കാര്യങ്ങളുമായി ബന്ധപ്പെടുത്തി 3 (എ) പിൻവലിക്കുന്നതുകൊണ്ട് എന്തോ മഹാ അപരാധം സംഭവിക്കുന്നു എന്നുള്ള വിശദീകരണത്തിന് യാതൊരു ന്യായീകരണവുമില്ലാത്തതാണ്. അതുകൊണ്ട് പ്രത്യേകമായ ഒരു ബുദ്ധിമുട്ടും വരുന്നില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഇപ്പോഴും ബഹുമാനപ്പെട്ട മന്ത്രി ഇതിനെക്കുറിച്ച് ഉത്തരം പറഞ്ഞിട്ടില്ല. ശ്രീ. രാജേഷ് ചോദിച്ച ചോദ്യം ഞാൻ ആവർത്തിക്കുകയാണ്, 50 സെന്റ് ഭൂമിയിൽ 50 കൊല്ലംമുമ്പ് വീടുവച്ച് താമസിക്കുന്നവരുടെ കുട്ടികൾക്ക് വീട് പുതുക്കി നിർമ്മിക്കണമെങ്കിൽ ഈ പറയുന്ന നിയമപ്രകാരം ഗ്രാമത്തിലാണെങ്കിൽ 10 സെന്റ് മാത്രമേ നികത്താൻ സാധിക്കുകയുള്ളു. 50 കൊല്ലം മുമ്പ് നികത്തിയ ഭൂമി എന്തുചെയ്യും ; ഇതിനെന്താണ് പരിഹാരം ? ഞങ്ങളെല്ലാവരും തണ്ണീർത്തടത്തിന്റെയും നെൽവയലുകളുടെയും ആളുകളാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, 2008-ലെ നെൽവയൽ തണ്ണീർത്തട നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് 2008-നുശേഷം എവിടെയും വയൽ നികത്തരുതെന്നാണ്. അതിനുമുമ്പ് നികത്തിയ ഭൂമിയുടെ കാര്യത്തിൽ നേരത്തെ പറഞ്ഞ കെ.എൽ.യു. ഓർഡർ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. അത് 3 (എ) പിൻവലിക്കുന്നതുകൊണ്ടുള്ള വിഷയമല്ല. ഭവനനിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ/വീട് വയ്ക്കാനാണെങ്കിൽ അതിൽ വ്യവസ്ഥയുണ്ട്. മുഴുവൻ സ്ഥലവും എന്തിനാണ് ഉപയോഗിക്കുന്നതെന്നത് സംബന്ധിച്ചാണെങ്കിൽ അത് പരിശോധിച്ച് ഒരു നിയമനിർമ്മാണം കൊണ്ടു വന്നാൽ മാത്രമേ ചെയ്യാൻ കഴിയൂ.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, 2008-ലാണ് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നത്. അന്നുമുതൽ നാം ആരംഭിച്ച ഡാറ്റാ ബാങ്ക് തയ്യാറാക്കൽ ഇപ്പോഴും ഒരിടത്തുമെത്തിയിട്ടില്ല. സാധാരണക്കാർ വളരെയേറെ ബുദ്ധിമുട്ടുകയാണ്. ചില പഞ്ചായത്തുകൾ ഡാറ്റാ ബാങ്ക് ഉണ്ടാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പക്ഷേ, അത് നടപ്പാക്കാൻ സാധിച്ചിട്ടില്ല. മാറിയ പരിതസ്ഥിതിയിൽ ഡാറ്റാ ബാങ്കിന്റെ സ്ഥിതി എന്താണ്; അത് എന്ന് പൂർത്തിയാക്കി പ്രസിദ്ധീകരിച്ച് ഇംപ്ലിമെന്റ് ചെയ്യാൻ സാധിക്കുമെന്ന് വ്യക്ത മാക്കാമോ? സാധാരണക്കാർ വളരെയധികം കഷ്ടപ്പെടുന്ന ഒരു മേഖലയാണിത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം വളരെ ശരിയാണ്. 2008-ൽ നിയമം കൊണ്ടുവരുമ്പോൾ മൂന്നുമാസത്തിനകത്ത് ഡാറ്റാ ബാങ്ക് വരുമെന്നാണ് ചൂണ്ടിക്കാണിച്ചത്. 8 വർഷം കഴിഞ്ഞിട്ടും അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല. ഡാറ്റാ ബാങ്ക് വരാത്തതിനെത്തുടർന്ന് അനുഭവിക്കുന്ന പ്രയാസങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഡാറ്റാ ബാങ്ക് ശാസ്ത്രീയമായി തയ്യാറാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന ഡാറ്റാ ബാങ്ക് അപൂർണ്ണമോ അബദ്ധ ജടിലമോ ആണെന്നതുകൊണ്ട് ശാസ്ത്രീയമായി ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

<u>മി. സ്പീക്കർ</u>: ഓർഡർ, ഓർഡർ ചോദ്യോത്തരസമയം അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഗുണനിലവാര നിയന്ത്രണ ലാബുകൾ

4(*694) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര നിയന്ത്രണ ലാബുകൾ പ്രവൃത്തിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) ഈ ലാബുകളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) ഈ ലാബുകളെ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാ മെന്ന് വ്യക്തമാക്കാമോ ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) ഉണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പണിയുന്ന റോഡുകളുടെയും കെട്ടിടങ്ങളുടെയും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ തൃശ്ശൂർ, എറണാകുളം എന്നിവിടങ്ങളിൽ 2 ക്വാളിറ്റി കൺട്രോൾ സബ്ഡിവിഷനുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സബ്ഡിവിഷനു കളുടെകീഴിൽ കൊല്ലം, ഇടപ്പള്ളി, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ദേശീയപാതാ നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ എല്ലാ ആധുനിക സംവിധാനങ്ങളോടും കൂടിയ ലബോറട്ടറി കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിക്കേണ്ടതാണ്. ടെസ്റ്റുകൾ ദേശീയപാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധനാ വിംഗിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്.

(ബി) പ്രസ്തുത ലാബുകളുടെ പ്രവർത്തനങ്ങൾ കൃത്യമാണെന്ന് ഉറപ്പുവരുത്തു ന്നതിനായി ചീഫ് എഞ്ചിനീയറുടെ കീഴിൽ ഒരു ഡയറക്ടറും എക്സി. എഞ്ചിനീയറുടെ ചുമതലയിൽ 3 റീജിയണൽ ലാബുകളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മാരുടെ കീഴിൽ 11 ഡിസ്ട്രിക്ട് ലാബുകളും പ്രവർത്തിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്കായി ദ്വിതല

ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. പ്രാഥമിക ഗുണനിലവാര പരിശോധനാ പ്രവൃത്തിയുടെ ചുമതല വഹിക്കുന്ന ഫീൽഡ് ഓഫീസറുടെ മേൽനോട്ടത്തിൽ കരാറുകാർ അംഗീകൃത ലാബുകളിൽ നടത്തേണ്ടതും, രണ്ടാംഘട്ട ഗുണനിലവാര പരിശോധന ക്വാളിറ്റി കൺട്രോൾ ലാബുകളിലെ ഉദ്യോഗസ്ഥർ റാൻഡമായി പരിശോധിക്കുകയും ചെയ്യേണ്ടതാണ്. ടാറിംഗ് പ്രവൃത്തികൾ ഉള്ള സ്ഥലങ്ങളിൽ പ്ലാന്റ് സൈറ്റിലും റോഡുകളിലും എത്തി ബിറ്റുമിൻ എക്സ്ട്രാക്ടർ, സീവ്സ്, തെർമോമീറ്റർ എന്നിവ ഉപയോഗിച്ച് ടാറിന്റെ അളവ്, മെറ്റീരിയലുകളുടെ ഗുണനിലവാരം, ചൂട്, ഘനം എന്നിവ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തുന്നു. കോൺക്രീറ്റ് വർക്കുകളിൽ കോൺക്രീറ്റിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ക്യൂബ് എടുത്ത് കംപ്രസ്സീവ് സ്ട്രങ്ത് പരിശോധന നടത്തുന്നു.

(സി) ക്വാളിറ്റി കൺട്രോൾ ലാബുകൾ ശക്തിപ്പെടുത്തുന്നതിനായി ആധുനിക ഉപകരണങ്ങൾ ഉൾപ്പെടുത്തി ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലാബുകളിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ ട്രെയിനിംഗുകളും നല്കിവരുന്നു.

**വില്ലേജ് ആഫീസ് കെട്ടിടങ്ങളുടെ നവീകരണത്തിന് നടപടി**

5(*695) ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല വില്ലേജ് ആഫീസുകളുടെയും കെട്ടിടങ്ങളുടെ അവസ്ഥ പരിതാപകരമാണെന്നത് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഭൂമി സംബന്ധമായ സുപ്രധാന രേഖകൾ സൂക്ഷിക്കുന്ന പല വില്ലേജ് ആഫീസ് കെട്ടിടങ്ങളും ചോർന്നൊലിക്കുന്നതും സുരക്ഷാസംവിധാനങ്ങൾ ഇല്ലാത്തതുമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കെട്ടിടങ്ങളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ & ബി) ഉണ്ട്.

(സി) വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ, നോൺ പ്ലാൻ ഹെഡ്ഡുകളിൽ ഫണ്ട് ലഭ്യത അനുസരിച്ച് അടിയന്തര പണികൾ ആവശ്യമുള്ള കെട്ടിടങ്ങളുടെ പണികൾ മുൻഗണനാക്രമത്തിൽ നടത്തി വരുന്നു. സംസ്ഥാനത്തെ വില്ലേജാഫീസുകളെ സ്മാർട്ട് വില്ലേജുകളാക്കാനും പദ്ധതിയിലൂടെ ഘട്ടംഘട്ടമായി സംസ്ഥാനത്ത് എല്ലാ വില്ലേജാഫീസുകളും നവീകരിക്കാനുള്ള നടപടി തുടരുന്നു. കെട്ടിടം പണിയുന്നതിനോടൊപ്പം ആഫീസ് പ്രവർത്തനത്തിന് ആവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടർ എന്നിവ കൂടി ഈ പദ്ധതി പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 2017-2022 പഞ്ചവത്സര പദ്ധതി വഴിയും പൊതുമരാമത്ത് വകുപ്പ് വഴിയും പ്രസ്തുത കെട്ടിടങ്ങൾ ഘട്ടംഘട്ടമായി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റസ്റ്റ്ഹൗസുകളുടെ നിലവാരം ഉയർത്താൻ നടപടി

6(*696) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റസ്റ്റ്ഹൗസുകളുടെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടോ ; ഇവയുടെ നിലവാരം ഉയർത്താനായി പദ്ധതിയുണ്ടോ ;

(ബി) ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതും ഉള്ളവർ തന്നെ ഹോസ്പിറ്റാലിറ്റിയിൽ യാതൊരു താല്പര്യമോ പരിചയമോ ഇല്ലാത്തവരുമാണെന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കാനായി ഇടപെടൽ നടത്തുമോ ;

(സി) വിനോദ സഞ്ചാര വികസനത്തിന് മുതൽക്കൂട്ടാകുന്ന തരത്തിൽ ഇവയെ പുനഃസംഘടിപ്പിക്കുമോ ; മുറികൾ ഓൺലൈനായി ബുക്ക് ചെയ്യാൻ സംവിധാനം ഒരുക്കി അഴിമതിക്കുള്ള സാധ്യത ഇല്ലാതാക്കാൻ നടപടിയുണ്ടാകുമോ ;

(ഡി) ഏതെങ്കിലും റസ്റ്റ്ഹൗസുകൾ പാട്ടത്തിന് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; ഇത്തരം പാട്ടക്കരാർ റദ്ദ് ചെയ്ത് അവ ഏറ്റെടുക്കാൻ നടപടി യെടുക്കുമോ ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റസ്റ്റ്ഹൗസുകളുടെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ട്. ഇവയുടെ അറ്റകുറ്റപ്പണികൾ തീർക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) റസ്റ്റ് ഹൗസുകളിൽ നിലവിൽ ഒരു സ്റ്റാൻഡേർഡ് സ്റ്റാഫ് പാറ്റേൺ നിലവിലില്ല. ജീവനക്കാരുടെ എണ്ണം ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. ഹോസ്പിറ്റാലിറ്റിക്കുവേണ്ടി പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി) വിനോദ സഞ്ചാര വികസനത്തിന് മുതൽക്കൂട്ടാകുന്ന തരത്തിൽ ഇവയെ പുനഃസംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഓൺലൈനായി റസ്റ്റ് ഹൗസുകളിൽ മുറി ബുക്ക് ചെയ്യാൻ എല്ലാ റസ്റ്റ് ഹൗസുകളിലും കംപ്യൂട്ടറും ഇന്റർനെറ്റ് കണക്ഷനും ലഭ്യമാക്കേണ്ടതുണ്ട്. ആയതിന് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ അധീനതയിലുള്ള ആലുവ, വൈക്കം, മൂന്നാർ റസ്റ്റ് ഹൗസുകൾ പാട്ടത്തിന് നൽകിയിട്ടുണ്ട്. പാട്ടക്കരാർ റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ് റസ്റ്റ് ഹൗസുകൾ ഏറ്റെടുത്തവർക്ക് നൽകിയിരുന്നുവെങ്കിലും മൂന്നാർ റസ്റ്റ്ഹൗസ്, ആലുവ റസ്റ്റ്ഹൗസ് എന്നിവ ഏറ്റെടുത്തവർ ബഹു. ഹൈക്കോടതിയിൽനിന്നും സ്റ്റേ വാങ്ങി തുടരുകയാണ്. ഇതിനെതിരെ counter affidavit കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. വൈക്കം റസ്റ്റ് ഹൗസ് പാട്ടത്തിനെടുത്തയാളുടെ അപേക്ഷ പ്രകാരം ബഹു. ഹൈക്കോടതി ആർബിട്രേറ്ററെ നിയമിക്കുകയും, 20,88,798 രൂപ സർക്കാരിലേയ്ക്ക് അടയ്ക്കാൻ നിർദ്ദേശിച്ചുവെങ്കിലും ഈ തുക അടച്ചിട്ടില്ല. ടി തുക ഈടാക്കുന്നതിന് വിധി നടത്തുന്ന ഹർജി ഫയൽ ചെയ്യുന്നതിനായി കോട്ടയം ജില്ലാ ഗവൺമെന്റ് പ്ലീഡർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ റസ്റ്റ് ഹൗസുകൾ വ്യക്തികൾ തട്ടിയെടുത്ത് ബിസിനസ്സ് നടത്തുന്ന തെറ്റായ ഇടപാടുകൾ സംബന്ധിച്ച് സർക്കാർ ഉന്നതതല അന്വേഷണം നടത്തുന്നതാണ്.

## വിദ്യാർത്ഥികൾക്കെല്ലാം യൂണിഫോം

7(*697) ശ്രീ. ആർ. രാജേഷ് :
ശ്രീ. ആന്റണി ജോൺ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് യൂണിഫോം സൗജന്യമായി നൽകുന്നതെന്നും അതിന് അനുവർത്തിച്ചിരിക്കുന്ന രീതിയും അറിയിക്കാമോ ;

(ബി) പലപ്പോഴും സ്കൂൾ വർഷം കഴിയാറാകുമ്പോഴാണ് യൂണിഫോം ലഭിച്ചിരുന്നതെന്നും അവ തന്നെ നിലവാരമില്ലാത്തതായിരുന്നെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നോ ;

(സി) തുണിയുടെ ഗുണനിലവാരം ഉറപ്പാക്കാനും അവ യഥാസമയം ലഭ്യമാക്കാനും വേണ്ട നടപടിയുണ്ടാകുമോ ;

(ഡി) എട്ടാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കെല്ലാം യൂണിഫോം സൗജന്യമായി നൽകുന്ന പദ്ധതി ആയിരങ്ങൾക്ക് തൊഴിൽ നൽകുന്ന കൈത്തറി വസ്ത്ര മേഖലയ്ക്കുകൂടി പ്രയോജനമാകുന്ന രീതിയിൽ നടപ്പിലാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) നിലവിൽ (2016-17 അദ്ധ്യയനവർഷം) 1 മുതൽ 8 വരെ ക്ലാസ്സുകളിലെ മുഴുവൻ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സർക്കാർ/എയ്ഡഡ് സ്കൂൾ വ്യത്യാസമില്ലാതെ സൗജന്യമായി സ്കൂൾ യൂണിഫോം നൽകി വരുന്നുണ്ട്. ഇതിനായി 400 രൂപ നിരക്കിൽ പണമായിട്ടാണ് വിതരണം ചെയ്യുന്നത്.

(ബി) സാധാരണയായി സ്കൂൾ യൂണിഫോമിനായി 400 രൂപ നിരക്കിൽ പണമായിട്ടാണ് വിതരണം ചെയ്യുന്നത്. ആയതിനാൽ നിലവാരമില്ലാത്ത തുണിയാണ് സ്കൂൾ യൂണിഫോം ആയി നൽകുന്നത് എന്നത് വസ്തുതയല്ല.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) അടുത്ത അദ്ധ്യയനവർഷം (2017-18) മുതൽ 1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് കൈത്തറി തുണി ഉപയോഗിച്ചുകൊണ്ടുള്ള സ്കൂൾ യൂണിഫോം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. 1 മുതൽ 8 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും കൈത്തറി തുണി വിതരണം ചെയ്യുന്നതിനാവശ്യമായ കൈത്തറി മില്ലുകളുടെ അപര്യാപ്തതമൂലം തുടക്കത്തിൽ 1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് മാത്രം 2017-18 അദ്ധ്യയന വർഷത്തിൽ കൈത്തറി തുണി ഉപയോഗിച്ചുകൊണ്ടുള്ള സ്കൂൾ യൂണിഫോമും 6 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് 400 രൂപ നിരക്കിൽ പണമായി യൂണിഫോമിനുള്ള തുക വിതരണം ചെയ്യുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്.

## സംസ്ഥാന റോഡ് വികസന പദ്ധതി

8(*698) ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ സമഗ്ര വികസനത്തിനായി സംസ്ഥാന റോഡ് വികസന പദ്ധതി (SRIP) നിലവിലുണ്ടോ ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) 2015-16 വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിയാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയിൻകീഴിലുള്ള റോഡ് നവീകരണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ സ്റ്റേറ്റ് ഹൈവേകളിലും മേജർ ജില്ലാ റോഡുകളിലും നിന്ന് തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1100 കി.മി. റോഡുകൾ സമഗ്രമായി വികസിപ്പിക്കുന്നതിന് ആവിഷ്കരിച്ച ഒരു പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി (സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് - SRIP). റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരു വശങ്ങളിലും ഓടകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക, മറ്റ് സുരക്ഷാ ക്രമീകരണങ്ങൾ ചെയ്യുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 469 കി.മീ റോഡുകൾക്ക് ഭൂമി ഏറ്റെടുക്കൽ കൂടാതെ നവീകരിക്കാവുന്ന റീഹാബിലിറ്റേഷൻ പാക്കേജിലും, 621 കി.മീ. റോഡുകൾ വീതി കൂട്ടുന്നതിനും വളവുകൾ നിവർത്തുന്നതിനും ജംഗ്ഷൻ ഇംപ്രൂവ്മെന്റിനായി അത്യാവശ്യം ഭൂമി ഏറ്റെടുക്കാൻ വേണ്ടിവരുന്ന അപ്ഗ്രഡേഷൻ പാക്കേജിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ഉണ്ട്. റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്, ഇപ്പോൾ ഈ സ്ഥാപനം ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത "റീഹാബിലിറ്റേഷൻ" പാക്കേജിൽപ്പെട്ട 83 കി.മീ. റോഡുകൾ ഒരു പൈലറ്റ് പ്രോജക്ട് എന്ന രീതിയിൽ വികസിപ്പിക്കുന്നതിന് സർക്കാർ അനുമതി നല്കിയതിന്റെ അടിസ്ഥാനത്തിൽ പി.പി.പി./ആന്യൂറ്റി രീതിയിൽ 13 വർഷത്തെ തുടർ പരിപാലന വ്യവസ്ഥയോടെ രണ്ട് പാക്കേജുകളിലായി 4 റോഡ് വികസന പ്രവൃത്തികൾക്ക് എഗ്രിമെന്റ് വച്ച് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 2015-2016 വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 75.18 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും ടെണ്ടർ തുക കൂടുതലായിരുന്നതിനാൽ ടെണ്ടർ നടപടികൾക്ക് സർക്കാർ അംഗീകാരം നൽകിയിരുന്നില്ല. ആയതിനാൽ ടി തുക ചെലവഴിച്ചിട്ടില്ല.

(ഇ) പ്രസ്തുത പദ്ധതിയുടെ അപ്ഗ്രഡേഷൻ പാക്കേജിൽപ്പെട്ട കരമന-വെള്ളറട റോഡിന്റെ വികസനത്തിന് ഭൂമി കയ്യേറ്റെടുക്കലിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**വരൾച്ച നേരിടുന്നതിന് നടപടികൾ**

9(*699) ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. റോജി എം. ജോൺ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിലെ മഴക്കുറവ്, ഭൂഗർഭ ജലത്തിന്റെ അളവിലെ കുറവ് എന്നിവ സംബന്ധിച്ച് ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വരൾച്ച നേരിടുന്നതിന് എന്ത് നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളെയാണ് വരൾച്ച ബാധിതമായി പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നത് ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ & ബി) വിവിധ ജില്ലകളിലെ മഴക്കുറവ്, ഭൂഗർഭ ജലത്തിന്റെ അളവിലെ കുറവ് എന്നിവ സംബന്ധിച്ച് ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വരൾച്ചാ സ്ഥിതിഗതികൾ വിശകലനം ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13-10-2016-ൽ യോഗം ചേർന്നിരുന്നതും പ്രസ്തുത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 28-10-2016-ൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം ചേരുകയും കേരളത്തിലെ 14 ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കാൻ തീരുമാനിക്കുകയും ചെയ്തു. വരൾച്ച പ്രതിരോധ-പ്രതികരണ പ്രവർത്തനങ്ങൾക്കായി 26-ഇന നിർദ്ദേശങ്ങൾ 31-10-2016-ലെ 42830/കെ3/2016/ ഡി.എം.ഡി. നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലർ അനുബന്ധം (എ) ആയി ചേർക്കുന്നു.* 31-10-2016-ലെ സ.ഉ.(പി)നമ്പർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

555/2016/ഡി.എം.ഡി. പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളെയും വരൾച്ചബാധിതമായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുബന്ധം (ബി) ആയി ചേർക്കുന്നു.*

**ഉൾനാടൻ മത്സ്യബന്ധന വികസന പദ്ധതി**

10(*700) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. വി. ജോയി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യബന്ധനത്തിന്റെ വികസനത്തിനായി ദേശീയ മത്സ്യ വികസന ബോർഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ കേന്ദ്ര വിഹിതം എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിന്റെ സംസ്ഥാന വിഹിതമായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) ഉണ്ട്.

(ബി) മത്സ്യോല്പാദനവും മത്സ്യലഭ്യതയും ഉറപ്പ് വരുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനുമായി 2016-17 വർഷം മുതൽ കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി 6 പ്രൊപ്പോസലുകൾ (1. പുതിയ കുളങ്ങളുടെ/ടാങ്കുകളുടെ നിർമ്മാണം, 2. മത്സ്യകുളങ്ങളുടെ പുനരുദ്ധാരണം, 3. സമുദ്ര ജലത്തിലെ കൂട്ടുകൃഷി, 4. ഓരുജലത്തിലെ കൂട്ടുകൃഷി, 5. മത്സ്യകർഷകർക്കുള്ള പരിശീലനം, 6. മത്സ്യമാർക്കറ്റ്) ദേശീയ മത്സ്യവികസന ബോർഡിന്റെ ശിപാർശയോടുകൂടി കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഉൾനാടൻ ഫിഷറീസ്, മാരികൾച്ചർ എന്നീ മേഖലകളെല്ലാം ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. അൻപത് ശതമാനം കേന്ദ്രവിഹിതമായിട്ടുള്ള ടി പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഉൾനാടൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മേഖലയിലെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ഉൾനാടൻ ജില്ലകളായ കോട്ടയം, പത്തനംതിട്ട, ഇടുക്കി, വയനാട്, പാലക്കാട് എന്നിവിടങ്ങളിൽ 13 മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുന്നതും പദ്ധതിയുടെ ലക്ഷ്യത്തിൽപ്പെടുന്നു. ഇതിനുപുറമെ നിലവിൽ പദ്ധതി പ്രവർത്തനങ്ങൾ നടക്കാത്ത ജില്ലകളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സി & ഡി) നീലവിപ്ലവം പദ്ധതിയുടെ കേന്ദ്രവിഹിതം 1298.10 ലക്ഷം രൂപയും 2016-17 വർഷത്തെ സംസ്ഥാന വിഹിതം 200 ലക്ഷം രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്ഥാപിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 41 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരം ലഭിച്ചു. ഇതിൽ 39 മത്സ്യമാർക്കറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത 41 മത്സ്യമാർക്കറ്റുകൾക്കായി ആകെ 7709.504 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 6433.007 ലക്ഷം രൂപ ദേശീയ മത്സ്യ വികസന ബോർഡ് വിഹിതവും 1276.497 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്.

### നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്

11(*701) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നിയമപ്രകാരം 2017 മുതൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് നടപ്പിലാക്കുന്ന സംസ്ഥാനങ്ങൾക്ക് മാത്രമേ വിദ്യാഭ്യാസ ഫണ്ടുകൾക്ക് യോഗ്യതയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എൻ.എസ്.ക്യൂ.എഫ്. സംസ്ഥാനത്ത് അടിയന്തരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 39 ടെക്നിക്കൽ ഹൈസ്കൂളുകളിൽ അഡീഷണൽ സ്കിൽസായി നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്കിന്റെ ഭാഗമായി വിവിധ കോഴ്സുകൾ നടത്തിവരികയും ഈ ട്രേഡുകളിൽ പരീക്ഷ നടത്തി 9-ാം ക്ലാസ് പാസാകുന്ന വിദ്യാർത്ഥികൾക്ക് ലെവൽ -1 സർട്ടിഫിക്കറ്റുകളും, 10-ാം ക്ലാസ് പാസാകുന്ന വിദ്യാർത്ഥികൾക്ക് ലെവൽ -2 സർട്ടിഫിക്കറ്റുകളും ജോയിന്റ് കൺട്രോളർ ഓഫ് ടെക്നിക്കൽ എക്സാമിനേഷൻ നൽകിവരുന്നുണ്ട്.

## സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്റർ

12(*702) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആൻറ് റിസർച്ച് സെന്റർ എന്നാണ് രൂപീകൃതമായതെന്നും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനം മുഖേന 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്ത മാക്കാമോ ;

(സി) സംസ്ഥാനത്തെ പോളിടെക്നിക്ക് കോളേജുകൾ, സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, ടെക്നിക്കൽ ഹൈസ്കൂളുകൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് മുതലായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രസ്തുത സെന്റർ മുഖേന അക്കാദമിക് പരിശോധനകൾ നടത്താറുണ്ടോ ;

(ഡി) പ്രസ്തുത സ്ഥാപനം മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കു ന്നതിനായി 2016-17 സാമ്പത്തിക വർഷത്തിൽ എത്ര രൂപ വകയിരുത്തി യിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) 6-9-1990-ലാണ് കരിക്കുലം ഡെവലപ്പ്മെന്റ് സെന്റർ എന്ന പേരിലുള്ള സ്ഥാപനം രൂപീകൃതമായത്. പിന്നീട് 25-7-2014-ൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച്, കളമശ്ശേരി എന്ന് ഈ

സ്ഥാപനത്തിന്റെ പേര് പുനർനാമകരണം ചെയ്തു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും വർക്ക്ഷോപ്പുകൾ, മീറ്റിംഗുകൾ എന്നിവ സംഘടിപ്പിക്കുക, ഗവൺമെന്റ് പോളിടെക്നിക് കോളേജ്, ടെക്നിക്കൽ ഹൈസ്കൂൾ, ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് എന്നിവയുടെ അഡ്മിഷൻ, കാലാനുസൃതമായ പാഠ്യപദ്ധതി പരിഷ്കരണം, ചോദ്യപേപ്പർ തയ്യാറാക്കൽ, ഇന്ത്യയ്ക്കകത്തും പുറത്തും സെമിനാറുകൾ, പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(ബി) 2016-17 വർഷത്തിൽ ഇതുവരെ നടപ്പിലാക്കിയ പരിപാടികളുടെ ലിസ്റ്റ് അനക്സർ 1-ലും* നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികളുടെ ലിസ്റ്റ് അനക്സർ 2-ലും* പ്രതിപാദിച്ചിരിക്കുന്നു. കൂടാതെ എൻ.ബി.എ. അക്രെഡിറ്റേഷൻ, ഇ-യന്ത്ര സ്പോക്കൺ ട്യൂട്ടോറിയൽ, പ്ലേസ്മെന്റ് ആക്ടിവിറ്റീസ്, മറ്റ് സ്ഥാപനങ്ങളിലും കേരളത്തിന് പുറത്തുവച്ചും നടത്തുന്ന ട്രെയിനിംഗ് പരിപാടികൾ, ടെക്നിക്കൽ എക്സിബിഷൻ എന്നിവയും ഇനി നടത്താനുണ്ട്.

(സി) സംസ്ഥാനത്തെ ഗവൺമെന്റ് പോളിടെക്നിക് കോളേജുകൾ, ടെക്നിക്കൽ ഹൈസ്കൂൾ, ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് മുതലായ സ്ഥാപനങ്ങളിൽ അക്കാഡമിക് പരിശോധനകൾ ഈ സ്ഥാപനം സമയബന്ധിതമായി നിർവ്വഹിച്ച് വരുന്നു.

(ഡി) 2016-17 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപയാണ് ഈ സ്ഥാപനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്.

## മത്സ്യബന്ധനത്തിന് അടിസ്ഥാന സൗകര്യങ്ങൾ

13(*703) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് പുതിയതായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് ; വിവരിക്കുമോ ;

(സി) ആരുടെയെല്ലാം സേവനങ്ങളാണ് ഇതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) മത്സ്യബന്ധനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കേരളതീരദേശവികസന കോർപ്പറേഷൻ, മത്സ്യഫെഡ് എന്നിവ വഴി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു. *

(ബി) അനുബന്ധം II ആയി ചേർക്കുന്നു*.

(സി) ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ഫിഷറീസിന്റെ ഇതര ഏജൻസികളായ അഡാക്ക്, ഫിർമ, സാഫ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങൾ വഴിയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. പരിസ്ഥിതി വകുപ്പ്, വനം വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ സഹായത്തോടെയാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രപദ്ധതികൾ, RKVY, NABARD, NFDB, KIIFB തുടങ്ങിയ വിഭവ സ്രോതസ്സുകളിൽ നിന്നും ഫണ്ട് കണ്ടെത്തുന്നു.

**അൺഎയ്ഡഡ് സ്കൂളുകളുടെ ഗുണനിലവാരം**

14(*704) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് സ്കൂളുകളുടെ ഗുണനിലവാരം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സി.ബി.എസ്.ഇ.-യുടെ ഏകീകൃത സിലബസ് സെക്കൻഡറി വിദ്യാഭ്യാസത്തിന് മാത്രം ബാധകമായിരിക്കെ സംസ്ഥാനത്തെ സി.ബി.എസ്.ഇ. വിദ്യാലയങ്ങൾ വ്യത്യസ്തമായ സിലബസ് പ്രകാരം ടെക്സ്റ്റ് ബുക്കുകൾക്ക് അമിതവിലയും ഉയർന്ന ഫീസും ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സ്കൂളുകൾ അനുവദിക്കുന്നതിനും അവിടങ്ങളിലെ സിലബസ്, മറ്റ് വിദ്യാഭ്യാസ ചെലവുകൾ തുടങ്ങിയവ നിർണ്ണയിക്കുന്നതിനും എന്തെങ്കിലും മാനദണ്ഡങ്ങളുണ്ടോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളുടെമേൽ എന്തെങ്കിലും നിയന്ത്രണം കൊണ്ട് വരുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്ത് അൺഎയ്ഡഡ് സ്കൂളുകൾ കൂടുതൽ ആരംഭിക്കുന്നത് സർക്കാർ നയമല്ലെങ്കിലും വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുന്ന പ്രസ്തുത സ്കൂളുകൾക്ക് കേരള വിദ്യാഭ്യാസ നിയമവും ചട്ടങ്ങളും അനുസരിച്ചുള്ള വ്യവസ്ഥകൾക്ക് വിധേയമായി (അദ്ധ്യായം 5 ചട്ടം 2, 2A, KER 1959) സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇവയുടെ ഗുണനിലവാരം പരിശോധിക്കുന്ന സംവിധാനത്തെക്കുറിച്ച് സർക്കാർ പരിശോധിച്ച് വരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ. സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ എൻ.ഒ.സി. നൽകുന്നത് പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും 7-10-2011-ൽ പുറത്തിറക്കിയ സ.ഉ.(കൈ)202/2011/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ്.

(ഡി) പരിശോധിക്കുന്നതാണ്.

## പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷ

15(*705) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് വൺ പരീക്ഷയുടെ ഫലം വന്നതിനുശേഷം റിസൾട്ട് മെച്ചപ്പെടുത്തുന്നതിന് പരീക്ഷ എഴുതണമെങ്കിൽ നിലവിൽ എന്തെല്ലാം നിബന്ധനകളാണുള്ളത് ; എത്ര വിഷയങ്ങൾ പരമാവധി ഇംപ്രൂവ് ചെയ്യാൻ സാധിക്കും ; വ്യക്തമാക്കുമോ ;

(ബി) റിസൾട്ട് മെച്ചപ്പെടുത്താനുള്ള പരീക്ഷകളിൽ ഇപ്രകാരം നിബന്ധനകൾ ഏർപ്പെടുത്താനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ;

(സി) കൂടുതൽ വിഷയങ്ങളിൽ റിസൾട്ട് മെച്ചപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്ന കുട്ടികൾക്ക് നിലവിലുള്ള വ്യവസ്ഥകൾ തടസ്സമാകുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) റിസൾട്ട് മെച്ചപ്പെടുത്താനുള്ള പരീക്ഷകൾ എഴുതുന്നതിന് പരമാവധി വിഷയങ്ങളുടെ എണ്ണത്തിൽ നിശ്ചയിച്ചിട്ടുള്ള പരിധി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) ഒന്നാം വർഷ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് സ്കോർ മെച്ചപ്പെടുത്തുന്നതിന് നടത്തുന്ന ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് മൂന്ന് വിഷയങ്ങൾ വരെ എഴുതാം എന്നുള്ള നിബന്ധനയാണ് നിലവിലുള്ളത്.

(ബി) ഒന്നാം വർഷ പരീക്ഷയ്ക്ക് ചില വിഷയങ്ങൾക്ക് മാത്രമായി സ്കോറുകൾ കുറഞ്ഞുപോകുന്ന സാഹചര്യങ്ങളിൽ കോഴ്സ് കാലയളവിൽ തന്നെ അവ മെച്ചപ്പെടുത്തുന്നതിനുള്ള അവസരം എന്ന നിലയ്ക്കാണ് ഇംപ്രൂവ്മെന്റ് പരീക്ഷ ഏർപ്പെടുത്തിയിട്ടുള്ളത്. അദ്ധ്യയന കാലയളവിൽ നടത്തുന്ന പരീക്ഷ ആയതിനാൽ കൂടുതൽ പ്രവൃത്തി ദിനങ്ങൾ നഷ്ടപ്പെടാത്ത രീതിയിലുള്ള ക്രമീകരണങ്ങൾക്കായിട്ടാണ് നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) കൂടുതൽ വിഷയങ്ങളിൽ റിസൾട്ട് മെച്ചപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്ന കുട്ടികൾക്ക് നിലവിലുള്ള വ്യവസ്ഥകൾ തടസ്സമാകുന്നുണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം**

16 (*706) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കാലാനുസൃതമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ ;

(ബി) ഒരു വ്യക്തിയുടെ ഭൂമിയെ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന്, നിരവധി രേഖകൾ പരിശോധിക്കേണ്ടിവരുന്നത് പരിഹരിക്കുന്നതിനായി ഒരു വ്യക്തിയുടെ ഭൂസ്വത്തുക്കളെല്ലാം ഒറ്റ അക്കൗണ്ട് നമ്പറിൽ രേഖപ്പെടുത്തുന്ന യൂണീക്ക് തണ്ടപ്പേർ സിസ്റ്റം നടപ്പിലാക്കുന്നത് പരിഗണിക്കുമോ ;

(സി) ആധാരം ചമയ്ക്കുമ്പോൾ തന്നെ ബന്ധപ്പെട്ട സർവ്വറുകളിൽ രേഖപ്പെടുത്തുകയും ആധാർ കാർഡുമായി ലിങ്ക് ചെയ്യുകയും ചെയ്യുന്ന സമ്പ്രദായം കൊണ്ടുവന്നാൽ അനധികൃതമായി ഭൂമി വാങ്ങിക്കൂട്ടുന്നവരെ തടയാൻ കഴിയുമെന്നതിനാൽ, പ്രസ്തുത സംവിധാനം നടപ്പിൽ വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാലാനുസൃതമാക്കി പരിഷ്കരിച്ച് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ താഴെപ്പറയുന്ന ഇ-ഗവേണൻസ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു :

- ഇ-ഡിസ്ട്രിക്ട്
- സംയോജിത ഓൺലൈൻ പോക്കുവരവ് (റെലിസ്)
- ഇ-പേമെന്റ് സിസ്റ്റം
- ആർ.ആർ. ഓൺലൈൻ.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) സംസ്ഥാന തലത്തിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങളുടെ വിവരങ്ങൾ ഓൺലൈനായി സ്വീകരിക്കുകയും ആയത് സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിട്ടുള്ള കേന്ദ്ര സെർവറിൽ സൂക്ഷിക്കുകയും ചെയ്യുന്ന സമ്പ്രദായം രജിസ്ട്രേഷൻ വകുപ്പിൽ ഇപ്പോൾ നിലവിലുണ്ട്. പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നവർക്ക് ആധാർ നിർബന്ധമാക്കുകയും കക്ഷികൾ ഓൺലൈനായി സമർപ്പിക്കുന്ന ആധാര വിവരങ്ങളോടൊപ്പം പ്രസ്തുത ആധാർ ഐ.ഡി. നമ്പർ കൂടി നൽകുകയും ആയത് UIDAI സൈറ്റുമായി ലിങ്ക് സാദ്ധ്യമാക്കുകയും ചെയ്താൽ ഒരാളുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രമാണങ്ങളുടെ വിവരങ്ങൾ കേരളാ രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽനിന്നും ലഭ്യമാക്കാവുന്നതാണ്. ആയതിനുള്ള തീരുമാനവും തുടർനടപടിയും സ്വീകരിക്കേണ്ടത് രജിസ്ട്രേഷൻ വകുപ്പിൽനിന്നാണ്.

## ശാസ്ത്രീയ മത്സ്യബന്ധന രീതികളുടെ പരിശീലനം

17(*707) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആഴക്കടലിലും തീരക്കടലിലും വിദേശ ട്രോളറുകളുടെ കടന്നുകയറ്റം മത്സ്യ സമ്പത്തിന്റെ ശോഷണത്തിന് കാരണമായത് പരിശോധിക്കുമോ ;

(ബി) 1980-ലെ കെ.എം.എഫ്.ആർ. ആക്ടിലെ വ്യവസ്ഥകൾ, പങ്കാളിത്ത വിഭവ പരിപാലനത്തിലും നിയന്ത്രണത്തിലും ഊന്നി കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പ്രാദേശിക-ജില്ലാതലത്തിൽ മത്സ്യ വിഭവ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനും വിനാശകരമായ മത്സ്യബന്ധന രീതികളും മത്സ്യ കുഞ്ഞുങ്ങളെ പിടിക്കുന്നതും നിയമംമൂലം നിയന്ത്രിക്കാനും ശാസ്ത്രീയമായ മത്സ്യബന്ധന രീതികൾ പരിശീലിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) സംസ്ഥാനത്തെ ആഴക്കടലിലും തീരദേശക്കടലിലും വിദേശ ട്രോളറുകളുടെ കടന്നുകയറ്റം മത്സ്യസമ്പത്തിന്റെ ശോഷണത്തിന് ഒരു കാരണമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കടലിലെ 200m-500m വരെ ആഴമുള്ള പ്രദേശം ശരാശരി തീരത്തുനിന്നും 32-40 വരെ nautical mile നുള്ളിൽ വരുന്ന പ്രദേശമാണ്. നമ്മുടെ പരമ്പരാഗത മത്സ്യത്തൊഴിലാളികളും ബോട്ടുകളും വളരെ കൂടുതലായി മത്സ്യബന്ധനം നടത്തുന്ന പ്രദേശമാണിത്. ഇവിടെയുള്ള വിഭവങ്ങളെ കൂടുതൽ ചൂഷണം ചെയ്യുന്നതിനുദ്ദേശിച്ചുകൊണ്ട് വിദേശ ട്രോളറുകൾക്ക് ഇവിടെ മത്സ്യബന്ധനം നടത്താൻ അനുമതി നൽകി ഈ പ്രദേശം ഒരു Buffer Zone ആയി നിലനിർത്തണമെന്ന ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ ഒഴിവാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. Letter of Permit വ്യവസ്ഥയിൽ വിദേശ ട്രോളറുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനം ക്രമാതീതമായി നടത്തുന്നത് സംസ്ഥാന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം ലഭിക്കുന്നത് കുറയുന്നതിനിടയായിട്ടുണ്ട്. ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിന് Letter of Permit നൽകുന്നത് കേന്ദ്ര സർക്കാരാണ്. വിദേശ ട്രോളറുകൾക്ക് Letter of Permit നൽകുന്നത് നിർത്തലാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്. അതിന്റെ ഭാഗമായി 1980-ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾ പങ്കാളിത്ത വിഭവ പരിപാലനത്തിലും നിയന്ത്രണത്തിലും ഊന്നി കാലോചിതമായി പരിഷ്കരിക്കുന്നതിലേയ്ക്കായി ഫിഷറീസ് അഡീഷണൽ ഡയറക്ടർ ചെയർമാനായും ഫിഷറീസ് വകുപ്പിലെ ഉയർന്ന ടെക്നിക്കൽ വിഭാഗം ഉദ്യോഗസ്ഥർ, എക്സിക്യൂട്ടീവ് ഡയറക്ടർ ഫിർമ, CIFT, CMFRI എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികൾ അംഗങ്ങളായും ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) പ്രാദേശിക ജില്ലാ തലത്തിൽ മത്സ്യവിഭവ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ തുടങ്ങിയിട്ടുണ്ട്. കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട്, കാലോചിതമായി പരിഷ്കരിക്കുന്നതിലൂടെ പ്രാദേശിക ജില്ലാ തലത്തിൽ മത്സ്യത്തൊഴിലാളികൾ, ശാസ്ത്രജ്ഞർ, പണ്ഡിതർ, ഉദ്യോഗസ്ഥർ, മറ്റ് തല്പര കക്ഷികൾ എന്നിവരെ ഉൾക്കൊള്ളിച്ചുള്ള കോ-മാനേജ്മെന്റ് കൗൺസിൽ മത്സ്യവിഭവ സംരക്ഷണ പരിപാലനത്തിന് ഉദാത്തമാണെന്നുള്ള കാഴ്ചപ്പാട് പ്രാഥമിക ചർച്ചയിൽ വിലയിരുത്തിയിട്ടുണ്ട്. വിനാശകരമായ മത്സ്യബന്ധന രീതികൾ മുഖേന ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 14 ഇനം മത്സ്യങ്ങളുടെ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടുതൽ ഇനം മത്സ്യങ്ങളെ ഈ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും ഇപ്രകാരം നിയമവിരുദ്ധ പ്രവൃത്തികൾ ചെയ്യുന്നത് തടയാൻ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി ബോട്ട് ഇംപൗണ്ട് ചെയ്ത് പിഴ നൽകാറുണ്ട്. വിനാശകരമായ മത്സ്യബന്ധന രീതികൾ മത്സ്യസമ്പത്തിന്റെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നുവെന്നത് സംബന്ധിച്ച് മത്സ്യത്തൊഴിലാളികളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള നടപടികളും ഫിഷറീസ് വകുപ്പ് നടത്തിവരുന്നു.

**സർക്കാർ സ്കൂളുകളെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി**

18(*708) ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എം. ഉമ്മർ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാന്ദ്യ വിരുദ്ധ പാക്കേജിന്റെ ഭാഗമായി, സർക്കാർ സ്കൂളുകളെ അന്തർ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തയ്യാറാക്കിയ പദ്ധതിയിൽ ഏതെല്ലാം ഫൗണ്ടേഷനുകളാണ് സഹകരണം വാഗ്ദാനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഫൗണ്ടേഷനുകൾ ഏതെല്ലാം രീതിയിലുള്ള സഹകരണമാണ് വാഗ്ദാനം ചെയ്തിട്ടുള്ളത് ;

(സി) ഈ വർഷം ഏതെങ്കിലും ഫൗണ്ടേഷന്റെ സഹകരണം തേടിയിട്ടുണ്ടോ; വിശദവിവരം നല്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ-സി) 2016-17-ലെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 28-9-2016-ലെ സ.ഉ.(പി)നമ്പർ 41/2016/ആ.സ.വ. പ്രകാരം 1000 സ്കൂളുകളെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തീരുമാനമായിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെങ്കിലും വിവിധ സ്വകാര്യ ഏജൻസികളിൽനിന്നും സാമ്പത്തിക സഹായം സ്വീകരിക്കുന്നതിനുള്ള പദ്ധതികൾ പരിശോധിച്ചുവരുന്നു.

**റെയിൽ പാത ഇരട്ടിപ്പിക്കൽ**

19(*709) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാർ പുലർത്തിയ നിസ്സംഗത റെയിൽപാത ഇരട്ടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളിലും കേരളത്തിലെ റെയിൽ ഗതാഗത വികസനത്തിനും ദോഷകരമായി ബാധിച്ചെന്ന ആക്ഷേപം പരിശോധിച്ചിരുന്നോ ;

(ബി) തീരദേശ റെയിൽപാത ഇരട്ടിപ്പിക്കുന്നതിന്റെ ഭാഗമായി 2011-2016 കാലയളവിൽ എവിടെയെല്ലാം ഭൂമി ഏറ്റെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്; ഇപ്പോൾ പ്രസ്തുത പാത ഇരട്ടിപ്പിക്കലിന്റെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ ;

(സി) കായംകുളം-കോട്ടയം-എറണാകുളം പാതയുടെ ഇരട്ടിപ്പിക്കൽ നടപടിയും ഇലക്ട്രിഫിക്കേഷൻ നടപടികളും ഇഴഞ്ഞുനീങ്ങുന്നത് അവസാനിപ്പിക്കാൻ ആവശ്യമായ അടിയന്തര നടപടികൾ ഉണ്ടാകുന്നതിന് സർക്കാർ സമ്മർദ്ദം ചെലുത്തുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) ആക്ഷേപം പരിശോധിച്ചിട്ടില്ല.

(ബി) തീരദേശ റെയിൽപാത ഇരട്ടിപ്പിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ കുട്ടനാട്, കാർത്തികപ്പള്ളി, അമ്പലപ്പുഴ എന്നീ താലൂക്കുകളിലായി തകഴി, ചെറുതന, കുമാരപുരം, ഹരിപ്പാട്, കരുവറ്റ, വീയപുരം, അമ്പലപ്പുഴ, കരുമാടി എന്നീ വില്ലേജുകളിൽ ഭൂമി ഏറ്റെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കൽ നടപടികൾക്കുവിധേയമായി 28-2-2017-ൽ പൂർത്തിയാക്കത്തക്കവിധം പാത ഇരട്ടിപ്പിക്കുന്നതിനുള്ള പ്രവർത്തികൾ പുരോഗമിച്ചുവരുന്നു.

(സി) സമ്മർദ്ദം ചെലുത്തുന്നതാണ്.

**മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്ന വലകൾ**

20(*710) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന പെലാജിക് വലയുടെ പ്രത്യേകതകൾ എന്തൊക്കെയാണ് ; വിശദമാക്കുമോ ;

(സി) മത്സ്യബന്ധനത്തിനായി ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന ഡയമണ്ട് വലയ്ക്ക് പകരം സ്ക്വയർ വല ഉപയോഗിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണത്തിനായി 50 ശതമാനം കേന്ദ്ര സഹായത്തോടെ നാടൻവള്ളങ്ങളുടെ ആധുനികവൽക്കരണം/യന്ത്രവൽക്കരണം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 എച്ച്.പി.ക്ക് താഴെയുള്ള Outboard മോട്ടോറുകൾ മാറ്റിവയ്ക്കുന്നതിന് സബ്സിഡി നൽകുക എന്നതാണ് പദ്ധതിലക്ഷ്യം. 2016-17-ൽ ബഡ്ജറ്റിൽ 80 ലക്ഷം രൂപ ഈയിനത്തിൽ വിനിയോഗിക്കാൻ ലക്ഷ്യമിടുന്നു.

(ബി) ഉപരിതല മത്സ്യങ്ങളെ പിടിക്കുന്നതിന് ഉപയോഗിക്കുന്ന വലകളെയാണ് പെലാജിക് വലകൾ എന്നുപറയുന്നത്. എന്നാൽ മത്സ്യത്തൊഴിലാളികൾ പെലാജിക് ട്രോൾ വലകളെയാണ് പെലാജിക് വല എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പെലാജിക് ട്രോൾ വലകൾ സമുദ്രത്തിന്റെ ഉപരിതലത്തിൽ ബാഗ് രൂപത്തിൽ ഒന്നോ രണ്ടോ ബോട്ടുകൾ ചേർന്ന് വലിക്കുന്ന തരത്തിലുള്ള വലകളാണ്. രണ്ട് ബോട്ടുകൾ ചേർന്ന് മത്സ്യബന്ധനം നടത്തുന്നതിനെ പെയർ ട്രോളിംഗ് എന്ന് വിളിക്കുന്നു. സംസ്ഥാനത്ത് പെലാജിക് ട്രോൾ വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നടത്തുന്നതുമൂലം മത്സ്യസമ്പത്തിന് നാശം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെലാജിക് ട്രോൾനെറ്റുകൾ ഉപയോഗിച്ചുള്ള പെലാജിക് ട്രോളിംഗ്, പെലാജിക് ആന്റ് മിഡ്-വാട്ടർ ട്രോൾനെറ്റുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം എന്നിവ നിരോധിച്ചിട്ടുണ്ട്.

(സി) ഉത്തരവാദിത്വ മത്സ്യബന്ധന പെരുമാറ്റച്ചട്ടത്തിന്റെ വെളിച്ചത്തിൽ, ഹാനികരമായ മത്സ്യബന്ധന രീതികൾ, ആവശ്യത്തിന് വളർച്ചയെത്താത്ത മീനുകളുടെ പിടിത്തം, വിപണനം, വിഭവസംരക്ഷണം തുടങ്ങിയ കാര്യങ്ങൾ അവലോകനം ചെയ്ത് സമുദ്രമത്സ്യബന്ധന മേഖലയിൽ സുസ്ഥിര വികസനം ലക്ഷ്യമിട്ടാണ് കേരള മറൈൻ ഫിഷറീസ് റെഗുലേഷൻ ആക്ട് കാലോചിതമായി പരിഷ്കരിക്കുന്നതിന് ഒരു കമ്മിറ്റി ഫിഷറീസ് വകുപ്പിൽ രൂപീകരിച്ചത്. ഇപ്പോൾ ഉപയോഗിക്കുന്ന വലകളുടെ അളവ്, വലകണ്ണികളുടെ സൈസ്, രൂപം തുടങ്ങിയവയിൽ നിയന്ത്രണം കൊണ്ടുവരുന്നതിനുള്ള നടപടികൾ പ്രസ്തുത കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. മത്സ്യബന്ധനത്തിനുപയോഗിക്കുന്ന മത്സ്യബന്ധനട്രോൾ വലകളുടെയും ചെമ്മീൻ വലകളുടെയും ഡയമണ്ട് രൂപത്തിലുള്ള കണ്ണികൾ മാറ്റി സ്ക്വയർ രൂപത്തിലുള്ളവ ആക്കുന്നതിനുള്ള നിയമനിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മഴക്കാലത്തെ വെള്ളപ്പൊക്കം നേരിടുന്നതിന് നടപടികൾ**

21(*711) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺ കാലത്തുണ്ടാകുന്ന വെള്ളപ്പൊക്കം നേരിടുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വിശദമാക്കുമോ ;

(ബി) റോഡുവക്കുകളിലും പൊതുസ്ഥലങ്ങളിലുമുള്ള മരങ്ങൾ മറിഞ്ഞുവീണും പഴക്കമുള്ള മതിലുകളും കെട്ടിടങ്ങളും ഇടിഞ്ഞ് വീണും ഉണ്ടാകാവുന്ന അപകടങ്ങൾ പരമാവധി ലഘൂകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) മഴവെള്ളമൊഴുക്ക് തടസ്സപ്പെടുത്തുന്ന തരത്തിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ അടിയന്തര നിർദ്ദേശം നല്കുമോ ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ) കാലവർഷ തയ്യാറെടുപ്പുമായി ബന്ധപ്പെട്ട് 2-5-2016-ലും 3-5-2016-ലും സംസ്ഥാന ദുരിതാശ്വാസ കമ്മീഷണറുടെ രണ്ട് യോഗങ്ങൾ ചേരുകയും മൺസൂൺ മുന്നൊരുക്കത്തിനുള്ള നിർദ്ദേശങ്ങൾ എല്ലാ ജില്ലകൾക്കും നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങളും ചില്ലകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുമരാമത്ത് വകുപ്പ് (റോഡ് ഡിവിഷന്റെ) ന്റെയും നേതൃത്വത്തിൽ മുറിച്ചുമാറ്റി സുരക്ഷ ഉറപ്പുവരുത്താൻ ജില്ലാതലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ കെട്ടിടത്തിന്റെയും പഴക്കം വന്ന കെട്ടിടങ്ങൾ, മതിലുകൾ എന്നിവയുടെയും സുരക്ഷ ഉറപ്പ് വരുത്തുന്നതിന് വിദ്യാഭ്യാസ ഉപ ഡയറക്ടർ, പൊതുമരാമത്ത് (കെട്ടിടം) അധികൃതർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മഴവെള്ളത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന തരത്തിലുള്ള കയ്യേറ്റങ്ങൾ നിയമപ്രകാരമുള്ള നോട്ടീസ് നൽകി ഒഴിപ്പിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനം**

22(*712) ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെൻറ് കോളേജുകളിൽ പഠനത്തിന്റെ ഭാഗമായി തൊഴിലധിഷ്ഠിത നൈപുണ്യ വികസനം നടപ്പിലാക്കുന്ന എന്തെങ്കിലും പദ്ധതികൾ ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(ബി) ശാസ്ത്ര-മാനവിക വിഷയങ്ങളിൽപ്പെട്ട നവീന കോഴ്സുകൾ ഗവൺമെന്റ് കോളേജുകളിൽ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനും പഠന നിലവാര മികവിനും എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത് എന്ന് വിശദമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) ഉണ്ട്.

1. ഗവൺമെന്റ് കമ്മ്യൂണിറ്റി കോളേജുകളിൽ പഠനത്തിന്റെ ഭാഗമായി തൊഴിലധിഷ്ഠിത നൈപുണ്യ വികസനത്തിനായുള്ള കോഴ്സുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഗവൺമെന്റ് കോളേജ് ആറ്റിങ്ങൽ, ഗവൺമെന്റ് കോളേജ് കോട്ടയം, പി.ടി.എം. ഗവൺമെന്റ് കോളേജ് പെരിന്തൽമണ്ണ, സി. അച്യുത മേനോൻ മെമ്മോറിയൽ കോളേജ് തൃശ്ശൂർ എന്നിവയാണ് നിലവിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ഉള്ള കോളേജുകൾ

2. ഉന്നതവിദ്യാഭ്യാസ വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) പദ്ധതി സംസ്ഥാനത്തെ 41 സർക്കാർ കോളേജുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. (അനുബന്ധം 1, 2 ഉള്ളടക്കം ചെയ്യുന്നു.)*

(ബി) ശാസ്ത്ര വിഷയങ്ങളിൽ നിലവിലുള്ളതിൽ അധികമായി നവീന കോഴ്സുകൾ ആരംഭിക്കുന്നതിന് ലാബ് സൗകര്യങ്ങൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. മാനവിക വിഷയങ്ങളിലും കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

(സി) സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വർഷംതോറും വിവിധ പദ്ധതികളിലെ ബഡ്ജറ്റ് വിഹിതം അനുവദിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം, FLAIR ഗവേഷണ സഹായ പദ്ധതി (SSP) പഠിതാവിനോടൊപ്പം (WWS) ആസ്പയർ സ്കോളർഷിപ് പദ്ധതി എന്നിവയാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ 19 സർക്കാർ കോളേജുകളിൽ അസാപിന്റെ തൊഴിൽ കോഴ്സുകൾ നടത്തുന്ന സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (SDC) സജ്ജീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ദേശീയപാതകൾ നാലുവരിയാക്കാനുള്ള പ്രവൃത്തി**

23 (*713) ശ്രീ. വി. ജോയി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകൾ നാലുവരിയാക്കാനുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതിന്റെ പുരോഗതി അറിയിക്കുമോ ; എൺപത് ശതമാനം ഭൂമി ഏറ്റെടുത്ത് നൽകിയാൽ മാത്രമേ ദേശീയ പാത അതോറിറ്റി പ്രവൃത്തി ഏറ്റെടുക്കുകയുള്ളൂ എന്ന വ്യവസ്ഥയിൽ മാറ്റം വരുത്താനായി സർക്കാർ ഇടപെടൽ കൊണ്ട് സാധിച്ചിട്ടുണ്ടോ ;

(സി) ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി എത്രപേരെ പുനരധിവസിപ്പിക്കേണ്ടതായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിനായി നടപടി ആരംഭിച്ചിട്ടുണ്ടോ ;

(ഡി) പാതകളുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്തെ പ്രധാന ദേശീയപാതകളായ എൻ.എച്ച്. 17-ഉം എൻ.എച്ച്. 47-ഉം കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി. പദ്ധതിയിൽപ്പെടുത്തി 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ സ്ഥലമേറ്റെടുത്ത് സർവ്വീസ് റോഡോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാനാണ് കേന്ദ്ര സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇതിൽ വാളയാർ മുതൽ അരൂർ വരെയുള്ള ദേശീയപാത 47 (വാളയാർ മുതൽ ഇടപ്പള്ളി വരെ പുതിയ എൻ.എച്ച് 544-ഉം ഇടപ്പള്ളി മുതൽ അരൂർ വരെ പുതിയ എൻ.എച്ച് 66 ഉം) സ്ഥലമെടുപ്പ് പൂർത്തീകരിച്ച് അന്തിമഘട്ടത്തിലാണ്. കൂടാതെ ദേശീയപാത പുതിയ എൻ.എച്ച്. 66-ന്റെ കഴക്കൂട്ടം മുതൽ കാരോട് വരെയുള്ള 43 കി.മീ. ബൈപ്പാസിന്റെ സ്ഥലമെടുപ്പ് പൂർത്തീകരിച്ച് നിർമ്മാണം നടന്നുവരുന്നു. സർവ്വീസ് റോഡോടുകൂടിയ നാലുവരിപ്പാതയായി വികസനം ശേഷിക്കുന്നത് തലപ്പാടി മുതൽ ഇടപ്പള്ളി വരെയും (420 കി.മീ) ചേർത്തല മുതൽ കഴക്കൂട്ടം വരെയും (172.9 കി.മീ) അടങ്ങുന്ന പുതിയ എൻ.എച്ച് 66 ആണ്. എന്നാൽ ഈ

ഭാഗത്തെ ദേശീയപാതാ വികസനത്തിന്റെ സ്ഥലമെടുപ്പിൽ പുരോഗതി ഉണ്ടാകാതിരുന്ന സാഹചര്യത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ.) ഈ പാതയുടെ വികസന പദ്ധതിയിൽ നിന്നും പിന്മാറുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ അഭ്യർത്ഥന പ്രകാരം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം എൻ.എച്ച്.എ.ഐ.-ക്ക് ഈ പദ്ധതി പുനരാരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാതയുടെ വീതി 45 മീറ്ററായി അംഗീകരിച്ചും ഇതിനായുള്ള സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതിലേയ്ക്കായി അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ വികസനത്തിനുവേണ്ട പുതുക്കിയ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) കൺസൾട്ടന്റ് മുഖാന്തരം നടത്തിവരുന്നു. കാസർഗോഡ് മുതൽ കണ്ണൂർ വരെയുള്ളതും കണ്ണൂർ മുതൽ വെങ്ങളം വരെയുള്ളതുമായ ഭാഗങ്ങളുടെ സ്ഥലമെടുപ്പ് നല്ല പുരോഗതിയിലാണ്. 2017 മേയ് മാസം ആദ്യത്തോടെ ഈ ഭാഗത്തെ പ്രവൃത്തി തുടങ്ങാനാകുമെന്നാണ് NHAI അധികൃതർ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അറിയിച്ചിട്ടുള്ളത്.

(ബി) തലപ്പാടി മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗങ്ങളിൽ വിവിധ റീച്ചുകളിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ നടന്നുവരുന്നുണ്ട്. ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗങ്ങളിൽ 30.50 മീറ്റർ റൈറ്റ് ഓഫ് വേ ലഭ്യമാണ്. ശേഷിക്കുന്ന സ്ഥലമെടുപ്പ് പുതുക്കിയ വിശദമായ പദ്ധതി രേഖ തയ്യാറാക്കൽ പൂർത്തീകരിച്ചാൽ മാത്രമേ പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ. നിലവിലെ വ്യവസ്ഥ പ്രകാരം കുറഞ്ഞത് 80 ശതമാനം സ്ഥലമേറ്റെടുക്കൽ പൂർത്തീകരിച്ചാൽ മാത്രമേ പദ്ധതി നിർവ്വഹണത്തിനായി കൺസഷനറെ ഏൽപ്പിക്കാൻ കഴിയുകയുള്ളൂ. എന്നാൽ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ഗതാഗത വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ 60 ശതമാനം സ്ഥലമെടുപ്പ് പൂർത്തീകരിച്ചാൽ തന്നെ പ്രവൃത്തിയുടെ നിർവ്വഹണം തുടങ്ങാമെന്ന് സമ്മതിച്ചിട്ടുണ്ട്.

(സി) പുതുക്കിയ വിശദമായ പദ്ധതി രേഖ തയ്യാറാക്കൽ പൂർത്തിയായാൽ മാത്രമേ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി എത്ര പേരെ പുനരധിവസിപ്പിക്കേണ്ടി വരുമെന്ന പൂർണ്ണമായ വിവരം ലഭിക്കുകയുള്ളൂ.

(ഡി) പാതകളുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിനായി പുതുക്കിയ വിശദമായ പദ്ധതി രേഖ എഗ്രിമെന്റ് പ്രകാരം 08/2016 മുതൽ 6 മാസക്കാലയളവിൽ കൺസൾട്ടന്റ് സമർപ്പിക്കേണ്ടതാണ്.

## ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി

24 (*714) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ മത്സ്യവികസന ബോർഡിൻെറയും സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻെറയും സംയുക്ത സംരംഭമായി ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇതുവരെ എത്ര ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) തിരുവനന്തപുരം പാളയം മത്സ്യമാർക്കറ്റ് ആധുനിക മത്സ്യമാർക്കറ്റാക്കുവാൻ നടപടി സ്വീകരിക്കുമോ ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്ഥാപിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 41 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി ദേശീയ മത്സ്യ വികസന ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 39 മത്സ്യമാർക്കറ്റുകൾക്ക് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത 41 മത്സ്യമാർക്കറ്റുകൾക്കായി ആകെ 7709.5004 ലക്ഷം രൂപ ഭരണാനുമതി ലഭിച്ചതിൽ 6433.007 ലക്ഷം രൂപ ദേശീയ മത്സ്യ വികസന ബോർഡ് വിഹിതവും 1276.497 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്. ഈ മാർക്കറ്റുകളുടെ നിർമ്മാണത്തിനായി ദേശീയ മത്സ്യ വികസന ബോർഡിൽ നിന്നും നാളിതുവരെ 5510.68 ലക്ഷം രൂപയും സംസ്ഥാന സർക്കാരിൽ നിന്നും 1086.47 ലക്ഷം രൂപയും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന് നൽകിയിട്ടുണ്ട്.

(ബി) മേൽ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി നൽകിയ 39 മത്സ്യമാക്കറ്റുകളിൽ 34 എണ്ണം നിർമ്മാണം പൂർത്തീകരിച്ചു. 3 എണ്ണത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. 2 മാർക്കറ്റുകളുടെ നിർമ്മാണം ആവശ്യമയ സ്ഥലം ലഭ്യമാകാത്തതിനാൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) തിരുവനന്തപുരം കോർപ്പറേഷനുമായി ചേർന്ന് പാളയത്ത് ഒരു ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്വീകരിച്ചുവരുന്നു.

**ഭൂരഹിതർക്ക് ഭൂമി**

25 (*715) ശ്രീ. ബി. സത്യൻ :
ശ്രീ. എം. എം. മണി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാർ ഭൂരഹിതർക്ക് 3 സെന്റ് ഭൂമി വീതം പതിച്ചുനൽകുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നിരവധി പേരെ കടലാസ് പട്ടയം നൽകി വഞ്ചിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവരുൾപ്പെടെ അർഹരായ ഭൂരഹിതർക്കെല്ലാം 3 സെന്റ് ഭൂമി വീതമെങ്കിലും നൽകാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഭൂരഹിതരായി എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇങ്ങനെ നൽകുന്ന ഭൂമി അതത് ജില്ലകളിലുള്ളതും വാസയോഗ്യവുമായ സ്ഥലമായിരിക്കുമെന്ന് ഉറപ്പ് വരുത്തുമോ ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ) ഭൂരഹിതർക്ക് 3 സെന്റ് ഭൂമി വീതം പതിച്ചുനൽകുന്ന 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരം പട്ടയം നൽകിയവർക്ക് പൂർണ്ണമായും ഭൂമി ലഭ്യമായിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടയം നൽകിയവർക്ക് ഭൂമി നൽകാനുള്ള നടപടികൾ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്. പദ്ധതിയിലേയ്ക്ക് ലഭ്യമായ അപേക്ഷകളിന്മേൽ പരിശോധന നടത്തിയതിൽനിന്ന് 243928 കുടുംബങ്ങൾ ഭൂരഹിതരാണെന്ന് കണക്കാക്കിയിരുന്നു.

(സി) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ ഗുണഭോക്താക്കളായ ഭൂരഹിത കുടുംബങ്ങൾക്ക് അവരുടെ ജില്ലകളിൽ നിന്നുള്ള ഭൂമിയാണ് നൽകി വരുന്നത്. എന്നാൽ നൽകിയ ഭൂമികൾ വാസയോഗ്യമല്ലായെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ട്. ഇത്തരം ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനും അവശേഷിക്കുന്ന ഗുണഭോക്താക്കളിൽ അർഹരായവർക്ക് വാസയോഗ്യമായ ഭൂമിയാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വിനിയോഗം

26 (*716) ശ്രീ. യു. ആർ. പ്രദീപ് :

ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. എം. മുകേഷ് :

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓരോ ജില്ലയിലും ഫണ്ടിലുള്ള തുകയെത്രയെന്നും അവയുടെ വിനിയോഗവും പരിശോധിച്ചിട്ടുണ്ടോ ; അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) അനധികൃത മണൽവാരൽ തടയുന്നതിന് മുൻ സർക്കാർ നദീ തീര സംരക്ഷണ സേന രൂപീകരിക്കാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ ; ഇങ്ങനെ പ്രത്യേക സേന രൂപീകരിക്കാനായി ഉദ്ദേശിക്കുന്നുണ്ടോ ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓരോ ജില്ലയിലെയും ആർ.എം.എഫ്.-ൽ ഉള്ള നീക്കിയിരിപ്പ് തുകയുടെ വിവരം ഇതോടൊപ്പം ചേർക്കുന്നു. ഇവയുടെ വിനിയോഗം പരിശോധിച്ചിട്ടുണ്ട് :

1. തിരുവനന്തപുരം ജില്ലയിൽ 49.5 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു.

2. കൊല്ലം ജില്ലയിൽ നിലവിലെ ആർ.എം.എഫ്. തുകയിൽ സർക്കാരിൽ നിന്ന് ഭരണാനുമതി ലഭിച്ച് നടന്നുകൊണ്ടിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കായി 10 കോടി 9 ലക്ഷം രൂപ കണക്കാക്കിയിട്ടുണ്ട്. കൂടാതെ 7 നദീതീര സംരക്ഷണ പദ്ധതികൾക്ക് 6,97,60,000 രൂപ എസ്റ്റിമേറ്റ് നിശ്ചയിച്ചിട്ടുണ്ട്.

3. പത്തനംതിട്ട ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന 9 പാലങ്ങൾ പണിയുന്നതിനായി കൊല്ലം, തൃശ്ശൂർ ജില്ലകളിലെ ആർ.എം.എഫ്.-ൽ നിന്നും 9 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

4. ആലപ്പുഴ ജില്ലയിൽ 17,80,000 രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു. പൂർത്തീകരിക്കുന്ന മുറയ്ക്ക് ഫണ്ടിൽനിന്നും തുക നൽകുന്നതാണ്.

5. കോട്ടയം ജില്ലയിൽ 2015-16, 2016-17 കാലയളവുകളിൽ ആർ.എം.എഫ്. വിനിയോഗിച്ച് 14 പദ്ധതികൾ നടത്തുന്നതിന് 151.05 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും 6 പദ്ധതികൾ പൂർത്തിയാക്കിയതിന് 58,49,978 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

6. ഇടുക്കി ജില്ലയിൽ 2015-16 കാലയളവിൽ വിവിധ പദ്ധതികൾക്കായി 40,76,525 രൂപ ചെലവഴിച്ചിട്ടുണ്ട്.

7. എറണാകുളം ജില്ലയിൽ 15,67,00,101 രൂപയുടെ പ്രവൃത്തികൾ നടന്നു വരുന്നുണ്ട്.

8. തൃശ്ശൂർ ജില്ലയിൽ 17 പദ്ധതികൾക്കുള്ള അംഗീകാരത്തിനായി സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.

9. മലപ്പുറം ജില്ലയിൽ ആർ.എം.എഫ്. ഉപയോഗിച്ച് വിവിധ പദ്ധതികൾക്കായി സർക്കാർ ഭരണാനുമതി നൽകിയ പ്രവൃത്തികൾ പുരോഗതിയിലാണ്. 11 പദ്ധതികൾക്ക് ഭരണാനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

10. പാലക്കാട് ജില്ലയിൽ സർക്കാർ അംഗീകാരം നേടി പദ്ധതികൾ പൂർത്തീകരിച്ച് 5 പദ്ധതികൾക്ക് 1.57 കോടി രൂപയോളം അനുവദിക്കേണ്ടതായിട്ടുണ്ട്.

11. കോഴിക്കോട് ജില്ലയിൽ ആർ.എം.എഫ്. വിനിയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ തുകകൾ വിതരണം ചെയ്യേണ്ടതുണ്ട്. കൂടാതെ പ്രവൃത്തികൾ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

12. വയനാട് ജില്ലയിൽ നിലവിൽ പ്രവൃത്തികൾ നടന്നു വരുന്നവയൊന്നുമില്ല.

13. കണ്ണൂർ ജില്ലയിൽ 246.50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പുരോഗമിക്കുന്നു.

14. കാസർഗോഡ് ജില്ലയിൽ 183 ലക്ഷം രൂപ നടപ്പാലങ്ങളുടെ ആർ.എം.എഫ്. വിഹിതമായി നൽകേണ്ടതുണ്ട്. കൂടാതെ തൂക്കുപാലം നിർമ്മിക്കാനായി 136 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

| നമ്പർ | ജില്ല | തുക |
|---|---|---|
| 1 | 2 | 3 |
| 1 | തിരുവനന്തപുരം | 2,35,33,000.00 |
| 2 | കൊല്ലം | 17,07,72,942.00 |

| 1 | 2 | 3 |
|---|---|---|
| 3 | പത്തനംതിട്ട | 9,35,33,479.00 |
| 4 | ആലപ്പുഴ | 29,89,396.00 |
| 5 | കോട്ടയം | 57,44,011.00 |
| 6 | ഇടുക്കി | 5,10,97,604.00 |
| 7 | എറണാകുളം | 13,39,19,681.00 |
| 8 | തൃശ്ശൂർ | 21,96,14,990.00 |
| 9 | മലപ്പുറം | 53,65,80,348.00 |
| 10 | പാലക്കാട് | 14,60,00,000.00 |
| 11 | കോഴിക്കോട് | 14,00,00,000.00 |
| 12 | വയനാട് | 2,42,86,523.00 |
| 13 | കണ്ണൂർ | 4,88,00,000.00 |
| 14 | കാസർഗോഡ് | 3,19,32,913.00 |
| | ആകെ | 162,88,04,887,00 |

(സി) നദീതീര സംരക്ഷണ സേന രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാരിൽനിന്നും ആവശ്യപ്പെട്ടിരുന്നു. പ്രത്യേക സേന രൂപീകരിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല.

**സമ്പൂർണ്ണ പാർപ്പിട സമുച്ചയ പദ്ധതി**

27 (*717) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. എം. മണി :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്കും വീട് ഉറപ്പാക്കുന്ന സമ്പൂർണ്ണ പാർപ്പിട സമുച്ചയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ;

(ബി) ഇതിന്റെ ഭാഗമായി പാർപ്പിട മിഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ;

(സി) പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിന്റെ നിർമ്മാണ ചുമതല, നിർമ്മാണ സാമഗ്രികളുടെ വിതരണം എന്നിവ എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇപ്രകാരം നിർമ്മിച്ച് നൽകുന്ന വീടുകൾ താമസിക്കുന്നവർക്ക് സ്വന്തമാക്കാനുള്ള വ്യവസ്ഥയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>) :

(എ) ഉണ്ട്. കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ഉൾപ്പെടെ നാല് ബൃഹത് പദ്ധതികൾ 5 വർഷംകൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല പാർപ്പിട മിഷനും മിഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാതല മിഷനും രൂപീകരിച്ചിട്ടുണ്ട്.

നിലവിലുള്ള വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം നിശ്ചയിക്കുക, വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുക, ആയതിന് അംഗീകാരം നൽകുക, ഇതിനാവശ്യമായ സർക്കാർ സേവനങ്ങൾ ഏകോപിപ്പിക്കുക, ഭൂമി ലഭ്യത ഉറപ്പുവരുത്തുക, നിർമ്മാണ സങ്കേതങ്ങൾ തീരുമാനിക്കുക, സി.എസ്.ആർ., പൊതുജന പങ്കാളിത്തം എന്നിവ ഉൾപ്പെടെ വിഭവസമാഹരണം ഉറപ്പാക്കുക, നിർമ്മാണ മേഖലയിലെ വിവിധ സ്ഥാപനങ്ങളുടെ സഹകരണം ലഭ്യമാക്കുക, മേൽനോട്ട സംവിധാനങ്ങൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, ഭാവിയിലുള്ള കൈമാറ്റങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പൊതുവായ മാർഗ്ഗ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ ലഭ്യമാക്കുക എന്നിവയാണ് സംസ്ഥാനതല പാർപ്പിട മിഷന്റെ പ്രധാന ദൗത്യങ്ങൾ.

(സി) പദ്ധതിയുടെ ഗുണഭോക്താക്കൾ ചുവടെയുള്ള വിഭാഗത്തിൽപ്പെട്ടവരാണ് :

1. ഭൂമിയുള്ള ഭവനരഹിതർ.
2. സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായധനം അനുവദിച്ചെങ്കിലും പൂർത്തിയാക്കാനാകാത്തവർ (പൂർണ്ണമായോ ഭാഗികമായോ സഹായധനം ലഭിച്ചവർ), ലക്ഷംവീട് പോലെയുള്ള പഴയ പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിലവിൽ വാസയോഗ്യമല്ലാത്ത വീടുകളുള്ളവർ.
3. പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ.
4. ഭൂമിയില്ലാത്ത ഭവനരഹിതർ.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നത് സംസ്ഥാനതല പാർപ്പിട മിഷന്റെ ദൗത്യമാണ്.

(ഡി) ഭൂമിയുള്ള ഭവനരഹിതർക്കും സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായധനം അനുവദിച്ചെങ്കിലും പൂർത്തിയാക്കാനാകാത്തവർക്കും (പൂർണ്ണമായോ ഭാഗികമായോ സഹായധനം ലഭിച്ചവർ), ലക്ഷംവീട് പോലെയുള്ള പഴയ പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിലവിൽ വാസയോഗ്യമല്ലാത്ത വീടുള്ളവർക്കും വീട് നിർമ്മിക്കാൻ/ വാസയോഗ്യമാക്കാൻ ആവശ്യമായ നിർമ്മാണ സാമഗ്രികളുടെ ലഭ്യത ബ്ലോക്ക് തലത്തിൽ ഉറപ്പുവരുത്തുന്നതാണ്. എഞ്ചിനീയറിംഗ് കോളേജുകളുടെ മേൽനോട്ട സംവിധാനവും ഐ.ടി. അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തുന്നതാണ്.

പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർക്കും ഭൂമിയില്ലാത്ത ഭവനരഹിതർക്കും പാർപ്പിട സമുച്ചയങ്ങൾ ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകളുടെ/ വീടുകളുടെ സമുച്ചയം താലൂക്ക്/ ബ്ലോക്ക് അടിസ്ഥാനത്തിൽ സ്ഥല ലഭ്യതയും ഗുണഭോക്താക്കളുടെ എണ്ണവും പരിഗണിച്ച് ഏറ്റെടുക്കുന്നതാണ്.

(ഇ) പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർക്കും ഭൂമിയില്ലാത്ത ഭവനരഹിതർക്കുമായി നിർമ്മിച്ചുനൽകുന്ന ഭവന സമുച്ചയങ്ങളിൽ താമസിക്കുന്നവർക്ക് പ്രതിമാസം മിഷൻ നിശ്ചയിക്കുന്ന തുക മുടക്കം കൂടാതെ അടയ്ക്കുന്ന പക്ഷം 15-20 വർഷത്തിനുശേഷം ഫ്ലാറ്റ് സ്വന്തമാക്കാവുന്ന രീതിയിലാകും ഈ Affordable Housing Scheme നടപ്പാക്കുക.

## സർക്കാർ പോളിടെക്നിക്കുകളുടെ വികസനം

28 (*718) ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. എം. സ്വരാജ് :

ശ്രീ. ആർ. രാജേഷ് :

ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പോളിടെക്നിക്കുകളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പല പോളിടെക്നിക്കുകളിലും അറ്റകുറ്റപ്പണികളും ശക്തിപ്പെടുത്തലും ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പുതുക്കിയ പാഠ്യപദ്ധതിക്കനുസൃതമായി, നിലവിലുള്ള ലബോറട്ടറികൾക്ക് ആധുനിക ഉപകരണങ്ങൾ, ഫർണീച്ചറുകൾ, മെഷീനറികൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ വാങ്ങുന്നതിനായി നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) :

(എ) സർക്കാർ പോളിടെക്നിക്ക് കോളേജുകളുടെ വികസനത്തിനായി പദ്ധതി ഫണ്ടിലുൾപ്പെടുത്തി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു:

1. സംസ്ഥാനത്തെ സർക്കാർ പോളിടെക്നിക്ക് കോളേജുകളുടെ വികസനം—പദ്ധതി വകയിരുത്തൽ—12.25 കോടി രൂപ. ഇതിൽ M&S (മെറ്റീരിയൽ സപ്ലൈസ്)-ൽ 1.47 കോടി രൂപയും M&E (മെഷിനറി എക്യുപ്മെന്റ്)-ൽ 85.75 ലക്ഷം രൂപയും M&W (മൈനർ വർക്ക്സ്)-ൽ 5.51 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

ക്യാപിറ്റൽ ഇനത്തിൽ 12.25 കോടി രൂപ കൂടി വകയിരുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഈ തുക ഉപയോഗിക്കുന്നത്. ക്ലാസ് മുറികൾ, ലാബുകൾ, വർക്ക്ഷോപ്പുകൾ, ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് തുടങ്ങിയ നിർമ്മാണം ഈ തുക ഉപയോഗിച്ചാണ് നടത്തുന്നത്.

2. ലൈബ്രറി ശാക്തീകരണം—സംസ്ഥാനത്തെ പോളിടെക്നിക്ക് കോളേജുകളിലെയും എഞ്ചിനീയറിംഗ് കോളേജുകളിലെയും ലൈബ്രറികളുടെ ശാക്തീകരണത്തിനായി 2.5 കോടി രൂപ പദ്ധതി വിഹിതമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

3. SITTTR (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് ) വികസനം കളമശ്ശേരി—പോളിടെക്നിക്ക് കോളേജുകളിലെ ഡിപ്ലോമ സിലബസ് പരിഷ്കരണവും അദ്ധ്യാപകരുടെ പരിശീലന പരിപാടികളും മറ്റ് അനുബന്ധ പരിപാടികളും കരിക്കുലം വികസനവും SITTTR മുഖേനയാണ് നടത്തുന്നത്. വിവിധ പ്രവർത്തനങ്ങൾക്കായി 2016-17-ൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

4. ഫിനിഷിംഗ് സ്കൂളുകൾ—പോളിടെക്നിക്ക് കോളേജ് പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ സ്ഥാപനങ്ങളിലും വിദ്യാർത്ഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി സോഫ്റ്റ് സ്കിൽ വികസനത്തിൽ പരിശീലനം നൽകാൻ ഫിനിഷിംഗ് സ്കൂൾ പദ്ധതി ലക്ഷ്യമിടുന്നു. 2016-17-ൽ 80 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5. കായിക വിദ്യാഭ്യാസ വികസനം—പോളിടെക്നിക്ക് കോളേജുകളിലെ കായിക വിദ്യാഭ്യാസ വികസനത്തിനായി 75 ലക്ഷം രൂപയും ബന്ധപ്പെട്ട അടിസ്ഥാന സൗകര്യ വികസനത്തിനായി 75 ലക്ഷം രൂപയും 2016-17-ൽ വകയിരുത്തിയിട്ടുണ്ട്.

6. വിവര-വിനിമയ സാങ്കേതിക വിദ്യാ വികസനം—എഞ്ചിനീയറിംഗ് കോളേജിലും പോളിടെക്നിക്ക് കോളേജിലും സമഗ്ര വികസനത്തിനായി വിവര വിനിമയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിന് 2016-17-ൽ 220 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

7. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് റെമഡിയൽ ക്ലാസുകൾ സംഘടിപ്പിക്കാൻ 2016-17 ൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

8. ദേശീയ വിദ്യാഭ്യാസ കമ്മീഷനുമായുള്ള കണക്റ്റിവിറ്റി (NMEICT) കേന്ദ്രാവിഷ്കൃത പദ്ധതിക്കായി 250 ലക്ഷം രൂപ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

9. ദേശീയ തൊഴിലധിഷ്ഠിത ചട്ടക്കൂട് (NVEQF) രൂപീകരിക്കൽ- സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂളുകളിലും പോളിടെക്നിക്കുകളിലും നടപ്പാക്കി വരുന്നു. 358 ലക്ഷം രൂപ 2016-17 -വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

10. ഉത്പാദന പരിശീലന കേന്ദ്രങ്ങൾ—തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ സ്ഥാപിക്കാൻ 2016-17-ൽ 11 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

11. <u>ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ</u>—തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിൽ പ്രവർത്തിക്കുന്നതിനായി 2016-17-ൽ 22 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തെ പല പോളിടെക്നിക്കുകളും ടെക്നിക്കൽ ഹൈസ്കൂൾ അപ്ഗ്രേഡ് ചെയ്തവയാണ്. പഴക്കമുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതിനാൽ അറ്റകുറ്റപ്പണികളും ശക്തിപ്പെടുത്തലും ആവശ്യമാണ്. ഇതിനായി പദ്ധതിയിനത്തിൽ മൈനർ വർക്ക്സ് വിഭാഗത്തിൽപ്പെടുത്തി 2016-17-ൽ 5.51 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഈ ആവശ്യങ്ങൾക്കായി പദ്ധതിയിനത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുക സ്ഥാപനങ്ങളിൽനിന്നും ആവശ്യപ്പെടുന്നതനുസരിച്ച് അനുവദിച്ച് നൽകുന്നുണ്ട്.

### ഉച്ചഭക്ഷണത്തിനുള്ള വിഹിതം വർദ്ധിപ്പിക്കാൻ നടപടി

29 (*719) <u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണത്തിനുള്ള വിഹിതത്തിൽ വർദ്ധന വരുത്താത്തതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ നിരക്ക് നിശ്ചയിച്ച ശേഷം വിഭവങ്ങളുടെ വിലയിലും കൂലിച്ചെലവിലും ഉണ്ടായിട്ടുള്ള വർദ്ധന കണക്കിലെടുത്ത് നിരക്ക് പരിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>):

(എ) ഇല്ല.

(ബി) സ.ഉ. (സാധാ.) 2911/2016/പൊ.വി.വ. തീയതി 5-9-2016 പ്രകാരം കണ്ടിജന്റ് ചാർജ്ജ് വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 150 കുട്ടികൾ വരെ കുട്ടിയൊന്നിന് 8 രൂപ, 151 മുതൽ 500 വരെ കുട്ടിയൊന്നിന് 7 രൂപ, 501 മുതൽ കുട്ടിയൊന്നിന് 6 രൂപ എന്ന നിരക്കിലാണ് കണ്ടിജന്റ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുള്ളത്.

(സി) 5-9-2016-ലെ സ.ഉ. (സാധാ) നമ്പർ 2911/2016/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇതിനോടകം തന്നെ കണ്ടിജന്റ് ചാർജ്ജും പാചക ജോലിക്കാരുടെ വേതനവും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

**കാലാവധിക്ക് മുൻപ് തകരുന്ന റോഡുകൾ**

30(*720) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകൾ കാലാവധിക്ക് മുൻപ് തകരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) കാരണങ്ങൾ പരിശോധിച്ച് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി പൊതുമരാമത്ത് ക്വാളിറ്റി മാന്വലിലെയും ലബോറട്ടറി മാന്വലിലെയും വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ & ബി) പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ചില റോഡുകളിൽ കാലാവധിക്ക് മുൻപ് കേടുപാടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ കൂടുതലും മഴസമയത്ത് ഉണ്ടാകുന്ന വെള്ളക്കെട്ടുകൾ കാരണവും pipe/cable എന്നിവയ്ക്കായി എടുത്ത കുഴികളിൽ ഉണ്ടാകുന്ന settlement കാരണവുമാണ്. എന്നിരുന്നാലും ഗ്യാരണ്ടി കാലാവധിക്കുള്ളിൽ എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ അതാത് കരാറുകാരെക്കൊണ്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ മഴവെള്ളം കെട്ടിനിൽക്കുന്ന ഭാഗങ്ങളിൽ ഫണ്ടിന്റേയും സ്ഥലത്തിന്റേയും ലഭ്യതക്കനുസരിച്ച് ഓട നിർമ്മിച്ചും ഇന്റർലോക്കിംഗ് ബ്ലോക്ക് പാകിയും വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ റോഡിന്റെ ഈട് കൂട്ടുന്നതിനായി പരമ്പരാഗത 20mm c/c ഒഴിവാക്കി MoRTH specification

അനുസരിച്ച് BM & BC ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ദേശീയ പാതകൾ കേന്ദ്ര സർക്കാരിന്റെ ദേശീയ പാതാവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നാലുവരിപ്പാതയായി വികസിപ്പിക്കുമ്പോൾ നിലവിലെ ഗതാഗത സാന്ദ്രതയ്ക്കനുസരിച്ചുള്ള ഡിസൈൻ തയ്യാറാക്കി റോഡ് നിർമ്മിക്കുന്നതിനാൽ അമിതമായ ഗതാഗത സാന്ദ്രതമൂലം റോഡുകൾ തകരുന്നത് ഒഴിവാക്കാൻ കഴിയും. ദേശീയപാതയിലെ നിർമ്മാണഘട്ടത്തിലുണ്ടാകുന്ന അപാകതകൾ പരിഹരിക്കുന്നതിനായി റോഡുകളുടെ നിർമ്മാണത്തിലും പരിപാലനത്തിലും പൂർണ്ണമായും കേന്ദ്ര മാനദണ്ഡങ്ങൾ പാലിക്കുവാനും അവ പൂർണ്ണമായി നടപ്പിലാക്കി എന്ന് ഉറപ്പ് വരുത്തുവാനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പൊതുമരാമത്ത് റോഡുകളുടെ പരിപാലനത്തിനായി റോഡ് മെയിന്റനൻസ് നയത്തിന് തത്വത്തിൽ അംഗീകാരം നൽകി ജി.ഒ. (എം.എസ്.) 72/2016/പൊ.മ.വ. തീയതി 22-10-2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നയരേഖയുടെ പ്രധാന ഉദ്ദേശം പുതിയ സാങ്കേതിക വിദ്യകളും, രീതികളും ഉപയോഗിച്ച് റോഡ് പരിപാലനം കാര്യക്ഷമമാക്കി നടപ്പിലാക്കുക എന്നതാണ്. ഇതിനാവശ്യമായ ചട്ടക്കൂടുകളും നടപടി ക്രമങ്ങളും നടപ്പാക്കുന്നതിന് സംസ്ഥാന പൊതുമരാമത്ത് വകുപ്പിൽ ഒരു ചീഫ് എഞ്ചിനീയറുടെ കീഴിൽ ഒരു പ്രത്യേക വിഭാഗം രൂപീകരിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. റോഡുകളുടെ വിശദമായ വാർഷിക പരിപാലന പ്രോഗ്രാം ഓരോ വർഷവും മുൻകൂട്ടി തയ്യാറാക്കുന്നതും അതിനാവശ്യ മായ ഫണ്ട് സ്വരൂപിക്കുന്നതും ഈ ചീഫ് എഞ്ചിനീയറുടെ ചുമതലയായിരിക്കും.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണനിലവാരം പരിശോധിക്കുന്ന തിനായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് പ്രവർത്തനം നടപ്പിലാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിൽ ഉപയോഗിക്കുന്ന മെറ്റീരിയൽസിന്റെ ഗുണനിലവാരം ഉറപ്പുവരുത്തി പ്രവൃത്തികളുടെ നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് ഇതുവഴി ഉദ്ദേശ്യലക്ഷ്യമിട്ടിരിക്കുന്നത്. നിലവിൽ ക്വാളിറ്റി മാനുവലിൽ പറഞ്ഞിരിക്കുന്ന പ്രകാരമാണ് ലാബുകളിൽ ഗുണനിലവാര പരിശോധനകളും നടപ്പിലാക്കി വരുന്നത്. പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിന്റെ പേമെന്റിന് ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ സർട്ടിഫിക്കറ്റും നിർബന്ധമാക്കിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരം

### മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേ

1 (5847) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമരകത്തിന്റെ ടൂറിസം പ്രാധാന്യവും ബോൾഗാട്ടി പാലസ്, ഗോശ്രീ എന്നീ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള പ്രധാന റോഡ് എന്ന നിലയിലും നിർദ്ദിഷ്ട മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേ നിർമ്മാണത്തിനാവശ്യമായ ഫണ്ട് കിഫ്ബിയിലൂടെ കണ്ടെത്തുന്നതിന് ശ്രമിക്കുമോ ;

(ബി) പ്രസ്തുത ഹൈവേയുടെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് മുൻകൈയെടുത്ത് തദ്ദേശസ്വയംഭരണം, ടൂറിസം എന്നീ വകുപ്പുകളുടേയും ബന്ധപ്പെട്ട ജനപ്രതിനിധികളുടേയും ഒരു ഹൈലെവൽ കമ്മറ്റി വിളിച്ചുചേർക്കുമോ; വ്യക്ത മാക്കുമോ ;

(സി) ഇതിനായി മറ്റെന്തെങ്കിലും ധനസമാഹരണ മാർഗ്ഗം പരിഗണന യിലുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇപ്പോൾ പരിഗണനയിലില്ല.

### മലയോര ഹൈവേ

2(5848) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മലയോര ഹൈവേയുടെ ഭാഗമായി എത്ര കിലോമീറ്റർ റോഡാണ് വികസിപ്പിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ എത്ര കിലോമീറ്റർ റോഡ് വികസിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ജില്ലയിൽ ഹിൽ ഹൈവേ അലൈൻമെന്റിന്റെ ഭാഗമായി എത്ര പാലങ്ങൾ നിർമ്മിക്കണമെന്ന് വ്യക്തമാക്കുമോ ; ഏതെങ്കിലും പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ജില്ലയിൽ പൂർത്തിയാക്കാനുള്ള ഹിൽവേ അലൈൻമെന്റിന്റെ ഡി.പി.ആർ. തയ്യാറാക്കി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ മലയോര ഹൈവേയുടെ ഭാഗമായി 133 കി.മീ. റോഡ് ആണ് വികസിപ്പിക്കുന്നത്.

(ബി) ഹിൽ ഹൈവേ അംഗീകരിച്ച അലൈൻമെന്റിൽ 48.335 കി.മീ. നീളത്തിൽ വിവിധ പദ്ധതികളിൽ 5.50 മീറ്റർ വീതിയിൽ ബി.എം. & ബി.സി. ചെയ്ത് വികസിപ്പിച്ചിട്ടുണ്ട്.

(സി) ഹിൽ ഹൈവേ അംഗീകരിച്ച അലൈൻമെന്റിൽ ഫോറസ്റ്റ് സ്ഥലത്തുകൂടി കടന്നുപോകുന്ന പാണ്ടി-പള്ളഞ്ചി റോഡിൽ പള്ളഞ്ചി പാലവും പടപ്പ്-ശങ്കരംപടി റോഡിൽ കാവുങ്കാൽ പാലവും നിർമ്മിക്കേണ്ടതുണ്ട്. അത്തനടി പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) നാറ്റ്പാക്ക് റിപ്പോർട്ട് പ്രകാരം മൊർത്താന മുതൽ ഇടിയടുക്ക വരെയുള്ള 33.00 കി.മീ. ഹിൽ ഹൈവേക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**വെട്ടിപ്പൊളിച്ച റോഡുകളുടെ പുനർനിർമ്മാണം**

3(5849) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികൾക്ക് റോഡുകൾ വെട്ടിപ്പൊളിക്കുമ്പോൾ, അവ യഥാസമയം പുനഃസ്ഥാപിക്കപ്പെടുന്നതിനായി പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ; ഇക്കാര്യത്തിൽ ഒരു മോണിറ്ററിംഗ് സംവിധാനം കൊണ്ടു വരുന്ന കാര്യം പരിശോധിക്കുമോ ;

(ബി) വിവിധ പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്ന, ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സമിതികൾ കാര്യക്ഷമമല്ല എന്ന കാര്യം പരിശോധിച്ച് വകുപ്പ് നേരിട്ട് അതത് സെക്ഷനുകൾ മുഖേന പൊളിച്ച റോഡുകളുടെ പാച്ചവർക്കുകൾ തീർക്കുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകൾ വെട്ടിപ്പൊളിക്കുമ്പോൾ അവ യഥാസമയം പുനഃസ്ഥാപിക്കുന്നതിനായി വേണ്ടി വരുന്ന തുക പൊതുമരാമത്ത് വകുപ്പിന് കൈമാറിയതിനുശേഷം മാത്രമേ പ്രവർത്തിക്കാനുള്ള അനുമതി നൽകാറുള്ളൂ. ഈ തുക ഉപയോഗിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ച് പുനരുദ്ധാരണ പണികൾ ചെയ്തുവരുന്നു.

ജില്ലാ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി പ്രകാരം നിയമ പ്രകാരമുള്ള തുക റെസ്റ്റോറേഷൻ ഇനത്തിൽ അടച്ചുമാത്രമേ റോഡുകൾ വെട്ടിപ്പൊളിക്കാൻ ദേശീയപാത വിഭാഗം അനുമതി നൽകുകയുള്ളൂ. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന പബ്ലിക് യൂട്ടിലിറ്റി കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് റോഡ് കുഴിക്കുന്നതിന് നിലവിൽ അനുവാദം നൽകുന്നത്. റോഡ് കുഴിച്ചതിന് ശേഷം അടിയന്തരമായി പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം കുഴികൾ മൂടുകയും ശരിയായ രീതിയിൽ താൽക്കാലിക റെസ്റ്റോറേഷൻ പ്രവൃത്തി നടത്തി റോഡ് പൂർവ്വസ്ഥിതിയിലാക്കുകയും വേണം എന്ന വ്യവസ്ഥയിലാണ് അനുവാദം കൊടുക്കാറുള്ളത്. പൊതുമരാമത്ത് വകുപ്പ് പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ പൈപ്പുകളും കേബിളുകളും സ്ഥാപിക്കുന്നതിന് ഇരുവശങ്ങളിലും യൂട്ടിലിറ്റി ഡക്ടുകൾ നിർമ്മിക്കുന്നുണ്ട്.

(ബി) ജില്ലാ കളക്ടറുടെ ജില്ലാ മോണിറ്ററിംഗ് സമിതിയുടെ പ്രവർത്തനം സുഗമമായി നടന്നുവരികയാണ്. വെട്ടിപ്പൊളിച്ച റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നത് അതാത് സെക്ഷനുകൾ തന്നെയാണ്. ഇവ യഥാസമയം ചെയ്തുതീർക്കുന്നതിന് ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്.

**ജപ്പാൻ കുടിവെള്ള പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പിൽ അടച്ച തുക**

4(5850) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ ഇടുന്നതിന് വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ ;

(ബി) ഡിസ്ട്രിബ്യൂഷൻ ലൈൻ ഇടുന്നത് സംബന്ധിച്ച് ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(സി) റോഡിൽ കുഴിയെടുക്കുന്നത് സംബന്ധിച്ച് തർക്കം നിലവിലുണ്ടോ ;

(ഡി) ആയത് പരിഹരിക്കാൻ ഒരു ഉന്നതതല യോഗം ചേരുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഡിസ്ട്രിബ്യൂഷൻ ലൈൻ ഇടുന്നതിന് വാട്ടർ അതോറിറ്റി പൊതുമരാമത്ത് വകുപ്പിൽ ഡിമാന്റ് നോട്ടീസ് നൽകിയതനുസരിച്ച് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

(ബി) 26-9-2016-ന് അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന്റെ ചേമ്പറിൽ വച്ച് ചേർന്ന ഡിസ്ട്രിക്ട് ലെവൽ കോർഡിനേഷൻ കമ്മിറ്റിയിൽ ദേശീയപാത കോഴിക്കോടിന്റെ കീഴിലുള്ള എൻ.എച്ച് 766 (പഴയ എൻ.എച്ച് 212) കി.മീ. 15/000 മുതൽ 19/700 വരെയുള്ള റോഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് JICA-യ്ക്ക് കുഴിയെടുക്കുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കുഴിയെടുത്ത് സ്ഥലം ശരിയാംവണ്ണം നികത്തി ഉറപ്പിക്കാത്തതുകൊണ്ടും ഗ്യാരന്റി പീരിയഡ് നിലവിലുള്ള റോഡുകളിൽ കുഴിയെടുക്കുന്നത് സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടാകാറുണ്ട്. കൂടാതെ അനുമതി നൽകിയ കാലയളവിൽ പ്രവൃത്തി തീർക്കാത്തതും പ്രശ്നങ്ങൾ ഉണ്ടാക്കാറുണ്ട്.

(ഡി) ഡിസ്ട്രിക്ട് ലെവൽ കോർഡിനേഷൻ കമ്മിറ്റിയിൽ ഇതിനെക്കുറിച്ച് ചർച്ചകൾ ഉണ്ടാകാറുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ നടപടികൾ ഉന്നത തലത്തിൽ യോഗം ചേർന്ന് തീരുമാനിക്കുന്നതാണ്.

**പൂത്തോട്ട-പെരുമ്പളം പാലം**

5(5851) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ പൂത്തോട്ട-പെരുമ്പളം പാലം നിർമ്മിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ ;

(സി) ഇല്ലെങ്കിൽ പൂത്തോട്ട-പെരുമ്പളം പാലം നിർമ്മിക്കുന്നതിന് സമയ ബന്ധിത നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-സി) തൃപ്പൂണിത്തുറ പൂത്തോട്ട-പെരുമ്പളം പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പ്രാരംഭ നടപടിയായി ഇൻവെസ്റ്റിഗേഷൻ നടത്തി ഡ്രാഫ്റ്റ് ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുമരാമത്ത് വകുപ്പിൽ നടന്ന അഴിമതി

6 (5852) ശ്രീ. ജെയിംസ് മാത്യു :

ശ്രീ. പി. ഉണ്ണി :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിൽ വ്യാപകമായ അഴിമതി നടന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(ബി) കെ.എസ്.ടി.പി. പ്രോജക്ടിൽ നടന്ന അഴിമതികളെക്കുറിച്ച് നടത്തിയ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ അറിയിക്കുമോ ;

(സി) പ്രസ്തുത വകുപ്പിൽ വ്യാപകമായി ഉണ്ടായിരുന്ന അഴിമതി നിർമ്മാർജ്ജനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

### ഉത്തരം

(എ) ഉണ്ട്. ഇവ സംബന്ധിച്ചുള്ള പരിശോധനകളും നടപടികളും വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം അന്വേഷിച്ചതിൽ 280-ഓളം കേസുകളിൽ 120 എണ്ണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

മിന്നൽ പരിശോധനകൾ -86

വിജിലൻസ് അന്വേഷണങ്ങൾ -8

സത്വരാന്വേഷണങ്ങൾ -35

വിജിലൻസ് കേസുകൾ -4

നിലവിൽ 35 വിജിലൻസ് കേസുകൾ 4 വിജിലൻസ് അന്വേഷണങ്ങൾ, 16 സത്വരാന്വേഷണങ്ങൾ, 17 മിന്നൽ പരിശോധനകൾ എന്നിവ നടന്നുവരുന്നു.

(ബി) കെ.എസ്.ടി.പി. പ്രോജക്ടിൽ നടന്ന അഴിമതികളെക്കുറിച്ച് നടത്തിയ പരിശോധനയിൽ പ്രധാനമായും ഡി.പി.ആർ. തയ്യാറാക്കിയതിലുള്ള വീഴ്ചകളാണ് കണ്ടെത്തിയത്. കൂടാതെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു :

(1) എസ്.സി.95/13/മലപ്പുറം :

കെ.എസ്.ടി.പി. ഡിവിഷൻ കുറ്റിപ്പുറം മലപ്പുറത്ത് നടത്തിയ മിന്നൽ പരിശോധനയിൽ അനുവദിച്ചതിൽ കൂടുതൽ മരങ്ങൾ മുറിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

(2) എസ്.സി. 13/14/മലപ്പുറം :

റോഡിന്റെ വീതി ബില്ലിൽ കൂട്ടി കാണിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

(3) ക്യൂ.വി.15/14/എസ്.ഐ.യു - 1 :

അട്ടക്കുളങ്ങര-തിരുവല്ലം-പൂജപ്പുര-തിരുമല-വലിയവിള-പേയാട് എന്നീ റോഡ് പണിയിലെ ക്രമക്കേടുകൾ അന്വേഷണം നടന്നുവരുന്നു.

(4) ക്യൂ.വി. 6/15/എസ്.ഐ.യു -1 :

പൊതുമരാമത്ത് വകുപ്പ് (എൻ.എച്ച്.) ടെൻഡർ നടപടികളിലെ ക്രമക്കേടുകളെ സംബന്ധിച്ച് M/s കുടറോളി കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് കമ്പനി സമർപ്പിച്ച പരാതിയിൽ ത്വരിതാന്വേഷണം നടത്തി പരാതിക്ക് വിജിലൻസ് ആംഗിൾ ഇല്ലാത്തതിനാൽ തുടർ നടപടി അവസാനിപ്പിച്ചു.

(സി) പ്രസ്തുത വകുപ്പിൽ അഴിമതി നിർമ്മാർജ്ജനത്തിനായി മിന്നൽ പരിശോധനകൾ നടത്തുകയും വിവിധ അന്വേഷണങ്ങളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകളിൽ വിജിലൻസ് ഇന്റലിജൻസിന്റെ നിരീക്ഷണം ഏർപ്പെടുത്തി അഴിമതി തടയുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു.

**പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവർത്തനം**

7(5853) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഓഫീസുകളിലും മറ്റും ഇലക്ട്രിക് വയറിംഗ് നടത്തുമ്പോൾ എല്ലാ കണക്ഷനുകൾക്കും മെയിൻ കണക്ഷനിൽ നിന്നുമാത്രം വയർ വലിക്കുന്നത് ആവശ്യമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഷോർട്ട് സർക്യൂട്ടുമൂലമുണ്ടാകുന്ന തീപ്പിടിത്തം തടയുന്നതിന് വീടുകളിൽ വയറിംഗ് ചെയ്യുന്നതുപോലെ ലൂപ്പിംഗ് നടത്തുന്നതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇലക്ട്രിക് ജോലികൾക്ക് നിലവാരം കുറഞ്ഞ സാധന സാമഗ്രികൾ ഉപയോഗിക്കുകയും, അവയ്ക്ക് ഉയർന്ന വില ഈടാക്കുകയും ചെയ്യുന്ന പ്രവണത പരിശോധിച്ചിട്ടുണ്ടോ ;

(ഡി) പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് വൈദ്യുതി വിഭാഗത്തിന് കീഴിൽ മൂന്ന് ഡിവിഷനുകളും 34 സെക്ഷനുകളും ഉണ്ട്. ഈ സെക്ഷനുകളിലൂടെയാണ് പ്രവൃത്തികൾ നടന്നുവരുന്നത്. ഇലക്ട്രിക്കൽ സബ് ഡിവിഷനുകൾ അതാത് ജില്ലയുടെ കെട്ടിട വിഭാഗം ഡിവിഷന്റെ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്. പൊതുമരാമത്ത് വകുപ്പ് കൃത്യമായ ഇടവേളകളിൽ പ്രവൃത്തികൾ വിശകലനം ചെയ്യാറുണ്ട്.

(ബി) ഓഫീസ് സമുച്ചയത്തിന്റെ വയറിംഗ് നടത്തുമ്പോൾ ഒന്നിൽ കൂടുതൽ സർവ്വീസ് കണക്ഷൻ ആവശ്യമായി വരുന്ന സന്ദർഭങ്ങൾ ഉണ്ടാകാറുണ്ട്. ഒരു പ്രധാന മീറ്ററിംഗ് പാനലിൽ നിന്നാണ് വിവിധ കണക്ഷനുകൾ നൽകിവരുന്നത്. ഇപ്രകാരം ചെയ്യുന്നത് കെട്ടിടത്തിന്റെ വൈദ്യുതി സംരക്ഷിക്കുന്നതിനും, കെട്ടിടത്തിൽ നിന്നും അനധികൃതമായി വൈദ്യുതി എടുക്കുന്നത് തടയുന്നതിനും അത്യന്താപേക്ഷിതമാണ്. പൊതുമരാമത്ത് വകുപ്പ് വയറിംഗ് ചെയ്യുന്നത് ഐ.എസ്. 732 പ്രകാരമാണ്. ഇതനുസരിച്ചാണ് neutral loop back ചെയ്യുന്നത്.

(സി) ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് ഉപയോഗിച്ച് വരുന്ന സാധന സാമഗ്രികൾ വിവിധ ഐ.എസ്. നിലവാരമുള്ള വിവിധ ബ്രാൻഡുകളിൽ നിന്നും പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ചിട്ടുള്ള പട്ടികയിൽ നിന്നാണ് ഉപയോഗിച്ച് വരുന്നത്. വൈദ്യുത സാമഗ്രികളുടെ ഗുണനിലവാരം ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് രണ്ട് കൊല്ലത്തിലൊരിക്കൽ പുതുക്കി നൽകാറുണ്ട്. പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ ഉപയോഗിക്കുന്ന SoR/DSR എന്നിവയിലൂടെയാണ് സാധനങ്ങളുടെ വില നിശ്ചയിക്കുന്നത്. അതുകൊണ്ടുതന്നെ അധിക വില

ഈടാക്കാനുള്ള സാധ്യതയില്ല. മത്സര സ്വഭാവമുള്ള ടെണ്ടറുകൾ നൽകുന്ന തിനാൽ വളരെ മിതമായ നിരക്കിലാണ് പ്രവൃത്തികൾ നടന്നുവരുന്നത്.

(ഡി) ഇലക്ട്രിക്കൽ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കു ന്നതുൾപ്പെടെ പൊതുമരാമത്ത് വകുപ്പ് ശാക്തീകരണത്തിനായി വിശദമായ പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം തയ്യാറാക്കിവരുന്നു. ആയത് ലഭിക്കുന്ന മുറയ്ക്ക് വിശദമായി പരിശോധന നടത്തി പി.ഡബ്ല്യു.ഡി.-യുടെ ഇലക്ട്രിക്കൽ വിഭാഗത്തിന്റേതുൾപ്പെടെയുള്ള പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതാണ്.

## പി.ഡബ്ല്യു.ഡി. റോഡുകൾ റിപ്പയർ ചെയ്യുന്നതിന് തുക

8(5854) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജകമണ്ഡലത്തിൽപ്പെടുന്ന എത്ര പി.ഡബ്ല്യൂ.ഡി. റോഡുകൾ റിപ്പയർ ചെയ്യുന്നതിന് നിലവിൽ തുക അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഇതിൽ ഉദുമ-തെക്കിൽ, ബന്തടുക്ക-ചാമക്കൊച്ചി, ബന്തടുക്ക-ചൂരിത്തോട്-മാനത്തോട്-കോളിച്ചാൽ എന്നീ റോഡുകൾ റിപ്പയർ ചെയ്യുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(സി) ഗതാഗതത്തിന് ബുദ്ധിമുട്ടായ, മേൽ സൂചിപ്പിച്ച മൂന്ന് പി.ഡബ്ല്യൂ.ഡി. റോഡുകൾ റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജകമണ്ഡലത്തിൽപ്പെടുന്ന 16 പി.ഡബ്ല്യു.ഡി. റോഡുകൾ റിപ്പയർ ചെയ്യുന്നതിന് നിലവിൽ തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉദുമ-തെക്കിൽ, ബന്തടുക്ക-ചാമക്കൊച്ചി, ബന്തടുക്ക-ചൂരിത്തോട്-മാനത്തോട്-കോളിച്ചാൽ എന്നീ റീഡുകൾ റിപ്പയർ ചെയ്യുന്നതിന് 25-2-2016, 29-2-2016 എന്നീ തീയതികളിലെ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ നടപടിക്രമം പ്രകാരം 125 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 1-1-2016-നുശേഷമുള്ള മന്ത്രിസഭായോഗ തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് ലെവൽ ടാസ്ക്ഫോഴ്സ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി നൽകിയ റോഡുകളുടെ പ്രവൃത്തി നിർത്തി വയ്ക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകുകയും പിന്നീട് ടെണ്ടർ ചെയ്യുതും കരാർ ഒപ്പ് വച്ചതും പണി തുടങ്ങിയതുമായ എസ്.എൽ.ടി.എഫ്. പ്രവൃത്തികൾ മാത്രമേ തുടരാവൂ എന്ന നിബന്ധനയോടെ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ഉദുമ-തെക്കിൽ, ബന്തടുക്ക-ചാമക്കൊച്ചി, ബന്തടുക്ക-ചൂരിത്തോട്-മാനത്തോട്-കോളിച്ചാൽ എന്നീ റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാവാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ തുടരാൻ സാധിച്ചില്ല.

(സി) പ്രസ്തുത പ്രവൃത്തികൾക്കുള്ള പുതിയ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

## പി.ഡബ്ല്യൂ.ഡി. റോഡുകൾ

9(5855) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത റോഡുകളിൽ 2015-16 വർഷം പുനരുദ്ധാരണത്തിനായി അനുമതി ലഭിച്ചവയിൽ പൂർത്തിയാക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 2015-16 വർഷം പുനരുദ്ധാരണത്തിനായി അനുമതി ലഭിച്ചവയിൽ പൂർത്തിയാകാത്തത് വാമനപുരം-ചിറ്റാർ റോഡ് (കി.മീ. 0/000 മുതൽ 12/500 വരെ) മാത്രമാണ്.

## പി.ഡബ്ല്യൂ.ഡി. റോഡുകൾ ബി.എം. & ബി.സി. മാതൃകയിൽ പുനരുദ്ധരിക്കുന്നതിന് നടപടി

10(5856) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയതായി പ്രവൃത്തികൾ നടത്തുന്ന എല്ലാ പി.ഡബ്ല്യൂ.ഡി. റോഡുകളും ബി.എം. & ബി.സി. മാതൃകയിൽ പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ബി.എം & ബി.സി. മാതൃകയിൽ നിർമ്മിക്കാത്ത റോഡുകൾ കാലാവധി പൂർത്തിയാകുംമുമ്പ് തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ പുതുതായി പ്രവൃത്തികൾ നടത്തുന്ന എല്ലാ പ്രധാന റോഡുകളും ഫണ്ടിന്റെ ലഭ്യതയ്ക്കും റോഡിന്റെ പ്രാധാന്യത്തിനും അനുസൃതമായി ബി.എം. & ബി.സി. മാതൃകയിൽ പുനരുദ്ധരിക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**മധുര-കോട്ടയം-ചേർത്തല ടൂറിസ്റ്റ് ഹൈവേ**

11(5857) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട മധുര-കോട്ടയം-ചേർത്തല ടൂറിസ്റ്റ് ഹൈവേയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ ;

(ബി) കുമരകത്തിന്റെ ടൂറിസം പ്രാധാന്യം കണക്കിലെടുത്തും ബോൾഗാട്ടി പാലസ്, ഗോശ്രീ എന്നീ ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് കോട്ടയത്തുനിന്നും എളുപ്പത്തിൽ എത്താവുന്ന മാർഗ്ഗം എന്ന നിലയിലും നിർദ്ദിഷ്ട മധുര-കോട്ടയം-ചേർത്തല ടൂറിസ്റ്റ് ഹൈവേ തനതുഫണ്ടിലോ, ടൂറിസം വകുപ്പിന്റെ ഏതെങ്കിലും ഫണ്ടിലോ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി പൊതുമരാമത്ത്, ടൂറിസം, തദ്ദേശസ്വയംഭരണ വകുപ്പുകളും ബന്ധപ്പെട്ട ജനപ്രതിനിധികളും ഉൾപ്പെട്ട ഒരു ഹൈലെവൽ കമ്മിറ്റി വിളിച്ചു ചേർത്ത് ഇതിനാവശ്യമായ ധനസമാഹരണത്തിന് ശ്രമിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇത് സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ തീരുമാനം ഒന്നും ആയിട്ടില്ല.

## കേരള റോഡ് ഫണ്ട് ബോർഡ് മുഖേന തിരുവനന്തപുരം ജില്ലയിൽ റോഡുകൾ നവീകരിക്കാൻ നടപടി

12(5858) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 വർഷത്തിൽ കേരള റോഡ് ഫണ്ട് ബോർഡ് മുഖേന തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം റോഡുകൾ നവീകരിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടെന്നും നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ;

(ബി) ചെറുന്നിയൂർ-മണമ്പൂർ-ആലംകോട്-കിളിമാനൂർ റോഡ് കേരള റോഡ് ഫണ്ട് ബോർഡ് മുഖേന 25 കോടി രൂപ ചെലവഴിച്ച് നവീകരിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ തുടർ നടപടി വിശദമാക്കാമോ?

ഉത്തരം

(എ) 2016-17 വർഷത്തിൽ കേരള റോഡ് ഫണ്ട് ബോർഡ് മുഖേന KIIFB-യിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ താഴെ പറയുന്ന റോഡുകൾ നവീകരിക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ട് :

| | | |
|---|---|---|
| 1 | വഴയില-പഴകുറ്റി-കച്ചേരിനട റോഡ് (നാല് വരിപാത) | 50 കോടി |
| 2 | പാലോട് -ബ്രൈമൂർ റോഡ് | 20 കോടി |
| 3 | ചെറുന്നിയൂർ - ഒറ്റൂർ -മണമ്പൂർ - കിളിമാനൂർ റോഡ് | 25 കോടി |
| 4 | വാമനപുരം -ചിറ്റാർ റോഡ് | 10 കോടി |
| 5 | ശിവഗിരി റിംഗ് റോഡ് | 10 കോടി |
| 6 | പൊൻമുടി - ബ്രൈമൂർ റോഡ് | 10 കോടി |
| 7 | വെഞ്ഞാറമൂട് റിംഗ് റോഡ് | 15 കോടി |
| 8 | പേട്ട -ആനയറ -ഒരുവാതിൽകോട്ട റോഡ് | 10 കോടി |
| 9 | നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റോഡ് | 10 കോടി |
| 10 | കണിയാപുരം-ചിറയിൻകീഴ് റോഡ് | 10 കോടി |
| 11 | മുതലപ്പൊഴി-വെട്ടൂർ-വർക്കല-നടയറ-പാരിപ്പള്ളി റോഡ് | 10 കോടി |
| 12 | ആലംകോട്-മീരാൻകടവ്-അഞ്ചുതെങ്ങ്-മുതലപ്പൊഴി റോഡ് | 10 കോടി |
| 13 | അമരവിള-ഒറ്റശേഖരമംഗലം റോഡ് | 15 കോടി |

ടി പ്രവൃത്തികളിൽ ആലംകോട്-മീരാൻകടവ്-അഞ്ചുതെങ്ങ്-മുതലപ്പൊഴി റോഡ്, മുതലപ്പൊഴി-വെട്ടൂർ-വർക്കല-നടയറ പാരിപ്പള്ളി റോഡ്, ശിവഗിരി റിംഗ് റോഡ്, നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റോഡ്, പാലോട് ബ്രൈമൂർ റോഡ്, പേട്ട-ആനയറ-ഒരുവാതിൽകോട്ട റോഡ്, വെഞ്ഞാറമൂട് റിംഗ് റോഡ് എന്നീ പ്രവൃത്തികളുടെ ഡി.പി.ആർ. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന ലഭിച്ചെങ്കിലും നിർദ്ദിഷ്ട ഗൈഡ്‌ലൈൻ പ്രകാരമല്ലാത്തിനാലും എസ്റ്റിമേറ്റിൽ ന്യൂനതകൾ ഉള്ളതിനാലും ആയവ പരിഹരിച്ച് പുനഃസമർപ്പിക്കാൻ തിരുവനന്തപുരം നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ചെറുന്നിയൂർ-മണമ്പൂർ-ആലംകോട്-കിളിമാനൂർ റോഡിന് 25 കോടി രൂപ KIIFB Project-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് 44 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് സർക്കാർ വിശദമായി പരിശോധിച്ച് വരികയാണ്.

**കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ**

13(5859) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള നിയമസഭ പാസ്സാക്കിയ കേരള റോഡ് ഫണ്ട് ആക്ട് 2001 പ്രകാരമാണ് കേരള റോഡ് ഫണ്ട് ബോർഡ് സ്ഥാപിതമായത്. 22-2-2002-ലാണ് കേരള റോഡ് ഫണ്ട് ബോർഡ് പ്രവർത്തനം ആരംഭിച്ചത്. കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം സ്വരൂപിക്കപ്പെടുന്ന ഫണ്ട് വിനിയോഗിച്ച് നടത്തപ്പെടുന്ന ഗതാഗത വികസന പദ്ധതികളുടെ മേൽനോട്ടം വഹിക്കുകയാണ് കേരള റോഡ് ഫണ്ട് ബോർഡിന്റെ മുഖ്യ പ്രവർത്തന ലക്ഷ്യം. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കിയ തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. രണ്ടാമത്തെ പദ്ധതിയായ കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇവ കൂടാതെ ആലപ്പുഴ, കണ്ണൂർ, കൊല്ലം എന്നിവിടങ്ങളിലും സമാന രീതിയിൽ നഗര റോഡ് വികസന പദ്ധതി നടപ്പാക്കുന്നതിന് ബോർഡ് നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) KIIFB-യുടെ ഫണ്ട് ഉപയോഗിച്ചുള്ള റോഡുകളും പാലങ്ങളും ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള റോഡ് ഫണ്ട് ബോർഡിനെയാണ് നിയോഗിച്ചിട്ടുള്ളത്.

## റോഡുകളുടെ ഇരുവശത്തുമായി നിർമ്മാണ സാമഗ്രികൾ ഇറക്കിയിടുന്ന നടപടി

14(5860) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരക്കേറിയ പൊതു റോഡുകളുടെയും നിരത്തുകളുടെയും ഇരുവശത്തുമായി തടിയും മെറ്റൽ, മണൽ, കല്ല് തുടങ്ങിയ നിർമ്മാണ സാമഗ്രികളും അനധികൃതമായി ഇറക്കിയിട്ട് അപകടങ്ങൾ ക്ഷണിച്ചുവരുത്തി നിരവധിപേരുടെ ജീവൻ പൊലിഞ്ഞത് ഉൾപ്പെടെയുള്ള ദാരുണ സംഭവങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്നും സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനും വേണ്ടി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് 1999 ബാധകമാക്കി സ.ഉ.(കൈ)നമ്പർ 63/16/പൊ.മ.വ. തീയതി 3-9-2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനും സംസ്ഥാനത്തെ നാഷണൽ ഹൈവേയും, സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി NH-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (NH) നേയും സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (R&B) യേയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ

കണ്ടെത്താനും അവ ഒഴിപ്പിക്കാനുമായുള്ള റോഡ് പരിശോധന, എഞ്ചിനീയർമാർ കൃത്യമായി നടത്തുന്നതിനുമുള്ള കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. റോഡ് സുരക്ഷാ സംബന്ധിച്ച് സ്വീകരിച്ച നടപടികളെയും ഇതുസംബന്ധിച്ച് ലഭിച്ച പരാതികളുടെ തീർപ്പും സംബന്ധിച്ച് വിലയിരുത്തുന്നതിന് മാസംതോറും എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിലുള്ള ഓഫീസർമാരുടെ അവലോകന യോഗം കൂടുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതുമാണ്.

**റോഡ് നിർമ്മാണത്തിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം**

15(5861) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് സർഫസിംഗിനും റീ-സർഫസിംഗിനും ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തെ സംബന്ധിച്ച പാരിസ്ഥിക പ്രശ്നങ്ങൾ പരിഹരിക്കാൻ ഇത് എത്രമാത്രം സഹായിക്കുമെന്നാണ് കരുതുന്നത് ; വിവരിക്കുമോ ;

(സി) ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ ശിപാർശകൾ അനുസരിച്ചാണോ പ്ലാസ്റ്റിക് വസ്തുക്കൾ റോഡുപണിക്ക് ഉപയോഗിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. രാജ്യത്തെ അതിവേഗത്തിലുള്ള നഗരവൽക്കരണംമൂലം ഉത്പാദിപ്പിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സുരക്ഷിതമായ നിർമ്മാർജ്ജനം ഒരു പരിസ്ഥിതി പ്രശ്നമായ സാഹചര്യത്തിൽ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം നമ്പർ RE/NH-33044/24/2015-S&R(R) dated 9-11-2015 പ്രകാരം ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗര പരിധിയുടെ 50 കി.മീ. ചുറ്റളവിനകത്ത് വരുന്ന റോഡുകളുടെ റീ-സർഫസിംഗിൽ ഉപയോഗിക്കുന്ന ബിറ്റുമിനസ് ഹോട്ട് മിക്സിൽ ചേർക്കുവാൻ ദേശീയ പാതാവിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു പ്രകാരം ദേശീയ പാതാ വിഭാഗത്തിൻ കീഴിൽ വരുന്ന പ്രവൃത്തികളിൽ പരീക്ഷണാടിസ്ഥാനത്തിൽ കേന്ദ്ര നിർദ്ദേശം നടപ്പിലാക്കാൻ

നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 27.45 കി.മീ റോഡുകൾ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് ഉപയോഗിച്ച് പരമ്പരാഗതമായി 20 എം. എം. ചിപ്പിംഗ് കാർപ്പെറ്റിംഗ് ഉപരിതലം നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ബി.എം. & ബി.സി. പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ചുള്ളിയൂർ-ചടച്ചി-മാർത്താണ്ഡം റോഡിൽ മാരായമുട്ടം ഭാഗത്ത് 1.00 കി.മീ ദൂരം വരുന്ന ബി.എം. & ബി.സി. ഉപരിതലം പരീക്ഷണാടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 100.00 കി.മീ. റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് ഈ വർഷം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ ഒരു പരിധിവരെ പ്ലാസ്റ്റിക് നിർമ്മാർജ്ജനം നടത്തുവാൻ ഇതുമൂലം കഴിയും. ഒരു കി.മീ. റോഡിന് 7 മീറ്റർ വീതിയിൽ ഉപരിതലം പുതുക്കുന്നതിന് 1000 കിലോ ശുദ്ധീകരിച്ച പ്ലാസ്റ്റിക് ഉപയോഗിക്കാവുന്നതാണ്.

(സി) ഇന്ത്യൻ റോഡ് കോൺഗ്രസ് IRC-SP 98/2013-ൽ പരാമർശിച്ചിരിക്കുന്ന ശിപാർശകൾ പ്രകാരം പ്ലാസ്റ്റിക് മാലിന്യങ്ങൾ ബിറ്റുമിനസ് ഹോട്ട് മിക്സിൽ ചേർക്കുവാനാണ് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയം നിർദ്ദേശം നിൽകിയിരിക്കുന്നത്.

**മധുര-കോട്ടയം-ചേർത്തല ഹൈവേ**

16(5862) <u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമരകത്തിന്റെ ടൂറിസം പ്രാധാന്യം പരിഗണിച്ച് ഗോശ്രീ, ബോൾഗാട്ടി പാലസ് എന്നീ ടൂറിസം കേന്ദ്രങ്ങളിലേക്ക് കോട്ടയത്തുനിന്നും എളുപ്പത്തിൽ എത്താവുന്ന റോഡ് എന്ന നിലയിൽ നിർദ്ദിഷ്ട മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേ നിർമ്മാണത്തിനാവശ്യമായ ഫണ്ട് കിഫ്ബിവഴി കണ്ടെത്താൻ ശ്രമിക്കുമോ ;

(ബി) മധുര-കോട്ടയം-ചേർത്തല ഹൈവേയുടെ നിർമ്മാണ പുരോഗതിക്കായി പൊതുമരാമത്ത്, ടൂറിസം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടേയും ബന്ധപ്പെട്ട ജനപ്രതിനിധികളുടേയും യോഗം വിളിച്ചുചേർക്കുമോ ;

(സി) നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നും ടൂറിസ്റ്റ് കേന്ദ്രമായ കുമരകത്തേയ്ക്കുള്ള റോഡിലെ വൈക്കം മുതൽ കുമരകം വരെയുള്ള ഭാഗം വീതികൂട്ടി പുതുക്കി പണിയുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം കോട്ടയം ഡിവിഷന്റെ കീഴിൽ വൈക്കം മുതൽ വെച്ചൂർ വരെയുള്ള ഭാഗം വീതികൂട്ടി പുതുക്കിപ്പണി യുന്നതിനുവേണ്ടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

**മംഗലം-ഗോവിന്ദാപുരം സംസ്ഥാന പാത**

17(5863) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മംഗലം-ഗോവിന്ദാപുരം സംസ്ഥാന പാതയുടെ നവീകരണ പ്രവർത്തന ങ്ങൾക്ക് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) തമിഴ്നാട്ടിലെ പ്രധാന വ്യാപാര കേന്ദ്രമായ പൊള്ളാച്ചിയെയും, തീർത്ഥാടന കേന്ദ്രങ്ങളായ പഴനി, മധുര, രാമേശ്വരം എന്നീ കേന്ദ്രങ്ങളെയും ബന്ധിപ്പിക്കുന്ന മംഗലം-ഗോവിന്ദാപുരം സംസ്ഥാന പാതയെ നാഷണൽ ഹൈവേയായി ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) മംഗലം-ഗോവിന്ദാപുരം സംസ്ഥാന പാതയിൽ 15 ലക്ഷം രൂപ വീതമുള്ള രണ്ട് പ്രവൃത്തികളുടെയും 25 ലക്ഷം രൂപ വീതമുള്ള രണ്ട് പ്രവൃത്തികളുടെയും ടെണ്ടർ നടപടിക്രമം പൂർത്തീകരിച്ചിട്ടുണ്ട്. 5 ലക്ഷം രൂപയുടെ അറ്റകുറ്റപ്പണികളുടെ എഗ്രിമെന്റ് വച്ചിട്ടുണ്ട്. ഈ പ്രവൃത്തികളെല്ലാം ഉടൻ ആരംഭിക്കാൻ സാധിക്കുന്നതാണ്. എൻ.എസ്.എസ്. കോളേജ് നെന്മാറ മുതൽ ഗോവിന്ദാപുരം വരെയുള്ള നവീകരണ പ്രവൃത്തികൾക്കുവേണ്ടി 14.85 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) മംഗലം-ഗോവിന്ദാപുരം സംസ്ഥാന പാതയെ ദേശീയപാതയായി ഉയർത്തുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് സമർപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുമരാമത്ത് ദേശീയ പാതാവിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കിവരുന്നു.

## പൊതുമരാമത്ത് വകുപ്പിന്റെ ക്വാളിറ്റി മാന്വലിന്റെയും ലബോറട്ടറി മാന്വലിന്റെയും വ്യവസ്ഥകൾ

18(5864) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ക്വാളിറ്റി മാന്വലിന്റെയും ലബോറട്ടറി മാന്വലിന്റെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ വേണ്ടി ക്വാളിറ്റി ആഡിറ്റിംഗ് ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിവരിക്കുമോ ;

(ബി) ഭരണ തലത്തിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ & ബി) ഉണ്ട്. പൊതുമരാമത്ത് വകുപ്പിൽ 5 കോടി രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന പണികൾക്ക് വകുപ്പിന് പുറമേയുള്ള ഏജൻസിയോ വിദഗ്ധനേയോ ഉപയോഗിച്ച് ഗുണനിലവാര പരിശോധനയുടെ ടെക്നിക്കൽ ആഡിറ്റിംഗ് നടത്തുന്നതാണ്. ശക്തമായ ടെക്നിക്കൽ ആഡിറ്റിംഗ് നടത്തുന്നതിന്റെ ഭാഗമായി വിദഗ്ധ ഏജൻസി പണി പൂർത്തിയായ റോഡിന്റെ ഓരോ കിലോമീറ്ററിലും പരിശോധന നടത്തി ക്വാളിറ്റി മാന്വലിന്റെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് എന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്. കെട്ടിടങ്ങൾക്കും മാന്വൽ പ്രകാരം വിദഗ്ധ പരിശോധന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

## മേജർ ജില്ലാ റോഡുകളെ സ്റ്റേറ്റ് ഹൈവേകളാക്കാനുള്ള നിർദ്ദേശങ്ങൾ

19(5865) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേജർ ജില്ലാ റോഡുകളെ സ്റ്റേറ്റ് ഹൈവേകളാക്കാനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം റോഡുകൾ സ്റ്റേറ്റ് ഹൈവേകൾ ആക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) പയ്യോളിയിൽനിന്നും പേരാമ്പ്ര-ചെമ്പ്ര-കൂരാച്ചുണ്ട് തലയാട് വഴി എസ്റ്റേറ്റ് മുക്കിലേക്കുള്ള റോഡ് സ്റ്റേറ്റ് ഹൈവേയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(സി) വയനാട്ടിലേയ്ക്കുള്ള ബദൽ റോഡായ പെരുവണ്ണാമൂഴി-പൂഴിത്തോട്-പടിഞ്ഞാറെത്തറ റോഡ് പ്രവൃത്തി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) മേജർ ജില്ലാ റോഡുകൾ സ്റ്റേറ്റ് ഹൈവേ ആക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നും തന്നെ ഇപ്പോൾ നിലവിലില്ല.

**കുഴിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് സമയപരിധി**

20(5866) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകൾ വിവിധ വകുപ്പുകൾ പല ആവശ്യങ്ങൾക്കായും കുഴിച്ചതിനുശേഷം യഥാസമയം പൂർവ്വസ്ഥിതിയിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് സമയ പരിധി നിർണ്ണയിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ദിവസത്തിനകം റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനാണ് നിഷ്കർഷിച്ചിട്ടുള്ളത് ;

(സി) നിലവിലുള്ള റോഡിന്റെ നിർമ്മാണത്തിനുപയോഗിച്ചിരുന്ന തരത്തിലുള്ള ടാറിംഗ് രീതിയാണോ പുനർനിർമ്മിക്കുമ്പോഴും ഉപയോഗിക്കുന്നതെന്ന് പരിശോധിക്കാറുണ്ടോ ;

(ഡി) റോഡുകൾ കുഴിച്ചതിനുശേഷം നിലവിലുള്ള റോഡിന്റെ ടാറിംഗ് ഉപയോഗിച്ചതിനേക്കാൾ നിലവാരം കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ച് റോഡുകൾ പുനർ നിർമ്മിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിനും പുനർ നിർമ്മാണത്തിന് സമയപരിധി നിശ്ചയിച്ച് യഥാസമയം പുനർനിർമ്മിക്കുന്നുണ്ടോയെന്ന് വിലയിരുത്തുന്നതിനും കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റോഡുകൾ കുഴിക്കുന്ന പ്രവൃത്തി പൂർത്തിയായിക്കഴിഞ്ഞാൽ എത്രയും പെട്ടെന്ന് പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നടപടി സ്വീകരിക്കാറുണ്ട്. സമയപരിധി നിശ്ചയിച്ചിട്ടില്ല.

(സി) പരിശോധിക്കാറുണ്ട്.

(ഡി) നിലവിലുള്ള റോഡിന്റെ നിർമ്മാണത്തിനുപയോഗിച്ചിരുന്ന തരത്തിലുള്ള ടാറിംഗ് തന്നെ പുനർനിർമ്മിക്കുമ്പോഴും ഉപയോഗിക്കണമെന്നും ഗുണനിലവാരമുള്ള നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് കുഴികൾ അടയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയത് കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പുനർനിർമ്മാണത്തിന് നിശ്ചിത സമയപരിധി നിശ്ചയിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മെയിൻ സെൻട്രൽ റോഡിന്റെ നവീകരണം**

21(5867) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെയിൻ സെൻട്രൽ റോഡിന്റെ തൈക്കാട് മുതൽ ചെങ്ങന്നൂർ ഭാഗം വരെ കെ.എസ്.റ്റി.പി.യിൽ ഉൾപ്പെടുത്തി ഉപരിതല നവീകരണത്തിന് ടെൻഡർ ക്ഷണിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ ; എസ്റ്റിമേറ്റിൽ എന്തെല്ലാം പ്രവൃത്തികളായിരുന്നു വിഭാവനം ചെയ്തിരുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ലോകബാങ്കിന്റെ അംഗീകാരത്തോടുകൂടി സേഫ്റ്റി കോറിഡോർ പദ്ധതിയിൽ ഉൾപ്പെടുത്തി എം.സി. റോഡിന്റെ തൈക്കാട് മുതൽ അടൂർ വരെയുള്ള റോഡ് ഭാഗത്തിന്റെ ഉപരിതലം പുതുക്കൽ പ്രവത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയായിവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ റോഡിന്റെ ഉപരിതലം പുതുക്കൽ, നിലവിലുള്ള ഓടകളുടെ നവീകരണം, ആവശ്യമുള്ളിടത്ത് പുതിയ ഓടകളുടെ നിർമ്മാണം, രണ്ട് പാലങ്ങളുടെ പുനരുദ്ധാരണം, ജംഗ്ഷനുകളുടെ വികസനം, നടപ്പാത ഉൾപ്പെടെയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി & സി) പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെന്റ് വച്ച് പ്രവൃത്തി ഉടനെ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## ഗ്രീൻ ബിൽഡിംഗ്സ് കൺസെപ്റ്റ്

22(5868) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് വരുംവർഷങ്ങളിൽ ഏറ്റെടുക്കുന്ന എല്ലാ പുതിയ കെട്ടിടങ്ങളുടെയും രൂപകല്പനയിൽ ഗ്രീൻ ബിൽഡിംഗ്സ് കൺസെപ്റ്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഭരണ തലത്തിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്. തുടക്കമെന്ന നിലയിൽ ഡിസൈൻ സ്റ്റേജിൽ ഉള്ള 5 കെട്ടിടങ്ങൾ ഹരിത നിർമ്മാണ തത്ത്വങ്ങൾ അനുസരിച്ചും ECBC (Energy Conservation Building Code) അനുസരിച്ചും നിർമ്മാണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഊർജ്ജ പ്രതിസന്ധിയും ജല ദൗർലഭ്യവും പല കാരണങ്ങൾ കൊണ്ടുള്ള അന്തരീക്ഷ പരിസര മലിനീകരണവും നമ്മൾ ഇന്ന് നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. കെട്ടിട നിർമ്മാണ മേഖലയാണ് ഇവയ്ക്കെല്ലാം നല്ലൊരു ശതമാനം കാരണമാകുന്നതും. ഇതിന് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണാനായിട്ടാണ് പരിസ്ഥിതി സൗഹാർദ്ദ കെട്ടിട നിർമ്മാണ രീതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. പ്രകൃതി വിഭവങ്ങളുടെ പരമാവധി സംരക്ഷണം, കാര്യക്ഷമമായ മാലിന്യ നിർമാർജ്ജനം, അന്തരീക്ഷ, ജല മലിനീകരണതോത് കുറയ്ക്കുക എന്നിവ വഴി ആവാസ വ്യവസ്ഥയേയും ജൈവ വൈവിദ്ധ്യത്തേയും സംരക്ഷിക്കുവാൻ ഈ നിർമ്മാണ രീതികൾ അവലംബിക്കുന്നത് വഴി സാധിക്കും. ഹരിത നിർമ്മാണ രീതി അവലംബിക്കുക വഴി 40% ത്തോളം ഊർജ്ജത്തിന്റെയും ജലത്തിന്റെയും ഉപയോഗം കുറയ്ക്കാൻ കഴിയും. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുക വഴി മെയിൻ ഗ്രിഡിനെ ആശ്രയിക്കുന്നത് കുറയ്ക്കാൻ കഴിയും. മഴവെള്ള സംഭരണവും, കര്യക്ഷമമായ മലിനീകരണ നിർമ്മാർജ്ജന, സംസ്കരണ പദ്ധതികളും ഹരിത നിർമ്മാണ തത്വങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന കെട്ടിടങ്ങൾ പരിസ്ഥിതി സൗഹാർദ്ദമാക്കാൻ ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുകയാണ് ആദ്യത്തെ പടി. ഇതിന് മുന്നോടിയായി എറണാകുളത്ത് നേര്യമംഗലത്ത് പൊതുമരാമത്ത് വകുപ്പിന്റെ പരിശീലന കേന്ദ്രം ഒരുക്കുന്നുണ്ട്. എനർജി മാനേജ്മെന്റ് സെന്ററുമായി സഹകരിച്ച് വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥർക്ക് പ്രാരംഭ പരിശീലന പരിപാടി സംഘടിപ്പിച്ചുകഴിഞ്ഞു. കൂടുതൽ വിപുലമായ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് വകുപ്പിലെ എല്ലാ ജീവനക്കാർക്കും ECBC-യിലും ഹരിത നിർമ്മാണ സാങ്കേതിക വിദ്യയിലും പരിശീലനം നൽകാവുന്നതാണ്.

## ചേലക്കര മണ്ഡലത്തിലെ റോഡ് അറ്റകുറ്റപ്പണി

23(5869) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ വാഴക്കോട്-ആലത്തൂർ സ്റ്റേറ്റ് ഹൈവേയിൽ വാഴക്കോട് പ്രദേശത്ത് റോഡ് പാടെ തകർന്ന് ഗതാഗതയോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വളരെയധികം ഗതാഗത പ്രാധാന്യമുള്ള ഈ റോഡ് അടിയന്തരമായി അറ്റകുറ്റപ്പണി നടത്തുന്നതിന് തുക അനുവദിച്ച് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാഴക്കോട്-ആലത്തൂർ സ്റ്റേറ്റ് ഹൈവേയുടെ 63/00 മുതൽ 66/000 വരെയുള്ള ഭാഗത്തെ (കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ റോഡ് SH 22) അറ്റകുറ്റപ്പണി കൾക്കായി 10 ലക്ഷം രൂപയുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

## ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡ്

24(5870) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിൽ നിർമ്മിക്കുന്ന വണ്ണാത്തിക്കടവ് പാലത്തിന്റെ വിശദമായ എസ്റ്റിമേറ്റ് സമർപ്പി ച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇതു വഴിയുള്ള വാഹനബാഹുല്യം കണക്കിലെടുത്ത് ഫണ്ട് ലഭ്യമാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) ഭരണാനുമതി ലഭിച്ച ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും; വിശദമാക്കുമോ ?

ഉത്തരം

(എ) കല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിൽ നിർമ്മിക്കുന്ന വണ്ണാത്തിക്കടവ് പാലം നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി) ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡ് കി.മീ. 5/300 മുതൽ 9/500 വരെയുള്ള ബി.എം. & ബി.സി. പ്രവൃത്തിയിൽ മെക്കാഡം ടാറിംഗ് (ബി.എം.) പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. കൾവർട്ടുകളുടെയും ഡ്രെയിനേജിന്റെയും പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. 2017 മാർച്ച് മാസത്തോടുകൂടി മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാഴക്കോട്-ആലത്തൂർ സ്റ്റേറ്റ് ഹൈവേ**

25(5871) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചേലക്കര മണ്ഡലത്തിലെ വാഴക്കോട്-ആലത്തൂർ സ്റ്റേറ്റ് ഹൈവേ റോഡിൽ വാഴക്കോട് ഭാഗത്ത് റോഡ് വീതി കൂട്ടി നിർമ്മിക്കുന്നതിന് വനം വകുപ്പിൽ നിന്നും സ്ഥലം വിട്ടുകിട്ടുന്നതിനായി പൊതുമരാമത്ത് വകുപ്പ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

വാഴക്കോട്-ആലത്തൂർ സ്റ്റേറ്റ് ഹൈവേ റോഡിൽ വാഴക്കോട് ഭാഗത്ത് റോഡ് വീതി കൂട്ടി നിർമ്മിക്കുന്നതിന് വനം വകുപ്പിൽനിന്നും സ്ഥലം വിട്ടുകിട്ടുന്നതിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത വിവരം ഫോറസ്റ്റ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിൽനിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## റോഡുകളുടെ നവീകരണം

26(5872) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) നിലവിൽ തകർന്നുകിടക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണി ഉടൻ പൂർത്തിയാക്കുമോ ; ആയതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) റോഡുവികസനത്തിന് ഫണ്ട് സ്വരൂപിക്കുന്നതിനായി ഏതെങ്കിലും തരത്തിലുള്ള പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) നാദാപുരം മണ്ഡലത്തിലെ എടച്ചേരി-ഇരിങ്ങണ്ണൂർ റോഡിന്റെ ടെണ്ടർ ആയിട്ടും പണി പുരോഗമിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) നിരത്തുകളും പാലങ്ങളും വിഭാഗത്തിലുള്ള റോഡുകളുടെ നവീകരണത്തിന്റെ ഭാഗമായി റോഡുകളിൽ പല സ്ഥലങ്ങളിലും നിരന്തരമായി സംഭവിക്കുന്ന കേടുപാടുകൾ ഒഴിവാക്കുന്നതിനും റോഡുകളുടെ വീതികൂട്ടൽ, ബി.എം. &ബി.സി ഉപയോഗിച്ച് ഉപരിതലം പുതുക്കൽ, ഓട, കലുങ്ക് എന്നിവയുടെ നിർമ്മാണം, നടപ്പാത, സംരക്ഷണഭിത്തി നിർമ്മാണം എന്നിവ ആവശ്യമാണ്. ഇത്തരം റോഡുകളുടെ നവീകരണത്തിനായി ജനറൽ സ്റ്റഡി നടത്തുകയും അത് പ്രകാരം സംസ്ഥാനത്ത് 2100 കി.മീ. ദൈർഘ്യമുള്ള റോഡുകൾക്ക് ഏകദേശം 2800 കോടി രൂപ ചെലവ് വരുന്ന പുനർനിർമ്മാണം ആവശ്യമാണെന്നും കണ്ടെത്തിയിട്ടുണ്ട്.

സംസ്ഥാന ദേശീയ പാതകളുടെ വികസനം കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ ദേശീയപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എൻ.എച്ച് 17-ഉം എൻ.എച്ച്.47-ഉം സർവീസ് റോഡോടുകൂടിയ നാലുവരിപ്പാതയായും മറ്റ് ദേശീയപാതകളായ എൻ.എച്ച്. 49, എൻ.എച്ച്. 208, എൻ.എച്ച്. 212, എൻ.എച്ച്.213, എൻ.എച്ച്.220, എൻ.എച്ച്.183A, എൻ.എച്ച്. 185 എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായും വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ എൻ.എച്ച് 17 ഉം എൻ.എച്ച്. 47-ഉം വികസിപ്പിക്കുന്നതിനായി NHAI-യെ ആണ് ഏൽപ്പിച്ചിരിക്കുന്നത്. മറ്റ് ദേശീയപാതകളുടെ വികസനം കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന പൊതുമരാമത്ത് വകുപ്പാണ് നടപ്പിലാക്കുന്നത്.

ഇതിനായുള്ള വിശദമായ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

കെ.ആർ.എഫ്.ബി-യുടെ ആഭിമുഖ്യത്തിൽ ആലപ്പുഴ, കണ്ണൂർ, കൊല്ലം എന്നിവിടങ്ങളിൽ നഗര റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകളുടെ നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ സ്റ്റേറ്റ് ഹൈവേകളിലും മേജർ ജില്ലാ റോഡുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1100 കി.മീ. റോഡുകളുടെ സമഗ്ര വികസനത്തിനായി രൂപീകരിച്ച "സംസ്ഥാന റോഡ് വികസന പദ്ധതി' (SRIP) യാണ് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി നടപ്പിൽ വരുത്തുന്നത്. റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് വിഭാഗങ്ങളിലായിട്ടാണ് റോഡുകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പദ്ധതിയുടെ റീഹാബിലിറ്റേഷൻ പാക്കേജിൻ കീഴിൽ ഒരു പൈലറ്റ് പ്രോജക്ടായി 83 കി.മീ. ദൈർഘ്യം വരുന്ന 4 റോഡുകളുടെ 2 പാക്കേജുകളായി പാക്കേജ് എ യും (കാസർഗോഡ് ജില്ല) പാക്കേജ് ബി യും (കോട്ടയം, തിരുവനന്തപുരം ജില്ല) നവീകരണം പൊതു സ്വകാര്യ പങ്കാളിത്ത ത്തോടെ (പി.പി.പി. ആന്വിറ്റി) രീതിയിൽ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ കഴിഞ്ഞ സെപ്തംബർ മാസം ഏകദേശം 6400 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ സഞ്ചാരയോഗ്യമാക്കുന്ന തിനായി 1579 പ്രവൃത്തികൾക്ക് 151.72 കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തികളുടെ നിർവ്വഹണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദേശീയപാതകൾ പൊതുവേ സഞ്ചാരയോഗ്യമാണ്. ദേശീയപാതകളിൽ കുഴികൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് തന്നെ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കി നിലനിർത്തിവരുന്നുണ്ട്.

(സി) റോഡ് വികസനത്തിന് ആവശ്യമായി വരുന്ന 10 കോടി രൂപയോ അതിൽ കൂടുതലോ ചെലവുവരുന്ന പദ്ധതികൾക്കായി ഫണ്ട് സമാഹരിക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഇതുവഴി റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താനുള്ള പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്.

(ഡി) നാദാപുരം മണ്ഡലത്തിലെ എടച്ചേരി-ഇരിങ്ങണ്ണൂർ റോഡിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ചില തർക്കങ്ങൾ നിലവിലുള്ളതിനാലാണ് റോഡുപ്രവൃത്തി പുരോഗതിയിൽ തടസ്സം നേരിടുന്നത്.

## കാക്കനാട് റെയിൽവേ ഓവർ ബ്രിഡ്ജ്

27(T* 5873) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജക മണ്ഡലത്തിൽ കായംകുളം തിരുവല്ല റോഡിൽ കാക്കനാട് റെയിൽവേ ഗേറ്റിൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ കാക്കനാട് റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ പരിഗണനയിലില്ല.

## ബ്രിഡ്ജസ് വിഭാഗത്തിനുകീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ

28(5874) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ബ്രിഡ്ജസ് വിഭാഗത്തിനുകീഴിൽ ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽ ഇതിനകം ഭരണാനുമതി ലഭിച്ചതും ഭരണാനുമതിക്കായി സമർപ്പിച്ചതുമായ പ്രവൃത്തികൾ ഏതൊക്കെ ;

(സി) ഭരണാനുമതി ലഭിച്ചിട്ടും ഇതിനകം ആരംഭിക്കാനാകാത്ത പ്രവൃത്തികൾ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ബ്രിഡ്ജസ് വിഭാഗത്തുനുകീഴിൽ പ്രവൃത്തികളൊന്നും നടന്നു വരുന്നില്ല.

(ബി&സി) ഭരണാനുമതി ലഭിച്ചതും ഭരണാനുമതിക്കായി സമർപ്പിച്ചതുമായ പ്രവൃത്തികൾ ഒന്നും തന്നെ ഇല്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**റോഡുകളുടെ പുനരുദ്ധാരണം**

29(5875) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണ ജോലികൾക്കും അറ്റകുറ്റപ്പണികൾക്കും ഭരണാനുമതി കൊടുത്ത ജോലികളിൽ ടെണ്ടർ വിളിക്കുവാനുള്ള ജോലികൾക്ക് ടെണ്ടർ വിളിക്കുവാൻ അനുവാദം കൊടുത്തിട്ടില്ലാത്തതിനാൽ ജനങ്ങൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡുകളുടെ ഇപ്പോഴത്തെ ശോച്യാവസ്ഥ പരിഹരിക്കാൻ പ്രസ്തുത ജോലികളുടെ ടെണ്ടർ വിളിക്കുവാൻ അനുവാദം നല്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തികാനുമതിയും പ്രത്യേകാനുമതിയും ഇല്ലാതെ ഭരണാനുമതി നൽകിയതിനാലാണ് ഈ പ്രവൃത്തികൾ ടെണ്ടർ ചെയ്യാൻ കഴിയാതിരുന്നത്.

(ബി) പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ചീഫ് എഞ്ചിനീയർ മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വളാഞ്ചേരി മുനിസിപ്പൽ റിംഗ് റോഡ് നവീകരണം**

30(5876) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വളാഞ്ചേരി മുനിസിപ്പൽ റിംഗ് റോഡ് നവീകരണവുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയറുടെ(ദേശീയപാത) ഓഫീസിൽനിന്നും എസ്റ്റിമേറ്റ് സർക്കാരിലേയ്ക്ക് നൽകിയിട്ടുണ്ടോ ; വളാഞ്ചേരി ടൗണിൽ മണിക്കൂറുകളോളം ഗതാഗതക്കുരുക്കു ണ്ടാകുന്നത് ബന്ധപ്പെട്ട അധികാരികൾ പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) ഡെവലപ്പ്മെന്റ് ഓഫ് അർബൻ ലിങ്ക് ഓഫ് നാഷണൽ ഹൈവേ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി, പ്രസ്തുത റോഡ് നവീകരണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇപ്പോൾ ചീഫ് എഞ്ചിനീയറുടെ ഓഫീസിലുള്ള ഫയലിൽ, പ്രസ്തുത ഡെവലപ്പ്മെന്റ് ഓഫ് അർബൻ ലിങ്ക് ഓഫ് നാഷണൽ ഹൈവേ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ഈ പ്രവൃത്തി ശിപാർശ ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വളാഞ്ചേരി മുനിസിപ്പൽ റിംഗ് റോഡ് നിർമ്മാണം ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ വരുന്നതല്ല. ആകയാൽ ദേശീയപാതാ വിഭാഗത്തിൽ നിന്നും ഇതുസംബന്ധിച്ച എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടില്ല. വളാഞ്ചേരി ടൗണിൽ ഗതാഗതക്കുരുക്കുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) വളാഞ്ചേരി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി ടൗണിന്റെ നവീകരണത്തിനായുള്ള എസ്റ്റിമേറ്റ് Development or Urban Links NH എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

31(5877) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കായി നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഈ സർക്കാർ ചെയ്ത റോഡുകളുടെ പട്ടിക ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) 2015-16 സാമ്പത്തിക വർഷം മന്ത്രിസഭാ യോഗ തീരുമാന പ്രകാരം 552.11 കോടി രൂപ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പരിഗണിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

**പേഴ്സണൽ സ്റ്റാഫംഗങ്ങളുടെ ക്വാർട്ടേഴ്സുകൾ**

32(5878) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫംഗങ്ങളായി നിയമിതരായ ഉദ്യോഗസ്ഥർക്ക് ലഭിച്ച ക്വാർട്ടേഴ്സുകളിൽനിന്നും മന്ത്രിസഭയുടെ കാലാവധി കഴിഞ്ഞുവെന്ന കാരണത്താൽ അവർ ഒഴിഞ്ഞുപോകണമെന്ന് കാണിച്ച് നോട്ടീസ് നൽകിയിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ അങ്ങനെ നോട്ടീസ് ലഭിച്ചവരുടെ പേര് വിവരവും അവർ ഏത് മന്ത്രിയുടെ സ്റ്റാഫംഗമായിരുന്നുവെന്നും കാലാവധിയും സഹിതം വ്യക്തമാക്കുമോ ;

(സി) സർക്കാർ സർവ്വീസിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മന്ത്രിമാരുടെ സ്റ്റാഫംഗങ്ങളായി നിയമിതരാകുന്നവർക്ക് അനുവദിച്ച ക്വാർട്ടേഴ്സുകൾ, മന്ത്രിസഭയുടെ കാലാവധി കഴിയുമ്പോൾ ഒഴിയണമെന്ന്, ക്വാർട്ടേഴ്സുകൾ അനുവദിച്ച സമയത്ത് നിയമമുണ്ടായിരുന്നുവോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സുകൾ അനുവദിച്ചപ്പോൾ, അവർ പൊതുമരാമത്ത് വകുപ്പുമായി ഏർപ്പെട്ട കരാറിൽ, അവർ സർക്കാർ സർവ്വീസിൽ തുടരുന്നവരായാലും മന്ത്രിസഭയുടെ കാലാവധി കഴിയുന്ന മുറക്ക് ക്വാർട്ടേഴ്സുകൾ ഒഴിഞ്ഞുനൽകണമെന്ന് വ്യവസ്ഥ വച്ചിട്ടുണ്ടായിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(ഇ) എങ്കിൽ അപ്രകാരമുള്ള ഏതെങ്കിലും കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) സർവ്വീസിൽ തുടരുന്ന ഉദ്യോഗസ്ഥരെ, നാളിതുവരെ ഇല്ലാത്ത രീതിയിൽ വിവേചനപരവും ശത്രുതാപരവുമായ രീതിയിൽ ക്വാർട്ടേഴ്സുകളിൽനിന്നും ഒഴിപ്പിക്കാനെടുക്കുന്ന നടപടി നിർത്തിവെയ്ക്കുമോ ?

<u>ഉത്തരം</u>

(എ) 7-9-2016-ലെ സ.ഉ. (കൈ) നമ്പർ 65/2016/പൊ.മ.വ. പ്രകാരം Rules for Allotment and Occupation of Government Servant's Quarters in Kerala, 2006-ലെ ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. ടി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ക്വാർട്ടേഴ്സ് അനുവദിച്ചുകിട്ടിയ പേഴ്സണൽ സ്റ്റാഫുകൾ, അവർ പേഴ്സണൽ സ്റ്റാഫിൽനിന്നും സ്ഥാനമൊഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ അവർക്കനുവദിച്ച ക്വാർട്ടേഴ്സ് ഒഴിഞ്ഞുകൊടുക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടത്തിന്റെ അടിസ്ഥാനത്തിൽ പേഴ്സണൽ സ്റ്റാഫിൽനിന്നും സ്ഥാനമൊഴിഞ്ഞതും എന്നാൽ ക്വാർട്ടേഴ്സിൽ താമസം തുടരുന്നതുമായ ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സ് ഒഴിയാനായി നോട്ടീസ് നൽകിയിട്ടുണ്ട്.

(ബി) നോട്ടീസ് ലഭിച്ചവരുടെ പേര് വിവരവും അവർ ഏത് മന്ത്രിയുടെ സ്റ്റ്റാഫംഗമായിരുന്നുവെന്നും ഉള്ള വിശദ വിവരം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു*

(സി-എഫ്) 7-9-2016-ലെ സ.ഉ.(കൈ)നമ്പർ 65/2016/പൊ.മ.വ.-ലെ ചട്ടം 3(2)ii, 3(2) iia പ്രകാരം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫുകൾ മന്ത്രിസഭയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാലാവധി അവസാനിക്കുമ്പോൾ അനുവദിച്ചുകിട്ടിയ ക്വാർട്ടേഴ്സ് ഒഴിയണമെന്ന് വ്യവസ്ഥ ചെയ്യുന്നു. 7-9-2016-ന് മുൻപ് ക്വാർട്ടേഴ്സ് അനുവദിക്കുമ്പോൾ ഏർപ്പെടുന്ന കരാറിൽ പേഴ്സണൽ സ്റ്റാഫുകൾ അവർ സർക്കാർ സർവ്വീസിൽ തുടരുന്നവരായാലും മന്ത്രിസഭയുടെ കാലാവധി കഴിയുന്ന മുറയ്ക്ക് ക്വാർട്ടേഴ്സുകൾ ഒഴിഞ്ഞുനൽകണമെന്ന വ്യവസ്ഥയില്ലായിരുന്നു. Rules for Allotment and Occupation of Government Servent's Quarters in Kerala, 2006-ലെ റൂൾ 11 (1), 11 (2) പ്രകാരം അപ്പൻഡിക്സ് V-ൽ നിഷ്കർഷിക്കുന്ന മാതൃകയിലാണ് കരാറിലേർപ്പെടുന്നത്. ടി കരാറിലെ clause I(viii) പ്രകാരം നിലവിലുള്ളതും കാലാകാലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും പാട്ടക്കരാറുകാരൻ (Lessee) പാലിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസക്ത ഭാഗം അനുബന്ധം ബി ആയി ചേർത്തിരിക്കുന്നു*. ഇപ്രകാരം കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും കരാറിന്റെ ഭാഗമാകുന്നതിനാൽ 7-9-201-ലെ സ.ഉ. (കൈ) നമ്പർ 65/2016/പൊ.മ.വ. പ്രകാരം പുറപ്പെടുവിച്ച ഭേദഗതികൾ ചട്ടപ്രകാരവും നീതിയുക്തവുമാണ്. ആയത് Lessee അനുസരിക്കാൻ ബാധ്യസ്ഥരാണ്.

## വൈപ്പിൻ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

33(5879) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ ;

(സി) ഏതെങ്കിലും പ്രവൃത്തി അനിശ്ചിതമായി തടസ്സപ്പെട്ട് കിടക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം പ്രവൃത്തികളെന്നും എന്തുകാരണത്താലെന്നും വിശദമാക്കുമോ ?

### ഉത്തരം

(എ&ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികളും, അവയുടെ കാലതാമസത്തിനുള്ള കാരണവും നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിലുള്ളവയുടെ ലിസ്റ്റ് അനുബന്ധം I* ആയും കെട്ടിട വിഭാഗത്തിൻ കീഴിൽ വരുന്നവയുടെ ലിസ്റ്റ് അനുബന്ധം II* ആയും ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇക്ബാൽ റോഡ് പണി ആരംഭിച്ച് പ്രാരംഭ നടപടികളായപ്പോൾ റോഡിന്റെ വീതി വർദ്ധിപ്പിച്ച് മാത്രമേ പണി നടത്താവൂ എന്ന് നാട്ടുകാർ തടസ്സവാദം ഉന്നയിച്ചു. എന്നാൽ സ്ഥല ലഭ്യത ഇല്ലാത്തതിനാൽ പണി തടസ്സപ്പെട്ടിരുന്നു. ഇപ്പോൾ ഭാഗീകമായി സ്ഥലം ലഭ്യമായെങ്കിലും വർക്ക് പൂർത്തീകരിക്കാൻ കാലതാമസം വന്നതിനാൽ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി കരാറുകാരൻ അപേക്ഷിച്ചിരിക്കുകയാണ്. ആയത് പരിശോധിച്ചുവരുന്നു.

## കഞ്ഞിപ്പുര-മൂടാൽ റോഡിലെ പൈപ്പ് ലൈനുകളും ഇലക്ട്രിക് പോസ്റ്റും മാററുന്നതിന് നടപടി

34(5880) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഞ്ഞിപ്പുര-മൂടാൽ റോഡിലെ പൈപ്പ് ലൈനുകളും ,ഇലക്ട്രിക് പോസ്റ്റും മാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ടോ ; ഈ എസ്റ്റിമേറ്റിൽ ചീഫ് എഞ്ചിനീയർ എടുത്ത നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച ഫയലിൽ ലെറ്റർ ഓഫ് ക്രഡിറ്റ് ഇഷ്യൂ ചെയ്തിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

(സി) പ്രവൃത്തി പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ, ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസിന്റെ നീളം 6 കി.മീ. ആണ്. ഈ ബൈപ്പാസിനായി 2012-ൽ ഭരണാനുമതി ലഭിച്ച 25 കോടി രൂപയിൽ 10 കോടി രൂപ ലാന്റ് അക്വിസിഷനും, 15 കോടി രൂപ ബൈപ്പാസ് നിർമ്മാണത്തിനുമായിട്ടാണ് നൽകിയത്. അനുവദിച്ച ഈ തുക ഉപയോഗിച്ച് റോഡ് പ്രവൃത്തിക്ക് പുറമേ 1.850 കി.മീ. ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ നടത്താൻ മാത്രമാണ് സാധിച്ചത്. സ്ഥലമെടുത്ത ഭാഗത്തെ പ്രവൃത്തി പുരോഗമിക്കുന്നു. ഈ ബൈപ്പാസിന്റെ പൂർത്തീകരണത്തിനായി ശേഷിക്കുന്ന 4.150 കി.മീ. ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ, പൈപ്പ് ലൈനുകളും ഇലക്ട്രിക് പോസ്റ്റും മാറ്റുന്ന പ്രവൃത്തികൾക്ക് ആവശ്യമായി വരുന്ന അധികതുക അടക്കം 48.56 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ റോഡിന്റെ പ്രവൃത്തിയും ഭൂമി ഏറ്റെടുക്കലും പൈപ്പുകളും ഇലക്ട്രിക് പോസ്റ്റും മാറ്റുന്നതിനുള്ള പ്രവൃത്തികളും ഉൾപ്പെടുത്തിയുള്ള എസ്റ്റിമേറ്റ് ആണ് സമർപ്പിക്കേണ്ടത് എന്ന നിർദ്ദേശം മഞ്ചേരി നിരത്തുവിഭാഗം എക്സി. എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ആയത് പ്രകാരമുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി&സി) കഞ്ഞിപ്പുര-മൂടാൽ റോഡിലെ ഇലക്ട്രിക് പോസ്റ്റുകളും, ട്രാൻസ്ഫോർമറുകളും മാറ്റിസ്ഥാപിക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി.എൽ.-ന് കൈമാറേണ്ട തുകയ്ക്കുള്ള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. ധനകാര്യ വകുപ്പിൽ നിന്ന് ലെറ്റർ ഓഫ് ക്രെഡിറ്റ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതാണ്.

## സർവ്വീസ് റോഡ് നിർമ്മാണം

35(T5881) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ സ്വാതിജംഗ്ഷൻ മുതൽ നെല്ലിയാംകുന്ന് വരെ ദേശീയ പാതയിൽ സർവ്വീസ് റോഡ് ഇല്ലാത്തതിനാൽ വാനൂർ, കീഴ്പാടം, മരുതംകാട്, പൊട്ടിമട, കേരളപറമ്പ് പ്രദേശങ്ങളിലെ പതിനായിരത്തോളം കുടുംബങ്ങൾ യാത്രാബുദ്ധിമുട്ട് അനുഭവിക്കുന്നകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സർവ്വീസ് റോഡ് നിർമ്മിച്ച് ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ ആരംഭിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. NH-47 വാളയാർ മുതൽ വടക്കാഞ്ചേരി വരെ നാലുവരിപ്പാതയാക്കുന്ന പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് (NHAI) നടപ്പിലാക്കിയത്. കൺസഷൻ എഗ്രിമെന്റ് പ്രകാരം സ്വാതി ജംഗ്ഷൻ മുതൽ നെല്ലിയാംകുന്ന് വരെയുള്ള ദേശീയപാതയിൽ സർവ്വീസ് റോഡിന്റെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ജനങ്ങളുടെ ബുദ്ധിമുട്ട് മനസ്സിലാക്കി സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുമെന്നാണ് (NHAI) അധികൃതർ അറിയിച്ചിരിക്കുന്നത്.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## റോഡുകളിൽ ഓവർ ഹെഡ് കേബിൾ, പൈപ്പ് ലൈൻ, പരസ്യ ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ

36(5882) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകളിൽ ഓവർ ഹെഡ് കേബിൾ, പൈപ്പ് ലൈൻ, പരസ്യബോർഡുകൾ എന്നിവ സ്ഥാപിക്കാൻ അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(ബി) ആയതിന് അനുമതി നൽകുന്നതിനുള്ള അധികാരമുള്ള ഉദ്യോഗസ്ഥൻ ആരാണ് ;

(സി) നിയമവ്യവസ്ഥ ലംഘിച്ചും അനുമതി ഇല്ലാതെയും ഓവർഹെഡ് കേബിളുകളും പൈപ്പ് ലൈനും പരസ്യബോർഡുകളും മറ്റും സ്ഥാപിച്ചതുമൂലം വാഹനങ്ങൾക്കും യാത്രക്കാർക്കും അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഓവർഹെഡ് കേബിളുകളും പൈപ്പ് ലൈനും പരസ്യബോർഡുകളും നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ ദേശീയ പാതാ വിഭാഗത്തിനുകീഴിലുള്ള റോഡുകളിൽ ഓവർഹെഡ് കേബിൾ, പരസ്യ ബോർഡുകൾ എന്നിവ സ്ഥാപിക്കാൻ അനുമതി നൽകാറില്ല. നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിലെ റോഡുകളിൽ പൈപ്പ് ലൈനുകൾ, കേബിൾ, പോസ്റ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടി വരുന്ന തുക പൊതുമരാമത്ത് വകുപ്പിന് കൈമാറിയതിനുശേഷമേ പ്രസ്തുത പ്രവൃത്തികൾ ക്കായുള്ള അനുമതി നൽകാറുള്ളൂ. കൂടാതെ ഓവർഹെഡ് കേബിൾ സ്ഥാപിക്കു ന്നതിനായി വാടക ഒടുക്കി ടി പ്രവൃത്തികൾക്കായുള്ള അനുമതിയും നൽകുന്നുണ്ട്. നിലവിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ റോഡുകളിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനായി അനുമതി നൽകാറില്ല. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ മറ്റ് വകുപ്പുകൾ കുഴിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ ചുവടെ ചേർക്കുന്നു :

1. പ്രവൃത്തികൾ ചെയ്യുന്നതിന്റെ അനുമതികൾക്കായി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് രണ്ട് മാസം മുമ്പ് വിശദമായ അപേക്ഷ സമർപ്പിക്കണം.
2. റോഡ് കുഴിക്കുന്ന സ്ഥലത്തിന്റെ വിശദമായ രൂപരേഖ, പ്രവൃത്തിയുടെ വിവരങ്ങൾ, പ്രവൃത്തി ആരംഭിക്കാനും പൂർത്തിയാക്കാനും ഉദ്ദേശിക്കുന്ന തീയതി എന്നിവ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.
3. അപേക്ഷയുടെ അടിസ്ഥാനത്തിൽ റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള തുക ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ കെട്ടിവയ്ക്കേണ്ടതാണ്.
4. തുടർന്ന് അപേക്ഷ പരിഗണനയ്ക്കായി ജില്ലാതല ഏകോപന സമിതിക്ക് അനുമതിക്കായി സമർപ്പിക്കുകയും അനുമതി നൽകുന്ന മുറയ്ക്ക് അപേക്ഷകന് പണി തുടങ്ങാനുള്ള ഉത്തരവ് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകുന്നതാണ്.

(ബി) ദേശീയ പാത വിഭാഗത്തിൽ ടാർ ചെയ്ത ഭാഗങ്ങളിലാണ് പൈപ്പ് ഇടേണ്ടതെങ്കിൽ കേന്ദ്രമന്ത്രാലയത്തിലെ ചീഫ് എഞ്ചിനീയറുടെ അനുമതിയും മറ്റ് സ്ഥലങ്ങളിൽ ഇടുന്നതിന് സംസ്ഥാന ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ അനുമതിയും വേണം. റോഡുകളും പാലങ്ങളും വിഭാഗത്തിൻ കീഴിലെ റോഡുകളിൽ മറ്റ് വകുപ്പിന്റെ ആവശ്യങ്ങൾക്കായി അനുമതി നൽകുന്നത് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടാൽ അവ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ഉടനടി സ്വീകരിക്കാറുണ്ട്. റോഡുകളും നടപ്പാതകളും കയ്യേറുകയും അവയ്ക്ക് നാശനഷ്ടം വരുത്തിയതായും ശ്രദ്ധയിൽപ്പെട്ടാൽ നാഷണൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനായി എൻ.എച്ച്.-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ എൻ.എച്ച്-നെയും സ്റ്റേറ്റ് ഹൈവേയുടെയും മറ്റ് പ്രധാന ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ്) നെയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിലെ സി.ആർ.എഫ്. റോഡുകൾ

37(5883) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് സെൻട്രൽ റോഡ് ഫണ്ട് ഉപയോഗിച്ച് നടത്തിയ റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.ആർ.എഫ്. പ്രകാരം കോഴിക്കോട് ജില്ലയിൽനിന്ന് നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ ഏതൊക്കെ യാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ ?

### ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് റോഡ് ഫണ്ട് ഉപയോഗിച്ച് ഓരോ വർഷവും നടത്തിയ റോഡ് നിർമ്മാണ പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി.ആർ.എഫ്. പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ അത്തോളി-ചെക്കിലോട്ട്-നൻമിണ്ട (കി.മീ.0/000 മുതൽ 10/400) എന്ന പ്രവൃത്തി കേന്ദ്രത്തിലേയ്ക്ക് നിർദ്ദേശിക്ക പ്പെടുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. സാമ്പത്തികാനുമതി നൽകുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിലെ തസ്തികകൾ

38(5884) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുവെന്നും അവ ഏതൊക്കെ എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ എത്ര തസ്തികകൾ ഇതുവരെയായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും ഈ തസ്തികകളിൽ ഇനിയും നികത്താത്ത എത്ര ഒഴിവുകൾ ഉണ്ടെന്നും വ്യക്തമാക്കുമോ ;

(സി) തസ്തികകൾ സൃഷ്ടിക്കാതെ താല്ക്കാലികമായും/കരാർ/ദിവസ വേതന പ്രകാരവും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും ഏതൊക്കെ തസ്തികയിലാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സ്ഥിരം ഒഴിവുകളിൽ താല്ക്കാലികമായും/കരാർ/ദിവസവേതന പ്രകാരം ജോലി ചെയ്യുന്ന എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) റിട്ടയർ ചെയ്ത എത്ര ജീവനക്കാർ താല്ക്കാലികമായും ദിവസവേതന പ്രകാരവും ജോലിയിൽ തുടരുന്നുണ്ടെന്നും, ഇവർ എത്ര വർഷങ്ങളായി തുടരുന്നുണ്ടെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 24 ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ഓഫീസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത ഓഫീസുകളിൽ വിവിധ കാറ്റഗറികളിലായി റോഡ്സ് &ബ്രിഡ്ജസ് വിഭാഗത്തിൽ 120 തസ്തികകളും കെട്ടിട വിഭാഗത്തിൽ 127 തസ്തികകളും എൻ.എച്ച്. വിഭാഗത്തിൽ 28 തസ്തികകളും ഇതുവരെ സൃഷ്ടിച്ചിട്ടുണ്ട്. നിലവിൽ വിവിധ തസ്തികകളിലായി 50 ഒഴിവുകൾ നികത്താനുണ്ട്.

(സി) കാഞ്ഞങ്ങാട് കെട്ടിട വിഭാഗം സെക്ഷൻ ഓഫീസിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഒരു പമ്പ് ഓപ്പറേറ്റർ ജോലി ചെയ്യുന്നുണ്ട്. കൂടാതെ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള 4 റസ്റ്റ് ഹൗസുകളിൽ ഓരോ കാഷ്വൽ സ്വീപ്പർമാർ വീതം 4 പേർ താൽക്കാലികമായി ജോലി ചെയ്യുന്നുണ്ട്.

(ഡി) കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലുള്ള മഞ്ചേശ്വരം റസ്റ്റ് ഹൗസിൽ സ്ഥിരം ഒഴിവിൽ ഒരു കാഷ്വൽ സ്വീപ്പറിനെ നിയമിച്ചിട്ടുണ്ട്.

(ഇ) റിട്ടയർ ചെയ്ത ജീവനക്കാർ ആരും ജോലിയിൽ താൽക്കാലികമായും ദിവസവേതന പ്രകാരവും തുടരുന്നില്ല.

**നിലമ്പൂർ മണ്ഡലത്തിലെ ബൈപ്പാസ് റോഡ്**

39(5885) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ മണ്ഡലത്തിലെ ബൈപാസ് റോഡ് നവീകരണത്തിന് 2016-17 വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്ത മാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കു ന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. നിലവിൽ ആരുടെ പരിഗണന യിലാണുള്ളത് എന്ന് അറിയിക്കാമോ;

(ഡി) നിലമ്പൂർ മണ്ഡലത്തിലെ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെട്ട നിലവിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദ മാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയിൽ ഭരണാനുമതി ലഭിച്ചവയിൽ നിർമ്മാണം പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ, ഓരോന്നിന്റെയും പുരോഗതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലമ്പൂർ മണ്ഡലത്തിലെ ബൈപാസ് റോഡ് നവീകരണത്തിന് 2016-17 വർഷത്തെ ബഡ്ജറ്റ് സ്പീച്ചിൽ 100 കോടി രൂപയും പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമെടുപ്പ് നടപടിക്കുവേണ്ടി പുതുക്കിയ ബഡ്ജറ്റിൽ 105 കോടി രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് ടോക്കൺ പ്രൊവിഷനും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) ഇല്ല. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിനായി ശേഷിക്കുന്ന ഭൂമി ഏറ്റെടുക്കൽ നടപടിക്കായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി&ഇ) നിലമ്പൂർ മണ്ഡലത്തിലെ നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെട്ട കുട്ടപ്പാടി പാലത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 60% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലമ്പൂർ മണ്ഡലത്തിൽ മറ്റ് നബാർഡ് പ്രവൃത്തികൾ ഒന്നും തന്നെ ഇല്ല.

**നിലമ്പൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

40(5886) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ (റോഡ്സ് & ബ്രിഡ്ജസ്) ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും ( ബിൽഡിംഗ് സെക്ഷൻ ഉൾപ്പെടെ) വിശദമാക്കാമോ ;

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പ്രവൃത്തികളിൽ ഇനിയും ആരംഭിക്കുവാനുള്ളവ ഏതൊക്കെയാണെന്നും അവയ്ക്കുള്ള കാലതാമസം എന്താണെന്നും അറിയിക്കാമോ ;

(സി) നിലമ്പൂർ ബൈപ്പാസ് റോഡിന്റെ നിലവിലെ സ്ഥിതി എന്താണ് ; ബൈപ്പാസ് റോഡ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഏറനാട് മണ്ഡലത്തിലെ ഊർങ്ങാട്ടിരി മൂർക്കനാട് ജി.യു.പി.എസ്. അങ്ങാടി മുതൽ മൂർക്കനാട് മുജാഹിദ് പള്ളിവരെ (ഏകദേശം 400 മീറ്റർ) റോഡ് നവീകരണം നടക്കാതിരിക്കാൻ കാരണം വിശദമാക്കാമോ; നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലമ്പൂർ മണ്ഡലത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1. നിലമ്പൂർ ബൈപ്പാസ്-ഭൂമി ലഭ്യമായ 960 മീറ്ററിൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു.
2. നാടുകാണി-പരപ്പനങ്ങാടി റോഡ് (ഡി.എഫ്.ഐ.പി.)-12 കൾവർട്ട് 1250 റീട്ടെയിനിംഗ് വാൾ, 3575 മീ. ഡ്രെയിനേജ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. അതിർത്തി നിർണ്ണയത്തിന് വേണ്ടിയുള്ള സർവ്വേ നടന്നുവരുന്നു.
3. കുട്ടപ്പാടി പാലം നിർമ്മാണം (800 ലക്ഷം)- 50% പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ പുരോഗമിക്കുന്നു.

കെട്ടിട വിഭാഗത്തിന്റെ കീഴിൽ വരുന്ന പ്രവൃത്തികളുടെ പട്ടിക അനുബന്ധം I ആയി ചേർത്തിരിക്കുന്നു. *

(ബി) നിരത്തുകളും പാലങ്ങളും വിഭാഗം

1. കരിമ്പുഴ-പാത്തിപ്പാറ-മാമ്മുള്ളി-മുതീരി റോഡ്-സ്ഥലം പൂർണ്ണമായും വിട്ടുകിട്ടുന്നതിനുള്ള തർക്കം കാരണം പ്രവൃത്തി തുടങ്ങിയിട്ടില്ല.
2. പാലുണ്ട-മുണ്ടേരി റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിക്ക് 1220 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രത്യേകാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
3. പൂക്കോട്ടുംപാടം-ടി.കെ. കോളനി റോഡിന് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കെട്ടിട വിഭാഗത്തിന്റെ കീഴിൽ വരുന്ന പ്രവൃത്തകളുടെ പട്ടിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) നിലമ്പൂർ ബൈപ്പാസിന്റെ ഭൂമി ലഭ്യമായ 960 മീറ്ററിൽ പ്രവൃത്തി നടന്നുവരുന്നു. ശേഷിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള പുതുക്കിയ ഭരണാനുമതിക്കായുള്ള 105 കോടി രൂപയുടെ പ്രൊപ്പോസലിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പത്തനാപുരം-മൂർക്കനാട്-എടവണ്ണ റോഡിൽ കി.മീ. 1/500 മുതൽ 2/500 വരെയുള്ള ഭാഗത്തെ റോഡ് നവീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പെരിയയിൽ പൊതുമരാമത്ത് ഗസ്റ്റ്ഹൗസ് സ്ഥാപിക്കുന്നതിന് നടപടി**

41(5887) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ പെരിയയിൽ പി.ഡബ്ല്യു.ഡി.-യുടെ കൈവശം എത്ര ഏക്കർ സ്ഥലമുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തി ഇവിടെ ഒരു ഗസ്റ്റ് ഹൗസ് സ്ഥാപിക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഇതിൻെറ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ പെരിയയിൽ പി.ഡബ്ല്യു.ഡി. യുടെ കൈവശം 54 സെന്റ് സ്ഥലമുണ്ട്.

(ബി&സി) ഗസ്റ്റ് ഹൗസ് സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ നിലവിലില്ല. എന്നാൽ ഈ സ്ഥലത്ത് പൊതുമരാമത്ത് വകുപ്പിനുകീഴിൽ ഒരു റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. നിലവിൽ പഴകി പൊളിഞ്ഞ ഉപയോഗശൂന്യമായ കെട്ടിടം ഉൾപ്പെട്ട ടി സ്ഥലം കാട് കയറി കിടക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സെൻട്രൽ റോഡ് ഫണ്ട്

42 (5888) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ട്(സി.ആർ.എഫ്.) ഉപയോഗിച്ച് സംസ്ഥാനത്തെ റോഡുകൾ നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ;

(ബി) സി.ആർ.എഫ്. ലഭ്യമാകാനാവശ്യമായ നടപടിക്രമങ്ങൾ വ്യക്തമാക്കാമോ ;

(സി) മുൻസർക്കാരിന്റെ കാലത്ത് സി.ആർ.എഫ്. ഉപയോഗിച്ച് നിർമ്മിച്ച റോഡുകൾ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് സി.ആർ.എഫ്.-ൽ ഉൾപ്പെടുത്താൻ വേണ്ടി ഏതെല്ലാം റോഡുകൾ പരിഗണിച്ചിരുന്നുവെന്ന് മണ്ഡലം തിരിച്ച് വ്യക്ത മാക്കാമോ ; പരിഗണിക്കപ്പെട്ട റോഡുകൾക്കെല്ലാം സി.ആർ.എഫ്. ലഭിച്ചിരുന്നുവോ ;

(ഇ) സി.ആർ.എഫ്. ഉപയോഗിച്ച് ഈ സർക്കാർ നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡുകളുടെ വിവരം മണ്ഡലം തിരിച്ച് നൽകാമോ; ഇക്കാര്യത്തിൽ കൈകൊണ്ട നടപടികൾ വ്യക്തമാക്കാമോ ?

### ഉത്തരം

(എ) സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കുന്നത് 10 കിലോമീറ്ററിൽ കുറയാത്ത സംസ്ഥാന പാതകൾ, മേജർ ജില്ലാ റോഡുകൾ, ദേശീയപാതയെ മറ്റ് പ്രധാനപ്പെട്ട റോഡുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ, അന്തർ സംസ്ഥാന പാതകൾ, വാണിജ്യ, വ്യവസായ, വിനോദ പ്രാധാന്യമുള്ള റോഡുകൾ എന്നിവയാണ്. കൂടാതെ പാലങ്ങളുടെ നിർമ്മാണവും സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്താറുണ്ട്. പെട്രോൾ, ഡീസൽ സെസിൽ നിന്നും രൂപീകരിക്കുന്ന സെൻട്രൽ റോഡ് ഫണ്ടിൽനിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതത്തിന്റെ ഒരു നിശ്ചിത ഭാഗമാണ് സി.ആർ.എഫ്. പദ്ധതികൾക്ക് അനുവദിക്കുന്നത്.

(ബി) നിയമസഭാ സാമാജികർ ഓരോ മണ്ഡലത്തിൽനിന്നും റോഡിന്റെ പ്രാധാന്യമനുസരിച്ച് തെരഞ്ഞെടുത്ത് സമർപ്പിക്കുന്ന പട്ടിക സംസ്ഥാന സർക്കാർ പരിശോധിച്ച് മുൻഗണനാ പട്ടിക, കേന്ദ്രത്തിൽ സമർപ്പിക്കുകയും സി.ആർ.എഫ്. -ന്റെ മാനദണ്ഡമനുസരിച്ച് കേന്ദ്ര സർക്കാർ സി.ആർ.എഫ്. പദ്ധതിയിൽ ഭരണാനുമതി നൽകുകയും ചെയ്യും.

(സി) മുൻ സർക്കാരിന്റെ കാലത്ത് സി.ആർ.എഫ്. ഉപയോഗിച്ച് നിർമ്മിച്ച റോഡുകൾ മണ്ഡലം തിരിച്ചുള്ള പട്ടിക അനുബന്ധം I* ആയി ചേർക്കുന്നു.

(ഡി) മുൻ സർക്കാരിന്റെ കാലത്ത് സി.ആർ.എഫ്.-ൽ ഉൾപ്പെടുത്താൻ വേണ്ടി പരിഗണിച്ചിരുന്ന റോഡുകളുടെ പട്ടിക അനുബന്ധം II* ആയി ചേർക്കുന്നു. പരിഗണിച്ച പട്ടികയിലെ എല്ലാ പദ്ധതികൾക്കും സി.ആർ.എഫ്. സ്കീമിൽ അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭിച്ച പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം I-ൽ ഉണ്ട്.

(ഇ) സി.ആർ.എഫ്. ഉപയോഗിച്ച് ഈ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന റോഡുകളുടെ പട്ടിക അനുബന്ധം III* ആയി ചേർക്കുന്നു. ഈ പദ്ധതികൾക്കെല്ലാം കേന്ദ്രത്തിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

**റോഡുകൾക്കിരുവശവും ഭൂമി കയ്യേറ്റം തടയുന്നതിന് നടപടി**

43(5889) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി. റോഡുകൾക്കിരുവശവും സ്വകാര്യ വ്യക്തികൾ റോഡിന്റെ ഭാഗമായ ഭൂമി കൈയ്യേറിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കയ്യേറ്റം ഒഴിപ്പിക്കാൻ എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കെ.എസ്.ടി.പി.-യുടെ അധീനതയിൽ വരുന്ന റോഡുകളിൽ ചില സ്ഥലങ്ങളിൽ സ്വകാര്യ വ്യക്തികൾ ഭൂമി കയ്യേറിയിരിക്കുന്നത് ഒഴിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കയ്യേറ്റങ്ങൾ റവന്യൂ അധികൃതരുടെ സഹായ ത്തോടുകൂടി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സംസ്ഥാനത്തെ റോഡ് കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി**

44(5890) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ റോഡ് കയ്യേറ്റത്തിന് ഉദ്യോഗസ്ഥന്മാർ ഒത്താശ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കഴക്കൂട്ടം-കാരക്കോണം ബൈപ്പാസ് റോഡിന്റെ ഇരുവശങ്ങളിലുമുള്ള സ്ഥലങ്ങൾ കച്ചവടക്കാർ കയ്യേറി കച്ചവടം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡുകളും നടപ്പാതകളും കയ്യേറുകയും നാശനഷ്ടം വരുത്തിയതായും ശ്രദ്ധയിൽപ്പെട്ടാൽ നാഷണൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെഷൻ 3) പ്രകാരം നടപടി സ്വീകരിക്കുന്നതിനായി NH-ന്റെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതേറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ദേശീയപാത) യേയും സ്റ്റേറ്റ് ഹൈവേയുടെയും മറ്റ് പ്രധാന ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും)യേയും 1999- ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഈ റോഡിനെ 45 മീറ്റർ നാലുവരിപ്പാതയായി വികസിപ്പിച്ച് വരികയാണ്. 45 മീറ്റർ റൈറ്റ് ഓഫ് വേയ്ക്ക് ഉള്ളിൽ വരുന്ന കയ്യേറ്റങ്ങൾ നാല് വരിപ്പാതയാക്കൽ പദ്ധതി നടക്കുന്ന മുറയ്ക്ക് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഉദ്യോഗസ്ഥർ ഒഴിപ്പിച്ചുവരുകയാണ്.

**ചെറുകാരത്ത് പാലം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ**

45(5891) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കാരേറ്റ്-നഗരൂർ റോഡിൽ ചെറുകാരത്ത് പാലം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിനായി സർവ്വേ നടപടികൾ പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും നിർമ്മാണ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ കാരേറ്റ് - നഗരൂർ റോഡിൽ ചെറുകാരം പാലം പുനർനിർമ്മാണത്തിലേയ്ക്കായി സർവ്വേ നടപടികളും ഇൻവെസ്റ്റിഗേഷൻ നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിലേയ്ക്കായി സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ജനറൽ ഡിസൈൻ ലഭിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കിയാൽ മാത്രമേ എത്ര രൂപ ചെലവ് വരുമെന്ന് അറിയാൻ സാധിക്കുകയുള്ളു.

**കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ റോഡുകളുടെ എസ്റ്റിമേറ്റുകൾ**

46(5892) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി റിംഗ് റോഡ്, കോട്ടയ്ക്കൽ-കോട്ടപ്പടി റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സമയബന്ധിതമായി സ്ഥലമേറ്റെടുക്കുന്ന പ്രശ്നമുൾപ്പെടെ പരിഹരിക്കാനാവശ്യമായ നിർദ്ദേശം, അധികാരികൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധിയിൽ പ്രസ്തുത പദ്ധതികളുടെ പ്രാരംഭ നടപടികൾ വന്നിട്ടുണ്ടോ ; വിശദമായ വിവരം ലഭ്യമാക്കുമോ ;

(ഡി) വളാഞ്ചേരി ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരമായ പ്രസ്തുത പദ്ധതിയുടെ മേൽനോട്ടത്തിന് ചീഫ് എഞ്ചിനീയർക്ക് പ്രത്യേക നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി റിംഗ് റോഡ്, കോട്ടയ്ക്കൽ-കോട്ടപ്പടി എന്നീ റോഡുകളുടെ എസ്റ്റിമേറ്റ് മഞ്ചേരി നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കിവരുന്നു.

(ബി-ഡി) 20-8-2016-ലെ സ.ഉ. (സാധാ.) നമ്പർ 1192/2016/പൊ.മ.വ. പ്രകാരം (SI.No. 11) കോട്ടയ്ക്കൽ-കോട്ടപ്പടി റോഡിന് 10 കോടി രൂപയുടെയും 1-11-2016-ലെ സ.ഉ. (സാധാ.) നമ്പർ 1502/2016/പൊ.മ.വ. (CODE No. PWD-006-00, Sl.No.25) പ്രകാരം വളാഞ്ചേരി റിംഗ് റോഡിന് 10 കോടി രൂപയുടെയും ഫണ്ട് KIIFB-യിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി ഉത്തരവുകൾ പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ഡി.പി.ആർ. തയ്യാറാക്കി പദ്ധതി നിർവ്വഹണത്തിന്റെ സ്പെഷ്യൽ പർപ്പസ് വേഹിക്കിൾ (SPV) ആയ കേരളാ റോഡ് ഫണ്ട് ബോർഡ് മുഖാന്തരം KIIFB-യുടെ അംഗീകാരത്തിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

### എറണാകുളത്തെ അണ്ടർ പാസേജ് സൗകര്യം

47(5893) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേയിൽ അതീവ തിരക്കേറിയതായ എറണാകുളത്തെ മരട്, കുണ്ടന്നൂർ, കുമ്പളം എന്നിവടങ്ങളിൽ അണ്ടർ പാസേജ് സൗകര്യം ഉണ്ടാക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് ഒരു പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിലേയ്ക്കായി ഒരു പദ്ധതി തയ്യാറാക്കുന്നതിന് സമയ ബന്ധിത നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) കുണ്ടന്നൂർ, കുമ്പളം ജംഗ്ഷനുകൾ ഉൾപ്പെടുന്ന ദേശീയപാത 47 ദേശീയപാത അതോറിറ്റിയുടെ പരിധിയിൽ വരുന്നതാണ്. മരട്, കുണ്ടന്നൂർ, കുമ്പളം എന്നിവിടങ്ങളിൽ അണ്ടർ പാസേജ് നിർമ്മാണത്തിന് നിലവിൽ പ്രൊപ്പോസലുകൾ പരിഗണനയിലില്ല. എന്നാൽ ദേശീയപാത 49-ൽ ഗാന്ധിസ്ക്വയർ മുതൽ മറ്റകുഴി വരെയുള്ള തൃപ്പൂണിത്തുറ ബൈപ്പാസ് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

### കാസർഗോഡ് മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

48(5894) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് അസംബ്ലി മണ്ഡലത്തിൽ മുൻ സർക്കാർ കാലയളവിലും അതിനുമുമ്പും പ്രവൃത്തി തുടങ്ങിയതും ഇതുവരെ പൂർത്തീകരിക്കാത്തതുമായ മരാമത്ത് പ്രവൃത്തികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാത്തതിൻെറ കാരണം വ്യക്തമാക്കാമോ ;

(സി) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള, മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പണികൾ ആരംഭിക്കാനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) മണ്ഡലത്തിലെ അതിശോചനീയാവസ്ഥയിലുള്ള റോഡുകൾ ഏതെല്ലാ

മാണെന്നും ഇവ പുനരുദ്ധരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) മുൻ സർക്കാർ കാലയളവിലും അതിനുമുമ്പും പ്രവൃത്തി തുടങ്ങിയതും ഇതുവരെ പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികൾ

നിരത്തുകളും പാലങ്ങളും വിഭാഗം

1. പെർള-സൂരംബയൽ റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി (ഒന്നാം ഘട്ടം)- 300 ലക്ഷം

2. ചൂരിപ്പള്ളം-മാവിനക്കട്ട റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി (ഒന്നാം ഘട്ടം)-200 ലക്ഷം

3. കോട്ടക്കണ്ണി പാലം പുനർനിർമ്മാണം (നബാർഡ് പ്രവൃത്തി)- 715 ലക്ഷം

4. വിദ്യാഗിരി പാലം നിർമ്മാണം (കാസർഗോഡ് പാക്കേജ്)- 250 ലക്ഷം

5. നീർച്ചാൽ-ശിരിബാഗിലു-ഭെൽ-കമ്പാർ റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി-300 ലക്ഷം

കെട്ടിടവിഭാഗത്തിന്റെ പ്രവൃത്തികൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് പണിയാരംഭിച്ചത് കഴിഞ്ഞ മഴക്കാലത്തിന് തൊട്ടുമുൻപാണ്. മഴകാരണമാണ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കാത്തത്.

കെട്ടിട വിഭാഗം

മലബാർ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള കാസർഗോഡ് ഗവ. കോളേജ് ബോയ്സ് ഹോസ്റ്റലിന്റെ നിർമ്മാണത്തിൽ റോഡ് വർക്ക് മാത്രമേ ബാക്കിയുള്ളൂ. മൺസൂൺ സീസണായതിനാലാണ് ഈ പ്രവൃത്തി ബാലൻസ് വന്നത്.

ഗവ. ഹൈസ്കൂൾ നെല്ലിക്കുന്ന്, ഗവ. ഹൈസ്കൂൾ പട്ട്ള, ഗവ. യു.പി. സ്കൂൾ, കാസർഗോഡ്, ഗവ. യു.പി. സ്കൂൾ, അടുക്കത്ത്ബയൽ എന്നീ 4 പ്രവൃത്തികളുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ബാക്കി വരാൻ കാരണം സ്കൂളുകളുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളുടെ അടങ്കൽ തുക ചെറുതായതിനാൽ ടെണ്ടറിൽ കരാറുകാർ പങ്കെടുക്കാത്തതാണ്.

തളങ്കര ഗവ. ഹൈസ്കൂൾ മുറി നിർമ്മാണം- 2013-ൽ എഗ്രിമെന്റ് വച്ച പ്രവൃത്തി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പഴയ ഒരു കെട്ടിടം പൊളിച്ച് മാറ്റാത്തതിനാൽ പ്രവൃത്തി ക്ലോസ് ചെയ്യേണ്ടതായി വന്നു. 2016 ൽ പുതുതായി ടെണ്ടർ വിളിച്ച് എഗ്രിമെന്റ് ചെയ്തിട്ടുണ്ട്.

ഗവ. കോളേജ് കാസർഗോഡ് ചുറ്റുമതിലിന്റെ ചെറിയ ഭാഗം മാത്രമാണ് ബാക്കിയുള്ളത്.

(സി&ഡി) 1. ഓടാംക്കല്ല് പാലം-10 കോടി രൂപ KIIFB പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി. പ്രവൃത്തിയുടെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

2. കല്ലട്ക്ക-ചെർക്കളറോഡ്-20 കോടി രൂപ KIIFB പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതിക്കായി വിശദമായ എസ്റ്റിമേറ്റ് ന്യൂനതകൾ പരിഹരിച്ച് പുനർസമർപ്പിക്കുന്നതിന് കാസർഗോഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. കാസർഗോഡ് മിനി സിവിൽ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിക്ക് 1,07,07,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി തുടരുന്നതിനായി ഇൻവസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ഇ) കാസർഗോഡ് മണ്ഡലത്തിലെ ശോചനീയാവസ്ഥയിലുള്ള റോഡുകൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.* ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇവയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

### സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സുകൾ

49(5895) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെ സ്റ്റാഫായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതരാകുന്ന സർക്കാർ ജിവനക്കാർക്ക് ക്വാർട്ടേഴ്സുകൾ അനുവദിക്കുമ്പോൾ പൊതുമരാമത്ത് സെക്രട്ടറിയുടെ ഉത്തരവിനും ജില്ലാ കളക്ടറുടെ നടപടിക്രമത്തിനും പുറമേ പ്രസ്തുത ജീവനക്കാർ പൊതുമരാമത്ത് വകുപ്പുമായി ഏതെങ്കിലും തരത്തിലുള്ള എഗ്രിമെന്റിൽ ഏർപ്പെടാറുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർക്കാർ ഉത്തരവിലും കലക്ടർ പുറപ്പെടുവിക്കുന്ന നടപടിക്രമത്തിനും പൊതുമരാമത്ത് വകുപ്പുമായി ജീവനക്കാർ ഏർപ്പെടുന്ന എഗ്രിമെന്റിലും മന്ത്രിസഭയുടെ കാലാവധി കഴിയുന്ന മുറയ്ക്ക് സർക്കാർ സർവ്വീസിൽനിന്നും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിരമിക്കുന്നതിന് മുമ്പ് ക്വാർട്ടേഴ്സ് ഒഴിഞ്ഞ് നൽകണമെന്ന് വ്യവസ്ഥ വെച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(സി) മുൻ സർക്കാരിന്റെ കാലാവധി കഴിഞ്ഞതിനാൽ മന്ത്രിമാരുടെ സ്റ്റാഫംഗങ്ങളായിരിക്കെ ക്വാർട്ടേഴ്സുകൾ ലഭിച്ചവർ ഒഴിഞ്ഞ് നൽകണമെന്ന് കാണിച്ച് പൊതുമരാമത്ത് വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) പൊതുമരാമത്ത് സെക്രട്ടറിയുടെ ഉത്തരവിലും ജില്ലാകളക്ടർ പുറപ്പെടുവിച്ച നടപടി ക്രമത്തിലും ജീവനക്കാരുമായി പൊതുമരാമത്ത് വകുപ്പ് ഏർപ്പെട്ട എഗ്രിമെന്റിലും വ്യവസ്ഥ ചെയ്യാത്ത സാഹചര്യത്തിൽ മേൽപ്പറഞ്ഞ രീതിയാൽ ക്വാർട്ടേഴ്സ് ഒഴിയാൻ നോട്ടീസ് നൽകിയത് ഇന്ത്യൻ കോൺട്രാക്ട് ആക്റ്റിന്റെയും ആക്റ്റിലെ ഇംപ്ലൈഡ് കണ്ടീഷന്റേയും ലംഘനമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഇ) ലംഘനമല്ലെന്ന് കരുതുന്നുവെങ്കിൽ അതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) Rules for Allotment and Occupation of Government Servant's Quarters in Kerala, 2006-ലെ റൂൾ 11(1), 11(2) പ്രകാരം കരാറിലേർപ്പെടാറുണ്ട്.

(ബി&സി) 7-9-2016-ന് മുൻപ് ക്വാർട്ടേഴ്സ് അനുവദിക്കുമ്പോൾ ഏർപ്പെടുന്ന കരാറിൽ പേഴ്സണൽ സ്റ്റാഫുകൾ അവർ സർക്കാർ സർവ്വീസിൽ തുടരുന്നവരായാലും, മന്ത്രിസഭയുടെ കാലാവധി കഴിയുന്ന മുറയ്ക്ക് ക്വാർട്ടേഴ്സുകൾ ഒഴിഞ്ഞുനൽകണമെന്ന വ്യവസ്ഥയില്ലായിരുന്നു. എന്നാൽ 7-9-2016-ലെ സ.ഉ.(കൈ) നമ്പർ 65/2016/ പൊ.മ.വ.-ലെ ചട്ടം 3(2)ii, 3(2)iia പ്രകാരം മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫുകൾ മന്ത്രിസഭയുടെ കാലാവധി അവസാനിക്കുമ്പോൾ അനുവദിച്ചുകിട്ടിയ ക്വാർട്ടേഴ്സ് ഒഴിയണമെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ചട്ടത്തിന്റെ അടിസ്ഥാനത്തിൽ പേഴ്സണൽ സ്റ്റാഫിൽ നിന്നും സ്ഥാനമൊഴിഞ്ഞതും എന്നാൽ ക്വാർട്ടേഴ്സിൽ താമസം തുടരുന്നതുമായ ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സ് ഒഴിയാനായി നോട്ടീസ് നൽകിയിട്ടുണ്ട്.

(ഡി & ഇ) Rules for Allotment and Occupation of Government Servant's Quarters in Kerala, 2006 ലെ റൂൾ 11(1), 11(2) പ്രകാരം അപ്പൻഡിക്സ് V-ൽ നിഷ്കർഷിക്കുന്ന മാതൃകയിലാണ് കരാറിലേർപ്പെടുന്നത്. ടി കരാറിലെ clause I (viii) പ്രകാരം നിലവിലുള്ളതും കാലാകാലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും പാട്ടകരാറുകാരൻ (Lessee) പാലിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസക്ത ഭാഗം അനുബന്ധം ആയി

ചേർത്തിരിക്കുന്നു.* ഇപ്രകാരം കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും കരാറിന്റെ ഭാഗമാകുന്നതിനാൽ 7-9-2016-ലെ സ.ഉ.(കൈ) നമ്പർ 65/2016/പൊ.മ.വ. പ്രകാരം പുറപ്പെടുവിച്ച ഭേദഗതികൾ ചട്ട പ്രകാരമുള്ളതും നീതിയുക്തവും ആകുന്നു. ആയതിനാൽ ക്വാർട്ടേഴ്സ് ഒഴിയാൻ നോട്ടീസ് നൽകിയത് ഇന്ത്യൻ കോൺട്രാക്ട് ആക്ടിന്റെ ലംഘനമാകുന്നില്ല.

**സീപോർട്ട്-എയർപോർട്ട് റോഡിലേയ്ക്ക് നാലുവരിപ്പാത**

50(5896) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം വൈറ്റില ഹബ്ബിൽനിന്നും കണിയാമ്പുഴ വഴി സീപോർട്ട്-എയർപോർട്ട് റോഡിലേക്ക് നാലുവരിപ്പാത നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത റോഡ് സമയബന്ധിതമായി നിർമ്മിക്കുന്നതി നായുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ & ബി) എറണാകുളം വൈറ്റില ഹബ്ബിൽ നിന്നും കണിയാമ്പുഴ വഴി സീപോർട്ട്-എയർപോർട്ട് റോഡിലേയ്ക്ക് നാലുവരിപ്പാത നിർമ്മിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

**സീപോർട്ട്-എയർപോർട്ട് റോഡ്**

51(5897) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം സീപോർട്ട്-എയർപോർട്ട് റോഡിൽ ശാസ്ത്രീയമായ മാറ്റങ്ങൾ വരുത്തി നാലുവരിപ്പാത പൂർത്തിയാക്കുന്നത് പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിലേയ്ക്ക് സമയബന്ധിത നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) സീപോർട്ട്-എയർപോർട്ട് റോഡ് നാലുവരിപ്പാതയാക്കുന്നതിന് വേണ്ടി ഒന്നാം ഘട്ടമായി 27-2-2013-ലെ സ.ഉ.(സാധാ.) നമ്പർ 287/13/പൊ.മ.വ. പ്രകാരം 25 കോടി രൂപ 2013-14 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തി നൽകിയിരുന്നു. ഈ ഫണ്ട് ഉപയോഗിച്ച് എച്ച്.എം.ടി. മുതൽ ഭാരതമാതാ കോളേജ് വരെയുള്ള 2.4 കി.മീ. ഭാഗം നാലുവരിയാക്കി ഗതാഗതയോഗ്യമാക്കി യിട്ടുണ്ട്. ഭാരതമാതാ കോളേജ് മുതൽ എറണാകുളം കളക്ടേറ്റ് വരെയുള്ള 2 കി.മീ. റോഡ് നാലുവരിപ്പാതയാക്കുന്നതിനുള്ള 28.5 കോടി രൂപയുടെ എസ്റ്റിമേറ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം പരിഗണിക്കാൻ കഴിഞ്ഞില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**ചങ്ങനാശ്ശേരി മനയ്ക്കൽ ചിറയിലെ കലുങ്ക് പണി**

52(5898) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിന്റെ ആരംഭത്തിൽ, മനയ്ക്കൽ ചിറഭാഗത്ത് ആവണിതോട് റോഡിൽ ചേരുന്ന സ്ഥലത്തുള്ള കലുങ്ക് ഉയർത്തി പണിയാത്തതുമൂലം ഈ ഭാഗത്ത് വെള്ളപ്പൊക്കം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുവാൻ, പൊതുമരാമത്ത് വകുപ്പ് ആരംഭിച്ച നടപടികൾ അവസാനഘട്ടത്തിലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിലും വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നതുകൊണ്ട് കോൺട്രാക്ടർമാർ തുടർനടപടികൾ ഏറ്റെടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തടസ്സങ്ങൾമാറ്റി എത്രയുംവേഗം പണി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് 59,57,769 രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തുവെങ്കിലും പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ ആരും തന്നെ തയ്യാറായില്ല. ആയതിനാൽ എസ്റ്റിമേറ്റ് പുതുക്കി ആവശ്യമായ ഫണ്ട് വകയിരുത്തിയതിനുശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**ശ്രീകണ്ഠപുരം നഗര വികസന പദ്ധതി**

53(5899) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകണ്ഠപുരം നഗര വികസന പദ്ധതിക്കുവേണ്ടി എന്തെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഇതിനാവശ്യമായ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ശ്രീകണ്ഠപുരം നഗരത്തിലെ റോഡ് വികസന പദ്ധതിക്കായി 3-3-2016-ലെ സ.ഉ.(സാധാ) നമ്പർ 544/2016/പൊ.മ.വ. പ്രകാരം 300 ലക്ഷം രൂപയുടെ ഇൻ പ്രിൻസിപ്പിൾ സാംഗ്ഷൻ നൽകിയിട്ടുള്ളതാണ്.

**വെണ്ടുരുത്തി പാലം സഞ്ചാരയോഗ്യമാക്കാത്തതിന്റെ കാരണം**

54(5900) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വെണ്ടുരുത്തി പാലം ഗതാഗതത്തിന് തുറന്നുകൊടുത്തതോടെ പഴയ പാലം ഉപയോഗിക്കാതെ നശിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഭാഗത്തെ ഗതാഗത തിരക്ക് കണക്കിലെടുത്ത് പഴയ പാലം സംരക്ഷിക്കുന്നതിനും, ഗതാഗതയോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ, പഴയ പാലം സഞ്ചാരയോഗ്യമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പഴയപാലത്തിന് കാലപ്പഴക്കത്താലും ഡ്രഡ്ജർ ഇടിച്ചതുകൊണ്ടുള്ള ബലക്ഷയത്താലും നാലുചക്രം മുതലുള്ള വാഹനങ്ങളുടെ ഗതാഗതം നിരോധിച്ചിരിക്കുന്നതുകൊണ്ടാണ് പുതിയ പാലം പണിതത്. ബലക്ഷയം സംബന്ധിച്ച് വിദഗ്ദ്ധ പഠനം നടത്തി പഴയ പാലം ബലപ്പെടുത്തിയാൽ മാത്രമേ ഇരുചക്ര വാഹനങ്ങൾ അല്ലാത്ത മറ്റ് വാഹനങ്ങൾക്ക് ഗതാഗതത്തിന് തുറന്നുകൊടുക്കാൻ സാധിക്കുകയുള്ളു.

**പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം**

55(5901) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും

രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന് കണ്ണൂർ ജില്ലയിൽ വേണ്ടത്ര ഓഫീസുകൾ ഇല്ലാത്തതിനാൽ പൊതുമരാമത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട് എന്നിവ മുഖേനയുള്ള പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാൻ പറ്റാത്തതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ബ്ലോക്ക് തലത്തിലെങ്കിലും പുതിയ ഓഫീസുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ നിലവിൽ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിന് എത്ര ഓഫീസുകൾ ഉണ്ട് ; ജോലിഭാരം അനുസരിച്ച് ഇവിടെ എത്ര തസ്തികകൾ സൃഷ്ടിക്കേണ്ടിവരും ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാൻ പറ്റാത്തതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ ബ്ലോക്കുതലത്തിൽ ഇലക്ട്രിക്കൽ ഓഫീസുകൾ പുതുതായി ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) രണ്ട് ഓഫീസുകൾ ഉണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കോഴിക്കോട് ജില്ലയിലെ നബാർഡ് ആർ.ഐ.ഡി.എഫ്.-ന്റെ മരാമത്ത് പ്രവൃത്തികൾ**

56(5902) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നബാർഡ് ആർ.ഐ.ഡി.എഫ്. ധനസഹായത്തോടെ നടത്തിയ പ്രവൃത്തികളുടെ വിശദാംശവും പുരോഗതി റിപ്പോർട്ടും ലഭ്യമാക്കുമോ ;

(ബി) നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തുന്നതിനായി പുതുതായി കോഴിക്കോട് ജില്ലയിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിശദവിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) നബാർഡ് RIDF XXII-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിലേയ്ക്കായി കോഴിക്കോട് ജില്ലയിൽ നിന്നും താഴെ പറയുന്ന പ്രവൃത്തികളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് നബാർഡിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട് :

| Sl. No. | Name of work | Amount (₹.in |
|---|---|---|

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| | | lakhs) |
| 1 | Improvement works to Thadampattuthazham-Parambilkkadavu-Pullalur Road between k.m.0/000 to 4/700 | ₹ 700 |
| 2 | Improvement works to Chelannur-Chelapram-Cherukulam Road | ₹ 400 |
| 3 | Improvements to Bajanamadam-Valakettu-Choimadam-Santhinagar-Thekedathkadavu Road k.m.0/000 to 5/400 | ₹ 600 |
| 4 | Improvements including BM&BC to Naduvannur Arikkulam-Iringath road k.m.6/280 to 11/790 in Kozhikode District | ₹ 700 |

**കൊല്ലങ്കോട് ഫയർ സ്റ്റേഷൻ കെട്ടിടം**

57(5903) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കൊല്ലങ്കോട് ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ പണി നാളിതുവരെ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ബി) പ്രസ്തുത ഫയർ സ്റ്റേഷൻ കെട്ടിടം പണി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലങ്കോട് ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് 26-2-2016-ലെ സ.ഉ.(സാധാ) നമ്പർ 658/2016/ആഭ്യന്തരം പ്രകാരം 3.20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുകയുണ്ടായി. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ആയത് ഉടൻ ടെണ്ടർ ചെയ്യുന്നതാണ്.

(ബി) ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി തുടങ്ങുന്നതിനാവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പിലെ അഴിമതികൾ**

58(5904) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-2016 കാലയളവിൽ പൊതുമരാമത്ത് വകുപ്പിൽ എന്തെല്ലാം അഴിമതികളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്;വിശദ വിവരങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത അഴിമതികൾ സംബന്ധിച്ച അന്വേഷണങ്ങളുടെ വിശദവിവരം നൽകുമോ ; ഇതിൽ എത്ര എണ്ണം വിജിലൻസിന്റെ പരിഗണനയിലാണ്; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2011-2016 കാലയളവിൽ വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിന്റെ കീഴിൽ 420 ഓളം പ്രവൃത്തികളിൽ വീഴ്ചകൾ സംബന്ധിച്ചും മറ്റ് ക്രമക്കേടുകൾ സംബന്ധിച്ചുമുള്ള അഴിമതി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾ, ടെൻഡർ നടത്തിപ്പിലെ ക്രമക്കേടുകൾ, റോഡ് ടാറിംഗിലെ അഴിമതി, ഉദ്യോഗസ്ഥരുടെ അനധികൃത സ്വത്ത് സമ്പാദ്യം എന്നിവ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയും അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം അന്വേഷിച്ചതിൽ 280-ഓളം എണ്ണം തീർപ്പുകൽപ്പിച്ചിട്ടുണ്ട്. അതിൽ 120 എണ്ണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| മിന്നൽ പരിശോധനകൾ | - | 86 |
| വിജിലൻസ് അന്വേഷണങ്ങൾ | - | 8 |
| സത്വരാന്വേഷണങ്ങൾ | - | 35 |
| വിജിലൻസ് കേസുകൾ | - | 4 |

നിലവിൽ 35 വിജിലൻസ് കേസുകൾ, 4 വിജിലൻസ് അന്വേഷണങ്ങൾ, 16 സത്വരാന്വേഷണങ്ങൾ, 17 മിന്നൽ പരിശോധനകൾ എന്നിവ നടന്നുവരുന്നു.

## തിരുവനന്തപുരം മാനസികാരോഗ്യ ആശുപത്രിയിലെ മരാമത്ത് പണികൾ

59(5905) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷം, തിരുവനന്തപുരം മാനസികാരോഗ്യ ആശുപത്രിയിലെ വിവിധ മരാമത്ത് പണികൾക്കായി എത്ര രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്; അവ ഏതെല്ലാം പണികൾക്കായിരുന്നു ;

(ബി) ഇവയിൽ ഏതെല്ലാം പണികൾ പൂർത്തിയാക്കാൻ സാധിച്ചു ;

(സി) ഇനി എത്ര പദ്ധതികൾ പൂർത്തിയാക്കേണ്ടതുണ്ട് ; പദ്ധതി പൂർത്തിയാക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം മാനസികാരോഗ്യ ആശുപത്രി പുനരുദ്ധാരണത്തിനായി 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ യഥാക്രമം 25,16,000, 7,34,000 രൂപ വകയിരുത്തിയിരുന്നു. ടി കേന്ദ്രത്തിൽ അമൃതകുടീരം നിർമ്മാണത്തിനായി 2012-13, 2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ യഥാക്രമം 25,16,000, 4,41,000 രൂപയും വകയിരുത്തിയിരുന്നു. 2011-12, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ തുക വകയിരുത്തിയിട്ടില്ല.

(ബി & സി) രണ്ട് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

## തൃപ്പൂണ്ണിത്തുറ എസ്.എൻ.ജംഗ്ഷനിൽ ഫ്ളൈ ഓവർ

60(5906) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണ്ണിത്തുറ എസ്.എൻ. ജംഗ്ഷനിൽ തിരക്ക് ഒഴിവാക്കുന്നതിലേയ്ക്കായി ഫ്ലൈ ഓവർ നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത ഫ്ലൈ ഓവറിന്റെ നിർമ്മാണത്തിന് സഹായകരമായി ഒരു സാധ്യതാ പഠനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) നിലവിൽ ദേശീയപാത 49-ലെ തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷനിലെ ഫ്ളൈ ഓവർ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ദേശീയ പാത 49 - ലെ ഗാന്ധിസ്ക്വയർ തുടങ്ങി മറ്റകുഴി അവസാനിക്കുന്ന തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മാണം പരിഗണനയിലുണ്ട്.

## ഈരാറ്റുപേട്ടയിലെ പ്രധാന പാലത്തിന്റെ പണി

61(5907) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ഈരാറ്റുപേട്ടയിലുള്ള അരുവിത്തുറ സെന്റ് ജോർജ്ജ് കോളേജിനോട് ചേർന്നുള്ള രണ്ടു പ്രധാന റോഡുകളെ ബന്ധിപ്പിക്കുന്ന പ്രധാന പാലത്തിന്റെ പണി ഒരു വർഷമായി നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലത്തിന്റെ പണി പകുതിയാക്കി നിർത്തിയതുമൂലം പ്രദേശത്തെ ജനങ്ങളുടെ യാത്ര ദുരിതത്തിലായത് പരിഗണിച്ച് എത്രയുംവേഗം ഭരണാനുമതിയുടെയും ഭൂമി ഏറ്റെടുക്കലിന്റെയും നടപടികൾ പൂർത്തിയാക്കി പണി പൂർത്തീകരിക്കുമോ ;

(സി) CE/(R&B)/KTM/6830/16 dt.18-10-2016 പ്രകാരം ചീഫ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി. പ്രിൻസിപ്പൽ സെക്രട്ടറി കത്ത് നൽകിയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; ഈ കത്തിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പണി പൂർത്തീകരിക്കുന്നതിന് എത്ര തുകകൂടി ആവശ്യമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; വിശദമാക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കുന്നതിന്റെ നടപടികൾക്കായി പുതിയ നിയമപ്രകാരം മുൻകൂർ അടയ്ക്കേണ്ട തുക ലഭ്യമാക്കുന്നതിനും സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തി ഭൂമി ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. ഇത് ലഭ്യമാകുന്ന മുറയ്ക്ക് പണി പൂർത്തീകരിക്കാൻ കഴിയും.

(സി) പ്രസ്തുത കത്തിലെ ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. കത്തിന്റെ കോപ്പി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) പാലത്തിന്റെ നിർമ്മാണത്തിന് ഇനിയും 2,01,76,650 രൂപ കൂടി ആവശ്യമുണ്ട്. പൊന്നുംവില നടപടികൾ പൂർത്തിയായാൽ മാത്രമേ അതിന്റെ പൂർണ്ണമായിട്ടുള്ള ചെലവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിശ്രമകേന്ദ്രങ്ങളിൽ ഇന്റർനെറ്റ് സംവിധാനം

62(5908) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എത്ര വിശ്രമകേന്ദ്രങ്ങളിൽ ഇന്റർനെറ്റ് സംവിധാനമുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ ഓരോ ജില്ലയിലും പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രധാനപ്പെട്ട വിശ്രമകേന്ദ്രങ്ങളിൽ ഏതിലെങ്കിലും ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തി ആധുനികവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിശ്രമകേന്ദ്രങ്ങളിൽ ഇന്റർനെറ്റ് സംവിധാനം നിലവിലില്ല.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രധാനപ്പെട്ട വിശ്രമകേന്ദ്രങ്ങളിൽ ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാനായി അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പുതിയ രജിസ്ട്രേഷൻ ഓഫീസ്

63(5909) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫോർട്ടുകൊച്ചി, മട്ടാഞ്ചേരി, തോപ്പുംപടി, രാമേശ്വരം, പള്ളുരുത്തി, ഇടക്കൊച്ചി, കുമ്പളങ്ങി, ചെല്ലാനം എന്നീ വില്ലേജുകൾ ഉൾപ്പെട്ട മട്ടാഞ്ചേരി രജിസ്ട്രേഷൻ ഓഫീസിന്റെ പ്രവർത്തന പരിധിയുടെ വിസ്തൃതിമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ചെല്ലാനം, കുമ്പളങ്ങി, പള്ളുരുത്തി, ഇടക്കൊച്ചി വില്ലേജുകൾക്കായി പുതിയ രജിസ്ട്രേഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം**

64(5910) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളത്തെ അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 27-9-2016-ലെ G.O.(Rt) 1324/16/PWD പ്രകാരം എറണാകുളത്തെ അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം KIIFB-ൽ ഉൾപ്പെടുത്തി 50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി &സി) കൊച്ചി നഗരസഭയിൽ അറ്റ്ലാന്റിസ് റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനായി ആകെ 1 ഹെക്ടർ 00 ആർ 99 സെന്റ് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഇനി 31.19 ആർ സ്ഥലം കൂടി ഏറ്റെടുക്കുവാനുണ്ട്. 4(1) നോട്ടിഫിക്കേഷൻ 14-8-2012-ലും ഡ്രാഫ്റ്റ് ഡിക്ലറേഷൻ 4-9-2013-ൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളതാണ്. അറ്റ്ലാന്റിസ് റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 76,59,14,000 രൂപ അനുവദിച്ചിട്ടുള്ളതും ആയത് സ്ഥലം ഉടമകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇനി ഏറ്റെടുക്കുവാൻ 20,01,18,375 രൂപ ആവശ്യമാണ്.

**പള്ളിക്കരയിൽ റെയിൽവേ ഓവർ ബ്രിഡ്ജ്**

65(5911) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാഷണൽ ഹൈവേയിൽ കങ്കനാടി മുതൽ കന്യാകുമാരി വരെയുള്ള കേരള പാതയിൽ നിലവിലുള്ള ഏക ലെവൽ ക്രോസായ പള്ളിക്കരയിൽ ഗതാഗതം സുഗമമാക്കുന്നതിന് റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും, ഈ പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

പള്ളിക്കരയിൽ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം കേന്ദ്ര സർക്കാരിന്റെ 'സേതു ഭാരതം' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കുവേണ്ടി വിശദമായ രൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കി നൽകുവാൻ വേണ്ടി കേന്ദ്ര സർക്കാർ ചൈതന്യ കൺസൾട്ടൻസിയെ ചുമതലപ്പെടുത്തുക യുണ്ടായി. ദേശീയപാത 17 നാലുവരിപ്പാതയാക്കുന്ന പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ തുടങ്ങിയതിനാൽ പ്രസ്തുത ഓവർ ബ്രിഡ്ജ് അതോടൊപ്പം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**ചാലക്കുടി റെയിൽവേ സ്റ്റേഷൻ**

66(5912) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദർശ് സ്റ്റേഷനായി ഉയർത്തപ്പെട്ട ചാലക്കുടി റെയിൽവേ സ്റ്റേഷനിൽ എന്ത് സൗകര്യങ്ങളാണ് ഇതിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ളത്; ഏതെങ്കിലും ട്രെയിനിന് കൂടുതലായി സ്റ്റോപ്പ് അനുവദിക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊണ്ടിട്ടുണ്ടോ; ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

ചാലക്കുടി 'ഡി' കാറ്റഗറി സ്റ്റേഷനുകളിൽപ്പെട്ടതാണ്. 2010-11 വർഷത്തിൽ പ്രസ്തുത സ്റ്റേഷനെ ആദർശ് സ്റ്റേഷനായി ഉയർത്തുകയും മാനദണ്ഡങ്ങൾ പ്രകാരം ആദർശ് സ്റ്റേഷന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 'ഡി' കാറ്റഗറി സ്റ്റേഷനുവേണ്ട മിനിമം സൗകര്യങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.* 24 ജോഡി ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. ഏറനാട് എക്സ്പ്രസ് ട്രെയിനിന് (1 ജോഡി) അനുവദിക്കപ്പെട്ട താല്ക്കാലിക സ്റ്റോപ്പ് 6 മാസത്തേയ്ക്കുകൂടി നീട്ടിയിട്ടുണ്ട്.

**പ്രീ-പ്രൈമറി വിഭാഗത്തിലെ തസ്തികകൾ**

67(5913) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി വിഭാഗത്തിലെ ടീച്ചർ, ഹെൽപ്പർ എന്നിവർക്ക് നൽകി വരുന്ന ഓണറേറിയം /ശമ്പളം എത്രയെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏത് വർഷത്തെ കുട്ടികളുടെ എണ്ണം അടിസ്ഥാനമാക്കിയാണ് ഇത്തരം തസ്തികകൾ നിർണ്ണയിച്ചത് ; അറിയിക്കാമോ ;

(സി) പുതുതായി പ്രസ്തുത വിഭാഗത്തിൽ ടീച്ചർ, ഹെൽപ്പർ തസ്തികകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ഡി) പ്രസ്തുത വിഭാഗത്തിലെ ടീച്ചർ/ആയ എന്നിവർക്ക് അംഗീകൃത പ്രസവാവധി അനുവദനീയമാണോ ;

(ഇ) ഇവർ പ്രസവാവധിയിൽ പ്രവേശിക്കുമ്പോൾ പകരം ആളെ നിയമിക്കുന്നതിനെക്കുറിച്ചും ശമ്പളം/ഓണറേറിയം നൽകുന്നതിനെക്കുറിച്ചും നിലവിലുള്ള വ്യവസ്ഥകൾ അറിയിക്കാമോ ?

ഉത്തരം

(എ) പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് 9,000 രൂപയും ആയമാർക്ക് 6,000 രൂപയും ഓണറേറിയമായി നൽകിവരുന്നു.

(ബി) 1-8-2012-ലെ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തസ്തിക നിർണ്ണയിച്ചിട്ടുള്ളത്.

(സി) 7-12-2012-നുശേഷം പുതിയ നിയമനം നടത്തുവാനോ പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കാനോ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) അവധി അനുവദിക്കേണ്ടത് നിയമനാധികാരിയാണ്.

(ഇ) നിലവിൽ വ്യവസ്ഥകളില്ല.

**സർക്കാർ വിദ്യാലയങ്ങളുടെ അക്കാദമിക നിലവാരം**

68(5914) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളുടെ അക്കാദമിക നിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇപ്രകാരം സ്കൂളുകൾ ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കാനിടയാക്കിയ സാഹചര്യം എന്താണെന്ന് വിശദീകരിക്കുമോ ;

(ഡി) ഇതുമൂലം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളുടെ അക്കാദമിക നിലവാരം പരിശോധിക്കുന്നതിന് കേരള വിദ്യാഭ്യാസ ചട്ടത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൻ പ്രകാരം വിദ്യാഭ്യാസ ഓഫീസർമാർ സ്കൂളുകൾ സന്ദർശിക്കുകയും അക്കാദമിക നിലവാരം പരിശോധിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഡയറ്റ്, എസ്.എസ്.എ. ആർ.എം.എസ്.എ. എന്നീ ഏജൻസികളും അക്കാദമിക നിലവാരം വിലയിരുത്തുന്നുണ്ട്. വിദ്യാഭ്യാസ ജില്ലാ തലത്തിൽ പ്രവർത്തിച്ചുവരുന്ന ഓൺസൈറ്റ് സപ്പോർട്ട് സിസ്റ്റം (ഒ.എസ്.എസ്.) അക്കാദമിക നിലവാരം വിലയിരുത്തി ആവശ്യമായ പിൻതുണ നൽകി വരുന്നു. ഇപ്പോൾ ഈ സംവിധാനം ഓൺസൈറ്റ് സപ്പോർട്ടിംഗ് ആന്റ് മോണിറ്ററിംഗ് സിസ്റ്റം (ഒ.എസ്.എം.എസ്.) എന്ന് പേരിൽ പുനഃസംഘടിപ്പിക്കുവാനുള്ള പ്രവർത്തനം നടന്നു വരികയാണ്. വിദ്യാഭ്യാസ ഡയറക്ടറേറ്റിലുള്ള ക്യൂ.ഐ.പി. വിഭാഗത്തിന്റെ പ്രധാന ചുമതല അക്കാദമിക നിലവാരം വിലയിരുത്തുക എന്നതാണ്. കൂടാതെ അക്കാദമിക നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റി.യുടെ നേതൃത്വത്തിൽ മൊഡ്യൂളുകൾ തയ്യാറാക്കി അദ്ധ്യാപകർക്ക് പരിശീലനം നൽകിയും വരുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്ത് ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ മതിയായ ക്ലാസ് മുറികൾ ഇല്ലാത്തതാണ് ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കാനുള്ള കാരണം.

(ഡി) മതിയായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കി ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കുകയാണ് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗം. ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**എ.ജി.യുടെ പരിശോധനാ റിപ്പോർട്ടുകളിൻമേൽ മറുപടി**

69(5916) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) പൊതു വിദ്യാഭ്യാസ വകുപ്പിൽ എ.ജി.യുടെ പരിശോധനാ റിപ്പോർട്ടുകളിന്മേൽ മറുപടി നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള കാലതാമസമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാളിതുവരെയുള്ള പരിശോധനാ റിപ്പോർട്ടുകളിൽ എത്ര ആഡിറ്റ് ഖണ്ഡികകൾക്കാണ് ഇനിയും മറുപടി നൽകാനുള്ളത്;

(സി) എ.ജി.യുടെ ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ യഥാസമയം മറുപടി നൽകുന്നതിനുള്ള കർശന നിർദ്ദേശം വകുപ്പ് മേധാവിക്ക് നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1. RMSA-36 ഖണ്ഡികകൾക്ക് മറുപടി നൽകാനുണ്ട്.

2. SSA-232 ഖണ്ഡികകൾക്ക് മറുപടി നൽകാനുണ്ട്.

3. പൊ.വി.വ.-737 ഖണ്ഡികകൾക്ക് മറുപടി നൽകാനുണ്ട്.

(സി) ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ യഥാസമയം മറുപടി നൽകണമെന്നുള്ള നിർദ്ദേശം മുൻപ് തന്നെ നിലവിലുണ്ട്.

**സി-ആപ്റ്റ് നവീകരിക്കുന്നതിനായി നടപടി**

70(5917) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി-ആപ്റ്റ് നവീകരിക്കുന്നതിനും ലാഭകരമാക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹയർ സെക്കന്ററി പാഠപുസ്തകം ഉൾപ്പെടെ വൻതോതിലുള്ള അച്ചടി ജോലികൾ നിർവ്വഹിക്കുന്നതിനായി ഒരു ഫോർ കളർ വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത മെഷീൻ പ്രവർത്തനസജ്ജമായാൽ ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ സെന്ററിൽ തന്നെ അച്ചടിക്കുവാൻ സാധിക്കും. യന്ത്ര സംവിധാന ങ്ങളുടെ തുടർച്ചയായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് 750 കെ.വി.എ.യുടെ ഒരു ട്രാൻസ്ഫോമർ പുതിയതായി സ്ഥാപിച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ജനറൽ സോയിൽഡ് മാലിന്യനിർമ്മാർജ്ജന

പ്ലാന്റ് പുതിയതായി സെന്ററിൽ സ്ഥാപിച്ചിട്ടുണ്ട്. എസ്.എസ്.എ.യ്ക്കുവേണ്ടി 14 ജില്ലകളുടെയും ചോദ്യക്കടലാസ് അച്ചടിയുടെയും വിതരണത്തിന്റെയും ചുമതല ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സി-ആപ്റ്റിനെ ഏൽപ്പിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി ഈ അദ്ധ്യയന വർഷം മുതൽ തയ്യാറാക്കിയ മുഴുവൻ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സി-ആപ്റ്റിനെ ഏൽപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ അച്ചടി ജോലികളും സി-ആപ്റ്റിനെ ഏൽപ്പിക്കുന്ന വിഷയം പരിഗണനയിലാണ്.

ആധുനിക സാങ്കേതിക സംവിധാനങ്ങളായ കമ്പ്യൂട്ടർ ടു പ്ലേറ്റ് (സി.റ്റി.പി.), ത്രീ വേ ട്രിമ്മർ, പ്രോഗ്രാമബിൾ കട്ടിംഗ് മെഷീൻ എന്നിവ ഈ സാമ്പത്തിക വർഷംതന്നെ സെന്ററിൽ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ലോട്ടറി ടിക്കറ്റ് അച്ചടി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഭാഗ്യക്കുറി വകുപ്പിന്റെ സഹായത്തോടുകൂടി ഒരു 5 കളർഷീറ്റ് ഫെഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ സെന്ററിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സെന്ററിന്റെ നവീകരണത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന ബഹുനില മന്ദിരത്തിന്റെ രണ്ടാം ഘട്ട നിർമ്മാണം നടത്തുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 250 ലക്ഷം രൂപ സെന്ററിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

### ഐ.ടി.@ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനം

71(5918) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി.@ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറായി ശ്രീ. അൻവർ സാദത്തിനെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇദ്ദേഹം ഏതെങ്കിലും വിജിലൻസ് കേസിൽ പ്രതി ചേർക്കപ്പെട്ടിട്ടുണ്ടോ; വിജിലൻസ് അന്വേഷണം നേരിടുന്നുണ്ടോ ;

(സി) പുതിയ ഡയറക്ടർ സ്ഥാനം ഏറ്റെടുത്ത ശേഷം ഐ.ടി.@ സ്കൂളിൽ കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര നിയമനങ്ങൾ നടത്തി; നിയമന ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനു പകരം കരാർ നിയമനം നടത്താനുള്ള സാഹചര്യം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇല്ല.

(സി) ഉണ്ട്. പുതിയ ഡയറക്ടർ സ്ഥാനമേറ്റശേഷം ഐ.ടി.@ സ്കൂളിൽ താഴെ വിവരിക്കുന്ന 4 തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട് :

1. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
2. കൺസൾട്ടന്റ് (അക്കൗണ്ട്)
3. കൺസൾട്ടന്റ് (അഡ്മിനിസ്ട്രേഷൻ)
4. പ്രോജക്ട് മാനേജർ

പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള തസ്തികകളിൽ കരാർ നിയമനം നടത്തിയിട്ടില്ല.

**എസ്.സി.ഇ.ആർ.റ്റി.-യുടെ സർവ്വീസ് റൂൾ**

72(5919) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.ഇ.ആർ.റ്റി. യുടെ സർവ്വീസ് റൂൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്രപേർക്ക് സ്ഥിരമായും, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും താല്ക്കാലികാടിസ്ഥാനത്തിലും എസ്.സി.ഇ. ആർ.റ്റി.യിൽ നിയമനം നൽകി ; ഇവരെ സർവ്വീസ് റൂളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന യോഗ്യതയുടെ അടിസ്ഥാനത്തിലാണോ നിയമിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എസ്.സി.ഇ.ആർ.റ്റി.യിൽ നിയമനം നൽകിയവരുടെ പേരുവിവരവും തസ്തികയും അവരുടെ യോഗ്യതയും വെളിപ്പെടുത്തുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.സി.ഇ.ആർ.റ്റി.യിൽ സ്ഥിരനിയമനം ആർക്കും നൽകിയിട്ടില്ല. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 3 റിസർച്ച് ഓഫീസർമാർ, ഡയറക്ടറുടെ പി.എ., 3 ക്ലർക്ക്, 2 ഓഫീസ് അറ്റൻഡന്റ് എന്നിവരെ നിയമിച്ചിട്ടുണ്ട്. കരാർ അടിസ്ഥാനത്തിൽ ഒരു അക്കാദമിക് കൺസൾട്ടന്റിനെയും, ദിവസവേതനാടിസ്ഥാനത്തിൽ 9 ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും നിയമനം നൽകിയിട്ടുണ്ട്. എസ്.സി.ഇ.ആർ.റ്റി.യിൽ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നുവെങ്കിലും അതിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം നടപ്പാക്കിയിട്ടില്ല.

(സി) അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

**ഒരു മണ്ഡലത്തിൽ ഒരു അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ പദ്ധതി**

73(5920) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മണ്ഡലത്തിൽ ഒരു അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ പദ്ധതി നടപ്പിലാക്കിയ മണ്ഡലങ്ങൾ ഏതെല്ലാം ;

(ബി) ഇതിനായി വിതരണം ചെയ്ത ഫണ്ട് എത്ര ;

(സി) ഈ പദ്ധതിക്കായി ഫണ്ട് അനുവദിച്ച സ്ഥാപനങ്ങൾ ഏതെല്ലാം; വിശദമായ വിവരം ലഭ്യമാക്കുമോ ;

(ഡി) പൈലറ്റ് പ്രോജക്ടുകളുടെ കൂട്ടത്തിൽ കോട്ടയ്ക്കൽ നിയോജക മണ്ഡലത്തെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; ആവശ്യമായ നിർദ്ദേശം അധികൃതർക്ക് നൽകുമോ ;

(ഇ) ഈ പദ്ധതിക്ക് കിഫ്ബി വഴി നൽകുന്ന സഹായങ്ങൾ എന്തെല്ലാം; ഫണ്ടിന്റെ വിശദമായ വിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ ഒരു മണ്ഡലത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ബി-ഇ) പദ്ധതി നിർവ്വഹണത്തിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എസ്.എസ്.എ., ആർ.എം.എസ്.എ. പദ്ധതികളിലെ നിയമനങ്ങളുടെ മാനദണ്ഡം

74(5921) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എ., ആർ.എം.എസ്.എ. പദ്ധതികളിലെ നിയമനങ്ങളുടെ മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതികളിൽ നിയമിതരായവരുടെ പേരുവിവരവും യോഗ്യതയും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എസ്.എസ്.എ., ആർ.എം.എസ്.എ. പദ്ധതികളിൽ നിയമനങ്ങൾ ഡെപ്യൂട്ടേഷൻ/കരാർ/ദിവസവേതനാടിസ്ഥാനത്തിലാണ് നടത്തുന്നത്. ഡെപ്യൂട്ടേഷൻ തസ്തികകളിലെ നിയമനങ്ങൾ സർക്കാർ ഉത്തരവ് പ്രകാരമാണ് നടത്തുന്നത്. കരാർ/ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനങ്ങൾ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ മാരാണ് നടത്തുന്നത്.

(ബി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## എസ്.സി.ഇ.ആർ.ടി.

75(5922) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.സി.ഇ.ആർ.ടി.യിലെ ഗവേണിംഗ് ബോഡി, കരിക്കുലം കമ്മിറ്റി എന്നിവയുടെ സിറ്റിംഗ് അവസാനമായി ചേർന്നതെന്നാണ് ;

(ബി) പ്രസ്തുത യോഗതീയതിക്കുശേഷം പോളിസി രൂപീകരണവുമായി ബന്ധപ്പെട്ട എന്തെങ്കിലും തീരുമാനം അക്കാഡമിക് ആയതോ അല്ലാത്തതോ ആയ വിഷയങ്ങളിൽ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എസ്.സി.ഇ.ആർ.ടി.യിലെ ഗവേണിംഗ് ബോഡി, 2015 ജൂൺ 16-ാം തീയതിയിലും കരിക്കുലം കമ്മിറ്റി 2016 മേയ് 4-ാം തീയതിയിലുമാണ് അവസാനമായി ചേർന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എസ്.സി.ഇ.ആർ.ടി.യിലെ ഗവേണിംഗ് ബോഡി, കരിക്കുലം കമ്മിറ്റികളുടെ ചെയർമാന്റെ അനുമതിയോടെ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ഇതോടൊപ്പം അക്കാദമിക കാര്യങ്ങളിൽ നിലവിലുള്ള കരിക്കുലം കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടുന്ന സബ് കമ്മിറ്റികൾ കൂടിയും തീരുമാനമെടുത്തിട്ടുണ്ട്.

1. കുട്ടികളുടെ പുസ്തകഭാരം കുറയ്ക്കുന്നതിനായി പാഠപുസ്തകങ്ങൾ മൂന്ന് ഭാഗങ്ങളായി തിരിച്ച് അച്ചടിക്കുന്നതിനായി നൽകാൻ തീരുമാനിച്ചു.

2. 9, 10 ക്ലാസ്സുകളിലെ സാമൂഹ്യശാസ്ത്രം, മലയാളം, ശാസ്ത്രം എന്നീ വിഷയങ്ങളിലെ പാഠപുസ്തകങ്ങളും 12-ാം ക്ലാസ്സിലെ മലയാളം രണ്ടാം ഭാഷാ പുസ്തകവും അദ്ധ്യാപകരിൽ നിന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും അതിലെ ആശയപരവും, ഭാഷാപരവുമായ പിശകുകൾ പരിഹരിച്ച് മെച്ചപ്പെടുത്തുന്നതിനും തീരുമാനിക്കുകയുണ്ടായി.

3. ലോവർ പ്രൈമറി തലത്തിൽ ഐ.ടി. @ സ്കൂളിന്റെ സഹായത്താൽ തയ്യാറാക്കിയ പാഠപുസ്തകങ്ങൾ മെച്ചപ്പെടുത്തി അച്ചടിക്കുന്നതിന് തീരുമാനിച്ചു.

4. കുട്ടികളുടെ പരീക്ഷാഭാരം കുറയ്ക്കുന്നതിന് പത്താം തരം സാമൂഹ്യശാസ്ത്രം പരീക്ഷയ്ക്ക് ദേശീയമാതൃകയിൽ ഓപ്ഷൻ നൽകണമെന്ന് തീരുമാനിച്ചു.

5. നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനായി 15 ഫാക്കൽറ്റി അംഗങ്ങളെയും ഒരു അസിസ്റ്റന്റ് ലൈബ്രേറിയനേയും ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും, അഭിമുഖം നടത്തി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിനും തീരുമാനിച്ചു.

6. എസ്.സി.ഇ.ആർ.ടി. ഡയറക്ടറെ അക്കാദമിക കാര്യങ്ങളിൽ സഹായിക്കുന്നതിനായി ഒരു അക്കാദമിക് കൺസൾട്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ തീരുമാനിച്ചു.

## ന്യൂ സ്കൂൾ നിയമനങ്ങൾക്ക് അപ്രൂവൽ

76(5924) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978-ന് ശേഷം ആരംഭിച്ച ന്യൂ സ്കൂളുകളിൽ മരണംമൂലമോ റിട്ടയർമെന്റ് മൂലമോ വന്ന ഒഴിവുകളിൽ നടന്ന നിയമനങ്ങൾക്ക് 2011-12 മുതൽ 2015 വരെ ഡി.ഇ.ഒ. മാർ അംഗീകാരം നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവുകളിൽ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിഷയം പരിശോധിക്കുന്നതാണ്.

## ലാബ് അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

77(5925) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ഹയർ സെക്കൻഡറി സ്കൂളുകളിൽ ലാബ് അസിസ്റ്റന്റു മാരുടെ ഒഴിവുകളുണ്ടോ ; ഉണ്ടെങ്കിൽ എത്ര എണ്ണമെന്ന് വെളിപ്പെടുത്തുമോ ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും ഈ ഒഴിവുകൾ നികത്താത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 14 എണ്ണം

(ബി) പ്രസ്തുത ഒഴിവുകൾ എസ്.സി./എസ്.റ്റി.(സ്പെഷ്യൽ റിക്രൂട്ട്മെന്റ്) തസ്തികമാറ്റ നിയമനം എന്നിവയ്ക്കായി നീക്കിവച്ചിരിക്കുന്നതാണ്.

(സി) നിലവിൽ പി.എസ്.സി. വഴി നിയമനം നടത്താവുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പ്രീ-പ്രൈമറി ജീവനക്കാർ

78(5926) ശ്രീ. പി. ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളോടനുബന്ധിച്ചുള്ള പ്രീ-പ്രൈമറികളിൽ ഓരോ സ്കൂളുകളിലും എത്രവീതം ടീച്ചർമാർക്കും ഹെൽപ്പർമാർക്കുമാണ് അംഗീകാരം നൽകിയിട്ടുള്ളത് ; അംഗീകാരം നൽകുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ബി) ഇവർക്ക് എത്ര രൂപ വീതമാണ് വേതനം നൽകിവരുന്നത് ;

(സി) ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) സർക്കാർ സ്കൂളുകളോടനുബന്ധിച്ചുള്ള പ്രീ-പ്രൈമറികളിൽ 30 കുട്ടികൾക്ക് ഒരു അദ്ധ്യാപിക, ഒരു ആയ എന്ന ക്രമത്തിലാണ് നിയമനം നൽകിയിട്ടുള്ളത്. 7-12-2012-നുശേഷം പുതിയ നിയമനം നടത്താനോ പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കാനോ പാടില്ല.

(ബി) പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് 9,000 രൂപയും ആയമാർക്ക് 6,000 രൂപയും ഓണറേറിയമായി നൽകി വരുന്നു.

(സി) 1-8-2012 മുതൽ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും നൽകി വന്ന 5,000, 3,500 രൂപ ഓണറേറിയം 18-6-2016 മുതലാണ് വർദ്ധിപ്പിച്ചത്.

## പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ

79(5927) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷം മുതൽ സംസ്ഥാനത്ത് പുതിയ എത്ര ഹയർ സെക്കന്ററി സ്കൂളുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കാലയളവിൽ പുതിയ എത്ര ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിച്ചിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) പുതിയ സ്കൂളുകൾക്കും ബാച്ചുകൾക്കും ആനുപാതികമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിരുന്നോ ; ഇല്ലെങ്കിൽ ആയതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുടെ പ്രൊമോഷൻ തസ്തിക**

80(5928) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുടെ പ്രൊമോഷൻ തസ്തികകളായ ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നിവയിലേക്ക് മറ്റ് ഇതര വകുപ്പുകളിലേതുപോലെ പ്രൊമോഷൻ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) ഹയർ സെക്കന്ററി സ്കൂളുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് മേഖലാ ഓഫീസുകൾക്ക് പകരം ജില്ലാതല ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് 300-ൽ അധികം ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽമാരുടെ ഒഴിവുണ്ടായിട്ടും നിയമനം നടത്താത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ഹയർ സെക്കന്ററി വകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്ക് പ്ലെയ്സ്മെന്റ് നൽകിയാണ് ഡെപ്യൂട്ടി ഡയറക്ടർ തസ്തിക നിലവിൽ നികത്തിവരുന്നത്. ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഡെപ്യൂട്ടേഷൻ നൽകിയുമാണ് നികത്തുന്നത്. അഡീഷണൽ ഡയറക്ടർ തസ്തിക നിലവിലില്ല. ടി തസ്തികകൾ പ്രൊമോഷൻ വഴി നികത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ഗവ. ഹയർ സെക്കന്ററി പ്രിൻസിപ്പൽമാരുടെ സീനിയോറിറ്റി ലിസ്റ്റിലുള്ള തർക്കം കോടതിയുടെ പരിഗണനയിൽ ആയതിനാൽ അന്തിമ കോടതി വിധിക്കുശേഷമേ പ്രിൻസിപ്പൽമാരുടെ ഒഴിവുള്ള തസ്തികകൾ നികത്താൻ കഴിയുകയുള്ളൂ.

## ദേശീയ വിദ്യാഭ്യാസ അവകാശ നിയമം

81(5929) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ.നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പുതിയ വിദ്യാഭ്യാസനയം കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ഏതൊക്കെ രീതിയിൽ ബാധിക്കുമെന്ന് വിശദമാക്കാമോ ;

(ബി) ദേശീയ വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് ഇപ്പോൾ സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) അടുത്ത സാമ്പത്തിക വർഷം മുതൽ എന്തൊക്കെ പദ്ധതികളാണ് ഈ നിയമത്തിൻ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസ സെസ്സ് പ്രകാരം വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാന വിഹിതമായി എത്ര രൂപയാണ് ഈ വർഷം ലഭ്യമായതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇതിന്റെ വിനിയോഗത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ദേശീയ വിദ്യാഭ്യാസ നയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വ്യത്യസ്ത മേഖലയിൽ നിന്നുള്ള സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം വിദഗ്ദ്ധ സമിതിയെ കൊണ്ട് പരിശോധന നടത്തുകയും ആവശ്യമായ ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട ദേശീയ വിദ്യാഭ്യാസ നയം കേരള വിദ്യാഭ്യാസ രംഗത്തെ എപ്രകാരം ബാധിക്കുമെന്ന് വിദഗ്ദ്ധ സമിതി വിലയിരുത്തുന്നതാണ്.

(ബി) സൗജന്യവും സംയോജിതവുമായ വിദ്യാഭ്യാസം നൽകുന്നതിനായി സൗജന്യ പാഠപുസ്തകം, യൂണിഫോം എന്നിവ നൽകിവരുന്നു. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം അവകാശനിയമ പ്രകാരം മാറിയിട്ടുണ്ട്. കലാകായിക പ്രവൃത്തി പരിചയത്തിന് അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാലയങ്ങളുടെ ഭൗതികാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും

ലാബ്, ലൈബ്രറി സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പദ്ധതിയുണ്ട്. എസ്.എം.സി. ക്ലാസ്, പി.ടി. എന്നിവ അവകാശ നിയമത്തിന്റെ നിർദ്ദേശാനുസരണം യാഥാർത്ഥ്യമായിട്ടുണ്ട്. പഠന മണിക്കൂറുകൾ നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അക്കാദമിക മോണിറ്ററിംഗിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി നിരന്തര വിലയിരുത്തൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. കുട്ടികൾക്ക് ഭയരഹിതമായി പഠിക്കുന്നതിനുള്ള അന്തരീക്ഷം ഒരുക്കി ശിശു സൗഹൃദ സമീപനം സ്വീകരിച്ചു. ഗുണനിലവാരം ഉയർത്തുന്നതിനായി അദ്ധ്യാപകർക്ക് പരിശീലനം നൽകി വരുന്നു.

(സി) എസ്.എസ്.എ.യുടെ അടുത്ത വർഷത്തെ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന് വിദ്യാഭ്യാസ അവകാശ നിയമ പ്രകാരമുള്ള പരിപാടികൾ ഉൾപ്പെടുത്തുന്നതാണ്.

(ഡി & ഇ) വിവരം ശേഖരിച്ചുവരുന്നു.

## സമഗ്ര വിദ്യാഭ്യാസ പദ്ധതി

82(5930) ശ്രീ. പി. ഉണ്ണി :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണം സംബന്ധിച്ച് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ ഏതെല്ലാം ജില്ലകളിൽ പ്രസ്തുത പദ്ധതി സജീവമായി നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൻെറ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ ആയത് നൽകുമോ ?

### ഉത്തരം

(എ) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 28-9-2016-ലെ സ.ഉ.(പി) 41/16/ആ.സാ.വ. പ്രകാരം സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പ്രസ്തുത പദ്ധതി ഒരു ജില്ലയിലും നടപ്പിലാക്കിയിട്ടില്ല.

## ഹയർ സെക്കന്ററി സീറ്റുകൾ

83(5931) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഹയർ സെക്കന്ററി സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ സ്കൂളുകളിൽ എത്ര ബാച്ച് വീതം വർദ്ധിപ്പിച്ചുവെന്ന്, ജില്ല തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിച്ചിട്ടില്ല. എന്നാൽ മാർജിനൽ സീറ്റ് വർദ്ധനവിലൂടെ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും 20 % സീറ്റുകൾ അധികമായി പ്ലസ് വൺ കോഴ്സിന് വർദ്ധിപ്പിച്ചിട്ടുണ്ട്.

## ഹയർ സെക്കന്ററി വിഭാഗത്തിൽ പുതുതായി അനുവദിച്ച അദ്ധ്യാപക തസ്തികകൾ

84(5932) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കന്ററി വിഭാഗത്തിൽ പുതുതായി അനുവദിച്ച സ്കൂളുകൾക്കും ബാച്ചുകൾക്കുമായി അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ബി) ഇതനുസരിച്ച് ഓരോ ജില്ലയിലും ഹയർ സെക്കൻഡറി അനുവദിക്കപ്പെട്ട സ്കൂളുകളിലും അധിക ബാച്ചുകളിലും അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം, വിഷയം തിരിച്ച് സ്കൂളുകളുടെ പേരുകൾ സഹിതം ലഭ്യമാക്കാമോ; തസ്തികകൾ പൂർണ്ണമായും അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) സർക്കാർ മേഖലയിൽ അനുവദിക്കപ്പെട്ട സ്കൂളുകൾക്കും ബാച്ചുകൾക്കും അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; 2014-15, 2015-16 വർഷങ്ങളിൽ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം, വിഷയം തിരിച്ച് ലഭ്യമാക്കാമോ ;

(ഡി) ഹയർ സെക്കന്ററി അദ്ധ്യാപകരുടെ പി. എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാനിരിക്കെ, സർക്കാർ മേഖലയിലെ മുഴുവൻ സ്കൂളുകളിലും ഹയർ സെക്കന്ററി അദ്ധ്യാപക തസ്തികകൾ പൂർണ്ണമായും സൃഷ്ടിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പുതുതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. എന്നാൽ ഇവ സൃഷ്ടിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി&സി) തസ്തിക അനുവദിച്ചിട്ടില്ല. ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ജോലി ഭാരം പുനരവലോകനം ചെയ്യാനും ഓരോ സ്കൂളിലും ചട്ടപ്രകാരമുള്ള ഭൗതിക സാഹചര്യങ്ങൾ ഉണ്ടെന്ന് വിലയിരുത്തിയശേഷം ഓരോ സ്കൂളിലും ഓരോ വിഷയത്തിലുമുള്ള പീരിയഡ് അടിസ്ഥാനത്തിലുള്ള ജോലിഭാരം, അംഗീകൃത തസ്തികകൾ തുടങ്ങിയവ റീജ്യണൽ ഡെപ്യൂട്ടി തലത്തിൽ പരിശോധിച്ച് ഉറപ്പ് വരുത്തിയശേഷം വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ട തനുസരിച്ച് ഹയർ സെക്കന്ററി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. തസ്തിക സൃഷ്ടിക്കൽ നടപടികൾ പൂർത്തിയായാൽ മാത്രമേ തസ്തികകളുടെ എണ്ണം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(ഡി) ഹയർ സെക്കന്ററി ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ നിലവിലുള്ള ചട്ടങ്ങളുടേയും നിബന്ധനകളുടേയും അടിസ്ഥാനത്തിൽ പരിശോധിച്ച് സർക്കാർ മേഖലയിലെ മുഴുവൻ സ്കൂളുകളിലും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹയർ സെക്കന്ററി വിഭാഗത്തിൽ റഗുലറൈസ് ചെയ്യപ്പെടാൻ ഓപ്ഷൻ നല്കിയ യൂണിവേഴ്സിറ്റി ജീവനക്കാർ

85(5933) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി വിഭാഗത്തിൽ റഗുലറൈസ് ചെയ്യപ്പെടാൻ ഓപ്ഷൻ നല്കിയ യൂണിവേഴ്സിറ്റി ജീവനക്കാരെ റഗുലറൈസ് ചെയ്യാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ തീരുമാനം വൈകുന്നതുമൂലം പ്രസ്തുത ജീവനക്കാരുടെ പ്രൊമോഷനുകളും മറ്റും തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇപ്പോഴത്തെ സ്ഥിതിയിൽ പ്രസ്തുത ജീവനക്കാരുടെ ഇൻക്രിമെന്റ്, പി.എഫ്. വായ്പ തുടങ്ങിയവ അനുവദിക്കേണ്ടത് ഏതു വകുപ്പിൽനിന്നാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഹയർ സെക്കന്ററി ഡയറക്ടറേറ്റിലെ ഒഴിവുള്ള സൂപ്പർവൈസറി തസ്തികകളിലേക്ക് പ്രസ്തുത ജീവനക്കാർക്ക് പ്രൊമോഷൻ നല്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് സർക്കാർ ആവശ്യപ്പെട്ട അധിക വിവരങ്ങൾ ഹയർ സെക്കന്ററി ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) ഉണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പരിശോധിച്ചുവരുന്നു.

## ഹയർ സെക്കന്ററി അദ്ധ്യാപക നിയമനം

86(5934) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മുൻസർക്കാരിന്റെ കാലത്ത് ഹയർ സെക്കന്ററി മേഖലയിൽ പുതുതായി അനുവദിച്ച സ്കൂളുകളിലെയും ബാച്ചുകളിലെയും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്ക് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

പുതുതായി അനുവദിച്ച സ്കൂളുകളിലേയും ബാച്ചുകളിലേയും അദ്ധ്യാപക-അനദ്ധ്യാപക തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയശേഷം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.

## ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി

87(5935) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ജോലി ഭാരത്തിന് അനുസരിച്ചുള്ള ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽനിന്നും സേവനങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം കാലതാമസം ഒഴിവാക്കുന്നതിന് ഏതെങ്കിലും പ്രത്യേക നിർദ്ദേശം ഡയറക്ടർക്ക് നൽകിയിട്ടുണ്ടോ; ഇത് പാലിക്കുന്നുണ്ടെന്ന കാര്യം ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത വകുപ്പിലെ ജീവനക്കാരുടെ പെരുമാറ്റം പൊതുജന സൗഹൃദ പരമല്ലെന്ന തരത്തിലുള്ള ഏതെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൊതുജന സൗഹൃദപരമായ അന്തരീക്ഷം ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## എച്ച്.എസ്.എസ്.റ്റി. ഫിസിക്സ് ജൂനിയർ/സീനിയർ ഒഴിവുകൾ

88(5936) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എച്ച്. എസ്.എസ്.റ്റി. ഫിസിക്സ് ജൂനിയർ/സീനിയർ ഒഴിവുകൾ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എസ്.സി./എസ്.റ്റി. സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി മാറ്റി

വെച്ച ഒഴിവുകൾ എത്രയെന്നും ഇതര ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) എച്ച്.എസ്.എസ്.റ്റി. ഫിസിക്സ് ജൂനിയർ തസ്തികയിൽ 37 ഒഴിവുകളും സീനിയർ തസ്തികയിൽ 13 ഒഴിവുകളും ഉണ്ട്.

(ബി) എസ്.സി./എസ്.റ്റി. സ്പെഷ്യൽ റിക്രൂട്ട്മെന്റിന് നീക്കിവെയ്ക്കാനായി ഒഴിവില്ല. എച്ച്.എസ്.എസ്.റ്റി. ഫിസിക്സ് തസ്തികയിലെ ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിരിക്കുന്നവയാണ്.

**എയ്ഡഡ് സ്കൂൾ അദ്ധ്യാപക പുനർവിന്യാസം**

89(5937) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16-ലെ ഫിക്സേഷനിൽ എൽ.പി.എസ്.എ./യു.പി.എസ്.എ./ എച്ച്.എസ്.എ. മേഖലയിലെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരിൽ എത്ര പേർക്ക് തസ്തിക നഷ്ടപ്പെട്ടു; ഇപ്രകാരം തസ്തിക നഷ്ടപ്പെട്ട എത്ര പേർക്ക് പുനർവിന്യാസ ത്തിലൂടെ നിയമനം നൽകി; പുനർവിന്യസിക്കപ്പെട്ട അദ്ധ്യാപകരുടെ ശമ്പളം തടഞ്ഞുവച്ചിരിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) പുനർവിന്യാസം നൽകുവാനുള്ളതും മാതൃസ്കൂളിൽ പതിനഞ്ച് വർഷത്തിലധികമായി ജോലി ചെയ്തുവരുന്നതുമായ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ ഉണ്ടെങ്കിലും ശമ്പളം കിട്ടാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 3674 അദ്ധ്യാപകർക്കാണ് തസ്തിക നഷ്ടമായിട്ടുള്ളത്. പ്രസ്തുത അദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തി ലാണ്. ഇവരെ പുനർവിന്യസിക്കുന്ന മുറയ്ക്ക് ശമ്പളം നൽകണമെന്ന് 29-1-2016-ലെ ജി.ഒ.(പി) നമ്പർ 29/2016/പൊ.വി.വ. എന്ന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച് 31/816-ലെ സ.ഉ.(പി) നമ്പർ 148/16/പൊ.വി.വ. പ്രകാരമാണ് ശമ്പളം നൽകിവരുന്നത്. ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം

പുനർവിന്യാസ പ്രവർത്തനങ്ങൾ ഇപ്പോൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുന്ന മുറയ്ക്ക് ശമ്പളം നൽകണമെന്ന് 29-1-2016-ലെ ജി.ഒ.(പി) നമ്പർ.29/2016/പൊ.വി.വ. എന്ന ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പുനർവിന്യാസ പ്രക്രിയ തത്കാലം നിർത്തിവയ്ക്കാൻ ബഹു. ഹൈക്കോടതി നിർദ്ദേശമുള്ളതിനാൽ മുഴുവൻ പേരെയും പുനർവിന്യസിക്കാൻ കഴിഞ്ഞിട്ടില്ല. ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിക്കനുസരിച്ച് പുനർവിന്യാസ പ്രക്രിയ പൂർത്തീകരിക്കുന്നതാണ്.

## എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക നിയമനം

90(5938) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എയ്ഡഡ് സ്കൂളുകളിൽ റിട്ടയർമെന്റ് തസ്തികകളിൽ അദ്ധ്യാപക നിയമനം അംഗീകരിക്കാൻ ബാക്കിയുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ സ്കൂളുകളുടെയും നിയമന അംഗീകാരം കാത്തിരിക്കുന്ന അദ്ധ്യാപകരുടെയും പേരു വിവരം നൽകാമോ ;

(സി) നിയമന അംഗീകാരം നൽകാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) കാസർഗോഡ് വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട നെല്ലിക്കുന്ന് അൻവാറുൽ ഉലൂം എയ്ഡഡ് യു.പി. സ്കൂളിൽ ജലജ ടി. കെ. എന്ന അദ്ധ്യാപികയെ എപ്പോഴാണ് നിയമിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഇ) നിയമിച്ചുകഴിഞ്ഞതിനുശേഷം എത്ര ദിവസത്തിനുള്ളിലാണ് മാനേജർ അപ്പോയിന്റ്മെന്റ് ഓർഡർ ബന്ധപ്പെട്ട അസിസ്റ്റന്റ് എജ്യൂക്കേഷണൽ ഓഫീസർക്ക് സമർപ്പിച്ചത് ;

(എഫ്) പ്രസ്തുത അപ്പോയിന്റ്മെന്റ് ഓർഡറിൽ എ.ഇ.ഒ. സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ ;

(ജി) പ്രസ്തുത അപ്പോയിന്റ്മെന്റ് അംഗീകരിച്ചിട്ടില്ലെങ്കിൽ വിവരം മാനേജരെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ രേഖകൾ ലഭ്യമാക്കാമോ ; നിയമനം സംബന്ധിച്ച വിവരം എത്ര ദിവസത്തിനകം മാനേജരെ അറിയിക്കണമന്നാണ് നിയമം അനുശാസിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) നിയമന അംഗീകാരത്തിനുള്ള അപേക്ഷയോടൊപ്പം നിശ്ചിത രേഖകൾ മാനേജർമാർ ഹാജരാക്കുന്ന മുറയ്ക്ക് നിയമനം അംഗീകരിക്കുന്നതാണ്.

(ഡി) 1-6-2016-ൽ.

(ഇ) 13-ാം ദിവസം.

(എഫ്) 2016-17 അദ്ധ്യയന വർഷത്തിൽ തസ്തിക നിർണ്ണയം നടന്നിട്ടില്ല. ആയതിനാൽ നിയമനാംഗീകാരത്തിനുള്ള ഫയലുകൾ ലൈ ഓവർ ചെയ്തിരിക്കുകയാണ്.

(ജി) അംഗീകാരം സംബന്ധിച്ച പ്രൊപ്പോസൽ 30 ദിവസത്തിനകം പരിശോധിച്ച് തീർപ്പാക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്. (എഫ്) പിരിവിലെ മറുപടിയുടെ വെളിച്ചത്തിൽ നിയമന നടപടികൾ തീർപ്പാക്കിയിട്ടില്ല.

**എയ്ഡഡ്, സർക്കാർ സ്കൂളുകളിൽ ഒരേ തരം യൂണിഫോം**

91(5939) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ്, സർക്കാർ സ്കൂളുകളിൽ ഒരേ തരം യൂണിഫോം എന്ന ആശയം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; ഒരു വർഷം എത്ര രൂപയാണ് യൂണിഫോമിനു വേണ്ടി സർക്കാർ ചെലവഴിക്കുന്നത് ;

(ബി) 2016-17 അദ്ധ്യയന വർഷത്തെ യൂണിഫോം വിതരണം ചെയ്തു കഴിഞ്ഞോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) സ്കൂളുകളിൽ കൈത്തറി യൂണിഫോം നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഏത് അദ്ധ്യയന വർഷം മുതലാണ് നടപ്പിൽ വരുത്തുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്. 2017-18 അദ്ധ്യയന വർഷം മുതൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 5 വരെ ക്ലാസ്സുകളിലുള്ള മുഴുവൻ കുട്ടികൾക്കും കൈത്തറി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുണികൊണ്ടുള്ള സ്കൂൾ യൂണിഫോം സൗജന്യമായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. 2016-17 അദ്ധ്യയന വർഷത്തിൽ സ്കൂൾ യൂണിഫോമിനായി 30,13,68,000 (മുപ്പത് കോടി പതിമൂന്ന് ലക്ഷത്തി അറുപത്തെണ്ണായിരം രൂപ) കേന്ദ്ര സർക്കാർ വിഹിതവും 71,71,72,000 രൂപ (എഴുപത്തൊന്ന കോടി എഴുപത്തൊന്ന് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ) സംസ്ഥാന സർക്കാർ വിഹിതവും അനുവദിച്ചിട്ടുണ്ട്. ഇതിൽ കേന്ദ്ര വിഹിതത്തിൽനിന്നും 28,12,84,000 രൂപ (ഇരുപത്തിഎട്ട് കോടി പന്ത്രണ്ട് ലക്ഷത്തി എൺപത്തി നാലായിരം രൂപ) വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന വിഹിതം വിതരണം ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(ബി) ഇല്ല. 28,12,84,000 രൂപ (ഇരുപത്തിഎട്ട് കോടി പന്ത്രണ്ട് ലക്ഷത്തി എൺപത്തി നാലായിരം രൂപ) മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ബാക്കി തുക 2016 ഒക്ടോബർ മാസത്തെ സംസ്ഥാന ഉപധനാഭ്യർത്ഥന 2016-17 മുഖേന ലഭ്യമായിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. 1 മുതൽ 5 വരെ ക്ലാസ്സുകളിലുള്ള മുഴുവൻ കുട്ടികൾക്കും സൗജന്യമായി കൈത്തറി സ്കൂൾ യൂണിഫോം നൽകുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 2017-18 വർഷം മുതലാണ് ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

**അദ്ധ്യാപക പുനർവിന്യാസം**

92(5940) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂളുകളിലെ അദ്ധ്യാപക പുനർവിന്യാസം, പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ സംരക്ഷണം എന്നിവ ലക്ഷ്യമാക്കി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ;

(ബി) അദ്ധ്യാപക പുനർവിന്യാസം എല്ലാ ജില്ലകളിലും പൂർത്തീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) പുനർവിന്യാസത്തിനുശേഷവും ഓരോ ജില്ലയിലും അധികമായിട്ടുള്ള അദ്ധ്യാപകർ എത്രയാണ്; ജില്ല തിരിച്ച് വിശദാംശം നൽകുമോ ?

ഉത്തരം

(എ) 5-8-2016-ലെ സ.ഉ.(പി)നമ്പർ 134/2016/പൊ.വി.വ. പ്രകാരം സംരക്ഷിതാദ്ധ്യാപകരുടെ പുനർവിന്യാസം സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ഇടുക്കി, മലപ്പുറം, വയനാട്, കാസർഗോഡ് ജില്ലകളിൽ പുനർവിന്യാസം പൂർത്തിയായിക്കഴിഞ്ഞു. മറ്റ് ജില്ലകളിൽ പുനർവിന്യാസ പ്രക്രിയ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

**സ്കൂൾ ഹൈടെക് ആക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ**

93(5941) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്കൂൾ ഹൈടെക് ആക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെൻറ് ഹയർ സെക്കന്ററി സ്കൂൾ ഹൈടെക് ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പദ്ധതി നിർവ്വഹണത്തിന്റെ ആദ്യഘട്ടത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ തളിപ്പറമ്പ്, കോഴിക്കോട് നോർത്ത്, പുതുക്കാട്, ആലപ്പുഴ അസംബ്ലി നിയോജകമണ്ഡലങ്ങളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും ഐറ്റി@സ്കൂൾ മുഖേന ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും ഹൈടെക് ആക്കുന്നതിന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണലൂർ നിയോജകമണ്ഡലത്തിലെ മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളും ഹൈടെക് ആക്കുന്നതാണ്.

**ശ്രീമതി സക്കീനയുടെ ബൈട്രാൻസ്ഫർ നിയമനം**

94(5942) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം മൈനാഗപ്പള്ളി മിലാദേ ഷെറീഫ് ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.എസ്.ടി. (അറബിക്) ആയ ശ്രീമതി സക്കീനയ്ക്ക് പ്രസ്തുത തസ്തികയിൽ

ബൈട്രാൻസ്ഫർ നിയമനാംഗീകാരം നൽകിക്കൊണ്ട് 2015-16-ൽ തിരുവനന്തപുരം ഹയർ സെക്കന്ററി ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത അദ്ധ്യാപികയുടെ നിയമനത്തിന് ശിപാർശ നൽകിക്കൊണ്ട് സെലക്ഷൻ കമ്മിറ്റി നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) സെലക്ഷൻ കമ്മിറ്റി കൂടിയിട്ടില്ല.

**മഞ്ചേരി മണ്ഡലത്തിലെ വെളിയഞ്ചേരി എ.യു.പി.എസ്. അദ്ധ്യാപക നിയമനം**

95(5943) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ വെളിയഞ്ചേരി എ.യു.പി.എസ്. (എയ്ഡഡ്) സ്കൂൾ മാനേജർ, ശ്രീ. പി. മുസ്തഫ എന്ന അദ്ധ്യാപകന്റെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് നൽകിയ പരാതി സംബന്ധിച്ച 35626/B1/14/G.Edn. എന്ന ഫയലിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;

(ബി) ഇതുസംബന്ധിച്ച് പ്രസ്തുത അദ്ധ്യാപകനെ ഹിയറിംഗിന് ഹാജരാകാൻ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത അദ്ധ്യാപകന് പരാതിയിൽ ആവശ്യപ്പെട്ട പ്രകാരമുള്ള കാലയളവിൽ നിയമന അംഗീകാരം നൽകാൻ കഴിയുമോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ-സി) വെളിയഞ്ചേരി എ.യു.പി. സ്കൂളിലെ ശ്രീ. പി. മുസ്തഫ എന്ന അദ്ധ്യാപകന്റെ നിയമനാംഗീകാരം സംബന്ധിച്ച് ബന്ധപ്പെട്ടവരെ നേരിൽ കേട്ടിരുന്നു. അതിൻപ്രകാരം അന്ന് നിലവിലുണ്ടായിരുന്ന ഉത്തരവുകളുടെ/ നിയമമനുസരിച്ച് ശ്രീ. മുസ്തഫയുടെ നിയമനം 1:40 അനുപാതത്തിൽ 15-7-2010

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുതൽ 16-12-2011 വരെ നിലനിർത്തുന്നതിന് സാധിക്കുമോയെന്ന് KER-ലെ വ്യവസ്ഥകൾ പ്രകാരം പരിശോധിച്ച്, മറ്റുവിധത്തിൽ യോഗ്യമെങ്കിൽ നിയമനം അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ മേലാറ്റൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മാതൃഭാഷാ പഠനം

96(5944) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ പ്രീ-പ്രൈമറിതലം മുതൽ ഹയർ സെക്കന്ററി തലം വരെ മാതൃഭാഷാ പഠനത്തിന് ഊന്നൽ നൽകുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) നിലവിലുള്ള ഏതെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം പുതിയ പദ്ധതികളാണ് ഇതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) 1-9-2011-ലെ ജി.ഒ.(പി) നമ്പർ 183/2011/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവനുസരിച്ച് സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പൊതുവായി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ് :

1. സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പത്താം ക്ലാസുവരെ മലയാളം നിർബന്ധ ഭാഷയായിരിക്കും.
2. കന്നട, തമിഴ്, ഗുജറാത്തി എന്നിവ മാതൃഭാഷയായുള്ള കുട്ടികൾക്ക് അവരുടെ മാതൃഭാഷ ഒന്നാം ഭാഷയായി തന്നെ പഠിക്കാൻ നിലവിലുള്ള സംവിധാനം തുടരുന്നതാണ്. എന്നാൽ അവർക്ക് നിലവിലുള്ള ഭാഷയ്ക്ക് പുറമെ മലയാളംകൂടി പഠിക്കാൻ സാഹചര്യം ഒരുക്കുന്നതാണ്.

3. അറബി, സംസ്കൃതം ഓറിയന്റൽ സ്കൂളുകളിലും ഒന്നാം ഭാഷ പാർട്ട് രണ്ടിൽ മലയാളംകൂടി പഠിപ്പിക്കും. പാർട്ട് രണ്ടിൽ രണ്ട് പേപ്പറുകളായിരിക്കും. പേപ്പർ ഒന്ന് അറബി/സംസ്കൃതം പേപ്പർ രണ്ട് മലയാളം.

4. എല്ലാ വിഭാഗം സ്കൂളുകളിലും ഒന്നാം ഭാഷ പാർട്ട് രണ്ടിൽ സ്പെഷ്യൽ ഇംഗ്ലീഷ് ഘട്ടംഘട്ടമായി ഒഴിവാക്കുന്നതാണ്. (ഗൾഫിലേയും ലക്ഷദ്വീപിലേയും സ്കൂളുകൾ ഒഴിച്ച്, അവിടെ ഇപ്പോഴത്തെ സ്ഥിതി തുടരുന്നതാണ്.)

5. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. മറ്റു ബോർഡുകൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധ വിഷയമായി പഠിപ്പിക്കേണ്ട താണ്. വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇത്തരം സ്കൂളുകൾക്ക് നൽകുന്ന അംഗീകാര സർട്ടിഫിക്കറ്റിൽ ഇതൊരു വ്യവസ്ഥയായി നിഷ്കർഷിക്കുന്നതാണ്.

6. ഫിഷറീസ് സ്കൂളുകളിൽ പാർട്ട് ഒന്ന് വിഭാഗത്തിൽ മലയാളം ഒന്നാം ഭാഷയായി പഠിക്കുന്നതിനാൽ തൽസ്ഥിതി തുടരുന്നതാണ്.

7. വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ നിലവിൽ ഇംഗ്ലീഷ് മാത്രമാണ് ഭാഷ എന്ന നിലയിൽ പഠിക്കാൻ അവസരമുള്ളത്. പകരം മലയാളംകൂടി പഠിക്കാൻ അവസരം ലഭ്യമാവുംവിധം നടപടിക്രമങ്ങൾ രൂപപ്പെടുത്തി ഒരു മാസത്തിനകം റിപ്പോർട്ട് നൽകാൻ വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറെ ചുമതലപ്പെടുത്തി.

8. ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ മലയാളം ഒന്നാം ഭാഷയാക്കുന്നതും ദേശീയ ഭാഷയായ ഹിന്ദി മറ്റു ഭാഷകളായ അറബി, ഉറുദു, സംസ്കൃതം തുടങ്ങിയവയുടെയും പ്രാധാന്യം ഉൾക്കൊണ്ടും പ്രായോഗിക നിർദ്ദേശങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് സമർപ്പിക്കാൻ ഹയർ സെക്കന്ററി ഡയറക്ടറെ ചുമതലപ്പെടുത്തി.

ഈ ഉത്തരവ് പാലിക്കുന്നതിന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.സി.എസ്.ഇ., സി.ബി.എസ്.ഇ. സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ എന്നിവ വിമുഖത കാണിച്ചതിന്റെ അടിസ്ഥാനത്തിൽ 10-5-2012-ൽ പൊതു വിദ്യാഭ്യാസ സെക്രട്ടറി ഇത്തരം സ്ഥാപനങ്ങളുടെ ഒരു യോഗം വിളിച്ചുചേർക്കുകയും മലയാള ഭാഷാപഠനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. 14-9-2012-ലെ ബഹു. ഹൈക്കോടതിയുടെ ഡബ്ല്യൂ.പി.(സി) നമ്പർ 2435/2012 (ഡി) പ്രകാരം ഐ.സി.എസ്.ഇ., സി.ബി.എസ്.ഇ. സ്കൂളുകൾ, കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ സിലബസ് തയ്യാറാക്കുന്നത് എൻ.സി.ഇ.ആർ.റ്റി. ആകയാൽ ഇത്തരം സ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ലെന്ന് ഉത്തരവായിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം സ്കൂളുകളിലെ മലയാള ഭാഷാപഠനത്തിന് ചില സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത്തരം ചില വിദ്യാലയങ്ങൾ ഇപ്പോൾ സ്വമേധയാ മലയാള ഭാഷാപഠനത്തിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

സംസ്ഥാന സ്കൂളുകളിൽ മാതൃഭാഷ പഠനത്തിന് ഊന്നൽ നൽകുന്നതിന് പാഠ്യപദ്ധതി പരിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി മാതൃഭാഷാ പാഠപുസ്തകങ്ങൾ പരിഷ്കരിച്ച് ശാസ്ത്രീയമായി തയ്യാറാക്കി പഠിപ്പിച്ചുവരുന്നു. പ്രൈമറി, സെക്കന്ററി തലത്തിലെ എല്ലാ വിദ്യാലയങ്ങളിലും മാതൃഭാഷാ മാധ്യമത്തിൽ തന്നെ പഠനം നടത്തുന്നതിനുള്ള സാഹചര്യം പഠിതാക്കൾക്കായി ഒരുക്കിയിട്ടുണ്ട്. കൂടാതെ അദ്ധ്യാപക പരിശീലനത്തിനും ഈ വിഷയത്തിന് വേണ്ടത്ര ഊന്നൽ നൽകിയിട്ടുണ്ട്. ഹയർ സെക്കന്ററി പഠന മാധ്യമം ഇംഗ്ലീഷ് ആണെങ്കിലും ചോദ്യങ്ങൾ മാതൃഭാഷയിൽ കൂടി നിൽകിയിട്ട് ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് ഉത്തരങ്ങൾ മാതൃഭാഷയിലും എഴുതാവുന്നതാണ്. അപ്പർ പ്രൈമറി തലം മുതൽ ഒന്നാം ഭാഷയായി മറ്റ് ഭാഷകൾ പഠിക്കുന്നവർക്ക് മാതൃഭാഷ പഠിക്കുന്നതിനായി അടിസ്ഥാന പാഠാവലി തയ്യാറാക്കിയിട്ടുണ്ട്.

(ബി & സി) മാതൃഭാഷാ പഠനം ശാസ്ത്രീയവും കാര്യക്ഷമവും ആക്കുന്നതിന് വിവിധ കർമ്മ പരിപാടികൾ എസ്.എസ്.എ., ആർ.എം.എസ്.എ. എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. കേരളപ്പിറവി ദിനത്തിൽ സാഹിത്യ സാംസ്കാരിക നായകരെ പങ്കെടുപ്പിച്ചുകൊണ്ട് സാമൂഹ്യ അവബോധം സൃഷ്ടിക്കുന്നതിനായി 14 ജില്ലകളിലും "മാതൃഭാഷയും പൊതുവിദ്യാഭ്യാസവും" എന്ന പേരിൽ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. മാതൃഭാഷാ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി "എന്റെ മലയാളം" പദ്ധതി നടപ്പാക്കാൻ എസ്.എസ്.എ. തീരുമാനിച്ചിട്ടുണ്ട്.

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

97(5945) ശ്രീ. റോജി എം. ജോൺ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം സംസ്ഥാനത്ത് എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട് ; വിവരിക്കുമോ;

(ബി) എത്ര കോഴ്സുകളാണ് ഈ പദ്ധതിവഴി വിദ്യാർത്ഥികൾക്ക് നൽകിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അഡീഷണൽ സ്കിൽ അക്വീഷസിഷൻ പ്രോഗ്രാം (അസാപ്) സംസ്ഥാനത്ത് 1010 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. ഇതിൽ 869 സ്ഥാപനങ്ങൾ ഹയർ സെക്കന്ററി സ്കൂളുകളും 87 എണ്ണം കോളേജുകളും 54 എണ്ണം വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളുമാണ്.

(ബി) ഈ പദ്ധതിവഴി 98 സ്കിൽ കോഴ്സുകളാണ് വിദ്യാർത്ഥികൾക്ക് നാളിതുവരെ നൽകിയിട്ടുള്ളത്.

## അക്കാദമിക് കൺസൾട്ടന്റ്

98(5946) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.ഇ.ആർ.റ്റി.-യിലെ സർവ്വീസ് റൂൾസ് പ്രകാരം അക്കാദമിക് കൺസൾട്ടന്റ് എന്ന തസ്തിക ഉണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത തസ്തികയുടെ യോഗ്യതയെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ആരെയൊക്കെ എസ്.സി.ഇ.ആർ.റ്റി.-യിൽ അക്കാദമിക് കൺസൾട്ടന്റ്മാരായി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിയമനത്തിന് മുമ്പ് അവർ ഏത് സ്ഥാപനത്തിലാണ് ജോലി ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അക്കാദമിക് കൺസൾട്ടന്റിന്റെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡോ. പി. സത്യനേശനെ മാത്രമാണ് കൺസൾട്ടന്റായി കരാർ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി.-യിൽ നിയമിച്ചത്. ഡോ. പി. സത്യനേശൻ എസ്.സി.ഇ.ആർ.ടി.-യിൽ കരിക്കുലം വിഭാഗം തലവനായും തുടർന്ന് എസ്.സി.ഇ.ആർ.ടി.-യിൽ അക്കാദമിക് കൺസൾട്ടന്റായും, സീ-മാറ്റ് കേരളയിൽ അക്കാദമിക് കൺസൾട്ടന്റായും മുമ്പ് സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

(സി) അക്കാദമിക കാര്യങ്ങളിൽ ആവശ്യമുള്ള സന്ദർഭങ്ങളിൽ ഡയറക്ടറുടെ നിർദ്ദേശാനുസരണം ഫാക്കൽറ്റി അംഗങ്ങൾക്ക് ഉപദേശം നൽകുക, അക്കാദമിക കാര്യങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സഹായിക്കുക, ശില്പശാലകൾ, പരിശീലന പരിപാടികൾ ഇവയിൽ ആവശ്യമുള്ള ഘട്ടങ്ങളിൽ പങ്കെടുത്ത് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക എന്നിവയാണ് അക്കാദമിക് കൺസൾട്ടന്റിന്റെ ചുമതലകൾ.

## പള്ളിപ്പുറം എസ്.എസ്.എ.യു.പി. സ്കൂളിലെ പ്യൂൺ തസ്തിക

99(5947) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിപ്പുറം എസ്.എസ്.എ.യു.പി.സ്കൂളിലെ നിലവിലുള്ള ഏക പ്യൂൺ തസ്തികയിൽ മാനേജ്മെന്റ് നിയമിച്ചയാളുടെ നിയമനത്തിന് അംഗീകാരം ലഭിക്കുന്നതിനായി വൈപ്പിൻ എ.ഇ.ഒ. മുമ്പാകെ അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) അപേക്ഷ നിരസിച്ചിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കാമോ ;

(ഡി) പ്യൂൺ തസ്തികയിലുള്ള നിയമനത്തിന് അംഗീകാരം നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) മാനേജർ നൽകിയ നിയമന ഉത്തരവിന്റെ പ്രൊപ്പോസൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കെ.ഇ.ആർ., ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ എന്നിവ അനുസരിച്ച് പരിശോധിക്കുകയും സ.ഉ.(പി)29/16/പൊ.വി.വ. തീയതി 29-1-2016 പ്രകാരമല്ല നിയമനം എന്ന കാരണത്താൽ വൈപ്പിൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത അപേക്ഷ നിരസിച്ച് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) നിലവിൽ നിയമനാംഗീകാരം നൽകുന്നത് സ.ഉ.(പി)29/16/പൊ.വി.വ. തീയതി 29-1-2016 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശ പ്രകാരമാണ്.

## ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂൾ

100(5948) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂൾ മാനേജരായി ആരെയാണ് നിയമിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) സർക്കാർ ഉത്തരവുപ്രകാരം മാനേജരെ നിയമിച്ച നടപടിക്ക് എതിരെ കേസ് നിലവിലുണ്ടോ ;

(സി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട കോടതി വിധി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കുട്ടികളെ പഠിപ്പിക്കാൻ അദ്ധ്യാപകരില്ലാത്ത സാഹചര്യത്തിൽ സർക്കാർ ഉത്തരവ് പ്രകാരം നിയമിതനായ മാനേജർ നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

### ഉത്തരം

(എ) റിട്ട് ഹർജി 10936/15-ലെ 19-5-2015-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 9-3-2016-ലെ സ.ഉ.(സാധാ) നമ്പർ 1059/2016/പൊ.വി.വ. ഉത്തരവുപ്രകാരം ശ്രീ. മൊയ്തീൻകുട്ടി ഹാജി, പട്ടുവത്തിൽ ഹൗസ്, തെക്കിൽ പി.ഒ., കാസർഗോഡ് എന്നിവരെയാണ് നിലവിൽ ചട്ടഞ്ചാൽ ഹയർ സെക്കന്ററി സ്കൂൾ മാനേജരായി നിയമിച്ചിട്ടുള്ളത്.

(ബി) 9-3-2016-ലെ സർക്കാർ ഉത്തരവിന് എതിരായി ശ്രീമതി റുക്കിയാബി 11066/16 നമ്പർ റിട്ട് ഹർജി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

(സി) 11066/2016 നമ്പർ റിട്ട് ഹർജിയിൽ 7-9-2016-ൽ വിധിന്യായം പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സർക്കാരിൽ ലഭിച്ചിട്ടില്ല.

(ഡി) കുട്ടികളെ പഠിപ്പിക്കാൻ അദ്ധ്യാപകരില്ലാത്ത സാഹചര്യം നിലവിലില്ല.

**ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കാൻ നടപടി**

101(5949) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് വിശദമാക്കുമോ ;

(ബി) ആയതു സംബന്ധിച്ച് അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ എന്തൊക്കെ അപാകതകളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സ.ഉ. (സാധാ) നമ്പർ 2911/2016/പൊ.വി.വ. തീയതി 5-9-2016 പ്രകാരം കണ്ടിജന്റ് ചാർജ്ജ് വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 150 കുട്ടികൾ വരെ കുട്ടിയൊന്നിന് 8 രൂപ, 151 മുതൽ 500 വരെ കുട്ടിയൊന്നിന് 7 രൂപ, 501 മുതൽ കുട്ടിയൊന്നിന് 6 രൂപ എന്ന നിരക്കിലാണ് കണ്ടിജന്റ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുള്ളത്. കൂടാതെ പാചക തൊഴിലാളികളുടെ ദിവസവേതനം മിനിമം 400 രൂപയായും കുട്ടികളുടെ എണ്ണത്തിനനുസരിച്ച് പരമാവധി 475 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതിയുടെ മേൽനോട്ടത്തിന് Noon Meal Officer മാർ എല്ലാ സ്കൂളുകളിലും മാസാടിസ്ഥാനത്തിൽ പരിശോധന നടത്തണമെന്നും പരാതികൾ അടിയന്തരമായി പരിഹരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം സർക്കാർ സ്കൂളിലെ അനദ്ധ്യാപക തസ്തികകൾ**

102(5950) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ ശാന്തിഗ്രാം ഗാന്ധിജി ഇംഗ്ലീഷ് മീഡിയം സർക്കാർ സ്കൂളിൽ ഏതൊക്കെ അനദ്ധ്യാപക തസ്തികകളാണ് അനുവദിച്ച് നൽകിയിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ ഏതൊക്കെ ഒഴിഞ്ഞു കിടക്കുന്നു; വെളിപ്പെടുത്തുമോ ;

(സി) പ്യൂൺ തസ്തിക ഒഴിഞ്ഞുകിടക്കാനിടയായ സാഹചര്യം വിശദീകരിക്കുമോ ;

(ഡി) പ്രസ്തുത സ്കൂളിൽ അനുവദിക്കപ്പെട്ട എല്ലാ തസ്തികകളിലും അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ക്ലാർക്ക്-1, ഓഫീസ് അറ്റൻഡന്റ്-2, എഫ്.റ്റി.സി.എം.-1

(ബി) ഓഫീസ് അറ്റൻഡന്റ്-2, എഫ്.റ്റി.സി.എം.-1

(സി) ശാന്തിഗ്രാം സ്കൂളിൽ ഓഫീസ് അറ്റൻഡന്റിന്റെ തസ്തിക അനുവദിച്ചത് സംസ്ഥാന സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലായിരുന്നു. എന്നാൽ, ആർ.എം.എസ്.എ. പദ്ധതിപ്രകാരം ഓഫീസ് അറ്റൻഡന്റിന്റെ തസ്തിക അനുവദനീയമല്ല. കേന്ദ്ര ഗവൺമെന്റിൽനിന്നും ഫണ്ട് ലഭിക്കാതിരുന്ന പ്രസ്തുത സാഹചര്യത്തിൽ ഓഫീസ് അറ്റൻഡന്റ് തസ്തിക മറ്റൊരു ഉത്തരവുണ്ടാകുന്നതുവരെ നികത്തേണ്ടതില്ലായെന്ന് ആർ.എം.എസ്.എ. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു.

(ഡി) 7-10-2016-ലെ ജി.ഒ.(പി)നമ്പർ 173/16/പൊ.വി.വ പ്രകാരം ആർ.എം.എസ്.എ. സ്കൂളുകളെ മറ്റ് സർക്കാർ സ്കൂളുകൾക്ക് സമാനമായി അംഗീകരിച്ചിട്ടുള്ളതും പ്രസ്തുത സ്കൂളുകളിൽ കെ.ഇ.ആർ. പ്രകാരം തസ്തിക അനുവദിക്കുന്നതിനും നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## സ്കൂളുകളെ ആർട്സ്, സ്പോർട്സ്, പ്രവൃത്തി പരിചയം എന്നിവയുടെ ഹബ്ബാക്കിമാറ്റുന്നതിന് പദ്ധതി

103(5951) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളെ ആർട്സ്, സ്പോട്സ്, പ്രവൃത്തി പരിചയം എന്നിവയുടെ ഹബ്ബാക്കിമാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനുവേണ്ടി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഈ പദ്ധതിക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ട് ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്തിലെ സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കായി കല, കായിക വിനോദം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നിവ സമന്വയിപ്പിച്ചു കൊണ്ടുള്ള പദ്ധതിയാണ് ആശ്വാസ്. ആർട്സ് ഹബ്ബ്, വർക്ക് സെന്റർ (പ്രവൃത്തി പരിചയം) സ്പോർട്സ് ഹബ്ബ് തുടങ്ങിയവ പ്രസ്തുത പദ്ധതിയുടെ വകഭേദങ്ങളാണ്.

(ബി) ഉണ്ട്. എല്ലാ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും വിവിധ കലാവിദ്യകൾ അഭ്യസിക്കുന്നതിനുള്ള അവസരം ലഭ്യമാക്കുക എന്നതാണ് ആർട്സ് ഹബ്ബ് മുഖേന ഉദ്ദേശിച്ചിട്ടുള്ളത്. കുട്ടികളുടെ യഥാർത്ഥ താൽപ്പര്യവും, അഭിരുചിയും കണ്ടെത്തി അവർക്ക് ഉപയോഗപ്രദമായ ഭാവി കോഴ്സുകളും, ജോലികളും കണ്ടെത്തുന്നതിന് ആശ്വാസ് പദ്ധതിയുടെ ഭാഗമായ വർക്ക് സെന്റർ (തൊഴിലധിഷ്ഠിത കേന്ദ്രം) സഹായകരമാകുമെന്നാണ് കരുതിയിട്ടുള്ളത്. വിദ്യാർത്ഥികളുടെ ഭാവിജീവിതം സുരക്ഷിതമാക്കുന്നതിനായി അവരുടെ കഴിവുകളെ കണ്ടെത്തുന്നതിനും, ജീവിതത്തെ പോസിറ്റീവായിക്കണ്ട് ശരിയായ രീതിയിൽ മുന്നേറുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുന്നതിനും സ്പോർട്സ് ഹബ്ബ് സഹായിക്കുമെന്നാണ് ആശ്വാസ് പദ്ധതിയിലൂടെ കരുതിയിട്ടുള്ളത്.

(സി) 2016-17 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 'ആശ്വാസ് ' പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 500 ലക്ഷം രൂപ ഒരു അസംബ്ലി നിയോജക മണ്ഡലത്തിൽ ഏഴ് സ്കൂളുകൾ എന്ന ക്രമത്തിൽ 140 അസംബ്ലി നിയോജക മണ്ഡലങ്ങളിലായി 980 സ്കൂളുകളിൽ 50,000 രൂപ വീതം വിനിയോഗിച്ച് "ജൈവവൈവിധ്യ ഉദ്യാനം-വിദ്യാലയങ്ങളിൽ" എന്ന പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## സർക്കാർ ഏറ്റെടുത്ത മാനേജ്മെന്റ് സ്കൂളുകൾ

104(5952) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഷ്ടത്തിലാണെന്ന് പറഞ്ഞ് മാനേജ്മെന്റുകൾ നിർത്തലാക്കാൻ ശ്രമിച്ച ഏതെല്ലാം സ്കൂളുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറ്റെടുത്തത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) 1-1-2011 മുതൽ 31-3-2016 വരെയുള്ള കാലയളവിൽ എത്ര മാനേജ്മെന്റ് സ്കൂളുകൾ സർക്കാർ ഏറ്റെടുത്തുവെന്ന വിശദാംശം നൽകുമോ; മാനേജ്മെന്റ് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിന്റെ നടപടിക്രമം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മലാപ്പറമ്പ് എ.യു.പി. സ്കൂൾ, കോഴിക്കോട്, പാലാട്ട് എ.യു.പി. സ്കൂൾ, കോഴിക്കോട്, മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, മലപ്പുറം, കിരാലൂർ പി.എം.എൽ.പി. സ്കൂൾ, തൃശ്ശൂർ എന്നീ സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം 27-7-2016-ലെ സ.ഉ.(പി)നമ്പർ 122/16/പൊ.വി.വ. സർക്കാർ ഉത്തരവുപ്രകാരം 1332-ാം നമ്പർ കേരള അസാധരണ ഗസറ്റിൽ എസ്.ആർ.ഒ. 509/16 നമ്പരായി പ്രസിദ്ധീകരിക്കുകയും നഷ്ടപരിഹാരം തീരുമാനിച്ച് ഉറപ്പിക്കുന്ന തീയതി മുതൽ മേൽ സ്കൂളുകൾ പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്ന് പ്രസ്തുത വിജ്ഞാപനം ഭേദഗതി ചെയ്ത് 3-8-2016-ലെ സ.ഉ. (പി) നമ്പർ 132/16/ പൊ.വി.വ. സർക്കാർ ഉത്തരവുപ്രകാരം 1383-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 524/16 നമ്പരായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**മതസ്പർദ്ധ വളർത്തുന്ന പാഠ്യഭാഗങ്ങൾ**

105(5953) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഒരു വിദ്യാലയം നിയമവിരുദ്ധവും മതസ്പർദ്ധ വളർത്തുന്നതുമായ പാഠ്യഭാഗങ്ങൾ ഉൾപ്പെടുത്തിയതായ ആരോപണം ഗൗരവത്തിലെടുത്തിട്ടുണ്ടോ ;

(ബി) ഇതിന്റെ പശ്ചാത്തലത്തിൽ വിവിധ സംഘടനകൾ സംസ്ഥാന സിലബസിലും മറ്റു സിലബസിലും നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പാഠ്യപദ്ധതിയും അദ്ധ്യായന രീതിയും സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുമോ ;

(സി) വിദ്യാഭാരതി എന്ന പ്രസ്ഥാനം സംസ്ഥാനത്തു നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യാർത്ഥികളിൽ വർഗ്ഗീയത വളർത്തുന്നതായും സ്കൂളുകളിൽ ശാഖകൾ നടത്തി ആയോധനമുറ പഠിപ്പിക്കുന്നതായുമുള്ള ആരോപണം അന്വേഷിച്ച് നടപടിയെടുക്കാൻ തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ വിദ്യാലയങ്ങളെ ഹൈടെക് ആക്കുന്ന പദ്ധതി**

106(5954) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ വിദ്യാലയങ്ങളെ ഹൈടെക് ആക്കുന്ന പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ആരാണ്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

14-10-2016-ലെ സ.ഉ.(സാധാ)നമ്പർ 3990/2016/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വിദ്യാലയങ്ങളെ ഹൈടെക് ആക്കുന്ന പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ഐടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സർക്കാർ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ**

107(5955) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ നല്കുമോ ;

(ബി) വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ച് പെൺകുട്ടികൾക്ക് ആവശ്യമായ ടോയ്‌ലെറ്റുകൾ, കുടിവെള്ളം, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

(സി) സർക്കാർ സ്കൂളുകളിലെ പഴക്കമേറിയ ലാബുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) സ്കൂൾ കെട്ടിടങ്ങളുടെ വൈദ്യുതീകരണം, അടുക്കളയുടെ ആധുനികവത്ക്കരണം, ചുറ്റുമതിൽ നിർമ്മാണം എന്നിവയുടെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനുതകുന്ന നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2009-10 കാലയളവിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി സ്കൂൾ ഒന്നിന് 40 ലക്ഷം രൂപാ വീതം അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് സംസ്ഥാനത്തെ 4 ജില്ലകളിലായി 56 സ്കൂളുകളിൽ കെട്ടിടനിർമ്മാണം നടന്നു വരികയുംചെയ്യുന്നു. കൂടാതെ 2010-11, 2011-12 മുൻവർഷങ്ങളിൽ അപ്ഗ്രേഡ് ചെയ്ത 52 സ്കൂളുകളിൽ കെട്ടിടനിർമ്മാണത്തിന് തുക അനുവദിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 2016-17 സാമ്പത്തിക വർഷത്തേയ്ക്ക് ഈ ഇനത്തിലേക്ക് 100.45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ ഗേൾസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 255.11 ലക്ഷം രൂപ ആർ.എം.എസ്.എ.-യുടെ 2016-17 പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള 86 സ്കൂളുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സജ്ജീകരിക്കുന്നതിനായി ആർ.എം.എസ്.എ.-യുടെ 2016-17 പദ്ധതിയിൽ 516 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്ക് ബഹുനില മന്ദിരങ്ങൾ നിർമ്മിക്കുന്നതിനും 169 സ്കൂളുകളിലേക്ക് കമ്പ്യൂട്ടർ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും 487 സ്കൂളുകളിലേയ്ക്ക് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും മറ്റുമായി 3445 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായും സർക്കാർ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ബി) എസ്.എസ്.എ., ആർ.എം.എസ്.എ., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ. മാർ, എം.പി. മാർ എന്നിവരുടെ ഫണ്ട് ഉപയോഗിച്ച് സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുടിവെള്ളം, പെൺകുട്ടി കൾക്ക് ആവശ്യമായ ടോയ്‌ലെറ്റ്, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നതിനാ വശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷം 478 സ്കൂളുകളിലേയ്ക്ക് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും നവീകരണത്തിനും മറ്റുമായി 3445 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ലബോറട്ടറികൾ നവീകരിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

## ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാർക്ക് തസ്തികകൾ

108(5956) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാർക്ക് തസ്തികകൾ അനുവദിച്ചിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്ലാർക്കുമാർ ചെയ്യേണ്ട ജോലി നിലവിൽ ആരാണ് ചെയ്യുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പഠിപ്പിക്കുന്നതോടൊപ്പം മറ്റ് ജോലികളും ചെയ്യുക ബുദ്ധിമുട്ടാണെന്ന വിഷയം ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർ സർക്കാരിനെ ബോധിപ്പിച്ചിട്ടുണ്ടോ ;

(ഡി) ആയത് പരിഹരിക്കുന്നതിന് ക്ലാർക്ക് തസ്തിക അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അദ്ധ്യാപകരുടെയും ലാബ് അസിസ്റ്റന്റുമാരുടെയും സഹായത്തോടെ സ്കൂൾ പ്രിൻസിപ്പാൾ ആവശ്യമായ ജോലി ചെയ്തുവരുന്നു.

(സി) ഉണ്ട്.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ശ്രീ. ശ്യാംകുമാർ മുതൽ പേർ ഫയൽ ചെയ്ത WP(C)No. 29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസുകളിലെ 5-9-2013 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കന്ററി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട്/ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17.8.2015 തീയതിയിലെ ജി.ഒ.(എം.എസ്)നമ്പർ 220/2015/പൊ.വിവ. പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാർക്ക് തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## കുട്ടികളിൽ വായനാശീലം വളർത്തുന്നതിന് നടപടി

109(5958) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ-കോളേജ് തലത്തിലുള്ള കുട്ടികളിൽ എഴുത്തും വായനാശീലവും കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ കുട്ടികളിൽ വായനാശീലം വളർത്തിക്കൊണ്ടുവരുന്നതിനും അതിലൂടെ അവരെ ഉത്തമ പൗരന്മാരാക്കി മാറ്റുന്നതിനും എന്തൊക്കെ നടപടികളാണ് സ്കൂളുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിവരുന്നത്; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) (i) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ:

2011-ൽ കുട്ടികളുടെ വായനാശീലത്തെപ്പറ്റിയുള്ള ഒരു സർവ്വെ നടത്തിയിരുന്നു. റ്റി.വി. മുതലായ എന്റർടൈൻമെന്റ് വ്യവസായങ്ങൾ ലൈബ്രറികളെയും വായനാശീലത്തെയും അപ്രസക്തമാക്കിക്കൊണ്ട് മുന്നേറുന്നതാണ് ഒരു പ്രധാന കാരണം. മുൻകാലങ്ങളിൽ കവിയരങ്ങ്, കഥാരചന, സാഹിത്യ സദസ്സ് എന്നിങ്ങനെ സജീവമായിരുന്ന സ്കൂളുകളിലും കലാലയങ്ങളിലും ഇപ്പോൾ റിയാലിറ്റിഷോ കേന്ദ്രീകൃതവും സിനിമ കേന്ദ്രീകൃതവുമായ പരിപാടികൾക്ക് പ്രാമുഖ്യം വന്നിരിക്കുന്നു. വായനക്കാരായ കുട്ടികൾക്ക് അംഗീകാരമോ പ്രോത്സാഹനമോ സ്കൂളുകളിലും സമൂഹത്തിലും ഇല്ല. സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ കവിയരങ്ങുകൾ, പുസ്തക ചർച്ചകൾ, കഥാക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. പക്ഷെ, പങ്കാളിത്തം വളരെ കുറവാണ്. എല്ലാ വർഷവും നടത്തിവരുന്ന കുട്ടികളുടെ സമ്മർ സ്കൂളിൽ വായനയ്ക്ക് പ്രാധാന്യം നൽകുന്ന പരിപാടികൾ ആവിഷ്കരിക്കാറുണ്ട്. പ്രശസ്ത സാഹിത്യകാരൻമാരുടെ അനുസ്മരണങ്ങൾ വലിയ പരിപാടികളായി ആവിഷ്കരിക്കാറുണ്ട്.

(ii) കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ:

യു.പി. സ്കൂൾ കുട്ടികൾക്കായി "എന്റെ പുസ്തകം എന്റെ കുറിപ്പ് എന്റെ എഴുത്തുപെട്ടിക്ക്" എന്ന പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 500 സ്കൂളുകളിൽ നടപ്പാക്കുന്നതിനുള്ള നടപടി തുടങ്ങിക്കഴിഞ്ഞു. ഹൈസ്കൂൾ കുട്ടികളെ പങ്കെടുപ്പിക്കുന്ന അഖിലകേരള വായനാമത്സരം സ്കൂൾതലം, താലൂക്ക് തലം, ജില്ലാതലം, സംസ്ഥാനതലം എന്നിങ്ങനെ സംഘടിപ്പിക്കുന്നുണ്ട്. ഹയർ സെക്കന്ററി കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്ന വായനാ മത്സരവും ഈ വർഷം മുതൽ കൗൺസിൽ സംഘടിപ്പിക്കുന്നുണ്ട്.

## കരുനാഗപ്പള്ളി കുലശേഖരപുരം ഗവ. ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപക ഒഴിവുകൾ

110(5959) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി സബ് ജില്ലയിൽ കുലശേഖരപുരം ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ ഹൈസ്കൂൾ, യു.പി., എൽ.പി. വിഭാഗങ്ങളിൽ ഏതെല്ലാം അദ്ധ്യാപക തസ്തികകൾ ഒഴിവുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്കൂളിൽ അനുവദിച്ചിട്ടുള്ള എഫ്.റ്റി.എം. തസ്തിക എന്നു മുതൽ ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികയിൽ ജീവനക്കാരനില്ലാത്തതിനാൽ സ്കൂളിനുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സ്കൂളിൽ ഒഴിവുള്ള തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ ;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികയിലേക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുമോ; ദിനബത്തയിൽ ജീവനക്കാരെ നിയമിക്കുന്നതിന് കഴിയുമോ ; എങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഹൈസ്കൂൾ വിഭാഗത്തിൽ എച്ച്.എസ്.എ. (കണക്ക്) തസ്തികയിൽ 2-ഉം, എൽ.പി. വിഭാഗത്തിൽ ഫുൾടൈം അറബിക് തസ്തികയിൽ 1 ഒഴിവും എൽ.പി.എസ്.എ. വിഭാഗത്തിൽ 1 ഒഴിവുമുണ്ട്.

(ബി) 2015 ജൂലൈ 7 മുതൽ ഒഴിഞ്ഞുകിടക്കുന്നുണ്ട്. ബുദ്ധിമുട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

(സി) പി.എസ്.സി. യിൽനിന്നും നിയമന ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. എഫ്.റ്റി.എം. തസ്കികയിൽ പ്രൊമോഷൻവഴി നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികയിൽ എയ്ഡഡ് സ്കൂളിലെ അധിക ജീവനക്കാരെ താൽക്കാലികമായി പുനർ വിന്യസിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുശേഷവും നിലവിലുള്ള ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗുകൾ

111(5960) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗുകൾക്ക് വേണ്ടത്ര ഫണ്ട് അനുവദിക്കാത്തതുമൂലം പ്രവർത്തനം മുടങ്ങിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അദ്ധ്യാപക പരിശീലനത്തിന് കേന്ദ്ര ഗവൺമെൻറ് ഈ വർഷം ഫണ്ട് നൽകിയിട്ടുണ്ടോ ; സംസ്ഥാന ഗവൺമെൻറ് വിഹിതം നൽകുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) എത്ര ലക്ഷം രൂപയാണ് ഓരോ ഡയറ്റിനും ഫണ്ട് അനുവദിക്കുന്നത്; ഇതു സംബന്ധിച്ച് ഉപദേശകസമിതികൾ നിലവിലുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 2016-17 വർഷത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളിൽ അദ്ധ്യാപക പരിശീലനയിനത്തിൽ കേന്ദ്രമാനവ വിഭവശേഷി വികസന മന്ത്രാലയം 340.2 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുകയുണ്ടായി (60:40 ക്രമത്തിൽ കേന്ദ്ര സംസ്ഥാന പദ്ധതിയായതിനാൽ ടി ഇനത്തിൽ കേന്ദ്ര സർക്കാർ വിഹിതം 204.12 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതം 136.08 ലക്ഷം രൂപയുമാണ്) 2016-17 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ട്രെയിനിംഗ് ഇനത്തിൽ 2202-01-102-92-34 ശീർഷകത്തിൽ 17,32,74,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കേന്ദ്രമാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഡയറ്റുകളുടെ പ്രവർത്തനത്തിനായിട്ടുള്ള മാർഗ്ഗരേഖ പ്രകാരം ട്രെയിനിംഗ് ഇനത്തിൽ 30 ലക്ഷം രൂപ വീതമാണ് ഓരോ ഡയറ്റിനും പ്രതിവർഷം അനുവദിച്ചിരിക്കുന്നത്. TEAB (Teacher Education Appraisal Board)-ന്റെ അനുമതിപ്രകാരമാണ് തുക അനുവദിച്ചു കിട്ടുന്നത്.

## പുനർവിന്യാസം ചെയ്ത അദ്ധ്യാപകരുടെ എണ്ണം

112 (5961) ശ്രീ. വി. ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, തിരുവനന്തപുരം തുടങ്ങിയ ജില്ലകളിൽ എയ്ഡഡ് സ്കൂളിൽ നിന്ന് സർക്കാർ സ്കൂളുകളിലേക്ക് പുനർവിന്യാസം ചെയ്ത എച്ച്. എസ്.എ. ഇംഗ്ലീഷ്, മലയാളം, ഹിന്ദി അദ്ധ്യാപകരുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കാമോ ; ഇങ്ങനെ പുനർവിന്യാസം ചെയ്യപ്പെട്ടവർക്ക് എത്ര നാളാണ് സർക്കാർ സ്കൂളുകളിൽ തുടരാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇങ്ങനെ പുനർവിന്യസിപ്പിക്കുന്നതുകാരണം പി.എസ്.സി. ടെസ്റ്റ് എഴുതി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അവസരം നഷ്ടമാകുമെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(സി) എച്ച്. എസ്.എ. ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നിവയുടെ ഒഴിവുകൾ ഡി.ഡി.ഇ. ആഫീസുകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ജില്ലതിരിച്ച് എണ്ണം വ്യക്തമാക്കുമോ ;

(ഡി) ഫിക്സേഷൻ കഴിഞ്ഞിട്ടുള്ള എച്ച്. എസ്.എ. ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ അദ്ധ്യാപക തസ്തികയിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) 2016-17 അദ്ധ്യയന വർഷത്തേക്ക് തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) എയ്ഡഡ് സ്കൂളിൽ നിന്നുള്ള സംരക്ഷിതാദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ പി.എസ്.സി. വഴി നിയമനം നടത്തേണ്ട ഒഴിവുകളിൽ സ്ഥിരമായി നിയമിക്കുക എന്നത് സർക്കാർ നയമല്ല. നിലവിൽ പി.എസ്.സി. ലിസ്റ്റില്ലാത്ത വിഷയങ്ങളിൽ പി.എസ്.സി. വഴി നിയമനം നടക്കുന്നതുവരെ താൽക്കാലികമായി സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇത് തികച്ചും താൽക്കാലികമായ നടപടി മാത്രമാണ്.

പാലക്കാട്, തിരുവനന്തപുരം ജില്ലകളിൽ സർക്കാർ സ്കൂളിൽ പുനർവിന്യസി ച്ചിട്ടുള്ള ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്), ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം), ഹൈസ്കൂൾ അസിസ്റ്റന്റ് (ഹിന്ദി) അദ്ധ്യാപകരുടെ എണ്ണം താഴെച്ചേർക്കുന്നു :

| ജില്ല | ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്) | ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) | ഹൈസ്കൂൾ അസിസ്റ്റന്റ് (ഹിന്ദി) |
|---|---|---|---|
| പാലക്കാട് | 5 | 8 | 15 |
| തിരുവനന്തപുരം | 11 | 11 | ... |

പി.എസ്.സി. വഴി നിയമനം നേടുന്ന ഉദ്യോഗാർത്ഥി എത്തുന്നതുവരെ മാത്രമേ ഇവർക്ക് സർക്കാർ സ്കൂളിൽ തുടരാൻ അനുവാദമുള്ളൂ.

(ബി) ഇങ്ങനെ പുനർവിന്യസിക്കുന്നതുമൂലം പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരുടെ അവസരം നഷ്ടമാകുന്ന പ്രശ്നമേയില്ല. ഇവരെ സർക്കാർ സ്കൂളിൽ പുനർവിന്യസിച്ചിരിക്കുന്നത് സ്ഥിരമായല്ല, താൽക്കാലികമായാണ്. പി.എസ്.സി. വഴി നിയമനം നേടുന്നയാൾ വരുമ്പോൾ സംരക്ഷിതാദ്ധ്യാപകൻ റിലീവ് ചെയ്യപ്പെടും. ഇവർ തുടരുന്നതുകൊണ്ട് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും തടസ്സമില്ല.

(സി) പാലക്കാട് ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്), ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം), ഹൈസ്കൂൾ അസിസ്റ്റന്റ് (ഹിന്ദി) തസ്തികകളിൽ ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. ഈ ജില്ലയിൽ ഈ വിഷയങ്ങളിൽ പി.എസ്.സി. ലിസ്റ്റ് നിലവിലില്ല. മുഴുവൻ ഒഴിവുകളും ഉടൻ റിപ്പോർട്ട് ചെയ്യാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്) 4 ഒഴിവും ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) 10 ഒഴിവും ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) ബൈട്രാൻസ്ഫർ നിയമനത്തിന് 3 ഒഴിവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി&ഇ) 5-8-2016-ലെ ജി.ഒ(പി) നമ്പർ 134/2016/പൊ.വി.വ. പ്രകാരം 2015-16-ലെ തസ്തിക നിർണ്ണയം 2016-17-ലും തുടരാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. 2016-17-ൽ തസ്തിക നിർണ്ണയം നടത്തിയിട്ടില്ല. പക്ഷേ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനെ ചോദ്യം ചെയ്ത് മാനേജർമാർ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റീഷനുകളിൽ അന്തിമ തീർപ്പായിട്ടില്ല.

## വിദ്യാർത്ഥികളിൽ കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ നടപടി

113(5962) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികളുടെ ശാരീരിക മാനസിക വികാസം രൂപപ്പെടുത്തുന്നതിനായി സ്കൂളുകളിൽ കളികളും കായിക വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

വിദ്യാർത്ഥികളുടെ ശാരീരിക മാനസിക വികാസം രൂപപ്പെടുത്തുന്നതിനായും സ്കൂളുകളിൽ കളികളും കായിക വിദ്യാഭ്യാസവും പ്രോത്സാഹിപ്പിക്കുന്നതിനുമായും ചെറുപ്രായത്തിൽ തന്നെ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും പരിശീലിപ്പി ക്കുന്നതിനുമായി 100 കുട്ടികളിൽ കൂടുതലുള്ള യു.പി. സ്കൂളുകളിൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവും 'കേരള എഡ്യൂക്കേഷൻ റൂൾസിലെ യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ചും' സർക്കാർ സ്കൂളുകളിൽ വ്യവസ്ഥകൾക്ക് വിധേയമായി കരാർ അടിസ്ഥാനത്തിൽ കായിക അദ്ധ്യാപകരെ നിയമിക്കുന്നതിന് 5-10-2016-ലെ സ.ഉ.(എംഎസ്.)നമ്പർ 170/ 2016/ പൊ.വി.വ. നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാന ത്തിൽ സർവ്വശിക്ഷാ അഭിയാൻ നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി കായികാദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുമുണ്ട്. തുടർന്ന് വരുന്ന പാഠ്യപദ്ധതിയെ ആധാരമാക്കി കായികാദ്ധ്യാപകർ കുട്ടികൾക്ക് കായിക ആരോഗ്യ വിദ്യാഭ്യാസം നൽകിവരുന്നു. എസ്.എസ്.എ. വഴി 850 കായികാദ്ധ്യാപകരെ കരാർ അടിസ്ഥാനത്തിൽ ഇക്കൊല്ലം തന്നെ സ്കൂളുകളിൽ നിയമിക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

**സ്കോളർഷിപ്പുകൾ**

114(5963) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് അവരുടെ പഠന മികവിന് അംഗീകാരമായി സർക്കാർ നൽകുന്ന സ്കോളർഷിപ്പുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ലഭിച്ചു കൊണ്ടിരിക്കുന്ന സ്കോളർഷിപ്പുകൾ മുടങ്ങിപ്പോയ വിദ്യാർത്ഥി കൾക്ക് അത് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) എൽ.എസ്.എസ്./യു.എസ്.എസ്. സ്കോളർഷിപ്പ്, പ്രീ മെട്രിക് സ്കോളർഷിപ്പ്, നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ്, ശുദ്ധ സംസ്കൃതം സ്കോളർഷിപ്പ് തുടങ്ങിയവ.

(ബി) സ്കോളർഷിപ്പ് മുടങ്ങിയതിന്റെ കാരണം രേഖപ്പെടുത്തിയ അപേക്ഷയും, ബാങ്ക് അക്കൗണ്ട് വിവരങ്ങളും സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകുന്ന പരാതികൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സ്വയംഭരണ കോളേജുകളോടുള്ള സർക്കാർ നിലപാട്

115(5964) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംഭരണ കോളേജുകളോടുള്ള സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ; ടി കോളേജുകൾ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം ആഘാതം സൃഷ്ടിക്കുമെന്ന് അവലോകനം ചെയ്തിട്ടുണ്ടോ ;

(ബി) മുൻസർക്കാർ പൊതുജനങ്ങളുടെയും ഗുണഭോക്താക്കളുടെയും എതിർപ്പ് അവഗണിച്ചുകൊണ്ട് അനുമതി നൽകിയ സ്വകാര്യ സ്വയംഭരണ കോളേജുകളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എവിടെയെങ്കിലും സ്വകാര്യ സ്വയംഭരണ കോളേജുകൾ ആരംഭിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് നയം വ്യക്തമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനതലത്തിൽ സ്വയംഭരണത്തിനായുള്ള കോളേജുകൾ തെരഞ്ഞെടുക്കുന്നതിന് യു.ജി.സി.-യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായ സ്വയംഭരണ അംഗീകാര സമിതി എന്ന പേരിൽ ഒരു വിദഗ്ദ്ധ സമിതി നിലവിലുണ്ട്. കൂടാതെ, സ്വയംഭരണ കോളേജുകളെ സംബന്ധിച്ച് ഒരു പുതിയ അദ്ധ്യായം കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളുടെ ആക്ടിൽ ഉൾപ്പെടുത്തി സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്, 2014 പാസ്സാക്കിയിട്ടുണ്ട്. എയ്ഡഡ് കോളേജുകളെ സ്വയംഭരണ കോളേജാക്കുക എന്നത് ഈ സർക്കാരിന്റെ നയമല്ല.

(ബി) സർക്കാർ-എയ്ഡഡ് കോളേജുകൾക്കാണ് ആദ്യഘട്ടത്തിൽ സ്വയംഭരണാവകാശം നൽകിയിട്ടുള്ളത്. സ്വകാര്യകോളേജുകൾക്ക് നാളിതുവരെ സ്വയംഭരണാവകാശം നൽകിയിട്ടില്ല.

(സി) ഇല്ല.

## ലോ കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ നിയമനം

116(5965) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ലോ കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ നിയമനത്തിലും പ്രൊമോഷൻ നൽകിയതിലും നിരവധി അപാകതകൾ വന്നിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിച്ച് അർഹതപ്പെട്ടവർക്ക് പ്രിൻസിപ്പൽമാരായി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ലോ കോളേജ് അദ്ധ്യാപകരുടെ പ്ലേസ്മെന്റിലെ കാലതാമസം ഒഴിവാക്കി അർഹതപ്പെട്ടവർക്ക് അടിയന്തര പ്ലേസ്മെന്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) നിയമ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ ?

### ഉത്തരം

(എ) കാലാകാലങ്ങളിലായി സർവ്വീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് സർക്കാർ ലോ കോളേജുകളിൽ പ്രിൻസിപ്പൽമാരെ നിയമിച്ചിരുന്നത്. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി യു.ജി.സി. മാനദണ്ഡങ്ങൾ പാലിച്ച് പ്രിൻസിപ്പൽമാരുടെ നിയമനം നടത്തണമെന്ന് വിധി പ്രസ്താവിച്ചിട്ടുണ്ട്. പ്രസ്തുത വിധി നടപ്പാക്കേണ്ടത് സംബന്ധിച്ച നടപടികൾ തുടർന്നുവരുന്നു.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 15-9-2015 തീയതിയിൽ സ.ഉ.(സാധാ) നമ്പർ 2393/15/ഉ.വി.വ. ഉത്തരവ് പ്രകാരം ലോ കോളേജ് അദ്ധ്യാപകർക്ക് പ്ലേസ്മെന്റ് നടത്തുന്നതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് മികച്ച രീതിയിലാണ് നിയമ വിദ്യാഭ്യാസം നൽകുന്നത്. കൂടുതൽ നടപടികൾ ആവശ്യമാണെന്ന് കാണുന്നപക്ഷം ആയത് വിശദമായി പരിശോധിച്ച് നടപ്പാക്കുന്നതാണ്.

## ലോ കോളേജുകളിൽ ത്രിവത്സര, പഞ്ചവത്സര ഇന്റഗ്രേറ്റഡ് കോഴ്സ്

117(5966) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ലോ കോളേജുകളിൽ ത്രിവത്സര,പഞ്ചവത്സര ഇന്റഗ്രേറ്റഡ് കോഴ്സുകളിലെ പ്രവേശനത്തിന് പ്രായപരിധി നിർണ്ണയിച്ചു കൊണ്ട് സർക്കാരോ മറ്റേതെങ്കിലും അധികാര കേന്ദ്രങ്ങളോ തീരുമാനമോ ഉത്തരവോ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ;

(ബി) ഇപ്രകാരം പ്രായപരിധി ബാധകമാക്കിയത് വിദ്യ അഭ്യസിക്കുന്നതിനും തൊഴിലിൽ ഏർപ്പെടുന്നതിനുമുള്ള മൗലികമായ പൗരാവകാശത്തെ ഹനിക്കുന്ന പ്രക്രിയയാകയാൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത കോഴ്സുകളിലെ പ്രവേശന പ്രക്രിയകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലും സംസ്ഥാനത്ത് ത്രിവത്സര, പഞ്ചവത്സര ഇന്റഗ്രേറ്റഡ് എൽ.എൽ.ബി. കോഴ്സുകളിലെ പ്രവേശനത്തിന് പ്രായപരിധി നിശ്ചയിച്ചുകൊണ്ട് 21-10-2016 തീയതിയിലെ ജി.ഒ. (എം.എസ്.) 213/16/ഉ.വി.വ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ബഹു. കേരള ഹൈക്കോടതിയുടെ 34237/16, മറ്റ് അനുബന്ധ ഹർജികളിൻമേൽ 25-10-2016-ലെ വിധിന്യായ പ്രകാരം ടി ഉത്തരവ് സ്റ്റേ ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ കാലതാമസം കൂടാതെ ഈ വർഷത്തെ അഡ്മിഷൻ/ അലോട്ട്മെന്റ് നടത്താൻ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഭാഷാ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ വികസനം

118(5967) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഭാഷാ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ വികസനത്തിനായി അനുവദിച്ച കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോയെന്നും ആരംഭിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം കോളേജുകളിൽ ഏതെല്ലാം കോഴ്സുകളാണ് ആരംഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(ബി) തമിഴ് ഭാഷാ ന്യൂനപക്ഷത്തിനായി അനുവദിച്ച കൊഴിഞ്ഞാമ്പാറ ഗവൺമെന്റ് കോളേജിൽ തമിഴ് ഭാഷാ പഠനത്തിനായി ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളതെന്നും ഏതൊക്കെ കോഴ്സുകളാണ് പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ഭാഷാ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ വികസനത്തിനായി ചിറ്റൂർ ഗവ. ആർട്സ് & സയൻസ് കോളേജിൽ എം.ഫിൽ മാത്സ്, എം.ഫിൽ തമിഴ്, കാസർഗോഡ് ഗവ. ആർട്സ് & സയൻസ് കോളേജിൽ എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ്, മൂന്നാർ ഗവ. ആർട്സ് & സയൻസ് കോളേജിൽ എം.എ. തമിഴ്, എം.കോം. എന്നീ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധനയിലാണ്. ഇതിൽ മൂന്നാർ ഗവ. ആർട്സ് & സയൻസ് കോളേജിൽ എം.എ. തമിഴ്, എം.കോം. എന്നീ പുതിയ കോഴ്സുകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

കൊഴിഞ്ഞാമ്പാറ, മഞ്ചേശ്വരം എന്നീ കോളേജുകളിൽ പുതിയ കോഴ്സുകൾ ഇപ്പോൾ പരിഗണനയിലില്ല.

(ബി) കൊഴിഞ്ഞാമ്പാറ ഗവൺമെന്റ് കോളേജിൽ തമിഴ് ഭാഷാ പഠനത്തിനായി കോഴ്സുകളൊന്നും നിലവിലില്ല. തമിഴ് ഭാഷാ പഠനത്തിനായി പുതിയതായി കോഴ്സുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സമാന്തര വിദ്യാഭ്യാസം നടത്തുന്നവർക്ക് ആനുകൂല്യങ്ങൾ**

119(5968) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി നിയമം സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ പഠിക്കുന്നവരെയും വിദ്യാർത്ഥികളായി അംഗീകരിക്കുന്നതിനാൽ 'വിദ്യാർത്ഥികൾ' എന്ന നിർവ്വചനത്തിന്റെ പരിധിയിൽ ഇവരെക്കൂടി ഉൾപ്പെടുത്തുന്നതിന് സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുമോ ; വിശദമാക്കുമോ ;

(ബി) സമാന്തര വിദ്യാഭ്യാസം നടത്തുന്ന ഇത്തരം വിദ്യാർത്ഥികൾക്ക് യു.ജി.സി. അനുവദിക്കുന്ന പല വിദ്യാഭ്യാസ ആനുകൂല്യങ്ങളും കേരളത്തിലെ സർവ്വകലാശാലകൾ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) സമാന്തര വിദ്യാഭ്യാസത്തിലൂടെ ബിരുദവും ബിരുദാനന്തര ബിരുദവും നേടുന്നവരെ അദ്ധ്യാപക നിയമനങ്ങളിൽ പരിഗണിക്കാൻ തയ്യാറാകുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള യൂണിവേഴ്സിറ്റി ആക്ട് 1974 പ്രകാരം കോളേജുകളിലോ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ പാർട്ട് ടൈം ആയോ ഫുൾടൈം ആയോ ശിക്ഷണം സ്വീകരിക്കുകയോ ഗവേഷണത്തിൽ ഏർപ്പെടുകയോ ചെയ്യുന്നവരെ വിദ്യാർത്ഥി എന്ന നിർവ്വചനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർവ്വകലാശാല അംഗീകാരമുള്ളതോ/തത്തുല്യ യോഗ്യത ഉള്ളതോ ആയ ഉദ്യോഗാർത്ഥികളെ നിയമനങ്ങൾക്ക് പരിഗണിക്കുന്നുണ്ട്.

**സ്വാശ്രയ മേഖലയിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

120(5969) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ മേഖലയിൽ ഇനി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കില്ലായെന്ന തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, സ്വാശ്രയ മേഖലയിൽ പുതുതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ വെബ്സൈറ്റിൽ അപേക്ഷ ക്ഷണിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുതിയ സ്വാശ്രയ കോളേജുകളും കോഴ്സുകളും അനുവദിക്കുന്ന വിഷയം ഈ സർക്കാർ പരിശോധിക്കുകയും അൺ എയ്ഡഡ് സെൽഫ് ഫൈനാൻസ് മേഖലയിൽ പുതിയ കോളേജുകൾ തുടങ്ങാൻ അനുമതി നൽകേണ്ടതില്ലെന്ന് നയപരമായി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എന്നാൽ ആരോഗ്യ വകുപ്പിൻ കീഴിൽ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ തീരുമാനപ്രകാരം സർക്കാർ/അർദ്ധ സർക്കാർ/ സ്വകാര്യ സ്ഥാപനങ്ങൾ/ കമ്പനികൾ എന്നിവയിൽനിന്നും പുതിയ കോളേജുകൾ/ കോഴ്സുകൾ, സീറ്റ് വർദ്ധനവ് എന്നിവയ്ക്കുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് എല്ലാ വർഷവും കേരള ആരോഗ്യ സർവ്വകലാശാല വിജ്ഞാപനം പുറപ്പെടുവിക്കാറുണ്ട്. ഈ വർഷത്തെ വിജ്ഞാപനം 30-7-2016-ൽ ചേർന്ന

ഗവേണിംഗ് കൗൺസിൽ യോഗത്തിന്റെ 33.19 നമ്പർ തീരുമാനപ്രകാരം 22-9-2016-ൽ 30/AC-B/2016/KUHS നമ്പർ പ്രകാരം സർവ്വകലാശാല പുറപ്പെടുവിച്ചിട്ടുണ്ട്.

**പഞ്ചവത്സര എൽ.എൽ.ബി. കോഴ്സ്**

121(5970) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13, 2013-14, 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ ഏതേതു ദിവസങ്ങളിലാണ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിന്റെ ക്ലാസ് ആരംഭിച്ചിരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) 2016-17 അദ്ധ്യയന വർഷത്തിൽ പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിന്റെ ക്ലാസ് എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) മുൻ അധ്യയന വർഷങ്ങളിൽനിന്ന് വ്യത്യസ്തമായി, എൻട്രൻസ് പരീക്ഷയ്ക്കുശേഷം ക്ലാസ് ആരംഭിക്കുന്നതിൽ കാലതാമസം വന്നതായി കരുതുന്നുണ്ടോ ;

(ഡി) വിദ്യാർത്ഥികളുടെ വിലപ്പെട്ട പഠന ദിവസങ്ങൾ നഷ്ടപ്പെടാനുള്ള സാധ്യത കണക്കിലെടുത്ത് അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽതന്നെ എൽ.എൽ.ബി. ക്ലാസുകൾ ആരംഭിക്കുക എന്നത് ഒരു നയമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) വൈകി ആരംഭിക്കുന്ന എൽ.എൽ.ബി. കോഴ്സുകൾ പൂർത്തിയാകുന്നതിൽ വരുന്ന കാലതാമസം കാരണം കേരളത്തിന് പുറത്ത് എൽ.എൽ.എം. പഠനം നടത്താൻ ഉദ്ദേശിക്കുന്നവർക്ക് വരുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കൃത്യമായി അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽതന്നെ എൽ.എൽ.ബി. കോഴ്സുകൾ ആരംഭിക്കുന്നതിനായി എന്തെങ്കിലും കർമ്മ പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ)

| ക്രമ നമ്പർ | ലോ കോളേജ് | വർഷം | ക്ലാസുകൾ ആരംഭിച്ച തീയതി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | തിരുവനന്തപുരം | 2012-13<br>2013-14<br>2014-15<br>2015-16 | 19-9-2012<br>21-10-2013<br>17-9-2014<br>28-9-2015 |

| 1 | 2 | 3 | 4 |
|---|---|---|---|
| 2 | എറണാകുളം | 2012-13<br>2013-14<br>2014-15<br>2015-16 | 4-10-2012<br>1-11-2013<br>22-9-2014<br>22-9-2015 |
| 3 | തൃശ്ശൂർ | 2012-13<br>2013-14<br>2014-15<br>2015-16 | 24-9-2012<br>6-11-2013<br>22-9-2014<br>18-9-2015 |
| 4 | കോഴിക്കോട് | 2012-13<br>2013-14<br>2014-15<br>2015-16 | 17-9-2012<br>21-10-2013<br>16-9-2014<br>22-9-2015 |

(ബി) അഡ്മിഷൻ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ക്ലാസുകൾ ആരംഭിക്കുന്നതാണ്.

(സി) കാലതാമസം ഉണ്ടായിട്ടുണ്ട്.

(ഡി&ഇ) അടുത്ത അദ്ധ്യയനവർഷം മുതൽ ത്രിവത്സര പഞ്ചവത്സര എൽ.എൽ.ബി. കോഴ്സുകൾ നേരത്തെ തുടങ്ങുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ലോ കോളേജുകളിലെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട 27-10-2016 തീയതിയിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ചുചേർക്കുകയും പ്രസ്തുത യോഗത്തിൽ അടുത്ത അദ്ധ്യയനവർഷത്തെ ത്രിവത്സര പഞ്ചവൽസര എൽ.എൽ.ബി. കോഴ്സുകൾ നേരത്തെ തുടങ്ങുന്നതിനും പ്രവേശന പരീക്ഷയും അഡ്മിഷനും കഴിവതും ജൂലൈയിൽതന്നെ നടത്തുന്നതിനും തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

## ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി

122(5972) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ ബി.എസ്.സി. (മാത്തമാറ്റിക്സ്), ബി.എസ്.സി. (ഫിസിക്സ്) എന്നീ കോഴ്സുകൾ അനുവദിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് അവശേഷിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) അടുത്ത അദ്ധ്യയന വർഷം പ്രസ്തുത കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ബി.എസ്‍സി. മാത്‍സ്, ബി.എസ്‍സി. ഫിസിക്സ് എന്നീ കോഴ്സുകൾ അനുവദിക്കുന്നതുസംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു. ഇതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്.

(ബി) ഗവൺമെന്റ് കോളേജുകളിൽ അധിക തസ്തിക സൃഷ്ടിക്കാതെ, നിലവിലുള്ള അദ്ധ്യാപകരെ ഉപയോഗിച്ചും നിലവിലുള്ള ഭൗതിക സാഹചര്യം ഉപയോഗപ്പെടുത്തിയും പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യമാണ് സർക്കാർ പരിഗണനയിലുള്ളത്.

**തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജ്**

123(5973) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിന്റെ അടിസ്ഥാന സൗകര്യ രംഗത്തെ പിന്നോക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹോസ്റ്റൽ കെട്ടിടത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**കോളേജുകൾക്ക് സ്വയംഭരണ അവകാശം**

124(5976) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കോളേജുകൾക്ക് സ്വയംഭരണ അവകാശം നൽകുന്നതിന് ഈ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിനും എറണാകുളം മഹാരാജാസ് കോളേജിനും സ്വയംഭരണാവകാശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എയ്ഡഡ് മേഖലയിൽ കോളേജുകൾക്ക് സ്വയംഭരണ അവകാശം നൽകുക ഈ ഗവൺമെന്റിന്റെ നയമല്ല.

(ബി) ബാധകമല്ല. എറണാകുളം മഹാരാജാസ് കോളേജിന് 2014-15 മുതൽ തന്നെ യു.ജി.സി. സ്വയംഭരണാവകാശം നൽകിയിട്ടുള്ളതാണ്.

**ലോ കോളേജുകളിലെ കോഴ്സുകൾ**

125(5978) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ലോ കോളേജുകളിൽ ബി.എ.എൽ.എൽ.ബി. (5 years), ബി.ബി.എ., എൽ.എൽ.ബി. (5 years), എൽ.എൽ.ബി. (3 years) എന്നിവയല്ലാതെ മറ്റേതെങ്കിലും ബിരുദതല കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോയെന്നും ഇപ്രകാരം മറ്റ് കോഴ്സുകൾ അനുവദിക്കുന്നതിൽ തടസ്സമുണ്ടോയെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോളേജുകളിൽ നിലവിലുള്ള ബിരുദതല കോഴ്സുകൾക്ക് 2016-17 അധ്യയന വർഷത്തിലേയ്ക്ക് നാളിതുവരെ പ്രവേശനം നടത്തിയിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ വിശദവിവരം നൽകുമോ ; ആയതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ വിശദമാക്കുമോ ;

(സി) പ്രസ്തുത കോളേജുകളിൽ എൽ. എൽ. എം. കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയും അഡ്മിഷനും അനിശ്ചിതമായി വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) എറണാകുളം ലോ കോളേജിൽ 2016-17 അദ്ധ്യയനവർഷം മുതൽ പഞ്ചവത്സര ബി.എ. (ക്രിമിനോളജി) എൽ.എൽ.ബി.-ക്ക് പകരം ബി.കോം, എൽ.എൽ.ബി. തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. മറ്റ് കോഴ്സുകൾ 2008-ലെ ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ ലീഗൽ എഡ്യൂക്കേഷൻ റൂൾസിന് വിധേയമായി അനുവദിക്കാൻ തടസ്സമില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങളുടെയും ബഹു. സുപ്രീംകോടതി വിധിയുടെയും അടിസ്ഥാനത്തിൽ 2016-17 വർഷത്തിൽ എൽ.എൽ.ബി. അഡ്മിഷന് പ്രായപരിധി ബാധകമാക്കി

ക്കൊണ്ട് 21-10-2016 തീയതിയിലെ ജി.ഒ. (എം.എസ്)213/16/ഉ.വി.വ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ബഹു. കേരള ഹൈക്കോടതിയുടെ റിട്ട് ഹർജി നമ്പർ 34237/16, മറ്റ് അനുബന്ധ ഹർജികൾ എന്നിവയിലുള്ള 25-10-2016 തീയതിയിലെ വിധിന്യായപ്രകാരം പ്രസ്തുത സർക്കാർ ഉത്തരവ് സ്റ്റേ ചെയ്യുകയുണ്ടായി. ബഹു. ഹൈക്കോടതിയുടെ വിധി പ്രകാരം ഇനിയും കാലതാമസം കൂടാതെ ഈ വർഷത്തെ അഡ്മിഷൻ/അലോട്ട്മെന്റ് നടപടികൾ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നൽകിയിട്ടുണ്ട്.

(സി) ഇന്റഗ്രേറ്റഡ് പഞ്ചവത്സര/ത്രിവൽസര എൽ.എൽ.ബി. കോഴ്സുകൾ 50% മാർക്കോടുകൂടി പാസ്സായവർക്കും അവസാനവർഷ എൽ.എൽ.ബി. പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും മാത്രമേ എൽ.എൽ.എം. കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ എഴുതുവാൻ സാധിക്കുകയുള്ളൂ. ഇന്റഗ്രേറ്റഡ് പഞ്ചവൽസര/ത്രിവൽസര എൽ.എൽ.ബി. അവസാനവർഷ പരീക്ഷ എം.ജി./കാലിക്കറ്റ് സർവ്വകലാശാലകളിൽ ഡിസംബർ മാസത്തിലാണ് നടക്കുന്നത്. ആയതിനാൽ ജനുവരിയോടുകൂടിയാണ് എൽ.എൽ.എം. കോഴ്സിലേക്കുള്ള പ്രവേശനപരീക്ഷ നടത്തുന്നത്.

## വൊക്കേഷണൽ ഹയർസെക്കന്ററി വകുപ്പിൽ ഫിസിക്സ് (ജൂനിയർ/ സീനിയർ) അദ്ധ്യാപക ഒഴിവുകൾ

126(5979) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർസെക്കന്ററി വകുപ്പിൽ ഫിസിക്സ് (ജൂനിയർ/ സീനിയർ) അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കുമോ ;

(സി) ജോലിയിൽ പ്രവേശിച്ചവർ വിടുതൽ ചെയ്തുപോയതുമൂലം ഉണ്ടായ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ഇ) ഈ തസ്തികയിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ-ഫിസിക്സ് (ജൂനിയർ) തസ്തികയിൽ ഒരു ഒഴിവും നോൺ വൊക്കേഷണൽ ടീച്ചർ-ഫിസിക്സ് (സീനിയർ) തസ്തികയിൽ രണ്ട് ഒഴിവുകളുമാണുള്ളത്. ടി മൂന്ന് ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി & ഇ) ബാധകമല്ല.

**കെ.ജി.സി.ഇ. സർട്ടിഫിക്കറ്റ് കോഴ്സ്**

127(5980) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിൽ നടത്തുന്ന കെ.ജി.സി.ഇ. സർട്ടിഫിക്കറ്റ് കോഴ്സുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഐ.റ്റി.ഐ. കോഴ്സിനു തുല്യമായി പരിഗണിക്കപ്പെടേണ്ട പ്രസ്തുത കോഴ്സുകൾക്ക് പി.എസ്.സി.-യുടെ അംഗീകാരമില്ലാത്തതിനാൽ, കോഴ്സ് പൂർത്തിയാക്കു-ന്നവർക്ക് പി.എസ്.സി. വഴിയുള്ള നിയമനങ്ങൾക്ക് അപേക്ഷ സമർപ്പിക്കാൻ കഴിയുന്നില്ലെന്ന വസ്തുത വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം പ്രധാന കോഴ്സുകൾ ഐ.റ്റി.ഐ./വി.എച്ച്.എസ്.ഇ. എന്നിവയ്ക്ക് സമാനമാക്കി പി. എസ്. സി.-യുടെ അംഗീകാരം ലഭ്യമാക്കുന്നതിന് ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) കേരള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടത്തുന്ന കെ.ജി.സി.ഇ. സർട്ടിഫിക്കറ്റ് കോഴ്സുകൾ ചുവടെ പറയുന്നവയാണ് :

1. സിവിൽ എഞ്ചിനീയറിംഗ്
2. മെക്കാനിക്കൽ എഞ്ചിനീയറിംഗ്
3. ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്
4. ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്
5. ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്

6. റേഡിയോ ആന്റ് ടെലിവിഷൻ എഞ്ചിനീയറിംഗ്

7. റഫ്രിജറേഷൻ ആന്റ് എയർകണ്ടിഷനിംഗ്.

(ബി) 12-10-2012-ലെ ജി.ഒ. (പി) നമ്പർ 503/2012/ഉ.വി.വ. പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ തസ്തികയുടെ യോഗ്യതയായി കെ.ജി.സി.ഇ. യോഗ്യത പരിഗണിച്ചിട്ടുണ്ട്.

(സി) ഐ.റ്റി.ഐ.-യുടെ ചില കോഴ്സുകളുടെ പകരം യോഗ്യതയായി കെ.ജി.സി.ഇ.-യുടെ ചില കോഴ്സുകൾ പരിഗണിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**വി.എച്ച്.എസ്.ഇ.-യിലും ഹയർ സെക്കണ്ടറിയിലും പ്രവൃത്തി ദിനങ്ങൾ ഏകീകരിക്കൽ**

128(5981) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.എച്ച്.എസ്.ഇ.യിലും ഹയർസെക്കണ്ടറിയിലും ഐച്ഛിക വിഷയങ്ങൾക്ക് (സയൻസ്, ഹ്യൂമാനിറ്റീസ്, കൊമേഴ്സ്) ഒരേ ടെക്സ്റ്റ് ബുക്കും സിലബസുമാണ് പിന്തുടരുന്നതെങ്കിലും വി.എച്ച്.എസ്.ഇ.-യിൽ അദ്ധ്യയന സമയം ഇംഗ്ലീഷ് വിഷയത്തിന് ആഴ്ചയിൽ 70 മിനിറ്റും മറ്റ് ഐച്ഛിക വിഷയങ്ങൾക്ക് (ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ബിസിനസ് സ്റ്റഡീസ് മുതലായവ) ഓരോന്നിനും 30 മിനിറ്റ് വീതവും അധികമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൊക്കേഷണൽ ഹയർസെക്കണ്ടറിയിലെ സമാന വിഷയങ്ങളുടെ പഠനസമയവും പിരീയഡുകളുടെ ദൈർഘ്യവും ഹയർസെക്കണ്ടറിയുടേതിന് തുല്യമാക്കി മാറ്റുന്നപക്ഷം വി.എച്ച്.എസ്.ഇ.യിലും 5 (അഞ്ച്) പ്രവൃത്തി ദിനങ്ങൾ സാധ്യമാക്കാവുന്നതാണ് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഒരേ സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിനും വി.എച്ച്.എസ്.ഇ. വിഭാഗത്തിനും ഹയർ സെക്കണ്ടറി വിഭാഗത്തിനും വ്യത്യസ്ത പിരീഡുകളും സമയക്രമവുമാണെന്നത് വിദ്യാലയ പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) വി.എച്ച്.എസ്.ഇ.-യുടെയും ഹയർസെക്കണ്ടറിയുടെയും പാഠ്യവിഷയങ്ങളിൽ ഇംഗ്ലീഷ് വിഷയത്തിന്റെ പഠന സമയത്തിൽ മാത്രമേ വ്യത്യാസമുള്ളൂ. മറ്റ് പൊതു ഐച്ഛിക വിഷയങ്ങളിൽ വ്യത്യാസമില്ല.

(ബി) പരിശോധിച്ചിട്ടില്ല.

(സി) ഇല്ല.

## ചിറ്റൂർ ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക് ആയി ഉയർത്തുന്നതിന് നടപടി

129(5982) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റൂർ ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക് ആയി ഉയർത്തുന്നതിലേക്ക് എന്തെങ്കിലും നിവേദനങ്ങൾ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളിനെ പോളിടെക്നിക്ക് ആയി ഉയർത്തുന്നതിന് എന്തെങ്കിലും നിയമ തടസ്സങ്ങൾ ഉണ്ടോ ;

(സി) ചിറ്റൂർ ടെക്നിക്കൽ ഹൈസ്കൂളിനോടനുബന്ധമായി പോളിടെക്നിക് ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ചിറ്റൂർ ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക് ആയി ഉയർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ചിറ്റൂർ പൗരസമിതി സമർപ്പിച്ച നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ചിറ്റൂർ ടെക്നിക്കൽ ഹൈസ്കൂൾ ഉൾപ്പെടെ 8 ടെക്നിക്കൽ ഹൈസ്കൂളുകൾ പോളി ടെക്നിക്കുകളാക്കി ഉയർത്തുന്നതിന് 31-10-1995-ലെ ജി.ഒ. (എം.എസ്.) 185/95/ഉ.വി.വ. പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ 11-6-1996-ലെ ജി.ഒ. (എംഎസ്.) 122/96/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ടെക്നിക്കൽ ഹൈസ്കൂളുകൾ പോളിടെക്നിക്കുകളായി ഉയർത്തേണ്ടതില്ലെന്നും അവ ടെക്നിക്കൽ ഹൈസ്കൂളുകളായി തുടരേണ്ടതാണെന്നും തീരുമാനമെടുത്തിരുന്നു.

(സി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## സർവ്വകലാശാലകളിലെ ടൈപ്പിസ്റ്റ് തസ്തികയുടെ പുനർനാമകരണം

130(5983) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർവ്വകലാശാലകളിലെ ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ

പി.എസ്.സി. പ്രസിദ്ധീകരിച്ച കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ ;

(ബി) തസ്തിക പുനർനാമകരണം ചെയ്യാത്തതിന്റെ സാങ്കേതികത്വം ചൂണ്ടിക്കാട്ടി സർവ്വകലാശാലകളിലെ ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവിലേയ്ക്ക് കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർവ്വകലാശാലകളിലെ ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ റാങ്ക് ലിസ്റ്റിൽ നിന്നും ഇത്തരം ഒഴിവുകൾ നികത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കാലിക്കറ്റ് സർവ്വകലാശാല, എം.ജി. സർവ്വകലാശാല, കുസാറ്റ്, കേരള കാർഷിക സർവ്വകലാശാല, കേരള ഫിഷറീസ്-സമുദ്ര പഠന സർവ്വകലാശാല, കേരള വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാല, ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നിവിടങ്ങളിൽ ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്.

കേരള സർവ്വകലാശാല : എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലവിലുള്ള സാഹചര്യത്തിൽ Standing Counsel-ന്റെ സ്പഷ്ടീകരണത്തിന് വിധേയമായി കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്.

കാലിക്കറ്റ് സർവ്വകലാശാല : കാലിക്കറ്റ് സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കണ്ണൂർ സർവ്വകലാശാല : കണ്ണൂർ സർവ്വകലാശാലയിൽ ഇപ്പോൾ നിലവിലുള്ള ടൈപ്പിസ്റ്റ്-കം-സ്റ്റെനോഗ്രാഫർ എന്ന സംയോജിത തസ്തിക ടൈപ്പിസ്റ്റ് (കമ്പ്യൂട്ടർ അസിസ്റ്റന്റ്), സ്റ്റെനോഗ്രാഫർ എന്നിങ്ങനെ പുനഃപരിവർത്തനം ചെയ്തതിനുശേഷം കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.

എം.ജി.സർവ്വകലാശാല : എം. ജി. സർവ്വകലാശാലയിൽ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പി.എസ്.സി. ലഭ്യമാക്കുന്നപക്ഷം കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിയിലേയ്ക്ക് നിയമനം നടത്തുന്നതിന് തടസ്സങ്ങളൊന്നുമില്ല. 31-5-2016 വരെയുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുസാറ്റ് : കുസാറ്റിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ 21 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാല : കേരള കാർഷിക സർവ്വകലാശാല യിൽ കമ്പ്യൂട്ടർ അസിസറ്റന്റ് തസ്തികയിലെ 24 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള ഫിഷറീസ്-സമുദ്ര പഠന സർവ്വകലാശാല : കേരള ഫിഷറീസ്-സമുദ്ര പഠന സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമനം നടത്തുവാൻ തടസ്സമില്ല, നടപടി സ്വീകരിച്ചിട്ടുണ്ട്.

നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ് ലീഗൽ സ്റ്റഡീസ് : നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ് ലീഗൽ സ്റ്റഡീസിൽ ടൈപ്പിസ്റ്റ് തസ്തികയോ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയോ നിലവിലില്ല.

കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് : കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല.

തുഞ്ചത്തെഴുച്ഛൻ മലയാള സർവ്വകലാശാല : തുഞ്ചത്തെഴുച്ഛൻ മലയാള സർവ്വകലാശാലയിൽ ടൈപ്പിസ്റ്റ് തസ്തിക അനുവദിച്ചിട്ടില്ല.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല : ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിന് മറ്റ് തടസ്സങ്ങളില്ല. ഒഴിവുകൾ വരുന്നമുറയ്ക്ക് സർവ്വകലാശാല വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി : എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക നാളിതുവരെ സൃഷ്ടിക്കപ്പെട്ടിട്ടില്ല.

കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല : കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാലയിൽ ടൈപ്പിസ്റ്റ് തസ്തിക, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയെന്ന് പുനർനാമകരണം ചെയ്തിട്ടുള്ളതിനാൽ പി.എസ്.സി. നിയമനത്തിന് തടസ്സങ്ങളില്ല.

**ഓപ്പൺ സർവ്വകലാശാല**

131(5984) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓപ്പൺ സർവ്വകലാശാല ആരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ;

(ബി) കൊല്ലം ജില്ലയിൽ ശ്രദ്ധേയമായ സർക്കാർ സംരംഭങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ നിർദ്ദിഷ്ട ഓപ്പൺ സർവ്വകലാശാല കൊല്ലം ജില്ലയിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ ഗവൺമെന്റ് കോളേജുകളിലേയും എയ്ഡഡ് കോളേജുകളിലേയും വിദ്യാർത്ഥികൾക്ക്, കേരളത്തിൽ നിലവിലുള്ള യൂണിവേഴ്സിറ്റികൾ ഉപയോഗപ്രദമാണ്. എന്നാൽ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ നിർത്തലാക്കിയ സാഹചര്യത്തിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനെക്കുറിച്ച് സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**കോഴിക്കോട് സർവ്വകലാശാലയുടെ ഭൂമി**

132(5985) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയുടെ ഭൂമി ട്രസ്റ്റ് രൂപീകരിച്ച് തട്ടിയെടുക്കാൻ ശ്രമിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ശ്രമം പരാജയപ്പെട്ടശേഷം നേരത്തേ രൂപീകരിച്ച ട്രസ്റ്റ് ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ടോ ;

(സി) ഈ ട്രസ്റ്റിന്റെ ട്രസ്റ്റികൾ ആരെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ട്രസ്റ്റിന്റെ ശ്രമം പരാജയപ്പെട്ടെങ്കിലും ഇക്കാര്യത്തിൽ ഗൂഢാലോചന നടന്നിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുമോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

**കാലിക്കറ്റ് യൂണിവേഴ്സിറ്റി പരീക്ഷകൾ**

133(5986) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ത്രിവത്സര, പഞ്ചവത്സര എൽ.എൽ.ബി. കോഴ്സുകളിലെ ഓരോ സെമസ്റ്ററുകളിലേയും പരീക്ഷകൾ യഥാസമയം നടത്തിവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) രണ്ടാം സെമസ്റ്റർ പഠനം ആരംഭിച്ചിട്ട് മാസങ്ങൾ പിന്നിട്ടിട്ടും ആദ്യ സെമസ്റ്ററിന്റെ പരീക്ഷാ തീയതിയും ടൈംടേബിളും പ്രസിദ്ധീകരിക്കാത്തതുമൂലം വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യഥാസമയം വിവിധ കോഴ്സുകളിൽ പരീക്ഷകൾ നടത്താത്തതും നടത്തിയ പരീക്ഷകളുടെ റിസൽറ്റ് യഥാസമയം പ്രസിദ്ധീകരിക്കാത്തതും ഒറിജിനൽ സർട്ടിഫിക്കറ്റുകൾ യഥാസമയം വിതരണം ചെയ്യാത്തതുമായ വിഷയങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ബാർ കൗൺസിൽ ഓഫ് ഇന്ത്യ റൂൾസ് എൽ.എൽ.ബി. കോഴ്സിന്റെ ഓരോ സെമസ്റ്ററിനും 90 പ്രവൃത്തിദിവസം നിഷ്കർഷിക്കുന്നുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റി 90 പ്രവൃത്തി ദിവസങ്ങൾ പൂർത്തിയാക്കുന്ന ക്രമത്തിൽ അതാതു സെമസ്റ്റർ പരീക്ഷകൾ നടത്തിവരുന്നു.

(ബി) കാലിക്കറ്റ് യൂണിവേഴ്സിറ്റി ഒന്നാം സെമസ്റ്റർ ബി.ബി.എ., എൽ.എൽ.ബി. റെഗുലർ/സപ്ലിമെന്ററി പരീക്ഷകൾ 2016 ഓഗസ്റ്റ് 29-ന് നടത്തിയിട്ടുണ്ട്.

(സി) പ്രസ്തുത വിഷയങ്ങളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

**അനദ്ധ്യാപകരുടെ ഒഴിവുകൾ**

134(5987) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഓരോ സർവ്വകലാശാലയിലും അനദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന വിവരം തസ്തിക തിരിച്ച്, ലഭ്യമാക്കുമോ ;

(ബി) ഇതിൽ ഓരോ തസ്തികയിലും 2016 ഒക്ടോബർ 20 വരെ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതെന്ന് വെളിപ്പെടുത്തുമോ ;

(സി) ശേഷിക്കുന്ന ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി)

കേരള സർവ്വകലാശാല

1. അസിസ്റ്റന്റ്-590

2. കമ്പ്യൂട്ടർ അസിസ്റ്റന്റ് -36

ഇതിൽ അസിസ്റ്റന്റ് കാറ്റഗറിയിലെ 590 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലവിലുള്ള സാഹചര്യത്തിൽ Standing Counsel-ന്റെ സ്പഷ്ടീകരണത്തിന് വിധേയമായി കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്.

കാലിക്കറ്റ് സർവ്വകലാശാല : അനുബന്ധം 1 ആയി ചേർക്കുന്നു.*

കണ്ണൂർ സർവ്വകലാശാല : 71 അസിസ്റ്റന്റുമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകളുടെ എണ്ണം അനുബന്ധം 2 ആയി ചേർക്കുന്നു.*

എം.ജി. സർവ്വകലാശാല : വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ ഇനംതിരിച്ച് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

കുസാറ്റ് : നിലവിലുള്ള ഒഴിവുകളുടെ വിവരങ്ങൾ അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.*

നാളിതുവരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| അസിസ്റ്റന്റ് മേട്രൻ | - | 1 |
| സെക്യൂരിറ്റി ഓഫീസർ | - | 1 |
| സെക്യൂരിറ്റി ഗാർഡ് | - | 15 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| യൂണിവേഴ്സിറ്റി എഞ്ചിനീയർ | - | 1 |
| ഓവർസിയർ Gr.III (സിവിൽ) | - | 2 |
| ലൈൻ ഹെൽപ്പർ | - | 6 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് Gr.II | - | 21 |
| അക്വാറിയം അസിസ്റ്റന്റ് | - | 1 |
| വർക്ക്ഷോപ്പ് അറ്റൻഡർ (പി.എസ്&പി.റ്റി) | - | 1 |
| ഡ്രൈവർ ഗ്രേഡ് II | - | 5 |
| പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് II | - | 13 |
| എഡിറ്റോറിയൽ അസിസ്റ്റന്റ് | - | 1 |
| കുക്ക് | - | 1 |
| അസിസ്റ്റന്റ് | - | 30 |

<u>നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ് ലീഗൽ സ്റ്റഡീസ്</u>:

താഴെപ്പറയുന്ന ഒഴിവുകളുണ്ട് :

| | | | |
|---|---|---|---|
| 1. | ഡെപ്യൂട്ടി രജിസ്ട്രാർ | - | 1 |
| 2. | ഡ്രൈവർ | - | 1 |
| 3. | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | - | 1 |
| 4. | പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് II (ലൈബ്രറി) | - | 2 |
| 5. | പ്ലംബർ-കം-ഇലക്ട്രീഷ്യൻ | - | 1 |
| 6. | അറ്റൻഡർ | - | 3 |

ഈ സർവ്വകലാശാലയിൽ താഴെപ്പറയുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് :

| | | | |
|---|---|---|---|
| 1. | പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് II (ലൈബ്രറി) | - | 2 |
| 2. | പ്ലംബർ-കം-ഇലക്ട്രീഷ്യൻ | - | 1 |
| 3. | അറ്റൻഡർ | - | 3 |

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല : അനദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടില്ല.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല : താഴെപ്പറയുന്ന അനദ്ധ്യാപക ഒഴിവുകൾ നിലവിലുണ്ട് :

| ഒഴിവുകളുടെ എണ്ണം | റിപ്പോർട്ട് ചെയ്തത് |
|---|---|
| അസിസ്റ്റന്റ്-1 | അസിസ്റ്റന്റ്-1 |
| സെക്യൂരിറ്റി ഗാർഡ്-1 | സെക്യൂരിറ്റി ഗാർഡ്-1 |
| ബൈൻഡർ-1 | ബൈൻഡർ-1 |
| സെക്യൂരിറ്റി ഓഫീസർ-1 | |
| ഓഫീസ് അറ്റൻഡന്റ്-8 | |
| പാർട്ട് ടൈം സ്വീപ്പർ-11 | |

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികയിലുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ജോയിന്റ് രജിസ്ട്രാർ | - | 3 |
| ഡെപ്യൂട്ടി രജിസ്ട്രാർ | - | 9 |
| അസിസ്റ്റന്റ് രജിസ്ട്രാർ | - | 9 |
| സെക്ഷൻ ഓഫീസർ | - | 10 |
| അസിസ്റ്റന്റ് | - | 20 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - | 8 |
| ക്ലറിക്കൽ അസിസ്റ്റന്റ് | - | 4 |

ഓപ്ഷൻ മുഖേന നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നതിനാൽ അസിസ്റ്റന്റ് ഒഴിവുകൾ ഒന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## സർവ്വകലാശാലകളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ

135(5988) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത സ്ഥിതിവിശേഷം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) സ്വയംഭരണാവകാശമുള്ള സർവ്വകലാശാലകളിലെ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശം നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ;

(സി) എങ്കിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിലും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിലും സർവ്വകലാശാലകൾ അലംഭാവം കാണിക്കുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർവ്വകലാശാലകളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും അതിൻപ്രകാരം നിയമനങ്ങൾ ത്വരിതഗതിയിൽ നടക്കുകയും ചെയ്യുന്നു.

എ.പി.ജെ. അബ്ദുൾ കലാം ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ മറ്റ് സർവ്വകലാശാലകളിൽനിന്നും ഓപ്ഷൻ മുഖേന നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നതിനാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## 2016-17 വർഷത്തെ എൽ.എൽ.ബി. അഡ്മിഷൻ

136(5990) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ച് വർഷം ദൈർഘ്യമുള്ള എൽ.എൽ.ബി. (Integrated 5 year L.L.B.) കോഴ്സിലേക്കുള്ള പ്രവേശനത്തിനായി കേരള എൻട്രൻസ് പരീക്ഷാ കമ്മീഷണർ പ്രവേശന പരീക്ഷ നടത്തി 8-9-2016-ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചുവെങ്കിലും നാളിതുവരെ പ്രവേശന നടപടികൾ ആരംഭിക്കാത്തതിനുള്ള കാരണം വിശദമാക്കുമോ ;

(ബി) പ്രവേശന നടപടികൾ അനന്തമായി നീളുന്നതുമൂലം വിദ്യാർത്ഥികൾക്ക് ഒരു അക്കാദമിക് വർഷത്തിന്റെ പകുതിയിലധികം സമയവും നഷ്ടമായിക്കഴിഞ്ഞത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എത്രയുംവേഗം പ്രവേശന നടപടികൾ പൂർത്തിയാക്കി ക്ലാസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായുള്ള ഉയർന്ന പ്രായപരിധി ഏർപ്പെടുത്തിക്കൊണ്ടുള്ള ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ 17-9-2016-ലെ BC1:D:1519 (LE:Cir)-6 അടിസ്ഥാനത്തിലും ഇതുമായി ബന്ധപ്പെട്ട സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിലും എൽ.എൽ.ബി. പ്രവേശനത്തിന് ഉയർന്ന പ്രായപരിധി ഏർപ്പെടുത്താൻ തീരുമാനിക്കുകയും ഇതിൻപ്രകാരം 21-10-2016 തീയതിയിൽ ജി.ഒ. (എം.എസ്.)213/16/ഉ.വി.വ. ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഓപ്ഷനും അലോട്ട്മെന്റും പുനഃക്രമീകരിക്കേണ്ടിവന്നു. എന്നാൽ പ്രസ്തുത സർക്കാർ ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയുടെ ഉത്തരവിൻപ്രകാരം ഇനിയും കാലതാമസം കൂടാതെ അഡ്മിഷൻ/അലോട്ട്മെന്റ് നടത്താൻ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രവേശന നടപടികൾ എത്രയുംവേഗം പൂർത്തീകരിക്കാനുള്ള നിർദ്ദേശം പ്രവേശനപരീക്ഷാ കമ്മീഷണർക്ക് നൽകിയിട്ടുണ്ട്.

**ഗ്രന്ഥശാലകൾക്കുള്ള ഗ്രാന്റ്**

137(T*5991) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. എം. രാജഗോപാലൻ</u>
<u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും സാംസ്കാരിക വിനിമയത്തിനും ഗ്രന്ഥശാലകൾ വഹിക്കുന്ന പങ്ക് അവലോകനം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) വിദ്യാഭ്യാസ ബഡ്ജറ്റിന്റെ ഒരു ശതമാനം ഗ്രന്ഥശാലകൾക്ക് ഗ്രാന്റായി നൽകാമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയത് ഉറപ്പുവരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഗ്രന്ഥശാലകളെ "ഡിജിറ്റലൈസ്" ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ജനങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗ ഗ്രന്ഥശാലകളിലൂടെ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നത്. സമൂഹത്തിന്റെ എല്ലാ മേഖലകളിലും ഉള്ളവരെ ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളിൽ ബന്ധിപ്പിക്കുന്നു. കുട്ടികൾക്കായി ഗ്രന്ഥശാലകളോട് ബന്ധപ്പെട്ട് ബാലവേദി, സ്ത്രീകൾക്കായി വനിതാവേദി, യുവാക്കൾക്കായി യുവതാ, മുതിർന്ന പൗരന്മാർക്കായി ഗുരുസംഗമം, പെയിൻ ആന്റ് പാലിയേറ്റീവ് യൂണിറ്റുകളായ സാന്ത്വനം, ജൈവ കൃഷിയിടങ്ങൾ, തൊഴിലാളികൾക്കായി തൊഴിലാളി സന്ധ്യ, ആദിവാസി മേഖലകളിൽ ട്രൈബൽ ലൈബ്രറികൾ, ചലച്ചിത്ര ക്ലബ്ബുകൾ, സെമിനാറുകൾ, പൊതുപരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ സാംസ്കാരിക വിനിമയത്തിനും സർവ്വതോന്മുഖമായ സാമൂഹിക വളർച്ചയ്ക്കും ഉപകരിച്ചിട്ടുണ്ട്. കേരളം അനേകം വർഷങ്ങൾകൊണ്ട് ഈടുവയ്പായി കരുതുന്ന മാനവീയ സംസ്കാരത്തിന്റെ കാവലിന് ഗ്രന്ഥശാലകളെയാണ് ഏവരും ഉറ്റുനോക്കുന്നത്. അതിനാൽ മൂല്യച്യുതിക്കെതിരായ പ്രതിരോധം സൃഷ്ടിക്കുന്നതിൽ ഗ്രന്ഥശാലകൾ പ്രത്യേകം പരിഗണന നൽകുന്നുണ്ട്.

(ബി & സി) വിദ്യാഭ്യാസ ബഡ്ജറ്റിന്റെ ഒരു ശതമാനത്തിൽ കവിയാത്ത സംഖ്യ ഗ്രാന്റായി നൽകണമെന്നാണ് നിയമ വ്യവസ്ഥ. നിയമ ഭേദഗതി വരുത്തിയാൽ മാത്രമേ ഇത് നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

(ഡി) ഗ്രന്ഥശാലകളെ ആധുനികവത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഗ്രന്ഥശാലകളിൽ കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഗ്രന്ഥശാലകളെ നെറ്റ്‌വർക്ക് ചെയ്ത് ലൈബ്രറി മാനേജ്മെന്റ് സോഫ്റ്റ്‌വെയർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുസ്തകങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഇപ്പോൾ നടപ്പിലാക്കിയിട്ടില്ല.

**ഇ-സാക്ഷരതാ യജ്ഞം**

138(T*5992) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സഹായത്തോടെ പി.എൻ.പണിക്കർ ഫൗണ്ടേഷൻ സംസ്ഥാനത്ത് നടപ്പാക്കുന്ന ഇ-സാക്ഷരതാ യജ്ഞത്തിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ബഹുമാനപ്പെട്ട ഉപരാഷ്ട്രപതി ഉദ്ഘാടനം നിർവ്വഹിച്ച ഡിജിറ്റൽ ലൈബ്രറി പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഡിജിറ്റൽ ലൈബ്രറികളുടെ ഏകോപനവും മാർഗ്ഗ നിർദ്ദേശവും മറ്റു സാങ്കേതിക സഹായവും നൽകുന്നത് ആരാണ് ; ഇതിനാവശ്യമായ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതാരാണെന്നും പദ്ധതിയുടെ ചെലവ് ആരാണ് വഹിക്കേണ്ടിവരുന്നതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഇ-സാക്ഷരതാ പദ്ധതി 14 ജില്ലകളിലെയും 7 മുതൽ 8 വരെ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നു. ഇതിൽ 57 ഗ്രാമ പഞ്ചായത്തുകളിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഇതിൽ 14 ഗ്രാമപഞ്ചായത്തുകൾ സമ്പൂർണ്ണ ഇ-സാക്ഷരതാ പഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്. 43 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി ആരംഭിക്കുവാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓരോ വ്യക്തിക്കും സ്വന്തമായി ഇ-മെയിൽ ഐ.ഡി. ഉണ്ടാക്കുകയും, കുറഞ്ഞത് എസ്.എം.എസ്.ലൂടെയെങ്കിലും ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുകയെന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പും ധനവിനിയോഗവും പി.എൻ. പണിക്കർ ഫൗണ്ടേഷന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം പഞ്ചായത്ത് കമ്മിറ്റിയാണ് നിർവ്വഹിക്കുന്നത്. പഞ്ചായത്തിലെ 60-65 വയസ്സിൽ താഴെയുള്ള ഇ-സാക്ഷരരല്ലാത്ത എല്ലാവരെയും 10 മുതൽ 20 മണിക്കൂർ ദൈർഘ്യമുള്ള സിലബസ് പ്രകാരം ഇലക്ട്രോണിക് സ്ലേറ്റ് ഉപയോഗിച്ച് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്ത് തികച്ചും അനൗപചാരികമായി ഇ-സാക്ഷരത നടപ്പിലാക്കുന്നു. പി.എൻ. പണിക്കർ ഫൗണ്ടേഷനും കെൽട്രോണും സംയുക്തമായി തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എത്രപേർ ഇ-സാക്ഷരരായി എന്ന് വിലയിരുത്തുകയുമാണ് ഇ-സാക്ഷരതാ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പി.എൻ. പണിക്കർ ഫൗണ്ടേഷൻ നടത്തിവരുന്ന സമ്പൂർണ്ണ ഇ-സാക്ഷരത യജ്ഞത്തിന്റെ രണ്ടാം ഘട്ടമായി തുടർ പഠനത്തിന് വേദിയൊരുക്കുന്നതിനാണ് ഡിജിറ്റൽ ലൈബ്രറികൾ ആരംഭിച്ചിട്ടുള്ളത്. പഞ്ചായത്ത് പ്രദേശത്തുള്ള ഗ്രാമീണ ഗ്രന്ഥശാലകൾ/യൂത്ത് ക്ലബ്ബുകൾ, 250 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്ഥല സൗകര്യവും വൈദ്യുതി കണക്ഷനുമുള്ള സ്ഥലത്ത് ഡിജിറ്റൽ ലൈബ്രറികൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഓരോ ജില്ലയിലും ജില്ലാ പബ്ലിക് ലൈബ്രറികൾ കേന്ദ്രബിന്ദുവാക്കിയാണ് ഡിജിറ്റൽ ലൈബ്രറികൾ തുടങ്ങുന്നത്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, കോഴിക്കോട് എന്നീ ജില്ലകളിലെ പബ്ലിക് ലൈബ്രറികൾ കേന്ദ്രീകരിച്ച് 18 ഡിജിറ്റൽ ലൈബ്രറികൾ ആദ്യഘട്ടമായി തുടങ്ങാനാണ് ലക്ഷ്യമിടുന്നത്. പ്രദേശത്തെ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള രണ്ട് കോ-ഓർഡിനേറ്റേഴ്സിന് വിദഗ്ദ്ധ പരിശീലനം നൽകി രണ്ട് വർഷത്തെ കോൺട്രാക്ട് വ്യവസ്ഥയിൽ ഡിജിറ്റൽ ലൈബ്രേറിയന്മാരായി നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്. വിദ്യാഭ്യാസം, കൃഷി, ആരോഗ്യം, തൊഴിൽ മൃഗസംരക്ഷണം, സിറ്റീസൺ സർവ്വീസസ്, ടൂറിസം ആന്റ് യാത്ര, വിനോദം എന്നിവയിൽ കമ്പ്യൂട്ടർ അധിഷ്ഠിത സേവനങ്ങൾ നൽകി ഇ-സാക്ഷരതയിലുള്ള തുടർ വിദ്യാഭ്യാസം നൽകാനും ലക്ഷ്യമിടുന്നു. ഇ-കോമേഴ്സ്, ഇ-ഗവേണൻസ്, ഇ-ഹെൽത്ത് പ്രോഗ്രാമുകളും സാധാരണക്കാർക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ബോധവൽക്കരണവും പ്രസ്തുത പദ്ധതിയുടെ ഭാഗമായി ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) രണ്ട് വർഷത്തേയ്ക്ക് ഡിജിറ്റൽ ലൈബ്രറികളുടെ ഏകോപനവും മാർഗ്ഗ നിർദ്ദേശവും സാങ്കേതിക സഹായവും നൽകുന്നത് ഡൽഹി ആസ്ഥാനമായുള്ള ഇന്ത്യൻ പബ്ലിക് ലൈബ്രറി മൂവ്മെന്റ് (ഐ.പി.എൽ.എം.) ആണ്. പ്രസ്തുത പദ്ധതിയുടെ ചെലവ് വഹിക്കുന്നതും ഇന്ത്യൻ പബ്ലിക് ലൈബ്രറി മൂവ്മെന്റ് തന്നെയാണ്. ചെലവിന്റെ 10 മുതൽ 15 ശതമാനം വരെ പി.എൻ. പണിക്കർ ഫൗണ്ടേഷൻ വഹിക്കുന്നു. ഡിജിറ്റൽ ലൈബ്രറി കോ-ഓർഡിനേറ്റർമാരെ ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശാനുസരണം അവരുടെ കമ്പ്യൂട്ടർ പരിജ്ഞാനത്തെ മാനദണ്ഡമാക്കി ആ പ്രദേശത്തെ ലൈബ്രറി/യൂത്ത് ക്ലബ്ബുകൾക്ക് നിയമിക്കാവുന്നതാണ്.

**വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ**

139(T*5993) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ എത്ര എണ്ണം ഉണ്ടെന്നും ഇവയുടെ വാടകയ്ക്കായി പ്രതിവർഷം എത്ര തുക ചെലവാക്കുന്നുണ്ടെന്നും അറിയിക്കാമോ ;

(ബി) വാടക ഇനത്തിലുള്ള ഭീമമായ സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തി ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

**മണൽ ശേഖരണം പുനരാരംഭിക്കുന്നതിന് നടപടി**

140(5994) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിയാറിന്റെ തീരത്തുള്ള കുട്ടമ്പുഴ, കീരം പാറ, കവളങ്ങാട് പഞ്ചായത്തു പ്രദേശങ്ങൾ ഉൾപ്പെടുന്ന ഭാഗങ്ങളിൽ മണൽ ശേഖരണം നടത്തിവന്നിരുന്നത് നിർത്തലാക്കിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) താലൂക്കിലെ ഇഞ്ചത്തൊട്ടി, പാലമറ്റം, കുട്ടമ്പുഴ എന്നീ മേഖലകളിൽ പഞ്ചായത്തുകളുടെ ചുമതലയിൽ മണൽ ശേഖരണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ അനധികൃത മണൽ ശേഖരണവും വിപണനവും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നിയമപരമായി മണൽ ശേഖരണം അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2015 ജൂൺ മാസം മുതൽ കുട്ടമ്പുഴ, കീരംപാറ, കവളങ്ങാട് പഞ്ചായത്ത് പ്രദേശങ്ങൾ ഉൾപ്പെടുന്ന ഭാഗങ്ങളിൽ മണൽ ശേഖരണം നിർത്തിവച്ചിട്ടുള്ളതാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പാരിസ്ഥിതികാനുമതി ലഭിക്കുന്ന മുറയ്ക്ക് മണൽ ശേഖരണം പുനരാരംഭിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) സംസ്ഥാന പരിസ്ഥിതി ആഘാതപഠന സമിതിയുടെ അനുമതി ലഭിക്കാത്തതിനാലാണ് ജില്ലയിൽ നിയമപരമായി മണൽ ശേഖരണം അനുവദിക്കാൻ സാധിക്കാത്തത്.

## 'കലവറ' വിപണന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ

141(5995) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിലുള്ള 'കലവറ' എന്ന ന്യായവില വിപണന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത ന്യായവില വിപണന കേന്ദ്രം ഗുണമേന്മയുള്ള കെട്ടിടനിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിക്കുന്നുണ്ടോ ; പ്രസ്തുത നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ ;

(സി) ന്യായവില വിപണനകേന്ദ്രങ്ങൾ എവിടെയൊക്കെയാണ് നിലവിലുള്ളത് ; എല്ലാ ജില്ലകളിലേക്കും പ്രസ്തുത വിപണനകേന്ദ്രങ്ങൾ വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും അനിയന്ത്രിതമായ വിലക്കയറ്റവും ഒരു പരിധിവരെ തടയുകയും അതുവഴി വീട് നിർമ്മിക്കുന്ന സാധാരണക്കാർക്കും പാവപ്പെട്ടവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനുമായി 2009-ൽ ആരംഭിച്ച പദ്ധതിയാണ് ന്യായവില വിപണന കേന്ദ്രങ്ങളായ കലവറ.

600 ചതുരശ്രഅടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ. ഗുണഭോക്താക്കൾക്ക് കലവറയിൽനിന്നും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ (നിർമ്മിതിക്ക് ലഭിക്കുന്ന) 15 ശതമാനം സൗജന്യ നിരക്കിൽ നൽകിവരുന്നു. പുതിയ വീടിന്റെ നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നീ പ്രവർത്തനങ്ങൾക്ക്

നിർമ്മിതിയിൽനിന്നും കമ്പി, സിമന്റ് എന്നിവ നൽകിവരുന്നു. കൂടാതെ അനധികൃതമായി കടത്തുമ്പോൾ പിടിച്ചെടുക്കുന്ന മണലും സർക്കാർ നിശ്ചയിച്ച നിരക്കിൽ കലവറയിൽ നിന്നും വിതരണം ചെയ്തുവരുന്നു.

(ബി) കലവറകളിൽ നിർമ്മാണ സാമഗ്രികളുടെ ഉൽപാദനം നടത്തുന്നില്ല. എന്നാൽ നിർമ്മിതി കേന്ദ്രത്തിന്റെ പ്രൊഡക്ഷൻ സെന്ററിൽ കോൺക്രീറ്റ് കട്ടിളകൾ/ഇഷ്ടികകൾ, വാട്ടർ ടാങ്ക് തുടങ്ങിയവ ആവശ്യാനുസരണം ഉല്പാദിപ്പിക്കുന്നു. നിർമ്മിതി കേന്ദ്രത്തിന്റെ പരിശോധനാശാലകളിൽ നിർമ്മാണ സാമഗ്രികളുടെ ഗുണമേന്മ പരിശോധിക്കുന്ന സംവിധാനമുണ്ട്.

(സി) നിലവിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ താഴെപ്പറയുന്ന 8 ജില്ലകളിലായി 11 കലവറകൾ പ്രവർത്തിച്ചുവരുന്നു :

| | | | |
|---|---|---|---|
| 1 | തിരുവനന്തപുരം | - | വട്ടിയൂർക്കാവ്, കാരോട് |
| 2 | കൊല്ലം | - | കല്ലുവാതുക്കൽ |
| 3 | പത്തനംതിട്ട | - | അടൂർ |
| 4 | കോട്ടയം | - | പാല |
| 5 | ഇടുക്കി | - | മുട്ടം |
| 6 | എറണാകുളം | - | കളമശ്ശേരി |
| 7 | പാലക്കാട് | - | പാലക്കാട്, ചിറ്റൂർ, അഗളി |
| 8 | കോഴിക്കോട് | - | കോഴിക്കോട് |

ഇതിനുപുറമെ ചുവടെയുള്ള നാല് ജില്ലകളിലായി പുതിയ 5 കലവറകൾ കൂടി ആരംഭിക്കുന്നുണ്ട് :

| | | | |
|---|---|---|---|
| 1 | പത്തനംതിട്ട | - | കോഴഞ്ചേരി |
| 2 | കോട്ടയം | - | നീണ്ടൂർ, ഉദയനാപുരം |
| 3 | എറണാകുളം | - | എടക്കാട്ടുവയൽ |
| 4 | വയനാട് | - | മാനന്തവാടി |

കലവറകൾ ഇല്ലാത്ത ജില്ലകളിൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്. കൂടാതെ കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ നിർമ്മിതി കേന്ദ്രങ്ങളുടെ കീഴിലും കലവറകൾ പ്രവർത്തിക്കുന്നുണ്ട്.

**ഇ-ഡിസ്ട്രിക്ട് പദ്ധതി**

142(5996) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഡിസ്ട്രിക്ട് പദ്ധതി നടത്തിപ്പിലെ അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) നേരിട്ട് അപേക്ഷിക്കുന്നവർക്കും റവന്യൂ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇ-ഡിസ്ട്രിക്ട് പദ്ധതി വഴിനൽകുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ പൂർണ്ണമായും ഓൺലൈനായി നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 5-9-2013-ലെ സർക്കാർ സർക്കുലർ നമ്പർ 29086/T2/13/Rev പ്രകാരം സാങ്കേതിക തടസ്സങ്ങൾ നേരിടുന്ന അവസരങ്ങളിൽ വില്ലേജ്/താലൂക്ക്/റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിന്നും നേരിട്ട് തന്നെ പൊതുജനങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**റീ-സർവ്വേ നടപടികൾ**

143(5997) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ വില്ലേജുകളിൽ ഭൂമിയുടെ റീ-സർവ്വേ നടപടികളുടെ പുരോഗതി എത്ര മാത്രമെന്ന് വിശദമാക്കുമോ ;

(ബി) റീ സർവ്വേ നടപടികളുമായി ബന്ധപ്പെട്ട് കൊയിലാണ്ടി മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽനിന്ന് ഉയർന്നുവന്നിട്ടുള്ള പരാതികൾ എത്ര ; വില്ലേജ് അടിസ്ഥാനത്തിൽ ഇത് പരിശോധിക്കപ്പെടുന്നുണ്ടോ; പരിഹാര നടപടികൾ ഉണ്ടോ; വിശദമാക്കുമോ ;

(സി) കൊയിലാണ്ടി മണ്ഡലത്തിൽ ഭൂനികുതി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്ന നടപടി എത്രത്തോളം പുരോഗമിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ആകെയുള്ള 9 വില്ലേജുകളിൽ ഇരിങ്ങൽ വില്ലേജിന്റെ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കി റിക്കാഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. പയ്യോളി വില്ലേജിന്റെ റീ-സർവ്വേ നടപടികൾ പുരോഗതിയിലാണ്. മറ്റ് വില്ലേജുകളിൽ റീ-സർവ്വേ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി) കൊയിലാണ്ടി മണ്ഡലത്തിൽ റീ-സർവ്വേ നടപടികളുമായി ബന്ധപ്പെട്ട് 1855 പരാതികൾ വന്നിട്ടുള്ളതിൽ 643 പരാതികൾ പരിഹരിച്ചിട്ടുണ്ട്. വില്ലേജടിസ്ഥാനത്തിൽ കൃത്യമായി പരിശോധിച്ച് അഡീഷണൽ തഹസീൽദാരുടെ നേതൃത്വത്തിൽ സമയബന്ധിതമായി പരാതി പരിഹാര നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കൊയിലാണ്ടി മണ്ഡലത്തിലെ ഭൂനികുതി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്ന ജോലികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല.

## റീ-സർവ്വേ നടപടി

144(5998) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റീ-സർവ്വേ എത്ര വില്ലേജുകളിൽ പൂർത്തിയായി എന്നറിയിക്കുമോ ; ഇതുവരെ പൂർത്തിയായ റീ-സർവ്വേ റിക്കാർഡുകൾ അടിസ്ഥാനരേഖയായി റവന്യൂ വകുപ്പും കോടതികളും അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) റീ-സർവ്വേ കഴിഞ്ഞ് പത്ത് വർഷം കഴിഞ്ഞുള്ള പരാതികളിൽ സർവ്വേ ഡിപ്പാർട്ട്മെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നത് ;

(സി) റീ-സർവ്വേ അദാലത്തുകൾ വില്ലേജ് തലത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യം വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് സർവ്വേയർമാരുടെ അപര്യാപ്തത പരിഹരിക്കുന്നതിന് പോസ്റ്റ് ക്രിയേഷൻ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 881 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. സർവ്വേ അതിരടയാള നിയമത്തിലെ 13-ാം വകുപ്പുപ്രകാരം ഗസറ്റിൽ പരസ്യപ്പെടുത്തി റീ-സർവ്വേ പൂർത്തിയാക്കിയ റിക്കാർഡുകൾ ഒരു സിവിൽ കോടതിവിധി പ്രകാരം ഭേദപ്പെടുത്താത്തപക്ഷം ആ സർവ്വേ റിക്കാർഡ് അതിർത്തികൾ നിർണ്ണയിച്ചതും രേഖപ്പെടുത്തിയതും ശരിയായിതന്നെ നിർണ്ണയിക്കുകയും രേഖപ്പെടുത്തുകയും ചെയ്തുവെന്നുള്ളതിന് അനിഷേധ്യമായ തെളിവായിരിക്കുന്നതാണ്. ടി റിക്കാർഡുകളെ അടിസ്ഥാനപ്പെടുത്തിയാണ് റവന്യൂ വകുപ്പിൽ ഭൂമി സംബന്ധമായ വിഷയങ്ങളിൽ തുടർ നടപടി സ്വീകരിച്ചുവരുന്നത്.

(ബി) റീ-സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള റിക്കാർഡുകളിൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നത് ജി.ഒ.(എം.എസ്.) 200/2010/റവന്യൂ ഉത്തരവ് പ്രകാരം അതത് താലൂക്ക് അഡീഷണൽ തഹസീൽദാരുടെ നേതൃത്വത്തിലാണ്. ടി പരാതികളിൽമേലുള്ള സർവ്വേ പ്രവർത്തനങ്ങൾക്കാവശ്യമായ ജീവനക്കാരെ വകുപ്പിൽനിന്നും നിയോഗിച്ചുവരുന്നു.

(സി & ഡി) ഇപ്പോൾ പരഗണനയിൽ ഇല്ല.

**ബി.റ്റി.ആർ. പുരയിടം ആക്കാൻ നടപടി**

145(5999) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ അങ്ങോളമിങ്ങോളം വർഷങ്ങളായി പുരയിടമായി കിടക്കുന്ന ചില സ്ഥലങ്ങൾ തെറ്റായ തരത്തിൽ വില്ലേജിലെ ബി. റ്റി. ആർ. നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചില പ്രദേശങ്ങളിൽ ഇങ്ങനെയുള്ള ബി.റ്റി.ആർ.-ന്റെ നിലമായുള്ള സ്ഥലത്തിലെ 2 ഉം 3 ഉം സൈഡുകളിൽ (അതിരുകളിൽ) വലുതും ചെറുതുമായ കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഈ കെട്ടിടങ്ങളുടെ നടുക്ക് കിടക്കുന്ന സ്ഥലം ബി.റ്റി.ആർ-ൽ നിലമായി കാണുന്നതുമൂലം അനേകം ആൾക്കാർ കെട്ടിടം പണിയുന്നതിനും വീടു വയ്ക്കുന്നതിനും ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ച് ഇത് ക്രമവത്ക്കരിച്ച് ബി.റ്റി.ആർ.-ൽ 'പുരയിടം' ആക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ ;

(സി) റീ-സർവ്വേ നടക്കാത്ത വില്ലേജുകളിലാണ് ഇത് കൂടുതൽ കാണുന്നതെന്ന് സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ ;

(ഡി) ഇങ്ങനെയുള്ള സ്ഥലങ്ങളുടെ പഴക്കവും കിടപ്പും ചുറ്റുപാടുകളും നോക്കി നിലമെന്ന് തെറ്റായി ബി. റ്റി. ആർ.-ൽ ഉള്ളത് നിയമാനുസൃതം പുരയിടം ആക്കി നല്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ബി.റ്റി.ആർ. എന്നത് ഭൂമി സംബന്ധിച്ച അടിസ്ഥാന സ്ഥിര രേഖയാണ്. ബി.റ്റി.ആർ. തയ്യാറാക്കിയ സമയത്തെ ഭൂമിയുടെ അവസ്ഥയാണ് അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(ബി) ബി.റ്റി.ആർ.-ൽ നിലമായി രേഖപ്പെടുത്തിയിരിക്കുന്നതുകൊണ്ട് മാത്രം വീട് വയ്ക്കാൻ ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബി.റ്റി.ആർ.-ൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ നിയമാനുസൃത അനുമതിയോടുകൂടി വീട് വയ്ക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബി.റ്റി.ആർ.-ലെ ഇനം/തരം മാറ്റാനുള്ള അധികാരം ഒരു നിയമത്തിലും വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) ബാധകമല്ല.

(ഡി) തെറ്റായി ബി.റ്റി.ആർ.-ൽ നിലമായി ഉൾപ്പെടുത്തിയെന്ന് പറയാൻ സാധിക്കുകയില്ല. ബി.റ്റി.ആർ. തയ്യാറാക്കുന്ന സമയത്തെ അവസ്ഥയാണ് ബി.റ്റി.ആർ.-ൽ രേഖപ്പെടുത്തിയിട്ടുള്ളത്.

**പാക് ഭൂമി അഥവാ എനിമി ഭൂമി**

146(6000) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ത്യാ-പാക് വിഭജനകാലത്ത് പാക്കിസ്ഥാനിൽ പോയവരുടെ ഭൂമി പാക് ഭൂമി അഥവാ എനിമി ഭൂമി എന്ന പേരിൽ സൂക്ഷിച്ചു വരുന്നുണ്ടോ ;

(ബി) കേരളത്തിൽ ഇത്തരത്തിൽ ഏറ്റെടുത്ത ഭൂമികളുടെ വിവരം ലഭ്യമാക്കാമോ ;

(സി) ഇത്തരം ഭൂമിയുടെ കൈവശാവകാശം ആർക്കാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത്തരം ഭൂമികൾ പൊതു ആവശ്യങ്ങൾക്കോ സർക്കാർ ഉപയോഗത്തിനോ എടുക്കുന്നതിനുള്ള നടപടികൾ വിശദീകരിക്കാമോ;

(ഇ) ഇങ്ങിനെ ഏറ്റെടുത്ത ഭൂമി ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിച്ചു എന്നുള്ള പട്ടിക തയ്യാറാക്കി നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരളത്തിൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ അഞ്ച് ജില്ലകളിലായി 59 എനിമി ഭൂമികളുടെയും കൈവശക്കാരുടെയും വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ടി വിഭാഗത്തിൽപ്പെട്ട ഭൂമി 1968-ലെ എനിമി പ്രോപ്പർട്ടി നിയമ പ്രകാരം കേന്ദ്ര ആഭ്യന്തര വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന എനിമി പ്രോപ്പർട്ടി കസ്റ്റോഡിയന്റെ കൈവശത്തിലും മേൽനോട്ടത്തിലുമാണ്.

(ഡി&ഇ) ഇത്തരം ഭൂമികൾ പൊതു ആവശ്യത്തിനും സർക്കാർ ഉപയോഗത്തിനും എടുക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ നിലവിലെ നിയമത്തിലല്ല.

**ഡാറ്റ ഡിജിറ്റലൈസ് പ്രവർത്തനങ്ങൾ**

147(6001) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വില്ലേജുകളിലേയ്ക്കും ഡാറ്റ ഡിജിറ്റലൈസ് ചെയ്യുന്നതിനായി ഈ സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ അതെന്താണെന്നും, നാളിതുവരെ ഇതിനായി എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) ഇതിനായി രജിസ്ട്രേഷൻ/റവന്യൂ സംവിധാനങ്ങൾ സംയോജിപ്പിയ്ക്കുന്ന പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ ;

(സി) കേരള ലാൻഡ് ഇൻഫർമേഷൻ മിഷൻ മുൻ സർക്കാർ കാലയളവിൽ നടത്തിയിരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും അക്കാലയളവിൽ ഡാറ്റ ഡിജിറ്റലൈസ് പ്രവർത്തനങ്ങൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ഡി) ഇതിനായി സർവ്വേ വകുപ്പ് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും, ഇതിനായി നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാം എന്നും, വകുപ്പ് സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഭൂരേഖാ കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ റീ-സർവ്വെ പൂർത്തിയാക്കിയതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലും അടിസ്ഥാന ഭൂവിവരങ്ങൾ ഘട്ടംഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. റീസർവ്വേ പൂർത്തിയായ വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും റവന്യൂ ഇ-പേമെന്റും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 762 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഇതിനകം ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. 545 വില്ലേജുകളിലെ ഡിജിറ്റൈസേഷൻ നടപടികൾ പുരോഗമിക്കുന്നു.

(ബി) ഭൂരേഖ കമ്പ്യൂട്ടർവത്കരണത്തിനായുള്ള റവന്യൂ വകുപ്പിന്റെ ഓൺലൈൻ സോഫ്റ്റ്‌വെയർ ആയ റിലീസും (റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം) ഭൂ രജിസ്ട്രേഷനുവേണ്ടി രജിസ്ട്രേഷൻ വകുപ്പ് ഉപയോഗിക്കുന്ന ഓപ്പൺ പേൾ എന്ന സോഫ്റ്റ്‌വെയറും വെബ് സർവ്വീസ് മുഖേന സംയോജിപ്പിച്ചുകൊണ്ടാണ് ഭൂ സംബന്ധമായ സേവനങ്ങൾ നിലവിൽ നൽകിവരുന്നത്. രജിസ്ട്രേഷൻ-റവന്യൂ സംവിധാനങ്ങൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഓൺലൈൻ പോക്കുവരവ് പദ്ധതി പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. റീ-സർവ്വേ പദ്ധതികൾ പൂർത്തിയാക്കിയ വില്ലേജുകൾ അധികാരപരിധിയായുള്ള സബ്‌രജിസ്ട്രാർ ഓഫീസുകളിലാണ് പദ്ധതി ആദ്യഘട്ടത്തിൽ തുടക്കംകുറിച്ചത്. സംസ്ഥാനത്തെ 200 സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തന പരിധിയിലുള്ള വില്ലേജുകളിൽ ഈ സൗകര്യം ലഭ്യമാണ്.

(സി) കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ മുൻ സർക്കാർ കാലയളവിൽ നടത്തിയിരുന്ന പ്രവർത്തനങ്ങൾ ചുവടെചേർക്കുന്നു :

1. ഇ രേഖാ പദ്ധതി
2. മോഡേൺ സെൻട്രൽ റെക്കോർഡ് റൂം സ്ഥാപിക്കൽ
3. 14 ജില്ലകളിലെ ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകൾ (14 എണ്ണം) സ്ഥാപിക്കൽ
4. വെബ് ജി.ഐ.എസ്. മുഖാന്തരം ലാന്റ് റിക്കോർഡ് നൽകുന്ന പദ്ധതി
5. ഒരു ഹാർഡ്‌വെയർ സെർവർ സ്റ്റോറേജ് സംവിധാനം ഒരുക്കുന്ന ബാക്ക് അപ് സെർവർ പദ്ധതി
6. ജി.സി.പി. പോയിന്റുകൾ സംസ്ഥാന വ്യാപകമായി സ്ഥാപിക്കുന്ന പദ്ധതി
7. സർവ്വെ ഭവനിലും മറ്റ് 14 ജില്ലകളിലും മോഡേൺ റെക്കോർഡ് റൂം സ്ഥാപിക്കുന്ന പദ്ധതി
8. എറണാകുളം ജില്ലയിലെ 7 താലൂക്ക് ഓഫീസുകളിലും ഒരു ആർഡി ഓഫീസിലും റെക്കോർഡ് റൂം സ്ഥാപിക്കുന്ന പദ്ധതി
9. 'മാപ്പ് മൈ ഹോം' പദ്ധതി.

(ഡി) സർവ്വേ വകുപ്പിന്റെ കീഴിൽ കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ നേതൃത്വത്തിൽ 14 ജില്ലകളിലും ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിച്ച് ആവശ്യാനുസരണം ജീവനക്കാരെ നിയോഗിച്ച് ഡിജിറ്റൈസേഷൻ ജോലികൾ നിർവ്വഹിച്ചുവരുന്നു.

**ജില്ലാ വികസന സമിതികൾ**

148(6002) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ജില്ലകളിൽ എല്ലാ മാസവും വിളിച്ചുചേർക്കുന്ന ജില്ലാ വികസന സമിതികളിൽ വകുപ്പുകളുടെ ജില്ലാ മേധാവികൾ പോലും പങ്കെടുക്കാത്തതും അവതരിപ്പിക്കുന്ന വിഷയങ്ങളിൽ വേണ്ടത്ര പരിഗണന ലഭിക്കാത്തതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് വേണ്ട എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ജില്ലകളിൽ എല്ലാ മാസവും വിളിച്ചുചേർക്കുന്ന വികസന സമിതി യോഗത്തിൽ വിവിധ വകുപ്പുകളുടെ ജില്ലാ മേധാവികൾ പങ്കെടുക്കാറുണ്ട്. എന്നാൽ, ജില്ലാ മേധാവികൾക്ക് പങ്കെടുക്കാൻ കഴിയാതെ വരുന്ന സാഹചര്യങ്ങളിൽ ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വാങ്ങുകയും ജില്ലാ മേധാവികളുടെ പ്രതിനിധിയായി ഉത്തരവാദിത്വപ്പെടുത്തിയ ഉദ്യോഗസ്ഥർ പങ്കെടുക്കാറുള്ളതും വികസന സമിതി യോഗത്തിൽ അവതരിപ്പിക്കുന്ന വിഷയങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാറുമുണ്ട്. ഇത് അടുത്ത വികസന സമിതി യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തുകയും യോഗം ചർച്ച ചെയ്ത് ഉചിതമായ നിർദ്ദേശങ്ങൾ നൽകുകയും വിഷയങ്ങളിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ, പാലക്കാട് ജില്ലയിലെ ജില്ലാ വികസന സമിതികളിൽ വകുപ്പ് മേധാവികൾ പങ്കെടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തോട് പങ്കെടുക്കാതി രുന്നതിന്റെ വിശദീകരണം ആവശ്യപ്പെടുകയും തുടർന്നുള്ള യോഗങ്ങളിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**റവന്യൂ ഭൂമിയുടെ വിശദവിവരം**

149(6003) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോങ്ങാട് മണ്ഡലത്തിലുള്ള റവന്യൂ ഭൂമിയുടെ വിശദവിവരം വിസ്തീർണ്ണമുൾപ്പെടെ വില്ലേജ് അടിസ്ഥാനപ്പെടുത്തി നൽകുമോ ?

<u>ഉത്തരം</u>

കോങ്ങാട് മണ്ഡലത്തിലെ 13 വില്ലേജുകളിലായുള്ള റവന്യൂ പുറമ്പോക്ക് ഭൂമിയുടെ വില്ലേജ് തിരിച്ചുള്ള വിശദവിവരം ചുവടെച്ചേർക്കുന്നു :

| | | |
|---|---|---|
| കോങ്ങാട് | - | 165.6854 ഹെക്ടർ |
| കോങ്ങാട് 2 | - | 40.7813 ഹെക്ടർ |
| കേരളശ്ശേരി | - | 139.0073 ഹെക്ടർ |
| മണ്ണൂർ | - | 81.3678 ഹെക്ടർ |
| മങ്കര | - | 355.0868 ഹെക്ടർ |
| പറളി-1 | - | 275.7586 ഹെക്ടർ |
| പറളി-2 | - | 217.4712 ഹെക്ടർ |
| തച്ചമ്പാറ | - | 154.9096 ഹെക്ടർ |
| കരിമ്പ-1 | - | 2.0234 ഹെക്ടർ |
| കരിമ്പ-2 | - | 39.9546 ഹെക്ടർ |
| പൊറ്റശ്ശേരി-1 | - | 534.2600 ഹെക്ടർ |
| പൊറ്റശ്ശേരി-2 | - | 44.8311 ഹെക്ടർ |
| കാരാകുറുശ്ശി | - | 0.1214 ഹെക്ടർ |
| ആകെ | - | 2051.2585 ഹെക്ടർ |

## റവന്യൂ വകുപ്പിൻ കീഴിലുള്ള ഓഫീസുകളിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ

150(6004) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകൾ/താലൂക്ക് ഓഫീസുകൾ/ജില്ലാകളക്ടറേറ്റുകളിൽ നിന്നും പൊതുജനങ്ങളുടെ അപേക്ഷകളിന്മേൽ നൽകേണ്ട സർട്ടിഫിക്കറ്റുകൾ ഏതെല്ലാമെന്നും ഇവ നിലവിൽ നേരിട്ടാണോ ഓൺലൈനിലാണോ (ഫീസ് തുക സഹിതം)നല്കുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) റവന്യൂ വകുപ്പിൻ കീഴിലുള്ള ഓഫീസുകളിൽനിന്നും നൽകുന്ന പ്രസ്തുത സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷഫോറം നേരിട്ടോ/ഓൺലൈൻ വഴിയോ എത്ര ദിവസത്തിനകമാണ് നൽകേണ്ടതെന്നും നല്കുന്ന ഫോറങ്ങളിൽ തെറ്റുകുറ്റങ്ങളോ പരാതികളോ ഉണ്ടെങ്കിൽ അവ സ്വീകരിക്കുന്നതിന് നിലവിലെ സംവിധാനങ്ങൾ എന്തെല്ലാമെന്നും ആയതിന്റെ കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ താലൂക്ക് ഓഫീസുകൾ/കളക്ടറേറ്റുകൾ എന്നിവയിലോ രോന്നിലും നല്കിയ അപേക്ഷകളിൽ ആറുമാസമായിട്ടും തീരുമാനമെടുക്കാത്ത അപേക്ഷകൾ എത്ര എന്നും ഇവയ്ക്ക് സമയബന്ധിതമായി തീർപ്പു കല്പിച്ച് അപേക്ഷ കരുടെ പരാതികളകറ്റാൻ എന്തു നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റവന്യൂ ആഫീസുകളിൽ നിന്നും നിലവിൽ ജി.ഒ.(എം.എസ്.)136/2007/ആർ.ഡി. തീയതി 27-4-2007-ൽ നിഷ്കർഷിച്ച 24 സർട്ടിഫിക്കറ്റുകളാണ് നൽകിവരുന്നത്. ഇവ കൂടാതെ വിവിധ സ്കീമുകൾ, പ്രോഗ്രാമുകൾ എന്നിവയുമായി ബന്ധപ്പെട്ട് ചില വകുപ്പുകളും സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് വില്ലേജാഫീസർ മാരെ ചുമതലപ്പെടുത്തി ഉത്തരവിറക്കുന്നുണ്ട്. 4-8-2010-ലെ ജി.ഒ.(പി)24/10/ഐ.റ്റി.ഡി.-യിൽ നിഷ്കർഷിച്ചിട്ടുള്ള 24 സർട്ടിഫിക്കറ്റുകൾ online വഴിയും അത്യാവശ്യ ഘട്ടങ്ങളിൽ നേരിട്ടും നൽകുന്നു. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് online ആയി നൽകാൻ തുടങ്ങിയിട്ടില്ല. SC/ST വിഭാഗക്കാർ ഒഴികെ എല്ലാ അപേക്ഷകരും അപേക്ഷയിൽ 5 രൂപയുടെ Court Fee Stamp പതിക്കേണ്ടതുണ്ട്. അക്ഷയ കേന്ദ്രങ്ങൾ മുഖേന online ആയി അപേക്ഷ സമർപ്പിക്കുമ്പോൾ 17 രൂപ ഫീസും രേഖകൾ സ്കാൻ ചെയ്യുന്നതിന് ഒരുപുറത്തിന് 2 രൂപ പ്രകാരവും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

(ബി) നേരിട്ട് ലഭിക്കുന്ന അപേക്ഷകളിലെ അപകാതകൾ അപ്പപ്പോൾ തന്നെ അപേക്ഷകരെ അറിയിക്കുകയും അപകാതകൾ പരിഹരിച്ച് നൽകുന്ന മുറയ്ക്ക് നിയമാനുസൃതം തീരുമാനം എടുത്തുവരുന്നുമുണ്ട്. അക്ഷയ കേന്ദ്രങ്ങൾ വഴി സമർപ്പിക്കുന്ന പരാതികളിലെ അപാകതകൾ പരിഹരിച്ച് അക്ഷയകേന്ദ്രങ്ങൾ മുഖേന തന്നെ സമർപ്പിക്കേണ്ടതാണ്. അപാകത പരിഹരിച്ചുനൽകുന്നതിന് നിശ്ചിത സമയപരിധിയില്ല. അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് സേവനാവകാശ നിയമ പ്രകാരം സമയപരിധി നിശ്ചയിച്ച് 23-1-2013-ൽ എൽ.ആർ.എച്ച്3-49142/13 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ 22 അപേക്ഷകളും ചിറയിൻകീഴ് താലൂക്കിൽ 7 അപേക്ഷകളും കുടിശ്ശികയുണ്ട്. അപേക്ഷയോടൊപ്പം വ്യക്തമായ രേഖകൾ സമർപ്പിക്കാത്തതും KIRTADS-ൽനിന്ന് റിപ്പോർട്ട് ലഭിക്കാത്തതും കാരണമാണ് ആയവ തീർപ്പാക്കാനാവാത്തത്.

തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിൽ KIRTADS-ൽ നിന്നും അന്വേഷണ റിപ്പോർട്ട് ലഭ്യമാകാത്ത ജാതി സർട്ടിഫിക്കറ്റിനുള്ള 9 അപേക്ഷകൾ കുടിശ്ശികയുണ്ട്. വയനാട് ജില്ലയിൽ 12-ഉം കണ്ണൂർ ജില്ലയിൽ 37-ഉം അപേക്ഷകൾ KIRTADS-ൽ നിന്നും റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ കുടിശ്ശികയുണ്ട്. കോട്ടയം, പാലക്കാട് ജില്ലകളിലും KIRTADS-ൽ നിന്ന് റിപ്പോർട്ട് ലഭ്യമാകാത്തതിനാൽ തീർപ്പാകാതെ യിരിക്കുന്ന അപേക്ഷകളുണ്ടെന്ന് ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്.

ജാതി സംബന്ധിച്ച് വ്യക്തമായ രേഖകളില്ലാത്ത ധാരാളമാളുകളുടെ ജാതി നിർണ്ണയ റിപ്പോർട്ട് KIRTADS-ൽ നിന്നും ലഭിക്കുവാനുള്ളതിനാൽ അവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്ത അവസ്ഥ ഒഴിവാക്കുന്നതിനായി ഈ വിഷയ ത്തിൽ ത്വരിതഗതിയിൽ അന്വേഷണം നടത്തി ജാതി നിർണ്ണയിക്കുന്നതിനും അതുവഴി ടിയാളുകൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും KIRTADS-ൽ നിന്നുള്ള ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുന്നതിനുള്ള ലാന്റ് റവന്യൂ കമ്മീഷണറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

### റവന്യൂ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കാൻ നടപടി

151(6005) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് നാളിതുവരെ പട്ടയം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവരുടെ ലിസ്റ്റ് തയ്യാറാക്കി പട്ടയം കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് പട്ടയം കൊടുക്കാൻ കഴിയുമെന്ന് വ്യക്ത മാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഇവരുടെ ലിസ്റ്റ് തയ്യാറാക്കി താലൂക്ക് അസൈൻമെന്റ് കമ്മിറ്റിയുടെ അനുമതിയോടെ പട്ടയം നൽകാനുള്ള നടപടികൾ സ്വീകിക്കുന്ന താണ്.

### പട്ടയം ലഭിക്കാനായി സമർപ്പിച്ച അപേക്ഷകൾ

152(6006) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽനിന്ന് പട്ടയം ലഭിക്കാനായി സമർപ്പിച്ച എത്ര അപേക്ഷകളാണ് ഇപ്പോൾ റവന്യൂ വകുപ്പിന്റെ മുന്നിലുള്ളത് ;

(ബി) അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ എത്ര വീത മാണെന്ന് വ്യക്തമാക്കുമോ ;

(സി) അപേക്ഷകളിൽ നടപടി സ്വീകരിച്ച് എന്നത്തേക്ക് പട്ടയം നൽകാനാകും എന്നാണ് കരുതുന്നത്; വിശദാംശം നൽകുമോ ?

ഉത്തരം

(എ) 156 അപേക്ഷകൾ.

(ബി) 1. പുറമേരി - 17

2. വേളം - 18

3. തിരുവള്ളൂർ - 19

4. വില്യാപ്പള്ളി - 21

5. കുന്നമ്മൽ - 16

6. കുറ്റ്യാടി - 30

7. ആയഞ്ചേരി - 13

8. മണിയൂർ - 22

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കഴിയുന്നത്ര വേഗത്തിൽ അർഹരായ വർക്ക് പട്ടയം അനുവദിക്കുന്നതാണ്.

**റിവർ മാനേജ്മെന്റ് ഫണ്ട്**

153(6007) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ കേരളത്തിൽ ഏതെല്ലാം ജില്ലകൾക്കാണ് നിലവിൽ വിഹിതം അനുവദിച്ചിട്ടുള്ളതെന്നും എത്ര തുകവീതമാണ് അനുവദിച്ച തെന്നും വിശദമാക്കാമോ ;

(ബി) കീഴ്നദീതടത്തിലുള്ള ജില്ലകളിൽ പ്രസ്തുത നദിയുടെ തന്നെ മേൽത്തട ജില്ലകളെക്കാൾ കൂടുതൽ വരുമാനം റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് ലഭിക്കുന്ന തായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) റിവർ മാനേജ്മെന്റ് ഫണ്ട് നദിയുടെ മുകൾത്തട്ടിലെ ജില്ലകൾക്കും കീഴ്ത്തട്ടിലെ ജില്ലകൾക്കും തുല്യമായി അനുവദിച്ച് നല്കാൻ എന്തെങ്കിലും തീരുമാന മെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അത് എപ്രകാരമാണെന്ന് വിശദ മാക്കാമോ ?

ഉത്തരം

(എ) റിവർ മാനേജ്മെന്റ് ഫണ്ട് എന്നത് കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങൾ 2002 ചട്ടം 22 പ്രകാരം ഓരോ ജില്ലയ്ക്കും പ്രത്യേകം രൂപീകരിക്കപ്പെട്ടിട്ടുള്ള ഫണ്ടാണ്. പ്രസ്തുത ഫണ്ടിലേയ്ക്ക് സർക്കാർ പ്രത്യേകം തുകകൾ ഒന്നുംതന്നെ അനുവദിച്ചുനൽകാറില്ല.

(ബി) നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

**റിവർ മാനേജ്മെന്റ് ഫണ്ട്**

154(6008) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലകളിൽ റിവർ മാനേജ്മെന്റ് ഫണ്ട് കൈകാര്യം ചെയ്യുന്നത് ഏത് ഉദ്യോഗസ്ഥനാണെന്ന് അറിയിക്കുമോ ;

(ബി) റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഏതെല്ലാം തരം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്നറിയിക്കുമോ ;

(സി) 30-09-2016 വരെ റിവർ മാനേജ്മെന്റ് ഫണ്ടായി കണ്ണൂർ ജില്ലയ്ക്ക് എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ; ഈ ഫണ്ടുപയോഗിച്ച് കല്ല്യാശ്ശേരി മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികൾ ഏതൊക്കെ യാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജില്ലകളിൽ ഫണ്ട് കൈകാര്യം ചെയ്യുന്നത് ജില്ലാ കളക്ടർമാരാണ്.

(ബി) കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങൾ 2002 പ്രകാരം റിവർ മാനേജ്മെന്റ് ഫണ്ടിൽ താഴെപ്പറയുന്ന ചെലവുകൾ/ പ്രവൃത്തികൾ അനുവദിക്കപ്പെട്ടിരിക്കുന്നു :

1. സർക്കാർ അംഗീകരിച്ച നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടിവരുന്ന തുകകൾ.

2. നിയമം 29 വകുപ്പ് അനുസരിച്ച് കാലാകാലങ്ങളിൽ മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിന് വേണ്ടിവരുന്ന തുക.

3. ജില്ലാ വിദഗ്ധ സമിതിയുടെ യോഗനടപടികൾക്കും അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത നൽകുന്നതിനും വേണ്ടിവരുന്ന തുക.

4. ആഡിറ്റ് ഫീസിനുള്ള തുക.

5. പ്രകൃതിക്ഷോഭം, വരൾച്ച, പേമാരി എന്നിവമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ പുനഃസ്ഥാപിക്കുന്നതിലേയ്ക്കായി സർക്കാർ നടത്തിയതും പൂർത്തീകരിച്ചതുമായ പ്രവൃത്തികൾക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോട് കൂടിയോ പ്രത്യേക നിർദ്ദേശത്തോടെയോ നൽകുന്ന ചെലവുകൾ.

6. മണൽ നീക്കംചെയ്യുന്നത് അനുവദിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ കടവ് നിർത്തൽ ചെയ്യുന്നതിനും സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനും ആവശ്യമായ തുക.

7. മണൽ കൊണ്ടുപോകുമ്പോൾ നൽകേണ്ടതായ പാസ് അച്ചടിക്കുന്നതിനാവശ്യമായ ചെലവുകൾ.

8. ചട്ടം 9-ന്റെ ആവശ്യത്തിലേയ്ക്കായി ജീവനക്കാരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ ഒരു ദിവസം 120 രൂപ വീതം നൽകുന്നതിനുള്ള ചെലവുകൾ.

9. വാഹനങ്ങൾ കടവിൽ പ്രവേശിക്കുന്നത് തടയുന്നതിലേയ്ക്കായി 100 മീറ്റർ ദൂരത്തിൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള തുക.

10. അനധികൃതമായി മണൽനീക്കം ചെയ്യുന്നത് തടയുന്നതിലേയ്ക്കായി പട്രോളിംഗ് നടത്തുന്ന വാഹനങ്ങളുടെ ഇന്ധന ചെലവിനാവശ്യമായ തുക.

11. ഗവൺമെന്റിന്റെ മുൻകൂർ അനുമതിയോടെ അല്ലെങ്കിൽ ഗവൺമെന്റ് നിർദ്ദേശിക്കുന്ന വിധത്തിലോ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ട തുക.

(സി) 30-9-2016 വരെ റിവർ മാനേജ്മെന്റ് ഫണ്ടായി 5,88,33,377 രൂപ ലഭിച്ചിട്ടുണ്ട്.

(ഡി) 2009-10 സാമ്പത്തിക വർഷം മുതൽ 30-9-2016 വരെ 15,65,82,301 രൂപ വിനിയോഗിച്ചിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് കല്യാശ്ശേരി മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

2011-12- 2 പ്രവൃത്തികൾ. ഇതിൽ ആദ്യത്തെ പ്രവൃത്തിക്ക് 10.86 ലക്ഷം രൂപയും രണ്ടാമത്തെ പ്രവൃത്തിക്ക് 10.98 ലക്ഷം രൂപയും വിനിയോഗിച്ചു. പ്രവൃത്തികൾ രണ്ടും പൂർത്തീകരിച്ചിട്ടുണ്ട്.

2014-15- 12.51 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. ഒരു പ്രവൃത്തി പൂർത്തീകരിച്ചു.

2015-16- 4 പ്രവൃത്തികൾ. ഇതിൽ ഒന്നാമത്തെ പ്രവൃത്തിക്ക് 15.25 ലക്ഷവും രണ്ടാമത്തേതിന് 14.08 ലക്ഷവും മൂന്നാമത്തേതിന് 17.08 ലക്ഷവും നാലാമത്തേതിന് 64.33 ലക്ഷം രൂപയും വിനിയോഗിച്ച് എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

2016-17- 15 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി പുരോഗമിച്ചുവരുന്നു.

**റവന്യൂ വകുപ്പിന്റെ ആധുനികവത്ക്കരണം**

155(6009) ശ്രീ. അനിൽ അക്കര :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിനെ ആധുനികവത്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ, വിശദമാക്കുമോ ;

(ബി) ആധുനികവത്ക്കരണം നടപ്പാക്കുമ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് ഭരണതലത്തിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ആധുനികവത്ക്കരണത്തിന് വിവിധ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ, വിവരിക്കുമോ ?

**ഉത്തരം**

(എ) ലാൻഡ് റവന്യൂ വകുപ്പിന്റെ പ്രവർത്തനം ആധുനികവത്കരിച്ച് കൂടുതൽ പൗരോന്മുഖമാക്കുക എന്ന ഉദ്ദേശ്യത്തോടെ വിവിധ ഇ-ഗവേണൻസ് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. ഇ-ഗവേണൻസ് പദ്ധതികളിലൂടെ റവന്യൂ ഭരണം കാലാനുസൃതമാക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നതാണ്.

(ബി) ഭരണത്തിലെ സുതാര്യതയും കാര്യക്ഷമതയും കൂടുതൽ മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് ആധുനികവത്കരണം ആരംഭിച്ചിട്ടുള്ളത്.

(സി) നവീന വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി റവന്യൂ വകുപ്പിനെ ആധുനികവത്കരിച്ച് വകുപ്പിൽനിന്നുമുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ഗുണമേന്മയോടും കൂടി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ താഴെപ്പറയുന്ന വിവിധ ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട് :

- ഇ-ഓഫീസ്
- ഇ-ഡിസ്ട്രിക്റ്റ്
- സംയോജിത ഓൺലൈൻ പോക്കുവരവ്
- ഓൺലൈൻ ടാക്സ് പേമെന്റ്
- ആർ.ആർ. ഓൺലൈൻ.

## റവന്യൂ വകുപ്പുദ്യോഗസ്ഥരിൽ വകുപ്പ് നപടികൾക്ക് വിധേയരായവരും വിജിലൻസ് അന്വേഷണങ്ങളിൽ കണ്ടെത്തിയവരും

156(6010) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൂലി, സ്വജനപക്ഷപാതം, കൃത്യനിർവ്വഹണത്തിൽ വീഴ്ച എന്നിവ കാരണം റവന്യൂ വകുപ്പുദ്യോഗസ്ഥരിൽ വകുപ്പുനടപടികൾക്ക് വിധേയരായവരും വിജിലൻസ് തുടങ്ങി മറ്റ് അന്വേഷണങ്ങളിൽ കണ്ടെത്തിയവരും എത്ര; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) മുൻ യു.ഡി.എഫ്. സർക്കാർ കാലയളവിൽ ഇത്തരത്തിൽ കുറ്റകൃത്യങ്ങൾക്ക് കണ്ടെത്തിയവർ എത്ര; എത്ര പേർക്ക് ശിക്ഷ ലഭിച്ചു ; എത്ര പേർ വീണ്ടും സർവ്വീസിൽ തിരികെ പ്രവേശിച്ചു, അവർ ആരെല്ലാം ; മുൻസർക്കാർ ഇവരുടെ പേരിൽ എന്തു നടപടികൾ സ്വീകരിച്ചു, ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ കാലയളവിൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് റവന്യൂ വിജിലൻസിന് ജില്ലാടിസ്ഥാനത്തിൽ എത്ര പരാതികൾ ലഭിച്ചു ; എന്തു നടപടി നാളിതുവരെ സ്വീകരിച്ചു ; എത്ര പരാതികളിന്മേൽ തീർപ്പുകല്പിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) റവന്യു വകുപ്പിലെ ഉദ്യോഗസ്ഥർ കാണിക്കുന്ന സ്വജനപക്ഷപാതം, കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തൽ, കൈക്കൂലി വാങ്ങൽ തുടങ്ങിയ നിയമവിരുദ്ധ പ്രവൃത്തികൾ തടയാൻ ഈ സർക്കാർ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ കുറ്റങ്ങൾക്ക് വകുപ്പുതല നടപടികൾ നേരിടുന്നവരുടെ ലഭ്യമായ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ വിവിധ കുറ്റങ്ങൾക്ക് കണ്ടെത്തിയവരുടെ എണ്ണം സംബന്ധിച്ച് അനുബന്ധം II ആയി ചേർക്കുന്നു*. ആരെല്ലാമാണെന്നുള്ള വിവരങ്ങളും നടപടി സംബന്ധിച്ച വിശദാംശങ്ങളും ശേഖരിച്ചുവരുന്നു.

(സി) ഇതുസംബന്ധിച്ച് റവന്യൂ വിജിലൻസിന് പരാതികൾ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പൊതുജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനും റവന്യൂവകുപ്പിലെ ഉദ്യോഗസ്ഥർ കാണിക്കുന്ന സ്വജനപക്ഷപാതം, കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തൽ, കൈക്കൂലി വാങ്ങൽ തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തികൾ തടയുന്നതിനും വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ 17-8-2016-ലെ 28287/ഡി3/2016/റവന്യൂ. സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിൽ സംസ്ഥാനത്ത് തിരുവനന്തപുരം ആസ്ഥാനമാക്കി ദക്ഷിണമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും എറണാകുളം ആസ്ഥാനമാക്കി മദ്ധ്യമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും കോഴിക്കോട് ആസ്ഥാനമാക്കി ഉത്തരമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും പ്രവർത്തിച്ചു വരുന്നു. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റിലെയും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ 'ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് ' എന്ന് നാമകരണം ചെയ്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ വകുപ്പ് മേധാവിയായ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ഇൻസ്പെക്ഷൻ ആൻഡ് ആഡിറ്റ് വിഭാഗം സബ് ഓഫീസുകളിലെ റിക്കോർഡുകൾ, രജിസ്റ്ററുകൾ, അക്കൗണ്ടുകൾ എന്നിവ പരിശോധിച്ചുവരുന്നുണ്ട്. ഇതിനും പുറമെ സർക്കാർ തലത്തിലും മിന്നൽ പരിശോധനകൾ നടത്തിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിലെ പ്രകൃതിക്ഷോഭം**

157(6011) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ മണ്ഡലത്തിലെ മണലൂർ ഒഴികെയുള്ള വില്ലേജുകളുടെ പരിധിയിൽ കഴിഞ്ഞ ഒരു വർഷക്കാലയളവിനുള്ളിൽ പ്രകൃതിക്ഷോഭം, കാലവർഷക്കെടുതി എന്നിവമൂലം ഭാഗികമായും പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ടവരുടെ വിശദാംശം ശേഖരിച്ചിട്ടുണ്ടോ; എത്ര പേർക്കാണ് വീടുകൾ നഷ്ടമായതെന്ന് അറിയിക്കാമോ ;

(ബി) ആകെ എത്ര രൂപയുടെ നാശനഷ്ടം സംഭവിച്ചു എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) നഷ്ടപരിഹാരത്തുക വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് നൽകിയത്; കുടിശ്ശികയുണ്ടെങ്കിൽ അത് കൊടുത്തുതീർക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

ഉത്തരം

(എ-സി) മണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

**വാർഷിക ആഡംബര നികുതി**

158(6012) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവായിരമോ, അതിൽ കൂടുതലോ ചതുരശ്ര അടി വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് നിലവിൽ വാർഷിക ആഡംബര നികുതിയായി ഈടാക്കുന്നത് 4000 രൂപയാണെന്നും ഗൃഹവിസ്തീർണ്ണം വർദ്ധിക്കുന്നതനുസരിച്ച് നികുതി വർദ്ധിക്കുന്നില്ലെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിട നികുതിക്ക് സമാനമായി ആഡംബര വാസഗൃഹങ്ങൾക്ക് സ്ലാബ് സിസ്റ്റം കൊണ്ടുവരുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആഡംബര വാസഗൃഹങ്ങൾക്ക് അവയുടെ വിസ്തൃതിയെ അടിസ്ഥാനപ്പെടുത്തി ആഡംബര നികുതി ഈടാക്കുന്നതിന് സ്ലാബ് സമ്പ്രദായം നടപ്പിലാക്കാനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

**ആസന്നമായ കടുത്ത വരൾച്ച**

159(6013) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുവർഷം മഴക്കുറവുമൂലം ഭൂഗർഭജലലഭ്യത കുറയാനും, ജലസംഭരണി കളിലെ ജലനിരപ്പ് കുറയാനും കൃഷിനാശം സംഭവിക്കാനുമുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സർക്കാർ കാലയളവിൽ വിവിധ ജില്ലകളിലെ ഓരോ മാസവുമുള്ള മഴക്കുറവ്, ഭൂഗർഭജലക്കുറവ് എന്നിവ സംബന്ധിച്ച് അന്തരീക്ഷ വിജ്ഞാപനകേന്ദ്രത്തിന്റേയും റവന്യൂവകുപ്പിന്റേയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) മഴക്കുറവുമൂലം (കാലാവസ്ഥ വ്യതിയാനമുൾപ്പെടെ) ഉണ്ടാകുന്ന കൃഷിനാശം, കുടിവെള്ളക്ഷാമം, കടുത്ത വരൾച്ച എന്നിവ മുൻകൂട്ടി കണ്ട് ഇതുസംബന്ധിച്ച ഒരു സമഗ്ര പഠനം നടത്തുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) 50 ശതമാനത്തിലധികം മഴക്കുറവുള്ള ജില്ലകളുണ്ടെങ്കിൽ പ്രസ്തുത ജില്ലകളെ വരൾച്ചാ ബാധിത ജില്ലയായി പ്രഖ്യാപിച്ച് വേണ്ട സഹായങ്ങളും, കുളങ്ങൾ/ തോടുകൾ തുടങ്ങി മറ്റുജലസ്രോതസ്സുകളെയും സംരക്ഷിക്കാൻ എല്ലാ വകുപ്പുകളേയും സംയോജിപ്പിച്ചുകൊണ്ട് റവന്യൂ വകുപ്പ് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മഴയുടെ അളവുകൾ ആധികാരികമായി നിരീക്ഷിക്കുന്നത് കേന്ദ്ര കാലാവസ്ഥാ വകുപ്പാണ്. റവന്യൂ വകുപ്പ് പ്രത്യേകമായി മഴ നിരീക്ഷിക്കുന്നില്ല. ഭൂജല വകുപ്പിൽനിന്നുമാണ് ഭൂജലത്തിന്റെ അളവുകൾ ലഭിക്കുന്നത്. ഭൂജല വകുപ്പ് എല്ലാ ജില്ലകളിലും നിരീക്ഷണ കിണറുകളിൽനിന്ന് എടുക്കുന്ന അളവുകൾ ഉപയോഗിച്ച് ജില്ലാ തലത്തിൽ സംഗ്രഹിച്ച വിവരമാണ് നൽകിയിട്ടുള്ളത്. ഇത് ഒരു സൂചികയായി മാത്രം ഉപയോഗിക്കാൻ ഉതകുന്നതാണ്. വരൾച്ച അപഗ്രഥന ത്തിനായി ഓരോ നിരീക്ഷണ കിണറുകളിലെയും അളവുകൾ പ്രത്യേകമായി ആണ് ഉപയോഗിക്കുന്നത്. ലഭ്യമായ വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) മഴക്കുറവ് എന്നത് കാലാവസ്ഥയുടെ സ്വാഭാവികമായ ചാക്രിക ക്രമത്തിന്റെ ഭാഗമാണ്. എന്നാൽ വരൾച്ചാ തീവ്രത വർദ്ധിക്കുന്നതിൽ കാലാവസ്ഥാ വ്യതിയാനത്തിനും മാനുഷിക ഇടപെടലിനും പങ്കുണ്ടാകാം എന്ന ശാസ്ത്രീയ നിഗമനങ്ങൾ നിലവിൽ ഉണ്ട്. കേരളത്തിലെ കാലാവസ്ഥാ വ്യതിയാനവും അനുബന്ധ പ്രശ്നങ്ങളും അതിജീവന മാർഗ്ഗങ്ങളും സംബന്ധിച്ച് സമഗ്ര പഠനം നടത്താൻ കോട്ടയം ആസ്ഥാനമായി കാലാവസ്ഥാ പഠന കേന്ദ്രം, പരിസ്ഥിതി വകുപ്പിന് കീഴിൽ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) 28-10-2016-ൽ ചേർന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം സംസ്ഥാനത്തെ എല്ലാ ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കാൻ തീരുമാനിച്ചിരുന്നതും അതുപ്രകാരം കേരളത്തിലെ 14 ജില്ലകളെയും വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. വരൾച്ച പ്രതികരണ-പ്രതിരോധ പ്രവർത്തനങ്ങൾക്കായി 26-ഇന നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം വിവിധ വകുപ്പുകൾ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നിർവ്വഹിക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ജല ഉപയോഗം, ജല മലിനീകരണം തടയൽ, ജല പുനർവിനിയോഗം എന്നിവയെക്കുറിച്ചും ജലം ഉപയോഗിക്കുന്നതിനുള്ള മുൻഗണനാക്രമം, ജല സംരക്ഷണത്തിന്റെ ആവശ്യകത എന്നിവ സംബന്ധിച്ചും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ വിവിധ വകുപ്പുകൾക്കും ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. ഇതിനായി പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ശുദ്ധ ജല കിയോസ്കുകൾ സ്ഥാപിക്കൽ, വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളായ ചെക്ക് ഡാമുകൾ നിർമ്മിക്കൽ, കനാലുകൾ വൃത്തിയാക്കൽ, കുളങ്ങൾ തുടങ്ങിയ സ്ഥിരം ശുദ്ധജല സ്രോതസ്സുകൾ വൃത്തിയാക്കി സൂക്ഷിക്കൽ എന്നിവയ്ക്ക് സ്വീകരിക്കേണ്ട നടപടികൾ, സൂര്യാഘാതം, താപാഘാതം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികൾക്കുള്ള ബോധവൽക്കരണം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് വിവിധ വകുപ്പുകൾക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുകയും വരൾച്ചാ പ്രതിരോധ-പ്രതികരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## വില്ലേജ് ആഫീസുകളിലെ സ്റ്റാഫ് പാറ്റേൺ

160(6014) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ആഫീസുകളിൽ 1972-ലെ സ്റ്റാഫ് പാറ്റേണാണ് നിലനിൽക്കുന്നത് എന്നുള്ളതും ആയത് അപര്യാപ്തവുമാണെന്നതും കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഭൂമി സംബന്ധമായി തർക്കങ്ങളിൽ വില്ലേജ് ആഫീസർക്ക് തീരുമാന മെടുക്കാനുള്ള അധികാരമുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയാണ് പ്രസ്തുത അധികാര ങ്ങളെന്ന് അറിയിക്കുമോ ;

(സി) വില്ലേജ് അതിർത്തികൾ ശാസ്ത്രീയമായി പുനഃസംഘടിപ്പിച്ച് സുതാര്യവും സുവ്യക്തവും പൂർണ്ണവുമായ ഭൂരേഖകൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് തത്കാലം നിർത്തിവച്ചിട്ടുള്ളതും റവന്യൂ വകുപ്പിൽ ഒരു Manpower Assessment നടത്തി പുനർവിന്യാസ സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ബി) സർക്കാർ വക ഭൂമികളിൽ അനധികൃത കയ്യേറ്റം ഉണ്ടാകാതെ സൂക്ഷിക്കുകയും കയ്യേറ്റമുണ്ടായാൽ വിവരം യഥാസമയം തഹസിൽദാർക്ക് റിപ്പോർട്ട് ചെയ്ത് ടിയാന്റെ നിർദ്ദേശാനുസരണം കയ്യേറ്റക്കാർക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുകയും സ്ഥാവര വസ്തുക്കളെ സംബന്ധിച്ചുള്ള കേസ്സുകളിൽ സിവിൽ കോടതിയിൽനിന്നും നിയമിക്കുന്ന കമ്മീഷന് തഹസീൽദാരുടെ നിർദ്ദേശാനുസരണം വേണ്ട സഹായങ്ങൾ ചെയ്യുകയും ചെയ്യുന്നുണ്ട്. വില്ലേജ് ഓഫീസറെ റിസീവറായി കോടതി നിയമിക്കുന്ന കേസ്സുകളിൽ ടി സ്ഥലം കോടതിക്കുവേണ്ടി സംരക്ഷിക്കുന്നു.

(സി) വില്ലേജുകൾ രൂപീകരിച്ച സമയത്ത് എല്ലാ വില്ലേജുകൾക്കും അതിർത്തികൾ ക്രമീകരിച്ചിട്ടുണ്ട്. വില്ലേജുകളുടെ അതിർത്തികൾ പുനഃസംഘടിപ്പി ക്കുന്നത് സംബന്ധിച്ച് ജനപ്രതിനിധികൾ നൽകുന്ന അപേക്ഷകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

## ഗ്രൂപ്പ് വില്ലേജുകൾ

161(6015) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രൂപ്പ് വില്ലേജുകൾ സിംഗിൾ വില്ലേജുകളായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) വില്ലേജുകളിലെ ജോലിഭാരം കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(ബി) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലെ ബുദ്ധിമുട്ടുമൂലം റവന്യൂ വകുപ്പിൽ ഒരു Manpower Assessment നടത്തി പുനർവിന്യാസ സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഗ്രൂപ്പ് വില്ലേജുകൾ

162(6016) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര ഗ്രൂപ്പ് വില്ലേജുകൾ പ്രവൃത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഗ്രൂപ്പ് വില്ലേജുകൾ റവന്യൂ മേഖലയിലെ സുഗമമായ പ്രവർത്തനത്തിന് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഗ്രൂപ്പ് വില്ലേജുകളുടെ പ്രവർത്തനം നിർത്തലാക്കി പുതിയ വില്ലേജുകൾ എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ 29 ഗ്രൂപ്പ് വില്ലേജുകളുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

## കണ്ണമാലി കേന്ദ്രീകരിച്ച് പുതിയ വില്ലേജ് ഓഫീസ്

163(6017) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

23 വാർഡുകൾ അടങ്ങിയതും വലിയ ജനസംഖ്യയുള്ളതുമായ ചെല്ലാനം പഞ്ചായത്ത് നിലവിൽ ചെല്ലാനം, കുമ്പളങ്ങി, പള്ളുരുത്തി വില്ലേജുകൾക്ക് കീഴിൽ പ്രവർത്തിക്കുന്നതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് കണ്ണമാലി കേന്ദ്രീകരിച്ച് പുതിയ വില്ലേജ് ഓഫീസ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## ചിറ്റൂർ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം

164(6018) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റൂർ നിയോജക മണ്ഡലത്തിലെ എല്ലാ വില്ലേജ് ഓഫീസുകളും നവീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് നൽകുന്ന എല്ലാ സർട്ടിഫിക്കറ്റുകളും പോക്കുവരവ്, ഭൂനികുതി അടയ്ക്കൽ എന്നിവയും കംപ്യൂട്ടർ അധിഷ്ഠിതമാക്കുന്നതിന് എന്തെങ്കിലും ആലോചനയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഓഫീസുകളിലുള്ള ജീവനക്കാർക്ക് ഇതിനുവേണ്ട പരിശീലനം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ശോചനീയാവസ്ഥയിലുള്ള എല്ലാ വില്ലേജാഫീസുകളുടെയും നവീകരണം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. റവന്യൂ വകുപ്പിൽനിന്നും നൽകുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ നിലവിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ഓൺലൈൻ ആയി നൽകിവരുന്നുണ്ട്. ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി വില്ലേജുകളിലെ ഭൂസംബന്ധമായ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ചിറ്റൂർ താലൂക്കിലെ 3 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകൾ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ എല്ലാ വില്ലേജിലേയും ബന്ധപ്പെട്ട ജീവനക്കാർക്കും ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയ വില്ലേജുകളിലെ ജീവനക്കാർക്ക് ടി സംവിധാനത്തിലും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. സ്ഥലം മാറിയെത്തുന്ന ജീവനക്കാർക്ക് ആവശ്യകതയുടെ അടിസ്ഥാനത്തിൽ പരിശീലനം നൽകിവരുന്നുണ്ട്.

**കഴക്കൂട്ടം-കാരോട് ബൈപ്പാസ് സ്ഥലം**

165(6019) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം-കാരോട് ബൈപ്പാസ് സ്ഥലം ഏറ്റെടുക്കലിന് കോട്ടുകാൽ, കാഞ്ഞിരംകുളം വില്ലേജുകളിലെ എ ക്ലാസ് കാറ്റഗറിയിൽപ്പെട്ട ഭൂമിക്ക് ഡി.എൽ.പി.സി. സെന്റൊന്നിന് നിശ്ചയിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ടി തുകയിൽനിന്നും വ്യത്യാസം വരുത്തിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) ഇതേ വില്ലേജുകളിൽപ്പെട്ട ഭൂമി വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുത്തപ്പോൾ സെന്റൊന്നിന് 7.25 ലക്ഷം രൂപയാണ് അനുവദിച്ചതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുകയിൽ വ്യത്യാസം വരുത്തിയത് സംബന്ധിച്ച് ഏതെങ്കിലും കേസ് കോടതിയിൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) പാവപ്പെട്ട കർഷകരുടെ ഭൂമിക്ക് ന്യായമായി കിട്ടേണ്ട വില നൽകാൻ മുൻകൈ എടുക്കുമോയെന്ന് വ്യക്തമാക്കാമോ ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 5,25,000 രൂപ

(ബി) ഉണ്ട്. ഡി.എൽ.പി.സി. നിശ്ചയിച്ച തുക സ്റ്റേറ്റ് ലെവൽ പർച്ചേസ് കമ്മിറ്റി റദ്ദാക്കിയതിനെ തുടർന്നാണ് എൽ.എ. (എൻ.എച്ച്.) സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ ആന്റ് കോംപീറ്റന്റ് അതോറിറ്റിയുടെ നടപടിക്രമം പ്രകാരം തുകയിൽ വ്യത്യാസം വരുത്തിയിട്ടുള്ളത്. അതിൻപ്രകാരം എ ക്ലാസ് കാറ്റഗറിയിൽപ്പെട്ട ഭൂമിക്ക് സെന്റൊന്നിന് 3,24,669 രൂപ വില നിശ്ചയിക്കുകയുണ്ടായി.

(സി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുത്തപ്പോൾ സെന്റൊന്നിന് 7.15 ലക്ഷം രൂപയാണ് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകരിച്ച തുക. തുകയിൽ വ്യത്യാസം വരുത്തിയത് സംബന്ധിച്ച് നിലവിൽ കേസ് ഉള്ളതായി കാണുന്നില്ല.

(ഡി) നിലവിലെ നിയമപ്രകാരം ഭൂഉടമയ്ക്ക് ഭൂമിയുടെ ന്യായമായ കമ്പോളവില നഷ്ടപരിഹാരമായി ലഭിക്കുന്നുണ്ട്.

## കാസർഗോഡ് ജില്ലാ കളക്ടറേറ്റ്

166(6020) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലാ കളക്ടറേറ്റിലെ വിവിധ സെക്ഷനുകളിൽ തീർപ്പാക്കാതെ കിടക്കുന്ന എത്ര ഫയലുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം സെക്ഷനുകളിലാണ് ഈ ഫയലുകൾ ഉള്ളതെന്നും ഏത് വിഷയവുമായി ബന്ധപ്പെട്ടാണ് ഈ ഫയലുകൾ ഉള്ളതെന്നും എത്ര കാലമായി ഈ ഫയലുകൾ തീർപ്പാകാതെ കിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ഫയലുകൾ തീർപ്പാകാതെ കിടക്കുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ ; കാലവിളംബത്തിന്റെ കാരണം ബന്ധപ്പെട്ട അപേക്ഷകരെ അറിയിച്ചിട്ടുണ്ടോ ;

(ഡി) തീർപ്പാകാതെ കിടക്കുന്ന ഫയലുകളിൽ തീരുമാനം സാധ്യമാണെങ്കിൽ നടപടികൾ ത്വരിതപ്പെടുത്തുമോ ;

(ഇ) തീരുമാനം സാധ്യമല്ലാത്ത ഫയലുകളിൽ നടപടികൾ അവസാനിപ്പിക്കാൻ നിർദ്ദേശം നൽകുമോ;

(എഫ്) തീരുമാനം എടുക്കാതെ ഫയലുകൾ താമസിപ്പിച്ചതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സേവനവകാശ നിയമമനുസരിച്ച് നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലാ കളക്ടറേറ്റിലെ വിവിധ സെക്ഷനുകളിലായി 39515 ഫയലുകൾ നിലവിലുണ്ട്.

(ബി) എ മുതൽ വൈ വെയുള്ള 17 സെക്ഷനുകളിലാണ് ഇത്തരം ഫയലുകൾ നിലവിലുള്ളത്. 2007 മുതൽ 2015 വരെയുള്ള കാലയളവിൽ റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട 6434 ഫയലുകളും ഭൂമിയുമായി ബന്ധപ്പെട്ട 862 ഫയലുകളും ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട 432 ഫയലുകളും കോടതി കേസ്സുകളുമായി ബന്ധപ്പെട്ട 1265 ഫയലുകളും മറ്റ് വിഷയങ്ങളുമായി ബന്ധപ്പെട്ട് അതായത്, ധനകാര്യം, റിവർ മാനേജ്മെന്റ്, ഭാഷാന്യൂനപക്ഷം, ഗൺലൈസൻസ്, ജീവനക്കാര്യം, ഇൻസ്പെക്ഷൻ, ഡിസാസ്റ്റർ മാനേജ്മെന്റ്, വികസന പ്രവർത്തനം തുടങ്ങിയ വിഷയങ്ങളിൽ 9325 ഫയലുകളും പെൻഡിംഗിലാണ്.

(സി) കോടതി കേസ്സുമായി ബന്ധപ്പെട്ടതും സബ് ഓഫീസുകളിൽനിന്നുള്ള റിപ്പോർട്ടിനായി കാത്തിരിക്കുന്നതും ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ടതും അവയിൽത്തന്നെ കോടതി കേസ്സുകൾ നിലനിൽക്കുന്നതും റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ടവയുമായ ഫയലുകളാണ് തീർപ്പാക്കാനുള്ള കാലവിളംബത്തിന് കാരണമാകുന്നത്. കാലവിളംബത്തിന്റെ കാരണം ചില ഫയലുകളിൽ ബന്ധപ്പെട്ട അപേക്ഷകരെ അറിയിക്കാറുണ്ട്.

(ഡി) തീർപ്പാകാതെ കിടക്കുന്ന ഫയലുകളിൽ ഫയൽ വർക്ക് ഷോപ്പ് നടത്തി പരമാവധി ഫയലുകൾ തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) അത്തരം ഫയലുകളിൽ കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർക്ക് തന്നെ അനുയോജ്യമായ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

(എഫ്) സേവനാവകാശത്തിന്റെ പരിധിയിൽവരുന്ന സേവനങ്ങൾ വൈകിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

**സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾ**

167(6021) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര വില്ലേജ് ഓഫീസുകൾ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ശ്രീകൃഷ്ണപുരം II വില്ലേജ് ഓഫീസിന് സ്വന്തമായി കെട്ടിടമില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ ;

(സി) ശ്രീകൃഷ്ണപുരം II വില്ലേജ് കെട്ടിടം നിർമ്മിക്കുന്നതിനായി സ്വകാര്യ വ്യക്തി സൗജന്യമായി സ്ഥലം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലത്ത് അടിയന്തരമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) പൂക്കോട്ടുകാവ് വില്ലേജിന്റെ ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ ; അത് പരിഹരിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) രണ്ട് വില്ലേജാഫീസുകൾ. ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ ശ്രീകൃഷ്ണപുരം II, അനങ്ങനടി എന്നീ വില്ലേജ് ഓഫീസുകൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തത്.

(ബി) ഉണ്ട്.

(സി) ശ്രീകൃഷ്ണപുരം II വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി എ.പി.രതകുമാർ, S/o കൃഷ്ണനുണ്ണി, മുത്താൻ ആരപ്പത്തു പൊട്ടിലങ്ങാട്ടിൽ വീട്, പുഞ്ചപ്പാടം പി.ഒ., ശ്രീകൃഷ്ണപുരം എന്നയാൾ ടി വില്ലേജ് ബ്ലോക്ക് 66-ൽ റീ-സർവ്വെ 201/6-ൽ 0.0243 ആർ. സ്ഥലം വിട്ടുനൽകുന്നതിന് സമ്മതിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥലം റവന്യൂ വകുപ്പിന് കൈമാറിയിട്ടില്ല.

(ഡി) ഉണ്ട്. പൂക്കോട്ടുകാവ് വില്ലേജ് ഓഫീസ് ഉൾപ്പെടെ സംസ്ഥാനത്തെ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

**റീ-സർവ്വേ നടപടികൾ**

168(6022) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീ-സർവ്വേ നടപടികൾ എന്നുമുതലാണ് തുടങ്ങിയതെന്നും എന്നാണ് പ്രവർത്തനം നിർത്തിവച്ചതെന്നും ആയതിന്റെ കാരണമെന്താണെന്നും എത്ര ശതമാനം മേഖലകളിൽ പ്രവർത്തനം കാര്യക്ഷമമായി നടന്നുവെന്നും പ്രവർത്തന ത്തിൽ സംഭവിച്ച വീഴ്ചകൾ എന്തെല്ലാമെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളിലെ വീഴ്ചകൾ കണ്ടെത്താനും റീ-സർവ്വേ നടപടികൾ കൃത്യനിഷ്ഠയോടെ പൂർത്തീകരിച്ച് പരാതികൾ ഉണ്ടെങ്കിൽ ആയതിന് പരിഹാരം കണ്ടെത്താനും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സമയ ബന്ധിതമായി പ്രവർത്തനം നടത്താനും എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് സമയ ബന്ധിതമായി പ്രവർത്തനം നടത്താൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം എന്നും നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും എപ്പോൾ പൂർത്തീകരി ക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്നും വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) 6/10/1965-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 781/65/ആർഡി പ്രകാരം സംസ്ഥാനത്ത് റീ-സർവ്വെ നടപടികൾ ആരംഭിച്ചു. 3-10-2012-ലെ സർക്കാർ ഉത്തരവ് (എംഎസ്.)409/12/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീ-സർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്കുമാത്രം സ്വകാര്യഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. റീ-സർവ്വെ പൂർത്തിയാക്കിയ വില്ലേജുകളിൽ പരാതികൾ വർദ്ധിച്ചുവന്ന സാഹചര്യത്തിലാണ് റീ-സർവ്വേ ടി ഉത്തരവ് പ്രകാരം നിജപ്പെടുത്തിയത്.

സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജിൽ 881 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. 8 വില്ലേജുകളിൽ സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനവും 53 വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് 1966 മുതൽ റീ-സർവ്വെ പ്രവർത്തനം ആരംഭിക്കുകയും 1988 കാലഘട്ടത്തിനുള്ളിൽ 500-ൽപ്പരം വില്ലേജുകളുടെ റീ-സർവ്വേ നടപടികൾ അവസാനഘട്ടത്തിൽ എത്തിക്കുകയും 12-12-1979-ലെ ജി.ഒ.(എം.എസ്.)നമ്പർ 1372/79/ആർ.ഡി. പ്രകാരം പി.എൽ.ആർ. ഓഫീസുകൾ ആരംഭിച്ചതിനെ തുടർന്ന് റവന്യൂ ഭരണത്തിന് കൈമാറാൻ തക്കവിധം റിക്കാർഡുകൾ തയ്യാറാക്കുകയും ചെയ്തു. എന്നാൽ റീ-സർവ്വേ പ്രവർത്തനങ്ങൾക്ക് നിയോഗിച്ചിരുന്ന ജീവനക്കാരെ സർക്കാരിന്റെ നയപരമായ മറ്റ് സർവ്വെ ജോലികൾക്കായി വിവിധ സമയങ്ങളിൽ നിയോഗിക്കേണ്ടി വന്നതിനാൽ സമയബന്ധിതമായി റീ-സർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാൻ കഴിയാതെ വന്നു. തുടർന്ന് 1988 കാലഘട്ടത്തിൽ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കിയിരുന്ന അഞ്ഞൂറോളം വില്ലേജുകളുടെ റീ-സർവ്വേ റിക്കാർഡുകൾ 1994 കാലയളവിൽ റവന്യൂ ഭരണത്തിന് കൈമാറിയെങ്കിലും 1988 മുതൽ 1994 വരെയുള്ള കാലയളവിനുള്ളിൽ ഭൂമിയുടെ ക്രയവിക്രയങ്ങൾക്കനുസൃതമായി ഉടമസ്ഥാവകാശങ്ങളിലുണ്ടായ മാറ്റങ്ങൾ റീ-സർവ്വേ റിക്കാർഡുകളിൽ ഉൾപ്പെടുത്താൻ കഴിയാതെ വന്നു.

(ബി) സർക്കാർ ഭൂമി സംരക്ഷിച്ചുകൊണ്ട് പട്ടാദാരുടെ കൈവശമുള്ള യഥാർത്ഥ രേഖകൾ പരിശോധിച്ച് കൃത്യതയോടെയാണ് റീ-സർവ്വേ ചെയ്ത് റിക്കാർഡുകൾ തയ്യാറാക്കുന്നത്. ഇപ്രകാരം തയ്യാറാക്കുന്ന റിക്കാർഡുകൾ സർവ്വേ അതിരടയാള നിയമം സെക്ഷൻ 9(2) അനുസരിച്ചുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി പൊതുജനങ്ങൾക്ക് രേഖകൾ പരിശോധിക്കുന്നതിന് അവസരം നൽകി, തുടർന്ന് ലഭിക്കുന്ന പരാതികളിന്മേലും നടപടി സ്വീകരിച്ചശേഷമാണ് റീ-സർവ്വേ റിക്കാർഡുകൾ അന്തിമമാക്കുന്നതും റവന്യൂ ഭരണത്തിന് കൈമാറുന്നതും.

സംസ്ഥാനത്ത് സർവ്വെയും ഭൂരേഖയും വകുപ്പിന് കീഴിൽ നടന്നുവരുന്ന സർവ്വെ പ്രവർത്തനങ്ങൾ ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്., ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ, കമ്പ്യൂട്ടർ എന്നിവയുടെ സഹായത്തിലാണ് നടന്നുവരുന്നത്. ഇത് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക വിദ്യ മാത്രമാണ് ഉപയോഗിച്ചുവരുന്നത്. സർവ്വേയുടെ തത്വങ്ങളിലും നിയമങ്ങളിലും യാതൊരു മാറ്റവും കൂടാതെയുള്ള സർവ്വേ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. റീ-സർവ്വേ പുനരാരംഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി റീ-സർവ്വേ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്., ഇ.റ്റി.എസ്. എന്നിവ ഉപയോഗിച്ച് സർവ്വേ ചെയ്ത്, കമ്പ്യൂട്ടറുകളുടെ സഹായത്താൽ റീ-സർവ്വേ റിക്കാർഡുകൾ തയ്യാറാക്കുന്നതിനായി സർവ്വേ ജീവനക്കാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി നൂറ്റി അമ്പതോളം വില്ലേജുകളുടെ റീ-സർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാൻ സാധിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (എം.എസ്.)409/12/റവന്യൂ തീയതി 31-10-2012 പ്രകാരം സംസ്ഥാനത്തെ റീ-സർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്കുമാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. റീ-സർവ്വേ പുനരാരംഭിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

**സേവനങ്ങൾ ഓൺലൈൻ ആക്കാൻ പദ്ധതി**

169(6023) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭൂനികുതി സ്വീകരിക്കൽ ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കാൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

ഉണ്ട്. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിലെ ഭൂസംബന്ധമായ രേഖകൾ ഡിജിറ്റൈസ് ചെയ്തുകൊണ്ട് നടപ്പിലാക്കുന്ന സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽനിന്നും സർക്കാരിലേയ്ക്ക് പിരിഞ്ഞുകിട്ടേണ്ട ഭൂനികുതി ഒരു വ്യക്തിക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ/മൊബൈൽ ഫോണിന്റെ സഹായത്താൽ വീട്ടിലിരുന്ന് തന്നെ ഒടുക്കാൻ കഴിയുന്നതാണ്. ഈ പദ്ധതി പ്രാരംഭഘട്ടത്തിലാണ്.

G.O(MS) No.117/2016/RD തീയതി 16-2-2016 പ്രകാരം ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന എല്ലാ വില്ലേജുകളിലും ഓൺലൈൻ ടാക്സ് പേമെന്റ് സിസ്റ്റം മുഖേന ഭൂനികുതി സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

**ഇടയ്ക്കോട് വില്ലേജിൽ രാമചന്ദ്രൻ നായരുടെ പേരിലുള്ള സ്ഥലം**

170(6024) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് താലൂക്കിൽ ഇടയ്ക്കോട് വില്ലേജിൽ ഇടയ്ക്കോട് ദേശത്ത് കണിയാൻകോണത്തു പുത്തൻ വീട്ടിൽ നാണുപിള്ള മകൻ രാമചന്ദ്രൻ നായർ (ഊരുപൊയ്ക പി.ഒ., കിഴവിലം വഴി, ആറ്റിങ്ങൽ) എന്നയാളിന്

ഇടയ്ക്കോട് വില്ലേജിൽ ഏതൊക്കെ സർവ്വേ നമ്പരിലായി ഏത്ര സെന്റ്/ഏക്കർ/ ഹെക്ടർ സ്ഥലം നിലമുൾപ്പെടെ കരം തീരുവയുണ്ടെന്ന് സർവ്വെ നമ്പർ തിരിച്ചുള്ള വിവരവും, അവയുടെ തണ്ടപേരും സഹിതം വ്യക്തമാക്കുമോ ;

(ബി) 2009-നുശേഷം ഇദ്ദേഹത്തിന്റെ പേരിലുള്ള ഏതെങ്കിലും വസ്തുക്കൾ ആധാരം നടത്തി മറ്റുപേരുകളിൽ പോക്കുവരവു ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രീ. രാമചന്ദ്രൻ നായർക്ക് ഇടയ്ക്കോട് വില്ലേജിൽ റീസർവ്വേ നമ്പർ 253/13, തണ്ടപ്പേർ നമ്പർ 3025-ൽ 03.62 ആർ. പുരയിടവും റീസർവ്വേ നമ്പർ 220/12, തണ്ടപ്പേർ നമ്പർ 6772-ൽ 04.25 ആർ. പുരയിടവും ചേർത്ത് ആകെ 07.87 ആർ. ഭൂമി നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ഊരുപൊയ്ക സരസാ ഭവനിൽ രാമചന്ദ്രൻ നായർ മകൻ കൃഷ്ണഭദ്രൻ എന്ന മിഥുൻ ആർ. ചന്ദ്രൻ പേർക്ക് റീ സർവ്വേ നമ്പരുകൾ 253/11, 253/14, 253/28 എന്നിവയിൽ യഥാക്രമം 04.10 ആർ., 03.10 ആർ., 01.40 ആർ. പുരയിടങ്ങളും റീസർവ്വേ നമ്പർ 274/3-ൽ 03.60 ആർ. നിലവും പോക്കുവരവ് ചെയ്തിട്ടുണ്ട്.

**നിലമ്പൂർ ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കൽ**

171(6025) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ H3/6549/2014 ഫയൽ തീർപ്പാക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏത് തീയതിയിൽ തീർപ്പാക്കുമെന്ന് വിശദമാക്കാമോ ;

(ബി) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി നിലമ്പൂർ ബൈപ്പാസിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി 100 (നൂറ്) കോടി രൂപ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ നടപടിക്രമങ്ങൾ വിശദീകരിക്കാമോ ;

(സി) സ്ഥലം വിട്ട് നൽകുന്നവർക്ക് നഷ്ടപരിഹാര തുക നൽകുന്നത് അനന്തമായി നീണ്ടുപോയാൽ നിയമപ്രശ്നങ്ങൾക്ക് വഴിവെയ്ക്കുമെന്നതിനാൽ എത്ര സമയത്തിനുള്ളിൽ ബജറ്റിൽ പ്രഖ്യാപിച്ച നഷ്ടപരിഹാര തുക നൽകാനാവും ; എന്നത്തേയ്ക്ക് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കും ;

(ഡി) നിലമ്പൂർ ബൈപ്പാസിന് സ്ഥലം വിട്ടുനൽകിയവർക്ക് ലഭിക്കുന്ന നഷ്ട പരിഹാര തുകയിൽനിന്നും capital gain tax-ഉം ടി.ഡി.എസ്.-ഉം ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഏറനാട് താലൂക്കിലെ എച്ച് 3-6549/14 നമ്പർ ഫയൽ താലൂക്ക് സർവ്വേ വിഭാഗം പരിശോധിച്ച് 28-10-2016-ന് ബന്ധപ്പെട്ട സെക്ഷനിൽ ലഭിക്കുകയും 31-10-2016-ന് മേൽ പരിശോധനയ്ക്കായി ജില്ലാ സർവ്വേ സൂപ്രണ്ടിന് അയച്ചു കൊടുക്കുകയും ജില്ലാ സർവ്വേ സൂപ്രണ്ട് ഫയൽ തിരികെ ലഭ്യമാക്കി നിയമാനുസൃത നടപടി പൂർത്തിയായശേഷം സമയബന്ധിതമായി തീർപ്പാക്കുന്നതാണ്.

(ബി&സി) 10-9-2013-ലെ സ.ഉ.(സാധാ) നമ്പർ 1216/13/പൊ.മ.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം 14 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾക്കായി 1.20 കോടി രൂപ അധികമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലമ്പൂർ മണ്ഡലത്തിലെ ബൈപ്പാസ് റോഡ് നവീകരണത്തിന് 2016-17 വർഷത്തെ ബഡ്ജറ്റ് സ്പീച്ചിൽ 100 കോടി രൂപയും പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമെടുപ്പ് നടപടിക്ക് വേണ്ടി പുതുക്കിയ ബഡ്ജറ്റിൽ 105 കോടി രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് ടോക്കൺ പ്രൊവിഷനും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിനായി ശേഷിക്കുന്ന ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നു.

(ഡി) പുതിയ ആക്ട് സെക്ഷൻ 96 പ്രകാരം ടാക്സിന് എക്സംപ്ഷൻ അനുവദിച്ചിട്ടുണ്ട്. നിയമപ്രകാരമുള്ള ഇളവുകൾ പരിഗണിക്കുന്നതാണ്.

**വസ്തുക്കരം ഈടാക്കുന്നതിന്റെ നിരക്ക്**

172(6026) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വസ്തുക്കരം അവസാനമായി പരിഷ്കരിച്ചത് എന്നാണ് ; നിലവിലെ വ്യവസ്ഥ പ്രകാരം വസ്തുക്കരം ഈടാക്കുന്നതിന്റെ നിരക്ക് എപ്രകാര മാണ് ; വ്യക്തമാക്കുമോ ;

(ബി) ഭൂമിയുടെ ഇനത്തിന്റെയും ന്യായവിലയുടെയും അടിസ്ഥാനത്തിൽ വസ്തുക്കരം ഈടാക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കൃഷിഭൂമിക്കും പുരയിടത്തിനും ഒരേ നിരക്കിൽ കരം ഈടാക്കുന്നത് ശരിയാണെന്ന് കരുതുന്നുണ്ടോ ;വിശദവിവരം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വസ്തുക്കരം അവസാനമായി പരിഷ്കരിച്ചത് 11-3-2016-ലെ 20053/ലെജി.ബി2/15/നിയമം നമ്പർ വിജ്ഞാപനം പ്രകാരമാണ്. 1961-ലെ കേരള ഭൂനികുതി നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് നിലവിൽ നികുതി ഈടാക്കിവരുന്നത്. പഞ്ചായത്ത് ഏര്യയിൽ എട്ട് ആർ വരെ ആർ ഒന്നിന് ഒരു രൂപയും രണ്ട് ഹെക്ടർ വരെ ആർ ഒന്നിന് രണ്ട് രൂപയും രണ്ട് ഹെക്ടറിന് മുകളിൽ 400 രൂപയും അധികമായി വരുന്ന ഓരോ ആറിനും 5 രൂപയും ഈടാക്കുന്നുണ്ട്. ടൗൺ പഞ്ചായത്ത്, മുൻസിപ്പൽ കൗൺസിൽ ഏര്യയകളിൽ മൂന്ന് ആർ വരെ ആർ ഒന്നിന് രണ്ട് രൂപയും രണ്ട് ഹെക്ടർ വരെ ആർ ഒന്നിന് നാല് രൂപയും രണ്ട് ഹെക്ടറിന് മുകളിൽ 800 രൂപയും അധികമായി വരുന്ന ഓരോ ആറിനും 10 രൂപയും ഈടാക്കുന്നുണ്ട്. മുനിസിപ്പൽ/കോർപ്പറേഷൻ ഏര്യയിൽ രണ്ട് ആർ വരെ ആർ ഒന്നിന് നാല് രൂപയും രണ്ട് ഹെക്ടർ വരെ ആർ ഒന്നിന് എട്ട് രൂപയും രണ്ട് ഹെക്ടറിന് മുകളിൽ 1,600 രൂപയും അധികമായി വരുന്ന ഓരോ ആറിനും 20 രൂപയും ഈടാക്കുന്നുണ്ട്.

(ബി) നിലവിൽ പരിശോധിച്ചിട്ടില്ല. ഈ വിഷയം വിശദമായി പരിശോധിച്ചാൽ മാത്രമേ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

**കാസർഗോഡ് താലൂക്ക് ഓഫീസിലെ തീർപ്പാക്കാനുള്ള ഫയലുകൾ**

173(6027) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് താലൂക്ക് ഓഫീസിലെ വിവിധ സെക്ഷനുകളിൽ തീർപ്പാകാതെ കിടക്കുന്ന എത്ര ഫയലുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫയലുകൾ ഏതെല്ലാം സെക്ഷനുകളിലാണ് ഉള്ളതെന്നും ഏതൊക്കെ വിഷയവുമായി ബന്ധപ്പെട്ടതാണെന്നും എത്ര കാലമായി തീർപ്പാകാതെ കിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ഫയലുകൾ തീർപ്പാകാതെ കിടക്കുന്നതിന്റെ കാരണം എന്താണ് ; കാലവിളംബത്തിന്റെ കാരണം ബന്ധപ്പെട്ട അപേക്ഷകരെ അറിയിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) തീർപ്പാകാതെ കിടക്കുന്ന ഫയലുകളിൽ തീരുമാനം സാധ്യമാണെങ്കിൽ നടപടികൾ ത്വരിതപ്പെടുത്തുമോ ;

(ഇ) തീരുമാനം സാധ്യമല്ലാത്ത ഫയലുകളിൽ നടപടികൾ അവസാനിപ്പിക്കാൻ നിർദ്ദേശം നൽകുമോ ;

(എഫ്) തീരുമാനം എടുക്കാതെ ഫയലുകൾ താമസിപ്പിച്ചതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കെതിരെ സേവനാവകാശ നിയമമനുസരിച്ച് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് താലൂക്ക് ഓഫീസിലെ വിവിധ സെക്ഷനുകളിൽ തീർപ്പാക്കാതെ കിടക്കുന്ന 7138 ഫയലുകളുണ്ട്.

(ബി) എൽ., ഡി., എഫ്., ജി., എച്ച്., ജെ., കെ. എന്നീ സെക്ഷനുകളിലാണ് പ്രസ്തുത ഫയലുകൾ ഉള്ളത്. എൽ.സി., റീ-സർവ്വേ, മിച്ചഭൂമി, ബിൽഡിംഗ് ടാക്സ്, അപ്പീൽ കേസ്സുകൾ, ലാൻഡ് അസൈൻമെന്റ്, അനന്തരാവാകാശ സർട്ടിഫിക്കറ്റ്, ഫോറസ്റ്റ് തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് 2014 മുതൽ 2016 ഒക്ടോബർ 31 വരെയുള്ള ഫയലുകളാണ് തീർപ്പാകാതെ കിടക്കുന്നത്.

(സി) നിയമാനുസൃതമായ നടപടിക്രമം പാലിക്കേണ്ടതുകൊണ്ടാണ് ഫയലുകൾ തീർപ്പാകാതെ കിടക്കുന്നത്. തീർപ്പാക്കുന്ന കാര്യങ്ങൾ അപേക്ഷകരെ അറിയിക്കാറുണ്ട്.

(ഡി) തീർപ്പാകാതെ കിടക്കുന്ന ഫയലുകളിൽ ഫയൽ വർക്ക്ഷോപ്പ് നടത്തി ഫയലുകൾ പരമാവധി തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കാസർഗോഡ് താലൂക്കിൽ തീരുമാനം സാധ്യമല്ലാത്ത ഫയലുകൾ ഇല്ല.

(എഫ്) സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന സേവനങ്ങൾ വൈകിപ്പിക്കുകയാണെങ്കിൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

**തിരുവമ്പാടി മണ്ഡലത്തിലെ ആർ.എം.എഫ്. പ്രവൃത്തികൾ**

174(6028) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് തിരുവമ്പാടി മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ആർ.എം.എഫ്. പ്രകാരം തിരുവമ്പാടി മണ്ഡലത്തിൽ പുതുതായി നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് തിരുവമ്പാടി മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ആർ.എം.എഫ്. പ്രകാരം തിരുവമ്പാടി മണ്ഡലത്തിൽ പുതിയതായി പ്രവൃത്തികളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. എന്നാൽ 20-6-2012-ന് നടന്ന DLPC പ്രകാരം അംഗീകാരം ലഭിച്ചതും എന്നാൽ ഭരണാനുമതി ലഭിക്കാത്തതുമായ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(സി) സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

**സർക്കാർ സ്ഥാപനങ്ങളുടെ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകൾ**

175(6029) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വിവിധ സർക്കാർ സ്ഥാപനങ്ങളുടെ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട എത്ര അപേക്ഷകൾ തീർപ്പ് കല്പിക്കാതെയുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളുടെ അപേക്ഷകളാണ് തീർപ്പ് കല്പിക്കാതെയുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഭൂമി കൈമാറ്റം ചെയ്തു കിട്ടാൻ ഇനിയും എത്ര കാലതാമസം വരുമെന്ന് വ്യക്തമാക്കുമോ; ജില്ലയിൽ തന്നെ പരിഹരിക്കാൻ കഴിയുന്ന എത്ര അപേക്ഷകളാണ് ഇതിലുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ വിവിധ സർക്കാർ സ്ഥാപനങ്ങളുടെ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട 83 അപേക്ഷകൾ തീർപ്പ് കൽപ്പിക്കാതെയുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഭൂമി കൈമാറ്റ ചട്ടങ്ങൾക്ക് വിധേയമായി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

**ദേശീയപാതയുടെ നിർമ്മാണം**

176(6030) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാതയുടെ നിർമ്മാണ ത്തിന് സ്ഥലമേറ്റെടുക്കുന്നത് സംബന്ധിച്ച നടപടിയുടെ വിശദമായ വിവരം ലഭ്യ മാക്കുമോ ;

(ബി) എത്ര ഹെക്ടർ സ്ഥലം ഇതുവരെ ഏറ്റെടുത്തുവെന്നും ഇനി എത്ര ഹെക്ടർ ഏറ്റെടുക്കുവാൻ ഉണ്ട് എന്നും വ്യക്തമാക്കുമോ ;

(സി) അലൈൻമെന്റ് സംബന്ധിച്ച് പഠനം നടത്തുവാൻ ആരെയാണ് ഏല്പിച്ചത് ; ഇപ്പോൾ ആരാണ് അലൈൻമെന്റ് നടത്തുന്നത് ; നാട്ടുകാർ ഇതു സംബന്ധിച്ച് പരാതി നൽകിയിരുന്നുവോ ; പരാതിയിൽ എടുത്ത നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ഡി) ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി റവന്യൂ വകുപ്പിന്റെ ഓഫീസ് സ്ഥാപിച്ചി ട്ടുണ്ടോ ; ഇവിടെ എത്ര ജീവനക്കാർ ഉണ്ട്; അവർക്ക് ശമ്പളയിനത്തിൽ മാസം എത്ര രൂപ ചെലവാകും; വിശദമായ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം

ദേശീയപാത 47-ൽ കഴക്കൂട്ടം മുതൽ കടമ്പാട്ടുകോണം വരെ തിരുവനന്തപുരം, ചിറയിൻകീഴ് താലൂക്കുകളിലെ 13 വില്ലേജുകളിലായി 31 കിലോമീറ്റർ ദൈർഘ്യ ത്തിൽ 461749.06 സ്ക്വയർ മീറ്റർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ ക്കായി കഴക്കൂട്ടത്ത് എൽ.എ. (എൻ.എച്ച്.) സ്പെഷ്യൽ തഹസീൽദാരുടെ കാര്യാലയം യൂണിറ്റ് 1 രൂപീകരിച്ചിട്ടുണ്ട്. ഇതിൽ നിർദ്ദിഷ്ട ആറ്റിങ്ങൽ ബൈപ്പാസിന് വേണ്ടി അലൈൻമെന്റ് പ്രകാരം കല്ലിട്ട് അതിർത്തി നിശ്ചയിച്ചിട്ടുള്ള കിഴുവിലം, മണമ്പൂർ, ആറ്റിങ്ങൽ, കീഴാറ്റിങ്ങൽ എന്നീ 4 വില്ലേജുകളിലായി 10.9 കിലോമീറ്റർ ദൂരവും ഉൾപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കുന്നതിനായി ഭാരത സർക്കാരിന്റെ ഉപരിതല ഗതാഗത- ദേശീയപാത മന്ത്രാലയത്തിന്റെ ആദ്യത്തെ ഗസറ്റ് വിജ്ഞാപനം 16-2-2010-ൽ പ്രസിദ്ധീകരിച്ചു. എന്നാൽ 9-11-2010-ലെ 10215/ഡി3/08/പി.ഡബ്ല്യു.ഡി. നമ്പർ സർക്കാർ കത്തിലെ നിർദ്ദേശ പ്രകാരം എല്ലാ പൊന്നുംവില ഭൂമി ഏറ്റെടുക്കൽ നടപടികളും നിർത്തിവെക്കുന്നതിന് ഉത്തരവാകുകയും അതിൻപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തി വയ്ക്കുകയുമുണ്ടായി. തുടർന്ന് 4-11-2011-ലെ 102/15 ഡി3/08 നമ്പർ സർക്കാർ നിർദ്ദേശ പ്രകാരം സർവ്വേ ജോലികൾ പുനരാരംഭിച്ചുവെങ്കിലും 9-11-2010-ലെ സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് ഒരു വർഷക്കാലം ഫീൽഡ് ജോലികൾ നിർത്തിവയ്ക്കാനിടയായതിനാൽ 3 എ നോട്ടിഫിക്കേഷൻ നിഷ്കർഷിക്കുന്ന കാലയളവിനുള്ളിൽ- ഒരു വർഷം- തുടർ വിജ്ഞാപനത്തിനായുള്ള 3 (ഡി) നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

15-2-2011-ൽ ആദ്യ വിജ്ഞാപനത്തിന്റെ കാലാവധി അവസാനിച്ചതിനെ തുടർന്ന് 27-3-2012-ലെ സ്റ്റാറ്റ്യൂട്ടറി ഓർഡർ 616(ഇ) നമ്പർ ഉത്തരവിൻ പ്രകാരം ഭാരത സർക്കാരിന്റെ ഉപരിതല ഗതാഗത ദേശീയപാതാ മന്ത്രാലയം 29-5-2012-ൽ 27-3-2012 തീയതി പ്രാബല്യത്തിൽ രണ്ടാമത്തെ നിയമാനുസൃത 3 എ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ദേശീയ പാത അതോറിറ്റി ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ രണ്ടാമത്തെ വിജ്ഞാപന പ്രകാരമുള്ള അലൈൻമെന്റിന് അനുസൃതമായി കഴക്കൂട്ടം മുതൽ കടമ്പാട്ടുകോണം വരെ ഭൂമി ഏറ്റെടുക്കാനുള്ള പരപ്പിൽ (Reach) അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന ജോലികൾ 5-3-2013-ൽ പൂർത്തീകരിക്കുകയുണ്ടായി. എന്നാൽ 26-3-2013 ൽ 3 എ വിജ്ഞാപനത്തിന്റെ കാലാവധി അവസാനിച്ചതിനെ തുടർന്ന് ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച യൂണിറ്റ് 1-ൽ തുടർന്നു വന്ന ജോലികൾ പൂർണ്ണമായും മേൽ തീയതി മുതൽ നിലയ്ക്കുകയും തുടർ വിജ്ഞാപനം അസാധ്യമാവുകയുമുണ്ടായി.

<u>കൊല്ലം</u>

കൊല്ലം ജില്ലയിൽ നാഷണൽ ഹൈവേ 47 (പുതിയ 66) ഓച്ചിറ മുതൽ കടമ്പാട്ടുകോണം വരെയുള്ള 56.46 കി.മീ. ദൂരത്തിൽ നാലുവരി പാതയാക്കുന്നതിന് 8-12-2009-ൽ 3 (എ) വിജ്ഞാപനം പുറപ്പെടുവിച്ചു. അലൈൻമെന്റിലെ പ്രശ്നം ഉയർത്തിക്കാട്ടി വിവിധ സംഘടനകളും സ്ഥലവാസികളും പ്രതിഷേധിച്ചതിനാൽ ജോലി തടസ്സപ്പെട്ടു. ആയതിനാൽ 3 ഡി വിജ്ഞാപനം സമയബന്ധിതമായി നടത്തുവാൻ സാധിച്ചിട്ടില്ല. തുടർന്ന് 27-8-2012-ൽ 3(എ) നോട്ടിഫിക്കേഷൻ നടത്തിയെങ്കിലും വീണ്ടും ഇതേ സ്ഥിതി ആവർത്തിച്ചതിനാൽ 3(ഡി) വിജ്ഞാപനം

നടത്താൻ സാധിച്ചിട്ടില്ല. 26-7-2013-ൽ ഡിനോവ ആയതിനാൽ 3(എ) നോട്ടിഫിക്കേഷൻ പുതിയതായി ഇറക്കേണ്ടതുണ്ട്.

17-6-2016-ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ആരാധനാലയ ഭാരവാഹികളുടെ ഒരു യോഗവും 1-9-2016-ൽ എൽ.എ.എൻ.എച്ച്.ഐ.ഐ., പി.ഡബ്ല്യൂ.ഡി., സ്പെഷ്യൽ തഹസീൽദാർമാർ എന്നിവരുടെ ഒരു യോഗവും കൂടിയിട്ടുള്ളതും പുതിയതായി നിയമിതരായ ഡി.പി.ആർ. കൺസൾട്ടന്റ് ഓച്ചിറ മുതൽ കടമ്പാട്ടുകോണം വരെയുള്ള ടോപ്പോഗ്രാഫിക് സർവ്വേ പൂർത്തീകരിച്ചിട്ടുള്ളതാണ്. ഡ്രാഫ്റ്റ് എൻ.എച്ച്.എ.ഐ. അംഗീകരിച്ചുകഴിഞ്ഞാൽ നോട്ടിഫിക്കേഷൻ സംബന്ധിച്ച നടപടികൾ ആരംഭിക്കുന്നതാണ്.

<u>ആലപ്പുഴ</u>

തുറവൂർ മുതൽ മുട്ടച്ചിറ വരെയുള്ള 83 കിലോമീറ്റർ നീളത്തിലുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ടി പദ്ധതിക്ക് നാളിതുവരെ സ്ഥലമൊന്നും ഏറ്റെടുത്തിട്ടില്ല. 223.80005 ഹെക്ടർ സ്ഥലം ദേശീയപാത വികസനത്തിനായി ഏറ്റെടുക്കേണ്ടതുണ്ട്.

(സി) <u>തിരുവനന്തപുരം</u>

ചേർത്തല-കഴക്കൂട്ടം ദേശീയപാത നാലുവരിയായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ദേശീയപാത അതോറിറ്റി ന്യൂഡൽഹി ആസ്ഥാനമായ M/s SEMC (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡിനെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്.

നിലവിലുള്ള അലൈൻമെന്റ് പ്രകാരം ഭൂമി നഷ്ടമാകാനിടയുള്ള തദ്ദേശവാസികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് പ്രധാന പത്രങ്ങളിൽ അറിയിപ്പ് നൽകിയിരുന്നു. പരാതികൾ സമർപ്പിക്കേണ്ട അവസാന തീയതിയായ 2016 ജൂലൈ 2 വരെ 418 അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് ഇവ സംബന്ധിച്ച സമഗ്രമായ റിപ്പോർട്ട് 3-10-2016-ൽ സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

<u>കൊല്ലം</u>

2009-ലും 2012-ലും അലൈൻമെന്റ് സംബന്ധിച്ച പഠനം നടത്താൻ ഇന്റർനാഷണൽ കൺസൾട്ടന്റ് ആന്റ് ടെക്നോക്രാഫ്റ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ന്യൂഡൽഹി എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരുന്നത്. ഇപ്പോൾ അലൈൻമെന്റ് സംബന്ധിച്ച പഠനം നടത്തുന്നത് സൈമക്ക് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, ന്യൂഡൽഹി എന്ന സ്ഥാപനമാണ്. 24 ആരാധനാലയ

ഭാരവാഹികളുടെയും ഒരു സ്വകാര്യ വ്യക്തിയുടെയും പരാതി മുൻപുണ്ടായിരുന്നിട്ടുള്ളതും മറ്റ് പരാതികളെല്ലാം തള്ളിക്കളഞ്ഞിട്ടുള്ളതുമാണ്. പുതിയതായി പരാതികളൊന്നും ലഭിച്ചിട്ടില്ല.

ആലപ്പുഴ

പൊതുജനങ്ങളിൽനിന്നും നാളിതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ല. എൻ.എച്ച്.എ.ഐ.-യുടെ കൺസൾട്ടന്റായ M/s SEMC (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ് ട്രോപ്പോ സർവ്വേ നടത്തി അലൈൻമെന്റിൽ ഏകദേശ രൂപം നൽകാമെന്ന് പ്രോജക്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം

ദേശീയപാത 47-ൽ തിരുവനന്തപുരം ജില്ലയിൽ കടമ്പാട്ടുകോണം മുതൽ തമിഴ്നാട് അതിർത്തിയായ കാരോട് വരെ ദേശീയപാത അതോറിറ്റി ഓഫ് ഇൻഡ്യ നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിനുള്ള നടപടികൾക്കായി തിരുവനന്തപുരം സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ ആന്റ് കോംപീറ്റന്റ് അതോറിറ്റിയുടെ മേൽനോട്ടത്തിൽ കഴക്കൂട്ടത്തും (കഴക്കൂട്ടം- കടമ്പാട്ടുകോണം) നെയ്യാറ്റിൻകരയിലും (കഴക്കൂട്ടം- കാരോട്) സ്പെഷ്യൽ തഹസിൽദാർമാരുടെ കീഴിൽ രണ്ട് എൽ.എ. (ദേശീയപാത) യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ 35 ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു. അവർക്ക് ശമ്പള ഇനത്തിൽ പ്രതിമാസം നിലവിലെ നിരക്കിൽ 18,56,172 രൂപ ചെലവാകും.

കൊല്ലം

ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി ഒരു സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും നാലു സ്പെഷ്യൽ തഹസിൽദാർമാരുടെ (ചാത്തന്നൂർ, വടക്കേവിള, കാവനാട്, കരുനാഗപ്പള്ളി) കാര്യാലയവും ഈ പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. വിവിധ കാറ്റഗറികളിലായി 57 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ശമ്പളയിനത്തിൽ 17,81,035 രൂപ ഒരു മാസം ചെലവാകുന്നതാണ്.

ആലപ്പുഴ

ആലപ്പുഴ ജില്ലയിൽ ദേശീയപാതയ്ക്കുള്ള സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറുടെ ഓഫീസും ചേർത്തല, ആലപ്പുഴ, ഹരിപ്പാട് എന്നീ സബ് ഓഫീസുകളും പ്രവർത്തിച്ചുവരുന്നു.

ഈ ഓഫീസുകളിൽ ആകെ 52 ജീവനക്കാർ ജോലി ചെയ്തുവരുന്നു. ടി ജീവനക്കാരുടെ പ്രതിമാസ ശമ്പള വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| O/o Special Deputy Collector, LA NH Alapuzha | - | 2,83,872 രൂപ |
| O/o Special Tahasildar, LA NH, Cherthala | - | 4,52,389 രൂപ |
| O/o Special Tahasildar, LA NH, Alapuzha | - | 3,96,653 രൂപ |
| O/o Special Tahasildar, LA NH, Haripad | - | 4,54,078 രൂപ |
| ആകെ | - | 15,86,992 രൂപ |

**വില്ലേജുകളിലെ ഡാറ്റാ ഡിജിറ്റലൈസ് ചെയ്യാൻ നടപടി**

177(6031) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലേയും ഡാറ്റാ ഡിജിറ്റലൈസ് ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളാനുദ്ദേശിക്കുന്നുവെന്ന് വിശദ മാക്കുമോ ;

(ബി) ഇതിനായി ഒരു സ്പെഷ്യൽ ഡ്രൈവ് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിവരിക്കുമോ ;

(സി) ഇത് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഭൂരേഖാ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ റീ-സർവ്വേ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലും അടിസ്ഥാന ഭൂനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ എന്നിവ ഘട്ടംഘട്ടമായി ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. റീ-സർവ്വേ പൂർത്തിയായ വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും റവന്യൂ ഇ-പേമെന്റും നടപ്പി ലാക്കുന്നതാണ്. പദ്ധതിയുടെ ആദ്യഘട്ടം സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 762 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഇതിനകം ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. 545 വില്ലേജുകളിലെ ഡിജിറ്റൈസേഷൻ നടപടികൾ പുരോഗമിക്കുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ബാധകമല്ല.

**തിരുവനന്തപുരം ജില്ലയിലെ മിച്ചഭൂമി**

178(6032) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാം മിച്ചഭൂമിയുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഈ മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്തിട്ടുണ്ടോ ; വിശദവിവരം നൽകുമോ?

ഉത്തരം

(എ & ബി) തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ നാവായിക്കുളം, മണമ്പൂർ, വെട്ടൂർ വില്ലേജുകളിൽ മിച്ചഭൂമി കണ്ടെത്തിയിട്ടുണ്ട്. നെടുമങ്ങാട് താലൂക്കിൽ വിതുര വില്ലേജിൽ ജനവാസത്തിന് അനുയോജ്യമല്ലാത്ത 18.01 ഏക്കർ മിച്ചഭൂമിയും കല്ലറ വില്ലേജിൽ എസ്.റ്റി. വിഭാഗത്തിന് നീക്കിവച്ച 2.15.246 ഏക്കർ മിച്ചഭൂമിയും ഉണ്ട്.

നേമം, പേരൂർക്കട, കുടപ്പനക്കുന്ന് എന്നീ വില്ലേജുകളിൽ യഥാക്രമം 3.84.250 ഏക്കർ, 00.80.000 ഏക്കർ, 00.60.000 ഏക്കർ പതിവിന് യോഗ്യമല്ലാത്ത മിച്ചഭൂമി നിലവിലുണ്ട്. ചിറയിൻകീഴ് താലൂക്കിൽ 3.85.05 ഹെക്ടർ മിച്ചഭൂമിയുണ്ട്.

തിരുവനന്തപുരം ജില്ലയിൽ നാളിതുവരെ വിതരണത്തിന് അനുയോജ്യമായ 320.16.93 ഹെക്ടർ മിച്ചഭൂമി അർഹരായവർക്ക് വിതരണം ചെയ്തിട്ടുണ്ട്.

**തിരുവനന്തപുരം ജില്ലയിൽ റോഡുകളുടെ പുനരുദ്ധാരണം**

179(6033) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 സാമ്പത്തിക വർഷം കാലവർഷക്കെടുതിയിൽ തിരുവനന്തപുരം ജില്ലയിൽ റോഡുകളുടെ പുനരുദ്ധാരണ പണിയിൽ ഉൾപ്പെടുത്തി G.O. നമ്പർ 2117/2016/DMD, തീയതി 4-3-2016-ൽ അനുവദിച്ച ശ്രീകാര്യം ജംഗ്ഷൻ-പാട്ടത്തിൽ ലൈൻ-കരുമ്പുക്കോണം ക്ഷേത്രം റോഡിന്റെ വിശദമായ എസ്റ്റിമേറ്റ് UE1/3702/2016 നമ്പർ പ്രകാരം 18-10-2016-ന് തിരുവനന്തപുരം നഗരസഭ തിരുവനന്തപുരം കളക്ടേറ്റിൽ എത്തിച്ച ഫയലിന് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്രയും വേഗം ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഭരണാനുമതി നൽകിയിട്ടില്ലെന്നും എത്രയുംവേഗം ഭരണാനുമതി നൽകുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സാങ്കേതികതയുടെ പേരിൽ പട്ടയം നിഷേധിക്കുന്ന നടപടി**

180(6034) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലങ്ങളായി താമസിക്കുന്ന ഭൂമിക്ക് സാങ്കേതികതയുടെ പേരിൽ പട്ടയം നിഷേധിക്കുന്ന നടപടി സംസ്ഥാനത്തുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച പരാതികൾ പരിശോധിക്കാൻ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; വിവരിക്കുമോ ;

(സി) പരാതികൾക്കുള്ള പരിഹാര നടപടികൾ ഏതെല്ലാം തലങ്ങളിലേക്കാണ് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാലങ്ങളായി താമസിക്കുന്ന ഭൂമിക്ക് സാങ്കേതികതയുടെ പേരിൽ പട്ടയം നിഷേധിക്കുന്നില്ല. പട്ടയം നൽകുന്നതിന് നിലവിലുള്ള വിവിധ ഭൂമി പതിവ് നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ അർഹത പരിശോധിച്ച് പട്ടയം നൽകി വരുന്നു. പതിവ് ചട്ടങ്ങളിലും പഞ്ചായത്ത് രാജ് നഗരപാലിക നിയമങ്ങളിലും വ്യവസ്ഥയില്ലാത്തതിനാൽ കായൽ, തോട്, റോഡ്, പാറ, കനാൽ, ആറ്റു പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാൻ പരിമിതികളുണ്ട്.

(ബി) ഭൂമി പതിവ് സംബന്ധിച്ച് പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് പ്രദേശത്ത് താലൂക്ക് ഭൂമി പതിവ് കമ്മിറ്റികളും മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ മുൻസിപ്പൽ/കോർപ്പറേഷൻ ഭൂമി പതിവ് കമ്മിറ്റികളും നിലവിലുണ്ട്.

(സി) നിലവിലുള്ള ഭൂമി പതിവ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ അർഹത പരിശോധിച്ച് വ്യക്തിഗത പട്ടയം നൽകുന്നതിന് ജില്ലാ കളക്ടർമാരെയാണ് അധികാരപ്പെടുത്തിയിരിക്കുന്നത്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

181(6035) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

ഭൂരഹിതരായ പാവപ്പെട്ട കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്കായി 3 സെന്റ് ഭൂമി വീതം പതിച്ച് കൊടുക്കുന്ന പദ്ധതിയാണ് 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി'. ഇതനുസരിച്ച് 58,398 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയെങ്കിലും അവർക്ക് പൂർണ്ണമായും വീട് വയ്ക്കാൻ അനുയോജ്യമായ ഭൂമി ലഭിച്ചില്ല എന്ന ആക്ഷേപം നിലനിൽക്കുകയാണ്. അതിനാൽ നിലവിലുള്ള ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനോടൊപ്പംതന്നെ സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന ഭൂരഹിതരായ പാവപ്പെട്ട കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ അനുയോജ്യമായ ഭൂമി ആക്ഷേപരഹിതമായ രീതിയിൽ നൽകുന്ന തരത്തിൽ പദ്ധതിയിലെ നടപടിക്രമങ്ങൾ പരിഷ്കരിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. വിശദമായ അന്വേഷണം നടത്തി തികച്ചും അർഹരായ പാവപ്പെട്ട കുടുംബങ്ങളെ മാത്രം തെരഞ്ഞെടുത്ത് വാസയോഗ്യമായതും വഴി സൗകര്യമുള്ളതുമായ ഭൂമി കഴിയുന്നതും സ്വന്തം വില്ലേജിൽത്തന്നെ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആർ.റ്റി. നമ്പർ 1971/2016/ഡി.എം.സി. ഉത്തരവിലെ മാറ്റം**

182(6036) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ.ഉ.(ആർറ്റി.) നമ്പർ 1971/2016/ഡി.എം.സി. എന്ന ഉത്തരവിലെ 64-ാം കോളത്തിൽ ചേർത്തിരുന്ന റോഡിന്റെ പേര് മാറ്റുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;

(ബി) പ്രസ്തുത മാറ്റം വരുത്തിക്കൊണ്ട് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഭേദഗതി ചെയ്ത ഉത്തരവ് മലപ്പുറം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) 4-3-2016-ലെ സ.ഉ.(ആർ.റ്റി.)നം. 1971/2016/ഡി.എം.ഡി. നമ്പർ ഉത്തരവ് പ്രകാരം ക്രമനമ്പർ 64 ആയി ഭരണാനുമതി നൽകിയിരുന്ന മലപ്പുറം ജില്ലയിലെ മൗലാനപ്പടി കൊട്ടമ്പാറ റോഡ് എന്ന പ്രവൃത്തിക്ക് ഭേദഗതി വരുത്തുന്നതുമായി ബന്ധപ്പെട്ട് ബഹു. എം.എൽ.എ. ശ്രീ. എം. ഉമ്മർ സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ റിപ്പോർട്ട് 19-9-2016-ലെ 38509/കെ3/2016/ഡി.എം.ഡി. നമ്പർ കത്ത് പ്രകാരം മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി നിവേദനത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്ന വിവരം സൂചിപ്പിച്ച് 19-9-2016-ൽ ബഹു. എം.എൽ.എ.-യ്ക്ക് കത്ത് നൽകിയിട്ടുണ്ട്.

**റീ-സർവ്വേ നടപടികൾ**

183(6037) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-സർവ്വേ നടപടികൾ നിർത്തിവച്ചത് എന്നായിരുന്നു ; ഇത് എന്ന് പുനരാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) പുനരാരംഭിക്കുന്ന വേളയിൽ കേന്ദ്രസർക്കാരിന്റെ ടോപ്സ്റ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി റിമോട്ട് സെൻസിംഗ് സാറ്റലൈറ്റ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ ;

(സി) സർവ്വെ വകുപ്പിലെ ഗണ്യമായ എണ്ണം ജീവനക്കാർ ഡെപ്യൂട്ടേഷനിലും വർക്കിംഗ് അറേഞ്ച്മെന്റിലും ജോലി ചെയ്യുന്നത് സർവ്വെ നടപടികളെ ബാധിക്കുമോ ;

(ഡി) എങ്കിൽ ഇതിനുപരിഹാരമായി റീ-സർവ്വേ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 409/2012/റവന്യൂ തീയതി 31-10-2012 പ്രകാരം സംസ്ഥാനത്ത് നിലവിൽ റീ-സർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. റീ-സർവ്വെ നടപടികൾ പുനരാരംഭിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) സർക്കാരിന്റെ മുൻഗണനാ പ്രോജക്ടുകളുടെ സർവ്വേ ജോലികൾക്ക് വേണ്ടിയാണ് വകുപ്പിലെ റീ-സർവ്വേ വിഭാഗം ജീവനക്കാരെ ഡെപ്യൂട്ടേഷനിലും വർക്കിംഗ് അറേഞ്ച്മെന്റിലും നിയോഗിച്ച് സ്പെഷ്യൽ സർവ്വെ ജോലികൾ നിർവ്വഹിക്കുന്നത്. ആയതനുസരിച്ച് റീ-സർവ്വേ പുരോഗതിയിൽ കുറവുണ്ടാകുന്നതാണ്.

(ഡി) റീ-സർവ്വേ പുനരാരംഭിക്കുമ്പോൾ ഡെപ്യൂട്ടേഷനിലും വർക്കിംഗ് അറേഞ്ച്മെന്റിലും നിയോഗിച്ചിട്ടുള്ള റീ-സർവ്വേ വിഭാഗം ജീവനക്കാരുടെ സേവനം കൂടി പ്രയോജനപ്പെടുത്തുന്നതാണ്. റീ-സർവ്വേ നടപടികൾ പുനരാരംഭിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

**സർവ്വേ അദാലത്ത്**

184(6038) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ അദാലത്ത് മുഖേന പരിഹരിച്ച പരാതികളിലെ തെറ്റായ തീരുമാനങ്ങൾ റദ്ദുചെയ്യുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത തീരുമാനങ്ങൾ റദ്ദുചെയ്യുന്നതിനുള്ള അധികാരം ആർക്കാണെന്നും ആയതിന് നിയമാനുസൃതം സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ ?

ഉത്തരം

(എ) 31-5-2010 വരെയുള്ള സർവ്വേ അദാലത്ത് തീരുമാനങ്ങൾ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സർവ്വേ വകുപ്പിൽ നിക്ഷിപ്തമാണ്. സർക്കാർ ഉത്തരവ് (എം.എസ്.) 200/10/റവന്യൂ തീയതി 31-5-2010 പ്രകാരം റീ-സർവ്വേ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധിച്ചുള്ള എല്ലാ പരാതികളിലും മേൽ നടപടി സ്വീകരിക്കേണ്ട ചുമതല ബന്ധപ്പെട്ട അഡീഷണൽ തഹസിൽദാർക്ക് നൽകി ഉത്തരവായിട്ടുണ്ട്.

(ബി) 31-5-2010 വരെയുള്ള അദാലത്ത് തീരുമാനങ്ങൾ റദ്ദ് ചെയ്യുന്നതിന് സർവ്വേ ഡയറക്ടർക്ക് അപേക്ഷ നൽകേണ്ടതാണ്. ടി തീയതിക്കുശേഷം കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ സംബന്ധിച്ച പരാതി ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർക്ക് നൽകാവുന്നതാണ്.

**സർവ്വേയും ഭൂരേഖയും വകുപ്പിലെ ആധുനിക ഉപകരണങ്ങൾ**

185(6039) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിൽ ഉപയോഗിച്ചുവരുന്ന ആധുനിക ഉപകരണങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ഉപകരണങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത ഉപകരണങ്ങളിൽ നിലവിൽ പ്രവർത്തന ക്ഷമമല്ലാത്ത എത്ര ഉപകരണങ്ങൾ ഉണ്ടെന്നും അവ പ്രവർത്തന യോഗ്യമാക്കാത്തതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേ നടപടികൾക്കായി ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ, ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) എന്നീ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് വരുന്നു.

(ബി) പ്രസ്തുത ഉപകരണങ്ങളുടെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിന് ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് (എ.എം.സി.) അടക്കമുള്ള കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

(സി) നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത 1100 സീരീസിൽപ്പെട്ട 73 മെഷീനുകൾ ഉണ്ട്. ടി മെഷീനുകൾ 2003-04 കാലയളവിലുള്ളതാകയാൽ നിലവിൽ സ്പെയർ പാർട്ടുകൾ ലഭ്യമല്ലാത്തതു കാരണം പ്രവർത്തനയോഗ്യമാക്കുവാൻ സാധിക്കാത്തവയാണ്.

**ഭവന നിർമ്മാണ വകുപ്പ് ലഭ്യമാക്കുന്ന ധനസഹായ പദ്ധതികൾ**

186(6040) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ വകുപ്പ് ലഭ്യമാക്കുന്ന ധനസഹായ പദ്ധതികൾ വിശദമാക്കുമോ ;

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നിലവിലുണ്ടോ ;

(സി) ഹൗസിംഗ് ബോർഡ് മുഖേന സബ്സിഡിയുള്ള ലോണുകൾ നൽകി വരുന്നുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സമൂഹത്തിലെ ഭൂരഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗങ്ങൾക്ക് സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന സാഫല്യം ഭവന പദ്ധതി, സ്വന്തമായി ഭൂമിയുള്ള ദുർബല വിഭാഗം/ താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് വീടു വയ്ക്കുന്നതിന് സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന ഗൃഹശ്രീ ഭവന പദ്ധതി എന്നീ ധനസഹായ പദ്ധതികൾ ഭവന നിർമ്മാണബോർഡ് നടപ്പിലാക്കിവരുന്നു. ടി പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<u>സാഫല്യം ഭവന പദ്ധതി</u>

ദുർബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതർക്ക് പാർപ്പിടം ലഭ്യമാക്കുന്നതിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി യോടുകൂടിയും പഞ്ചായത്തുകളുടേയും സന്നദ്ധ സംഘടന/കാരുണ്യവാൻമാരായ വ്യക്തികളുടെയും സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതി യാണ് സാഫല്യം ഭവന പദ്ധതി. പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. സർക്കാർ സബ്സിഡി തുക ബഡ്ജറ്റിലൂടെ ലഭ്യമാക്കുന്നുണ്ട്. സാഫല്യം പദ്ധതിയുടെ അംഗീകരിച്ച സാമ്പത്തികഘടന പ്രകാരം 327 ച.അടി (സർവ്വീസടക്കം) വിസ്തീർണ്ണം വരുന്ന ഫ്ലാറ്റിന്റെ 3.50 ലക്ഷം രൂപ നിർമ്മാണച്ചെലവിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ ഹഡ്കോ വായ്പയും 25,000 രൂപ സന്നദ്ധ സംഘടന/സ്പോൺസർ വിഹിതവും 25,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഹഡ്കോ വായ്പ തുകയ്ക്ക് സമാനമായ ഒരു ലക്ഷം രൂപ പഞ്ചായത്ത് വിഹിതമായി ലഭ്യമാക്കുന്ന പഞ്ചായത്തുകളിൽ മാത്രമാണ് നിലവിൽ പദ്ധതി നടപ്പിലാക്കുന്നത്.

<u>ഗൃഹശ്രീ ഭവന പദ്ധതി</u>

സ്വന്തമായി 2 സെന്റ്/ 3 സെന്റ് ഭൂമിയുള്ള/ റവന്യൂ വകുപ്പിൽനിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽ പ്പെട്ടവർക്ക് സന്നദ്ധ സംഘടന/NGO/കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 66 ച.മീ. വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. ടി പദ്ധതി പ്രകാരം സ്പോൺസറുടെ വിഹിതം ഒരു ലക്ഷം രൂപയും ഗുണഭോക്താവിന്റെ വിഹിതം കുറഞ്ഞത് ഒരു ലക്ഷം രൂപയും സർക്കാർ സബ്സിഡി തുക 2 ലക്ഷം രൂപയുമാണ്. ഇതിനായി ഗുണഭോക്താവിനെ സ്പോൺസർ ചെയ്യുന്ന സംഘടന/ NGO/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരാണ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്. സർക്കാർ സബ്സിഡി തുക 2013-14 വർഷം മുതൽ ബഡ്ജറ്റിലൂടെ ലഭ്യമാക്കുന്നുണ്ട്.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് മാത്രം സർക്കാർ സബ്സിഡി ലഭ്യമാക്കിക്കൊണ്ട് നടപ്പിലാക്കുന്ന ധനസഹായ പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. ഗൃഹശ്രീ ഭവന പദ്ധതിയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കും വീട് വയ്ക്കുന്നതിനായി സർക്കാർ ധനസഹായം നൽകുന്നു.

(സി) ഹൗസിംഗ് ബോർഡ് മുഖേന 2 ലക്ഷം രൂപ സർക്കാർ സബ്സിഡി അനുവദിക്കുന്ന ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നു.

**വീടുകൾ നിർമ്മിക്കുന്നതിനും നിർമ്മിച്ച വീടിനും അനുമതി**

187(6041) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെക്കോർഡുകളിൽ പാടം എന്ന് രേഖപ്പെടുത്തിയതുകൊണ്ട് മാത്രം വീടുകൾ നിർമ്മിക്കുന്നതിനും നിർമ്മിച്ച വീടിനും അനുമതി ലഭിക്കാത്ത ആയിരക്കണക്കിന് സാധാരണക്കാരായ അപേക്ഷകർക്ക് അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നടപടികൾ എന്താണെന്നും ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ ?

ഉത്തരം

(എ&ബി) മറ്റ് ഭൂമിയില്ലാത്തവർക്ക് ഗ്രാമപ്രദേശങ്ങളിൽ 10 സെന്റും നഗര പ്രദേശങ്ങളിൽ 5 സെന്റും ഭൂമി വീട് വയ്ക്കുന്നതിനായി ക്രമവൽക്കരിച്ചു നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ചാലക്കുടി കെ.എസ്.ആർ.ടി.സി. റോഡിൽ ഭവന നിർമ്മാണ വകുപ്പിന് സ്വന്തമായുള്ള സ്ഥലം**

188(6042) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി കെ.എസ്.ആർ.ടി.സി. റോഡിൽ ഭവന നിർമ്മാണ വകുപ്പിന് സ്വന്തമായുള്ള വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് വാണിജ്യസമുച്ചയവും ഫ്ലാറ്റുകളും അടക്കമുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

തൃശ്ശൂർ ജില്ലയിൽ കിഴക്കേ ചാലക്കുടിയിൽ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടുള്ള ഭവന നിർമ്മാണ പദ്ധതിപ്രദേശത്ത് വാണിജ്യാവശ്യത്തിനായി നീക്കിവച്ചിട്ടുള്ള 60.72 സെന്റ് സ്ഥലത്ത് 5 നിലകളുള്ള 5456.64 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒരു കോമേഴ്സ്യൽ കോംപ്ലക്സ് പദ്ധതി ബോർഡ് രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഉപഭോക്താക്കളിൽനിന്നും മുൻകൂർ പണം വാങ്ങി പാരസ്പര്യ പദ്ധതിയായി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പ്രസ്തുത പദ്ധതിക്ക് 24-9-2016-ലെ സ.ഉ.(കൈ.) 31/2016/ഭവനം നമ്പർ ഉത്തരവുപ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. ഉപഭോക്താക്കളെ ഉറപ്പാക്കി പദ്ധതി എത്രയുംവേഗം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ടി പദ്ധതിയിൽ ഫ്ലാറ്റുകൾ ഇപ്പോൾ വിഭാവനം ചെയ്തിട്ടില്ല.

**നിർമ്മിതി കേന്ദ്രം വഴി വീടുകൾ**

189(6043) <u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മിതി കേന്ദ്രം വഴി വീടുകൾ നിർമ്മിക്കുന്നതിന് ഗുണഭോക്താക്കൾക്ക് എന്തെല്ലാം സഹായമാണ് നൽകി വരുന്നത്; വിശദമാക്കുമോ ;

(ബി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) ഗുണഭോക്താക്കൾക്ക് പൊതു വിപണിയേക്കാൾ എത്ര ശതമാനം വിലകുറച്ചാണ് സാധന സാമഗ്രികൾ നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രംവഴി വീടുകൾ നിർമ്മിക്കുന്ന ഗുണഭോക്താക്കൾക്ക് താഴെപ്പറയുന്ന സഹായങ്ങൾ നൽകിവരുന്നു :

1. വീടുകളുടെ നിർമ്മാണത്തിന്റെ ചുമതല ഏറ്റെടുക്കുന്നു.
2. വീടുകളുടെ സൂപ്പർവിഷൻ നൽകിവരുന്നു.
3. ഡിസൈൻ നൽകിവരുന്നു.

600 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ. ഗുണഭോക്താക്കൾക്ക് കലവറയിൽനിന്നും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ (നിർമ്മിതിക്ക് ലഭിക്കുന്ന) 15 ശതമാനം സൗജന്യ നിരക്കിൽ നൽകിവരുന്നു. നിർമ്മിതി കേന്ദ്രത്തിന്റെ പ്രൊഡക്ഷൻ സെന്ററിൽ നിന്നും സിമന്റ് ഇഷ്ടികകൾ, ഇന്റർലോക്ക് ബ്രിക്സ്, കോൺക്രീറ്റ് കട്ടിളകൾ, വാട്ടർ ടാങ്ക് മുതലായവ ആവശ്യാനുസരണം നൽകിവരുന്നു.

(ബി) കലവറയിൽനിന്നും സാമഗ്രികൾ സീനിയോറിറ്റി അനുസരിച്ച് ചുവടെയുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി നൽകിവരുന്നു :

1. 2000 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന/അറ്റകുറ്റ പണികൾ നടത്തുന്ന വ്യക്തികൾ ആയിരിക്കണം.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വീട് നിർമ്മാണത്തിന് അനുവാദമോ/എൻ.ഒ.സി.-യോ ലഭിച്ച രേഖകൾ നൽകണം.
3. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർ ആണെങ്കിൽ അത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ നൽകണം.
4. സർക്കാരിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെട്ട വീട് നിർമ്മാണം ആണെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണം.
5. പഴയ വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അറ്റകുറ്റ പണികൾ എന്നിവ നടത്തുന്നവർക്കും പരിശോധനയ്ക്കുശേഷം സാമഗ്രികൾ നൽകിവരുന്നു.

(സി) വീട് നിർമ്മിക്കുന്ന ഗുണഭോക്താക്കൾക്ക് മാത്രമാണ് കലവറയിൽ നിന്നും സിമന്റ്, കമ്പി എന്നിവ നൽകിവരുന്നത്. 600 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ. ഗുണഭോക്താക്കൾക്ക് പരമാവധി ഒരാൾക്ക് 500 കിലോ കമ്പിയും 50 പായ്ക്കറ്റ് സിമന്റും നിർമ്മിതിയ്ക്ക് ലഭിക്കുന്ന വിലയേക്കാൾ 15 ശതമാനം കുറച്ച് നൽകിവരുന്നു.

**എല്ലാവർക്കും ഭവനം പദ്ധതി**

190(6044) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാവർക്കും ഭവനം എന്ന പേരിൽ ഒരു ഭവന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച ഉദ്ദേശ്യ ലക്ഷ്യങ്ങൾ, വിശദാംശങ്ങൾ, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇവ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ഉൾപ്പെടെ നാല് ബൃഹത് പദ്ധതികൾ 5 വർഷംകൊണ്ട് ജനപങ്കാളിത്തതോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല പാർപ്പിട മിഷനും മിഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാതല മിഷനും രൂപീകരിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഗുണഭോക്താക്കൾ ചുവടെയുള്ള വിഭാഗത്തിൽപ്പെട്ടവരാണ് :

1. ഭൂമിയുള്ള ഭവനരഹിതർ.
2. സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായധനം അനുവദിച്ചെങ്കിലും പൂർത്തിയാക്കാനാവാത്തവർ (പൂർണ്ണമായോ ഭാഗികമായോ സഹായധനം ലഭിച്ചവർ), ലക്ഷംവീട് പോലെയുള്ള പഴയ പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിലവിൽ വാസയോഗ്യമല്ലാത്ത വീടുകളുള്ളവർ.
3. പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ.
4. ഭൂമിയില്ലാത്ത ഭവനരഹിതർ.

ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നത് സംസ്ഥാനതല പാർപ്പിട മിഷന്റെ ദൗത്യമാണ്.

**ചാലക്കുടിയിൽ ഹൗസിംഗ് ബോർഡ് വക സ്ഥലം**

191(6045) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡ് വക സ്ഥലം വിലക്ക് വാങ്ങിയവർക്ക് 30 വർഷങ്ങൾക്കുശേഷവും തീറാധാരം നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഭൂമി സംബന്ധമായ കേസ്സുകളെല്ലാം തീർപ്പാക്കിയതിനു ശേഷവും തീറാധാരം നൽകാത്ത പ്രശ്നത്തിനു പരിഹാരം കാണുന്നതിനും, അടിയന്തരമായി തീറാധാരം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ചാലക്കുടി കെ.എസ്.ആർ.ടി.സി. റോഡിൽ ഹൗസിംഗ് ബോർഡ് വക സ്ഥലത്ത് വ്യാപാര സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ചാലക്കുടി ഭവന പദ്ധതിയിൽ ആകെയുള്ള 124 അലോട്ടികളിൽ 103 പേർക്ക് വിലയാധാരം നൽകിയിട്ടുണ്ട്.

(ബി) ചാലക്കുടി ഭവന പദ്ധതിയിൽ നിലവിലിരുന്ന LAR കേസുകൾക്ക് കോടതി വിധിയനുസരിച്ചുള്ള തുക കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നൽകിയിട്ടുണ്ടെങ്കിലും Decree Satisfaction Certificate ഇതുവരെ ലഭിച്ചിട്ടില്ല. DSC ലഭിച്ചാൽ മാത്രമേ കേസുകളെല്ലാം തീർപ്പാക്കിയെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ അലോട്ടികളുടെ കഷ്ടതകൾ മനസ്സിലാക്കി LAR, ആർബിട്രേഷൻ എന്നിവ നിമിത്തം അന്തിമ കണക്കുകൾ തയ്യാറാക്കാൻ സാധിക്കാത്ത കേസുകളിൽ അതതു പദ്ധതികളുടെ കണക്കുകൾ പരിശോധിച്ച് ബോർഡിന് നാളിതുവരെ ചെലവായതും ഭാവിയിൽ വരാവുന്നതുമായ ചെലവുകൾ കണക്കാക്കി പുനർനിർണ്ണയം ചെയ്ത തുകയും അതിന്റെ 30 ശതമാനം സെക്യൂരിറ്റി തുകയും ഓരോ അലോട്ടികളിൽനിന്നും ഈടാക്കി സമ്പൂർണ്ണ വിലയാധാരം നൽകുവാൻ 20-10-1998-ൽ ഭവന നിർമ്മാണ ബോർഡ് തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ ടി സ്കീമിൽ മൊത്തം 58 പ്ലോട്ടുകളും 66 വീടുകളും

ഉള്ളതിൽ 50 പ്ലോട്ടുകളുടെയും 53 വീടുകളുടെയും (പ്ലോട്ട് വിത്ത് ബിൽഡിംഗ്) വിലയാധാരം അലോട്ടികൾക്ക് ഇതുവരെ നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചെങ്കിലും DSC ഇതുവരെയും ലഭിച്ചിട്ടില്ല. എന്നാൽ ബാക്കിയുള്ള 21 പേർക്കും മേൽപ്പറഞ്ഞ രീതിയിൽ വിലയാധാരം നൽകുന്നതിൽ തടസ്സമില്ല.

(സി) തൃശ്ശൂർ ജില്ലയിൽ കിഴക്കേ ചാലക്കുടിയിൽ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടുള്ള ഭവന നിർമ്മാണ പദ്ധതി പ്രദേശത്ത് വാണിജ്യാവശ്യത്തിനായി നീക്കിവച്ചിട്ടുള്ള 60.72 സെന്റ് സ്ഥലത്ത് 5 നിലകളുള്ള 5456.64 ച.മീ. വിസ്തീർണ്ണമുള്ള ഒരു വ്യാപാര സമുച്ചയ പദ്ധതി ഭവന നിർമ്മാണ ബോർഡ് രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഉപഭോക്താക്കളിൽനിന്നും മുൻകൂർ പണം വാങ്ങി പാരസ്പര്യം പദ്ധതിയായി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള പ്രസ്തുത പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

**വാടാനപ്പള്ളിയിലെ മത്സ്യത്തൊഴിലാളികളുടെ കുടിവെള്ളക്ഷാമം**

192(6046) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശമായ വാടാനപ്പള്ളി ബീച്ചിനോട് ചേർന്നുള്ള ഭാഗത്തെ പൈപ്പ് ലൈനുകൾ കടൽക്ഷോഭത്താൽ തകർന്ന് പോയതിനാൽ നിരവധി കുടുംബങ്ങൾക്ക് കുടിവെള്ളം ലഭിക്കാത്ത സ്ഥിതി വിശേഷം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പൈപ്പ് ലൈനുകൾ പുനഃസ്ഥാപിക്കാൻ ഫിഷറീസ് വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(സി) ഫിഷറീസ് വകുപ്പ് മുഖേന ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) വകുപ്പിൽ ഇതുസംബന്ധിച്ച പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടില്ല. എന്നാൽ മത്സ്യഭവൻ ഓഫീസറുടെ 2-11-2016-ലെ നേരിട്ടുള്ള പരിശോധനയിൽ പൈപ്പ് ലൈൻ പൊട്ടിയതായി കാണുന്നു.

(ബി) ഫിഷറീസ് വകുപ്പ് മുഖേന ഫണ്ട് അനുവദിച്ചിട്ടില്ല.

(സി) മണലൂർ നിയോജക മണ്ഡലത്തിലെ വാടാനപ്പള്ളി മത്സ്യഗ്രാമത്തിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2014-15-ൽ ഉൾപ്പെടുത്തി 140.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

1. വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 1, 16, 17, 18-ൽ സംപ്- 160 എംഎം/90 എംഎം എച്ച്.ഡി.പി.ഇ. പൈപ്പിൽനിന്നും റൈഡർ ലൈൻ.
2. വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 9, 11, 12-ൽ സംപ്- 110 എംഎം/90 എംഎം/ 75 എംഎം എച്ച്.ഡി.പി.ഇ. പൈപ്പിൽ നിന്നും റൈഡർ ലൈൻ.
3. വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 1, 17, 1-ൽ കേടായ പൈപ്പ് മാറ്റി സ്ഥാപിക്കൽ.
4. വാടാനപ്പള്ളി മത്സ്യഗ്രാമത്തിലെ വാർഡ് നമ്പർ 14-ലെ നിലവിലുള്ള കിണറിൽനിന്നും വാർഡ് നമ്പർ 16-ലേയ്ക്ക് 75 എംഎം വഴി കുടിവെള്ളം എത്തിക്കൽ.

കേരള വാട്ടർ അതോറിറ്റി നിർവ്വഹണ ഏജൻസിയായിട്ടുള്ള ടി പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു.

**കാസർഗോഡ് ജില്ലയിലെ മത്സ്യത്തൊഴിലാളി ഗ്രാമങ്ങൾ**

193(6047) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ഏതൊക്കെ റവന്യൂ വില്ലേജുകളാണ് മത്സ്യത്തൊഴിലാളി ഗ്രാമങ്ങളായി ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ തൊഴിൽ സുരക്ഷിതത്വവും സാമൂഹിക സുരക്ഷിതത്വവും നിലനിർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിലെ മത്സ്യഗ്രാമങ്ങൾ ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | മത്സ്യഗ്രാമം | ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ |
|---|---|---|
| 1 | മഞ്ചേശ്വരം | 1. കുഞ്ചത്തൂർ<br>2. ഹൊസ്ബെട്ടു |
| 2 | ഷിറിയ | ഷിറിയ |
| 3 | കോയിപ്പാടി | 1. കുമ്പള<br>2. മൊഗ്രാൽ പുത്തൂർ |
| 4 | കാവുഗോളി | കുട്ലു |
| 5 | കസബ | 1. അടുക്കത്ത്ബയൽ<br>2. കാസർഗോഡ് |
| 6 | കീഴൂർ | 1. ചന്ദ്രഗിരി<br>2. കളനാട് |
| 7 | കോട്ടിക്കുളം | 1. ഉദുമ<br>2. പള്ളിക്കര- II |
| 8 | പള്ളിക്കര | പള്ളിക്കര |
| 9 | അജാനൂർ | 1. ചിത്താരി<br>2. അജാനൂർ |
| 10 | ഹോസ്ദുർഗ്ഗ് | 1. കാഞ്ഞങ്ങാട്<br>2. ബല്ല<br>3. ഹോസ്ദുർഗ്ഗ് |
| 11 | പുഞ്ചാവി | കാഞ്ഞങ്ങാട് |
| 12 | തൈക്കടപ്പുറം | 1. പടന്ന<br>2. നീലേശ്വരം |
| 13 | കാടങ്കോട് | 1. ചെറുവത്തൂർ<br>2. പിലിക്കോട് |
| 14 | പടന്നക്കടപ്പുറം | വലിയപറമ്പ |
| 15 | വലിയപറമ്പ | വലിയപറമ്പ |

ജില്ലയിൽ മേൽപ്പറഞ്ഞ 16 തീരദേശ മത്സ്യഗ്രാമങ്ങൾ കൂടാതെ ഒരു ഉൾനാടൻ മത്സ്യഗ്രാമവുമുണ്ട്. തൃക്കരിപ്പൂർ ഉൾനാടൻ മത്സ്യഗ്രാമത്തിൽ കാസർഗോഡ് ജില്ലയിലെ മുഴുവൻ ഉൾനാടൻ മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്നു. ആയതിന്റെ റവന്യൂ വില്ലേജുകൾ വ്യത്യസ്ഥമായിരിക്കുമെന്നും അറിയിക്കുന്നു.

മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് KMFR (Kerala Marine Fisheries Regulation Act) ആക്ട് ഫലപ്രദമായി നടപ്പാക്കുന്നതിന് വകുപ്പ് തലത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് വരുന്നുണ്ട്. കൂടാതെ സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി ജാഗ്രതാ സമിതികളിൽ വകുപ്പ് ക്രിയാത്മകമായി ഇടപെടുകയും, മത്സ്യത്തൊഴിലാളികൾക്ക് വകുപ്പ് തലത്തിൽ ബോധവൽക്കരണ പരിപാടികളും ക്യാമ്പുകളും സംഘടിപ്പിച്ചു വരികയും ചെയ്യുന്നുണ്ട്. സുരക്ഷിത പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിനായി ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം ഭവന നിർമ്മാണ ധനസഹായവും മത്സ്യത്തൊഴിലാളി ഭവനങ്ങൾ നവീകരിച്ച് വാസ യോഗ്യമാക്കുന്നതിന് ഭവനനവീകരണത്തിന് 50,000 രൂപ വീതവും വ്യക്തിഗത ടോയ്‌ലറ്റ് നിർമ്മാണത്തിനായി 17,500 രൂപ വീതവും ധനസഹായം ലഭ്യമാക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കാസർഗോഡ് ജില്ലയിലെ മത്സ്യഗ്രാമങ്ങളിൽ തൊഴിൽ സുരക്ഷിതത്വം നിലനിർത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നു :

1. ഫ്രഷ് ഫിഷ് ടു ആൾ പദ്ധതിയിലുൾപ്പെടുത്തി ഷിറിയ, കോയിപ്പാടി എന്നീ മത്സ്യഗ്രാമങ്ങളിലെ തെരഞ്ഞെടുത്ത 11 ഗുണഭോക്താക്കൾക്ക് മത്സ്യവിപണനം നടത്തുന്നതിനായി 52,000 രൂപ വീതം വിലവരുന്ന ഇൻസുലേറ്റഡ് ബോക്സ് ഘടിപ്പിച്ച ഇരുചക്ര വാഹനങ്ങൾ വിതരണം ചെയ്തു.

2. ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിലുൾപ്പെടുത്തി പള്ളിക്കര, കീഴൂർ എന്നീ മത്സ്യഗ്രാമങ്ങളിലെ തെരഞ്ഞടുത്ത 21 ഗുണഭോക്താക്കൾക്ക് 55,000 രൂപ വീതം വരുന്ന ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തു.

3. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷത്തിൽ വലിയപറമ്പ മത്സ്യഗ്രാമത്തിൽ തെരഞ്ഞെടുത്ത 20 ഗുണഭോക്താക്കൾക്ക് ഫൈബർ കട്ടമരം വാങ്ങുന്നതിന് 40,000 രൂപ വീതം ധനസഹായം നൽകി.

**ഫിഷ് മാർട്ടുകൾ**

194(6048) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഫിഷ് മാർട്ടുകൾ ആരംഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ അവ എവിടെയെല്ലാമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിയിലും കോഴിക്കോട് ജില്ലയിലെ തിരുവണ്ണൂർ കോട്ടൺ മിൽസ് ജംഗ്ഷന് സമീപവും ഫിഷ് മാർട്ടുകൾ ആരംഭിച്ചിട്ടുണ്ട്.

**വൈറസ് ബാധമൂലം ചത്തൊടുങ്ങുന്ന ചെമ്മീൻ**

195(T†6049) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈറസ് ബാധമൂലം ചെമ്മീൻ വ്യാപകമായി ചത്തൊടുങ്ങുന്നതുമൂലം കർഷകർക്ക് കനത്ത സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഈ കർഷകർക്കായി ആശ്വാസ പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന ചെമ്മീൻ കൃഷി മേഖലയുടെ സുസ്ഥിര വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതിന് പരിഹാരമായി 2016-17 സാമ്പത്തിക വർഷം മത്സ്യസമൃദ്ധി II പദ്ധതിയിൽ ഉൾപ്പെടുത്തി ചെമ്മീൻ കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ചെമ്മീൻ കൃഷി മേഖലയുടെ വികസനത്തിന് ഫിഷറീസ് വകുപ്പ് മുഖേന 2015-2018 വർഷക്കാലയളവിൽ മത്സ്യസമൃദ്ധി II പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഘടക പദ്ധതിയാണ് പൊക്കാളി/ കൈപ്പാട് നിലങ്ങളിലേയും സ്വകാര്യ കുളങ്ങളിലേയും ചെമ്മീൻ കൃഷി. പി.സി.ആർ. ടെസ്റ്റ് നടത്തി ഗുണമേന്മ

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉറപ്പ് വരുത്തിയ ചെമ്മീൻ വിത്താണ് കർഷകർക്ക് വിതരണം ചെയ്യുന്നത്. 2016-17 വർഷം ചെമ്മീൻ കൃഷി ചെയ്യുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത ഘടക പദ്ധതിക്ക് ഹെക്ടറിന് 20,000 രൂപയാണ് സബ്സിഡിയായി നൽകിവരുന്നത്. ഓരോ വർഷവും സംസ്ഥാനത്ത് 3000 ഹെക്ടർ ഏരിയയിൽ ചെമ്മീൻകൃഷി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

### ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്താലുള്ള ഭവന നിർമ്മാണ പദ്ധതി

196(6050) ശ്രീ. കെ. ദാസൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്താലുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം ഒരു വീടിന് എത്ര രൂപയാണ് കേന്ദ്ര സർക്കാർ നൽകുന്നത് ;

(സി) ഈ പദ്ധതി പ്രകാരം സംസ്ഥാന വിഹിതമായി എത്ര രൂപയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിനായി എത്ര രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽപ്പെടുത്തി 2016-17 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് 100 കോടി രൂപയുടെ സമഗ്രഭവന പദ്ധതി ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്നു. പദ്ധതിപ്രകാരം 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ വീതം ധനസഹായമായി നൽകുന്നു. കൂടാതെ ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി 2-3 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതവും ധനസഹായം നൽകുന്നതാണ്.

ഫിഷറീസ് കോളനി നവീകരണ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത ഫിഷർമെൻ കോളനികളിൽ 250 ഭവനങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ബ്ലൂ റെവലൃൂഷനിൽ (Blue Revolution) ഉൾപ്പെടുത്തി ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതിപ്രകാരവും ഭവന നിർമ്മാണ പദ്ധതിക്കുള്ള പ്രൊപ്പോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) 50 ശതമാനം കേന്ദ്ര സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന ദേശിയ മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം (2016-17) സാമ്പത്തിക വർഷത്തിൽ ഒരു ഭവനത്തിന് 1,20,000 രൂപയാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ 50 ശതമാനം ആയ 60,000 രൂപ കേന്ദ്ര വിഹിതമായി ലഭിക്കും.

(സി) 2012-13 മുതൽ ഫിഷറീസ് വകുപ്പ് ഭവന നിർമ്മാണ ധനസഹായമായി 2 ലക്ഷം രൂപ വീതമാണ് മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്നത്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതിപ്രകാരം 50 ശതമാനം ആയ 60,000 രൂപ സംസ്ഥാന വിഹിതമായി നൽകുന്നതിന് പുറമെ 80,000 രൂപ കൂടി അധിക ധനസഹായമായി അനുവദിച്ച് ആകെ 1,40,000 രൂപ സംസ്ഥാന വിഹിതമായി നൽകി വരുന്നു.

(ഡി) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷം 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**തീരദേശ വികസന ഏജൻസി മുഖേനയുള്ള പദ്ധതികൾ**

197(6051) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ വികസന ഏജൻസി മുഖേന 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) അമിത പലിശ ഈടാക്കുന്ന മാഫിയകളിൽനിന്നും പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

## ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആകെ 1773.5 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2 | 3 |
| 1 | പുത്തൻതോപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനു പുതിയ കെട്ടിട നിർമ്മാണം | 366.00 |
| 2 | കണ്ണൂർ തയ്യിൽ പബ്ലിക് ഹെൽത്ത് സെന്ററിന് പുതിയ കെട്ടിട നിർമ്മാണം | 93.00 |
| 3 | ഇളംകുന്നപ്പുഴ സബ്സെന്ററിനു പുതിയ കെട്ടിട നിർമ്മാണം | 30.00 |
| 4 | ലൈബ്രറി സപ്പോർട്ട്, വലിയപറമ്പ | 43.00 |
| 5 | പബ്ലിക് ടോയ്ലെറ്റ്- തയ്യിൽ മത്സ്യഗ്രാമം | 9.00 |
| 6 | കനാൽ നവീകരണവും മാലിന്യ നിർമ്മാർജ്ജനവും | 65.00 |
| 7 | ജീവനോപാധി സഹായം സെന്റർ- കുമ്പളം | 133.00 |
| 8 | ആലപ്പാട് പാരത്തുരുത്ത് ഗവ. എൽ.പി. സ്കൂളിന് പുതിയ കെട്ടിടം | 153.00 |
| 9 | ആലപ്പുഴ നല്ലനിക്കൽ ഗവ. എൽ.പി. സ്കൂളിന് പുതിയ കെട്ടിടം | 81.00 |
| 10 | കൊയിലാണ്ടി ഗവ. മാപ്പിള ഹയർ സെക്കന്ററി സ്കൂളിന് പുതിയ അക്കാദമിക് ബ്ലോക്ക് | 375.00 |
| 11 | പരപ്പനങ്ങാടി ഗവ. എൽ.പി. സ്കൂളിന് പുതിയ അക്കാദമിക് ബ്ലോക്ക് | 135.00 |
| 12 | പാലപ്പെട്ടി ഗവ. ഹയർസെക്കന്ററി സ്കൂളിന് പുതിയ അക്കാദമിക് ബ്ലോക്ക് | 166.00 |

| 1 | 2 | 3 |
|---|---|---|
| 13 | അങ്കണവാടി, (ഉള്ളാള, താലാഴം, കോട്ടയം) | 20.00 |
| 14 | അങ്കണവാടി, (വാടാനപ്പിള്ളി) | 30.00 |
| 15 | അങ്കണവാടി, തലശ്ശേരി | 22.00 |
| 16 | അങ്കണവാടി, കസബ | 23.00 |
| 17 | കോമൺ യൂട്ടിലിറ്റി സെന്റർ, കണ്ണമാലി, ചെല്ലാനം | 29.50 |
| | ആകെ | 1773.50 |

കൂടാതെ 40.00 ലക്ഷം രൂപ അടങ്കൽ തുകയിൽ മര്യനാട് മത്സ്യഗ്രാമത്തിൽ കൃത്രിമപ്പാര് നിക്ഷേപിക്കൽ പദ്ധതിയുടെ നിർവ്വഹണം പൂർത്തീകരിച്ചു.

(ബി) 2007-08 മുതൽ മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന എൻ.ബി.സി. എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി. മൈക്രോഫിനാൻസ് പദ്ധതിവഴി 6 ശതമാനം പലിശ നിരക്കിൽ മൈക്രോഫിനാൻസ് വായ്പകൾ നൽകിവരുന്നു. 2008-09 വർഷം മുതൽ മത്സ്യഫെഡ് സംസ്ഥാന സർക്കാരിന്റെ പലിശ ഇളവോടുകൂടി മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യ വിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതികൾ അമിത പലിശ ഈടാക്കുന്ന സ്ഥാപനങ്ങളെയോ, വ്യക്തികളെയോ ആശ്രയിക്കാതെ തൊഴിൽ ചെയ്യുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്നുണ്ട്.

**ഫിഷറീസ് സ്ഥാപനങ്ങളിലെ സംവരണം**

198(6052) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഫീഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ വാർഡൻ-കം-ട്യൂട്ടർ തസ്തികയും ഇംഗ്ലീഷ്, ബയോളജി അധ്യാപക തസ്തികയും നിലവിലുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കാൻ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഫിഷറീസ് യൂണിവേഴ്സിറ്റികളിൽ മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ സംവരണം 50%-മായി വർദ്ധിപ്പിക്കുവാൻ തയ്യാറാകുമോ ; ഇതിൽ 30% ഫിഷറീസ്, വി.എച്ച്.എസ്.സി (VHSC)കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന

കുട്ടികൾക്ക് ലാറ്ററൽ എൻട്രിയായും ബാക്കി 20% സംവരണം മത്സ്യത്തൊഴിലാളി കളുടെ മക്കൾക്കുമായി സംവരണം ചെയ്യാൻ പദ്ധതിയുണ്ടോ ; ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഫിഷറീസ് വക സർക്കാർ സ്ഥാപനങ്ങളിലും ബോർഡുകളിലും കോർപ്പറേഷനുകളിലും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് 50% തൊഴിൽ സംവരണം ഏർപ്പെടുത്താൻ തയ്യാറാകുമോ?

ഉത്തരം

(എ) വാർഡൻ-കം-ട്യൂട്ടർ തസ്തിക നിലവിലുണ്ട്. ഇംഗ്ലീഷ് തസ്തിക നിലവിലില്ല. ഫിഷറീസ് സയൻസ് പഠിപ്പിക്കുന്ന അദ്ധ്യാപകർ തന്നെയാണ് ബയോളജി പഠിപ്പിക്കുന്നത്. കേരളത്തിലെ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ ഓരോ ഇംഗ്ലീഷ് അദ്ധ്യാപക തസ്തികവീതം സൃഷ്ടിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വാർഡൻ-കം-ട്യൂട്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്ന തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ 12 ശതമാനമായിരുന്ന സംവരണം 20 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. എങ്കിലും മത്സ്യത്തൊഴിലാളികളുടെ മക്കളിൽനിന്നും നിലവിൽ സംവരണത്തിന് ആനുപാതികമായ അപേക്ഷ ലഭിക്കാറില്ല. ഇക്കാര്യത്തിൽ ആവശ്യമായ ബോധവൽക്കരണം നടത്തുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്

199(6053) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും എത്ര പേരാണ് ഡിപ്ലോയ്മെന്റിലൂടെ മറ്റ് ഡിപ്പാർട്ട്മെന്റിലേക്ക് പോയിട്ടുള്ളത് ;

(ബി) അധിക തസ്തിക ഉള്ളതുകൊണ്ടാണോ ഇവർ മറ്റ് ഡിപ്പാർട്ട്മെന്റിലേയ്ക്ക് പോയത് ; വ്യക്തമാക്കുമോ ;

(സി) മലപ്പുറം ജില്ലയുടെ കിഴക്ക് ഭാഗത്ത് (നിലമ്പൂർ, പെരിന്തൽമണ്ണ, മലപ്പുറം) ഏതെങ്കിലും എക്സ്റ്റെൻഷൻ ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എക്സ്റ്റെൻഷൻ ഓഫീസ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്കെതിരെ ഡിപ്പാർട്ട്മെന്റിൽ എത്ര പരാതികളാണുള്ളതെന്ന് അറിയിക്കാമോ ; ഡെപ്യൂട്ടി ഡയറക്ടറുടെ പേര്, പരാതിയുടെ കോപ്പി എന്നിവ ലഭ്യമാക്കാമോ ; നടപടി വൈകിയതിനുള്ള കാരണം വിശദീകരിക്കാമോ; ടിയാനെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽനിന്നും രണ്ട് പേർ പുനർവിന്യാസംവഴി തദ്ദേശ സ്വയംഭരണ വകുപ്പിൽ സേവനം അനുഷ്ഠിച്ചു വരുന്നു.

(ബി) 4-7-2000-ലെ സ.ഉ.(പി.) 187/2000/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലെ നിർദ്ദേശപ്രകാരമാണ് ഇവർക്ക് പഞ്ചായത്ത് വകുപ്പിൽ പുനർവിന്യാസം നൽകിയത്. ഉത്തരവ് അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) മലപ്പുറം ജില്ലയിൽ നിലമ്പൂർ, പെരിന്തൽമണ്ണ, മലപ്പുറം എന്നിവിടങ്ങളിൽ എക്സ്റ്റെൻഷൻ ഓഫീസ് പ്രവർത്തിക്കുന്നില്ല. മലപ്പുറം ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് പ്രവർത്തിക്കുന്നത് പൊന്നാനിയിലാണ്. എക്സ്റ്റെൻഷൻ ഓഫീസ് സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. സെയ്ദ് മുഹമ്മദിനെതിരെ ഫിഷറീസ് ഡയറക്ടർക്ക് ഒരു പരാതി ലഭിച്ചിട്ടുണ്ട്. ഇത് അന്വേഷണത്തിനായി ഫിഷറീസ് ഉത്തരമേഖല ജോയിന്റ് ഡയറക്ടർക്ക് അയച്ചു കൊടുത്തതായും റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നും അറിഞ്ഞിട്ടുണ്ട്. പരാതിയുടെ പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു.*

**സംയോജിത മത്സ്യബന്ധന വികസന പദ്ധതി**

200(6054) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സംയോജിത മത്സ്യബന്ധന വികസന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) മത്സ്യഫെഡ്ഡിൽ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യ വിപണന സൗകര്യങ്ങൾ വിപുലമാക്കു ന്നതിനാവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടി കളാണ് പ്രസ്തുത പദ്ധതി വഴി സ്വീകരിക്കുന്നത് ;

(ഡി) മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരിൽനിന്നും കടബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതി എങ്ങനെയെല്ലാം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത് ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ ഫിഷറീസ് വകുപ്പ് മത്സ്യഫെഡ് മുഖേന 1985 മുതൽ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സംയോജിത മത്സ്യവികസന പദ്ധതി. ഈ പദ്ധതി പ്രകാരം മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണ വായ്പ, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം, സംഘങ്ങൾക്ക് മത്സ്യ വിപണനത്തിനും സംസ്കരണത്തിനുമുള്ള അടിസ്ഥാന സൗകര്യം, മത്സ്യ വിപണനത്തിന് വാഹന സൗകര്യം എന്നിവ നൽകിവരുന്നു.

(സി) മത്സ്യഫെഡ്ഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ വിപണന സൗകര്യം വിപുലമാക്കുന്നതിനായി സംഘങ്ങൾക്ക് മത്സ്യ വിണനത്തിനും, സംസ്കരണത്തിനും, ലേലഹാൾ നിർമ്മിക്കുന്നതിനും, ക്രേറ്റ്സ്, ഇൻസുലേറ്റഡ് ബോക്സ് എന്നിവയ്ക്കും വായ്പ നൽകുന്നു. കൂടാതെ മത്സ്യക്കച്ചവടം ചെയ്യുന്ന പുരുഷൻമാർക്ക് മോട്ടോർ സൈക്കിൾ, പ്രവർത്തന മൂലധനം എന്നിവയും നൽകുന്നു. തീരദേശ ലേലത്തിനും പ്രവർത്തന മൂലധനം വായ്പയായി നൽകിവരുന്നുണ്ട്.

(ഡി) മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരിൽനിന്നും കടബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും തീരദേശ ലേലം സഹകരണ സംഘങ്ങൾ നിശ്ചയിച്ച ലേലക്കാരൻവഴി നടത്തുകയും ആയതിനുള്ള പ്രവർത്തന മൂലധനം സംയോജിത മത്സ്യവികസന പദ്ധതിവഴി നൽകുകയും ചെയ്യുന്നു. കൂടാതെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് വായ്പയായി നൽകുന്നത് അവരെ ഉപകരണങ്ങളുടെ ഉടമസ്ഥരാകാനും സഹായിക്കുന്നു.

## കായലുകളും തീരദേശവും ഇല്ലാത്ത ജില്ലകളിൽ ഉൾനാടൻ മത്സ്യകൃഷി

201(6055) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായലുകളും തീരദേശവും ഇല്ലാത്ത ജില്ലകളിൽ ഉൾനാടൻ മത്സ്യകൃഷി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും മത്സ്യകൃഷി ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; ഇതിനായി നിലവിൽ എന്തെങ്കിലും പദ്ധതികളുണ്ടോ ; വിശദാംശം നൽകുമോ ?

### ഉത്തരം

(എ) ഉണ്ട്. താഴെപ്പറയുന്ന പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നു :

1. മത്സ്യസമൃദ്ധി II
2. നൂതന മത്സ്യകൃഷി- പ്രദർശന കുളങ്ങൾ /മോഡൽ ഫിഷ് ഫാം
3. കേന്ദ്രാവിഷ്കൃത പദ്ധതിയായ നീലവിപ്ലവം പദ്ധതി.

(ബി) 1. ഉൾനാടൻ മത്സ്യകൃഷി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് നേരിട്ട് നടത്തിവരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി II. ടി പദ്ധതിയിലൂടെ കേരളത്തിലെ 14 ജില്ലകളിലായി അനുയോജ്യമായ ശുദ്ധജല, ഓരുജല പ്രദേശങ്ങൾ ഉപയുക്തമാക്കി മത്സ്യകൃഷി നടത്തിവരുന്നു. സംസ്ഥാനത്തെ ഉൾനാടൻ മത്സ്യോല്പാദനം 2015-2018 വർഷക്കാലയളവിൽ 1.5 ലക്ഷം ടൺ അധികമായി ഉയർത്തുക എന്നതാണ് ടി പദ്ധതിയുടെ ലക്ഷ്യം.

2. 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്തെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷി രീതികൾ വ്യാപിപ്പിക്കുന്നതിനുമായി സംസ്ഥാനത്തുടനീളം നൂതന മത്സ്യകൃഷിയുടെ ഡെമോൺസ്ട്രേഷൻ ഫാമുകൾ/ പ്രദർശന കുളങ്ങൾ നടപ്പിലാക്കുന്നതിന് 5.50 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

3. 2016-17 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതിയായ നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി

പ്രൊപ്പോസലുകൾ കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ഭരണാനുമതിയും ഫണ്ടും നൽകുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പുതിയ കുളങ്ങളുടെ നിർമ്മാണം.
2. മത്സ്യകുളങ്ങളുടെ പുനരുദ്ധാരണം.
3. സമുദ്രജലത്തിലെ കൂട്ടുകൃഷി.
4. ഓരുജലത്തിലെ കൂട്ടുകൃഷി.
5. ഉൾനാടൻ മത്സ്യകർഷകർക്കുള്ള പരിശീലനം.

4. പൊയ്യ ഫിഷ്ഫാമിൽ കരിമീൻ, പൂമീൻ, തിരുത എന്നിവയുടെ സമ്മിശ്ര മത്സ്യകൃഷി, നവീന മത്സ്യകൃഷി രീതികളായ കാളാഞ്ചി കൃഷി, പൊംപാനോ (അമേരിക്കൻ ആവോലി) എന്നിവയുടെ കൃഷി നടപ്പിലാക്കിവരുന്നു. കർഷകർക്ക് ഗുണനിലവാരമുള്ള പൂമീൻ വിത്തുകൾ വിതരണം ചെയ്തുവരുന്നു. കൂടാതെ അഡാക്ക് മുഖേന കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിൽ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി നബാർഡിന്റെ സഹായത്തോടെ കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ-നെൽകൃഷി എന്ന പദ്ധതി (2015-2019), ആലപ്പുഴ (100 ഹെക്ടർ), എറണാകുളം (100 ഹെക്ടർ), തൃശ്ശൂർ (100 ഹെക്ടർ), കണ്ണൂർ (300 ഹെക്ടർ) എന്നീ ജില്ലകളിലായി നടപ്പിലാക്കിവരുന്നു.

(സി) മത്സ്യസമൃദ്ധി II-ന്റെ ഭാഗമായി ഓരോ പഞ്ചായത്തിലും മത്സ്യകൃഷിക്ക് അനുയോജ്യമായ ജലാശയങ്ങൾ കണ്ടെത്തുന്നതിനും കർഷകർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് തലത്തിൽ മത്സ്യകർഷകരുടെ കൂട്ടായ്മ ഉറപ്പു വരുത്തുന്നതിന് ഓരോ പഞ്ചായത്തിലും മത്സ്യകർഷക ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ഫിഷറീസ് ഉദ്യോഗസ്ഥൻ കൺവീനറുമായ പഞ്ചായത്തുതല സ്റ്റിയറിംഗ് കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

മത്സ്യസമൃദ്ധി II പദ്ധതിയുടെ ഒന്നാം (2015-16) വർഷ കാലയളവിൽ സംസ്ഥാനത്തെ 951 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ സാധിച്ചു. കേരളത്തിലെ 14 ജില്ലകളിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും അനുയോജ്യമായ ശുദ്ധജല, ഓരുജല പ്രദേശങ്ങൾ ഉപയുക്തമാക്കി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 317.46 കോടി രൂപ

മൊത്ത അടങ്കലും, 110.73 കോടി രൂപ ധനസഹായവും 16,000 ഹെക്ടർ കൃഷി വ്യാപനവും ഉല്പാദന വർദ്ധനവും കൃഷി രീതിയിലെയും മത്സ്യ ഇനങ്ങളിലെയും വൈവിദ്ധ്യവൽക്കരണവും 35 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതിയിൽ ഊന്നൽ നൽകുന്നു.

**ആഴക്കടൽ മത്സ്യബന്ധനം**

202(6056) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പല പാരമ്പര്യ മത്സ്യതൊഴിലാളികൾക്കും ആഴക്കടൽ മത്സ്യബന്ധനത്തിന് ആവശ്യമായ വള്ളങ്ങളും മറ്റ് സങ്കേതങ്ങളും ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവരെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;

(സി) മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്നും ഈ വർഷം എത്ര തുകയാണ് ഇതിനായി മാറ്റിവച്ചിട്ടുള്ളതെന്നും അറിയിക്കുമോ ; ഇതിനുള്ള പരിശീലനം ഏത് ഏജൻസി വഴി എങ്ങനെ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 50 ശതമാനം കേന്ദ്ര സഹായത്തോടെ നടപ്പിലാക്കാൻ ലക്ഷ്യമിട്ട് 58.275 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 'ആഴക്കടൽ മത്സ്യബന്ധനം' പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലാണ്.

(സി) മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനുള്ള പരിശീലന പരിപാടി 'ആഴക്കടൽ മത്സ്യബന്ധനം' എന്ന പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. ടി പദ്ധതി പ്രകാരം ആദ്യ വർഷം on board training-ന് ആയി 17.50 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. ഇതിനുള്ള പരിശീലനം CIFNET അല്ലെങ്കിൽ ഫിഷറീസ് സർവ്വേ ഓഫ് ഇൻഡ്യ (FSI) വഴി നൽകാനാണ്

ഉദ്ദേശിക്കുന്നത്. ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളിൽ long lining, trolling, drift gill netting എന്നിവ പരിശീലിപ്പിക്കുന്നതോടൊപ്പം ഇലക്ട്രോണിക് ഉപകരണങ്ങളായ Echo sounders, VHF Radio, Automatic identification system, Rescue and Safety Equipments എന്നിവ ഉപയോഗിക്കുന്നതിനും മറൈൻ എഞ്ചിനുകൾ പരിപാലിക്കുന്നതിനും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു.

### സ്വന്തമായി വീടില്ലാത്ത മത്സ്യത്തൊഴിലാളികൾ

203(6057) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സ്വന്തമായി വീടില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ ഏതാനും കുടുംബങ്ങൾക്ക് 2016-17 വർഷത്തെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി വീടിനുള്ള ധനസഹായം അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഏതൊക്കെ ജില്ലകളിൽനിന്ന് എത്ര വീതം അപേക്ഷകരെ ഇതിനായി പരിഗണിക്കും ; വ്യക്തമാക്കാമോ ;

(സി) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡമെന്താണ് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) ബാക്കിയുള്ള കുടുംബങ്ങൾക്ക് വീടിനുള്ള ധനസഹായം നൽകാൻ എന്തെങ്കിലും പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

### ഉത്തരം

(എ) ഉണ്ട്. മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് 2016-17 വർഷം 10,000 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 'സമഗ്ര ഭവന പദ്ധതി' നടപ്പിലാക്കി വരുന്നു. ഭവന രഹിതരായ 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വീതവും ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് 2-3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കുന്ന ഫിഷർമെൻ കോളനി

നവീകരണ പദ്ധതിപ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത ഫിഷർമെൻ കോളനികളിലെ ഭവനരഹിതരായ 250 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ വീതം ധനസഹായമായി അനുവദിക്കുന്നുണ്ട്. ഇതിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതിക്ക് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 50 ശതമാനം കേന്ദ്ര സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി നടപ്പിലാക്കുന്നതിന് 1640 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയിൽ 800 ഭവനങ്ങളാണ് ശിപാർശ ചെയ്തിട്ടുള്ളത്.

(ബി) (2016-17) സമഗ്ര ഭവന പദ്ധതി, ഫിഷർമെൻ കോളനി നവീകരണം, എന്നിവ പ്രകാരം ജില്ലകളിൽ അനുവദിച്ച യൂണിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | സമഗ്ര ഭവന പദ്ധതി | കോളനി പുനരുദ്ധാരണം | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 800 | 88 | 888 |
| 2 | കൊല്ലം | 350 | 123 | 473 |
| 3 | ആലപ്പുഴ | 500 | 13 | 513 |
| 4 | എറണാകുളം | 150 | .. | 150 |
| 5 | തൃശ്ശൂർ | 50 | .. | 50 |
| 6 | മലപ്പുറം | 400 | 24 | 424 |
| 7 | കോഴിക്കോട് | 250 | .. | 250 |
| 8 | കണ്ണൂർ | 50 | .. | 50 |
| 9 | കാസർഗോഡ് | 50 | .. | 50 |
| 10 | കോട്ടയം | .. | 2 | 2 |
| 11 | പാലക്കാട് | .. | .. | .. |
| 12 | പത്തനംതിട്ട | .. | .. | .. |
|  | ആകെ | 2600 | 250 | 2850 |

കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവരുടെ പുനരധിവാസം സംബന്ധിച്ച പദ്ധതിപ്രകാരം യൂണിറ്റുകളുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ജില്ല | ശിപാർശ ചെയ്ത യൂണിറ്റ് |
|---|---|---|
| 1 | തിരുവനന്തപുരം | 186 |
| 2 | കൊല്ലം | 10 |
| 3 | ആലപ്പുഴ | 36 |
| 4 | എറണാകുളം | 0 |
| 5 | തൃശ്ശൂർ | 2 |
| 6 | മലപ്പുറം | 10 |
| 7 | കോഴിക്കോട് | 3 |
| 8 | കണ്ണൂർ | 0 |
| 9 | കാസർഗോഡ് | 1 |
| | ആകെ | 248 |

ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതിപ്രകാരം ശിപാർശ ചെയ്ത യൂണിറ്റുകളുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ജില്ല | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി (ശിപാർശ ചെയ്തത്) |
|---|---|---|
| 1 | 2 | 3 |
| 1 | തിരുവനന്തപുരം | 120 |
| 2 | കൊല്ലം | 120 |
| 3 | ആലപ്പുഴ | 120 |
| 4 | എറണാകുളം | 100 |
| 5 | തൃശ്ശൂർ | 40 |
| 6 | മലപ്പുറം | 110 |
| 7 | കോഴിക്കോട് | 70 |

| 1 | 2 | 3 |
|---|---|---|
| 8 | കണ്ണൂർ | 70 |
| 9 | കാസർഗോഡ് | 30 |
| 10 | കോട്ടയം | 10 |
| 11 | പാലക്കാട് | 5 |
| 12 | പത്തനംതിട്ട | 5 |
| | ആകെ | 800 |

(സി) ഭവന നിർമ്മാണ പദ്ധതിപ്രകാരം വീട് ലഭിക്കുന്നതിന് അർഹതപ്പെട്ട ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) തീരദേശ മേഖലയിൽ സമ്പൂർണ്ണ ഭവനം എന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിനായി വിവിധ പദ്ധതികൾ തയ്യാറാക്കിവരുന്നു.

**മത്സ്യബന്ധന രംഗത്തെ അനധികൃത പ്രവൃത്തികൾ തടയുന്നതിന് നടപടി**

204(6058) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ബോട്ടുകളും ട്രോളറുകളും മത്തി, കിളിമീൻ, അയല, കൂന്തൽ, കണവ, ആവോലി തുടങ്ങിയ നിരവധി മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ അയൽ സംസ്ഥാനങ്ങളിലെ തീറ്റ, വളം തുടങ്ങിയ നിർമ്മാണ ഫാക്ടറികളിലേയ്ക്ക് കയറ്റി അയയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) 'വളം പിടിക്കൽ' എന്ന പേരിൽ അറിയപ്പെടുന്ന ഇതിനോടൊപ്പം, 'ബൈ ക്യാച്ച് ' എന്ന പേരിൽ കടലിന്റെ അടിത്തട്ടിലുള്ള നക്ഷത്ര മത്സ്യങ്ങൾ, ശംഖുകൾ, കടൽച്ചെള്ളുകൾ എന്നിവയെയും പിടിച്ച് വിൽക്കുന്നതുമൂലം കടലിന്റെ ആവാസ വ്യവസ്ഥ തകരുന്നത് വിലയിരുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത അനധികൃത പ്രവൃത്തികൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) ആയത് തടയുന്നതിനായി കേരളത്തിലെ എല്ലാ ഹാർബറുകളിലും ഏകീകൃത നടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഒരുക്കുമോ ; വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്. കോഴിത്തീറ്റ, ചെമ്മീൻ തീറ്റ, കാലിത്തീറ്റ എന്നിവയ്ക്കും വളം നിർമ്മാണത്തിനുമായി മത്സ്യക്കുഞ്ഞുങ്ങളെ അന്യസംസ്ഥാനങ്ങളിലേയ്ക്ക് കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2012-ൽ 16,000 ടൺ മത്സ്യക്കുഞ്ഞുങ്ങളെ പിടിച്ച് ഈ ആവശ്യത്തിനായി കർണ്ണാടകയിലേയ്ക്ക് കയറ്റി അയച്ചതായി CMFRI-യിൽനിന്ന് ലഭ്യമായ കണക്കുകൾ വ്യക്തമാക്കുന്നു. തുടർന്ന് ബോധവൽക്കരണ പരിപാടികൾ നടത്തുകയും 14 ഇനം മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവും ഇറക്കിയിട്ടുണ്ട്.

(ബി) CMFRI-യുടെ റിപ്പോർട്ട് അനുസരിച്ച് ട്രോളറുകൾ കടലിന്റെ അടിത്തട്ടിൽ മത്സ്യബന്ധനം നടത്തുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സമുദ്ര പ്രദേശങ്ങളിൽ (പ്രധാനമായും കൊല്ലം, കൊച്ചി) പലതരം ശംഖു പോലുള്ള തോടു മത്സ്യങ്ങൾ, കടൽച്ചെള്ള്, നക്ഷത്ര മത്സ്യങ്ങൾ എന്നിവയും വലയിൽപ്പെടാറുണ്ട്. ഇതിൽ അലങ്കാര മൂല്യമുള്ളവ തെക്കൻ തമിഴ്നാട്ടിൽ shell industry-യിൽ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായി രൂപാന്തരപ്പെടുത്താറുണ്ട്.

(സി) ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 14 ഇനം മത്സ്യങ്ങളുടെ ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടുതൽ ഇനം മത്സ്യങ്ങളെ ഈ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു. ഇതിനോടൊപ്പം നിയമപാലനം ഉറപ്പു വരുത്തുന്നതിനായി മറൈൻ എൻഫോഴ്സ്മെന്റ് കോസ്റ്റൽ പോലീസ്, കോസ്റ്റ് ഗാർഡ് വിഭാഗത്തിനെ ശക്തിപ്പെടുത്തുകയും ലംഘിക്കുന്നവരിൽനിന്ന് പിഴ ഈടാക്കുകയും ചെയ്തുവരുന്നു.

(ഡി) മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും ഇപ്രകാരം നിയമവിരുദ്ധമായ പ്രവൃത്തികൾ ചെയ്യുന്നത് തടയാൻ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾക്കു വിധേയമായി ബോട്ട് ഇമ്പൗണ്ട് ചെയ്ത് പിഴ നൽകാറുണ്ട്. ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്നു എന്നത് മത്സ്യത്തൊഴിലാളികളിൽ അവബോധം ഉണ്ടാക്കുന്നതിനുള്ള നടപടികളും എടുത്തു വരുന്നു. മത്സ്യസമ്പത്തിന്റെ സുസ്ഥിര പരിപാലനത്തിനായി വിദഗ്ദ്ധ കമ്മിറ്റി ശുപാർശ ചെയ്ത പങ്കാളിത്ത പരിപാലന സമിതികൾ എല്ലാ മത്സ്യബന്ധന ഗ്രാമങ്ങളിലും നടപ്പിലാക്കുന്ന തരത്തിൽ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ടിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നു.

## പുതുവൈപ്പ് ഫിഷറീസ് സ്റ്റേഷൻ വികസനം

205(6059) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്തെ പ്രധാനപ്പെട്ട ഓരുജല ഗവേഷണ കേന്ദ്രമായ പുതുവൈപ്പ് ഫിഷറീസ് സ്റ്റേഷനിൽ ഗവേഷണത്തിനും പഠനത്തിനുമായുള്ള ഫിഷറീസ് യൂണിവേഴ്സിറ്റി ക്യാമ്പസിന്റെ പ്രവർത്തനം പൂർണ്ണ തോതിൽ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(ബി) പുതുവൈപ്പ് ഫിഷറീസ് സ്റ്റേഷന്റെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) തിരുത, കണമ്പ്, പൂമീൻ തുടങ്ങിയ മത്സ്യയിനങ്ങളുടെ വിത്തുൽപ്പാദനവും വിപണനവും ഉദ്ദേശിച്ചുകൊണ്ട് ഹാച്ചറി ആരംഭിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ഡി) എങ്കിൽ ഇതിനായി എത്ര തുകയാണ് എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളതെന്നും സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ ?

### ഉത്തരം

(എ) പുതുവൈപ്പ് ഫിഷറീസ് സ്റ്റേഷനിൽ ഗവേഷണത്തിനും പഠനത്തിനുമായുള്ള ഫിഷറീസ് യൂണിവേഴ്സിറ്റി ക്യാമ്പസിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കാൻ ഏകദേശം ഒരു വർഷത്തോളം സമയമെടുക്കും.

(ബി) പുതുവൈപ്പ് ഫിഷറീസ് സ്റ്റേഷന്റെ വികസനത്തിനായി കണ്ടൽ ഗവേഷണ കേന്ദ്രവും വനാമി ചെമ്മീൻ ഫാമും ഹാച്ചറിയും, പരമ്പരാഗത ഓരുജല ഫാമും ഇപ്പോൾ തന്നെ ഇവിടെ പ്രവർത്തിച്ചുവരുന്നുണ്ട്. BFSc വിദ്യാർത്ഥികൾക്ക് എല്ലാവർഷവും അവരുടെ കോഴ്സിന്റെ ഭാഗമായുള്ള പരിശീലനം നൽകി വരുന്നത് ഇവിടെയാണ്. MFSc, PhD വിദ്യാർത്ഥികളും അവരുടെ അക്കാദമിക് ആവശ്യങ്ങൾക്കും പ്രോജക്ടുകൾക്കുമായി ഇവിടെത്തെ സൗകര്യം പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ മധ്യ കേരളത്തിലെ പ്രധാനപ്പെട്ട വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ (കൈപ്പമംഗലം, കടമക്കുടി, ഞാറയ്ക്കൽ, തേവര, അർത്തുങ്കൽ) വിദ്യാർത്ഥികൾ അവരുടെ ഓൺ ജോബ് പരിശീലനത്തിനുവേണ്ടി വർഷങ്ങളായി ഈ സ്റ്റേഷനെയാണ് ആശ്രയിക്കുന്നത്. കുഫോസിന്റെ കീഴിൽ ഫിഷറീസ് സ്റ്റേഷൻ ലോകോത്തര ഗവേഷണ സ്ഥാപനങ്ങളുമായി കിടപിടിക്കുന്ന തരത്തിൽ ഒരു സെന്റർ ഓഫ് എക്സലൻസ് ഇൻ സസ്റ്റൈനബിൾ അക്വാകൾച്ചർ & അനിമൽ ഹെൽത്ത് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) സെന്ററിന് കീഴിൽ ഇതിന്റെ പ്രത്യുല്പാദനം ലക്ഷ്യമിട്ട് ഹാച്ചറിംഗ് ടെക്നോളജി ഡിപ്പാർട്ടുമെന്റ് നടത്തുന്നതിനും ഉചിതമായ സാങ്കേതികവിദ്യ കർഷകർക്ക് കൈമാറുന്നതിനുള്ള പദ്ധതിയും ലക്ഷ്യമിട്ടിട്ടുണ്ട്. തിരുത, കണമ്പ്, പൂമീൻ തുടങ്ങിയ മത്സ്യയിനങ്ങളുടെ വിത്തുൽപ്പാദനവും വിപണനവും ഉദ്ദേശിച്ചുകൊണ്ടുള്ള ഹാച്ചറി ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നു.

(ഡി) രണ്ട് കോടി രൂപയുടെ അടങ്കൽ പദ്ധതി അംഗീകാരത്തിനായി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഒരു കോടി 20 ലക്ഷം രൂപ നബാർഡിൽ നിന്നുള്ള തുകയും 80 ലക്ഷം രൂപ എൻ.എഫ്.ഡി.ബി. സബ്സിഡിയുമാണ്. ഈ വർഷം തന്നെ പദ്ധതിക്കുള്ള തുക ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിനെതിരെ നടപടി**

206(6060) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മത്സ്യമേഖല വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സംബന്ധിച്ച 47/2014/മ.ഇ.വ. ഉത്തരവിൽ പ്രതിപാദിക്കുന്ന പ്രകാരം മത്സ്യമേഖലാ വിദ്യാർഥികളിൽനിന്നും അഡ്മിഷൻ സമയത്തും തുടർ പഠന കാലയളവിലും യാതൊരുവിധ ഫീസും ഈടാക്കുവാൻ പാടില്ല എന്ന സർക്കാർ നിർദ്ദേശം സ്വാശ്രയ കോളേജുകളുൾപ്പെടെയുള്ള മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും പാലിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; 47/2014/മ.ഇ.വ. ഉത്തരവ് കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഭിച്ചുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ ;

(ബി) 47/2014/മ.ഇ.വ. ഉത്തരവിൽ പറയുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളെ കുറിച്ചുള്ള ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ അജ്ഞതയുടെ ഫലമായി കേരളത്തിലെ വിവിധ കോഴ്സുകളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ഉത്തരവിൽ നിഷ്കർഷിക്കുന്നപോലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കാതിരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 47/2014/മ.ഇ.വ. ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

(ബി) 47/2014/മ.ഉ.വ. ഉത്തവ് പ്രകാരം എല്ലാ ജില്ലകളിലും വിദ്യാഭ്യാ സാനുകൂല്യം നൽകിവരുന്നുണ്ട്. ഇതിൽ ഉദ്യോഗസ്ഥർക്കുണ്ടാകുന്ന സംശയങ്ങൾ ഡയറക്ടറേറ്റ് തലത്തിലും അതിന് ഉപരിയായുള്ളവ ഗവൺമെന്റ് തലത്തിലും തീർപ്പാക്കാറുണ്ട്.

## മത്സ്യമേഖലാ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കാൻ നടപടി

207(6061) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ മത്സ്യമേഖലാ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കാൻ കഴിഞ്ഞ 2 വർഷത്തെ കുടിശ്ശിക തുക 15 കോടി രൂപയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക അടിയന്തരമായി വിദ്യാർത്ഥികൾക്ക് അനുവദിക്കുമോ; ആയതിന് നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; ലംപ്സം ഗ്രാന്റ് കുടിശ്ശിക വരുത്തുന്നതുമൂലം വിദ്യാർത്ഥികൾക്ക് ടി.സി.-യും, മാർക്ക് ലിസ്റ്റും ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത, വിദ്യാഭ്യാസ നിലവാരമില്ലായ്മ എന്നിവ കാരണം കേരളത്തിലെ 8 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലും മത്സ്യമേഖലാ വിദ്യാർത്ഥികൾ പഠിക്കാൻ വരാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുന്നതിന് പകരം ഡേ സ്കോളേഴ്സ്-നെ അഡ്മിഷനാക്കാൻ ഉത്തരവിറക്കി യതിൽ വ്യാപക പ്രതിഷേധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേരളത്തിലെ എട്ട് ഫിഷറീസ് സ്കൂളുകളേയും ഇന്റർനാഷണൽ സ്കൂളാക്കാൻ തയ്യാറാകുമോ; വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. മുൻ വർഷങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ ലഭിക്കാതിരുന്നതിനാൽ വിദ്യാഭ്യാസ ആനുകൂല്യം യഥാസമയം അനുവദിക്കു ന്നതിന് കഴിഞ്ഞിട്ടില്ല. ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക 2015-16 വർഷം വരെയുള്ള കുടിശ്ശിക പൂർണ്ണമായും തീർക്കുന്നതിനുവേണ്ടി വിവിധ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തേയ്ക്ക് ആവശ്യമായി വരുന്ന ഏകദേശം 15 കോടി രൂപ ഉപധനാഭ്യർത്ഥന വഴി കണ്ടെത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ തുക ലഭ്യമായില്ല.

മേൽ സാഹചര്യത്തിൽ 15 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ വഴി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) കേരളത്തിൽ നിലവിലുള്ള 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളെയും രാജ്യാന്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**മത്സ്യങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ വൈവിദ്ധ്യം**

208(6062) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ വൈവിദ്ധ്യം സൃഷ്ടിക്കുന്നതിനും അവയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) മത്സ്യ സംസ്കരണ കേന്ദ്രങ്ങളുടെയും ഫിഷ് മാളുകളുടെയും സ്ഥാപനത്തിനായുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ദേശീയ മത്സ്യവികസന ബോർഡിന്റെ സഹായത്തോടെ മീൻ ഉണക്കാനുള്ള യൂണിറ്റുകൾ, മൂല്യവർദ്ധിത മത്സ്യ ഉൽപന്നങ്ങൾക്കുള്ള യൂണിറ്റുകൾ, ഐസ് പ്ലാന്റുകൾ, കോൾഡ് സ്റ്റോറേജുകൾ, ഓക്ഷൻ ഹാളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന്റെ ഭാഗമായി തീരദേശ വികസന കോർപ്പറേഷൻ മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണ വിപണന രംഗത്തേയ്ക്ക് കടന്നിരിക്കുന്നു. ശുചിത്വമുള്ള അന്തരീക്ഷത്തിൽ സോളാർ ഡ്രയർ ഉപയോഗിച്ച് ഉണക്കിയെടുത്ത് ആധുനിക പാക്കേജിംഗ് സംവിധാനം ഉപയോഗിച്ച് പായ്ക്ക് ചെയ്ത വിവിധയിനം ഉണക്ക മത്സ്യ ഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാൻഡിൽ വിപണിയിലെത്തിക്കുന്നു.

മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ അച്ചാറുകൾ, മീൻ കട്‌ലറ്റുകൾ എന്നിവ മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റ് വഴി നിർമ്മിച്ച് മത്സ്യഫെഡ് ഫിഷ് ബൂത്തുകൾ വഴി വിതരണം ചെയ്തുവരുന്നു.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, കണ്ണൂർ ജില്ലയിലെ അഴീക്കൽ എന്നിവിടങ്ങളിൽ ഫിഷ് പ്രോസ്സസ്സിംഗ് സെന്ററുകൾ KSCADC മുഖേന സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകി. സ്ഥല ലഭ്യത കുറവ് കാരണം തൃശ്ശൂർ ജില്ലയിലെ പദ്ധതി ഉപേക്ഷിച്ചു. കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഫിഷ് പ്രോസസിംഗ് സെന്റർ നിർമ്മാണം പുരോഗമിക്കുന്നു.

(സി) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്തുടനീളം 34 ആധുനിക ശുചിത്വ മത്സ്യ മാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി ഇതിനോടകം സ്ഥാപിക്കുകയും 3 ശുചിത്വ മാർക്കറ്റുകളുടെ (തിരുവനന്തപുരം 2, കോട്ടയം 1) നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു.

**മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് പദ്ധതി**

209(6063) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഭവനം പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത് ; വിവരിക്കുമോ ;

(സി) ഇതിന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) എന്തു തുകയാണ് പദ്ധതി നിർവ്വഹണത്തിനായി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി 4000 മത്സ്യത്തൊഴിലാളി ഭവനങ്ങൾ നവീകരിക്കുന്നതിന് 2000 ലക്ഷം രൂപയുടെ

പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ഫിഷർമെൻ കോളനി നവീകരണ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത ഫിഷർമെൻ കോളനികളിലെ 500 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് 250 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

(ബി) മേൽ പദ്ധതികൾ പ്രകാരം ഭവന പുനരുദ്ധാരണത്തിനായി 50,000 രൂപ വീതമാണ് അനുവദിക്കുന്നത്.

(സി) മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) 2016-17 സാമ്പത്തിക വർഷം മേൽ പദ്ധതികളുടെ നിർവ്വഹണ ത്തിനായി 2250 ലക്ഷം രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്.

### മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പദ്ധതികൾ

210(6064) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ ;

(ബി) ബോർഡ് മുഖാന്തരം മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് നൽകുന്ന ധനസഹായം സംബന്ധിച്ച വിശദാംശം നൽകുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളി കളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന 19 പദ്ധതികൾ നടപ്പിലാക്കി വരുന്നു :

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.
2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

3. വിവാഹ ധനസഹായ പദ്ധതി.
4. പെൻഷൻ.
5. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.
6. ആം ആദ്മി ബീമ യോജന.
7. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി.
8. എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്.
9. കുടുംബ സംവിധാന പദ്ധതി.
10. മാരകരോഗ ചികിത്സാ പദ്ധതി.
11. ചെയർമാൻസ് റിലീഫ് ഫണ്ട്.
12. ബോർഡിന്റെ പ്രത്യേക ധനസഹായം.
13. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി.
14. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി.
15. ബോധവൽക്കരണ പരിപാടി.
16. വിധവാ പെൻഷൻ.
17. കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി.
18. തണൽ പദ്ധതി
19. അപകടംമൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി.

(ബി) ഉണ്ട്. 1986 സെപ്റ്റംബർ മാസം മുതൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| അപകട മരണം | 5 ലക്ഷം രൂപ |
| മത്സ്യബന്ധന വേളയിൽ അപകടം മൂലം കാണാതാകൽ | 5 ലക്ഷം രൂപ |

| | |
|---|---|
| അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത | 5 ലക്ഷം രൂപ |
| അപകടംമൂലം സ്ഥിരവും ഭാഗികവുമായ അവശത | 2.5 ലക്ഷം രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 5,000 രൂപ പ്രകാരം പരമാവധി 10,000 രൂപ |
| അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000 (പരമാവധി) |

**മത്സ്യോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കും കയറ്റുമതി വർദ്ധനയ്ക്കുമുള്ള പദ്ധതികൾ**

211(6065) ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കായും കയറ്റുമതി വർദ്ധനയ്ക്കായും എന്തൊക്കെ പദ്ധതികളാണുള്ളതെന്ന് അറിയിക്കുമോ ;

(ബി) കയറ്റുമതി താല്പര്യാർത്ഥം ഫിഷിംഗ് ഹാർബറുകളുടെ ശുചിത്വ പരിപാലനത്തിനും യൂറോപ്യൻ യൂണിയൻ നിഷ്കർഷിക്കുന്ന മാനദണ്ഡം പുലർത്തുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഹാർബറുകളും ഫിഷ് ലാന്റിംഗ് സെന്ററുകളും മത്സ്യമാർക്കറ്റുകളും നവീകരിക്കാൻ പദ്ധതിയുണ്ടോ ;

(ഡി) മത്സ്യവിപണന രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാനായി ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന്റെ ഭാഗമായി തീരദേശ വികസന കോർപ്പറേഷൻ

മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണ വിപണന രംഗത്തേയ്ക്ക് കടന്നിരിക്കുന്നു. ശുചിത്വമുള്ള അന്തരീക്ഷത്തിൽ സോളാർ ഡ്രയർ ഉപയോഗിച്ച് ഉണക്കിയെടുത്ത് ആധുനിക പാക്കേജിംഗ് സംവിധാനം ഉപയോഗിച്ച് പായ്ക്ക് ചെയ്ത വിവിധയിനം ഉണക്കമത്സ്യ ഉൽപ്പന്നങ്ങൾ 'ഡ്രിഷ് കേരള' എന്ന ബ്രാൻഡിൽ ഇതിനോടകം വിപണിയിലെത്തിച്ചു കഴിഞ്ഞു.

മത്സ്യോൽപ്പന്നങ്ങളുടെ മൂല്യ വർദ്ധനയ്ക്കായും കയറ്റുമതി വർദ്ധനയ്ക്കായും ഫിഷിംഗ് ഹാർബറുകളുടെ ശുചിത്വ നിലവാരം യൂറോപ്യൻ യൂണിയൻ നിഷ്കർഷിക്കുന്ന മാനദണ്ഡത്തിലേയ്ക്ക് ഉയർത്തുന്നതിന് എൻ.എഫ്.ഡി.ബി. പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ പൂർത്തീകരിച്ച ഹാർബറുകളുടേയും ലാന്റിംഗ് സെന്ററുകളുടേയും നവീകരണം നടത്തി വരുന്നു.

മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളായ അച്ചാറുകൾ, മീൻ കട്ലറ്റുകൾ എന്നിവ മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റ് വഴി നിർമ്മിച്ച് മത്സ്യഫെഡ് ഫിഷ് ബൂത്തുകൾ വഴി വിപണനം ചെയ്തു വരുന്നു.

(സി) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻവഴി സംസ്ഥാനത്തുടനീളം 34 ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ ഇതിനോടകം സ്ഥാപിച്ചുകഴിഞ്ഞു. മൂന്ന് മത്സ്യമാർക്കറ്റുകളുടെ (തിരുവനന്തപുരം-2, കോട്ടയം-1) നിർമ്മാണം പുരോഗമിക്കുകയുംചെയ്യുന്നു. കൂടാതെ മത്സ്യഫെഡ് വഴി നടപ്പാക്കുന്ന ഓച്ചിറ, അഞ്ചൽ, മത്സ്യമാർക്കറ്റുകളുടെ നവീകരണം പൂർത്തിയായി. അരൂർ മത്സ്യമാർക്കറ്റിന്റെ നവീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഹാർബറുകളും ഫിഷ് ലാന്റിംഗ് സെന്ററുകളും എൻ.എഫ്.ഡി.ബി. പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചു വരുന്നു.

(ഡി) മത്സ്യ വിപണന രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കുന്നതിന്റെ ആദ്യ പടിയായി തീരദേശ ലേലം വഴി ആദ്യ വിൽപ്പനയിൽ സഹകരണ സംഘങ്ങൾ ഇടപെടുന്നുണ്ട്. ഇതുവഴി സംസ്ഥാനത്ത് ഏകീകരിച്ച ലേല സമ്പ്രദായം നടപ്പിൽ വരുത്തുവാനും, അതുവഴി മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വില ഉറപ്പ് വരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

മത്സ്യത്തിന്റെ ചില്ലറ വിൽപ്പനയിൽ ഇടപെടുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിലായി 29 ഫിഷ് മാർട്ടുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ പുതുതായി 20 ഫിഷ് മാർട്ടുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഹരിത കോറിഡോർ പദ്ധതി**

212(6066) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കോറിഡോർ പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രതീക്ഷിത അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) ടി പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

<u>ഉത്തരം</u>

(എ) കേരളത്തിന്റെ കടൽത്തീര സംരക്ഷണത്തിനും തീരദേശ മേഖലയുടെ സർവ്വോന്മുഖമായ വികസനത്തിനും പരിപാലനത്തിനുമായുള്ള ഒരു സമഗ്ര വികസന പദ്ധതി ലക്ഷ്യമിട്ട് "കോസ്റ്റൽ കണക്ടിവിറ്റി ഗ്രീൻ കോറിഡോർ" എന്ന പേരിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഒരു pre-feasibility analysis report സർക്കാരിന്റെ പരിഗണനയിലാണ്. ടി പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) അടങ്കൽ തുക സംബന്ധിച്ച വിശദാംശങ്ങൾ പറയാറായിട്ടില്ല.

(സി) ടി പദ്ധതി 4 വർഷംകൊണ്ട് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**കളത്തറ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

213(6067) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ പള്ളുരുത്തിയെ തീരദേശമേഖലയുമായി ബന്ധിപ്പിക്കുന്ന കളത്തറ പാലത്തിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ താമസിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പാലത്തിൻെറ നിർമ്മാണ കരാർ ആരാണ് ഏറ്റെടുത്തിട്ടുള്ളത് ; കരാർ പ്രകാരം എന്നാണ് പ്രവൃത്തി പൂർത്തീകരിക്കേണ്ടത് ; ആയത് എന്നത്തേയ്ക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൂർത്തീകരിക്കാൻ സാധിക്കും; വിശദമാക്കാമോ ;

(സി) പ്രസ്തുത പാലത്തിൻെറ നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിലെ നമ്പ്യാപുര കാട്ടിപ്പറമ്പ് പാലത്തിന്റെ (കളത്തറ പാലം) നിർമ്മാണ പ്രവർത്തനങ്ങൾ 21-1-2013-ന് ആരംഭിച്ചിരുന്നു.

140 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. ടി. പി. ആന്റണി, മാനേജിംഗ് പാർട്ട്ണർ, അലങ്കാർ കൺസ്ട്രക്ഷൻ കമ്പനി, തോട്ടത്തിൽ, നടക്കാട് പി.ഒ., എന്ന ദർഘാസുകാരനുമായി 10-12-2012-ൽ കരാറിൽ ഏർപ്പെടുകയും 21-1-2013-ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. കരാർ പ്രകാരം പൂർത്തീകരണ കാലാവധി 10 മാസം ആയിരുന്നു. ആയത് പ്രകാരം 19-10-2013-ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ പാലത്തിന്റെ ഡിസൈനിൽ മാറ്റം വന്നതിനെ തുടർന്ന് കരാറുകാരൻ പ്രവൃത്തി ചെയ്യുവാൻ വിസമ്മതിക്കുകയുണ്ടായി. തുടർന്ന് ടിയാനെ പ്രവൃത്തിയിൽനിന്നും ഒഴിവാക്കി പ്രവൃത്തി ടിയാളുടെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ പുനഃക്രമീകരിച്ച പ്രവൃത്തിയുടെ നിർമ്മാണ കരാർ ഏറ്റെടുത്തിരിക്കുന്നത് ശ്രീമതി ഡെയ്സി ജോസ്, നരിക്കുളം ഹൗസ്, കാഞ്ഞൂർ പി.ഒ., എറണാകുളം എന്നയാളാണ്.

കരാർപ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 300 ദിവസമാണ്. 17-12-2015-ൽ കരാർ വച്ച പ്രവൃത്തി 16-10-2016-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ഡിസൈനിൽ ഉണ്ടായ വ്യത്യാസംമൂലം പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസമുണ്ടായിട്ടുണ്ട്. 2017 ആഗസ്റ്റ് മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി 140 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

**കൊല്ലം പരവൂരിൽ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായുള്ള പഠന റിപ്പോർട്ട്**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

214(6068) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം, പരവൂർ, തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായുള്ള സി.ഡബ്ല്യൂ.പി.ആർ.എസ്.-ന്റെ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ആയത് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഹാർബറിനായുള്ള പരിസ്ഥിതി പഠനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് ആരംഭിച്ചുവെന്നും അത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ ;

(സി) പരിസ്ഥിതി പഠന റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ ഹാർബറിന്റെ നിർമ്മാണം തുടങ്ങുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഹാർബർ സ്ഥാപിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കൊല്ലം, പരവൂർ തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനായി CWPRS നടത്തുന്ന പഠനങ്ങളിൽ

1. Mathematical model studies for shoreline changes;
2. Mathematical studies for Wave tranquility എന്നിവയുടെ റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ട്. CWPRS നടത്തുന്ന പഠനം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) ആരംഭിച്ചിട്ടില്ല. CWPRS നടത്തുന്ന മാതൃകാ പഠനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) പരിസ്ഥിതി പഠനം പൂർത്തീകരിച്ചതിനുശേഷം CRZ status report സെസ്സിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. തുടർന്ന് CRZ/EIA ക്ലിയറൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള എൻ.ഒ.സി. എന്നിവ ലഭ്യമായ ശേഷം പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പാക്കുന്നതാണ്.

(ഡി) പ്രസ്തുത ഹാർബർ സ്ഥാപിക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നും ഇല്ല.

**സംസ്ഥാനത്തെ കശുവണ്ടി ഉൽപ്പാദനം**

215(6069) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ടൺ കശുവണ്ടിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) 2011 മുതൽ നാളിതുവരെയുള്ള ഉല്പാദനം, വർഷം തിരിച്ച്, ലഭ്യമാക്കുമോ ;

(സി) കശുവണ്ടിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിച്ച പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 2015-16-ൽ സംസ്ഥാനത്തെ കശുവണ്ടി (തോട്ടണ്ടി) ഉല്പാദനം ഏകദേശം 72,000 മെട്രിക് ടണ്ണാണ്.

(ബി)

| വർഷം | ഉല്പാദനം (മെട്രിക് ടൺ) |
|---|---|
| 2011-12 | 73000 |
| 2012-13 | 76960 |
| 2013-14 | 83120 |
| 2014-15 | 80000 |
| 2015-16 | 72000 |

(സി) കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്) പൊതുമേഖലയിലും മറ്റും തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം) തൈകൾ, 'മുറ്റത്തൊരു കശുമാവ് ' കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം) തൈകൾ വിതരണം ചെയ്തു വരുന്നു. കേരളത്തിലെ സ്ഥല ദൗർലഭ്യം പരിഗണിച്ച് ഇതര സംസ്ഥാനങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി കശുമാവ് കൃഷി നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. കൃഷി, വനം, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് സംസ്ഥാനത്ത് പൊതുമേഖല യിലുള്ള തരിശ് സ്ഥലങ്ങളിലും സ്വകാര്യ മേഖലയിലുമുള്ള തരിശ് സ്ഥലങ്ങളിലും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേനയും മറ്റ് സൊസൈറ്റികൾ മുഖേനയും സംഭരിച്ച് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ വിലയ്ക്കെടുക്കുന്ന കാര്യവും സജീവ പരിഗണന യിലാണ്. ആന്ധ്രാപ്രദേശിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യാനുള്ള പദ്ധതി സംബന്ധിച്ച് ആന്ധ്രാപ്രദേശ് സർക്കാരുമായി ആലോചിച്ചുവരുന്നു.

**സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ കൂലി**

216(6070) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിച്ചതിനേക്കാൾ കുറഞ്ഞ കൂലിയാണ് നൽകുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൂലി, ബോണസ് എന്നിവയിൽ വെട്ടിപ്പ് നടത്തുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറി ഉടമകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; ഇത്തരത്തിൽ നടപടിക്ക് നിർദ്ദേശിച്ചിട്ടുള്ള ഫാക്ടറികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) കശുവണ്ടി തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള കൂലി ലഭിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സൗകര്യങ്ങൾ ലഭിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിയമപ്രകാരമുള്ള കുറഞ്ഞ കൂലി നൽകാത്തതായ ഏതാനും ഫാക്ടറികളുടെ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അസോസിയേറ്റഡ് കാഷ്യൂ, ചിറയാടി-പുനുക്കന്നൂർ-കൊല്ലം, സുപ്രീം കാഷ്യൂ ഇൻഡസ്ട്രീസ് വഞ്ചിമുക്ക്- പെരുമ്പുഴ-കൊല്ലം, അൽഫോൺസാ കാഷ്യൂ-പള്ളിമൺ-കൊല്ലം എന്നീ ഫാക്ടറികളിൽ 4-10-2016-ൽ പരിശോധന നടത്തി. പരിശോധനാ ഉത്തരവുകൾ നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. യൂനുസ് കാഷ്യൂ ഫാക്ടറി-പഴകുറ്റി-നെടുമങ്ങാട്-തിരുവനന്തപുരം എന്ന ഫാക്ടറിക്കെതിരെ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

**കശുവണ്ടി വ്യവസായം സംരക്ഷിക്കാൻ നടപടി**

217(6071) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിന് നിലവിലെ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ ഫാക്ടറികൾക്കാവശ്യമായ കശുവണ്ടി ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ ദീർഘകാല പദ്ധതി ആവിഷ്കരിക്കുമോ ; ഇതു സംബന്ധിച്ച പഠനം നടത്തുമോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള 40 ഫാക്ടറികൾ ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കി ഇതിനകം തുറന്നു പ്രവർത്തിപ്പിച്ചിട്ടുണ്ട്. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പി ക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാൻ ഫിഷറീസ് & കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രിയും ബഹു. മുഖ്യമന്ത്രിയും പ്രത്യേകം യോഗങ്ങൾ വിളിച്ചു ചേർക്കുകയും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായികളിൽ നിന്നുംതന്നെ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചുവരികയുമാണ്. ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തോട്ടണ്ടി കൈവശമുള്ളവർ ഫാക്ടറി തുറക്കാത്ത വിഷയം പരിഗണിക്കുകയും കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി കശുവണ്ടി വ്യവസായികളോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഫാക്ടറികളിൽ പരിശോധന നടത്തുകയും തോട്ടണ്ടി ലഭ്യമായിട്ടും തുറന്ന് പ്രവർത്തിപ്പിക്കാത്ത ഫാക്ടറികൾ തുറക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ആഭ്യന്തര തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി അയൽ സംസ്ഥാനങ്ങളിൽ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നതടക്കമുള്ള വിവിധ പരിപാടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ കശുവണ്ടിയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ കാപെക്സ് സ്വീകരിച്ചുവരുന്നു. ഇപ്പോഴും അടഞ്ഞുകിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങൾ മുഖേന അവരെടുത്ത വായ്പ പുനഃക്രമീകരിക്കു ന്നതിനും പുതിയ വായ്പ അനുവദിക്കുന്നതിനും അർഹമായ കേസുകളിൽ തിരിച്ചടവിന് മൊറട്ടോറിയം പ്രഖ്യാപിക്കുന്ന കാര്യവും ഇതിനായി രൂപീകരിക്ക പ്പെട്ട എംപവേർഡ് കമ്മിറ്റി മുഖാന്തരം ശ്രമിച്ചുവരുന്നു.

(ബി) ആഭ്യന്തര തോട്ടണ്ടി ഉല്പാദനക്കുറവാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് എന്ന തിരിച്ചറിവോടെ സർക്കാർ ഈ പ്രശ്നത്തെ വളരെ ഗൗരവത്തോടെ കാണുകയും സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തുകയും, ഉല്പാദന വർദ്ധനവിനായി വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ ഭൂമി പാട്ടത്തി നെടുത്ത് കശുവണ്ടി കൃഷി ചെയ്യാനുള്ള പരിപാടികളും ആലോചിച്ചുവരുന്നു. സംസ്ഥാനത്തിനകത്ത് സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള ഉപയോഗിക്കാത്ത ഭൂമിയിലും കശുവണ്ടി കൃഷി വ്യാപിപ്പിക്കാനായി കശുവണ്ടി വ്യവസായ വകുപ്പുമന്ത്രി 17-10-2016-ൽ ബഹു. കൃഷി വകുപ്പ് മന്ത്രിയുടെയും ബഹു. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെയും മറ്റ് പ്രമുഖരുടെയും ഒരു യോഗം നടത്തുകയുണ്ടായി. പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**ചവറ മണ്ഡലത്തിലെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്**

218(6072) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറ മണ്ഡലത്തിലെ നീണ്ടകരയിൽ സ്ഥാപിച്ചിട്ടുള്ള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ നടത്തുന്ന കോഴ്സുകൾ ഏതൊക്കെ ;

(ബി) പുതിയ കോഴ്സുകൾ അനുവദിച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) നീണ്ടകരയിൽ പ്രവർത്തിച്ചിരുന്ന പോർട്ട് മെക്കാനിക്കൽ വർക്ക് ഷോപ്പ് നിലവിൽ കൊല്ലത്താണ് പ്രവർത്തിക്കുന്നത്. ഇത് നീണ്ടകരയിലേക്ക് മാറ്റി പ്രവർത്തനം വിപുലീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ രണ്ട് കോഴ്സുകൾ നടക്കുന്നുണ്ട്.

1. 4 days Boat Crew Training Programme.

2. 5 days 1st class Master/ 1st class Engineer Training Programme.

(ബി) മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ഡയറക്ടർ ജനറൽ അംഗീകരിച്ച പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) നീണ്ടകര തുറമുഖത്തിൽ കപ്പൽ ഗതാഗതവും അനുബന്ധ പ്രവർത്തനവും നിലവിൽ ഇല്ലാത്തതിനാലാണ് മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് കൊല്ലത്തേയ്ക്ക് മാറ്റിയത്. നീണ്ടകര തുറമുഖം പ്രവർത്തന നിരതമാകുന്ന സാഹചര്യത്തിൽ ടി ആവശ്യം പരിഗണിക്കാവുന്നതാണ്.

**കേരള ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ ക്യാമ്പസുകൾ**

219(6073) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫിഷറീസ് യൂണിവേഴ്സിറ്റിക്ക് എത്ര ക്യാമ്പസുകളാണ് നിലവിലുള്ളതെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ബി) നിലവിൽ എത്ര സ്കൂളുകളാണ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിച്ചു വരുന്നതെന്നും അവ ഏതെല്ലാം കേന്ദ്രങ്ങളിലാണെന്നും വ്യക്തമാക്കാമോ ;

(സി) പുതുവൈപ്പ് ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് എത്ര സ്കൂളുകളാണ്

നിലവിൽ പ്രവർത്തിച്ചു വരുന്നതെന്നും പ്രവർത്തിക്കുന്നില്ലെങ്കിൽ അതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ ; സ്കൂൾ പ്രവർത്തനത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എറണാകുളത്തെ പനങ്ങാട്, പുതുവൈപ്പിലെ ഫിഷറീസ് സ്റ്റേഷൻ, തിരുവനന്തപുരത്തെ തിരുവല്ലം എന്നിവിടങ്ങളിലായി മൂന്ന് ക്യാമ്പസുകളാണുള്ളത്.

(ബി) നിലവിൽ 7 സ്കൂളുകളാണ് പ്രവർത്തിക്കുന്നത്.

1. സ്കൂൾ ഓഫ് അക്വാകൾച്ചർ ആൻഡ് ബയോടെക്നോളജി.
2. സ്കൂൾ ഓഫ് ഫിഷറീസ് റിസോഴ്സസ് മാനേജ്മെന്റ് ആൻഡ് ഹാർവെസ്റ്റ് ടെക്നോളജി.
3. സ്കൂൾ ഓഫ് അക്വാട്ടിക് ഫുഡ് പ്രോഡക്ട്സ് ആൻഡ് ടെക്നോളജി.
4. സ്കൂൾ ഓഫ് ഓഷ്യൻ സയൻസ് ആൻഡ് ടെക്നോളജി.
5. സ്കൂൾ ഓഫ് ഫിഷറി എൻവയോൺമെന്റ്.
6. സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ്.
7. സ്കൂൾ ഓഫ് ഓഷ്യൻ എഞ്ചിനീയറിംഗ് ആൻഡ് അണ്ടർ വാട്ടർ ടെക്നോളജി.

ആറ് സ്കൂൾ പനങ്ങാട് ക്യാമ്പസിലും ഒരു സ്കൂൾ പുതുവൈപ്പ് ക്യാമ്പസിലുമാണ്.

(സി) സ്കൂൾ ഓഫ് ഓഷ്യൻ എഞ്ചിനീയറിംഗ് ആൻഡ് അണ്ടർ വാട്ടർ ടെക്നോളജി ഫിഷറീസ് സ്റ്റേഷൻ ക്യാമ്പസിലാണ് വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും അവിടുത്തെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാകാത്തതിനാൽ ഇപ്പോൾ പനങ്ങാട് ക്യാമ്പസിലാണ് പ്രവർത്തിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ തീരുന്ന മുറയ്ക്ക് പുതുവൈപ്പ് ക്യാമ്പസിൽ പ്രവർത്തിക്കുന്നതാണ്.

**അന്യം നിന്നുപോകുന്ന മത്സ്യയിനങ്ങളുടെ വിത്ത് ശേഖരണം**

220(6074) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പുതുവൈപ്പ് ഫിഷറീസ് സ്റ്റേഷനിൽനിന്നും തിരുത, കണമ്പ്, പൂമീൻ തുടങ്ങിയ മത്സ്യയിനങ്ങളുടെ വിത്തുകൾ ശേഖരിക്കുന്നതിന് സംവിധാനമുണ്ടോ ;

(ബി) എങ്കിൽ 2000 മുതൽ 2015 വരെയുള്ള കാലയളവിൽ ലഭിച്ച മത്സ്യ വിത്തുകൾ എത്രയെന്ന് വിശദമാക്കുമോ ;

(സി) മത്സ്യവിത്തിന്റെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ എന്തു കൊണ്ടെന്ന് വിശദമാക്കുമോ ;

(ഡി) അന്യം നിന്നുപോകുന്ന തിരുത, കണമ്പ്, പൂമീൻ തുടങ്ങിയ മത്സ്യ ഇനങ്ങളുടെ വംശവർദ്ധനവിനായി കേരള ഫിഷറീസ് യൂണിവേഴ്സിറ്റി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) തിരുത, കണമ്പ്, പൂമീൻ തുങ്ങിയ മത്സ്യ ഇനങ്ങൾ കർഷകർക്കും ഉപഭോക്താക്കൾക്കും ഏറെ പ്രിയതരമാണെങ്കിലും ഇവയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള പ്രജനനം (ചെന്നൈയിലുള്ള സി.ഐ.ബി.എ.-യുടെ ചില ഗവേഷണ നേട്ടങ്ങളൊഴിച്ച് നിർത്തിയാൽ) ഇന്ത്യയിൽത്തന്നെ ശൈശവാവസ്ഥയിൽ ആണെന്നും പറയാം. അതിനാൽ പ്രകൃതിയിൽ നിന്നുള്ള വിത്തുകൾ തന്നെയാണ് 90 ശതമാനം പേരും കൃഷിക്കായി ആശ്രയിക്കുന്നത്. ഫിഷറീസ് സ്റ്റേഷനും ഇങ്ങനെയാണ് മത്സ്യവിത്തുകൾ ശേഖരിക്കുന്നത്.

(ബി) 2000-2015 വരെയുള്ള കാലയളവിൽ ഏകദേശം അഞ്ചു ലക്ഷത്തോളം കുഞ്ഞുങ്ങളെ ശൈശവാവസ്ഥയിൽ ശേഖരിച്ച് യഥാവിധി തീറ്റകൾ കൊടുത്ത് വിരൽ വലുപ്പത്തിലാക്കി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. 2010-ന് ശേഷം ഇങ്ങനെ ലഭിക്കുന്ന കുഞ്ഞുങ്ങളുടെ അളവിൽ ഗണ്യമായ കുറവ് വന്നിട്ടുള്ളതായാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കഴിഞ്ഞ വർഷം ആയിരത്തിൽ താഴെ കുഞ്ഞുങ്ങളെ മാത്രമേ ലഭിച്ചിട്ടുള്ളൂ. അതുകൊണ്ട് തന്നെ ഓരുജല കർഷകർ മത്സ്യവിത്തുകളുടെ രൂക്ഷമായ ദൗർലഭ്യം നേരിടുന്നുണ്ട്.

(സി) മത്സ്യവിത്തിന്റെ ലഭ്യത കുറയുന്നതിന് പല കാരണങ്ങളുണ്ട്. ദീർഘവീക്ഷണമില്ലാത്തതും അശാസ്ത്രീയവുമായ മനുഷ്യ ഇടപെടലുകളാണ് എല്ലായിടത്തേയും പോലെ ഇതിന്റെയുംമൂലകാരണം. സ്റ്റേഷനെ അറബിക്കടലുമായി ബന്ധിപ്പിക്കുന്ന ആർ.എം.പി. കനാലിന്റെ ആഴക്കുറവും ജലമലിനീകരണവും അതിലൂടെ വരുമായിരുന്ന കുഞ്ഞുങ്ങളുടെ എണ്ണത്തിൽ ഏറെ കുറവ് വരുത്തിയിട്ടുണ്ട്. ഇതുകൂടാതെ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ നിരന്തരമായ ഡ്രഡ്ജിംഗും തന്മൂലമുള്ള വെള്ളത്തിന്റെ കലക്കവും, എൽ.എൻ.ജി., ഐ.ഒ.സി., ബി.പി.സി.എൽ. തുടങ്ങിയ കമ്പനികളുടെ വൻ തോതിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും ഒരു പരിധിവരെ പൊരുന്ന മത്സ്യങ്ങൾ ഇവിടെ നിന്നും അകന്നുപോകാൻ കാരണമായിട്ടുണ്ട്. ഇവയെല്ലാം തന്നെ മത്സ്യ കുഞ്ഞുങ്ങളുടെ ദൗർലഭ്യത്തിന് കാരണമാകുന്നു.

(ഡി) ഈ സെന്ററിന് കീഴിൽ ഇതിന്റെ പ്രത്യുല്പാദനം ലക്ഷ്യമിട്ട് ഹാച്ചറിംഗ് ടെക്നോളജി ഡിപ്പാർട്ടുമെന്റ് നടത്തുന്നതിനും ഉചിതമായ സാങ്കേതികവിദ്യ കർഷകർക്ക് കൈമാറുന്നതിനുമുള്ള പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ട്. തിരുത, കണമ്പ്. പൂമീൻ തുടങ്ങിയ മത്സ്യ ഇനങ്ങളുടെ വിത്തുല്പാദനവും വിപണനവും ഉദ്ദേശിച്ചു കൊണ്ടുള്ള ഒരു ഹാച്ചറി ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 5915, 5923, 5957, 5971, 5974, 5975, 5977, 5989 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 A.M]

# II. അടിയന്തരപ്രമേയം

## വർദ്ധിച്ചുവരുന്ന സ്ത്രീപീഡനം

മി. സ്പീക്കർ : സംസ്ഥാനത്തെ പല സ്ഥലങ്ങളിലും കുറ്റകൃത്യങ്ങളും കൂട്ടബലാത്സംഗങ്ങളും സ്ത്രീകളെ അപമാനിക്കുന്ന സംഭവങ്ങളും ക്വട്ടേഷൻ സംഘങ്ങളുടെ അക്രമങ്ങളും വ്യാപകമാകുന്നതുമൂലം ഗുരുതരമായ സ്ഥിതിവിശേഷം സൃഷ്ടിച്ചിരിക്കുകയാണ്. കുറ്റകൃത്യങ്ങൾ തടയാനും പ്രതികളെ കണ്ടെത്താനും പോലീസിന്റെ ഭാഗത്ത് വീഴ്ച ഉണ്ടാകുന്നുവെന്ന് മാത്രമല്ല പ്രതികൾക്ക് ഒത്താശ ചെയ്യാൻ പോലീസ് തയ്യാറാകുന്നതായിട്ടാണ് മാധ്യമ പ്രവർത്തകർ സൂചിപ്പിക്കുന്നത്. അതീവ ഗുരുതരമായ ഈ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനിൽ അക്കര, കെ. എം. ഷാജി, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, സംസ്ഥാനത്തെ പല സ്ഥലങ്ങളിൽ കുറ്റകൃത്യങ്ങളും കൂട്ടബലാത്സംഗങ്ങളും സംഭവി ക്കുന്നതായി ആരോപിച്ചാണ് ശ്രീ. അനിൽ അക്കര അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുള്ളത്. ഇതിൽ ആകെ അഞ്ച് കേസ്സുകളാണ് സൂചിപ്പിക്കുന്നത്. രണ്ടെണ്ണം ബലാത്സംഗ കേസ്സുകളും മൂന്നെണ്ണം സ്ത്രീകളെ അപമാനിച്ച കേസ്സുകളുമാണ്.

ഒന്ന്, തൃശ്ശൂർ വടക്കാഞ്ചേരി സ്വദേശിനിയായ, 34 വയസ്സുള്ള യുവതിയെ 2014 ഏപ്രിൽ മാസം അവസാന ആഴ്ചയിലെ ഒരു ദിവസം ഉച്ചയ്ക്ക് ഒരു മണിയോടെ തലപ്പിള്ളി താലൂക്കിൽ മിണാലൂർ വില്ലേജിൽ പറങ്ങനാട് വീട്ടിൽ ജയന്തൻ യുവതിയുടെ ഭർത്താവിന് അപകടം സംഭവിച്ചുവെന്നും ഉടൻ കാറിൽ ചെല്ലണമെന്നും ഫോണിലൂടെ അറിയിക്കുകയുണ്ടായി. തുടർന്ന് യുവതിയെ ജയന്തനും ജയന്തന്റെ അനുജൻ ജിനീഷ്, ബിനീഷ്, ഷിബു എന്നിവരും ചേർന്ന് കാറിൽ കയറ്റിക്കൊണ്ടുപോയി തിരുവുള്ളക്കാവിനടുത്തുള്ള ആളൊഴിഞ്ഞ വീട്ടിൽവച്ച് ബലാത്സംഗം ചെയ്തുവെന്നും നഗ്നചിത്രങ്ങളെടുത്തുവെന്നും പരാതിയിൽ പറയുന്നു. 2015 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ജയന്തൻ നഗ്നചിത്രം കാണിച്ച് ഭീഷണിപ്പെടുത്തി വീണ്ടും ബലാത്സംഗം ചെയ്തുവെന്ന് കാണിച്ച് യുവതി 13-8-2016-ൽ

തൃശ്ശൂർ ജില്ലാ വനിതാസെൽ ഡിവൈ.എസ്.പി. മുമ്പാകെ ഒരു പരാതി നൽകി. പരാതിയിൽ 2014-ലും 2015-ലുമാണ് ബലാത്സംഗം നടന്നതായി പറയുന്നത്. 13-8-2016-ലെ പരാതി, തൃശ്ശൂർ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ IPC 376(d), 566(1) എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 1651/16 ആയി കേസ് രജിസ്റ്റർ ചെയ്ത് പേരാമംഗലം പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തിയിട്ടുള്ളതാണ്. 17-8-2016-ന് പരാതിക്കാരിയുടെ മൊഴി രേഖപ്പെടുത്തിയതിൽ പരാതി അടിസ്ഥാനരഹിതമാണെന്നും ജയന്തന് കടം കൊടുത്തിരുന്ന മൂന്നരലക്ഷം രൂപ തിരിച്ചുകിട്ടുന്നതിനായി വക്കീലിന്റെ നിർദ്ദേശ പ്രകാരമാണ് പരാതി നൽകിയതെന്നും അറിയിച്ചു. അന്വേഷണ ഉദ്യോഗസ്ഥന്റെ അപേക്ഷ പ്രകാരം വടക്കാഞ്ചേരി മജിസ്ട്രേറ്റ് 164 Cr.PC പ്രകാരം യുവതിയുടെ മൊഴി രേഖപ്പെടുത്തിയപ്പോൾ ഇക്കാര്യം ആവർത്തിച്ചിട്ടുള്ളതാണ്. ഈ കേസ്സിൽ കുറ്റകൃത്യം നടന്നിട്ടില്ലെന്ന് മജിസ്ട്രേറ്റിനുമുന്നിൽ മൊഴി നൽകാൻ പോലീസ് ഉദ്യോഗസ്ഥർ പ്രേരിപ്പിച്ചെന്നും പോലീസ് മോശമായി പെരുമാറിയെന്നുമുള്ള പരാതി വാർത്താമാധ്യമങ്ങളിലൂടെ ഇന്നലെയാണ് (3-11-2016) പുറത്തു വന്നത്. ഇതുസംബന്ധിച്ച് കാലതാമസം കൂടാതെ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിന് ഗവൺമെന്റ് കമ്മീഷണർ ഓഫ് പോലീസിന് ഇന്നലെത്തന്നെ നിർദ്ദേശം നൽകിക്കഴിഞ്ഞു. അതനുസരിച്ച് ഗുരുവായൂർ എ.സി.പി. അന്വേഷണം നടത്തിവരികയാണ്.

രണ്ട്, പാലക്കാട് ചെർപ്പുളശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ ഉലാക്കോട് നെല്ലായി എന്ന സ്ഥലത്ത് താമസിക്കുന്ന 18 വയസ്സുള്ള രണ്ടാം വർഷം ബി.എ. വിദ്യാർത്ഥിനിയെ 26-10-2016-ന് ഉച്ചയ്ക്ക് രണ്ടേകാൽ മണിമുതൽ കാണാതായ സംഭവത്തിൽ പെൺകുട്ടിയുടെ സഹോദരന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കേരള പോലീസ് ആക്ട് വകുപ്പ് 57 പ്രകാരം ക്രൈം നമ്പർ 856/2016 ആയി ചെർപ്പുളശ്ശേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. ഈ കേസ് പോലീസ് ഗൗരവമായി അന്വേഷിക്കുകയും 31-10-2016-ന് യുവതിയെ കൊല്ലത്തുനിന്നും കണ്ടെത്തുകയും തുടർന്ന് പെൺകുട്ടിയുടെ മൊഴി രേഖപ്പെടുത്തി വൈദ്യപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തു. വൈദ്യപരിശോധനയിൽ ലൈംഗികവേഴ്ച നടന്നുവെന്ന് വെളിവായതിനാൽ K.P. ആക്ടിലെ 57 വകുപ്പ് ഒഴിവാക്കി IPC, 366, 376 read with section 34 എന്നീ വകുപ്പുകൾ ചേർത്ത് ചെർപ്പുളശ്ശേരി പോലീസ് ഇൻസ്പെക്ടർ കേസന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

മൂന്ന്, തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ അതിർത്തിയിലെ രാജാജി നഗറിൽ താമസിക്കുന്ന 17 വയസ്സുള്ള പെൺകുട്ടി തൈക്കാട് ആശുപത്രിയിൽ

27-10-2016-ന് പ്രസവിച്ചതിനെത്തുടർന്നുള്ള വിഷയമാണ്. ഇതുമായി ബന്ധപ്പെട്ട പരാതിയുടെ അടിസ്ഥാനത്തിൽ വനിതാ എസ്.ഐ. മൊഴി രേഖപ്പെടുത്തി തമ്പാനൂർ പോലീസ് സ്റ്റേഷനിൽ IPC 376, POCSO Act 3, 4 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 1468/16 ആയി കേസ്സെടുക്കുകയുണ്ടായി. സംഭവം കരമന പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ടതായതിനാൽ കേസ് കരമന പോലീസ് സ്റ്റേഷനിലേക്ക് ട്രാൻസ്ഫർ ചെയ്ത് ക്രൈം നമ്പർ 1642/16 ആയി കേസ് രജിസ്റ്റർ ചെയ്ത് പ്രതി അനീഷിനെ 31-10-2016-ന് അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്യുകയുണ്ടായി.

നാല്, എറണാകുളം കോതമംഗലം പോലീസ് സ്റ്റേഷൻ പരിധിയിലെ പിണ്ടിമനയിൽ 17 വയസ്സുള്ള യുവതിയെ 2-11-2016-ന് രാത്രി 10.30-ന് രണ്ടുപേർ വീട്ടിലെ ഹാളിൽ ഇടംകാലിട്ട് വീഴ്ത്തിയശേഷം ഒരാൾ യുവതിയുടെ വായ പൊത്തിപ്പിടിച്ച് ഗുളിക വായിലിട്ട് കൊടുത്തതായും മറ്റേയാൾ യുവതിയെ ബലാത്സംഗം ചെയ്തതായുമാണ് പരാതി. വനിതാ സി.പി.ഒ. മുമ്പാകെ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ രണ്ടുപേരെ പ്രതികളാക്കി IPC 450, 376(d), POCSO Act 3(a), 4 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 2779/16 ആയി കേസ് രജിസ്റ്റർ ചെയ്ത് കോതമംഗലം പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തിവരികയാണ്. പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

അഞ്ച്, തിരുവല്ല കുറ്റപ്പുഴയിൽ 40 വയസ്സുള്ള സ്ത്രീയെ അയൽവാസിയും സ്ത്രീയുടെ ഭർത്താവിന്റെ ബന്ധുവുമായ മൈലംമൂട്ടിൽ രാഘവൻ മകൻ അജയൻ 31-10-2016-നുമുമ്പുള്ള പല ദിവസങ്ങളിലും വീട്ടിൽ മറ്റാരുമില്ലാത്ത സമയം പീഡിപ്പിക്കുന്നതിനായി കഴുത്തിലുംമറ്റും പിടിക്കുകയും ആഗ്രഹത്തിന് വഴങ്ങാത്തതിനാൽ ഫോണിലൂടെ അസഭ്യം പറയുകയും ചെയ്തുവെന്ന് കാണിച്ച് തിരുവല്ല ഡിവൈ.എസ്.പി. മുമ്പാകെ നല്കിയ പരാതിയിൽ തിരുവല്ല പോലീസ് സ്റ്റേഷനിൽ IPC 452, 294(b), 566(1), 323 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 3115/16 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ഈ കേസ് തിരുവല്ല എസ്.ഐ. അന്വേഷിച്ചുവരികയാണ്. മേൽപ്പറഞ്ഞ സ്ത്രീ പട്ടികവർഗ്ഗത്തിൽപ്പെട്ടതും പ്രതി പുലയ സമുദായത്തിൽപ്പെട്ടയാളുമാണ്.

വ്യത്യസ്ത കാലങ്ങളിൽ നടന്ന മേൽപ്പറഞ്ഞ അഞ്ച് കേസ്സുകളിലും പോലീസ് ഇപ്പോൾ ജാഗ്രതയോടെയും കാര്യക്ഷമതയോടെയും അന്വേഷണം നടത്തുകയാണ്. ചില കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. ഇത്തരം കേസ്സുകളിൽ മുഖം നോക്കാതെയുള്ള നടപടികളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. ഈ കേസ്സുകളിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. അനിൽ അക്കര : സർ, കേരളത്തിന്റെ വജ്ര ജൂബിലി ആഘോഷങ്ങൾ രണ്ടുദിവസം മുമ്പാണ് അഭിമാനപൂർവ്വം കൊണ്ടാടിയത്. കേരളത്തിന്റെ തനിമ, പാരമ്പര്യം, സംസ്കാരം, സാക്ഷരത, സൗന്ദര്യം, സ്ത്രീപക്ഷ നിലപാടുകൾ, സ്ത്രീസൗഹൃദ നിലപാടുകൾ ഇവയൊക്കെ ഏറെ ഉയർത്തിയാണ് നമ്മൾ നവകേരള സങ്കല്പത്തിലേയ്ക്ക് പോയത്. പക്ഷേ ഇതിന്റെ മഷി ഉണങ്ങുംമുമ്പ് "ലജ്ജിക്കു കേരളമേ" എന്ന തലക്കെട്ടോടെയും രോദനത്തോടെയുമാണ് ഇന്ന് മലയാളനാട് ഉണർന്നതെന്നത് വളരെയധികം സങ്കടമുണ്ടാക്കുന്നതാണ്. ഇവിടെ നിയമ വകുപ്പുമന്ത്രികൂടിയായ ശ്രീ. എ. കെ. ബാലൻ എന്റെ നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിശദീകരണം നൽകി. അങ്ങ് ആ വിഷയത്തിൽ പറഞ്ഞ കാര്യങ്ങളെല്ലാം തെറ്റാണ്. കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥർ അങ്ങയെ ഇങ്ങനെ തെറ്റിദ്ധരിപ്പിച്ചതിൽ ദുഃഖമുണ്ട്. ഈ സംഭവം നടന്നത് തലപ്പിള്ളി താലൂക്കിലെ വടക്കാഞ്ചേരി പഞ്ചായത്തിലുള്ള അത്താണി എന്ന പ്രദേശത്താണ്. പേരാമംഗലം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ് എന്നാണ് അങ്ങയുടെ മറുപടിയിൽ പറഞ്ഞത്. ഈ കേസ് രജിസ്റ്റർ ചെയ്തത് പേരാമംഗലം പോലീസ് സ്റ്റേഷനിലല്ല, മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിലാണ്. അതുകൊണ്ട് പോലീസ് വളരെ ലാഘവത്തോടെയാണ് ഈ വിഷയം കാണുന്നതെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇത് പഴയകാലത്ത് ആരോ ചെയ്തതാണ് എന്ന് സ്ഥാപിക്കാനുള്ള ശ്രമവും ഇവിടെ നടത്തുന്നുണ്ട്. അത് വളരെ മോശമാണെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സംഭവമുണ്ടായത് 2014 ഏപ്രിൽ മാസത്തിലാണ്. 2014 ഫെബ്രുവരി മാസത്തിലാണെന്നാണ് അങ്ങ് പറഞ്ഞത്. അത് പൂർണ്ണമായും തെറ്റാണ്. ഇത് അങ്ങ് പറഞ്ഞ പോലീസ് സ്റ്റേഷനിൽ സൈബർ സെല്ലിൽ കൊടുത്ത പരാതിയുടെ പകർപ്പും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന് 2016 ആഗസ്റ്റ് 13-ാം തീയതി രജിസ്റ്റേഡായി അയച്ച പരാതിയുടെ പകർപ്പുമാണ് (പരാതിയുടെ പകർപ്പ് ഉയർത്തിക്കാണിച്ചു). പരാതിക്കാസ്പദമായ സംഭവം നടന്നത് ഫെബ്രുവരി മാസത്തിലല്ല. അങ്ങയെ പോലീസ് ഉദ്യോഗസ്ഥർ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. ആഗസ്റ്റ് മാസത്തിലെ രണ്ടാമത്തെ ആഴ്ചയിൽ പരാതിക്കാരിയും ഭർത്താവും വടക്കാഞ്ചേരി കോടതിയുടെ പ്രമുഖ അഭിഭാഷകയായ വസന്ത പ്രമോദും മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ കൗൺസിലിംഗ് നടത്തുന്ന മാല എന്ന യുവതിയും ചേർന്ന് എന്നെ വന്നുകണ്ട് രണ്ടുമണിക്കൂർ സംസാരിച്ചതിനു ശേഷമാണ് എനിക്ക് പരാതിയുടെ പകർപ്പ് നൽകിയത്. വടക്കാഞ്ചേരി കോടതിയിലെ പ്രമുഖ അഭിഭാഷകയായ വസന്ത പ്രമോദിനെ വടക്കാഞ്ചേരിക്കാരനും സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. സി. മൊയ്തീന് അറിയാവുന്നതാണ്. പരാതിക്കാരിക്കുണ്ടായ മുഴുവൻ അനുഭവങ്ങളും

അവർ വിശദീകരിച്ചു. ഞാൻ ആ വിഷയങ്ങളിലേയ്ക്ക് കടക്കുന്നില്ല. അത്തരത്തിലുള്ള കാര്യങ്ങൾ ചർച്ച ചെയ്യാൻ പറ്റിയ ഒരു വേദിയല്ല ഇതെന്ന് എനിക്കറിയാം. എന്റെ സംസ്കാരം അതിനനുവദിക്കാത്തതുകൊണ്ട് ഞാനതിന്റെ ഉള്ളിലേയ്ക്ക് കടക്കുന്നില്ല. ഈ പരാതിക്കുശേഷം അവർ പേരാമംഗലം സി. ഐ. ശ്രീ. മണികണ്ഠന്റെ മുന്നിൽ മൊഴി കൊടുത്തപ്പോൾ അദ്ദേഹം വളരെ മോശമായിട്ടാണ് അവരോട് പെരുമാറിയത്. അദ്ദേഹം ഉപയോഗിച്ച വാക്കുകൾ ഫെയ്സ് ബുക്കിൽ നമ്മൾ കണ്ടതാണ്. ആ വാക്കുകളും ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നില്ല. എനിക്ക് അമ്മയും സഹോദരിമാരും മക്കളുമുള്ളതുകൊണ്ടാണ് ആ വാക്കുകൾ ഞാൻ ഇവിടെ സൂചിപ്പിക്കാത്തത്.

2014 ഏപ്രിൽ അവസാന ആഴ്ചയിലെ ഒരു ദിവസം ഉച്ചയ്ക്ക് ഒരു മണിക്ക് ജയന്തൻ ഫോൺ വിളിച്ചറിയിച്ചിട്ടാണ് പരാതിക്കാരിയെ പച്ച ക്വാളിസ് വാഹനത്തിൽ കൊണ്ടുപോകുന്നത്. പരാതിക്കാരിയുടെ ഭർത്താവും ജയന്തന്റെ സുഹൃത്തുമായ മഹേഷിന് ആക്സിഡന്റുണ്ടായി എന്നുപറഞ്ഞാണ് അവരെ കൊണ്ടുപോയത്. കുറുക്കഞ്ചേരിയിലുള്ള എലൈറ്റ് ആശുപത്രി കടന്ന് വാഹനം പോകുകയും എവിടേയ്ക്കാണ് പോകുന്നതെന്ന് പരാതിക്കാരി ചോദിച്ചപ്പോൾ ഒരാളെക്കൂടി വിളിക്കാനുണ്ടെന്ന് പറയുകയുംചെയ്തു. അതിനുശേഷം പണിനടന്നുകൊണ്ടിരിക്കുന്ന ഒരു വീടിനുമുന്നിൽ വാഹനം നിർത്തി. ജയന്തൻ എന്ന കൗൺസിലർ ഞങ്ങളുടെ ജില്ലയിൽ കെട്ടിടനിർമ്മാണ കരാർ ഏറ്റെടുത്ത് നടത്തുന്ന കോൺട്രാക്ടറാണ്. അദ്ദേഹം സി.പി.ഐ.(എം)-ൽ പ്രവർത്തിക്കാൻ തുടങ്ങിയത് അടുത്തകാലത്താണ്. ഈ വിഷയം മാർക്സിസ്റ്റ് പാർട്ടിയുമായോ അല്ലെങ്കിൽ ഒരു രാഷ്ട്രീയ വിഷയമായോ ബന്ധപ്പെടുത്താൻ ഒരു ശതമാനം പോലും ഞാൻ ആഗ്രഹിക്കുന്നില്ല. പീഡനത്തിന്റെ കാര്യങ്ങൾ എഴുതിയിരിക്കുന്നത് വായിച്ചാൽ മനസ്സിലാകും വളരെ മോശപ്പെട്ട രീതിയിലാണ് ആ സ്ത്രീ പിഡിപ്പിക്കപ്പെട്ടതെന്ന്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പരാതിക്കാരിയുമായി തെളിവെടുപ്പിന് പോയപ്പോൾ "പണിതീരാത്ത വീട് എവിടെ" എന്നാണ് പോലീസ് ചോദിച്ചത്. ആ വീട്ടിലാണ് എന്നെ പീഡിപ്പിച്ചതെന്ന് പരാതിക്കാരി പറഞ്ഞപ്പോൾ അത് പണിതീരാത്ത വീടല്ലല്ലോ എന്നുപറഞ്ഞ് പരിഹസിക്കുകയാണ് ചെയ്തത്. ഈ വിഷയം അവർ പ്രധാനപ്പെട്ട പലരുമായും സംസാരിച്ചിരുന്നു. കൗൺസിലിംഗ് നടത്തുന്ന മാല എന്ന സാമൂഹ്യ പ്രവർത്തകയും വസന്ത പ്രമോദ് എന്ന അഭിഭാഷകയും എന്നെ കണ്ടിരുന്നു. 'ഞാൻ ഇടതുപക്ഷ പ്രവർത്തകയാണ്, ഈ കേസിൽ പരാതിക്കാരി കുറ്റം ചെയ്തിട്ടില്ല, അവരുടെ ഭാഗത്താണ് നീതി എന്ന് ബോദ്ധ്യമായതുകൊണ്ടാണ് ഞാൻ എം.എൽ.എ.-യെ കാണാൻ വന്നത് എന്നാണ് അഭിഭാഷക എന്നോട് പറഞ്ഞത്. ഞാൻ അവരെ വിശ്വസിക്കുകയും എല്ലാവിധ സഹായങ്ങളും വാഗ്ദാനം ചെയ്യുകയും

ചെയ്തു. അവർ ആവശ്യപ്പെട്ടതനുസരിച്ച് അടുത്ത ദിവസം തൃശ്ശൂരിലെ എല്ലാ പത്രക്കാരെയും വിളിച്ച് 11 മണിക്ക് പത്രസമ്മേളനം അറേഞ്ച് ചെയ്തു. വടക്കാഞ്ചേരിയിലെ ഒരു വനിതാ കൗൺസിലറെ ചുമതലപ്പെടുത്തി ടാക്സി വിളിച്ച് അഭിഭാഷകയെ കാണാൻ ചെന്നപ്പോൾ വടക്കാഞ്ചേരിയിലെ നഗരസഭാ കൗൺസിലർമാരായ അഡ്വ. മനോജ്, അരവിന്ദാക്ഷൻ, അഡ്വ. മധു അമ്പലപുരം എന്നിവരുടെ നേതൃത്വത്തിൽ കേസ് അവിടെവച്ച് ഒത്തുതീർപ്പാക്കുകയും നിങ്ങളോടൊപ്പം ഞാൻ വരുന്നില്ലെന്നുമാണ് അവർ പറഞ്ഞത്. അവിടെവച്ച് അവർക്ക് ദേഹാസ്വാസ്ഥ്യമുണ്ടായതിനെത്തുടർന്ന് തലകറങ്ങി വീഴുകയും വടക്കാഞ്ചേരി ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. തൃശ്ശൂരിലെ പത്രക്കാരെല്ലാം വടക്കാഞ്ചേരി ജനറൽ ആശുപത്രിയിലേക്ക് പോയി. അവിടെ ചെന്നപ്പോൾ ഈ സ്ത്രീ അപ്രത്യക്ഷയാവുകയാണുണ്ടായത്. അതിനുശേഷം ഞാൻ നിരവധി തവണ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും അവരെ കണ്ടെത്താൻ കഴിഞ്ഞില്ല. അത്താണിയിലെ അവരുടെ വീട്ടിൽ ചെന്നപ്പോൾ വീട് പൂട്ടിക്കിടക്കുകയായിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ധാരാളം ദുരൂഹതകളുണ്ട്. ഇതിൽ പേരാമംഗലം സർക്കിൾ ഇൻസ്പെക്ടറുടെ ഉത്തരവാദിത്വത്തെക്കുറിച്ച് അന്വേഷിക്കണ്ടേ? ഈ പരാതി ഇപ്പോൾ അന്വേഷിക്കുന്നത് ഗുരുവായൂർ എ.സി.പി.-യാണ്. അദ്ദേഹവും തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണറും ദൈനംദിനം ഈ കേസ് വാച്ച് ചെയ്തിരുന്നവരാണ്. സ്പെഷ്യൽ ബ്രാഞ്ച് അന്വേഷിച്ച് ഈ സ്ത്രീയുടെ ഭാഗത്താണ് തെറ്റ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്വേഷണത്തിന് നേതൃത്വം കൊടുത്തവർ തന്നെ വീണ്ടും അന്വേഷിച്ചാൽ ഈ കേസ് തെളിയിക്കാൻ കഴിയുമോ? വസന്ത പ്രമോദ് എന്ന അഭിഭാഷക കുറ്റം ചെയ്തവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുമെന്നും തന്റെ കക്ഷിക്ക് നീതി വാങ്ങിക്കൊടുക്കുമെന്നും എനിക്ക് ഉറപ്പ് നൽകിയിട്ട് കേസ് സെറ്റിൽ ചെയ്യാൻ ശ്രമിച്ചത് ഒരു കോടതിയിലും ന്യായീകരിക്കാൻ കഴിയുന്നതല്ല. അവർക്കെതിരെയും അന്വേഷണം നടത്തണം. അതുപോലെ പേരാമംഗലം സി.ഐ., മെഡിക്കൽ കോളേജ് പോലീസ് ഇൻസ്പെക്ടർ, ഗുരുവായൂർ എ.സി.പി., സിറ്റി പോലീസ് കമ്മീഷണർ തുടങ്ങിയവരെയൊക്കെ അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരണം. പീഡനത്തിനുശേഷം പരാതിക്കാരി നാട്ടിൽ നിൽക്കാൻ കഴിയാതെ ഗൾഫിലേയ്ക്ക് പോയി. അവർ പോയതിനുശേഷം അവരുടെ നഗ്നചിത്രം മൊബൈൽ ഫോണിൽ എഡിറ്റ് ചെയ്ത് ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തു. ജയന്തന്റെ കൂട്ടാളികൾ ഈ സ്ത്രീയുടെ ഭർത്താവിന്റെ പേരിൽ വടക്കാഞ്ചേരി പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. പോലീസ് മഹേഷിനെ വിളിച്ചുവരുത്തി അയാളുടെ പേരിലെടുത്ത കള്ളക്കേസ് ഒത്തുതീർപ്പാക്കിവിട്ടു. അന്ന് വൈകുന്നേരം അരവിന്ദാക്ഷന്റെ നേതൃത്വത്തിൽ നാല് ആളുകൾ ഈ സ്ത്രീയെ അമ്പലത്തിനു സമീപംവച്ച് അസഭ്യം പറയുകയും വെല്ലുവിളിക്കുകയും ചെയ്തു. അങ്ങനെ നിരവധി

വിഷയങ്ങളുമായി നിരന്തരം മുന്നോട്ടുപോയ കേസാണിത്. ഈ കേസ് ലാഘവ ബുദ്ധിയോടെ ഒറ്റവരി പ്രമേയമായി എഴുതിത്തള്ളാൻ കഴിയുമോ? ഇത്രയേറെ അപമാനകരമായ രീതിയിലാണ് കേസ് നടക്കുന്നത്. ശ്രീ. ജയന്തൻ അദ്ദേഹത്തിന്റെ ഫെയ്സ് ബുക്കിൽ "ആണായി പിറന്നവന്റെ കയ്യിൽ ആഭ്യന്തരം കിട്ടിയാൽ പ്രതി ആസാമിലായാലും പിടിക്കും" എന്ന് പോസ്റ്റ് ചെയ്തിട്ടുണ്ട്. ഫെയ്സ് ബുക്ക് പോസ്റ്റിംഗിലെ ഈ വെല്ലുവിളി ഏറ്റെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറുണ്ടോ എന്ന് ചോദിക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ സ്ത്രീകൾക്ക് നേരെയും 90 വയസ്സുകഴിഞ്ഞ വൃദ്ധകൾക്കുനേരെയും ഇത്തരത്തിലുള്ള നിരവധി പീഡനങ്ങൾ ഉണ്ടാകുന്നുണ്ട്.

മി. സ്പീക്കർ : പ്ലീസ്..... പത്ത് മിനിട്ട് കഴിഞ്ഞു.

ശ്രീ. അനിൽ അക്കര : സർ, ഈ വിഷയം രാഷ്ട്രീയമായി ഉപയോഗിക്കാൻ കിട്ടുന്ന ആയുധമായിട്ടുപോലും ഞാൻ സത്യസന്ധതകൊണ്ടും എന്റെ സഹോദരിയെപ്പോലെ ഈ സ്ത്രീയെ കണ്ടതുകൊണ്ടും അതിന് ശ്രമിക്കാതെ മുന്നോട്ടുപോയ പൊതുപ്രവർത്തകനാണ്. ഞാൻ താമസിക്കുന്നത് വടക്കാഞ്ചേരിയിലാണ്. ഞാൻ മാത്രമല്ല, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. സി. മൊയ്തീൻ, ശ്രീ. പി. കെ. ബിജു എം.പി., ശ്രീമതി കെ.പി.എ.സി. ലളിത എന്നിവരെല്ലാം വടക്കാഞ്ചേരി യിലാണ് താമസിക്കുന്നത്. ഇത്തരം വിഷയങ്ങളിൽ ഇടപെടാൻ പ്രാപ്തിയുള്ള ആളുകൾ വടക്കാഞ്ചേരിയിലുള്ളപ്പോൾ ഈ ദുരനുഭവം എന്റെ സഹോദരിക്കോ നിങ്ങളുടെ സഹോദരിക്കോ ഉണ്ടായാൽ നമ്മളെങ്ങനെയാണ് പ്രതികരിക്കുക.

മി. സ്പീക്കർ : പ്ലീസ്..... 11 മിനിട്ട് ആയി.

ശ്രീ. അനിൽ അക്കര : സർ, അതുകൊണ്ട് നമുക്ക് രാഷ്ട്രീയവും കക്ഷി രാഷ്ട്രീയ വിഷയങ്ങളും മാറ്റിവച്ച് നമ്മുടെ അമ്മയ്ക്കോ സഹോദരിക്കോ മകൾക്കോ ഉണ്ടായ അനുഭവം എന്നതുപോലെ ഈ വിഷയം നെഞ്ചിലേറ്റി അന്വേഷിക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ കേസ് അന്വേഷിച്ച ഉദ്യോഗസ്ഥരെ മാറ്റിനിർത്തി എ.ഡി.ജി.പി. റാങ്കിലുള്ള വനിതാ ഉദ്യോഗസ്ഥയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ ബാലൻ) : സർ, ഞാൻ അഞ്ച് കാര്യങ്ങളാണ് മറുപടിയിൽ പറഞ്ഞത്. അതിൽ ഒരു കാര്യം മാത്രം തെറ്റാണെന്നാണ് ശ്രീ. അനിൽ അക്കര പറയുന്നത്. ബാക്കിയുള്ള കാര്യങ്ങളെ സംബന്ധിച്ച് അദ്ദേഹം ഒന്നും പറഞ്ഞിട്ടില്ല.

ശ്രീ. അനിൽ അക്കര : സർ, ബഹുമാനപ്പെട്ട സ്പീക്കർ നിർബന്ധിച്ചതു കൊണ്ടാണ് ഞാൻ അവസാനിപ്പിച്ചത്.

മി. സ്പീക്കർ : ചെയർ നിർബന്ധിച്ചതല്ല. 10-11 മിനിട്ടായതുകൊണ്ട് ഇടപെട്ടതാണ്. മാത്രമല്ല, രാവിലെ എന്നോട് അങ്ങ് പറഞ്ഞത് 10 മിനിട്ട് മതിയെന്നാണ്. താങ്കൾ വളരെ നന്നായി കാര്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

ശ്രീ. എ. കെ ബാലൻ : സർ, അദ്ദേഹം പറഞ്ഞത് വളരെ ശരിയാണ്. ആദ്യത്തെ ഒരു കാര്യത്തിനാണ് പ്രാധാന്യമുള്ളത്. ബാക്കിയുള്ള കാര്യങ്ങൾ സംബന്ധിച്ച് വിശദീകരിച്ചപ്പോൾ പ്രതിഷേധം ഉണ്ടായിരുന്നെങ്കിൽ അത് പറയുമായിരുവെന്നാണ് ഞാൻ സൂചിപ്പിച്ചത്. ആദ്യത്തെ കാര്യത്തിൽ രണ്ട് ഫാക്ച്വൽ എറർ എന്റെ മറുപടിയിലുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. ഒന്ന്, തൃശ്ശൂർ വടക്കാഞ്ചേരി സ്വദേശിനിയായ 34 വയസ്സുള്ള യുവതിയെ 2014 ഏപ്രിൽ മാസം അവസാന ആഴ്ചയിലെ ഒരു ദിവസം ഉച്ചയ്ക്ക് ഒരു മണിയോടെ തലപ്പിള്ളി താലൂക്ക് മിണാലൂർ വില്ലേജ് പറങ്ങനാട് വീട്ടിൽ ജയന്തൻ, യുവതിയുടെ ഭർത്താവിന് അപകടം സംഭവിച്ചെന്നും ഉടൻ കാറിൽ ചെല്ലണമെന്നും ഫോണിൽ അറിയിച്ചതിനെത്തുടർന്ന് ജയന്തൻ, ജയന്തന്റെ അനുജൻ തുടങ്ങിയ നാലുപേർ കാറിൽ കൂട്ടിക്കൊണ്ടുപോയെന്നാണ് ഞാൻ പറഞ്ഞത്. ഫെബ്രുവരി എന്നല്ല, 2014 ഏപ്രിൽ മാസമെന്നുതന്നെയാണ് പറഞ്ഞത്, കാരണം ഇത് എഴുതിത്തയ്യാറാക്കിയ സ്റ്റേറ്റ്മെന്റാണ്.

രണ്ട്, 13-8-2016-ലെ പരാതി തൃശ്ശൂർ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ IPC 376 (d), 566(1) വകുപ്പുകൾ പ്രകാരം ക്രൈം 1651/16-ാം നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും തുടരന്വേഷണം പേരാമംഗലം പോലീസ് ഇൻസ്പെക്ടർ നടത്തിയിട്ടുള്ളതുമാണ്. ഇതാണ് സത്യസന്ധമായിട്ടുള്ള കാര്യം. എന്റെ ഭാഗത്തുനിന്നോ ഗവൺമെന്റിന്റെ ഭാഗത്തു നിന്നോ ഒരു ഫാക്ച്വൽ എററും സംഭവിച്ചിട്ടില്ല. ഇപ്പോൾ അന്വേഷിക്കുന്നത് ഗുരുവായൂർ എ.സി.പി. ആണ്. ഇവിടെപ്പറഞ്ഞ കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട മെമ്പർക്ക് എഴുതിയും മൊഴിയായും xxxxx.*...... (ബഹളം)........

മി. സ്പീക്കർ: അദ്ദേഹം മറുപടി പറയട്ടെ. ....(ബഹളം)....... അദ്ദേഹം പറഞ്ഞ് പൂർത്തീകരിക്കട്ടെ. ദയവായി ഇരിക്കൂ. പ്ലീസ്.......... ദയവായി അദ്ദേഹം

---

* പിൻവലിച്ചു

പൂർത്തീകരിക്കട്ടെ. ........(ബഹളം)........ മറുപടി പൂർത്തീകരിച്ചിട്ടില്ല. പ്ലീസ്........

ശ്രീ. എ. കെ ബാലൻ: സർ, ഇൻവെസ്റ്റിഗേഷന്റെ ഭാഗത്തുനിന്നും എന്തെങ്കിലും കുറവ് വരുന്നെങ്കിൽ ........(ബഹളം)......... ആദ്യം ഞാൻ പറയുന്നത് കേൾക്കൂ.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഒരംഗം ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ അതിന്റെ വിശദാംശങ്ങൾ XXXXX* ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് മര്യാദയാണോ ; ശരിയായ നടപടിയാണോ?

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പറയുന്നത് കേൾക്കൂ. അന്വേഷണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ.........(ബഹളം)......... പ്രതിപക്ഷ നേതാവേ ഞാൻ പറയുന്നത് കേൾക്കൂ.

ശ്രീ. പി. ടി. തോമസ് : സർ, പോയിന്റ് ഓഫ് ഓർഡർ...........

ശ്രീ. എ. കെ. ബാലൻ : സർ, അടിയന്തരപ്രമേയത്തിൽ പോയിന്റ് ഓഫ് ഓർഡറില്ല...........(ബഹളം)............

മി. സ്പീക്കർ: വിശദീകരണം കഴിയട്ടെ. അദ്ദേഹം ഉദ്ദേശിച്ചതെന്താണെന്ന് പറയട്ടെ. മന്ത്രി ഉദ്ദേശിച്ചത് പറയൂ........(ബഹളം).........

ശ്രീ. എ. കെ. ബാലൻ : സർ, വാചകം പൂർത്തീകരിക്കട്ടെ. ഞാൻ പറയുന്നത് കേൾക്കൂ. പറയുന്നതിൽ തെറ്റുണ്ടെങ്കിൽ നിങ്ങൾ പറയൂ. അന്വേഷണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും രൂപത്തിലുള്ള പരാതിയുണ്ടെങ്കിൽ എ.സി.പി.-യെ അറിയിക്കണ്ട, ഗവൺമെന്റിനെ അറിയിച്ചോളൂ.

ശ്രീ. രമേശ് ചെന്നിത്തല : സർ, ബഹുമാന്യനായ മന്ത്രി അങ്ങനെ ഉദ്ദേശിച്ച പറഞ്ഞതല്ല, അങ്ങത് പിൻവലിക്കണം. സഭയിലെ ഒരംഗം അദ്ദേഹത്തിന്റെ മണ്ഡലത്തിൽ നടന്ന ക്രൂരമായ കൂട്ട ബലാൽസംഗത്തെക്കുറിച്ച് ഉത്തരവാദിത്വത്തോടെ പറഞ്ഞപ്പോൾ XXXXX* പറയുന്നത് സാമാന്യമര്യാദയാണോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ ഉദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. എ. കെ ബാലൻ: സർ, ഇല്ല. ഞാൻ പറയുന്നത്, പരാതി XXXXX* ഗവൺമെന്റിന് തന്നാൽ മതിയെന്നാണ്......(ബഹളം).......

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് സഭയിൽ ഉന്നയിച്ച ഒരംഗത്തിന്റെ അവകാശത്തിൽ ഇടപെട്ടുകൊണ്ടാണോ സംസാരിച്ചത് ? ചെയറിന്റെ അഭിപ്രായം

* പിൻവലിച്ചു

കൂടി കേൾക്കൂ. സഭയിൽ ഒരംഗം ഉന്നയിക്കുന്ന കാര്യങ്ങൾ മുഖവിലയ്ക്കെടുക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇവിടെ പ്രശ്നമതല്ല. ഈ സഭയിലെ ഉത്തരവാദപ്പെട്ട ഒരംഗം അദ്ദേഹത്തിന്റെ മണ്ഡലത്തിൽ നടന്ന കൂട്ടബലാൽസംഗത്തെക്കുറിച്ച് പറയുമ്പോൾ, xxxxx* സഭയോടും സഭയിലെ അംഗത്തിനോടുമുള്ള അവഹേളനമാണ്. അത് പിൻവലിക്കണം.

ശ്രീ. എ. കെ ബാലൻ: സർ, ഞാനത് പിൻവലിച്ചു. ....(ബഹളം)....

മി. സ്പീക്കർ: അദ്ദേഹം പിൻവലിച്ചു.

ശ്രീ. എ. കെ ബാലൻ: സർ, തെറ്റായ ധാരണയിലാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പരാമർശം നടത്തിയത്. ഞാനത് മുഖവിലയ്ക്കെടുക്കുന്നു. xxxxx*....(ബഹളം)....

മി. സ്പീക്കർ : അംഗം പറഞ്ഞത് മുഖവിലയ്ക്കെടുക്കുന്നുവെന്നും അദ്ദേഹത്തിന്റെ പരാമർശം പിൻവലിക്കുന്നുവെന്നും പറഞ്ഞുകഴിഞ്ഞു.

ശ്രീ. എ. കെ ബാലൻ : സർ, ബഹുമാനപ്പെട്ട മെമ്പർ കുറച്ച് കാര്യങ്ങൾ പുതിയതായി പറഞ്ഞിട്ടുണ്ട്. അക്കാര്യങ്ങളെല്ലാം ഗവൺമെന്റ് മുഖവിലയ്ക്കെടുക്കുന്നു. അദ്ദേഹത്തിന് ഇൻവെസ്റ്റിഗേഷനുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ബഹുമാനപ്പെട്ട എം.എൽ.എ.-യെ ഉത്തമവിശ്വാസത്തിലെടുത്തുകൊണ്ടും അദ്ദേഹം പറഞ്ഞ കാര്യങ്ങൾ മുഖവിലയ്ക്കെടുത്തുകൊണ്ടും ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഈ സഭയിൽ ഒരംഗം ഉത്തരവാദിത്വത്തോടെ ഒരു കാര്യം പറഞ്ഞാൽ അത് ഗവൺമെന്റ് മുഖവിലയ്ക്കെടുത്താൽ മതി, വേറെ പെറ്റീഷൻ വേണ്ട.

ശ്രീ. എ. കെ ബാലൻ : സർ, ഇവിടെപ്പറഞ്ഞ കാര്യങ്ങളെല്ലാം രേഖയിലുണ്ട്, അതെല്ലാം ഗവൺമെന്റ് മുഖവിലയ്ക്കെടുക്കാം. അന്വേഷണത്തിന്റെ ഭാഗമായി ഏതെങ്കിലും രൂപത്തിലുള്ള പരാതി പ്രതിപക്ഷത്തിനുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. നമ്മുടെ നാടിന്റെ യശ്ശസ്സിനും സുരക്ഷിതത്വത്തിനും ഭീതികൂടാതെ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യത്തിനും തടസ്സമാകുന്ന ഒരു സംഭവത്തെയും സർക്കാർ നിസ്സാരമായി കാണുന്നില്ല. നമുക്കിടയിൽ ഉണ്ടായിട്ടുള്ള

* പിൻവലിച്ചു

ഇത്തരം പ്രവണതകൾക്കെതിരെ ഭരണ-പ്രതിപക്ഷ ഭേദമെന്യേ ഒന്നിച്ചാണ് നീങ്ങേണ്ടത്.

10.00 A.M.]

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം, മൊബൈലുകളുടെയും ഇന്റർനെറ്റിന്റേയും ദുരുപയോഗം എന്നിവ സമൂഹത്തിൽ പ്രത്യേകിച്ച് പുതിയ തലമുറയ്ക്കിടയിൽ സാമൂഹിക ബോധത്തിന് കോട്ടമുണ്ടാക്കിയിട്ടുണ്ട്. ഇതിനെതിരായി ജാഗ്രതയോടെയുള്ള പ്രവർത്തനമാണ് നാം നടത്തേണ്ടത്. കുറ്റകൃത്യങ്ങൾ കൂടിക്കൂടിവരുന്നുവെന്നത് യാഥാർത്ഥ്യമാണ്. പ്രത്യേകിച്ച് സ്ത്രീ പീഡനങ്ങളും സ്ത്രീകളെ അപമാനിക്കലും ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനെതിരായ ശക്തമായ നിലപാടാണ് നാം സ്വീകരിക്കേണ്ടത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട റേപ്പ് വിത്ത് മർഡർ 14 എണ്ണമാണ്. റേപ്പ് 5615-ഉം molestation of women 18917-ഉം സെക്ഷൻ 304(ബി) പ്രകാരമുള്ള കേസ് 96-ഉം 498(എ) പ്രകാരമുള്ളത് 22176-ഉം ആണ്. സ്ത്രീ പീഡനങ്ങളുടെയും സ്ത്രീകളെ അപമാനിക്കുന്നതിന്റെയും ബലാത്സംഗത്തിന്റെയും കൊലപാതകത്തിന്റെയും ഭീകര ചിത്രമാണിത്. ഇതിനെതിരായി ശക്തമായ നിലപാട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരുപരിധിവരെ സ്വീകരിച്ചിട്ടുണ്ട്. ഇല്ലെന്ന് ഞങ്ങൾ പറയുന്നില്ല. എല്ലാ കേസ്സിലെയും പ്രതികളെ പിടിക്കാൻ സാധിച്ചിട്ടില്ല. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഏതെങ്കിലും ഒരു പരാതിയിൽ പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിൽ വീഴ്ച സംഭവിച്ചുവെന്ന് സ്പെസിഫിക്കായി പ്രതിപക്ഷത്തിന് സൂചിപ്പിക്കാൻ കഴിഞ്ഞാൽ അത് ഞങ്ങൾ അംഗീകരിക്കാം. പക്ഷെ ഏറ്റവും ശക്തമായ നിലപാടാണ് ഇത്തരം കാര്യങ്ങളിൽ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. യാതൊരു സംശയവും വേണ്ട, നിങ്ങളിപ്പോൾ പാർട്ടിയുടെ പേര് പറഞ്ഞിട്ടില്ല വളരെ നല്ലതുതന്നെ, ഇനി പാർട്ടിയുടെ പേരുപറഞ്ഞാലും പ്രശ്നമില്ല. ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ആളാണെങ്കിലും 'ഉപ്പുതിന്നവനെക്കൊണ്ട് വെള്ളം കുടിപ്പിക്കും'. മാത്രമല്ല നിയമത്തിനുമുന്നിൽ കൊണ്ടുവരും. ആരായാലും ഇതിന് നേതൃത്വം കൊടുക്കുന്നവർക്ക് പൊതുസമൂഹത്തിൽ ഒരു സ്ഥാനവുമുണ്ടാകില്ല, ഒരു പാർട്ടിയിലും അംഗത്വവുമുണ്ടാകില്ല, ഒരുതരത്തിലും അവരെ സംരക്ഷിക്കില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച് 2016 ആഗസ്റ്റിൽ യുവതി അയച്ച രജിസ്റ്റേഡ് കത്ത് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മുഖ്യമന്ത്രി എന്തുനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടിയാണല്ലോ ഞാൻ മറുപടി പറയുന്നത്. റിക്കോർഡ് നോക്കിയതിനുശേഷം മാത്രമേ മറുപടി

പറയാൻ സാധിക്കുകയുള്ളൂവെന്ന് ബഹുമാനപ്പെട്ട അങ്ങേയ്ക്കറിയാമല്ലോ. ഒരു കാര്യം ഞാൻ പറയാം, ഇക്കാര്യം വളരെ സീരിയസ്സായാണ് ഗവൺമെന്റ് കാണുന്നത്. ഇതുമായി ബന്ധപ്പെട്ട് ഒരാക്ഷേപവും പ്രതിപക്ഷത്തിന് ഉണ്ടാകാത്ത രൂപത്തിലായിരിക്കും കേരളത്തിലെ ആഭ്യന്തര വകുപ്പിന്റെ അന്വേഷണം. ഒരു പരാതിക്കുള്ള അവസരവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ല. ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ പാർട്ടിയുമായി എന്തെങ്കിലും തരത്തിലുള്ള അഫിലിയേഷനുണ്ടെന്ന കാരണത്താൽ പ്രതികളെ സംരക്ഷിക്കുന്നുവെന്ന തോന്നൽ പ്രതിപക്ഷത്തിനുണ്ടാകില്ല. അതിനുള്ള അവസരം ഗവൺമെന്റ് കൊടുക്കില്ല. ഈ ഉറപ്പിന്മേൽ അടിയന്തരപ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, കേരളം അപമാനഭാരത്താൽ തലകുനിക്കേണ്ട ദിവസങ്ങളാണിപ്പോൾ. ഇന്നലെ ഒറ്റദിവസം കൊണ്ട് റിപ്പോർട്ട് ചെയ്തത് രണ്ട് കൂട്ടബലാത്സംഗങ്ങളും മൂന്ന് പീഡന കേസ്സുകളുമാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് കേരളം സ്ത്രീ പീഡനക്കാരുടെ പറുദീസയായി മാറുകയാണ്. ദ്രൗപതിമാർ ഇവിടെ ദിവസവും വസ്ത്രാക്ഷേപം ചെയ്യപ്പെടുകയാണ്. ....(ബഹളം)....

മി. സ്പീക്കർ : പ്ലീസ്.... പ്രതിപക്ഷനേതാവ് സംസാരിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇവിടെ ഞങ്ങൾക്ക് പറയാനുള്ളത് പറയാൻ അനുവദിക്കുകയില്ലെന്ന നിലപാടാണോ ഭരണപക്ഷത്തിന്റേത് ; അങ്ങ് ഞങ്ങൾക്ക് സംരക്ഷണം നൽകേണ്ടതല്ലേ ? .......(ബഹളം)........

മി. സ്പീക്കർ : നിശബ്ദമായിരിക്കു . പ്ലീസ്......

ശ്രീ. രമേശ് ചെന്നിത്തല: സർ, മന്ത്രി ഇവിടെ സംസാരിച്ചപ്പോൾ ഞങ്ങൾ സശ്രദ്ധം കേൾക്കുകയായിരുന്നല്ലോ.

മി. സ്പീക്കർ : പ്ലീസ്.. അങ്ങ് സംസാരിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇവിടെ ഇന്ന് എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിട്ടുള്ളത്, 'ലജ്ജിക്കുക കേരളമേ' എന്നാണ്. 'സംസ്ഥാനത്ത് ഒറ്റദിവസം റിപ്പോർട്ട് ചെയ്തത് രണ്ട് കൂട്ട ബലാത്സംഗം മൂന്ന് പീഡനക്കേസ്'. മലയാള മനോരമ പത്രത്തിൽ പറഞ്ഞിരിക്കുന്നത് 'സി.പി.എം. നേതാവും സംഘവും ചേർന്ന്



1752/2018.

പീഡിപ്പിച്ചെന്ന പരാതിയുമായി യുവതി', 'വീട്ടമ്മയുടെ വെളിപ്പെടുത്തലിൽ അന്വേഷണത്തിന് ഉത്തരവ്', 'സി.പി.ഐ.(എം) കൗൺസിലറും, സംഘവും മാനഭംഗപ്പെടുത്തിയെന്ന് യുവതി'. ഇത്തരം ഞെട്ടിപ്പിക്കുന്ന വാർത്തകളാണ് ഇന്ന് കേരളത്തിലെ എല്ലാ മാധ്യമങ്ങളും പുറത്തുകൊണ്ടുവന്നിട്ടുള്ളത്. ഇവിടെ ബഹുമാന്യനായ വടക്കാഞ്ചേരി മെമ്പർ ഞങ്ങളിവിടെ രാഷ്ട്രീയം കാണുന്നില്ലെന്ന് പറഞ്ഞു. ശരിയാണ്. അപ്പുറത്തിരിക്കുന്ന ആളുകൾ സ്ത്രീപീഡനങ്ങളെ രാഷ്ട്രീയവൽക്കരിച്ചതിന് എത്രയോ ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. വടക്കാഞ്ചേരിയിലുണ്ടായ ഈ സംഭവം അതീവ ഗുരുതരമായ വിഷയമാണ്. കേരളത്തിലെ മാധ്യമങ്ങൾ മാത്രമല്ല നാഷണൽ മീഡിയ മുഴുവൻ ഇന്നലെ ഈ വാർത്തകളാണ് റിപ്പോർട്ട് ചെയ്തത്. കേരളത്തിന് അപമാനകരമായ സംഭവമാണ് ഇവിടെ ഉണ്ടായത്. ഭർത്താവിന്റെ സുഹൃത്തുക്കൾ ചേർന്ന് കാറിൽ കൂട്ടിക്കൊണ്ടുപോയി ഒരു സ്ത്രീയെ പീഡിപ്പിച്ചു. അതിന്റെ വിശദാംശങ്ങളെല്ലാം ശ്രീ. അനിൽ അക്കര ഇവിടെ വിശദീകരിക്കുകയുണ്ടായി. ഞാൻ ഇവിടെ ഉന്നയിക്കുന്ന പ്രധാനപ്പെട്ട കാര്യം, മാനഭംഗം നടന്നതിനുശേഷം പോലീസിന്റെ ഭാഗത്തുനിന്ന് സ്വീകരിച്ച നടപടികളെന്തായിരുന്നു; കേരളത്തിലെ പോലീസിന് അപമാനകരമായ നടപടിയാണ് ഇവിടെ ഉണ്ടായത്. സംസ്ഥാനത്ത് അധികാരത്തിലിരിക്കുന്ന ഗവൺമെന്റിന് പ്രതികളെ പിടിക്കാൻ ചുമതലയില്ലേ; മാനഭംഗം നടത്തിയതിനേക്കാൾ വലിയ പീഡനം പോലീസ് സ്റ്റേഷനിൽ ഈ സ്ത്രീക്കുണ്ടായി എന്നാണ് അവർ ആരോപിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. സാധാരണ സെക്ഷൻ 164 പ്രകാരം കേസ്സെടുക്കുന്നത് ഒന്നുകിൽ പ്രതിയുടെ സ്വന്തമായ അഭിപ്രായമനുസരിച്ചാകണം അല്ലെങ്കിൽ മറ്റ് ചില ഘട്ടങ്ങളിൽ പോലീസ് കേസ്സെടുക്കാറുണ്ട്. എന്നാൽ ഇവിടെ സെക്ഷൻ 164 പ്രകാരം കേസ്സെടുത്ത സംഭവം എത്രമാത്രം ഗുരുതരമാണ്. പോലീസ് നിർബന്ധിപ്പിച്ച് സെക്ഷൻ 164 പ്രകാരം കേസ്സെടുക്കണമെന്നാണ് ഈ കേസ്സിൽ പറഞ്ഞിട്ടുള്ളത്. ബലാത്സംഗം ഉണ്ടായിട്ടില്ലെന്ന് വരുത്താൻവേണ്ടി പേരാമംഗലം പോലീസ് ഈ സ്ത്രീയെ നിർബന്ധിപ്പിച്ച് മൊഴികൊടുപ്പിച്ചുവെന്നുള്ളതാണ് ഇവിടത്തെ ഗുരുതരമായ പ്രശ്നം. എന്തുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രി അയാളെ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചില്ല; ഈ വാർത്തയറിഞ്ഞപ്പോൾ എന്തുകൊണ്ട് അന്വേഷണ വിധേയമായി ആ പോലീസ് ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യുന്നില്ല? ഇവിടെ ഇന്ന് പറയുന്നത് എന്താണ്; പോലീസിന് വീഴ്ച സംഭവിച്ചിട്ടില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ പറയുന്നു. ഇത്രയും ഗുരുതരമായ കൃത്യവിലോപം നടത്തിയ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പേരിൽ നടപടി എടുക്കേണ്ടതില്ല എന്നാണ് അന്വേഷണ ഉദ്യോഗസ്ഥൻ പറയുന്നത്. കേട്ടാലറയ്ക്കുന്ന വാക്കുകൾ

ഉപയോഗിച്ചാണ് പോലീസ് ഈ സ്ത്രീയോട് സംസാരിച്ചത്. നമുക്കത് ആവർത്തിക്കാൻപോലും കഴിയില്ല. നാട്ടുകാരുടെ മുമ്പിൽ വച്ചാണ് സ്ത്രീയെ ചോദ്യം ചെയ്തത്. പേരാമംഗലം സി.ഐ.-യെ ഉടനടി സസ്പെന്റ് ചെയ്യാൻ എന്തുകൊണ്ട് മുന്നോട്ടുവന്നില്ല; എന്തുകൊണ്ട് ഈ അന്വേഷണ ഉദ്യോഗസ്ഥർ അദ്ദേഹത്തിന് ക്ലീൻ ചിറ്റ് നൽകുന്നു; ഇതിന്റെ പിന്നിൽ രാഷ്ട്രീയ സമ്മർദ്ദമുണ്ട് എന്ന് ആരെങ്കിലും വിശ്വസിച്ചാൽ അവരെ തെറ്റുപറയാൻ കഴിയുമോ? 2013-ലെ ക്രിമിനൽ നിയമ ഭേദഗതി അനുസരിച്ച് ലൈംഗികച്ചുവയുള്ള പരാമർശം നടത്തുന്നത് പീഡനമാണ്. ഐ.പി.സി. 354(എ) പ്രകാരം ഇത് കുറ്റകരമാണ്. ഒരു വർഷം കഠിനതടവിന് ശിക്ഷിക്കണം. ഈ സി.ഐ.-ക്ക് ഇത് ബാധകമല്ലേ? ബഹുമാന്യനായ നിയമ വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ് ആ സി.ഐ.-യുടെ പേരിൽ അടിയന്തരമായി നടപടി സ്വീകരിക്കണം. സി.ഐ.-യെ സസ്പെന്റ് ചെയ്യണം. സസ്പെന്റ് ചെയ്തുകൊണ്ടുള്ള ഒരന്വേഷണമാണ് ഇവിടെ ആവശ്യമായിട്ടുള്ളത്. നിങ്ങൾ അന്വേഷണം ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്?

ശ്രീ. ഇ. പി. ജയരാജൻ : സർ, ഈ സംഭവം നടക്കുന്ന സമയം അങ്ങ് ഇവിടത്തെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നു. വടക്കാഞ്ചേരി എം.എൽ.എ. അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. സി. എൻ. ബാലകൃഷ്ണനാണ്. രണ്ടുവർഷംമുമ്പ് നടന്ന ഇത്രയും പ്രമാദമായ വിഷയത്തിന്മേൽ നടപടി സ്വീകരിക്കാനും ഈ സഭയുടെ മുമ്പാകെ കൊണ്ടുവരാനും എന്തുകൊണ്ട് സാധിച്ചില്ല; അങ്ങ് ഇപ്പോഴും ശ്രീ. അനിൽ അക്കര പറയുന്ന നിലപാടിനോടൊപ്പമാണോ? അങ്ങ് ഒന്ന് അന്വേഷിച്ചുനോക്കണം.

ശ്രീ. രമേശ് ചെന്നിത്തല : സർ, അങ്ങ് ഒരു കാര്യം മനസ്സിലാക്കണം. സംഭവം നടന്നിട്ട് പരാതി വന്നത് 2016-ലാണ്. പരാതി ലഭിക്കാതെ പോലീസിന് അന്വേഷിക്കാൻ കഴിയില്ല. പരാതി പോലീസിൽ കിട്ടാതെ പോലീസ് എങ്ങനെ അന്വേഷിക്കും? .....(ബഹളം)......

മി. സ്പീക്കർ : പ്ലീസ്...... പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോഴെങ്കിലും നിങ്ങൾ അടങ്ങിയിരിക്കണം.

ശ്രീ. രമേശ് ചെന്നിത്തല : സർ, മി. ജയരാജൻ, അന്ന് അങ്ങേയ്ക്ക് തൃശ്ശൂർ ജില്ലയിലെ പാർട്ടിയുടെ ചുമതലയുണ്ടായിരുന്നല്ലോ. എന്നിട്ടും ജയന്തൻ ഉൾപ്പെടെയുള്ള ആളുകളെ അങ്ങ് എന്തിനാണ് സംരക്ഷിച്ചത് ? എന്തുകൊണ്ട് അവരെ പുറത്താക്കിയില്ല?

ശ്രീ. എ. കെ. ബാലൻ: സർ, 2014-ൽ നടന്ന സംഭവത്തിന്മേൽ 2016-ൽ പരാതി ലഭിച്ചതിനെത്തുടർന്ന് ഈ വിഷയം ഗവൺമെന്റ് ഗൗരവത്തിലാണ് കണ്ടത്. താങ്കളുടെ കാലത്ത് ബലാൽസംഗവുമായി ബന്ധപ്പെട്ട് 376 പ്രകാരം എഫ്.ഐ.ആർ. ഇട്ടിട്ടുപോലും പ്രതിയെ പിടിച്ചിട്ടില്ലല്ലോ. ......(ബഹളം)......

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഒരു സംശയവും വേണ്ട. ഇവിടെ പ്രശ്നം അതല്ലല്ലോ. ......(ബഹളം)......

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, ഇന്ന് ശ്രീ. അനിൽ അക്കര ഉന്നയിച്ച വിഷയം വളരെ ഗൗരവമുള്ളതാണ് എന്നതിന് യാതൊരു തർക്കവുമില്ല. പക്ഷെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ നിയമസഭയിൽ അംഗമായിരുന്ന ഒരു എം.എൽ.എ.-ക്കെതിരെ വളരെ ഗുരുതരമായ ആരോപണം ഉയർന്നുവന്നു. അക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്; ആ പരാതി യഥാർത്ഥത്തിൽ സർക്കാർ മുക്കുകയല്ലേ ചെയ്തത്?

<u>ശ്രീ. അനിൽ അക്കര</u> : സർ, അങ്ങ് വെറുതെ തെറ്റിദ്ധരിപ്പിക്കരുത്. ഈ സംഭവമുണ്ടായതിനുശേഷം ആ സ്ത്രീ ജീവിക്കാനായി ഗൾഫിൽ പോയി. അതിനുശേഷം അവരുടെ ഭർത്താവിന്റെ പേരിൽ പോലീസ് കേസ്സെടുത്തു. 2016 ജൂലൈ 17-ന് ഈ സ്ത്രീ നാട്ടിൽ വന്നതിനുശേഷമാണ് പരാതി കൊടുക്കുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ഈ സ്ത്രീ പരാതി കൊടുത്ത സമയത്ത് പോലീസ് അന്വേഷിച്ചോ എന്നതാണ് ഇവിടത്തെ പ്രശ്നം. പേരാമംഗലം സി.ഐ. മൊഴിമാറ്റി പറയാൻ സമ്മർദ്ദം ചെലുത്തുന്നു എന്നതാണ് പ്രശ്നം. അവരെ വാക്കുകൾകൊണ്ട് നോവിക്കുന്നു, ഇന്ത്യയിലെ പുതിയ ശിക്ഷാ നിയമങ്ങളനുസരിച്ച് അങ്ങനെ ചെയ്താൽ making sexually coloured remarks... അങ്ങനെയുണ്ടെങ്കിൽപ്പോലും അത് കുറ്റകരമാണ്. പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ making sexually coloured remarks കുറ്റകരമാണ്. അങ്ങയുടെ ഡി.ജി.പി. ശ്രീ. ഋഷിരാജ് സിംഗ് പറഞ്ഞല്ലോ 14 സെക്കന്റ് ഒരു സ്ത്രീയെ നോക്കി നിന്നാൽ അതുപോലും കുറ്റകരമാണെന്ന്. ഈ സ്ത്രീയോട് അപമാനകരമായി പെരുമാറിയ സർക്കിൾ ഇൻസ്പെക്ടറെ എന്തുകൊണ്ട് ഗവൺമെന്റ് സസ്പെന്റ് ചെയ്തില്ല ഈ മുനിസിപ്പൽ കൗൺസിലർമാരുടെ പേരിൽ എന്തുകൊണ്ട് പാർട്ടി നടപടി സ്വീകരിക്കുന്നില്ല? കളമശ്ശേരിയിലെ സക്കീർ ഹുസൈന്റെ പേരിൽ എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല? എല്ലാ കുറ്റവാളികളെയും സംരക്ഷിക്കുന്ന നിലപാട് പാർട്ടി സ്വീകരിക്കുന്നത് ദൗർഭാഗ്യകരമാണ്.....(ബഹളം)....

<u>ശ്രീ. എ. പ്രദീപ്കുമാർ</u> : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ശ്രീ. അനിൽ അക്കരയും ഉന്നയിച്ച പ്രശ്നങ്ങൾ വളരെ ഗൗരവമുള്ളതാണ്. അതുകൊണ്ടുതന്നെ ഞങ്ങളെല്ലാം അത് വളരെ ഗൗരവമായി കേട്ടിരുന്നു. അതിന്മേൽ അങ്ങ് പറയുന്നതുപോലെ ശക്തമായ നടപടി ഉണ്ടാകണം. അതിന് യാതൊരു തർക്കവുമില്ല. പക്ഷെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ നിയമസഭയിലെ യു.ഡി.എഫ്. എം.എൽ.എ.-യുടെ പേരിൽ എഫ്.ഐ.ആർ. ഇട്ടു. എന്നിട്ട് എന്തെങ്കിലും നടപടിയുണ്ടായോ? ....(ബഹളം)....

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം, എന്തുകൊണ്ട് പേരാമംഗലം സി.ഐ.-യെ നിങ്ങൾ സസ്പെന്റ് ചെയ്യുന്നില്ല എന്നതാണ്. ഈ അന്വേഷണം നിങ്ങൾ ഏല്പിച്ചത് ഗുരുവായൂർ എ.സി.പി. യെയാണ്. സാധാരണഗതിയിൽ ഒരു കൂട്ടബലാൽസംഗമുണ്ടായാൽ, ആരോപണ മുണ്ടായാൽ ഒരു വനിതാ എ.ഡി.ജി.പി.-യെക്കൊണ്ട് അന്വേഷിപ്പിക്കാറുണ്ട്. ഇക്കാര്യത്തിൽ ഈ ആവശ്യം എന്തുകൊണ്ട് ബഹുമാന്യനായ മന്ത്രി അംഗീകരി ക്കുന്നില്ല. അപ്പോൾ ഈ ഗവൺമെന്റിന് കുറ്റവാളികളെ സംരക്ഷിക്കണമെന്ന നിർബന്ധബുദ്ധിയുണ്ട്. ഇതിനകത്ത് ഞങ്ങൾ രാഷ്ട്രീയം കാണുന്നില്ല. പക്ഷെ ഗവൺമെന്റ് രാഷ്ട്രീയം കാണുന്നുണ്ട്. അല്ലെങ്കിൽ ഒരു വനിതാ എ.ഡി.ജി.പി.-യെ ക്കൊണ്ട് എന്തുകൊണ്ട് അന്വേഷിപ്പിക്കുന്നില്ല? കേരളത്തിലെ സിനിമാരംഗത്ത് പ്രവർത്തിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യക്തിയാണ് ഈ കാര്യം ഇന്നലെ പുറത്തുകൊണ്ടുവന്നത്. അവരെ നേരിൽകണ്ട് പറഞ്ഞതിന്റെ അടിസ്ഥാന ത്തിലാണ് ശ്രീമതി ഭാഗ്യലക്ഷ്മി പത്രസമ്മേളനത്തിൽ കാര്യങ്ങൾ പറഞ്ഞത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ശ്രീ. കെ. മുരളീധരനെതിരായി പ്രവർത്തിച്ച ആളാണ് ശ്രീമതി ഭാഗ്യലക്ഷ്മി. അവർ കോൺഗ്രസ്സുകാരിയാണെന്ന് ആരും പറയില്ലല്ലോ. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വട്ടിയൂർക്കാവിൽ ശ്രീമതി സീമയ്ക്കുവേണ്ടി വോട്ടുപിടിച്ച ആളാണ് ശ്രീമതി ഭാഗ്യലക്ഷ്മി. അവരാണ് ഈ പ്രശ്നം അവതരിപ്പിച്ചത്. ഇവിടെ സ്ത്രീകളുടെ സ്വകാര്യത നിയമപാലകർ കാത്തുസൂക്ഷിക്കുന്നില്ല. മാനഭംഗക്കേസ്സു കളിൽ സ്ത്രീകളുടെ അന്തസ്സിന് കോട്ടംതട്ടാതെ നോക്കേണ്ടത് പോലീസിന്റെ കടമയാണ്. നിയമപാലകരുടെ അടുത്തല്ലാതെ മറ്റെവിടെയാണ് ഇവർ പോകേണ്ടത്. രണ്ടുവർഷമായി ഈ സ്ത്രീ വേട്ടയാടപ്പെടുകയാണ്. അവർ നാടുവിട്ടുപോയി ഒളിച്ചുതാമസിക്കേണ്ടിവന്നു. അതിക്രമം നടത്തിയവർ നാട്ടിൽ വിലസുകയാണ്. അവർ സി.പി.ഐ.(എം)-ന്റെ നേതാക്കന്മാരാണ് എന്നതുകൊണ്ട് രാഷ്ട്രീയ സംരക്ഷണം ലഭിക്കുകയാണ്. അതാണ് ഇവിടത്തെ ഗുരുതരമായ പ്രശ്നം.

ഇന്നത്തെ പത്രത്തിൽ തന്നെ എത്ര വാർത്തകളാണ് വന്നിട്ടുള്ളത്; പാലക്കാട് നെല്ലായി സ്വദേശിയായ ബിരുദ വിദ്യർത്ഥിനിയെ പ്രണയത്തിൽ കുരുക്കി കൊല്ലത്തെത്തിച്ച് യുവാവും സുഹൃത്തുക്കളും ചേർന്ന് പീഡിപ്പിച്ചു, കാലടിയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ചു, കോതമംഗലത്ത് പതിനേഴുകാരിയായ കോളേജ് വിദ്യാർത്ഥിനിയെ രാത്രിയിൽ അജ്ഞാതരായ ആളുകൾ പീഡിപ്പിക്കുന്നു, പിറവത്ത് നഗ്നത പകർത്തിയശേഷം വീട്ടമ്മയെ പാസ്റ്റർ പീഡിപ്പിക്കുന്നു. എന്താണ് കേരളത്തിൽ നടക്കുന്നത് ; എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു? നിർഭയ കേസ്സിനുശേഷം ജസ്റ്റിസ് വർമ്മ കമ്മിറ്റി പ്രധാനമായും ചൂണ്ടിക്കാണിച്ചത് ഭരണനിർവ്വഹണ രംഗത്തെ വീഴ്ചകളാണ്. ഇത്തരം സംഭവങ്ങൾ

ആവർത്തിക്കാനുള്ള കാരണമെന്താണ് ? ഇവിടെ പോലീസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടെ നടക്കാത്തതുകൊണ്ടാണ് ഇത്തരം പീഡനങ്ങൾ കേരളത്തിൽ വർദ്ധിച്ചുവരുന്നത്. ഇവിടെ ജിഷയുടെ വധവുമായി ബന്ധപ്പെട്ട് പറഞ്ഞു, കേരളത്തിൽ ഇനി ഒരു സ്ത്രീക്കും ഇങ്ങനെയൊരനുഭവം ഉണ്ടാകരുതെന്ന്. ഇന്ന് ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും സ്വതന്ത്രമായി യാത്രചെയ്യാൻ കഴിയാത്ത ഭീകരമായ അവസ്ഥയാണുള്ളത്. അങ്ങ് പറഞ്ഞതുപോലെ കണക്കുകളും എണ്ണവുമൊന്നും ഞാൻ പറയുന്നില്ല. ശ്രീ. എ. കെ. ബാലൻ കണക്കുകൾ പറഞ്ഞു. നാലുമാസത്തെ കണക്കുകൾ പരിശോധിച്ചാൽ മതി. നാലുമാസത്തെ ഞങ്ങളുടെ ഭരണകാലവും നാലുമാസത്തെ നിങ്ങളുടെ ഭരണകാലവും പരിശോധിക്കണം. സ്ത്രീ പീഡനങ്ങൾ വർദ്ധിച്ചിട്ടുണ്ടോ, മോഷണങ്ങൾ വർദ്ധിച്ചിട്ടുണ്ടോ, കൊലപാതകങ്ങൾ വർദ്ധിച്ചിട്ടുണ്ടോ തുടങ്ങിയ കണക്കുകൾ എസ്.സി.ആർ.ബി.-യിൽ ഉണ്ടല്ലോ. അങ്ങ് അത് പരിശോധിക്കണം. അല്ലെങ്കിൽ മുഖ്യമന്ത്രി പരിശോധിക്കട്ടെ. സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അക്രമങ്ങൾ വർദ്ധിച്ചുവരുന്നു, കൊലപാതകങ്ങളും രാഷ്ട്രീയ സംഘർഷങ്ങളും മോഷണങ്ങളും വർദ്ധിക്കുന്നു. ക്വട്ടേഷൻ സംഘങ്ങൾ അരങ്ങ് തകർക്കുന്നു, തിമിർത്താടുന്നു. പോലീസ് നോക്കുകുത്തിയായി മാറുന്നു. ഈ മുഴുവൻ പ്രതികൾക്കും രാഷ്ട്രീയ സംരക്ഷണം കൊടുക്കാൻ സി.പി.ഐ.(എം) തയ്യാറാകുന്നത് ദൗർഭാഗ്യ കരമാണ്. നിങ്ങൾ ഇന്ന് ഇവിടെ വരുന്നതിനുമുമ്പ് ഇവരെ പാർട്ടിയിൽനിന്നും സസ്പെന്റ് ചെയ്തിരുന്നുവെങ്കിൽ മി. ബാലൻ, ഞാൻ നിങ്ങളെ അഭിനന്ദിക്കു മായിരുന്നു. ഈ ക്രൂരകൃത്യങ്ങൾ ചെയ്ത ആളുകളെ, മുൻസിപ്പൽ കൗൺസിലർ മാരായി സി.പി.ഐ.(എം)-ന്റെ ബാനറിൽ ജയിച്ച ഇവരെ നിങ്ങൾ സംരക്ഷിക്കു കയാണ്. അത് അപമാനകരമാണ്. ഈ വിഷയം സഭനിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

**(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)**

ശ്രീ. ടി. എ. അഹമ്മദ് കബീർ : സർ, അപമാനകരമാംവിധം രോഗാതുരമായ ഒരു സാമാജികഘടന അനാവരണം ചെയ്യപ്പെടുന്ന നൊമ്പരമാണ് ഇന്ന് ഈ സഭ ഏറ്റുവാങ്ങുന്നത്. നാം എവിടെയാണ് നിൽക്കുന്നതെന്ന് സ്വയം വിമർശനത്തോടെ ചോദ്യം ഉയർത്തേണ്ട സമയമാണ്. നമ്മുടെ പുരോഗമന നാട്യങ്ങൾ എത്ര ദുർബലമാണെന്ന് നാം ഇന്ന് തിരിച്ചറിയുകയാണ്. നമ്മുടെ നവകേരള ഭാവനയുടെ ഭീതിതമായ ഈ പതനം മാനവിക ആശയങ്ങൾക്ക് സംഭവിച്ച അപചയത്തിന്റെ

സാക്ഷ്യപത്രമാണ്. സർക്കാരിന് ആത്മാർത്ഥതയുണ്ടെങ്കിൽ പെരുകുന്ന കുറ്റകൃത്യങ്ങൾ ശമിപ്പിക്കാൻ കർക്കശമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. കുറ്റക്കാരെ കയറൂരിവിടാൻ സഹായകരമായ നിലപാടാണ് നിർഭാഗ്യവശാൽ സർക്കാർ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. സർക്കാരിന്റെ കുറ്റകരമായ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടി അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ടി. എ. അഹമ്മദ് കബീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. എഫ്. തോമസ് : സർ, കേരളത്തിന് അപമാനവും നാണക്കേടുമുണ്ടാക്കുന്നതാണ് ഈ സംഭവങ്ങൾ. ഈ കാര്യത്തിൽ ഗവൺമെന്റ് എന്ത് സമീപനം സ്വീകരിക്കുമെന്നും ഉദ്യോഗസ്ഥരുടെമേൽ നടപടിയുണ്ടാകുമോ എന്നും ആവർത്തിച്ച് ചോദിച്ചിട്ടും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമായ മറുപടി നൽകിയില്ല. സംസ്കാര സമ്പന്നമായ ഈ കേരളത്തിൽ ആഴ്ചകളായും മാസങ്ങളായും സമീപ ദിവസങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന അതീവഗുരുതരമായ ഈ സാഹചര്യം, സ്ത്രീകളുടെമേൽ നടക്കുന്ന ഈ ആക്രമണങ്ങൾ കൈയും കെട്ടി നോക്കിനിൽക്കുന്ന ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. എഫ്. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ : സർ, ഇവിടെ ഉന്നയിച്ച വിഷയം അത്യന്തം ഗൗരവമുള്ളതാണ്. നമ്മുടെ നാട്ടിൽ സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ വർദ്ധിച്ചു വരുന്നുവെന്ന് എല്ലാവരും സമ്മതിക്കുന്നതാണ്. ഒരു ദിവസം ഇത്തരത്തിലുള്ള അഞ്ചാറ് കേസ്സുകൾ ഇവിടെ ഉന്നയിക്കേണ്ട ഗതികേടാണുണ്ടാകുന്നത്. അതിനെപ്പറ്റി ഒട്ടേറെ വ്യത്യസ്ത അഭിപ്രായങ്ങളും വീഴ്ചകളെ സംബന്ധിച്ച അഭിപ്രായങ്ങളുമൊക്കെയുണ്ട്. ഇത് വിശദമായി ചർച്ച ചെയ്യേണ്ട വിഷയമാണ്. പ്രത്യേകിച്ച് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച നിരവധിപ്പേർ ചൂണ്ടിക്കാണിച്ചതാണ്. ഭരണക്കാരുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വീഴ്ചയുണ്ടെന്ന് പൊതുവേ ജനങ്ങൾ സംശയിക്കുന്നു. ഈ സാഹചര്യത്തിൽ ചർച്ച ആവശ്യമാണ്. ആ ചർച്ച നടക്കാതെ പോയതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട്

പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

## III. ശ്രദ്ധ ക്ഷണിക്കൽ

### 1. കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രതിസന്ധി

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, നമ്മുടെ നിലനില്പിനെ ബാധിക്കുന്ന ഒരു വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. 24-10-2016-ൽ ഞാൻ മുഖ്യമന്ത്രിയോട് നിയമസഭയിൽ ഒരു ചോദ്യം ചോദിച്ചിരുന്നു. അദ്ദേഹം തന്ന മറുപടി, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് ശാസ്ത്ര-സാങ്കേതിക വകുപ്പ്, പാലക്കാട് ജില്ലാപഞ്ചായത്ത്, ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ എന്നിവ ചേർന്ന് നടപ്പാക്കുന്ന ഒരു പദ്ധതിയും പിന്നെ ഫിഷറീസ് വകുപ്പിന്റെ ഒരു പദ്ധതിയുമടക്കം രണ്ട് പദ്ധതിക്ക് മാത്രമാണ് രൂപം നൽകിയതെന്നാണ്. എത്ര ലാഘവത്തോടുകൂടിയാണ് ഈ പ്രശ്നം കൈകാര്യം ചെയ്തതെന്നാണ് എനിക്ക് പറയാനുള്ളത്. കേരള സ്റ്റേറ്റ് ആക്ഷൻ ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് എന്നൊരു റിപ്പോർട്ട് 2014-ൽ സമർപ്പിച്ചിട്ടുണ്ട്. 1470 കോടി രൂപയുടെ പദ്ധതികളുണ്ടെങ്കിലേ അതിന് കുറെയെങ്കിലും ശമനം വരുത്താൻ സാധിക്കുവെന്നാണ് അതിൽ പറഞ്ഞിട്ടുള്ളത്. മാത്രമല്ല, കേരളത്തിൽ 10000 കോടി രൂപയുടെ നഷ്ടം സംഭവിക്കുന്നുവെന്നാണ് കേന്ദ്ര മത്സ്യ ഗവേഷണകേന്ദ്രം നൽകിയ റിപ്പോർട്ടിൽ പറയുന്നത്. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് കേരളത്തിന്റെ മീൻപാത്രം കാലിയാകുമെന്നാണ്. അത് വളരെ ഗൗരവമായി എടുക്കണ്ടേ? ഭൂമിയുടെ കാന്തികവലയത്തിൽ വിള്ളൽ, അതിന്റെ ഫലമായി ചൂട് കൂടാൻ പോകുന്നുവെന്ന് ഇന്നത്തെ പത്രത്തിൽ വാർത്തയുണ്ട്. 2020 ആകുമ്പോഴേയ്ക്കും കൊച്ചിയിലെ പല പ്രദേശങ്ങളും വെള്ളത്തിൽ മുങ്ങിപ്പോകുമെന്നാണ് ഇതിലെ അവസാന റിപ്പോർട്ട്. ഞാൻ അതിലേയ്ക്ക് കൂടുതലായി കടക്കുന്നില്ല. നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ വളരെ ഗൗരവത്തോടെ ചെയ്യുന്നുണ്ടോ? ഒറീസാ ഗവൺമെന്റ് ഇതിനായി പ്രോജക്ട് തയ്യാറാക്കി നല്ലൊരു തുക വാങ്ങിക്കഴിഞ്ഞു. മറ്റു സംസ്ഥാനങ്ങളും ഇതൊക്കെ ചെയ്യുന്നുണ്ട്. എന്നാൽ ഇവിടെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ചെറിയൊരു പ്രോജക്ട് കൊടുത്തു, ഒരു ഏകോപനവുമില്ല. ഇറിഗേഷൻ വകുപ്പ് ക്ലൈമറ്റ് ചെയ്ഞ്ചിനുവേണ്ടി ഫണ്ടിന് ശ്രമിച്ചു. വകുപ്പുകൾ തമ്മിൽ ഏകോപനം വേണ്ടേ? അതൊന്നും ഇവിടെ നടക്കുന്നില്ല. ഇതിനോടനുബന്ധിച്ച് ഞാൻ തന്നെ മുഖ്യമന്ത്രിക്കും ചീഫ് സെക്രട്ടറിക്കും കത്ത് കൊടുത്തു. ഗൗരവമായി നടപടിയുണ്ടാ

കാത്തതുകൊണ്ടാണ് ഇത് ഇവിടെ ഉന്നയിക്കേണ്ടിവന്നത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലം ബാധിച്ചത് പാലക്കാട്, ആലപ്പുഴ, ഇടുക്കി, വയനാട് എന്നീ നാല് ജില്ലകളെയാണ്. അതിൽ ഏറ്റവും കൂടുതലായി ബാധിച്ചത് പാലക്കാടിനെയും ആലപ്പുഴയേയുമാണ്. പാലക്കാട് ഇപ്രാവശ്യമുണ്ടായ സംഭവമെന്താണ് ? നെൽകൃഷിയിൽ ഫസ്റ്റ് ക്രോപ്പില്ല, സെക്കന്റ് ക്രോപ്പെടുക്കാനേ സാധിച്ചില്ല. ആ കൃഷിക്കാർ എന്ത് ചെയ്യും? അതുപോലെ ക്രാഷ് ക്രോപ്പുകൾ-ഏലം, കാപ്പി, കുരുമുളക് ഇതിനെയെല്ലാം ബാധിച്ചു. ഇതിന്റെ നഷ്ടപരിഹാരം കണക്കാക്കണ്ടേ, എങ്ങനെയൊക്കെ ദോഷം വരുന്നു എന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനമോ ഗവേഷണമോ നടത്തുന്നുണ്ടോ? നമ്മുടെ യൂണിവേഴ്സിറ്റിയിൽ അന്വേഷിച്ചപ്പോൾ അങ്ങനെയൊരു പഠനമേ നടത്തിയിട്ടില്ല എന്നാണറിഞ്ഞത്. ഇത് വളരെ ഗൗരവമായി കാണണം. നമുക്ക് ഇതിന് ഇന്റർനാഷണൽ ലെവലിൽ ഫണ്ട് കിട്ടാൻ സാധ്യതയുണ്ട്. മറ്റു സംസ്ഥാനങ്ങളൊക്കെ അത് ഉപയോഗിക്കുന്നുണ്ട്. നമ്മൾ അതിനെ ഗൗരവമായി കാണുന്നില്ല. 2014 മാർച്ചിൽ ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് പുറത്തിറക്കിയ അഞ്ചാം അവലോകന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, കാലാവസ്ഥാ വ്യതിയാനം ഏറെ ബാധിക്കുന്നത് ഗ്രാമപ്രദേശങ്ങളെയാണെന്നാണ്. ഇത് ക്രമേണ നിലവിലുള്ള സാമൂഹിക, സാമ്പത്തിക, ആരോഗ്യ മേഖലകളെ തളർത്തും. ഇപ്പോൾത്തന്നെ കേരളത്തിലെ ഭൂരിഭാഗം ഗ്രാമപ്രദേശങ്ങളും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുകയാണ്. കാലാവസ്ഥാ വ്യതിയാനം ആഗോളതലത്തിലുള്ളതാണെങ്കിലും ഇന്ത്യയെപ്പോലെ 70 ശതമാനം കാർഷിക മേഖലയെ ആശ്രയിച്ചുകഴിയുന്ന രാജ്യങ്ങളെയാണ് ഏറെ ബാധിക്കുന്നത്. കേരളത്തിലെ ഭൂരിഭാഗം കാർഷികവൃത്തിയും കാലവർഷത്തെ യാണ് ആശ്രയിക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ മഴയുടെ ലഭ്യതയിൽ ഗണ്യമായ കുറവാണുണ്ടായിട്ടുള്ളത്. ഭൂഗർഭ ജലവും വളരെ കുറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ 250 അടിയായിരുന്നു ഭൂഗർഭ ജലത്തിന്റെ അളവ്. ഇപ്പോൾ അത് 1200 അടിയായി താഴ്ന്നിരിക്കുകയാണ്. ഭൂഗർഭ ജലം വറ്റി ഭൂമി മരുഭൂമിയായി മാറുകയാണ്. കാലാവസ്ഥാ വ്യതിയാനംമൂലമുള്ള ഗുരുതരമായ പ്രശ്നങ്ങൾ നേരിടുന്നതിനും പരിഹരിക്കുന്നതിനും കേന്ദ്രം ജൂൺ 2008-ൽ നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് (NAPCC)-ന് രൂപം നൽകി. ഇതിന്റയടിസ്ഥാനത്തിൽ കേരളം സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് തയ്യാറാക്കി ചർച്ചയ്ക്ക് വിധേയമാക്കിയാൽ അതിനനുസരിച്ച് നടപടി സ്വീകരിക്കാൻ സാധിക്കും. എന്തായി ആ ആക്ഷൻ പ്ലാൻ? ഇതിന്റെ പേരിൽ ഒരു ചർച്ചപോലും നടന്നിട്ടില്ല. കാർഷിക മേഖലയിലെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന പദ്ധതികൾ കാര്യമായി പ്രയോജനപ്പെടുത്തിയിട്ടില്ല. ഉദാഹരണത്തിന് പി.എം.കെ.എസ്.വൈ., ഒരു റിപ്പോർട്ട് തയ്യാറാക്കാൻപോലും യാതൊരു

നടപടിയും സ്വീകരിച്ചിട്ടില്ല. രണ്ട് പ്രാവശ്യം ഞങ്ങൾ മുൻകയ്യെടുത്തിട്ട് ഒരു റിപ്പോർട്ടുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. എന്റെ മണ്ഡലത്തിന്റെ തൊട്ടടുത്തുള്ള കോയമ്പത്തൂർ 500 കോടി രൂപ വാങ്ങിക്കഴിഞ്ഞു. എന്നാൽ ഇവിടെ ഒരു നടപടിയും അതിന്റെ പേരിൽ ഉണ്ടായിട്ടില്ല. ഈ റിപ്പോർട്ടിലുള്ളത് പറയുകയാണ്, കാലാവസ്ഥാ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കുറയ്ക്കുന്നതിനും ബൃഹത്തായ പദ്ധതിയും ഭീമമായ സാമ്പത്തികവും അത്യാവശ്യമാണ്. ഇതിനായി ആഗോളതലത്തിൽ തന്നെ ഐക്യരാഷ്ട്രസഭ അനേകം സംഘടനകൾവഴി സാമ്പത്തിക സഹായം നൽകുന്നുമുണ്ട്. ഇത്തരം സഹായങ്ങൾ നമ്മുടെ രാജ്യത്ത് സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുന്നതിന് നബാർഡിനെയാണ് കേന്ദ്രം ചുമതലപ്പെട്ടുത്തിയിരിക്കുന്നത്. കേന്ദ്രം വേറെ ഒന്നുകൂടി ചെയ്തിട്ടുണ്ട്, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫണ്ടിംഗ് പ്രൊപ്പോസൽ തയ്യാറാക്കാൻ കേന്ദ്രം അഞ്ച് അന്താരാഷ്ട്ര കൺസൾട്ടിംഗ് കമ്പനികളുമായി കരാറുണ്ടാക്കിയിട്ടുണ്ട്. ഇതിൽ ഡി.എഫ്.ഐ.ഡി. എന്ന യു.കെ. ഗവൺമെന്റ് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അവരെ ചുമതലപ്പെടുത്തിയാൽ ഒരു പൈസപോലും നമ്മൾ കൊടുക്കണ്ട, അത് കേന്ദ്ര ഗവൺമെന്റ് കൊടുക്കും. ഇതുവരെയും ആ എജൻസിയെ ചുമതലപ്പെടുത്തുന്നതിനുള്ള ഒരു നടപടിയും നമ്മൾ സ്വീകരിച്ചില്ല. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് പ്രധാനമായും രണ്ട് തരത്തിലുള്ള സാമ്പത്തിക സഹായമാണ് നബാർഡ് വഴി നൽകുന്നത്. അത് Adaptation Fund under UN Framework Convention on Climate Change, രണ്ട്, Green Climate Fund. ഇതിന്റെ അടിസ്ഥാനത്തിൽ കേരളം ജി.സി.എഫ്. ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിച്ചുവെങ്കിലും അതിന്റെ പ്രവർത്തനം മന്ദഗതിയിലാണ് മുന്നോട്ടുപോകുന്നത്. ജി.എസ്.എഫ്. തയ്യാറാക്കുന്ന പ്രൊപ്പോസലുകൾ ജനപ്രതിനിധികൾ, ബന്ധപ്പെട്ട വിദഗ്ദ്ധർ, കർഷക സംഘങ്ങൾ തുടങ്ങിയവരുമായി ചർച്ച ചെയ്ത് തയ്യാറാക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണം ഇത്തരം ഫണ്ടുകൾ സംസ്ഥാനത്ത് നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതും കേരളംപോലുള്ള സംസ്ഥാനത്ത് കാർഷിക തകർച്ചയ്ക്കും പട്ടിണി മരണങ്ങൾക്കും കാരണമാകുന്നു. ജി.എസ്.എഫ്.-ന്റെ ആസ്ഥാനം കൊറിയ ആയതിനാൽ പ്രൊപ്പോസലുകളുടെ സൂരക്ഷാ പരിശോധന നടത്തുന്നത് കൊറിയയിലാണ്. അതിനാൽ സംസ്ഥാനം സമർപ്പിക്കുന്ന പ്രൊപ്പോസലുകളുടെ നിലവാരം ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്. ഒരിക്കൽ റിജക്ട് ചെയ്താൽ പിന്നെ അത് നേടാനാവില്ല. ഈ സാഹചര്യം പരിഗണിച്ച് സർക്കാർ ജി.എസ്.എഫ്., പി.എം.കെ.എസ്.വൈ. പോലുള്ള സാമ്പത്തിക സഹായങ്ങൾ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്. നിലവിലുള്ള ജലാശയങ്ങൾ സംരക്ഷിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും സംസ്ഥാനം പുതിയ കർമ്മ

പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. കൂടാതെ സംസ്ഥാനത്തിന്റെ കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾ നേരിടുന്നതിനും പരിഹരിക്കുന്നതിനുമുള്ള ഒരു നയം രൂപീകരിക്കേണ്ടത് ആവശ്യമാണ്. ഇതിനൊരു പ്രത്യേക സെൽ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിക്കണം. ഇതിനായുള്ള മുഴുവൻ ഗ്രാന്റും ലഭ്യമാക്കുന്നതിന് നമുക്ക് സാധിക്കണം. മറ്റു സംസ്ഥാനങ്ങളൊക്കെ ലഭ്യമാക്കിയിട്ടുണ്ട്. വളരെ ഗൗരവമായി സർക്കാർ ഇത് ഏറ്റെടുക്കണമെന്നും വ്യക്തമായ ഒരു നയം ഇതിന്റെ പേരിലുണ്ടാക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാന്യനായ കെ. കൃഷ്ണൻകുട്ടി ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിന്റെ ഉള്ളടക്കം അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ആഗോളതലത്തിലുള്ള പ്രതിഭാസമാണ്. കാലാവസ്ഥ വ്യതിയാനം കേരളത്തിലെ സമസ്ത മേഖലകളിലും പ്രത്യേകിച്ച്, കാർഷിക മേഖലയിലും അതുമായി ബന്ധപ്പെട്ട തൊഴിൽ മേഖലയിലും സാധാരണ ജനജീവിതത്തിൽ ഉണ്ടായിട്ടുള്ള പ്രയാസം വളരെ വലുതാണെന്ന് നമുക്കെല്ലാവർക്കുമറിയാം. അതീവ ഗൗരവമായ പ്രശ്നമാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. അതിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ടുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുമെന്നാണ് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. നമുക്ക് അനുഭവപ്പെടുന്ന ചൂട്, മുമ്പൊരിക്കലുമില്ലാത്തവിധം അനുഭവിക്കുന്ന മറ്റ് പ്രയാസങ്ങൾ ഇവയൊക്കെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടവയാണെന്ന് നമുക്കറിയാവുന്നതാണ്. ഭൂമിയുടെ ഉപരിതലത്തിലുള്ള ജലസംഭരണികളും മറ്റും സംരക്ഷിക്കാനാകാത്ത വിഷയങ്ങളുമുണ്ട്. കാലാവസ്ഥാ വ്യതിയാനം ആഗോള പ്രതിഭാസമാണ്. ഹരിതഗൃഹ വാതകങ്ങളുടെ വർദ്ധിച്ച തോതിലുള്ള നിർഗ്ഗമനവും അതുവഴിയുള്ള ആഗോളതാപനവുമാണ് കാലാവസ്ഥാ വ്യതിയാനത്തിന് ഇടയാക്കുന്നത്. കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിനും ഇതുമൂലമുള്ള ആഘാതം ലഘൂകരിക്കുന്നതിനും ധാരാളം നടപടികൾ ലോകരാഷ്ട്രങ്ങൾക്കൊപ്പം കേരളത്തിലും സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി സംസ്ഥാനം തയ്യാറാക്കിയ കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, തീരദേശ ആവാസ വ്യവസ്ഥയും വനവും ജൈവ വൈവിദ്ധ്യവും, ജലവിഭവം, ആരോഗ്യം, ഊർജ്ജം, വിനോദസഞ്ചാരം, നഗരവികസനം, ഗതാഗതം എന്നീ പ്രധാന മേഖലകൾക്കാണ് കർമ്മ പദ്ധതി ഊന്നൽ നൽകുന്നത്. ഓരോ മേഖലയിലെയും കാലാവസ്ഥാ വ്യതിയാനത്തിന്റെ സ്വാധീനവും അതുമൂലമുണ്ടായേക്കാവുന്ന ആഘാതങ്ങളും അവയുടെ പരിഹാര മാർഗ്ഗങ്ങളും കർമ്മ പദ്ധതിയിൽ വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട

എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ജനപ്രതിനിധികളുമായോ കർഷക സംഘടനാ പ്രതിനിധികളുമായോ അത്തരം കാര്യങ്ങൾ ചർച്ച ചെയ്തിട്ടില്ലെങ്കിൽ ആ വിഷയത്തെക്കുറിച്ച് കൂടി ആലോചിക്കാവുന്നതാണ്. സംസ്ഥാന ബഡ്ജറ്റിന് പുറമേ കേന്ദ്രസർക്കാർ തലത്തിലും അന്താരാഷ്ട്ര തലത്തിലും കർമ്മ പദ്ധതി നടത്തിപ്പിനായി ഫണ്ട് ലഭ്യമാണ്. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന നെല്ലും മീനും ഒരുമിച്ച് കൃഷി ചെയ്യുന്ന പദ്ധതിക്കായി 25 കോടി രൂപയുടെ അനുമതി ഇപ്പോൾ ലഭിച്ചിട്ടുണ്ട്. 28-9-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള നാല് ബൃഹത് പദ്ധതികളിൽ ഹരിത കേരളം പദ്ധതി പ്രധാനപ്പെട്ടതാണ്. ഹരിത കേരളം പദ്ധതിയുടെ ഭാഗമായി മാലിന്യ നിർമ്മാർജ്ജനം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഒരുവശത്ത് നടപ്പാക്കുക, ജൈവകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക, കുളങ്ങൾ, ജലസംഭരണികൾ ഉൾപ്പെടെയുള്ളവ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക, ഭൂമിയിലേയ്ക്ക് പെയ്തിറങ്ങുന്ന മഴ പൂർണ്ണമായ അർത്ഥത്തിൽ ഭൂമിയിൽ ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുക, മഴവെള്ളക്കൊയ്ത്ത് നടത്തുക തുടങ്ങിയ വളരെ വ്യക്തമായ ജലസംരക്ഷണ സംവിധാനങ്ങളെല്ലാം അതിന്റെ ഭാഗമായി നടപ്പാക്കണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മേഖലകളിൽ സമഗ്ര വികസനം വിഭാവന ചെയ്തു. എല്ലാ തുറകളിലുമുള്ള ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന രീതിയിലാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ബഹുമാന്യനായ എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ച, അന്താരാഷ്ട്ര ഫണ്ടായ Green Climate Fund-ൽ നിന്ന് തുക ലഭിക്കുന്നതിനായി പാലക്കാട് ജില്ലാ പഞ്ചായത്തും കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററും ചേർന്ന് നടത്താൻ ഉദ്ദേശിക്കുന്ന 4058.03 ദശലക്ഷം രൂപയുടെ പദ്ധതി സംസ്ഥാന സ്റ്റിയറിംഗ് കമ്മിറ്റിയുടെ ശിപാർശയോടുകൂടി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച വിഷയങ്ങൾ പഠിക്കുന്നതിന് സർക്കാരിന്റെ ഭൗതിക വിഭാഗം എന്ന നിലയ്ക്ക് കോട്ടയം ആസ്ഥാനമാക്കി കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുന്ന തരത്തിലുള്ള ഭൂവിനിയോഗവും പ്രകൃതി ചൂഷണവും നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണങ്ങളും സർക്കാർ നടത്തിവരികയാണ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : സർ, 43 ഡിഗ്രി സെൽഷ്യസ് ചൂടാണ് ഇപ്രാവശ്യം പാലക്കാട് ഉണ്ടായത്. ജനങ്ങളുടെ മരണസംഖ്യ വളരെക്കൂടി, മൃഗങ്ങൾ മുഴുവൻ മരിക്കുന്ന സ്ഥിതിയിലെത്തി. അവിടെ കൊടുത്ത റിപ്പോർട്ട് ഞാൻ കണ്ടതാണ്. ചൂട് കമ്മിയാക്കാനുള്ള ഒരു പ്രൊപ്പോസലും അതിലില്ല. വേണ്ടത്ര പഠനം

നടത്തിയല്ല ചെയ്തിരിക്കുന്നത്. 5000-ത്തോളം കുളങ്ങളും പത്തോളം ജലാശയങ്ങളുമുണ്ട്. ഇതെല്ലാം ലിങ്ക് ചെയ്ത് വലിയൊരു ബൃഹത് പദ്ധതിക്ക് രൂപം നൽകേണ്ടതാണ്. ധാരാളം പ്രദേശത്ത് മരം വച്ചുപിടിപ്പിക്കാവുന്ന പദ്ധതികളുണ്ട്. അതൊന്നും ഇതിൽ വന്നിട്ടില്ല. വേണ്ടത്ര പഠനം നടത്താതെ വളരെ ശുഷ്കമായ റിപ്പോർട്ടാണ് കൊടുത്തത്. കൃത്യമായി ഇന്റർനാഷണൽ ഫണ്ട് കിട്ടേണ്ടതാണ്. അത് കിട്ടണമെങ്കിൽ ആ തരത്തിലുള്ള പ്രൊപ്പോസൽ സമർപ്പിച്ചേ പറ്റൂ. കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച ഏജൻസിയെ സമീപിക്കുന്നതിന് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇന്നത്തെ ഹിന്ദു പത്രത്തിൽ യു.എൻ.ഡി.പി.-യുടെ പ്രോജക്ടിന് അനുവദിച്ച 47 കോടി രൂപ ലാപ്സാക്കിയതിനെക്കുറിച്ച് ഒരു റിപ്പോർട്ടുണ്ട്. ഇതാണ് നമ്മുടെ സമീപനം. ഇത് മാറണ്ടേ; ഇത് എങ്ങനെയാണ് നഷ്ടമായത്? ഏകദേശം 700 കോടി രൂപയുടെ പ്രോജക്ടാണ്. അതിൽ അനുവദിച്ച 47 കോടി രൂപ ലാപ്സാക്കി. ഇതിനെ ഗൗരവമായി കാണുന്നില്ല. പാലക്കാട് അനുഭവപ്പെടുന്ന ചൂട്, വരൾച്ച ഇതൊക്കെ ചർച്ച ചെയ്യുമ്പോൾ ഇതൊക്കെ എങ്ങനെ സംഭവിച്ചുവെന്ന് ഞങ്ങൾ അറിയണ്ടേ? മൃഗങ്ങൾക്ക് എന്ത് സംഭവിച്ചു; ദീർഘകാല വിളകളെ ഇത് എങ്ങനെ ബാധിക്കും; ഓരോ ദീർഘകാല വിളകളുടെ നഷ്ടം എങ്ങനെയാണ് കണക്കാക്കുന്നത്; അതിനുള്ള സംവിധാനം എന്താണ് ഇതൊക്കെ അറിയേണ്ടതുണ്ട്. തണലിൽ വളരുന്ന ജാതി, കുരുമുളക് തുടങ്ങിയ കൃഷിയെല്ലാം നശിക്കും. 75 ശതമാനം ഉൽപ്പാദനം കമ്മിയായി. ഇതിന്റെയെല്ലാം നഷ്ടം കണക്കാക്കിക്കൊണ്ടുള്ള റിപ്പോർട്ടല്ല തയ്യാറാക്കിയിട്ടുള്ളത്. അതുകൊണ്ടാണ് ഞാൻ പറയുന്നത്, വളരെ ഗൗരവമായിക്കണ്ട് മുഖ്യമന്ത്രിയുൾപ്പെടെ ആലോചിച്ച് ഇത് സംബന്ധിച്ച് തീരുമാനമെടുക്കണം. എല്ലാ വകുപ്പുകളും തമ്മിൽ യോജിപ്പുണ്ടെങ്കിൽ മാത്രമേ ഇത് നടക്കൂ. അത്തരത്തിലുള്ള സംവിധാനമുണ്ടാക്കാൻ നടപടിയുണ്ടാകുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഈ വിഷയങ്ങൾ പഠിക്കുന്നതിന് സർക്കാരിന്റെ ഭൗതിക വിഭാഗം എന്ന നിലയ്ക്ക് കോട്ടയം ആസ്ഥാനമാക്കി കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം സ്ഥാപിച്ചിട്ടുണ്ടെന്ന് ഞാൻ നേരത്തേ പറഞ്ഞു. ജനപ്രതിനിധികളുമായും താൽപ്പര്യമുള്ള കർഷക സംഘടനകളുമായും ഈ രംഗത്ത് വൈദഗ്ദ്ധ്യമുള്ള വ്യക്തികളുമായും ചർച്ച ചെയ്ത് സമഗ്രമായ ഒരു പദ്ധതിയുമായി മുന്നോട്ടുപോകുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ളവരുമായി ആലോചിച്ച് നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

## 2. ശബരിമല തീർത്ഥാടന കാലത്തെ ഒരുക്കങ്ങൾ

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ വരുന്ന 15-ാം തീയതി ശബരിമല ക്ഷേത്രം തുറക്കുകയാണ്. സാധാരണ ഗതിയിൽ ഒരു സർക്കാരിന് ക്ഷേത്രം അടയ്ക്കുന്നതിലോ തുറക്കുന്നതിലോ വലിയ റോളില്ല. പക്ഷേ ശബരിമല ക്ഷേത്രത്തിന്റെ പ്രാധാന്യം എല്ലാവർക്കുമറിയാം. കോടിക്കണക്കിന് ആളുകൾ വന്നുചേരുന്നതും മലയിൽ സ്ഥിതി ചെയ്യുന്നതുമായ ക്ഷേത്രമാണ്. അവിടെ സന്ദർശിക്കുന്നതിനുള്ള നിയന്ത്രണം, സഞ്ചരിക്കുന്നതിനുള്ള വഴി തുടങ്ങിയ കാര്യങ്ങളൊക്കെ വലിയ പ്രതിസന്ധിയിലാണ്. കോടിക്കണക്കിന് തീർത്ഥാടകർ കേരളത്തിന് വലിയ സംഭാവനയാണ് ഈ ക്ഷേത്രത്തിലൂടെ നൽകുന്നത്. ഏതാണ്ട് പതിനായിരത്തോളം കോടി രൂപയുടെ വരുമാനമാണ് കേരളത്തിന് ലഭിക്കുന്നത്. ഇത്രയും ആൾക്കാർ ഒന്നിച്ചെത്തുന്ന സഹചര്യത്തിൽ അവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. യാത്രാ സൗകര്യം, കുളിക്കാനും വിശ്രമിക്കാനും ഭക്ഷണത്തിനുമുള്ള സൗകര്യങ്ങൾ, മാലിന്യ നിർമ്മാർജ്ജനത്തിനുള്ള വ്യവസ്ഥകൾ തുടങ്ങിയ അടിസ്ഥാനപരമായ നിരവധി കാര്യങ്ങൾ ഒരുക്കുക എന്നത് വളരെ പ്രധാനമാണ്. നിർഭാഗ്യവശാൽ ഇപ്രാവശ്യം ഇക്കാര്യത്തിൽ കാര്യമായി യാതൊന്നും ചെയ്തിട്ടില്ല. ഒന്നോ രണ്ടോ യോഗം കൂടി പ്രസ്താവനയിറക്കി, ഞങ്ങളെല്ലാം വേണ്ടതൊക്കെ ചെയ്തിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ പറയുന്നതല്ലാതെ പ്രായോഗികമായി യാതൊന്നും നടന്നിട്ടില്ല. ശബരിമല യാത്രയിൽ പ്രധാനപ്പെട്ട കേന്ദ്രം പന്തളമാണ്. പന്തളത്തെ രാജകുമാരൻ എന്നാണല്ലോ അയ്യപ്പനെ സംബന്ധിച്ച സങ്കൽപ്പം. ആ വഴിയിലൂടെയാണ് വലിയൊരു വിഭാഗം ആളുകൾ കടന്നുപോകുന്നത്. മുമ്പുണ്ടായിരുന്ന സൗകര്യങ്ങളൊന്നും ഇപ്പോൾ അവിടെ ഇല്ല. മാത്രമല്ല, ഏതോ ഒരു കലുങ്കിന്റെ ചെറിയ ഒരു പാതയുടെ പണി മാസങ്ങളായി നടക്കുകയാണ്. ആ വഴിക്ക് പോകുന്നവർക്കറിയാം. 20 കിലോമീറ്ററോളം വളഞ്ഞ് ദുർഘടമായ, ചെറിയ റോഡിൽക്കൂടി യാത്ര ചെയ്യേണ്ട സ്ഥിതിയാണുള്ളത്. ലക്ഷക്കണക്കിന് തീർത്ഥാടകർ വരുമ്പോൾ എന്തായിരിക്കും അവിടത്തെ സ്ഥിതി? വേണ്ട മുന്നൊരുക്കങ്ങളൊന്നും അവിടെ ചെയ്തിട്ടില്ലെന്നുള്ളത് വസ്തുതയാണ്.

കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ഒരു പ്രസ്താവന വായിക്കുകയുണ്ടായി. അവിടത്തെ പ്രവർത്തനങ്ങൾ പരാജയമാണെന്ന് പറഞ്ഞുകൊണ്ട് മന്ത്രി ദേവസ്വം ബോർഡിനെ കുറ്റപ്പെടുത്തുന്നു. ഗവൺമെന്റ് സഹായിക്കാത്തതുകൊണ്ട് ഞങ്ങൾക്ക് മുന്നോട്ടുപോകാൻ സാധിക്കുന്നില്ലെന്ന് ദേവസ്വം ബോർഡ് പറയുന്നു. അവിടെ പത്ത് ലക്ഷം രൂപയിൽക്കൂടുതൽ ചെലവുവരുന്ന പദ്ധതികൾക്ക് ടെണ്ടർ വിളിക്കുന്നതിനുമുമ്പ് ഹൈക്കോടതിയുടെ അനുവാദം വാങ്ങണം. അത് കിട്ടുന്നില്ല. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണമുണ്ടെങ്കിൽ മാത്രമേ

കാര്യങ്ങൾ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. അവിടെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ ഒരു പദ്ധതിയിൽ പണം നീക്കിവയ്ക്കുകയും ഇരുപത്തിമൂന്നരക്കോടി രൂപ അതിനുവേണ്ടി ചെലവഴിക്കുകയും ചെയ്തു. കഴിഞ്ഞ വർഷം ഔപചാരികമായി ആ പദ്ധതി ഉദ്ഘാടനം ചെയ്തെങ്കിലും ഇന്നും അത് പ്രവർത്തനക്ഷമമല്ല. ശബരിമലയിൽ വരുന്ന ഭക്തർക്ക് മാത്രമല്ല പമ്പാ നദിയുടെ തീരപ്രദേശങ്ങളിൽ താമസിക്കുന്നവർക്കും പ്രശ്നങ്ങളുണ്ട്. അതൊക്കെ പരിഹരിക്കാൻ വാജ്പേയി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പമ്പാ ആക്ഷൻ പ്ലാനിന് പണം അനുവദിച്ചു. അതും എഫക്ടീവായി ചെലവഴിക്കുന്നില്ല. മന്ത്രിമാരും ഉദ്യോഗസ്ഥരും തിരുവനന്തപുരത്തുനിന്നും ശബരിമലയിലേയ്ക്ക് പോകുന്ന വഴി മാത്രമേ കാണുന്നുള്ളൂ. തമിഴ്നാട്ടിലുള്ളവർ വണ്ടിപ്പെരിയാർ ഭാഗത്തുകൂടിയാണ് ഇവിടെ എത്തുന്നത്. ആ വഴിയുടെ കാര്യത്തിൽ യാതൊരു താല്പര്യവും ശ്രദ്ധയും ചെലുത്തുന്നില്ല. വളരെ ഗൗരവമായിട്ടുള്ള ഇത്തരം വീഴ്ചകളുണ്ട്. ഗവൺമെന്റ് ദേവസ്വം ബോർഡിനേയും ദേവസ്വം ബോർഡ് ഗവൺമെന്റിനേയും കുറ്റപ്പെടുത്തുന്നതിലൂടെ കോടിക്കണക്കിന് ആളുകളാണ് ദുരിതമനുഭവിക്കുന്നത്. ഇതിന് പരിഹാരമുണ്ടാക്കാൻ വിവിധ ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ കോ-ഓർഡിനേഷൻ വേണം. അതിനുപകരം ദേവസ്വം ബോർഡിന്റെ അധികാരം എങ്ങനെ പിടിച്ചെടുക്കാമെന്നാണ് നോക്കുന്നത്. ഇത് തികച്ചും ആക്ഷേപകരമാണ്. ഇവിടെ സഹകരണം ഉറപ്പിക്കാനുള്ള ചുമതല ഗവൺമെന്റിന്റേതാണ്. ഗവൺമെന്റ് അക്കാര്യത്തിൽ പരാജയപ്പെടുന്നു. ഒരുപക്ഷേ അവർക്ക് ഇക്കാര്യത്തിൽ വിശ്വാസമില്ലാത്തതുകൊണ്ടാണോ എന്ന് അറിയില്ല. വിശ്വാസമുണ്ടോ ഇല്ലയോ എന്നത് അപ്രസക്തമാണ്. തീർത്ഥാടകർക്കുവേണ്ട സംരക്ഷണം ഒരുക്കിക്കൊടുക്കാൻ ഗവൺമെന്റിന് ബാദ്ധ്യതയുണ്ട്. ആ ബാദ്ധ്യത നിറവേറ്റുന്ന കാര്യത്തിൽ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നുവെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശബരിമല നിലകൊള്ളുന്നത് വനപ്രദേശത്താണ്. പുരാതനമായി അവിടെ താമസിക്കുന്നത് ആദിവാസികളാണ്. മകര മാസത്തിലെ മകരജ്യോതി വളരെ പ്രാധാന്യമുള്ള ഒന്നാണ്. ആദിവാസികൾ നൂറ്റാണ്ടുകളായി മകരജ്യോതി ആചരിച്ചുവരുന്നതിന് രേഖകളുണ്ട്. അതുകൊണ്ടാണ് മകരജ്യോതി തെളിയിക്കാനുള്ള അവകാശം അവർ ഉന്നയിക്കുന്നത്. പക്ഷേ ഉദ്യോഗസ്ഥരും മറ്റും അതിൽ ഇടപെട്ട് ആദിവാസികളുടെ അവകാശം നിഷേധിക്കുകയാണ്. അവർ കൂട്ടമായി ആവശ്യപ്പെട്ടിട്ടും വേണ്ട പരിഗണന നൽകുന്നില്ല. അവരുടെ ന്യായമായ അവകാശങ്ങൾ അംഗീകരിക്കാൻ ഗവൺമെന്റ് എന്തുകൊണ്ട് തയ്യാറാകുന്നില്ല? യാതൊരു ചെലവുമുള്ള കാര്യമല്ല. അവരുടെ അഭിമാനത്തിന്റെ പ്രശ്നമാണ്. അവരെ സംബന്ധിച്ചിടത്തോളം അവകാശം നിഷേധിക്കൽ മാത്രമല്ല, അവർക്ക് സമൂഹത്തിൽ ലഭിക്കുന്ന സ്ഥാനത്തിന്റെയും അഭിമാനത്തിന്റെയും കൂടി പ്രശ്നമാണ്.

തീർത്ഥാടനം തുടങ്ങുന്നതിന് പത്ത് ദിവസം മാത്രം ബാക്കിനിൽക്കേ കിഴക്കുഭാഗത്തുനിന്നും പടിഞ്ഞാറ് ഭാഗത്തുനിന്നും വരുന്നവർക്ക് വലിയ വിഷമം സൃഷ്ടിക്കുന്ന ഒരു സാഹചര്യം നിലനിൽക്കുകയാണ്. ദക്ഷിണേന്ത്യയിൽ മുഖ്യമന്ത്രിമാരുടെ യോഗം വിളിച്ചുകൂട്ടിയിട്ടുണ്ടെന്നും ആ യോഗത്തിൽ തീരുമാനങ്ങളെടുക്കുമെന്നും ഇന്നലെയും പത്രത്തിൽ വാർത്തയുണ്ടായിരുന്നു. യോഗം നടന്നതായി പത്രങ്ങളിൽ കാണുന്നില്ല. അതിനുപകരം രണ്ടായിരം പേർക്ക് ഭക്ഷണം കൊടുക്കാൻ വ്യവസ്ഥ ചെയ്യാൻ പോകുന്ന എന്നൊരു പ്രസ്താവന കണ്ടു. അവിടെ അയ്യായിരം പേർക്ക് ഒരേ സമയം ഭക്ഷണം കൊടുക്കാനുള്ള ശാല പണിയാൻ തുടങ്ങിയിട്ട് അത് അവസാനിക്കുന്നില്ല. അവിടെ സാധനങ്ങൾ എത്തിക്കുന്നതുമായി ബന്ധപ്പെട്ട് ട്രേഡ് യൂണിയനുകളുടെ സമരം നടക്കുകയാണ്. മന്ത്രിയോ ഗവൺമെന്റോ ഇടപെട്ട് അതിന് പരിഹാരമുണ്ടാക്കി ദ്രുതഗതിയിൽ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ നടപടി സ്വീകരിക്കണം. ഇക്കാര്യങ്ങളിൽ ഗവൺമെന്റ് കുറെക്കൂടി ശുഷ്കാന്തി കാണിക്കണം. ഭക്തരുടെ വികാരങ്ങൾ ഉൾക്കൊണ്ട് ലോംഗ് ടേം കാഴ്ചപ്പാടിലും ഷോർട്ട് ടേം കാഴ്ചപ്പാടിലും അടിയന്തരമായി ഇതിനൊക്കെ പരിഹാരം കാണണം. ഞാൻ ഇവിടെ പറഞ്ഞ വഴിയുടെയും കുടിവെള്ളത്തിന്റെയും കാര്യത്തിൽ നടപടി സ്വീകരിക്കണം.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ വളരെയേറെ ആദരിക്കുന്ന അംഗമാണ് ശ്രീ. ഒ. രാജഗോപാൽ. അദ്ദേഹത്തെ ആരോ വേണ്ട രീതിയിൽ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. രണ്ടുമൂന്ന് ദിവസം മുമ്പ് അദ്ദേഹത്തിന്റെ പാർട്ടിയുടെ മുൻ പ്രസിഡന്റും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കഴക്കൂട്ടത്ത് മത്സരിക്കുകയും ചെയ്ത വ്യക്തിയുടെ ഫെയ്സ് ബുക്ക് പോസ്റ്റിൽ പറഞ്ഞ തെറ്റായ ചില വിവരങ്ങൾ ബഹുമാനപ്പെട്ട അംഗം ഇവിടെ പരാമർശിക്കുന്നത് കേട്ടപ്പോൾ സങ്കടം തോന്നി.

ശ്രീ. ഒ. രാജഗോപാൽ : സർ, ആ കാര്യം ഞാൻ പറഞ്ഞില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അങ്ങ് പറഞ്ഞതിൽ അതുണ്ടായിരുന്നു. അതിന്റെ ഉള്ളടക്കം അതായിരുന്നു. രണ്ടുമൂന്ന് ദിവസംമുമ്പ് അദ്ദേഹത്തിന്റെ ഒരു ഫെയ്സ് ബുക്ക് പോസ്റ്റുണ്ടായിരുന്നു.

ശ്രീ. ഒ. രാജഗോപാൽ : സർ, അങ്ങ് ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീലിനെ അവിടെ കൊണ്ടുപോയത് നല്ല കാര്യമാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, അദ്ദേഹത്തിന് അത് ഇഷ്ടപ്പെട്ടിട്ടില്ല. അതിനോടനുബന്ധിച്ച് അദ്ദേഹം പറഞ്ഞ കാര്യങ്ങളൊക്കെ വാസ്തവ വിരുദ്ധമാണ്. ഞാൻ ഇക്കാര്യം സംബന്ധിച്ച് അദ്ദേഹത്തോട് നേരിട്ട് സംസാരിച്ചപ്പോൾ

ഇതൊക്കെ രാഷ്ട്രീയമല്ലേ എന്നാണ് അദ്ദേഹം പറഞ്ഞൊഴിഞ്ഞത്. വളരെ ഗൗരവമുള്ള പ്രശ്നത്തെ രാഷ്ട്രീയമായി കാണാനാണ് അദ്ദേഹം ശ്രമിച്ചത്. ഞാൻ ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല.

അങ്ങയെപ്പോലുള്ള ആരെങ്കിലും ഇത്തരം കാര്യങ്ങൾ ആവശ്യപ്പെടുമെന്ന് മനസ്സിലാക്കി വളരെ കരുതലോടെയാണ് ഇപ്രാവശ്യത്തെ തീർത്ഥാടന കാലയളവിലെ പ്രവർത്തനങ്ങൾ ഗവൺമെന്റ് നടത്തിയത്. എനിക്ക് വിശ്വാസമുണ്ടോ ഇല്ലയോ എന്നതല്ല പ്രശ്നം. വിശ്വാസികളുടെ താല്പര്യങ്ങൾ സംരക്ഷിക്കണമെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ട്. മേയ് മാസത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. നവംബർ 16-ാം തീയതി രാവിലെ നട തുറക്കുകയാണ്. അതിനായി ജൂൺ മാസത്തിൽ തന്നെ ഞാൻ യോഗം വിളിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൂന്ന് യോഗങ്ങൾ വിളിച്ചു. ഇതുവരെ ഇത്തരം ഒരു നടപടി ഉണ്ടായിട്ടില്ല. മുഖ്യമന്ത്രിമാർ യോഗം വിളിക്കാറുണ്ട്. പക്ഷേ മൂന്ന് യോഗങ്ങൾ വിളിച്ചത് ഇപ്പോഴാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, പഴയ കഥകളാണ് ഈ പറയുന്നത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, ഇപ്പോൾ നടന്ന കാര്യങ്ങളാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജൂലൈ 20, ആഗസ്റ്റ് 18, നവംബർ 3 എന്നീ തീയതികളിലായി മൂന്ന് അവലോകന യോഗങ്ങൾ നടന്നു. ബഹുമാനപ്പെട്ട മന്ത്രിമാർ, എം.പി.-മാർ, എം.എൽ.എ.-മാർ, ദേവസ്വം ബോർഡ് പ്രസിഡന്റ്, ബോർഡ് അംഗങ്ങൾ, ആഭ്യന്തരം, ആരോഗ്യം, ഗതാഗതം, മരാമത്ത്, വൈദ്യുതി, ജലസേചനം, വാട്ടർ അതോറിറ്റി, ഭക്ഷ്യ സുരക്ഷ, വനം, റവന്യൂ, ദുരന്തനിവാരണം, റെയിൽവേ, ബി.എസ്.എൻ.എൽ. തുടങ്ങി ശബരിമലയുമായി ബന്ധപ്പെട്ട എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും ഉന്നത ഉദ്യോഗസ്ഥർ ആ യോഗത്തിൽ പങ്കെടുത്തിരുന്നു. തീർത്ഥാടകർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കുന്നതിനുവേണ്ടി വളരെ വിശദമായി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങളും തീരുമാനങ്ങളും കൈക്കൊണ്ടിട്ടുണ്ട്. ദേവസ്വം വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ മുൻകയ്യെടുത്ത് ജൂൺ 6-ാം തീയതിയും ഒക്ടോബർ 21-ാം തീയതിയും പ്രത്യേക യോഗങ്ങൾ വിളിച്ചിരുന്നു. കൂടാതെ ഒക്ടോബർ 29-ാം തീയതി ഞാനും തദ്ദേശഭരണ വകുപ്പുമന്ത്രിയും കൂടി സന്നിധാനത്ത് പോയി ഇതുവരെ നടന്ന പ്രവർത്തനങ്ങൾ നേരിൽ കണ്ടു. ക്ലോസ്ഡ് ഡോർ മീറ്റിംഗായിരുന്നു അന്നവിടെ നടന്നത്. ഡിപ്പാർട്ട്മെന്റുകളുടെയും ദേവസ്വം ബോർഡിന്റെയും ഭാഗത്തുനിന്ന് ചില വീഴ്ചകളുണ്ടായിട്ടുണ്ട്. ആ വീഴ്ചകൾ ചൂണ്ടിക്കാണിച്ചു എന്നുള്ളതല്ലാതെ ബോർഡുമായിട്ടോ ഡിപ്പാർട്ട്മെന്റുകളുമായിട്ടോ തർക്കമുണ്ടായിട്ടില്ല. കഴിഞ്ഞ മീറ്റിംഗിൽ


1752/2018.

എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ പൂർണ്ണത കൈവരിക്കാൻ കഴിയാത്തതിനെ സംബന്ധിച്ച് ഒരു യോഗത്തിൽ നടത്താറുള്ള ചെറിയ വിമർശനം നടത്തിയെന്നേയുള്ളൂ. അല്ലാതെ യാതൊരുവിധ തർക്കവും ഉണ്ടായിട്ടില്ല. ഉദ്ദേശിച്ചതുപോലെ കാര്യങ്ങൾ പൂർത്തീകരിച്ചില്ലെന്ന് കണ്ടപ്പോൾ ഗൗരവത്തോടെ ആ പ്രശ്നങ്ങൾ കാണണമെന്ന് ഗവൺമെന്റിന്റെ ഭാഗമായിനിന്ന് പറഞ്ഞെന്നേയുള്ളൂ. മന്ത്രി ദേവസ്വം ബോർഡിനെ ശാസിച്ചെന്നും ഒച്ചപ്പാടുണ്ടാക്കിയെന്നും പിറ്റേദിവസം ഒരു പ്രധാനപ്പെട്ട പത്രത്തിൽ വാർത്ത വന്നു. ഞാൻ ശാസിച്ചൊന്നുമില്ല. ദേവസ്വം ബോർഡ് സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഭരണഘടനാ സ്ഥാപനമല്ലേ. അവർക്ക് ചില പരിമിതികളുണ്ടെന്ന് ആ യോഗത്തിൽ പറഞ്ഞു. ആ പരിമിതികളെല്ലാം മനസ്സിലാക്കി വളരെ നേരത്തെതന്നെ കാര്യങ്ങൾ തുടങ്ങണമായിരുന്നു എന്നേ ഞാൻ പറഞ്ഞുള്ളൂ. അതൊക്കെ അവർക്ക് ബോദ്ധ്യമാവുകയും ചെയ്തു. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ മിക്കവാറുമുള്ള എല്ലാ തീരുമാനങ്ങളും ഹൈക്കോടതി യാണ് എടുക്കുന്നത്. ഹൈക്കോടതിയുടെ തീരുമാനങ്ങൾക്ക് വിധേയമായി കാര്യങ്ങൾ ചെയ്യേണ്ടിവരുമ്പോഴുണ്ടാകുന്ന സമയത്തിന്റെ പ്രശ്നമുണ്ട്. അത് ഇന്നലെയോ മിനിഞ്ഞാന്നോ ഉണ്ടായതല്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശബരിമലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഹൈക്കോടതിയുടെ ഇടപെടലുകൾ നമ്മുടെ പ്രവർത്തന ങ്ങൾക്ക് തടസ്സമാകുന്നുണ്ടെങ്കിൽ എന്തുകൊണ്ട് ഇക്കാര്യം ഹൈക്കോടതിയെ അറിയിച്ചുകൂടാ? ദേവസ്വം ബോർഡും ഇതാണ് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതും ശരിയാണ്. ഇത് ഹൈക്കോടതിയെ അറിയിക്കണം. കാരണം ഇപ്പോൾ സീസൺ വരികയാണ്, അത് കഴിഞ്ഞ് ചെയ്തിട്ട് കാര്യമില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഇത് ഹൈക്കോടതിയെ അറിയിച്ചാൽ മാത്രം പോരാ, ഇത്തരം നിയന്ത്രണങ്ങൾ മാറ്റുന്നതിന് സുപ്രീം കോടതിയെ സമീപിച്ചാലും കുഴപ്പമില്ലെന്നാണ് എന്റെ അഭിപ്രായം. ഏതൊരു ചെറിയ കാര്യത്തിനും ഹൈക്കോടതിക്ക് സമയം വേണം. ഈ കാര്യങ്ങളെ സംബന്ധിച്ച് കൂട്ടായ ചർച്ച നടന്നതല്ലാതെ ഗവൺമെന്റും ദേവസ്വം ബോർഡും തമ്മിൽ യാതൊരു പ്രശ്നവുമില്ല. മണ്ഡല-മകരവിളക്ക് കാലത്തെ മഹോത്സവം വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ യാതൊരു തടസ്സവുമില്ല. അവിടെ ഉയർന്നുവന്ന രണ്ടുമൂന്ന് കാര്യങ്ങളുണ്ട്. ഒന്ന്, റോഡിന്റെ കാര്യമാണ്. പ്രധാനപ്പെട്ട എല്ലാ റോഡുകളും അവിടെ പൂർത്തീകരിച്ചിട്ടുണ്ട്. ചില ഇടറോഡുകളുടെ കാര്യത്തിൽ പൂർണ്ണത കൈവരിക്കാൻ സാധിച്ചില്ലെന്ന വിമർശനം ഉയർന്നുവന്നു. അത് പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

വെള്ളത്തിന്റെ പ്രശ്നം ഏറ്റവും പ്രധാനപ്പെട്ടതാണ്. അവിടെ കുപ്പിവെള്ളം വിതരണം ചെയ്യാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിക്കുക യുണ്ടായി. അതുകൊണ്ട് കുടിവെള്ളം വിതരണം ചെയ്യുക എന്നത് പ്രധാനപ്പെട്ട ഒരു പ്രശ്നമായിരുന്നു. പമ്പയിൽ ചേർന്ന യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം കുടിവെള്ളം വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റി ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. 132 കിയോസ്കുകൾ പമ്പ മുതൽ സന്നിധാനം വരെ സ്ഥാപിച്ച് ശുദ്ധജലം നൽകാനുള്ള എല്ലാ പ്രവർത്തനങ്ങളും വാട്ടർ അതോറിറ്റി നിർവ്വഹിച്ചിട്ടുണ്ട്. ദേവസ്വം ബോർഡും ഏതാണ്ട് 4 കോടി 70 ലക്ഷം രൂപ ചെലവഴിച്ച് ശുദ്ധജല വിതരണത്തിനുള്ള ഒരു പ്രോജക്ട് നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. ദൗർഭാഗ്യവശാൽ, അന്നത്തെ യോഗത്തി ലുണ്ടായ വിമർശനത്തിന്റെ കാതലായ ഭാഗം അതായിരുന്നു. കഷ്ടിച്ച് പത്തു ദിവസത്തിനുമുമ്പാണ് അതിന്റെ കരാർ ഒപ്പിട്ടത്. 200 കിയോസ്കുകൾ സ്ഥാപിക്കാൻ വേണ്ടിയാണ് 4,70,00,000 രൂപയുടെ കരാർ ദേവസ്വം ബോർഡ് ഒപ്പുവച്ചത്. ഇത് കുറേക്കൂടി നേരത്തെ തുടങ്ങേണ്ടതല്ലായിരുന്നോ എന്ന സ്വാഭാവികമായ ഒരു ചോദ്യം മാത്രമേ അവിടെ ഉന്നയിച്ചിയിട്ടുള്ളൂ. അവർ ചില ന്യായങ്ങളൊക്കെ പറഞ്ഞുവെന്നത് വാസ്തവമാണ്. ഏതായാലും അതിന് ഫലമുണ്ടായി. കഴിഞ്ഞ ഒരാഴ്ചക്കാലമായി അതിന്റെ പ്രവർത്തനങ്ങൾ വളരെ വേഗത്തിൽ നടക്കുകയാണ്. ഏതാണ്ട് നൂറോളം കിയോസ്കുകൾ ഈ മാസം 15-ാം തീയതിക്ക് മുൻപ് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് ഇന്നലെ റിവ്യൂ നടത്തിയപ്പോൾ ഞങ്ങൾക്ക് മനസ്സിലായത്. നിലയ്ക്കലിലും കുടിവെള്ളത്തിന്റെ പ്രശ്നമുണ്ട്. അവിടെയും കുപ്പിവെള്ളം നിരോധിച്ചിരിക്കുകയാണ്. ദേവസ്വം ബോർഡ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് ഇപ്രാവശ്യം കുപ്പിവെള്ളം വിതരണം ചെയ്യുന്നതിന് തീരുമാനമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഹൈക്കോടതി അത് ശക്തിയായി നിഷേധിച്ചിരിക്കുകയാണ്. ഏതായാലും കുടിവെള്ള പ്രശ്നത്തിന് പരിഹാരമുണ്ടാക്കു ന്നതിനുള്ള എല്ലാ നടപടികളും അവിടെ സ്വീകരിച്ചിട്ടുണ്ട്. വരുന്ന തിങ്കളാഴ്ച വീണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് കുടിവെള്ള ത്തിന്റെ അവസാനഘട്ട പരിശോധനകൾ നടത്തുന്നതാണ്. അതിലൊന്നും ഒരു വീഴ്ചയും ഉണ്ടാകില്ല.

മറ്റൊന്ന്, വൈദ്യസഹായത്തിന്റെ പ്രശ്നമാണ്. സന്നിധാനത്തും പമ്പയിലുമെല്ലാം പൂർണ്ണതോതിൽ ആശുപത്രികളുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ തീരുമാനമുണ്ട്. പെട്ടെന്ന് പിടിപെടാൻ സാധ്യതയുള്ള ഹൃദയാഘാതം പോലുള്ള രോഗങ്ങൾക്ക് ചികിത്സ നൽകാൻ കഴിയുന്ന സംവിധാനങ്ങളോടുകൂടിയ ആശുപത്രി സന്നിധാനത്ത് പ്രവർത്തിക്കുന്നുണ്ട്. അതിന്റെ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കാൻ

തീരുമാനിച്ചിട്ടുണ്ട്. അടിയന്തര ശസ്ത്രക്രിയ ആവശ്യമാണെങ്കിൽ അതിനുള്ള സൗകര്യവും ആശുപത്രികളിൽ ഒരുക്കുന്നുണ്ട്. മാത്രമല്ല, പത്തനംതിട്ട ജില്ലയിലും ഇതുമായി കണക്റ്റഡായി വരുന്ന പ്രധാനപ്പെട്ട എല്ലാ ആശുപത്രികളിലും സജ്ജീകരണങ്ങൾ ഏർപ്പെടുത്താനും വാഹനങ്ങൾ ക്രമീകരിക്കാനുമുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം അന്നദാനമാണ്. ഇപ്രാവശ്യം ഒരു വിഷമവുമില്ലാതെ അന്നദാനം നടത്താൻ സാധിക്കുമെന്നാണ് തോന്നുന്നത്. 5000 പേർക്ക് ഒരേസമയം അന്നദാനം നടത്താൻ കഴിയുന്ന തരത്തിലുള്ള ഒരു മണ്ഡപത്തിന്റെ നിർമ്മാണമാണ് ആലോചിച്ചിരുന്നതെങ്കിലും അത് പൂർത്തീകരിക്കാൻ സാധിച്ചില്ല. അതെല്ലാം വിമർശനത്തിന് വിധേയമായിട്ടുള്ളതാണ്. നിലവിൽ അവിടെ ഒരേസമയം 2000 പേർക്ക് ഭക്ഷണം നൽകാൻ കഴിയും. കഴിഞ്ഞവർഷം 200 പേർക്ക് ഭക്ഷണം നൽകാനുള്ള ഒരു അന്നദാനപ്പുരയാണ് അവിടെയുണ്ടായിരുന്നത്. അത് നാം മനസ്സിലാക്കണം. ദേവസ്വം ബോർഡ് കഴിഞ്ഞ ഒരു വർഷത്തിനിടെ നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായി 2000 പേർക്ക് അന്നദാനം നൽകാൻ കഴിയുന്ന തരത്തിൽ അവിടെ ഒരു പുര തയ്യാറാക്കിയിട്ടുണ്ട്. കുറച്ചുകൂടി വേഗത്തിൽ വർക്ക് നടന്നിരുന്നെങ്കിൽ 5000 പേർക്ക് അന്നദാനം നൽകാൻ കഴിയുന്നതരത്തിലുള്ള ഒരു പുരയായി മാറ്റാൻ സാധിക്കുമായിരുന്നു. ഏതാണ്ട് ഒരാഴ്ചക്കാലം ചില തൊഴിൽത്തർക്കങ്ങളുടെ ഭാഗമായി പ്രവർത്തനത്തിൽ വീഴ്ചയുണ്ടായിട്ടുണ്ട്. വിരിവയ്ക്കാനായി കഴിഞ്ഞ കാലത്തേക്കാൾ കുറച്ചുകൂടി വലിയ സജ്ജീകരണങ്ങൾ ഇടത്താവളങ്ങളിലും സന്നിധാനത്തുമെല്ലാം ഒരുക്കിയിട്ടുണ്ട്. കോട്ടയം, പത്തനംതിട്ട, പന്തളം, ചെങ്ങന്നൂർ, എരുമേലി തുടങ്ങിയ ഇടത്താവളങ്ങളിൽ ഞാൻ പങ്കെടുത്തുകൊണ്ട് ഉദ്യോഗസ്ഥരുടെയും സന്നദ്ധസംഘടനകളുടെയും അയ്യപ്പ സേവാ സംഘത്തിന്റെയുമൊക്കെ യോഗങ്ങൾ ചേർന്ന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയുണ്ടായി. എരുമേലിയിൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് വീണ്ടും ഒരു അവലോകനയോഗം നടത്തി തീരുമാനങ്ങളെടുത്തു. കഴിഞ്ഞ ദിവസത്തെ യോഗത്തിൽ ആ തീരുമാനങ്ങളെല്ലാം നടപ്പിലാക്കാൻ സാധിച്ചതായി അവർ പറഞ്ഞിട്ടുണ്ട്.

അപ്പം, അരവണ എന്നിവ തയ്യാറാക്കുന്നതാണ് മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമായി ഉയർന്നുവന്നിട്ടുള്ളത്. ഇപ്രാവശ്യം നേരിട്ടുതന്നെ ഞാൻ പരിശോധിച്ചു. 40 ലക്ഷം ടിൻ ഈ മാസം 15-ാം തീയതിക്ക് മുൻപുതന്നെ തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 40 ലക്ഷം ടിൻ എപ്പോഴും അവിടെ ഉണ്ടാകത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. വളരെ

സുഗമമായിട്ടുതന്നെ കാര്യങ്ങൾ നടക്കുന്നുണ്ട്. ഇപ്രാവശ്യം ഒരു പുതിയ നെയ്ത്തോണി സജ്ജീകരിച്ച് നെയ്യഭിഷേകം നടത്തി ഭക്തജനത്തിരക്ക് കുറയ്ക്കാനുള്ള നടപടി ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

യാത്രാസൗകര്യത്തിന് കെ.എസ്.ആർ.ടി.സി. വലിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ചെങ്ങന്നൂരിൽ നിന്ന് പമ്പ വരെ 'ശബരി' എന്ന പേരിൽ ഒരു നോൺ-സ്റ്റോപ്പ് സർവ്വീസ് പുതിയതായി ഇൻട്രൊഡ്യൂസ് ചെയ്യുന്നുണ്ട്. കൂടാതെ എല്ലാ പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ നിന്നും ശബരിമലയിലേയ്ക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ശുചിത്വത്തിന്റെ കാര്യത്തിൽ അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെയല്ല, സന്നിധാനത്തെ എസ്.റ്റി.പി. പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഞാൻ നേരിട്ട് പരിശോധിച്ചതാണ്. എന്റെ കൂടെ പി.സി.ബി.-യുടെ ഉയർന്ന ഉദ്യോഗസ്ഥരും ശാസ്ത്രജ്ഞരും അതിന്റെ കോൺട്രാക്ടറും മറ്റ് സാങ്കേതിക സഹായം നൽകുന്നവരുമുണ്ടായിരുന്നു. ഇപ്രാവശ്യം അതിൽ യാതൊരു കുഴപ്പവുമുണ്ടാകില്ല. അത് നന്നായി പ്രവർത്തിപ്പിക്കാൻ സാധിക്കും.

മറ്റ് സംസ്ഥാനങ്ങളിൽ നിന്നുവരുന്ന ഭക്തർക്ക് എല്ലാ സൗകര്യങ്ങളും ഒരുക്കാനായി റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ, പമ്പ, എരുമേലി എന്നീ പ്രധാനപ്പെട്ട ഇടത്താവളങ്ങൾ എല്ലായിടത്തും വേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിവിധ ഭാഷകളിലുള്ള സൈൻബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. വിവിധ ഭാഷ സംസാരിക്കുന്ന ആളുകൾക്ക് പ്രത്യേക സ്ഥലങ്ങളിൽ അനൗൺസ്മെന്റ് നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. അതെല്ലാം കഴിഞ്ഞകാലത്ത് ചെയ്തതുപോലെ തന്നെയാണ്. എന്നാലും കുറേക്കൂടി മെച്ചപ്പെട്ട തരത്തിൽ ഇപ്രാവശ്യം ചെയ്തിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനാവശ്യമായ സ്ക്വാഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനം വകുപ്പ് കഴിഞ്ഞ കാലത്തുനിന്നും വ്യത്യസ്തമായി ഇപ്രാവശ്യം കുറച്ചുകൂടി കോർഡിയലായ സമീപനം സ്വീകരിച്ചതായിട്ടാണ് മനസ്സിലാക്കാൻ സാധിച്ചത്. ദുർഘട പാതകളിലൂടെ സഞ്ചരിച്ചുവരുന്ന തീർത്ഥാടകർക്ക് കുടിക്കാൻ ചുക്കുവെള്ളവും അതുപോലുള്ള മറ്റ് സൗകര്യങ്ങളുമൊക്കെ ഏർപ്പെടുത്താൻ അവർ തയ്യാറാണ്. പലസ്ഥലത്തും അവർക്ക് താവളങ്ങളുണ്ടാക്കിയിട്ടുണ്ട്.

റെയിൽവേ സ്പെഷ്യൽ ട്രെയിനുകൾ ഇതിനകംതന്നെ നിശ്ചയിച്ചതായി അനൗൺസ്മെന്റ് വന്നിട്ടുണ്ട്. ദക്ഷിണേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുവരുന്ന ട്രെയിനുകളെ സംബന്ധിച്ചും അനൗൺസ്മെന്റ് വന്നിട്ടുണ്ട്.

ബി.എസ്.എൻ.എൽ.-ഉം പ്രത്യേക സംവിധാനം അവിടെ ഒരുക്കിയിട്ടുണ്ട്. അവസാനഘട്ട പരിശോധനയ്ക്കും ഇനിയെന്തെങ്കിലും ചെയ്യേണ്ടതുണ്ടോയെന്ന് കണ്ടെത്തുന്നതിനും വേണ്ടി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മന്ത്രിമാരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 8-ാം തീയതി വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്.

11.00 A. M.]

തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പോലീസ് വകുപ്പിനും സാമ്പത്തികം നൽകാനുള്ള തീരുമാനമായിട്ടുണ്ട്. ജില്ലാ കളക്ടർമാർക്കും എസ്.പി.-മാർക്കും സ്പെഷ്യൽ ഫണ്ട് അലോട്ട് ചെയ്തിട്ടുണ്ട്. ശബരിമലയിലെ വരുമാനത്തെ പർവ്വതീകരിച്ച് കാണിക്കാൻ പാടില്ല. കഴിഞ്ഞ വർഷം ശബരിമലയിൽ കാണിക്ക ഇനത്തിൽ കിട്ടിയത് 169 കോടി രൂപയാണ്. 10,000 കോടിരൂപയെന്ന് പറഞ്ഞ് തെറ്റിദ്ധാരണയുണ്ടാക്കാൻ പാടില്ല. അങ്ങ് പതിനായിരം കോടിയുടെ കണക്ക് പറഞ്ഞത് ഏത് അർത്ഥത്തിലാണെന്ന് എനിക്കറിയില്ല.

<u>ശ്രീ. ഒ. രാജഗോപാൽ</u> : സർ, പല സ്ഥലങ്ങളിൽനിന്നും വരുന്ന തീർത്ഥാടകർ കച്ചവടം, യാത്ര, താമസം തുടങ്ങിയ വകയിൽ നൽകുന്ന, കേരളത്തിന്റെ ഇക്കോണമിയിൽ ലഭിക്കുന്ന വരുമാനത്തിന്റെ കാര്യമാണ് പറഞ്ഞത്. അല്ലാതെ ക്ഷേത്രത്തിന്റെ വരുമാനമല്ല പറഞ്ഞത്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, പഞ്ചായത്ത്-മുനിസിപ്പാലിറ്റികളടക്കമുള്ള ഇരുപതോളം തദ്ദേശ സ്ഥാപനങ്ങൾക്ക് ക്ലീനിംഗിനുവേണ്ടി അഞ്ച്-പത്ത് ലക്ഷം രൂപ കൊടുത്തിരുന്നു. ഈ വർഷവും അത് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പോലീസ് സേനയ്ക്ക് മെസ്സിനുവേണ്ടി ഒന്നരക്കോടിയോളം രൂപ കൊടുത്തിരുന്നു. അത് ഗവൺമെന്റാണ് കൊടുക്കുന്നത്. അതിനുള്ള നടപടിയും ഉണ്ടാകണം. ദക്ഷിണേന്ത്യയിലെ ദേവസ്വം വകുപ്പുമന്ത്രിമാരുടെ യോഗം എല്ലാ വർഷവും വിളിച്ചുചേർത്തിരുന്നു. കാരണം മകരവിളക്ക് സമയത്ത് 90 ശതമാനം ഭക്തർ വരുന്നത് തമിഴ്നാട്, ആന്ധ്ര, കർണ്ണാടക എന്നീ പ്രദേശങ്ങളിൽനിന്നാണ്. അവരുടേതായ സൗകര്യങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് വളരെ പെട്ടെന്ന് ഒരു യോഗം വിളിച്ചാൽ നന്നായിരിക്കും.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : മിനിസ്റ്റർ... പ്ളീസ് കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, ബഹുമാനപ്പെട്ട മെമ്പർ കേൾക്കാത്തത് കൊണ്ടാണ് ഞാൻ നേരത്തെ പറഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ പ്രാവശ്യം നൽകിയ ഏതാണ്ട് മൂന്നുകോടിയോളം രൂപയും പോലീസുകാർക്ക്

ഭക്ഷണത്തിനായുള്ള തുകയും അനുവദിച്ചുകഴിഞ്ഞു. ജില്ലാ കളക്ടർമാർക്കും എസ്.പി.-മാർക്കുമുള്ള സ്പെഷ്യൽ ഫണ്ടും അനുവദിച്ചിട്ടുണ്ട്. 8-ാം തീയതി ബഹുമാനപ്പെട്ട ദക്ഷിണേന്ത്യൻ മന്ത്രിമാരുടെ സമ്മേളനം മുഖ്യമന്ത്രി വിളിച്ചു ചേർക്കുന്നുണ്ട്. ദേവസ്വം ബോർഡിന്റെ അധികാരം എങ്ങനെ പിടിച്ചെടുക്കാമെന്ന് അങ്ങയെപ്പോലെ പരിണിത പ്രജ്ഞനായ ഒരാൾ പറയാൻ പാടില്ലായിരുന്നു. അതൊന്നും നമ്മുടെ പരിപാടിയേ അല്ല. ആരുടെ അധികാരവും പിടിച്ചെടുക്കേണ്ട ആവശ്യമില്ല. ഈ ഗവൺമെന്റിന് അങ്ങനെയൊരു ഉദ്ദേശവുമില്ല. എട്ടൊൻപത് ഡിപ്പാർട്ടുമെന്റുകൾക്ക് മാതൃകയായി പ്രവർത്തിക്കേണ്ട ഒരു സ്ഥാപനമാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ്. നമ്മുടെ കൺസ്റ്റൈയിൻസ് മനസ്സിലാക്കി കുറച്ചുകൂടി അഡ്വാൻസായി മുന്നോട്ടുപോകാൻ നിങ്ങൾക്ക് ഉത്തരവാദിത്തമുണ്ട്, ബാധ്യതയുണ്ട് എന്നുപറയുന്നത് കുറ്റപ്പെടുത്തലൊന്നുമല്ല, അധികാരം പിടിച്ചെടു ക്കാനുള്ള പരിശ്രമത്തിന്റെ ഭാഗവുമല്ല. മറിച്ച് ശബരിമലയിലെ ഇപ്രാവശ്യത്തെ തീർത്ഥാടനം അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ വിശ്വാസമുണ്ടോ ഇല്ലയോ എന്നതല്ല അവിടെ എത്തിച്ചേരുന്ന വിശ്വാസികൾക്ക് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുക എന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : മിനിസ്റ്റർ.............. പ്ളീസ് കൺക്ലൂഡ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. മകര ജ്യോതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഒരു കാര്യംപറഞ്ഞു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ദേവസ്വം ബോർഡും ഗവൺമെന്റും രണ്ടുവഴിക്ക് പോകുന്നു, പലതിനെക്കുറിച്ചും വ്യത്യസ്ത അഭിപ്രായങ്ങൾ പറയുന്നു എന്നൊക്കെയാണ് ജനങ്ങളുടെ അഭിപ്രായം. പ്രത്യേകിച്ച് സീസൺ സമയത്ത് ഒരേ അഭിപ്രായത്തോടുകൂടി, ഒറ്റ ചിന്തയോടുകൂടി പുറത്തുനിന്നും വരുന്ന മൂന്നുകോടി യിലധികം ഭക്തജനങ്ങളുടെ താൽപ്പര്യങ്ങൾ പരിഗണിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന തിനുള്ള നടപടി സ്വീകരിക്കുമെന്ന മെസ്സേജ് നൽകാൻ ശ്രമിക്കുമോ ?

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ വഴങ്ങാതെ കൺക്ലൂഡ് ചെയ്യൂ. 20 മിനിട്ട് ആയി. പ്ലീസ് കൺക്ലൂഡ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ശബരിമലയിലെ കാര്യമായതുകൊണ്ടാണ് വഴങ്ങിക്കൊടുക്കുന്നത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്ര മാണ് ശബരിമല. നാല് കോടിയോളം ഭക്തജനങ്ങൾ എത്തുന്ന തീർത്ഥാടന കേന്ദ്രത്തിൽ അതിന്റേതായ പ്രശ്നങ്ങൾ ഈ സഭയിൽ പറയാനുണ്ട്. അതു കൊണ്ടാണ് അൽപ്പം നീണ്ടുപോകുന്നത്. ഗവൺമെന്റും ദേവസ്വം ബോർഡും തമ്മിൽ തർക്കമൊന്നുമില്ല. ഒരു യോഗത്തിൽ ദേവസ്വം ബോർഡിന്റെ ഭാഗത്തുള്ള

വീഴ്ച ചൂണ്ടിക്കാണിച്ചാൽ, പിറ്റേ ദിവസം പത്രത്തിൽ വരുന്നതാണ് വിശ്വസി ക്കുന്നതെങ്കിൽ നമുക്കൊന്നും ചെയ്യാൻ സാധിക്കില്ല. 69 വർഷമായി നടന്നുവരുന്ന രീതിയാണ് ഇപ്പോഴും തുടരുന്നത്. ആദിവാസികൾ അവരുടെ അഭിപ്രായം പറഞ്ഞിട്ടുണ്ടായിരുന്നു. ഗവൺമെന്റ് അത് പരിശോധിക്കുകയാണ്. തീരുമാനമൊന്നും എടുത്തിട്ടില്ല. ഇപ്രാവശ്യത്തെ മണ്ഡല മകരവിളക്ക് മഹോത്സവം ഏത് കാലത്തെക്കാളും ഉജ്ജ്വലമായിത്തന്നെ നടക്കും.

ശ്രീ. ഒ. രാജഗോപാൽ : സർ, ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി ചില ഉദ്യോഗസ്ഥർ അവിടെ ക്ലീൻ ചെയ്യാൻ തയ്യാറാണെന്നുപറഞ്ഞതിനെ ഗവൺമെന്റ് ഏത് നിലയ്ക്കാണ് കാണുന്നത്. അതിനെ സ്വാഗതം ചെയ്യുമോ; എന്താണ് അതിന്റെ വസ്തുത? പത്രങ്ങളിൽ തെറ്റായ വാർത്ത വന്നിരുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഗവൺമെന്റിന്റെ ഉത്തരവാദിത്വത്തിൽ നടക്കുന്ന ശുചീകരണ പ്രവർത്തനങ്ങളും ദേവസ്വം ബോർഡിന്റെ ഉത്തരവാദിത്വ ത്തിൽ നടക്കുന്ന ശുചീകരണ പ്രവർത്തനങ്ങളുമുണ്ട്. ചില സന്നദ്ധ പ്രസ്ഥാന ങ്ങളുടെ, ഉദാഹരണത്തിന് അമൃതാനന്ദമയി മഠം പോലുള്ള പ്രസ്ഥാനങ്ങൾ നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങളുണ്ട്. ഈ ശുചീകരണ പ്രവർത്തനങ്ങളെ ഒന്നിനെയും വിലക്കിയിട്ടില്ല. അത് നടത്താനുള്ള എല്ലാ സ്വാതന്ത്ര്യവും കൊടുത്തിട്ടുണ്ട്.

## IV. സബ്മിഷൻ

### (1) തിരുവണ്ണൂർ കോട്ടൺ മില്ലിന്റെ പ്രവർത്തനം

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, 1890-ൽ ആരംഭിച്ച കേരളത്തിലെ ആദ്യത്തെ ടെക്സ്റ്റൈൽ മില്ലായ തിരുവണ്ണൂർ കോട്ടൺ മിൽ 126 വർഷം പൂർത്തീകരിച്ചിരിക്കുകയാണ്. മലബാറിലെ ആദ്യ വ്യവസായ സ്ഥാപനമായ ഈ മിൽ 1983-ലാണ് പൂർണ്ണമായും കേരള സർക്കാർ ഏറ്റെടുത്തത്. കേരളത്തിന്റെതന്നെ അഭിമാനമാകേണ്ട ഈ മില്ലിന് അതിവിപുലമായ പ്രവർത്തന ചരിത്രമുണ്ട്. എന്നാൽ 2003-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ ചൗധരി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ കമ്പനി അടച്ചുപൂട്ടുകയും പൊളിച്ചുവിൽക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു. എന്നാൽ 2006-ൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്. സർക്കാർ ആ വർഷംതന്നെ ഈ മിൽ തുറന്ന് പ്രവർത്തിപ്പിച്ചു. പിന്നീടുള്ള അഞ്ച് വർഷക്കാലം എൽ.ഡി.എഫ്. സർക്കാർ 36 കോടി രൂപ കമ്പനിക്കുവേണ്ടി മുടക്കുകയും നൂതനമായ യന്ത്രസാമഗ്രികളോടെ കേരളത്തിലെ ഏറ്റവും നവീകരിച്ച ടെക്സ്റ്റൈൽ മില്ലാക്കി മാറ്റുകയും അതിനെ ലാഭത്തിലാക്കുകയും ചെയ്തു. 2011-ൽ അധികാരത്തിൽ

വന്ന യു.ഡി.എഫ്. സർക്കാർ മില്ലിന്റെ ഉല്പാദനക്ഷമത ഘട്ടംഘട്ടമായി കുറച്ച് 50 ശതമാനത്തിൽ താഴെക്കൊണ്ടെത്തിക്കുകയും ഗുണനിലവാരമുള്ള കോട്ടൺ നൂലിന് പകരം പോളിസ്റ്റർ നൂൽ ഉല്പാദിപ്പിക്കുകയും ചെയ്തു. മില്ലിന്റെ ഉല്പാദനക്ഷമത കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് വലിയ നഷ്ടത്തിലാണ്. പ്രസ്തുത സ്ഥാപനം 2.28 കോടി രൂപയുടെ വൈദ്യുതി കുടിശ്ശിക അടയ്ക്കാൻ ബാക്കിയാണ്. കെ.എസ്.ഇ.ബി.എൽ. വൈദ്യുതിബന്ധം വിച്ഛേദിച്ചു. കൂടാതെ മൂന്ന് കോടി രൂപയുടെ സാമ്പത്തിക ബാദ്ധ്യതയുമുണ്ട്. ഇതുകാരണം കഴിഞ്ഞ രണ്ടുമാസമായി അവിടത്തെ ജീവനക്കാർക്ക് ശമ്പളം നൽകിയിട്ടില്ല. 270 ഓളം കുടുംബങ്ങൾ പട്ടിണിയിലാണ്. 2015 ഡിസംബർ മുതലാണ് വൈദ്യുതി കുടിശ്ശിക വരുത്തിയത്. കഴിഞ്ഞ കാലത്തെ കെടുകാര്യസ്ഥതയുടെ മറ്റൊരു ഉദാഹരണമാണ് തിരുവണ്ണൂർ കോട്ടൺ മിൽ. ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കീഴിലുള്ള മറ്റ് മില്ലുകളെ അപേക്ഷിച്ച് നൂതനമായ ടെക്നോളജിയും യന്ത്രസാമഗ്രികളും ഈ മില്ലിലുണ്ട്. ഈ കമ്പനിയെ ടെക്സ്റ്റൈയിൽസ് കോർപ്പറേഷനിൽനിന്നും പൂർണ്ണമായി വേർപെടുത്തി പ്രവർത്തിപ്പിക്കണം. സീസൺ സമയത്ത് പരുത്തി വാങ്ങി സൂക്ഷിക്കുന്നതിനാവശ്യമായ മുതൽമുടക്ക് അനുവദിക്കണം. നൂലിന് ആദ്യവില നിശ്ചയിച്ച് നിക്ഷിപ്ത താൽപ്പര്യക്കാരുടെ ഇംഗിതത്തിനനുസരിച്ച് മുൻകൂർ കടംവാങ്ങി പരുത്തി ലഭ്യമാക്കുന്ന രീതിയാണ് കഴിഞ്ഞ അഞ്ചുവർഷമായി നടക്കുന്നത്. അതുകാരണം വൻനഷ്ടമാണ് കമ്പനിക്കുണ്ടാകുന്നത്. കമ്പനിയുടെ മാനേജ്മെന്റ് തികഞ്ഞ മിസ്മാനേജ്മെന്റാണ് നടത്തുന്നത്. കഴിഞ്ഞ കാലങ്ങളിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെങ്കിൽ അത് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം. ഇതിനൊക്കെ മുമ്പായി തൊഴിലാളികൾക്ക് വേതനം നൽകുന്നതിനും അവരുടെ ജോലി നിലനിർത്തുന്നതിനും അടിയന്തര നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈയിൽസ് കോർപ്പറേഷന്റെ ഒരു അനുബന്ധ യൂണിറ്റാണ് കോഴിക്കോട് പ്രവർത്തിക്കുന്ന തിരുവണ്ണൂർ കോട്ടൺ മിൽ. അസംസ്കൃതവസ്തുക്കളുടെ ഉയർന്ന വിലയും മുൻകാലങ്ങളിലെ വമ്പിച്ച നഷ്ടവും കാരണം കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ മില്ലുകൾ കടുത്ത പ്രതിസന്ധി നേരിടുകയാണ്. പ്രവർത്തന മൂലധനത്തിന്റെ വലിയ ശോഷണത്താൽ മില്ലുകൾ യഥാസമയം പ്രവർത്തിപ്പിക്കുന്നതിന് കഴിയുന്നില്ല. തിരുവണ്ണൂർ കോട്ടൺ മിൽ ഉൾപ്പെടെയുള്ള നാല് മില്ലുകൾക്കായി ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ഈ വർഷം നാലരക്കോടി രൂപ പ്രവർത്തന മൂലധനം അനുവദിച്ചിരുന്നു. എന്നാൽ ഈ തുക

ഓണത്തോടനുബന്ധിച്ചുള്ള ചെലവുകൾക്കാണ് ഉപയോഗിച്ചത്. വൈദ്യുതിചാർജ് അടയ്ക്കാത്തതിനാൽ വൈദ്യുതിബന്ധം വിച്ഛേദിച്ചതുൾപ്പെടെയുള്ള നിരവധി പ്രശ്നങ്ങൾ അവിടെയുണ്ട്. കൂടുതൽ മൂലധനനിക്ഷേപം നടത്തിയും ആധുനികവൽക്കരണത്തിന് ഊന്നൽ നൽകിയും വൈവിദ്ധ്യവൽക്കരണത്തിലൂടെയും തിരുവണ്ണൂർ കോട്ടൺ മിൽ ഉൾപ്പെടെ കേരള ടെക്സ്റ്റൈയിൽസ് കോർപ്പറേഷന്റെ പ്രവർത്തനം വിശദമായി വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനുള്ള പാക്കേജ് ഉടൻ തയ്യാറാക്കുന്നതാണ്. കേരളത്തിൽ പ്രൈവറ്റ് മേഖലയിലെ ടെക്സ്റ്റൈൽ സ്ഥാപനങ്ങൾ ഉൾപ്പെടെ വലിയ പ്രതിസന്ധിയിലാണ്.

## (2) മാതൃഭാഷയുടെ ഉപയോഗം

ഡോ. എൻ. ജയരാജ് : സർ,

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ

മർത്യന് പെറ്റമ്മ തൻഭാഷതാൻ "

വള്ളത്തോളിന്റെ മനോഹരമായ വരികളാണിത്. ഞാൻ ഒരു ഭാഷാ മൗലികവാദിയൊന്നുമല്ല. മലയാള ഭാഷയെ ഒന്നാം ഭാഷയാക്കണമെന്നും ഒന്നാം ഭാഷയായി പഠിപ്പിക്കണമെന്നും ഔദ്യോഗിക ആവശ്യങ്ങൾക്കായി മാതൃഭാഷ ഉപയോഗിക്കണമെന്നും വിവിധങ്ങളായ സർക്കാർ ഉത്തരവിലൂടെ നിർദ്ദേശിക്കപ്പെട്ടിട്ടും പാലിക്കപ്പെടാതെ കിടക്കുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. രണ്ടാഴ്ചമുമ്പാണ് മലയാളിയുടെ 'അയ്യോ! ' എന്ന വാക്ക് ഇംഗ്ലീഷ് ഭാഷയുടെ ഭാഗമാക്കി മാറ്റിയത്. അത്ഭുതം, ആശ്ചര്യം എന്ന അർത്ഥത്തിലാണ് ഈ വാക്ക് ഇംഗ്ലീഷ് ഭാഷയിൽ ഉൾപ്പെടുത്തിയത്. എ. ആർ റഹ്മാന്റെ 'ജയ്ഹോ' എന്ന വാക്ക് വിജയം/വിക്ടറി എന്ന അർത്ഥത്തിൽ മലയാളത്തിൽനിന്നും ഇംഗ്ലീഷ് ഭാഷയിലേയ്ക്ക് കടമെടുത്തു. മലയാളത്തിലെ ആദ്യത്തെ വ്യാകരണ ഗ്രന്ഥമായ ലീലാതിലകത്തിൽ പറയുന്നത്, ഏത് ഭാഷയെയും നമ്മുടെ ഭാഷയോട് കൂട്ടിച്ചേർക്കാമെന്നാണ്. അതുകൊണ്ട് മറ്റു ഭാഷകൾ മോശമാണെന്നോ നമ്മുടെ ഭാഷയോട് കൂട്ടിച്ചേർക്കരുതെന്നോ നമ്മുടെ ഭാഷ മാത്രം പഠിപ്പിക്കണമെന്നോ അല്ല ഞാൻ പറയുന്നത്. ഇലക്ട്രിക് സ്വിച്ചിന്-വൈദ്യുതി ആഗമന ഗമന നിയന്ത്രണ യന്ത്രം എന്ന പേര് നൽകണമെന്നോ അല്ലെങ്കിൽ സൈക്കിളിന്-പാദമർദ്ദിത ചലന ഗമന യന്ത്രം എന്ന പേര് നൽകണമെന്നോ എന്നൊന്നും ഞാൻ ആവശ്യപ്പെടുന്നില്ല. കേരളത്തിന്റെ അറുപതാം വാർഷികം ആചരിക്കുന്ന ഈ സന്ദർഭത്തിൽ മലയാളിയെ കൈപിടിച്ചുയർത്തിയ മലയാളഭാഷയേയും ഭൂമിശാസ്ത്രപരമായ ഭൂമികയേയും അംഗീകരിച്ച് അതിനെ നമ്മുടെ ഭാഗമാക്കി മാറ്റി ആദരിക്കാൻ പ്രേരിപ്പിക്കണം. എന്റെ സുഹൃത്തും സഹപ്രവർത്തകനും യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകനുമായ

ശ്രീ. വി. ആർ. പ്രസാദിന്റെ ഒരു ലേഖനം ഇന്നത്തെ മാതൃഭൂമിയിലുണ്ട്. ഭാഷ എന്നതിന് അർത്ഥം ദേശം എന്നു തന്നെയാണ്. ഒരു ഭാഷ ഒരു ദേശത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ്, അതിനെ സംരക്ഷിച്ചുനിർത്തുക എന്നതാണ് പ്രധാനം. 2011 സെപ്തംബർ 1-ാം തീയതി പുറത്തിറങ്ങിയ ഒന്നാം ഭാഷാ ഉത്തരവിൽ പറയുന്നത്, പൊതുവിദ്യാലയങ്ങളിൽ പത്താം തരംവരെ എല്ലാ വിദ്യാർത്ഥികളും മൂന്ന് പീരീഡെങ്കിലും മലയാളം നിർബന്ധമായും പഠിച്ചിരിക്കണമെന്നാണ്. ഓറിയന്റൽ സ്കൂളുകളിൽ ആഴ്ചയിൽ മൂന്ന് പീരിഡ് മലയാളം പഠിപ്പിക്കണം. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിൽ പത്താംതരം വരെ മലയാളം മൂന്ന് പിരീഡെങ്കിലും പഠിപ്പിച്ചിരിക്കണം. കേരളത്തിലെ എല്ലാ ഹയർ സെക്കൻഡറി/ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലും മലയാളം പഠിക്കാനുള്ള അവസരം വേണം. ഹയർ സെക്കൻഡറി ക്ലാസ്സുകളിൽ മലയാളം മാധ്യമത്തിൽ പരീക്ഷ എഴുതാൻ ഉദ്ദേശിക്കുന്ന വിദ്യാർത്ഥികൾക്ക് അതിന് സഹായകരമാകും വിധത്തിൽ ശാസ്ത്രവിഷയങ്ങൾ ഉൾപ്പെടെ പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കണം എന്നൊക്കെയാണ്. മലയാള ഭാഷ പഠിക്കുക എന്നുപറയുന്നത് കേവലമായ അക്ഷരം പഠിക്കൽ മാത്രമല്ല, പ്രാഥമിക തലത്തിലോ സെക്കൻഡറി തലത്തിലോ മാത്രമായി അത് അവസാനിക്കേണ്ടതല്ല. മലയാള ഭാഷയുടെ പഠനം എന്നുപറയുന്നത് മലയാളിക്ക് സൗന്ദര്യാത്മകമായ ഒരു വിദ്യാഭ്യാസം കൂടിയാണ്. നമ്മുടെ അറിവിന്റെ അവബോധത്തെ അനുഭൂതിയാക്കി മാറ്റാൻ ഭാഷാ പഠനത്തിലൂടെ മാത്രമേ കഴിയൂ. നമ്മുടെ ബുദ്ധിയേയും വികാസത്തേയും ലയിപ്പിച്ച് വ്യക്തിത്വത്തിന്റെ ഭാഗമാക്കി മാറ്റാൻ ആ ഭാഷ തന്നെ പഠിച്ചെങ്കിൽ മാത്രമേ കഴിയൂ എന്നതാണ് ഏറ്റവും വലിയ യാഥാർത്ഥ്യം. ശാസ്ത്രീയവും സാങ്കേതികവുമായ അറിവുകൾ മാത്രമല്ല, ജനാധിപത്യപരമായ പുതിയ തിരിച്ചറിവുകളും വൈകാരിക ലോകത്തേയ്ക്കെത്തിക്കുന്നതിന് ഭാഷ പ്രധാനപ്പെട്ട ഒരു ഘടകമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് സംസാരിക്കാൻ തുടങ്ങിയിട്ട് നാല് മിനിട്ടായി.

ഡോ. എൻ. ജയരാജ്: സർ, മലയാള ഭാഷയെ സംബന്ധിച്ചായതിനാൽ എനിക്ക് കുറച്ചുസമയം അനുവദിക്കണം. ശരിയായ രീതിയിൽ ആസൂത്രണം ചെയ്യുന്ന മാതൃഭാഷ സാഹിത്യപഠനം അനുഭൂതി മേഖലയെ ജനാധിപത്യവൽക്കരണത്തിലേയ്ക്ക് നയിക്കുന്നതാണ്. അതുകൊണ്ടാണ് വികസിത രാജ്യങ്ങളിൽ മെഡിക്കൽ എഞ്ചിനീയറിംഗ് പോസ്റ്റുകൾ ഉൾപ്പെടെയുള്ള മാനവിക ബോധനമെന്ന പേരിൽ സാഹിത്യപഠനം നിർബന്ധമാക്കിയിരിക്കുന്നത്. ബംഗാളിൽ രവീന്ദ്ര സംഗീതവും രവീന്ദ്ര സാഹിത്യവും പഠിക്കാതെ ഒരു വിഷയത്തിലും ഡിഗ്രി കിട്ടുകയില്ല. ബഹുമാന്യനായ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞതു പോലെ, ഡിഗ്രി പാസ്സാകാൻ മാതൃഭാഷ അറിയണ്ട എന്നുപറയുന്ന ഏക

സംസ്ഥാനം കേരളമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് പറയാനുള്ളത്, ഒരേ വിദ്യാലയത്തിൽ ഇംഗ്ലീഷ് മീഡിയവും മലയാളം മീഡിയവും അനുവദിച്ചാൽ മലയാളം മീഡിയത്തിലേയ്ക്ക് കുട്ടികൾ വരാതിരിക്കുകയും ഇംഗ്ലീഷ് പ്രധാനപ്പെട്ടതാണെന്ന് സ്കൂളുകൾ വിശ്വസിപ്പിക്കുകയും ചെയ്യുന്ന ഒരു സാഹചര്യത്തിൽ കാലക്രമേണ നമ്മുടെ വിദ്യാലയങ്ങൾ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളായി മാത്രം മാറുന്ന അപകടകരമായ ഒരു അവസ്ഥകൂടിയുണ്ടെന്നുള്ള കാര്യത്തിൽ സംശയമില്ല എന്നാണ്. നമ്മുടെ പല സ്കൂളുകളിലും ആ സാഹചര്യം നിലനിൽക്കുന്നുവെന്നത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

1978-ലെ സർക്കാർ ഉത്തരവിൽ സർക്കാർ വാഹനങ്ങളിലെ നമ്പർ പ്ലേറ്റുകൾ 'കേരള സ്റ്റേറ്റ് ' എന്നതിനുപകരം 'കേരള സർക്കാർ' എന്ന് എഴുതണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. അത് ഇന്നുവരെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് പല ഉത്തരവുകളുമുണ്ട്. 9-3-2007-ലെ സർക്കുലറിൽ 'ഭരണഭാഷ മലയാളമാക്കി സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകളുടെയും വാഹനങ്ങളുടെ ബോർഡുകൾ കേരള സർക്കാർ എന്ന് എഴുതണമെന്ന് നിർദ്ദേശമുണ്ട്. വീണ്ടും 29-10-1998-ൽ സർക്കാർ ഓഫീസു കളുടെയും ഓഫീസർമാരുടെയും പേരുവിവരങ്ങൾ, വാഹനങ്ങളിലെ വകുപ്പിന്റെ പേര്, കേരള സർക്കാർ എന്നിവ ഇംഗ്ലീഷിനോടൊപ്പം മലയാളത്തിലും എഴുതണമെന്ന് വീണ്ടും നിർദ്ദേശം കൊടുത്തു. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ബ്ലോക്ക് തലത്തിലുള്ള എല്ലാ സർക്കാർ ഓഫീസുകളും 1981 നവംബർ 1-ാം തീയതി മുതൽ കത്തിടപാടുകൾക്കും ഔദ്യോഗികമായ എല്ലാ ആവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കണമെന്നുള്ള സർക്കുലറുണ്ട്. പാലങ്ങളിൽ പതിക്കുന്ന ശിലാഫലകങ്ങൾ ഉൾപ്പെടെ മലയാളത്തിൽ വേണമെന്നുണ്ട്. 1973-ലെ ഉത്തരവിൽ പ്രമുഖ കെട്ടിടങ്ങളുടേയും റോഡുകളുടെയും പേരുകൾ മലയാളത്തിൽ എഴുതണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതൊന്നും തന്നെ ഇവിടെ പാലിക്കപ്പെട്ടിട്ടില്ലെന്നതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇപ്പോൾ ഇ-ഗവേണൻസ് നടക്കുന്നുണ്ട്. ഇ-ഗവേണൻസ് എന്നപേരിൽ നടപ്പാക്കുന്ന ഈ പരിപാടി സത്യത്തിൽ മലയാള ഭാഷയെ ഇംഗ്ലീഷാക്കി മാറ്റുന്നതിനുള്ള ശ്രമമാണ്. അതുകൊണ്ട് തീർച്ചയായും ഉദ്യോഗസ്ഥർക്കും ബന്ധപ്പെട്ടവർക്കുമെല്ലാം മലയാളം കമ്പ്യൂട്ടർ ടൈപ്പിംഗിൽ പരിശീലനം നൽകുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

ഇന്റർനെറ്റിൽ തെരഞ്ഞാൽ ഇ-വായനയെ പ്രധാനമായി ബാധിക്കുന്ന ഒന്നാണ് ഫോണ്ടുകളുടെ മാനവീകരണമില്ലായ്മ. ഫോണ്ടുകളുടെ മാനവീകരണത്തിന് അടിയന്തര നടപടി സ്വീകരിക്കണം. എല്ലാ അച്ചടിയും യൂണികോഡ് ഫോണ്ടിലേയ്ക്ക് കൊണ്ടുവരണം. ഫോണ്ടുകൾ നിർമ്മിക്കുമ്പോൾ മലയാളത്തിലെ ലിപി സഞ്ചയത്തിന്റെ സമഗ്രതയും ഇതുവരെയുള്ള ലിപികളുടെ ചരിത്രത്തെയും ഉൾക്കൊള്ളാൻ അതിന് കഴിയണം. നമ്മുടെ ലിപി സഞ്ചയത്തിന് ആവശ്യമായ ഫോണ്ടുകൾ നിർമ്മിക്കാൻ സർക്കാർ മുൻകയ്യെടുക്കണമെന്നുള്ളതാണ് എന്റെ മറ്റൊരാവശ്യം. പദകോശവും വ്യാകരണവും പരിശോധിക്കാൻ ഓൺലൈനിൽ സംവിധാനമുണ്ടാക്കണം. ഇതിനായി സർക്കാർ ഒരു സമിതി രൂപീകരിക്കണ മെന്നാണ് മറ്റൊരാവശ്യം. പി.എസ്.സി. പരീക്ഷ ജയിച്ചാൽ, പ്ലസ് ടു തലം വരെ മലയാളം പഠിച്ചില്ലെങ്കിലും രണ്ടുവർഷത്തിനകം പ്രത്യേക മലയാളപരീക്ഷ പാസ്സാകണമെന്നുള്ള നിയമം കൊണ്ടുവരുന്നതിന് ആവശ്യമായ മാറ്റം കെ.എസ്.ആർ.-ൽ വരുത്തണമെന്നും കോടതി നടപടികൾ മാതൃഭാഷയിലാക്കു ന്നതിനുള്ള പ്രക്രിയ അടിയന്തരമായി പൂർത്തീകരിക്കണമെന്നും സൂചിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....

ഡോ. എൻ. ജയരാജ്: സർ, മലയാള ഭാഷയ്ക്കുവേണ്ടി ഈ ആവശ്യങ്ങൾ ഉന്നയിച്ച് ഇതേ സഭയിൽ പലതവണ സംസാരിച്ചു. മലയാള ഭാഷയുടെ പൂർണ്ണത ഉൾക്കൊണ്ടുകൊണ്ട്, മലയാള ഭാഷയുടെ മാനവികതയെ കുറേക്കൂടി ഉയർത്താനുള്ള സത്വര നടപടികൾ കേരള സംസ്ഥാനത്തിന്റെ 60-ാം വർഷം ആചരിക്കുന്ന ഈ സന്ദർഭത്തിൽ ഗവൺമെന്റ് കൈക്കൊള്ളണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കേരളത്തിന്റെ ഭരണഭാഷ മലയാളമായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഭരണഭാഷ പൂർണ്ണമായും മലയാളമാക്കു ന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതാണ്. കേന്ദ്ര സർക്കാരും അന്യ രാജ്യങ്ങളും ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ള സാഹചര്യങ്ങളിലൊഴികെ ഭരണരംഗത്ത് പൂർണ്ണമായും മലയാളം ഉപയോഗിക്കണമെന്ന കർശന നിർദ്ദേശം എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. സെക്രട്ടേറിയറ്റ്, സെക്രട്ടേറിയറ്റിതര വകുപ്പുകൾ, പൊതുമേഖലാ, അർദ്ധസർക്കാർ, സ്വയംഭരണ-സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും സർക്കുലറുകളും മറ്റ് കത്തിടപാടുകളും

മലയാളത്തിൽ ആയിരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇ-ഗവേണൻസ് മലയാളത്തിൽത്തന്നെ നടപ്പിലാക്കുന്നതിനുള്ള ഇടപെടൽ നടത്തും. ഭരണരംഗത്ത് യൂണികോഡ് ഫോണ്ടുകൾ മാത്രമേ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം ഐ.ടി. വകുപ്പും ഔദ്യോഗിക ഭാഷാ വകുപ്പും പ്രഖ്യാപിച്ചിട്ടുണ്ട്. ആധുനിക എഴുത്തു പകരണങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ഹൈക്കോടതിക്ക് കീഴിലുള്ള കോടതി കളിലെ ഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മലയാള മാധ്യമ പഠനത്തിന് സർക്കാർ പ്രോത്സാഹനം നൽകുന്നതാണ്. പ്രൈമറി ക്ലാസ് മുതൽ തന്നെ മലയാളം കമ്പ്യൂട്ടിംഗ് പഠന വിഷയമാക്കുന്നതിനും ബിരുദതലം വരെ മലയാള പഠനം നിർബന്ധമാക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. തൊഴിൽ പരീക്ഷകൾ, പ്രവേശന പരീക്ഷകൾ എന്നിവ മലയാളത്തിൽ എഴുതുന്നതിനുള്ള സംവിധാനം ഉറപ്പുവരുത്താനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഭരണഭാഷ എന്നതിലുപരിയായി ഭാഷയുടെ വിവിധതലങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സമഗ്ര ഭാഷാ നിയമം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 2015-ലെ മലയാളഭാഷാ വ്യാപനവും പരിപോഷണവും ബിൽ 17-12-2015-ൽ കേരള നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. ഭാഷാ-ന്യൂനപക്ഷങ്ങളുടെ എല്ലാ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ട് ഈ നയം നടപ്പിലാക്കും. ജില്ലാതലങ്ങളിലും വകുപ്പുതല ങ്ങളിലും രൂപീകരിക്കപ്പെട്ടിട്ടുള്ള ഔദ്യോഗിക ഭാഷാ ഏകോപന സമിതികൾ ഭാഷാമാറ്റ പ്രവർത്തനങ്ങൾ അവലോകനം ചെയ്തുവരുന്നു. കൂടാതെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഔദ്യോഗിക ഭാഷാ സംസ്ഥാന സമിതിയും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഔദ്യോഗിക ഭാഷാ ഉന്നതതല സമിതിയും ഇക്കാര്യത്തിലുള്ള പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. ഭരണഭാഷ മലയാളത്തിൽ ആയിരിക്കണമെന്ന സർക്കാർ നയം പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിലേയ്ക്ക് എല്ലാ വകുപ്പുതലവന്മാരും ഓഫീസ് മേധാവികളും തങ്ങളുടെ വകുപ്പിലെ ജീവനക്കാരുടെ യോഗങ്ങൾ വിളിച്ചുകൂട്ടി ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്നും അവ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## (3) ഫയർ സ്റ്റേഷന് കെട്ടിടം

<u>ശ്രീ. എൽദോ എബ്രഹാം</u> : സർ, സംസ്ഥാനത്ത് തീപിടിത്തം, വെള്ളപ്പൊക്കം, വാഹനാപകടം, പ്രകൃതിദുരന്തമുൾപ്പെടെയുള്ള അപകടങ്ങളുണ്ടാകുമ്പോൾ പൊതുജനങ്ങൾ ആദ്യം ആശ്രയിക്കുന്നത് ഫയർ ഫോഴ്സിനെയാണ്. മൂവാറ്റുപുഴയിൽ

ഫയർ ഫോഴ്സിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാണെങ്കിലും സ്വന്തമായി ഒരു കെട്ടിടമില്ലാത്ത സാഹചര്യമാണുള്ളത്. ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം വേണമെന്നത് പതിറ്റാണ്ടുകളായുള്ള ആവശ്യമാണ്. കാലഹരണപ്പെട്ട കെട്ടിടത്തിൽ നാൽപ്പത്തിയാറോളം ജീവനക്കാരാണുള്ളത്. പരിമിതമായ സൗകര്യങ്ങൾക്കുള്ളിലാണ് ഫയർ സ്റ്റേഷൻ പ്രവർത്തിക്കുന്നത്. സ്കൂബാ ഡൈവിംഗ് പരിശീലനം നടത്തുന്ന കേന്ദ്രമെന്ന പ്രത്യേകതകൂടി ഈ ഫയർ സ്റ്റേഷനുണ്ട്. 5 വാഹനങ്ങളും ഹൈഡ്രോളിക് ഉപകരണങ്ങളും സ്കൂബാ സെറ്റുകളും ഉൾപ്പെടെ രണ്ടുകോടിയിലധികം രൂപയുടെ ജീവൻ രക്ഷാ ഉപകരണങ്ങൾ യഥാർത്ഥത്തിൽ സൂക്ഷിക്കാൻ സ്ഥലമില്ലാത്ത സാഹചര്യമാണുള്ളത്. ജീവനക്കാർക്ക് ആവശ്യമായ സൗകര്യമോ ഓഫീസോ ഇല്ല. പരിമിതികളുടെ കേന്ദ്രമായി മൂവാറ്റുപുഴ ഫയർ സ്റ്റേഷൻ മാറിയിരിക്കുകയാണ്. അതുകൊണ്ട് മൂവാറ്റുപുഴ ഫയർ സ്റ്റേഷന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, മൂവാറ്റുപുഴ അഗ്നിരക്ഷാ നിലയം സ്ഥിതിചെയ്യുന്നത് മൂവാറ്റുപുഴ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ലതാപാലം കോംപ്ലക്സ് കെട്ടിടത്തിലാണ്. കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായ പ്രസ്തുത കെട്ടിടം പൊളിക്കുന്നതിന് കെട്ടിടത്തിൽ നിന്നും ഒഴിയണമെന്ന് നഗരസഭ രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും അനുയോജ്യമായ മറ്റൊരു കെട്ടിടം കണ്ടെത്താൻ സാധിക്കാത്തതിനാൽ നിലവിൽ ഈ കെട്ടിടത്തിൽ തന്നെ ഫയർ സ്റ്റേഷൻ പ്രവർത്തിക്കുകയാണ്. മൂവാറ്റുപുഴയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 15 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം പണിയുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് അടിയന്തരമായി ലഭ്യമാക്കാൻ ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പുമായി ആലോചിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

### (4) ടൂറിസം വൊക്കേഷണൽ കോഴ്സുകൾക്ക് അംഗീകാരം

ശ്രീ. എ. എൻ. ഷംസീർ: സർ, വില്ലേജ് ടൂറിസം, കൾച്ചറൽ ടൂറിസം, ഫാൻ ടൂറിസം, ആയുർവ്വേദ ടൂറിസം എന്നിവ പ്രൊമോട്ട് ചെയ്യുക എന്നതാണ് ടൂർ ഫെഡിന്റെ ലക്ഷ്യം. കേരളത്തിൽ അനന്തസാദ്ധ്യതയുള്ള ടൂർ ഓപ്പറേഷനൊക്കെ നടത്താൻ കഴിവുള്ള സ്ഥാപനമാണ് ടൂർ ഫെഡ്. ഇതൊക്കെ ഫലപ്രദമായി നടത്താൻ ടൂർ ഫെഡിന് സാധിക്കുന്നുണ്ടോയെന്ന് ഗവൺമെന്റ് പരിശോധിക്കണം.

ടൂർ ഫെഡിന്റെ കീഴിൽ TAMS (ടൂറിസം അക്കാഡമി ഫോർ മാനേജ്മെന്റ് സ്റ്റഡീസ്) എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ടൂറിസം സംബന്ധമായ വൊക്കേഷണൽ കോഴ്സുകളാണ് ഈ സ്ഥാപനം നടത്തുന്നത്. ഈ കോഴ്സുകൾക്ക് ഗവൺമെന്റിന്റെ അംഗീകാരമോ യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനോ ഇല്ല. ഇതുമൂലം ഈ കോഴ്സിനുചേർന്ന 108 വിദ്യാർത്ഥികൾക്ക് അവരുടെ ഉപരിപഠനവും പണവും നഷ്ടപ്പെട്ടിരിക്കുകയാണ്. ഇവർ നൽകുന്ന കോഴ്സ് സർട്ടിഫിക്കറ്റിന് യാതൊരു വിലയുമില്ല. ലക്ഷക്കണക്കിന് രൂപയുടെ അഴിമതി ഈ രംഗത്ത് നടന്നുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കോഴ്സ് പഠിച്ച വിദ്യാർത്ഥികളുടെ ഭാവിയെക്കുറിച്ച് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ? ടൂർ ഫെഡിൽ പല അവിഹിത പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. ഇപ്പോൾ ടൂർ ഓപ്പറേഷൻ നടത്തുന്നതെല്ലാം കേരളത്തിലെ സ്വകാര്യ ഗ്രൂപ്പുകളാണ്. സ്വകാര്യ ഗ്രൂപ്പുകളിൽനിന്നും ടൂർ ഫെഡിനെ മാറ്റിനിർത്താൻ സാധിച്ചാൽ ഏറ്റവും ഫലപ്രദമായി ടൂറിസം സാദ്ധ്യതകൾ വിനിയോഗിക്കാൻ അതിന് സാധിക്കും. ആ നിലയിലേയ്ക്ക് ഇതിനെ മാറ്റാനും ടൂർ ഫെഡിന്റെ കോഴ്സുകൾ പഠിച്ച വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതമാക്കാനും എന്തെങ്കിലും ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ 24-11-2011-ൽ രജിസ്റ്റർ ചെയ്ത് 30-11-2011-ൽ പ്രവർത്തനമാരംഭിച്ച ടൂറിസം സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമാണ് കേരള സംസ്ഥാന സഹകരണ ടൂറിസം ഫെഡറേഷൻ. ടൂറിസം വകുപ്പിനുകീഴിൽ TAMS എന്ന ചുരുക്കപ്പേരിൽ (ടൂറിസം അക്കാഡമി ഫോർ മാനേജ്മെന്റ് സ്റ്റഡീസ്) ഒരു വർഷം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ ഏവിയേഷൻ, ഡിപ്ലോമ ഇൻ ഹോസ്പിറ്റാലിറ്റി ആന്റ് കസ്റ്റമർ റിലേഷൻ എന്നീ കോഴ്സുകൾ അനധികൃതമായി നടത്തി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സഹകരണസംഘം രജിസ്ട്രാർ ഇക്കാര്യം അന്വേഷണത്തിന് ഉത്തരവിടുകയും 14-7-2016-ൽ അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ടൂർ ഫെഡിന് കോഴ്സുകൾ നടത്തുന്നതിനോ പരീക്ഷകൾ നടത്തി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനോ അധികാരമില്ലെന്നിരിക്കെ പരാതിക്കാധാരമായ കോഴ്സുകൾ നടത്തിയതായും ഇതിനോടകം 108 വിദ്യാർത്ഥികൾക്ക് അംഗീകൃത യൂണിവേഴ്സിറ്റികളുടേതല്ലാത്ത സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതായും സർക്കാർ മുദ്രയുമായി സാമ്യമുള്ള എംബ്ലം ഉപയോഗിച്ചുള്ള പരസ്യം നിയമവിരുദ്ധമായി നൽകിയതായും റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ അംഗീകാരമോ അനുവാദമോ

ഇല്ലാത്ത ഇത്തരം കോഴ്സുകളുടെ നടത്തിപ്പിനായി കേരളത്തിൽ എല്ലായിടത്തും ഫ്രാഞ്ചൈസികളെ തെരഞ്ഞെടുക്കുന്നതിനായി ടൂർ ഫെഡ് വക വെബ്സൈറ്റിലൂടെ പരസ്യം നൽകി വിവിധ ജില്ലകളിൽ നിന്നായി 11 ഫ്രാഞ്ചൈസികളുമായി ധാരണയിലെത്തുകയും കോഴ്സുകളുടെ നടത്തിപ്പ്, പാഠ്യപദ്ധതി, ഫീസ്ഘടന നിശ്ചയിക്കൽ തുടങ്ങി കോഴ്സുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ മെസ്സേഴ്സ് ഹീരാ ട്രസ്റ്റ്, ഹീരാ കോംപ്ലക്സ്, പത്തനംതിട്ട എന്ന ഏജൻസിയുമായി 11-3-2015-ൽ ധാരണാപത്രം ഒപ്പിടുകയും ഫ്രാഞ്ചൈസി ഫീസിനത്തിൽ 35 ലക്ഷം രൂപയും കോഴ്സ് ഫീ ഇനത്തിൽ ഒരു വിദ്യാർത്ഥിയിൽ നിന്നും ഒരു ലക്ഷം രൂപ ക്രമത്തിൽ പിരിക്കുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റ് അനുമതിയോ അംഗീകാരമോ നിയമാവലി വ്യവസ്ഥയോ യൂണിവേഴ്സിറ്റി അഫിലിയേഷനോ അക്രെഡിറ്റേഷനോ ഇല്ലാതെ യാണ് കേരള സംസ്ഥാന സഹകരണ ടൂറിസം ഫെഡറേഷൻ എന്ന അപ്പെക്സ് സ്ഥാപനം പ്രസ്തുത കോഴ്സുകൾ നടത്തുന്നത്. ഇപ്രകാരം പൊതുജനങ്ങളിൽ തെറ്റിദ്ധാരണ പരത്തുന്ന പരസ്യങ്ങളും അംഗീകാരമില്ലാത്ത കോഴ്സുകളും ആരംഭിച്ച് വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാക്കുന്ന നടപടി സഹകരണ മേഖലയുടെ വിശ്വാസ്യതയ്ക്കും സൽപ്പേരിനും കളങ്കം വരുത്തുന്നതും ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുന്നതുമാണെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് കേരള സഹകരണ സംഘം നിയമം 65 പ്രകാരം വിശദമായ അന്വേഷണം നടത്തി അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 27-10-2016-ൽ സഹകരണ സംഘം രജിസ്ട്രാർ ഉത്തരവായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (5) 'ഗ്രാമം ആരാമം' പദ്ധതി

ശ്രീ. അബ്ദുൽ ഹമീദ് പി. : സർ, എന്റെ നിയോജകമണ്ഡലത്തിലെ ചേലേമ്പ്ര പഞ്ചായത്തിൽ മാലിന്യനിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി 'ഗ്രാമം ആരാമം' എന്നൊരു പദ്ധതി സംഘടിപ്പിച്ചിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പൊതുജന പങ്കാളിത്തത്തോടുകൂടിയായിരുന്നു ആ പരിപാടി സംഘടിപ്പിച്ചിരുന്നത്. കഴിഞ്ഞ മൂന്നുനാല് മാസങ്ങളായി അത് വിജയിപ്പിക്കു ന്നതിനുവേണ്ടി വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളാണ് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിരുന്നത്. കക്ഷി-രാഷ്ട്രീയത്തിനതീതമായി എല്ലാവരും ആ പരിപാടിയുമായി സഹകരിച്ചിരുന്നു. ജനകീയ കൂട്ടായ്മയിലൂടെ സംഭരിച്ച മാലിന്യങ്ങൾ അവിടെനിന്നും ശേഖരിച്ചുകൊണ്ടുപോകുന്നതിനുവേണ്ടി നിറവ് എന്ന വേങ്ങേരിയിലെ ഒരു സ്ഥാപനവുമായാണ് പഞ്ചായത്ത് കരാർ ഉണ്ടാക്കിയിരുന്നത്. ഇതൊരു റെസിഡന്റ്സ് അസോസിയേഷൻ ആണെന്നാണ് മനസ്സിലാക്കുന്നത്.

കർണ്ണാടകയിലെ മാണ്ഡ്യ ജില്ലയിലെ റീ-സൈക്ലിംഗ് യൂണിറ്റിലേയ്ക്കാണ് മാലിന്യങ്ങൾ കൊണ്ടുപോകുന്നതെന്നാണ് പഞ്ചായത്തുമായുണ്ടാക്കിയ കരാറിൽ പറഞ്ഞിരുന്നത്. ഇങ്ങനെ സമാഹരിച്ച മാലിന്യങ്ങൾ ഏകദേശം 19 ലോറികളിൽ കൊണ്ടുപോകുന്നതിന് കഴിഞ്ഞ ഒക്ടോബർ 23-ാം തീയതി ഞാൻ പങ്കെടുത്ത വലിയൊരു ചടങ്ങിൽവച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഫ്ലാഗ് ഓഫ് കർമ്മം നിർവ്വഹിക്കുകയുണ്ടായി. ഒരു ലോഡിന് ഏകദേശം 27,000 രൂപയായിരുന്നു വാടക നിശ്ചയിച്ചിരുന്നത്. മാലിന്യങ്ങൾ കൊണ്ടുപോയ മുഴുവൻ വണ്ടികളും കേരള തമിഴ്നാട് അതിർത്തിയിൽ വച്ച് 24-ാം തീയതി തമിഴ്നാട് പോലീസ് കസ്റ്റഡിയിലെടുക്കുകയും ലോറിയിലെ ജീവനക്കാരായ 24-ഓളം പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. തമിഴ്നാട്ടിലെ ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് ഈ മാലിന്യങ്ങൾ ഇറക്കുന്നതുമായി ബന്ധപ്പെട്ടാണ് അറസ്റ്റും മറ്റു കാര്യങ്ങളും ഉണ്ടായതെന്നാണ് മനസ്സിലാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി വിഹിതമായി ഏകദേശം 14 ലക്ഷം രൂപയും നാട്ടിൽ നിന്നും പിരിച്ചെടുത്ത തുകയുമൊക്കെ വച്ചാണ് ഈ പരിപാടി സംഘടിപ്പിച്ചിരുന്നത്. കർണ്ണാടകയിലെ മാണ്ഡ്യ ജില്ലയിലെ റീ-സൈക്ലിംഗ് യൂണിറ്റിലേയ്ക്ക് കൊണ്ടുപോയ മാലിന്യ ലോറികൾ തമിഴ്നാട് പോലീസിന്റെ കസ്റ്റഡിയിൽ എത്തിയതിൽ ദുരൂഹത നിലനിൽക്കുകയാണ്. ഇക്കാര്യത്തിൽ അടിയന്തരമായി അന്വേഷണം നടത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാന്യനായ അംഗം ഇവിടെ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. ചേലേമ്പ്ര പഞ്ചായത്തിൽ നിന്ന് ഇ-മാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും കർണ്ണാടകയിലെ മാണ്ഡ്യയിലേയ്ക്ക് കൊണ്ടുപോകുന്നതിനു വേണ്ടി നിറവ് എന്ന വേങ്ങേരിയിലുള്ള ഒരു സ്ഥാപനത്തിന് കരാർ നൽകിയിരുന്നു. അവർ കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ചില കാര്യങ്ങൾ ചെയ്തുവെന്നാണ് ബഹുമാനപ്പെട്ട അംഗം പറയുന്നത്. നിറവിന് ഒരു പൈസയും പഞ്ചായത്ത് ഫണ്ടിൽ നിന്നും ഇതുവരെ നൽകിയിട്ടില്ല. ഒരു പൈസയും നൽകരുതെന്ന ശക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, ഇത്തരമൊരു വഞ്ചന കാണിച്ചതിന് നിറവിനോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. അവിടെ അറസ്റ്റ് ചെയ്യപ്പെട്ട ആളുകൾക്ക് ഇപ്പോൾ ജാമ്യം കിട്ടിയെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. കോയമ്പത്തൂരിലെ എ.ഡി.ജി.പി. (ലാ ആന്റ് ഓർഡർ)-യുമായി നമ്മുടെ ഡി.ജി.പി. കോൺടാക്ട് ചെയ്തിരുന്നു. നിയമപരമായി മാത്രമേ നമുക്ക് ആ പ്രശ്നം ഇനി പരിഹരിക്കാൻ കഴിയുകയുള്ളൂ. ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മേലിൽ ഏതെങ്കിലും സ്ഥാപനങ്ങളുമായി കരാർ വയ്ക്കുന്നത് ശ്രദ്ധിച്ചും ജാഗ്രതയോടുകൂടിയും ആകണമെന്ന നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതാണ്.

## (6) അഷ്ടമുടിക്കായലിന്റെ സംരക്ഷണം

ശ്രീ. എം. നൗഷാദ്: സർ, കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിന്റെ സംരക്ഷണത്തെക്കുറിച്ചാണ് എനിക്ക് പറയാനുള്ളത്. വലിപ്പത്തിൽ രണ്ടാം സ്ഥാനവും ആഴത്തിൽ ഒന്നാം സ്ഥാനവുമുണ്ടായിരുന്ന കായലാണ് അഷ്ടമുടിക്കായൽ. രാജ്യത്തെ സമ്പന്നമായ മത്സ്യ-ജൈവ വൈവിദ്ധ്യങ്ങളുടെ ശേഖരമായിരുന്ന അഷ്ടമുടിക്കായൽ. 1956-ൽ 54 ചതുരശ്ര കിലോമീറ്ററായിരുന്ന അതിന്റെ വിസ്തൃതിയെങ്കിൽ ഇന്ന് അത് 34 ചതുരശ്ര കിലോമീറ്ററായി ചുരുങ്ങിയിരിക്കുകയാണ്. കായൽ കയ്യേറ്റങ്ങളിലൂടെയും മാലിന്യനിക്ഷേപങ്ങളിലൂടെയും കായൽ നികത്തിയതിലൂടെയുമാണ് അതിന്റെ വിസ്തൃതി കുറഞ്ഞത്. ഇപ്പോൾ അതിന്റെ ആഴം 6.4 മീറ്ററായി മാറിയിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ, ചുരുക്കി അവതരിപ്പിക്കണം.

ശ്രീ. എം. നൗഷാദ്: സർ, ഇവിടെ 8 മിനിട്ടൊക്കെ അനുവദിച്ചല്ലോ; International Union for Conservation of Nature and Natural Resources-ന്റെ റാംസർ പട്ടികയിൽ ഉൾപ്പെട്ട കായലാണ് അഷ്ടമുടിക്കായൽ. 97 ഇനം മത്സ്യങ്ങളും 43 ഇനം കണ്ടൽക്കാടുകളും 57 ഇനം സസ്യജാലങ്ങളും ഉണ്ടായിരുന്ന മേഖലയാണത്. കേരളത്തിലെ ചെമ്മീൻ ഉത്പാദനത്തിന്റെ 60 ശതമാനവും ഉത്പാദിപ്പിക്കുന്ന സമുദ്രാതിർത്തിയായ ക്വയിലോൺ ബാങ്ക് എന്നറിയപ്പെടുന്ന നഴ്സറിയാണ് യഥാർത്ഥത്തിൽ അഷ്ടമുടിക്കായൽ. ഇന്ന് അതെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. ദുർഗന്ധം കാരണം മനുഷ്യന് അടുക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. 8 ശാഖകൾ ഉള്ളതുകൊണ്ടാണ് ഇതിനെ അഷ്ടമുടിക്കായൽ എന്ന് പേരിട്ടിരിക്കുന്നത്. അതിൽ ഒരു ശാഖയായ കാഞ്ഞിരോട്ട് കായലിലെ കരിമീൻ ലോക പ്രശസ്തമാണ്. ഇന്ന് ജലത്തിലെ ലയോക്സിജന്റെ കുറവുകാരണം മത്സ്യസമ്പത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിവിധ വകുപ്പുകളുടെ ഏകോപനമുണ്ടെങ്കിലേ ഇതിനെ സംരക്ഷിക്കാനാകൂ. പ്രസിഡന്റ്സ് ട്രോഫി ജലോത്സവം നടക്കുന്ന വേദികൂടിയായ ഈ കായലിനെ സംരക്ഷിക്കുന്നതിന് അഷ്ടമുടിക്കായൽ സംരക്ഷണ അതോറിറ്റി അതല്ലെങ്കിൽ ശാസ്താംകോട്ട കായൽ, വേമ്പനാട് കായൽ തുടങ്ങിയ കേരളത്തിലെ കായലുകളുടെ സംരക്ഷണത്തിനായി ഒരു കായൽ സംരക്ഷണ അതോറിറ്റി രൂപീകരിച്ച് ജലസ്രോതസ്സുകൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച രൂപത്തിൽ ഒരു അതോറിറ്റി രൂപീകരിക്കണമെങ്കിൽ, അതൊരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റിയായിരിക്കണം, നിയമ സാധുതവേണം. അതിനെ സംബന്ധിച്ച് കഴിഞ്ഞ നിയമസഭയുടെ കാലഘട്ടത്തിൽ ഒരു ബുള്ളറ്റിൻ

പ്രസിദ്ധീകരിച്ചിരുന്നു. ബിൽ അവതരിപ്പിക്കാൻ കഴിയാതെ സഭ കഴിഞ്ഞതോടു കൂടി അത് ലാപ്സായിരിക്കുകയാണ്. അതിൽ വിവക്ഷിച്ചിരുന്നത്, ഓരോ കായലുകൾക്കും തണ്ണീർത്തടങ്ങൾക്കും വെവ്വേറെ അതോറിറ്റിയെന്നുള്ള തായിരുന്നില്ല. അതിനേക്കാൾ ഉചിതം, സമഗ്രമായ ഒരു നിയമനിർമ്മാണ ത്തിലൂടെ ഒരു സംസ്ഥാനതല അതോറിറ്റിയും അതിനുകീഴിൽ പ്രാദേശികമായ ഒരു കൂട്ടം തണ്ണീർത്തടങ്ങൾ ഉൾപ്പെടുത്തി പ്രാദേശിക അതോറിറ്റിയും രൂപീകരിക്കുക യെന്നുള്ളതായിരുന്നു. അതിന് കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 ഭേദഗതി ചെയ്യുന്നത് പരിഗണനയിലുണ്ട്. ആ വിഷയം പ്രത്യേകമായി കൈകാര്യം ചെയ്യാം. അതേസമയംതന്നെ കായൽ സംരക്ഷിക്കാൻ ആവശ്യമായ ഏതെങ്കിലും തരത്തിലുള്ള പ്രവൃത്തികൾ പുതിയ മിഷനിലോ മറ്റോ ഉൾപ്പെടുത്തുന്ന കാര്യം പ്രത്യേകമായി പരിശോധിക്കുന്നതാണ്.

## (7) കുടിവെള്ളക്ഷാമം

ശ്രീ. എൻ. വിജയൻ പിള്ള : സർ, എന്റെ നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന്റെ കാര്യമാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. മന്ത്രിയുമായി പലപ്രാവശ്യം ചർച്ച ചെയ്ത വിഷയമാണ്. എന്റെ നിയോജകമണ്ഡലമായ ചവറയിലെ കുടിവെള്ള പ്രശ്നം വളരെ ഗുരുതരമാണ്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഈ വിഷയം പ്രധാന അജണ്ടയായിരുന്നു. ഞാൻ എം.എൽ.എ. ആയാൽ ഈ സർക്കാരിനെക്കൊണ്ട് കുടിവെള്ള പ്രശ്നത്തിന് ആദ്യം പരിഹാരമുണ്ടാക്കുമെന്നാണ് ജനങ്ങൾക്ക് കൊടുത്തവാക്ക്. അവരെന്നെ പൂർണ്ണമായി വിശ്വസിക്കുകയും ചെയ്തു. ചവറയിലെ കെ.എം.എം.എൽ., ഐ.ആർ.ഇ. എന്നീ വ്യവസായ സ്ഥാപനങ്ങളുടെ മലിനീകരണംമൂലം കിണറുകളിൽ നിന്നും ശുദ്ധജലം ലഭിക്കുന്നില്ല. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിയ ചവറ-പന്മന കുടിവെള്ള പദ്ധതിയാണ് ഏക ആശ്രയം. അതാകെ കുഴപ്പത്തിലാണ്. കുടിവെള്ള വിതരണം ജലനിധി എന്ന പേരിൽ ജനകീയ സമിതിയാണ് ഏറ്റെടുത്തിരിക്കുന്നത്. ജലനിധിയിലേയ്ക്ക് വെള്ളം കൊണ്ടുവരേണ്ടത് ശാസ്താംകോട്ട ശുദ്ധജല തടാകത്തിൽനിന്നാണ്. അതാകെ വറ്റിവരണ്ട നിലയിലാണ്. കൊല്ലം നഗരത്തിലേയ്ക്കും ശാസ്താംകോട്ടയിൽ നിന്നാണ് വെള്ളം എത്തിക്കുന്നത്. ജലനിരപ്പ് ക്രമാതീതമായി താഴ്ന്നതിനാൽ വെള്ളം പമ്പ് ചെയ്യാൻ സാധിക്കുന്നില്ല. ഒരു ബദൽ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കണം. കടപുഴയിലെ കല്ലടയാർ സ്രോതസ്സാക്കി കൊല്ലം നഗരത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി ഇഴഞ്ഞുനീങ്ങുകയാണ്. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി 9 ശതമാനം മാത്രമാണ് പൂർത്തിയാക്കിയത്. അടിയന്തരമായി ഈ പദ്ധതി പൂർത്തിയാക്കിയാൽ ചവറ-പന്മന കുടിവെള്ള

പദ്ധതിക്ക് ശാസ്താംകോട്ട കായലിൽനിന്നും സുലഭമായി ജലം ലഭിക്കും. കിണർ കുഴിക്കാതെ വെള്ളം പമ്പ് ചെയ്യാനുള്ള സാങ്കേതികവിദ്യ അവിടെ നടപ്പാക്കണം. താൽക്കാലികമായി കെ.ഐ.പി. കനാലിൽനിന്നും വെള്ളം പമ്പ് ചെയ്ത് ശാസ്താംകോട്ടയിൽ ശുദ്ധീകരിച്ച് ചവറ-പന്മന കുടിവെള്ള പദ്ധതിയിൽ എത്തിക്കുന്നതിനുള്ള പമ്പ് സെറ്റുകൾ അടിയന്തരമായി സ്ഥാപിക്കാൻ നിർദ്ദേശം നൽകണം. മഴ കുറവാണെന്ന കാര്യവും കുടിവെള്ളക്ഷാമം രൂക്ഷമാകുമെന്ന കാര്യവും മുന്നിൽകണ്ട് മുന്നൊരുക്കങ്ങൾ നടത്തിയില്ലെങ്കിൽ വലിയ പ്രതിസന്ധിയുണ്ടാകും. ഈ സർക്കാർ അക്കാര്യത്തിൽ അതീവ ശ്രദ്ധചെലുത്തണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം ഈ സഭയിൽ ചൂണ്ടിക്കാണിച്ചതുപോലെ തെരഞ്ഞെടുപ്പ് സമയത്ത് അദ്ദേഹം ജനങ്ങളോട് ഈ വിഷയം പറയുകയും ജനങ്ങൾ അദ്ദേഹത്തെ വിജയിപ്പിക്കുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ ഞാൻ മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത പിറ്റേ ദിവസം മുതൽ ഈ വിഷയം വളരെ ഗൗരവമായി അദ്ദേഹം എന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ചില സംവിധാനങ്ങൾ രൂപപ്പെടുത്താതെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. ഇപ്പോൾ അവിടെയുള്ള സംവിധാനങ്ങൾ വളരെ പരിമിതമാണ്. ചവറ-പന്മന കുടിവെള്ള പദ്ധതിയുടെ ഉറവിടം ശാസ്താംകോട്ട തടാകമാണ്. ശാസ്താംകോട്ട തടാകത്തിന് സമീപമുള്ള ശുദ്ധീകരണശാലയിൽ നിന്നാണ് ചവറ-പന്മന പഞ്ചായത്തുകളിലേയ്ക്ക് ഇപ്പോൾ ജലം നൽകുന്നത്. ഇതിന്റെ ശുദ്ധീകരണശാലയും കൊല്ലം നഗരത്തിലേയ്ക്കും സമീപ പ്രദേശങ്ങളിലേയ്ക്കും വിതരണം ചെയ്യുന്ന ശുദ്ധീകരണ ശാലകളും ശാസ്താംകോട്ടയിൽ തന്നെയാണ് നിർമ്മിച്ചിരിക്കുന്നത്. ശാസ്താംകോട്ടയിൽ ജലനിരപ്പ് ക്രമാതീതമായി താഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ വരൾച്ച സമയത്ത് ഈ തടാകത്തിലെ ജലനിരപ്പ് ക്രമാതീതമായി താഴുകയും പമ്പ് ചെയ്യുന്നതിനുള്ള വെള്ളം തീരെ ലഭ്യമല്ലാത്ത സാഹചര്യമുണ്ടാവുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരിഹരിക്കാൻ കഴിയുന്ന ഒരു സംവിധാനമെന്ന നിലയിൽ സമീപത്തുള്ള കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ കനാലിൽനിന്നും വെള്ളം താൽക്കാലികമായി പമ്പ് ചെയ്ത് ശുദ്ധീകരണ ശാലയിൽ എത്തിച്ചാണ് ജലവിതരണം നടത്തിയത്. കെ.ഐ.പി. കനാലിൽനിന്നുള്ള വെള്ളം ചവറ-പന്മന ശുദ്ധീകരണ ശാലയിൽക്കൂടി എത്തിക്കുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരികയാണ്. ഇതിനായി രണ്ട് പമ്പ് സെറ്റുകൾക്കും ഇന്റർ കണക്ഷൻ ജോലികൾക്കുമായി 40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിലൂടെ ചവറ-പന്മന പ്രദേശത്തെ ജലവിതരണം

മെച്ചപ്പെടുത്താനും ശാസ്താംകോട്ടയിൽ നിന്നെടുക്കുന്ന ജലത്തിന്റെ അളവ് കുറയ്ക്കാനും കഴിയും. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കൊല്ലം നഗരത്തിനായുള്ള കടപുഴ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി 9 ശതമാനം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ബാക്കി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കാം. കിണർ പണിയാൻ ഉദ്ദേശിച്ചിരുന്ന സ്ഥലവുമായി ബന്ധപ്പെട്ട് ഒരു കേസ് നിലവിലുള്ളതിനാൽ പണികൾ തടസ്സപ്പെട്ടിരിക്കുകയാണ്. ഈ പദ്ധതികൾക്ക് പുറമേ കൊല്ലം നഗരത്തിനും സമീപ പ്രദേശങ്ങൾക്കുമായി കല്ലടയാറ്റിലെ ഞാങ്കടവിൽനിന്നും 100 എം.എൽ.ഡി. (100 ദശലക്ഷം ലിറ്റർ) വെള്ളം വിതരണം ചെയ്യുതിനുള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന് 78 കോടി രൂപ 2016-17-ലെ അമൃത് കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ രണ്ടാംഘട്ടത്തിനായുള്ള 235 കോടി രൂപ 2016-17-ലെ ബഡ്ജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 9009 കോടി രൂപയുടേതാണ് 27/10-ലെ ഉത്തരവ് പ്രകാരം സമർപ്പിച്ചത്. ഇതിന് 27-10-2016-ൽ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാക്കാൻ സ്വാഭാവികമായും സമയമെടുക്കും. അത് പൂർത്തിയാകുന്നതോടെ ശാസ്താംകോട്ട തടാകത്തിൽ നിന്നുള്ള ജല ഉപഭോഗത്തിൽനിന്നും കൊല്ലം നഗരത്തെ പരിപൂർണ്ണമായും ഒഴിവാക്കി ശാസ്താംകോട്ടയുടെ പരിസര പ്രദേശങ്ങളിലടക്കം വെള്ളം നൽകാൻ കഴിയും. ഇപ്പോഴുള്ള പദ്ധതി ശാസ്താംകോട്ടയുടെ പരിസര പ്രദേശങ്ങൾക്കായി പരിമിതപ്പെടുത്താനും സാധിക്കും.

## (8) സമഗ്ര കുടിവെള്ള പദ്ധതി

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : സർ, തിരുവനന്തപുരം ജില്ലയിൽ കുടിവെള്ളമെത്തിക്കുന്ന പ്രധാനപ്പെട്ട ജലസ്രോതസ്സാണ് അരുവിക്കര ഡാം. 1930-കളിൽ തിരുവിതാംകൂർ രാജഭരണകാലത്ത് നിർമ്മിച്ച ഈ ഡാമിൽനിന്നുള്ള വെള്ളമാണ് ഇവിടത്തെ സ്കൂളുകളിലും വീടുകളിലും സെക്രട്ടേറിയറ്റിലും എം.എൽ.എ. ഹോസ്റ്റലുകളിലുമൊക്കെ വിതരണം ചെയ്യുന്നത്. ഈ ഡാം സ്ഥിതി ചെയ്യുന്ന അരുവിക്കര പഞ്ചായത്തും സമീപ പ്രദേശങ്ങളായ വെള്ളനാട്, ഉഴമലയ്ക്കൽ, ആര്യനാട് പഞ്ചായത്തുകളും എന്റെ മണ്ഡലത്തിലുൾപ്പെട്ടതാണ്. അവിടെയൊക്കെ കുടിവെള്ളത്തിന് വലിയ ക്ഷാമം അനുഭവപ്പെടുകയാണ്. കഴിഞ്ഞ 15 ദിവസമായി അരുവിക്കരയിലുള്ള അഴീക്കോട് മേഖലയിലും വെള്ളനാട്ടുള്ള കുതിരക്കുളം മേഖലയിലുമൊക്കെ വെള്ളമില്ലാത്തതിന്റെ പേരിൽ വലിയ പ്രക്ഷോഭങ്ങൾ നടക്കുകയാണ്. ഇതൊക്കെ കണ്ടുകൊണ്ടാണ് കഴിഞ്ഞ സർക്കാരിന്റെ സമയത്ത് അരുവിക്കര, വെള്ളനാട്, ഉഴമലയ്ക്കൽ, ആര്യനാട് പഞ്ചായത്തുകളേയും

അതിനോടൊപ്പം നെടുമങ്ങാട് മുനിസിപ്പാലിറ്റിയേയും സമന്വയിപ്പിച്ചുകൊണ്ട് 85 കോടി രൂപയുടെ ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് വാട്ടർ അതോറിറ്റി തയ്യാറാക്കിയത്. അതിന്റെ ആദ്യ ഭാഗമായി 10 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചുവെങ്കിലും ഈ പദ്ധതി മുന്നോട്ടുപോയില്ല. എനിക്ക് അങ്ങയോട് പറയാനുള്ളത്, ഈ നാല് പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റിയെയും സമന്വയിപ്പിക്കുന്ന ഈ പദ്ധതി എത്രയും പെട്ടെന്ന് മുന്നോട്ടുകൊണ്ടുപോകാനുള്ള നടപടി സ്വീകരിക്കണമെന്നാണ്. അതിനോടൊപ്പം എന്റെ മണ്ഡലത്തിലെ വിതുര-തൊളിക്കോട് കുടിവെള്ള പദ്ധതി ഇഴഞ്ഞുനീങ്ങുകയാണ്. വിതുരയിലെ പണി പൂർത്തിയായിട്ടുണ്ടെങ്കിലും തൊളിക്കോട് ഭാഗത്ത് സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണം ആ പദ്ധതി മുന്നോട്ടുപോകുന്നില്ല. ഈ പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, വിതുര പദ്ധതിയെ സംബന്ധിച്ച് ഈ നോട്ടീസിൽ പറഞ്ഞിട്ടില്ലാത്തതിനാൽ എനിക്ക് അതിന്റെ ഉത്തരം ശേഖരിച്ചതിനുശേഷമേ മറുപടി പറയാൻ സാധിക്കൂ. ഇപ്പോൾ സബ്മിഷൻ നോട്ടീസിൽ തന്ന വിവരങ്ങൾക്ക് മറുപടി പറയാം. ആര്യനാട്, ഉഴമലയ്ക്കൽ, അരുവിക്കര, വെള്ളനാട് പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനായി അരുവിക്കര പഞ്ചായത്തിലെ കരമനയാറ്റിൽ കുവക്കുടി പാലത്തിന് സമീപത്തായി 20 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാല നിർമ്മിക്കുന്നതുൾപ്പെടെ 52.75 കോടി രൂപ മതിപ്പ് ചെലവുള്ള ഒരു പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിരുന്നു. എന്നാൽ ഈ പദ്ധതിയുടെയും നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ വിപുലീകരണത്തിനായുള്ള കുടിവെള്ള പദ്ധതിയുടെയും ശുദ്ധീകരണ ശാലകൾ നിർമ്മിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത് അരുവിക്കര ജലസംഭരണിയ്ക്ക് സമീപത്തുള്ള കുവക്കുടി എന്ന സ്ഥലത്താകയാൽ ആര്യനാട്, ഉഴമലയ്ക്കൽ, അരുവിക്കര, വെള്ളനാട് എന്നീ പഞ്ചായത്തുകളേയും നെടുമങ്ങാട് മുനിസിപ്പാലിറ്റിയേയും സംയോജിപ്പിച്ച് ജനങ്ങൾക്ക് കൂടുതൽ ശുദ്ധജലം നൽകുക എന്ന ലക്ഷ്യത്തോടെ ഒരു ബൃഹത്പദ്ധതിയുടെ perspective plan ഉൾപ്പെടെയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (9) ഭൂമി ഇടപാട്

ശ്രീ. എസ്. രാജേന്ദ്രൻ : സർ, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുമായി നേരിട്ട് സംസാരിക്കുകയും പരാതി നൽകുകയും ചെയ്ത ഒരു സംഗതിയാണിത്.

2005-ൽ മാട്ടുപ്പെട്ടി, കുണ്ടള പോലുള്ള ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയയിൽ സ്വകാര്യ വ്യക്തികൾക്ക് സംഘങ്ങളുടെ പേരിൽ നൽകിയിട്ടുള്ള ഭൂമി സർക്കാരിൽത്തന്നെ നിലനിർത്തണമെന്നാവശ്യപ്പെട്ട് സഖാവ് വി.എസ്. അച്ചുതാനന്ദൻ ഉൾപ്പെടെയുള്ളവർ സമരം നടത്തുകയും പിന്നീടത് ക്യാൻസൽ ചെയ്യുകയുമൊക്കെ ചെയ്തിട്ടുള്ളതാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ മാട്ടുപെട്ടി ഡാം ഉൾപ്പെടെയുള്ള ക്യാച്ച്മെന്റ് ഏരിയയിൽ ഡാം സേഫ്റ്റി നിയമം നോക്കാതെ പ്രവർത്തനം നടത്താൻ ആ സ്ഥലം വിട്ടുനൽകി. അങ്ങനെ വിട്ടുനൽകിയ സ്ഥലങ്ങളിൽ ഹൈഡൽ ടൂറിസം പോലുള്ള സ്ഥാപനങ്ങൾ കൊണ്ടുവരണം. ഇത്തരത്തിൽ വിട്ടുനൽകിയ ഭൂമി വീണ്ടെടുത്ത് ഹൈഡൽ ടൂറിസത്തിന്റെ നേതൃത്വത്തിൽ പ്രവൃത്തികൾ നടപ്പിലാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ അഭ്യർത്ഥന. ഇപ്പോഴുള്ള കരാറുകൾ റദ്ദു ചെയ്യാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നുകൂടി മനസ്സിലാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തയ്യാറാകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എസ്. രാജേന്ദ്രൻ ഈ പ്രശ്നം നേരത്തേ തന്നെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നമ്മൾ ഒരു സംഘം രജിസ്റ്റർ ചെയ്ത് ഹൈഡൽ ടൂറിസത്തിന് പ്രാധാന്യം കൊടുത്ത് അതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലം അതിന്റെ മീറ്റിംഗ് ചേർന്നതായി കാണുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ സംഘത്തിന്റെ മീറ്റിംഗ് ഒന്നിലധികം പ്രാവശ്യം ചേർന്ന്, പുതിയ ഭരണസമിതി യോഗം ചേർന്ന് ഹൈഡൽ ടൂറിസം വിപുലീകരിക്കുന്നതിനുള്ള വിപുലമായ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഹൈഡൽ ടൂറിസത്തിന്റെ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിയപ്പോൾ ചില സംരംഭങ്ങൾ സംയുക്ത സംരഭങ്ങളായും, വരുമാനം പങ്കിടൽ രീതിയിലും പുറം സംരഭകർക്ക് നൽകിയിട്ടുണ്ടെന്ന് കാണാൻ സാധിച്ചിട്ടുണ്ട്. കൂടാതെ അനുബന്ധ സൗകര്യങ്ങളൊരുക്കുന്നതിന് കടകളും പാർക്കിംഗ് ഏരിയ മുതലായവയും ടെണ്ടർ വ്യവസ്ഥയിലൂടെ നൽകിയതായും കാണുന്നു. ഇത്തരം കരാറുകളിൽ ചിലത് 19 വർഷം വരെ കാലാവധിയുള്ളതാണ്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിക്കുന്നതുപോലെ പാട്ടവ്യവസ്ഥയിൽ സ്വകാര്യ വ്യക്തികൾക്ക് ഭൂമി നൽകിയിട്ടില്ല, അത് പരിശോധിച്ചതാണ്. ഏതായാലും സ്വകാര്യ വ്യക്തികളുടെ കൈകളിൽപെട്ടുപോയ ഭൂമി തിരികെ ലഭ്യമാക്കാനും ഹൈഡൽ ടൂറിസത്തിന്റെ അനന്തമായ സാധ്യതകളെ ഉപയോഗപ്പെടുത്തി ടൂറിസം പ്രോജക്ടുകൾ നടപ്പിലാക്കാനും ആവശ്യമായ നിയമപരമായ അന്വേഷണം ഗവൺമെന്റ്

നടത്തുകയാണ്. നിയമത്തിന്റെ വഴിയിലൂടെ മാത്രമേ നമുക്ക് സഞ്ചരിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് നിയമപരമായ അന്വേഷണം നടത്തുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ അതിന്റെ പ്രവർത്തനങ്ങൾ പ്രാദേശികമായി ലഭ്യമാക്കാവുന്ന അനുയോജ്യരായ ആളുകളെ ഉപയോഗിച്ചാണ് നടത്തിവരുന്നത്. ഇങ്ങനെ വിവിധ ജോലികൾക്ക് പ്രാദേശികമായി ആളുകളെ നിയോഗിക്കുമ്പോൾ പോലീസ് വെരിഫിക്കേഷൻ ഉൾപ്പെടെ മറ്റു വിശദമായ പരിശോധനകൾ നടത്തുന്നതായി കാണുന്നില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയ സംഭവങ്ങൾ പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് നിർദ്ദേശം നൽകും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കൂടിയ ഒന്നാമത്തെ ഗവേണിംഗ് ബോഡി ഹൈഡൽ ടൂറിസം സെന്ററിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ആളുകളുടെ നിയമനവും വേതനവും സംബന്ധിച്ച കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സമിതിയെ നിയോഗിച്ചിട്ടുണ്ട്. അടുത്ത മാസംതന്നെ സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് അതിനാവശ്യമായ ക്രമീകരണങ്ങളൊരുക്കും. വൈദ്യുതി ബോർഡിൽ നിന്ന് നഷ്ടപ്പെടാനിടയുണ്ടെന്ന് കരുതുന്ന ഭൂമി തിരികെപിടിക്കാൻ ആവശ്യമായ നിയമ നടപടികൾക്കും സംഘം ക്രമീകരണങ്ങ ളൊരുക്കുമെന്നാണ് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്.

## (10) യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തൽ

ശ്രീ. കെ. രാജൻ : സർ, എന്റെ മണ്ഡലമായ ഒല്ലൂര് തികച്ചും സാധാരണ ക്കാരായ കർഷകർ ഉൾപ്പെടുന്ന വളരെ റിമോട്ടായ ഒരു മലയോര മേഖലയാണ്. അവിടെയാണ് ആശാരിക്കാട് യു.പി. സ്കൂൾ പ്രവർത്തിക്കുന്നത്. ഇത് കേവലം ഒരു സ്കൂളിന്റെ അപ്ഗ്രഡേഷനുവേണ്ടി മാത്രമുള്ളതല്ല. എങ്കിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതു സംബന്ധിച്ച് ഒരു നിവേദനം മാത്രമേ നൽകൂ. വാഹന സൗകര്യം തീരെയില്ലാത്തതും വിദ്യാഭ്യാസ സാധ്യതകൾ ഏറെ കുറഞ്ഞതുമായ ഒരു പ്രദേശത്താണ് ഏതാണ്ട് 283 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ യു.പി. സ്കൂൾ പ്രവർത്തിക്കുന്നത്. യഥാർത്ഥത്തിൽ നടത്തറ പഞ്ചായത്തിലാണ് ഈ സ്കൂൾ നിലനിൽക്കുന്നത്. നടത്തറ പഞ്ചായത്തിൽ മറ്റൊരിടത്തും സർക്കാരിന്റെ ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നില്ല. ഈ സ്ഥലം നടത്തറ പഞ്ചായത്തിലാണെങ്കിലും അതിനോട് ചേർന്നുള്ള പാണഞ്ചേരി-പുത്തൂർ പഞ്ചായത്തുകളുടേയും പ്രധാനപ്പെട്ട പ്രദേശങ്ങളായ വെള്ളച്ചാൽ, ദർഭ, കാളക്കുന്ന്, പാപ്പിനിശ്ശേരി, പയ്യനം, ആശാരിക്കാട്, ചേരുംകുഴി, മുരുക്കുംകുണ്ട്, വട്ടപ്പാറ അങ്ങനെ തുടങ്ങുന്ന ആദിവാസികൾ ഉൾപ്പെടെ താമസിച്ചുവരുന്ന വളരെ റിമോട്ടായ ഒരു പ്രദേശത്താണ് ആശാരിക്കാട് യു.പി. സ്കൂൾ നിലനിൽക്കുന്നത്. ഈ സ്കൂളിൽനിന്ന് മാധവമംഗലം ഗവൺമെന്റ് ഹൈസ്കൂളിലേയ്ക്ക് 8 കിലോമീറ്റർ ദൂരമുണ്ട്. ഈ പഞ്ചായത്തിലെ

മറ്റൊരു ഹൈസ്കൂളായ പൂച്ചട്ടിയിലേയ്ക്ക് 12 കിലോമീറ്റർ ദൂരമുണ്ട്. ഇതിന്റെ തൊട്ടിപ്പുറത്തുള്ള പട്ടിക്കാട് ഹൈസ്കൂളിലേയ്ക്ക് 10 കിലോമീറ്ററും, പീച്ചി ഹൈസ്കൂളിലേയ്ക്ക് 9 കിലോമീറ്ററും യാത്ര ചെയ്യേണം എത്താൻ. അങ്ങേയ്ക്ക് നന്നായറിയാവുന്ന സ്ഥലമായതിനാൽ ദൂരത്തെക്കുറിച്ച് ഞാൻ വിവരിക്കേണ്ടതില്ല. അവിടെ നിന്നും എട്ട് മണിക്കും ഒൻപതര മണിക്കുമിടയിൽ ഈ സ്കൂളുകളിലേയ്ക്ക് പോകാൻ ആകെയുള്ളത് മൂന്ന് ബസ്സുകൾ മാത്രമാണ്. അരമണിക്കൂർ മുതൽ ഒന്നേകാൽ മണിക്കൂർ വരെ കാത്തുനിന്നാൽ മാത്രമേ ഈ സ്കൂളുകളിലെത്താൻ സാധിക്കൂ. എന്നാൽ പ്രൈവറ്റ് സ്കൂളുകളുടെ വാഹനങ്ങൾ യഥേഷ്ടം വരികയും പോകുകയും ചെയ്യുന്നുണ്ട്. കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പൊതുവിദ്യാഭ്യാസത്തിന്റെ നിലനിൽപ്പിനുവേണ്ടി അധികാരമേറ്റ ദിവസം മുതൽ വലിയ ഇടപെടൽ നടത്തുകയാണ്. ഇത്തരം സാഹര്യത്തിൽ പണം കൂടുതൽ ചെലവാക്കി സ്വകാര്യ സ്കൂളുകളിലേയ്ക്ക് പോകാൻ കുട്ടികൾ നിർബന്ധിതരാകുന്ന സാഹചര്യമുണ്ട്. മലയോരത്തിന്റെ എല്ലാ അപകടങ്ങളും, കുറവുകളും, സാമ്പത്തിക പരാധീനതകളുമുള്ള ഒരു കേന്ദ്രമാണിത്. ആശാരിക്കാട് മേഖലയിൽ പ്രവർത്തിക്കുന്ന യു.പി. സ്കൂളിനെ നടത്തറ പഞ്ചായത്തിൽ അനുവദിക്കുന്ന ഏക ഗവൺമെന്റ് ഹൈസ്കൂൾ എന്ന നിലവാരത്തിലേയ്ക്ക് ഉയർത്തണമെന്നതാണ് എന്റെ ആവശ്യം. പൊതുവിദ്യാഭ്യാസ മേഖലയെ വല്ലാതെ സ്നേഹിക്കുകയും ഇടപെടുകയുമൊക്കെ ചെയ്യുമ്പോഴും അങ്ങയുടെ പരാധീനത എനിക്കറിയാം. സ്വാഭാവികമായും സർക്കാരിന്റെ സാമ്പത്തിക പരാധീനത കേരളത്തിൽ ധനകാര്യ വകുപ്പുമന്ത്രി തന്നെ വൈറ്റ് പേപ്പർ അവതരിപ്പിച്ചുകൊണ്ട് ഇവിടെ സൂചിപ്പിച്ചതാണ്. ആശാരിക്കാട് യു.പി. സ്കൂൾ ഒരു ഹൈസ്കൂളാക്കി ഉയർത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം 5-ൽ പ്രതിപാദിച്ചിരിക്കുന്ന ചട്ടങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ കഴിയുകയുള്ളൂ. പുതിയ സ്കൂളുകൾ ആരംഭിക്കുന്നതും അപ്ഗ്രേഡ് ചെയ്യുന്നതും വിലക്കിക്കൊണ്ട് ഒരു ഉത്തരവ് നിലവിലുണ്ട്. എന്നാൽ 18-6-2015-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 3060/2014-ാം നമ്പർ ഉത്തരവ് പ്രകാരവും ഒരു കൂട്ടം ഹർജികളിന്മേലുള്ള വിധിന്യായപ്രകാരവും ഓരോ പ്രദേശത്തേയും വിദ്യാഭ്യാസ ആവശ്യകത സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ ഉയർത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ്. ഈ സാഹചര്യത്തിൽ എസ്.എസ്.എ-യുടെ നേതൃത്വത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുള്ള സ്ഥലങ്ങൾ കണ്ടെത്തി കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം 5 പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

വിദ്യാഭ്യാസത്തിന്റെ ആവശ്യകത കണ്ടെത്തിയ പ്രദേശങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ടവരിൽനിന്ന് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ലഭ്യമാക്കി വിദ്യാഭ്യാസ ചട്ടത്തിൽ അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ തീരുമാനമെടുത്ത് ഇക്കാര്യത്തിൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. അതിനു ശേഷമേ ഏതൊക്കെ സ്ഥലങ്ങളിൽ സ്കൂളുകൾ അനുവദിക്കണമെന്നും ഏതൊക്കെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്നുമുള്ള അന്തിമ തീരുമാനമെടുക്കാൻ കഴിയൂ. തൃശ്ശൂർ ജില്ലയിൽ ഒല്ലൂർ നിയോജക മണ്ഡലത്തിലെ നടത്തറ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന യു.പി. സ്കൂളാണ് ആശാരിക്കാട് ഗവൺമെന്റ് യു.പി. സ്കൂൾ. 2016-17 അദ്ധ്യയന വർഷത്തിൽ ഒന്നു മുതൽ ഏഴു വരെ ക്ലാസ്സുകളിലായി 160 വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തുന്നുണ്ട്. ആശാരിക്കാട് ഗവൺമെന്റ് യു. പി. സ്കൂൾ, ഹൈസ്കൂളാക്കി ഉയർത്തുന്നത് ഈ പ്രദേശത്തെ വിദ്യാർത്ഥികൾക്ക് ഗുണംചെയ്യുന്നതാണ്. കെ.ഇ.ആർ.-ലെ വ്യവസ്ഥയനുസരിച്ച് ഹൈസ്കൂളാക്കി ഉയർത്താനാവശ്യമായ ഭൗതിക സാഹചര്യം ലഭ്യമാകേണ്ടതുണ്ട്. കൂടാതെ വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തി തയ്യാറാക്കിയ കരട് അന്തിമ വിജ്ഞാപനം പരിശോധിച്ചുവരുന്നു.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ ഒരു ക്രമപ്രശ്നം എഴുതി തന്നിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് നൽകിയ നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന വിഷയം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പണം കഴിഞ്ഞ് പറയാം.

## V. റിപ്പോർട്ട് സമർപ്പണം

### 1. 2016-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2016-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

### 2. സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബില്ലും 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബില്ലും

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ശ്രീ. എ. പ്രദീപ് കുമാർ : സർ, 2016-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ, 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും, കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലുകളും കമ്മിറ്റി അദ്ധ്യക്ഷനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി.ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

# VI. റൂളിംഗ്

ശ്രീ. പി.ടി. തോമസ് എം.എൽ.എ.-യുടെ ക്രമപ്രശ്നം

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. പി. ടി. തോമസ് നൽകിയ നോട്ടീസിൽ ഉന്നയിച്ചിരിക്കുന്ന കാര്യം ചട്ടം 303-ന്റെ പരിധിയിൽ വരുന്നതല്ല. അത് സഭയ്ക്കു പുറത്ത് നടത്തിയ ഒരു പ്രസ്താവന സംബന്ധിച്ച വിഷയമാണ്. നിയമസഭാ ചട്ടത്തിലെയോ ഭരണഘടനയിലെയോ വ്യവസ്ഥകളെ സംബന്ധിച്ചുള്ള ഏതെങ്കിലും ക്രമപ്രശ്നമല്ലാത്തതിനാൽ ഇത് അനുവദനീയമല്ല.

12.00 Noon]

# VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

## 1. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ് : സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

2. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2016-ലെ കേരള ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും സേവന വ്യവസ്ഥയും നിശ്ചയിക്കൽ ബിൽ

ശ്രീ. ബി. സത്യൻ : സർ, 2016-ലെ കേരള ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി ജീവനക്കാരുടെ വേതനവും ആനുകൂല്യങ്ങളും സേവന വ്യവസ്ഥയും നിശ്ചയിക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി പല ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. അവരുടെ ജീവിതപ്രശ്നങ്ങളും ലഭിക്കുന്ന ആനുകൂല്യങ്ങളുമൊക്കെ പരിശോധിച്ചാൽ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ടെന്ന് ബോധ്യമാകും. പക്ഷേ ആ ജീവനക്കാരെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി നിയമിച്ചത് വ്യവസ്ഥാപിതമായ രീതിയിലും സാമൂഹ്യ സംവരണവും മെറിറ്റും അനുസരിച്ചല്ല. ഈ ബില്ലുകൊണ്ട് അവർക്ക് സ്ഥിരം ജോലിസ്വഭാവം കൈവരുമെന്നതിനാൽ അത് നിയമാനുസൃതമല്ല. കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്കുള്ള ആനുകൂല്യങ്ങൾ കാലാകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുകയും ആശുപത്രി വികസന സമിതിയുടെ സാമ്പത്തിക സ്ഥിതിക്കനുസൃതമായി അതിൽ മാറ്റംവരുത്തുകയും ചെയ്യുന്നതിനാൽ ഈ ബില്ലിന് പ്രസക്തിയില്ല. ആയതിനാൽ ഇക്കാര്യത്തിനായി ഒരു പ്രത്യേക ബില്ലിന്റെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. ബി. സത്യൻ : സർ, സംസ്ഥാനത്തെ ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി (എച്ച്.ഡി.എസ്.)കളും ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി (എച്ച്.എം.സി.)കളും വ്യവസ്ഥാപിതമായി നിലവിൽ വന്ന സ്ഥാപനങ്ങളാണ്. ഡോക്ടർ കെ. എം. പൈ ചെയർമാനായ കമ്മിറ്റിയുടെ ശിപാർശയിന്മേൽ 29-1-1983-ൽ ജി.ഒ.(എംഎസ്.) 26/83/എച്ച്.ഡി.എസ്. ഉത്തരവ് പ്രകാരം നിലവിൽ വന്നവയാണിത്. മെഡിക്കൽ കോളേജുകളിൽ ആശുപത്രി ഡെവലപ്മെന്റ് സൊസൈറ്റിയെന്ന നിലയിലും താലൂക്കാശുപത്രി മുതൽ താഴോട്ടുള്ള ആശുപത്രികളിൽ ആശുപത്രി മാനേജുമെന്റ് കമ്മിറ്റിയെന്ന നിലയിലുമാണ് പ്രവർത്തിക്കുന്നത്. സർക്കാർ ആശുപത്രികളിലെ ഇന്നത്തെ അവസ്ഥ നമുക്കറിയാമല്ലോ. സർക്കാർ ആശുപത്രികളിൽ സർക്കാർ എക്സ്ചെക്കറിൽ നിന്ന് ലഭിക്കുന്നതും പദ്ധതിയേതരമായി ലഭിക്കുന്ന ഫണ്ടുകളും മാത്രം ഉപയോഗിച്ച് മെഡിക്കൽ കോളേജ് മുതൽ പി.എച്ച്.സി. വരെയുള്ള ആരോഗ്യ കേന്ദ്രങ്ങളിലെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയില്ല എന്നത് വസ്തുതയാണ്. ഇത് മനസ്സിലാക്കിയിട്ടാണ് വിശ്വപ്രശസ്തനായ ഡോ. കെ. എൻ. പൈ അദ്ധ്യക്ഷനായുള്ള ഹൈപവ്വർ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം ഈ സമിതികൾ നിലവിൽ വന്നത്. ലബോറട്ടറി, മെഡിക്കൽ സ്റ്റോർ, സ്കാനിംഗ് സെന്റർ, ആശുപത്രിക്കാവശ്യമായ പലതും ന്യായമായ വിലയ്ക്ക് നൽകൽ ഇവയിലൂടെയാണ് പ്രധാന വരുമാനമാർഗ്ഗം കണ്ടെത്തുന്നത്. ജില്ലാ കളക്ടർ ചെയർമാനായും ആശുപത്രി സൂപ്രണ്ട് സെക്രട്ടറിയായും എം.പി.-മാർ, എം.എൽ.എ.-മാർ, രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികൾ, സാമൂഹ്യ-സന്നദ്ധസംഘടനകളുടെ പ്രതിനിധികൾ ഇവരെല്ലാവരേയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി മെഡിക്കൽ

കോളേജുകളിൽ പ്രവർത്തിക്കുന്നത്. താലൂക്കാശുപത്രികളിൽ മുനിസിപ്പൽ ചെയർമാൻ ചെയർമാനായും ആശുപത്രി സൂപ്രണ്ട് സെക്രട്ടറിയായും ജനപ്രതിനിധികളും സാമൂഹ്യ-സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരും അംഗങ്ങളായുമാണ് പ്രവർത്തിച്ചുവരുന്നത്. ഈ സമിതികളാണ് മെഡിക്കൽ കോളേജ് മുതൽ പി.എച്ച്.സി. വരെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൊണ്ടുപോകുന്നത്. ഈ സമിതികളുടെ ആശ്രയത്തിലും നിയന്ത്രണത്തിലുമാണ് ആശുപത്രിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും ദൈനംദിന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകുകയും ചെയ്യുന്നത്. നിർഭാഗ്യവശാൽ ഇപ്പോൾ ഈ സമിതികൾ കൂടാറില്ല. അതുകൊണ്ട് എടുക്കുന്ന തീരുമാനങ്ങൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നില്ല. ഈ സമിതിക്ക് പുറമെ നിലവിൽ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റികൂടി രൂപീകരിച്ചിട്ടുണ്ട്. ഇതെല്ലാം ഭരണ നിർവ്വഹണ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനാണ് എന്നാണ് നമ്മൾ മനസ്സിലാക്കുന്നത്. ജില്ലാ കളക്ടർമാർ ചെയർമാനും ആശുപത്രി സൂപ്രണ്ടുമാർ സെക്രട്ടറിയുമായി പ്രവർത്തിക്കുന്ന ഈ സമിതികളിലെ അംഗങ്ങൾ നമ്മുടെ പ്രിയപ്പെട്ട ജനപ്രതിനിധികളാണ്. അവിടെയുള്ള ജീവനക്കാരുടെ അവസ്ഥ വളരെ ദയനീയമാണ്. ഈ ബില്ലിലൂടെ ഈ പ്രശ്നമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നത്. ഒരു പരിഷ്കൃത സമൂഹത്തിലും നിലവിലില്ലാത്ത തരത്തിലാണ് ഇവരുടെ സേവന വേതന വ്യവസ്ഥകൾ നടപ്പിലാക്കിവരുന്നത്. സർക്കാരിന് ഒരു ബാധ്യതയുമില്ല. വരുമാന വർദ്ധനവ് വരുത്തി മെച്ചപ്പെട്ട നിലയിൽ ഈ സ്ഥാപനങ്ങളെ മാറ്റാനും ന്യായമായ വേതനം നൽകാനും സാധിക്കും.

സ്വാതന്ത്ര്യത്തിന് മുമ്പുതന്നെ തൊഴിൽ നിയമങ്ങളുള്ള രാജ്യമാണ് നമ്മുടേത്. സ്വാതന്ത്ര്യാനന്തരം 1948-ൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് നിലവിൽ വന്നു. അതുപോലെ വർക്ക്മെൻ കോമ്പൻസേഷൻ ആക്ട് പല നിയമങ്ങളും ഇവിടെ പല സന്ദർഭങ്ങളിലായി നടപ്പാക്കിയിട്ടുണ്ട്. ഈ നിയമങ്ങളിലെല്ലാം പരമപ്രധാനമായി സൂചിപ്പിക്കുന്നത് തൊഴിലാളികളുടെ ക്ഷേമത്തെ സംബന്ധിച്ചാണ്. അവർ സ്ഥിരമോ താൽക്കാലികമോ കരാർ വ്യവസ്ഥയിലോ ഏത് രീതിയിലുള്ള ജീവനക്കാരായാലും തൊഴിൽ നിയമപ്രകാരം അവർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കാൻ പാടില്ല. അതുകൊണ്ടാണ് ഇവിടെ ഇങ്ങനെയൊരു നിയമം കൊണ്ടുവരേണ്ട അവസ്ഥ വന്നത്. ഏതാണ്ട് അയ്യായിരത്തോളംവരുന്ന ജീവനക്കാരാണ് എല്ലാ മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലുമായി പലതരത്തിലുള്ള ജോലികൾ ചെയ്തുവരുന്നത് എന്നാണ് മനസ്സിലാക്കുന്നത്. ക്ലീനിംഗ് വിഭാഗത്തിൽ ഭൂരിപക്ഷവും സ്ത്രീകളും വികലാംഗരും വിധവകളുമൊക്കെ യാണുള്ളത്. ശുചീകരണം മുതൽ സാങ്കേതികമായ ജോലികൾവരെ ചെയ്തുവരുന്ന

ജീവനക്കാരാണ് ഇവർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഒരു വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെയല്ലാതെ വന്നിട്ടുള്ളവരാണിവർ. മറ്റ് മാർഗ്ഗങ്ങളില്ലാതെ ഇവിടെ എത്തിച്ചേർന്നവരെ ഇങ്ങനെതന്നെ നിലനിർത്തി പോകണമോ? വർഷങ്ങൾ ഇത്രയും പിന്നിട്ടിട്ടും ഇവിടെ സൂചിപ്പിച്ചതുപോലെ 1983 മുതൽ ഈ ജീവനക്കാർ ജോലി ചെയ്തുവരികയാണ്. ഇതിൽ പലരും അൻപത്തിയഞ്ചും അൻപത്തിയാറും വയസ്സ് കഴിയുമ്പോൾ ഒരാനുകൂല്യവും ലഭിക്കാതെയാണ് പിരിഞ്ഞ് പോകുന്നത്. അതിനും ഒരു നിയമമില്ല.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഈ ബില്ലുമായി ബന്ധപ്പെട്ടുള്ള ഗവൺമെന്റിന്റെ നിലപാട് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. മെറിറ്റോ മറ്റ് സംവരണ മാനദണ്ഡങ്ങളോ ഇല്ലാതെ നിയമിക്കപ്പെട്ടതിനാൽ ഈ ബിൽ പ്രാബല്യത്തിൽവന്നാൽ ഇവർക്ക് സ്ഥിരനിയമനം ലഭിക്കും. അതുകൊണ്ട് അങ്ങനെയൊരു ബില്ലിന്റെ ആവശ്യമില്ലെന്ന് പറഞ്ഞു. ഈ പറഞ്ഞ നിയമനങ്ങളെല്ലാം നടത്തുന്നത് സർക്കാർ ഉത്തരവനുസരിച്ച് രൂപീകരിക്കപ്പെട്ട ആശുപത്രി വികസന സൊസൈറ്റിയാണ്. പൊതുപണമാണ് ഇവർക്ക് ശമ്പളമായും മറ്റ് ആനുകൂല്യമായും നൽകുന്നത്. ഈ രംഗത്ത് ഒരു അരാജകത്വം, വ്യവസ്ഥയില്ലായ്മ തുടരാൻ മാത്രമേ ഇപ്പോഴുള്ള സാഹചര്യം സഹായകമാകൂ. ബഹുമാനപ്പെട്ട അംഗം കൊണ്ടുവന്ന ബിൽ നിയമമായാൽ സർക്കാർ ഉത്തരവനുസരിച്ച് രൂപീകരിച്ച സൊസൈറ്റി നിയമിച്ച ആയിരക്കണക്കിന് തൊഴിലാളികൾ തൊഴിലെടുക്കുന്ന ആ മേഖലയിൽ ഒരു വ്യവസ്ഥയുണ്ടാകും. മെറിറ്റും മറ്റ് സംവരണതത്വങ്ങളും അനുസരിച്ച് റിക്രൂട്ട്ചെയ്തുവരും ഇവിടെ ജോലി ചെയ്യുന്നുണ്ടെങ്കിലും ആശുപത്രി മേഖലയിൽ മനുഷ്യപ്പറ്റോടെ കഠിനജോലി ചെയ്യുന്നവരെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് ജീവനക്കാരായി നിയമിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്...... ഇത് ബില്ലാണ്.

ശ്രീ. എ. പ്രദീപ്കുമാർ : സർ, ഞാൻ പറയട്ടെ. ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്. ഇന്ന് പത്തര മണി മുതൽ ബിൽ ചർച്ച ചെയ്യേണ്ടതാണ്. ബിൽ അവതരിപ്പിക്കാൻ നിരവധി അംഗങ്ങൾ കാത്തിരിക്കുന്നുണ്ട്. യഥാർത്ഥത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും അംഗങ്ങളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുകയാണ് ചെയ്യുന്നത്. ഇന്ന് എട്ട് ബിൽ അവതരിപ്പിക്കാനുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ പുനഃപരിശോധന നടത്തേണ്ടതുണ്ട്. ശ്രീ. ബി. സത്യൻ കൊണ്ടുവന്ന ബില്ലിന് എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ ആ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് സർക്കാർ ഔദ്യോഗികമായി നിയമം കൊണ്ടുവരാൻ തയ്യാറാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.

ശ്രീ. ബി. സത്യൻ : സർ, നമുക്കെല്ലാം പ്രിയങ്കരനായ ശ്രീ. പ്രദീപ് കുമാർ ഈ മേഖലയെ പ്രതിനിധീകരിക്കുന്ന സംഘടനയുടെ പ്രസിഡന്റാണ്. അദ്ദേഹത്തിന്റെ അഭിപ്രായംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഞാനിത് അവതരിപ്പിക്കുന്നത്. ഇത് വളരെ ഗൗരവതരമായ വിഷയമാണ്. അസംഘടിത വിഭാഗത്തിൽപ്പെടുന്നവരുടെ എണ്ണം കുറവായിരിക്കാം. വർദ്ധിച്ചുവരുന്ന ജീവിതച്ചെലവ് ഈ ജീവനക്കാരുടെ കുടുംബങ്ങൾക്ക് താങ്ങാൻ കഴിയുന്നില്ല. സംഘടിത വിഭാഗത്തിൽപ്പെടുന്നവരുടെ ന്യായമായ സേവന-വേതന വ്യവസ്ഥകൾ അംഗീകരിച്ചുകൊടുക്കുന്നുണ്ട്. അസംഘടിത വിഭാഗം തൊഴിലാളികളെ സംബന്ധിച്ച് സർക്കാരിന് ഒരു ബാധ്യതയുമില്ലേ; ന്യായമായ വേതനം ലഭിക്കണ്ടേ? അതുകൊണ്ട് ഞാനിത് വീണ്ടും പ്രസ്സ് ചെയ്യുകയാണ്. നിയമസഭയിലും സെക്രട്ടേറിയറ്റിലുമെല്ലാം ലാസ്റ്റ് ഗ്രേഡായി പത്തുവർഷം തുടർച്ചയായി ജോലി ചെയ്യുവരുണ്ട്. അവർക്ക് പിന്നീട് സ്ഥിരനിയമനം നൽകാറുണ്ട്. ഇക്കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അങ്ങ് ദേവസ്വം ബോർഡ് മെമ്പറായും ഒരു പ്രധാന സ്ഥാപനത്തിന്റെ അദ്ധ്യക്ഷനായും ദീർഘകാലം സേവനമനുഷ്ഠിച്ച വ്യക്തിയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയായാലും താൽക്കാലിക രീതിയിലായാലും പത്തുവർഷം സേവനമനുഷ്ഠിച്ചവരെ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്താറില്ലേ? ഇവരെയും സർക്കാർ ജീവനക്കാരായി പരിഗണിക്കുന്നുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചർച്ച തുടരുന്നുണ്ടോ?

ശ്രീ. ബി. സത്യൻ: സർ, ഞാൻ ചർച്ച തുടരുകയാണ്. ഇനി എപ്പോഴാണ് അവസരം ലഭിക്കുന്നതെന്ന് അറിയില്ല. ഈ വിഷയത്തിൽ ഇത്തരമൊരു മറുപടി പറഞ്ഞ് എങ്ങനെയാണിത് നിഷ്കരുണം അവസാനിപ്പിക്കാൻ സാധിക്കുന്നത്. എന്തായാലും ഇക്കാര്യം ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത് വളരെ ഗൗരവമായ വിഷയമാണ്. ഈ മേഖലയെ സംബന്ധിച്ച് പഠിക്കാനും മനസ്സിലാക്കാനും കാര്യങ്ങൾ നടപ്പിലാക്കാനുമുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. ചർച്ച തുടരാമെന്ന് പറഞ്ഞ സാഹചര്യത്തിൽ താൽക്കാലികമായി ഞാൻ ഇതിൽനിന്ന് വിരമിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്രസ്തുത ബില്ലിന്മേലുള്ള ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

## (ii) 2016-ലെ കേരള പഴം, പച്ചക്കറി വിഷവിമുക്തമാക്കലും ഗുണനിലവാര നിയന്ത്രണവും അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. റ്റി. വി. രാജേഷ് : സർ, 2016-ലെ കേരള പഴം, പച്ചക്കറി വിഷവിമുക്തമാക്കലും ഗുണനിലവാര നിയന്ത്രണവും അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ്കുമാർ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : സർ, സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നേതൃത്വത്തിൽ ശക്തമായ സംവിധാനം നിലവിലുണ്ട്. 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുന്ന പ്രകാരമുള്ള എല്ലാ ഗുണനിലവാര നിയന്ത്രണ ഉപാധികളും ടി സംവിധാനം വഴി നടപ്പാക്കി വരുന്നുണ്ട്. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള അനലറ്റിക്കൽ ലാബുകളിൽ പച്ചക്കറികളുടെ സാമ്പിൾ പരിശോധിക്കുന്നതിനുള്ള അത്യാധുനിക ഉപകരണം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വെള്ളായണി കാർഷിക കോളേജിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള ഉന്നത നിലവാരത്തിലുള്ള പരിശോധനാ സംവിധാനങ്ങളും നിലവിലുണ്ട്. ഇത്തരം പരിശോധനാ സംവിധാനങ്ങൾ വഴി സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പഴം, പച്ചക്കറി എന്നിവയിലെ വിഷാംശത്തിന്റെ തോത് നിർണ്ണയിക്കുന്നതിനും പൂർണ്ണമായും ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പുവരുത്തുന്നതിനും ഉന്നതനിലവാരത്തിലുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. സംസ്ഥാനത്തെ വർദ്ധിച്ച തോതിലുള്ള ഉപഭോഗവും ഉൽപ്പാദനത്തിലെ കുറവും പരിഗണിച്ച് സുരക്ഷിതമായ പഴം, പച്ചക്കറി ലഭ്യമാക്കുന്നതിനായി ജൈവകൃഷി പരിപോഷിപ്പിക്കുന്ന പല പദ്ധതികളും കൃഷി വകുപ്പ്, ഹോർട്ടിക്കൾച്ചർ, വി.എഫ്.പി.സി.കെ. എന്നിവ മുഖേന നടപ്പിലാക്കിവരുന്നു. മേൽ സാഹചര്യത്തിൽ ഭക്ഷ്യയോഗ്യവും സുരക്ഷിതവുമായ പഴം, പച്ചക്കറി എന്നിവ സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി രണ്ട് തരത്തിലുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന പഴം, പച്ചക്കറി ഗുണനിലവാരം ശാസ്ത്രീയമായ പരിശോധനകൾക്ക് വിധേയമായി ഉറപ്പാക്കുന്നതോടൊപ്പം വിഷരഹിതമായ ഭക്ഷ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അത്തരം സുരക്ഷിത കൃഷി രീതികൾ അവലംബിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള വിവിധ കർമ്മ പരിപാടികൾ കൃഷി വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പുകളുടെ നേതൃത്വത്തിലും കൂട്ടായ്മയിലും നടപ്പാക്കിവരുന്നു. ആയതിനാൽ ഇതിനായി ഒരു പ്രത്യേക അതോറിറ്റിയുടെ ആവശ്യമില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, വളരെ ഗൗരവതരമായ വിഷയമാണ് ഞാൻ അവതരിപ്പിക്കുന്നത്. കഴിക്കാതിരുന്നാൽ വിശന്ന് ചാകും, കഴിച്ചാൽ നരകിച്ച് ചാകും, ഇതാണ് ഇന്ന് മലയാളികളുടെ അവസ്ഥ. നമുക്ക് ഒരു ഭക്ഷ്യ പ്രതിസന്ധി ഉണ്ടാകുകയാണെങ്കിൽ അത് പ്രകൃതിയുടെ ഉൽപ്പാദന വീര്യത്തിന്റെ കുറവു കൊണ്ടാകില്ല, മനുഷ്യന്റെ ഒടുങ്ങാത്ത ത്വരതന്നെയാകും കാരണമെന്ന് പറഞ്ഞത് ഒറ്റ വൈക്കോൽ വിപ്ലവത്തിന്റെ ഉപജ്ഞാതാവായ ഫുക്കുവോക്കയാണ്. മുതലാളിത്ത യുഗത്തിൽ ലാഭമാണ് പരമ പ്രധാനം. ആ ലാഭക്കണ്ണാണ് പഴങ്ങളിലും പച്ചക്കറി കളിലും വിഷം കലർത്തുന്നത്. ആരോഗ്യകാര്യങ്ങളിൽ മലയാളി എന്നും അതീവ ശ്രദ്ധാലുവാണ്. അവർക്ക് തങ്ങളുടെ ആരോഗ്യം സംരക്ഷിക്കാൻ/നിലനിർത്താൻ ലഭിക്കുന്ന മുഖ്യ ഇനങ്ങളായ പഴങ്ങളിലും പച്ചക്കറികളിലുമെല്ലാം മാരക വിഷാംശമാണ് അടങ്ങിയിട്ടുള്ളത്. ഇന്ന് മനസമാധാനത്തോടെ ഭക്ഷണം കഴിക്കാ നാകാത്ത അവസ്ഥയാണുള്ളത്. വിഷമയമായ പച്ചക്കറികൾ അന്യ സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ കൊച്ചുകേരളത്തിലേയ്ക്ക് ഒഴുകിയെത്തുകയാണ്. കൂടുതൽ വിളവി നായി കൂടുതൽ വിഷമടിക്കുന്നതാണ് ഇന്നത്തെ സ്ഥിതി. വിഷമടിച്ച പഴങ്ങളും പച്ചക്കറികളും കാണാൻ നല്ല ഭംഗിയായതിനാൽ അത് ആളുകളെ ആകർഷിക്കും. പക്ഷെ ഇതിലെല്ലാം മാരക വിഷാംശമാണ് അടങ്ങിയിരിക്കുന്നത്. പ്രധാനമായും പഴങ്ങളിലും പച്ചക്കറികളിലും രണ്ട് തരം കീടനാശിനികളാണുള്ളത്. ഒന്ന് ഓർഗാനോ ഫോസ്ഫേറ്റ് സംയുക്തവും മറ്റൊന്ന് ഓർഗാനോ ക്ലോറിൻ സംയുക്തവു മാണ്. മാരക വിഷമായ ഓർഗാനോ ഫോസ്ഫേറ്റ് സംയുക്തം മനുഷ്യന്റെ തലച്ചോറിനെയും രണ്ടാമത്തേത് മനുഷ്യ ശരീരത്തിലെ ഹോർമോണിനെയുമാണ് ബാധിക്കുന്നത്. ഇത് ഹോർമോൺ അസന്തുലിതാവസ്ഥയ്ക്കും സ്തനാർബുദം പോലുള്ള രോഗങ്ങൾക്കും കാരണമാകുന്നു. ചില കീടനാശിനികൾക്ക് ഈസ്ട്രജന്റെ സമാന ശേഷിയുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. നമ്മുടെ കടകളിൽ അലങ്കരിച്ചും അടുക്കിയും വച്ചിരിക്കുന്ന പഴങ്ങളും പച്ചക്കറികളും വിഷമയമാണ്. കറിവേപ്പിലയിലും ഏലയ്ക്കയിലും ജീരകപ്പൊടിയിലും ഉണക്ക മുന്തിരിയിലും പേരയ്ക്കയിലും ആപ്പിളിലുമെല്ലാം മാരകമായ വിഷങ്ങൾ അടങ്ങിയിട്ടുണ്ട്. അതെല്ലാം വിഷത്തിൽ മുക്കിയാണ് കൊണ്ടുവരുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ നടപടി ഉണ്ടാകണ മെന്ന് ആവശ്യപ്പെടുകയാണ്. മുലപ്പാലുപോലെ കരുതുന്ന കരിക്കിൻവെള്ളംപോലും കുടിക്കാനാകാത്ത അവസ്ഥയാണ്. തെങ്ങിൻ കുലകളിൽ നടത്തുന്ന കീടനാശിനി പ്രയോഗം കരിക്കിലും എത്തുകയാണ്. വാഴപ്പഴം കീടനാശിനി വിമുക്തമല്ല. ചെറുപഴത്തെക്കാൾ നേന്ത്രപ്പഴത്തിലാണ് കീടനാശിനി കൂടുതലുള്ളത്. നേന്ത്രക്കായുടെ വലുപ്പം കൂട്ടാനും രാസപദാർത്ഥങ്ങൾ ഉപയോഗിക്കാറുണ്ട്. മാരകമായ എൻഡോസൾഫാനും ഹിൽബാനുമെല്ലാം പൈനാപ്പിൾ കൃഷിക്ക് ഉപയോഗിക്കുകയാണ്.

ഇവിടെ കഴിഞ്ഞ ദിവസം വന്ന പത്രവാർത്ത ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ക്യാൻസർപോലുള്ള മാരക അസുഖങ്ങൾ ഇന്ന് കേരളത്തിൽ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ വർഷാവർഷം അരലക്ഷം പുതിയ ക്യാൻസർ രോഗികളാണ് ഉണ്ടാകുന്നത്. ആർ.സി.സി.-യിൽ ഒരു വർഷം വരുന്ന രോഗികളിൽ പതിനയ്യായിരത്തിലധികവും തലശ്ശേരി മലബാർ ക്യാൻസർ സെന്ററിൽ വരുന്ന രോഗികളിൽ ആറായിരത്തിലധികവും ആമാശയ ക്യാൻസർ രോഗികളാണ്. ഇതിന് പ്രധാനപ്പെട്ട കാരണം നമ്മുടെ പച്ചക്കറികളിലും പഴങ്ങളിലും ഭക്ഷ്യധാന്യങ്ങളിലും അടങ്ങിയിട്ടുള്ള മാരക രാസവസ്തുക്കളാണ്.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, ആദിപാപം എന്ന് പറയുന്നത് ആദം ഒരു പഴം കഴിച്ചപ്പോൾ ദൈവം കൊങ്ങയ്ക്ക് പിടിച്ചു എന്നാണ്. അത് ഇപ്രകാരം വിഷാംശമുള്ള ഒരു പഴം കഴിക്കാൻ ശ്രമിച്ചപ്പോൾ ദൈവം മുൻകൂട്ടി കണ്ട് തടഞ്ഞതാണെന്ന് അങ്ങേയ്ക്ക് അറിയുമോ?

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, തീർച്ചയായും അങ്ങേയ്ക്ക് അങ്ങനെയൊരു നിരീക്ഷണം നടത്താനുള്ള സ്വാതന്ത്ര്യമുണ്ട്. ഞാൻ പറഞ്ഞുവരുന്നത് ക്യാൻസറിന്റെ ഭീതിതമായ വർദ്ധനവാണ്. ദൈവത്തിന്റെ സ്വന്തം നാടെന്ന് പറയുന്നത് യഥാർത്ഥത്തിൽ ക്യാൻസറിന്റെ സ്വന്തം നാടായി മാറിക്കൊണ്ടിരിക്കുകയാണ്. ഇക്കഴിഞ്ഞ മൂന്ന് ദശാബ്ദത്തിനിടയിൽ കേരളത്തിൽ ക്യാൻസർ രോഗികളിലുണ്ടായ വർദ്ധനവ് 280 ശതമാനമാണ്. ഇത് തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്റർ നടത്തിയ പഠനമാണ്. കേരളത്തിൽ ഇത്തരമൊരു അതോറിറ്റി രൂപീകരിക്കണമെന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കാനുള്ള കാരണം ഭക്ഷ്യപദാർത്ഥങ്ങളിലെ മായംചേർക്കൽ തടയുന്നതിനുവേണ്ടി ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് അതോറിറ്റി ഓഫ് ഇന്ത്യ എന്ന ഒരു അതോറിറ്റി 2011-ൽ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്രത്തിനുള്ളതുപോലെ ഒരു അതോറിറ്റി ഇവിടെയും ആവശ്യമാണ്. ഇന്നലെ ഏഷ്യാനെറ്റിൽ ഒരു വാർത്ത വന്നു. ഗ്രീൻ പീസ് എന്ന ലോക പരിസ്ഥിതി സംഘടന നടത്തിയ പഠന റിപ്പോർട്ടിൽ 34 ഇനം പ്രമുഖ തേയില ബ്രാന്റുകളുടെ തോട്ടങ്ങളിൽ അളവിലുമധികം നിരോധിത കീടനാശിനികൾ തളിക്കുന്നതായി കണ്ടെത്തിയിരിക്കുകയാണ്. വിഷപ്രയോഗം തടയുന്നതിന് നടപടിയില്ല. നമ്മൾ കുടിക്കുന്ന, ആരോഗ്യത്തിന് വളരെ ഗുണകരമാണെന്ന് കരുതുന്ന ഗ്രീൻ ടീയിലാണ് ഏറ്റവും കൂടുതൽ വിഷ കീടനാശിനി അടങ്ങിയിട്ടുള്ളത്. ഹെക്സോക്ലോർ, ഹെക്സോറോക്സ്, മൈക്രോ ട്രാന്യൂൾ തുടങ്ങിയ കീടനാശിനികൾ അളവിലും കൂടുതലാണ്. പാലക്കാട് വാൽപ്പാറ എസ്റ്റേറ്റിൽ ഇത് തളിക്കുന്നതുമായി ബന്ധപ്പെട്ട ഞെട്ടിക്കുന്ന വാർത്തയാണ് ഏഷ്യാനെറ്റ് വെളിപ്പെടുത്തിയിരിക്കുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ : സർ, ബഹുമാനപ്പെട്ട രാജേഷ് പറഞ്ഞ കാര്യങ്ങളോട് ഞാൻ യോജിക്കുകയാണ്. 2011-ൽ എഫ്.എസ്.എസ്.എ.ഐ. ആക്ട് കേരളത്തിൽ നടപ്പിലാക്കിത്തുടങ്ങി. ഏറ്റവും ഗുരുതരമായ ഒരു കാര്യം, ആ ആക്ട് വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായി സംസ്ഥാനത്ത് ഏറ്റെടുത്താൽ മാത്രമേ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ. പച്ചക്കറികളിലുള്ള വിഷാംശങ്ങൾ കണ്ടെത്തുന്നതിന് സംസ്ഥാനത്ത് പ്രധാനമായും കാർഷിക കോളേജിലുള്ള ഒരു സംവിധാനം മാത്രമേയുള്ളൂ. പക്ഷെ രണ്ട് എക്വിപ്മെന്റ്സ് നമ്മൾ വാങ്ങി. അത് ഇതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കാരണം പച്ചക്കറികളുടെ പരിശോധനാ റിസൾട്ട് വരുന്നതിന് ഒരാഴ്ച വേണ്ടിവരും. അതിനുള്ളിൽ ആളുകൾ അത് ഭക്ഷിക്കും. അതുകൊണ്ട് രജിസ്ട്രേഷൻ ഏർപ്പെടുത്തി അത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ശ്രദ്ധയുണ്ടാകണം. അതോറിറ്റി രൂപീകരിക്കുന്നതിനോടൊപ്പം എഫ്.എസ്.എസ്.എ.ഐ. ആക്ട് ഫലപ്രദമായി നടപ്പിലാക്കാൻ ശ്രമിച്ചാൽ ഈ പ്രശ്നങ്ങൾ മുഴുവൻ പരിഹരിക്കാൻ കഴിയും. ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞത് ശരിയാണ്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥന്മാരെ തമിഴ്നാട്ടിലേയ്ക്ക് അയച്ചു. അവിടെ ഗോഡൗണിലുള്ള പച്ചക്കറികൾ വളരെ ഭയാനകമായ സ്ഥിതിയിലായിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്..... ഒരു ബില്ലുകൂടിയുണ്ട്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ ഒരു പോയിന്റുകൂടി പറഞ്ഞ് നിർത്തുകയാണ്. ഞാൻ ഇത് ഉന്നയിക്കാൻ കാരണം സൗത്ത് ആഫ്രിക്കയിൽ ഞങ്ങൾ വേൾഡ് യൂത്ത് ഫെസ്റ്റിന്റെ ഭാഗമായി പോയിരുന്നു. നമുക്ക് അവിടെ വിശ്വസിച്ച് പഴം കഴിക്കാം. നമ്മുടെ രാജ്യത്തിന്റെ അവസ്ഥയെന്താണ്? നമ്മുടെ രാജ്യത്ത് ഫുഡ് സേഫ്റ്റി ആക്ട് വളരെ ലിബറലായിട്ടാണ് നടപ്പാക്കിയത്. യഥാർത്ഥത്തിൽ ഈ നിയമം കച്ചവടക്കാരെ സംരക്ഷിക്കുന്നതാണ്. നമ്മുടെ രാജ്യത്ത് ഒരു കമ്പനിയെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തിയാലും മറ്റൊരു പേരിൽ അത് പ്രവർത്തിക്കും. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിക്കുന്ന മൂന്ന് ലാബുകൾക്കും അക്രെഡിറ്റേഷനില്ല. ഇവിടെ നടത്തിയ പരിശോധനാ ഫലങ്ങൾ അംഗീകൃതമല്ലെന്ന് 2011-ലെ പെപ്സി കേസ്സിൽ സുപ്രീം കോടതി വിധിച്ചിട്ടുണ്ട്. ഇതിനെ ജസ്റ്റിസ് കമാൽപാഷ ഹൈക്കോടതി വിധിയിലൂടെ സാധൂകരിച്ചു. ഇത്തരം കേസ്സുകളെല്ലാം വെറുതെ വിടുകയാണ്. ഈ സാഹചര്യത്തിൽ നമുക്ക് നിലവിലുള്ള ലാബുകൾ ഫലപ്രദമായി പ്രവൃത്തിപ്പിക്കണം. ഇതിന് ശക്തമായ ഒരു അതോറിറ്റിയുണ്ടെന്ന് ഉറപ്പുവരുത്തണം.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് ചർച്ച തുടരുന്നുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ് : സർ, ഞാൻ ചർച്ച തുടരുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്രസ്തുത ബില്ലിന്മേലുള്ള ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

## (iii) 2016-ലെ അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. കെ. മുരളീധരൻ : സർ, കഴിഞ്ഞയാഴ്ച ഞാൻ എഴുതിത്തന്നിരുന്നു. ഈ ബില്ലിന്റെ പേരിൽ സൂചിപ്പിച്ചിരിക്കുന്ന 'അന്യസംസ്ഥാന തൊഴിലാളി' എന്നതിനു പകരം 'ഇതരസംസ്ഥാന തൊഴിലാളി' എന്ന് പറയണമെന്ന്.

മി. ഡെപ്യൂട്ടി സ്പീക്കർ : അതെ.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, 2016-ലെ അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം, രജിസ്ട്രേഷൻ, ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. പദ്ധതിയുടെ പ്രാരംഭ നടപടികളുമായി ബന്ധപ്പെട്ട് ഐ.ടി. മിഷൻ, ചിയാക്, അക്ഷയ, യു.ഐ.ഡി. എന്നീ സർക്കാർ ഏജൻസികളുമായും ആരോഗ്യം, ആഭ്യന്തരം, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായും ബന്ധപ്പെട്ട് അവലോകന യോഗങ്ങൾ ഇതിനകം നടന്നുകഴിഞ്ഞു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസുരക്ഷിതത്വം ഉറപ്പുവരുത്താനും വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യാനും സാധിക്കും. ഈ സാഹചര്യത്തിൽ പ്രസ്തുത ബില്ലിന് പ്രസക്തിയില്ല. അതുകൊണ്ട് ഈ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. ഇ. കെ. വിജയൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ 2016-ലെ അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ എന്ന പേരിലാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്. അതിൽ 'അന്യസംസ്ഥാന തൊഴിലാളികൾ' എന്നത് 'ഇതരസംസ്ഥാന തൊഴിലാളികൾ' എന്ന് ഭേദഗതി വരുത്തേണ്ടതാണ്. അതിന് സഭയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതി വരുത്തിയിട്ടില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഗൾഫ് രാജ്യങ്ങളിൽ ലക്ഷക്കണക്കിന് മലയാളികൾ പണിയെടുക്കുകയാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളികളിലൂടെയാണ് കേരളത്തിന്റെ സാമ്പത്തിക ഭദ്രത സുരക്ഷിതമാക്കുന്നത്. വിവിധ രാജ്യങ്ങളിലുള്ള മലയാളികളുടെ സംരക്ഷണച്ചുമതല അതാത് രാജ്യങ്ങൾ വഹിക്കുന്നതുപോലെ കേരളത്തിൽ പണിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളെ സംരക്ഷിക്കേണ്ടത് സംസ്ഥാനത്തിന്റെ ബാധ്യതയാണ്. അവർ നേരിടുന്ന വിവിധ പ്രയാസങ്ങളും പ്രശ്നങ്ങളും പരിഹരിക്കാനും അവരുടെ എണ്ണം തിട്ടപ്പെടുത്താനും ഒരു അതോറിറ്റി രൂപീകരിക്കണമെന്ന ആവശ്യമാണ് ഈ ബില്ലിലൂടെ ഞാൻ ഉന്നയിക്കുന്നത്. ധാരാളം കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് പറയാനുണ്ട്. എന്റെ പ്രിയപ്പെട്ട സഹപ്രവർത്തകനായ ശ്രീ. പുരുഷൻ കടലുണ്ടിക്ക് കൂടി ഒരു ബിൽ അവതരിപ്പിക്കാനാവശ്യമായ സമയം വേണ്ടതിനാൽ ഈ ചർച്ച തുടരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്രസ്തുത ബില്ലിന്മേലുള്ള ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ..... ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 നവംബർ മാസം 7-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

---